# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2016 നവംബർ 7, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 24

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 നവംബർ 7, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി . ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 32
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 74

**II ക്രമപ്രശ്നം** ... 1

721-ാം നമ്പർ ചോദ്യം പരിഗണിക്കുന്നതു സംബന്ധിച്ച്

**III അടിയന്തരപ്രമേയം**

നിയമവിരുദ്ധമായ പെയർ ട്രോളിംഗ്–

ശ്രീ. ഹൈബി ഈഡൻ ... 310

(അവതരണാനുമതി നിഷേധിച്ചു.)

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) മദ്യവർജ്ജന നയം

– ശ്രീ. സി. ദിവാകരൻ ... 320

(2) മെഡിക്കൽ കോളേജുകളിലെ പ്രതിസന്ധി

– ശ്രീ. എം. ഉമ്മർ ... 324

**V സബ്മിഷൻ**

(1) കൈത്തറി സഹകരണ സംഘങ്ങൾ

– ശ്രീമതി പി. അയിഷാ പോറ്റി ... 334

(2) കെൽട്രോൺ മൂടാടി യൂണിറ്റ്

– ശ്രീ. കെ. ദാസൻ ... 336

*പേജ്*

(3) ബിനാനി സിങ്ക് ലിമിറ്റഡ്

— ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ... 338

(4) ഉപ്പുവെള്ളം കയറി കൃഷിനാശം

— ശ്രീ. ആർ. രാമചന്ദ്രൻ .... 340

(5) സ്പോർട്സ് താരത്തിന്റെ ആത്മഹത്യ

— ശ്രീ. പി. സി. ജോർജ് ... 341

(6) ഒ. ബി. സി. സംവരണം പുനഃസ്ഥാപിക്കൽ

— ശ്രീ. ഷാഫി പറമ്പിൽ .... 343

(7) ശ്മശാന ഭൂമിക്ക് സംരക്ഷണം

— ശ്രീമതി സി. കെ. ആശ ... 345

(8) പട്ടയവിതരണം

— ശ്രീ. കെ. ജെ. മാക്സി ... 347

(9) താനൂർ സി. എച്ച്. സി.

— ശ്രീ. വി. അബ്ദുറഹിമാൻ ... 348

(10) നിയമവിരുദ്ധ ചികിത്സാ കേന്ദ്രങ്ങൾ

— ശ്രീ. പി. കെ. അബ്ദു റബ്ബ് ... 350

(11) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ

— ശ്രീ. മോൻസ് ജോസഫ് ... 353

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ** ... 357

**VII റിപ്പോർട്ട് സമർപ്പണം** ... 358

**VIII ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

2016-ലെ ചിറ്റ് ഫണ്ട്സ് അമെന്റ്മെന്റ് റൂൾസിന് നൽകിയ

ഭേദഗതികളുടെ പരിഗണന ... 359

## IX നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ
കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന
പ്രമേയവും അനന്തരഘട്ടങ്ങളും ... 363

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 നവംബർ 7, തിങ്കൾ*

| | | |
|---|---|---|
| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 24 |

നിയമസഭ 2016 നവംബർ മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *721

## II ക്രമപ്രശ്നം

### *721-ാം നമ്പർ ചോദ്യം പരിഗണിക്കുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 721-നെ സംബന്ധിച്ചാണ്. സഭയിൽ സമർപ്പിച്ചു കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ച് പി.എ.സി. പരിഗണിച്ചശേഷം മാത്രമേ സാധാരണ ഗതിയിൽ ചോദ്യം അനുവദിക്കാറുള്ളൂ. *721-ാം നമ്പർ ചോദ്യത്തിനാധാരമായ റിപ്പോർട്ട് ഇതുവരെ സഭയിൽ വച്ചിട്ടില്ല. 2017 മാർച്ച് മാസത്തിൽ മാത്രമേ അത് സഭയിൽ വയ്ക്കുകയുള്ളൂ. ഗവൺമെന്റിന് കോൺഫിഡൻഷ്യലായി ഡ്രാഫ്റ്റ് പാരയാണ് അയച്ചു കൊടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സഭയിൽ ചോദ്യം ഉന്നയിക്കുന്നത് ക്രമവിരുദ്ധമാണ്. ശക്ധർ ആന്റ് കൗളിൽ പേജ് 524-ൽ ഇതിനെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. Normally no question on the Audit Report is permitted to be raised in the House until the Public

1196/2017.

Accounts Committee has considered the report. However, questions based on the Audit Report relating to matters which are yet to come up before the Public Accounts Committee may be admitted by the Speaker if they relate to grave instances of fraud or defalcation of public funds. പി.എ.സി. consider ചെയ്യാത്ത ഒരു റിപ്പോർട്ടിനെ സംബന്ധിച്ച് സഭയിൽ ചോദ്യമായി വരുന്നത് സഭാ കീഴ്‌വഴക്കങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണ്. ഇത് ഗവൺമെന്റിന് എ.ജി. കൊടുക്കുന്ന ഒരു ഓഡിറ്റ് പാരയാണ്. ആ ഓഡിറ്റ് പാരാ strictly confidential ആണ്. സർക്കാർ പരിഗണിച്ചശേഷം ഗവൺമെന്റിൽനിന്നും റിപ്ലൈ കൊടുത്ത് റിപ്പോർട്ടുവന്ന് പി.എ.സി. പരിഗണിച്ചശേഷം മാത്രമേ അത് സഭയുടെ ഭാഗമാകുന്നുള്ളൂ. അങ്ങനെ ഒരു സാഹചര്യത്തിൽ മാത്രമേ ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കാൻ പാടുള്ളൂ. അല്ലാതെയുള്ളത് സഭാചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിരുദ്ധമാണ്. അതുകൊണ്ട് തെറ്റായ കീഴ്‌വഴക്കം ഉണ്ടാകുമെന്നതുകൊണ്ട് ഈ ചോദ്യം disallow ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നുരാവിലെ ഒരു കത്ത് നൽകിയിരുന്നു. കത്ത് ചെയർ പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗങ്ങളുടെ ചോദ്യം സാമാന്യമായ ഒരു ചോദ്യമാണ്. സി.&എ.ജി.-യുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും അതുമായി ബന്ധപ്പെട്ട ഉപചോദ്യങ്ങളുമാണ്. റിപ്പോർട്ടിനെ സംബന്ധിച്ച ചോദ്യമല്ല എന്നാണ് ചെയർ മനസ്സിലാക്കുന്നത്. സ്വാഭാവികമായും മാധ്യമ വാർത്തയുടെയോ പൊതുവിൽ കിട്ടിയ വിവരത്തിന്റെയോ അടിസ്ഥാനത്തിൽ ഇത്തരമൊരു റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് സാമാന്യമായി ആരായുകയാണ് ചോദ്യകർത്താവ് ഉദ്ദേശിച്ചിട്ടുള്ളതെന്നാണ് ചെയറിന് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് ഈ ചോദ്യം അനുവദനീയമാണ്. മന്ത്രിയുടെ ഉത്തരവും അതുമായി ബന്ധപ്പെട്ടതായിരിക്കും. സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ചോദ്യമോ ചർച്ചയോ അല്ല ഇവിടെ നടക്കാൻ പോകുന്നത്. മന്ത്രിയുടെ ഉത്തരവും അതുമായി ബന്ധപ്പെട്ടതായിരിക്കുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്.

## വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട സി.&എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ട്

1(*721) ശ്രീ. മുഹമ്മദ് മുഹസിൻ പി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട് സി.&എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റിപ്പോർട്ടിൽ കരാർ കൊണ്ട് സംസ്ഥാനത്തിനോ പൊതുജനങ്ങൾക്കോ നേട്ടമില്ലെന്ന് പരാമർശമുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വിഴിഞ്ഞം പദ്ധതിച്ചെലവിന്റെ 67 ശതമാനം മുടക്കുന്ന കേരളത്തിന് 13948 കോടി രൂപയും 33 ശതമാനം മുടക്കുന്ന അദാനി ഗ്രൂപ്പിന് ഒന്നര ലക്ഷം കോടി രൂപയും ലാഭം വരുമെന്ന് സി.&എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുൻപ് സി.&എ.ജി. ചോദിച്ച ചോദ്യത്തിന് വ്യക്തമായ മറുപടി നൽകാൻ മുൻസർക്കാരിനോ തുറമുഖ കമ്പനിക്കോ കഴിഞ്ഞില്ലെന്ന റിപ്പോർട്ടിലെ കുറ്റപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതി നടത്തിപ്പിലെ മറ്റെന്തൊക്കെ ക്രമക്കേടുകളും പാഴ് ചെലവുകളുമാണ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നതെന്നറിയിക്കുമോ ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ) വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട് സി.&എ.ജി. ഓഡിറ്റിന്റെ അന്തിമ റിപ്പോർട്ട് സംസ്ഥാന സർക്കാരിനോ തുറമുഖ കമ്പനിക്കോ ലഭിച്ചിട്ടില്ല.

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിഴിഞ്ഞം തുറമുഖ കമ്പനിയിലും തുറമുഖ വകുപ്പിലും എ.ജി. ഓഫീസ് ഓഡിറ്റ് നടത്തുകയുണ്ടായി. ഓഡിറ്റിലെ നിരീക്ഷണങ്ങൾ കരട് റിപ്പോർട്ട് രൂപത്തിൽ പി.എ.ജി (ഇ.ആർ.എസ്.എ.) നൽകുകയുണ്ടായി. കരട് റിപ്പോർട്ടിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്ന് എ.ജി. ആവശ്യപ്പെട്ടിട്ടുള്ളതാണ്. മാത്രമല്ല നിരീക്ഷണങ്ങൾ

അന്തിമമല്ലെന്നും കമ്പനിയും തുറമുഖ വകുപ്പും തരുന്ന മറുപടികൾക്ക് അനുസൃതമായി നിരീക്ഷണങ്ങൾ മാറാവുന്നതാണെന്നും എ.ജി. വ്യക്തമാക്കിയിട്ടുണ്ട്. റിപ്പോർട്ടിൻ മേൽ തുറമുഖ വകുപ്പ് നടപടി കൈക്കൊള്ളുകയും എ.ജി.-ക്ക് മറുപടി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് 2016 ആഗസ്റ്റ് 18-ാം തീയതി തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വിഴിഞ്ഞം കമ്പനി മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം കമ്പനിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഡെപ്യൂട്ടി എ.ജി., എ.ജി. ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ എ.ജി.-യുടെ ഓഫീസിൽ വച്ച് എക്സിറ്റ് മീറ്റിംഗ് നടത്തുകയുണ്ടായി. അന്നത്തെ മീറ്റിംഗിൽ എല്ലാ വിഷയങ്ങളും പൂർണ്ണമായി ചർച്ച ചെയ്തിട്ടില്ല. അതിനാൽ ഒരു മീറ്റിംഗ് കൂടി നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുശേഷമേ റിപ്പോർട്ട് അന്തിമമാകുകയുള്ളൂ.

(ബി) കരട് റിപ്പോർട്ടിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കണമെന്നും നിരീക്ഷണങ്ങൾ അന്തിമമല്ലെന്നും കമ്പനിയും തുറമുഖ വകുപ്പും തരുന്ന മറുപടികൾക്ക് അനുസൃതമായി നിരീക്ഷണങ്ങൾ മാറാവുന്നതാണെന്നും എ.ജി. വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാന സർക്കാരിന്റെ മുതൽമുടക്ക് 67 ശതമാനം അല്ല. ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതമായ ഏതാണ്ട് 11 ശതമാനം വരുന്ന വി.ജി.എഫും ഉൾപ്പെടും. അതിനാൽ അത് 56 ശതമാനം മാത്രമാണ്.

2. പദ്ധതിയുടെ ഉപഘടകമായ പോർട്ട് എസ്റ്റേറ്റിൽ കരാർ കമ്പനി നടത്തുന്ന മുതൽമുടക്കു കൂടി പരിഗണിക്കുമ്പോൾ പദ്ധതിച്ചെലവ് 11000 കോടി രൂപയും കരാർ കമ്പനിയുടെ വിഹിതം 50 ശതമാനത്തിന് മുകളിൽ ആവുകയും ചെയ്യും.

3. രണ്ടാം ഘട്ടത്തിലും മൂന്നാം ഘട്ടത്തിലും നടത്തുന്ന വികസന പ്രവർത്തനത്തിനു വേണ്ടിവരുന്ന മൊത്തം തുക ചെലവഴിക്കേണ്ടത് കരാർ കമ്പനിയാണ്. അതുകൂടി കണക്കിലെടുത്താൽ കരാർ കമ്പനിയുടെ ശതമാന വിഹിതം വളരെ കൂടുതലാവും.

4. കരാർ കമ്പനി പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി 15-ാം വർഷം മുതൽ പദ്ധതിയുടെ മൊത്തം വരുമാനത്തിന്റെ വിഹിതമാണ് സർക്കാരിന് നൽകുന്നത്. ശേഷിച്ച വരുമാനത്തിൽനിന്ന് കമ്പനിക്ക് ചെലവുകൾ നടത്തേണ്ടതായിട്ടുണ്ട്. മേൽ പറഞ്ഞ നിരീക്ഷണത്തിൽ പറഞ്ഞിരിക്കുന്നത് ലാഭമല്ല, മറിച്ച് ചെലവിനുമുമ്പുള്ള മൊത്തവരുമാനമാണെന്നാണ്.

5. ധനതത്വശാസ്ത്രപരമായി നീതീകരിക്കത്തക്കതും (Economically Justified) എന്നാൽ സാമ്പത്തിക സാധ്യത (Financial Viability) താഴ്ന്നതുമായ അടിസ്ഥാന സൗകര്യവികസന പദ്ധതികളിൽ സാമ്പത്തിക നേട്ടം (Financial Benefits) മാത്രം പരിഗണിക്കാതെ സാമൂഹിക നേട്ടങ്ങൾ (Social and Economical Benefits) മാത്രം പരിഗണിച്ച് സർക്കാർ മുതൽമുടക്കുന്നത് സാധാരണമാണ്. പ്രത്യേകിച്ചും ബാഹ്യാടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, റെയിൽ കണക്റ്റിവിറ്റി എന്നിവയിൽ.

(സി) ഓഡിറ്ററിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. മുൻ നിരീക്ഷണങ്ങൾക്കും കരട് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്കും മറുപടി നൽകിയിട്ടുണ്ട്.

(ഡി) കരട് റിപ്പോർട്ടിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്ന് എ.ജി. ആവശ്യപ്പെടുകയും നിരീക്ഷണങ്ങൾ അന്തിമമല്ലെന്നും കമ്പനിയും തുറമുഖ വകുപ്പും തരുന്ന മറുപടികൾക്ക് അനുസൃതമായി നിരീക്ഷണങ്ങൾ മാറാവുന്നതാണെന്നും എ.ജി. വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മറ്റു നിരീക്ഷണങ്ങൾ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ബഹുമാനപ്പെട്ട സഭയെ അറിയിക്കുന്നതാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, കേരള സംസ്ഥാനം 5071 കോടി രൂപ വൻപലിശയ്ക്ക് കടമെടുത്താണ് വിഴിഞ്ഞം പദ്ധതിയിൽ തുക മുടക്കുന്നത്. 20 വർഷകാലത്തേയ്ക്ക് അഞ്ചു പൈസ പോലും തിരിച്ചടയ്ക്കാൻ യാതൊരു മാർഗ്ഗവുമില്ല. പലിശയിനത്തിൽത്തന്നെ സർക്കാർ വലിയ ബാധ്യത വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് വഹിക്കേണ്ട ഒരു സാഹചര്യവും ഉണ്ടാകുന്നുണ്ട്.

എന്റെ ചോദ്യം, വിഴിഞ്ഞം പദ്ധതിയിൽ കേരളത്തിന്റെ നിക്ഷേപത്തിന്മേൽ അദാനി ഗ്രൂപ്പിന് പത്ത് വർഷത്തേയ്ക്കാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നത്. അത് 20 വർഷമായി നീട്ടിയതിന്റെ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> : സർ, മൊത്തം 7525 കോടി രൂപയാണ് ഇതിനായി നീക്കിവച്ചത്. കേരള സർക്കാരിന് 4059 കോടിരൂപ, 2454 കോടി രൂപ ഗ്രാന്റ് ആണ്. ഇത് നടപ്പിലാക്കുന്നതിന് നേരത്തെ ഉണ്ടാക്കിയ കരാർ അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഇതിനകം 826 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട് അവർ ചെയ്യേണ്ട ചില കാര്യങ്ങൾകൂടി ചെയ്തുകൊണ്ടിരിക്കുകയാണ്. അത് നേരിട്ട് നമുക്ക് ബാധ്യത വരുന്ന കാര്യമല്ല. അതുംകൂടി നടപ്പിലാക്കിക്കഴിഞ്ഞാൽ മാത്രമേ പൊതുവേ എത്ര ശതമാനം ലാഭകരമായാണ് പ്രവർത്തിക്കുന്നതെന്ന് നിശ്ചയിക്കാൻ കഴിയൂ, എന്നുമാത്രമല്ല ഇപ്പോൾ തീരുമാനിച്ചത് ലാഭവിഹിതമല്ല, ചെലവുകളുടെ ഭാഗമാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, അദാനി ഗ്രൂപ്പിന് 10 വർഷത്തേയ്ക്ക് നൽകിയിരുന്ന മൊറട്ടോറിയം 20 വർഷമായി നീട്ടി നൽകിയതിന്റെ സാഹചര്യം എന്താണെന്നുള്ളതായിരുന്നു ആദ്യത്തെ ചോദ്യം.

രണ്ടാമത്തെ ചോദ്യം, കൺസഷണൽ പീരിഡുമായി ബന്ധപ്പെട്ടുള്ളതാണ്. കൺസഷണൽ പീരിഡ് പ്രഥമ എഗ്രിമെന്റ് പ്രകാരം 25 വർഷമെന്നുള്ളത് യാതൊരുവിധ മാനദണ്ഡങ്ങളുമില്ലാതെ ഒറ്റയടിക്ക് 15 വർഷം കൂട്ടി 40 വർഷമായി നീട്ടി നൽകിയത് ഏതെങ്കിലും ഡേറ്റാ ബേസിന്റെ അടിസ്ഥാനത്തിലാണോ; അതായത്, യൂസർ ഫീ പിരിക്കുന്നതിനുള്ള പീരിയഡ് നീട്ടി നൽകിയതുവഴി അദാനി ഗ്രൂപ്പിന് ഏകദേശം 4600 കോടി രൂപയോളം 15 വർഷം കൊണ്ട് ലാഭമുണ്ടാകും എന്നുള്ളതാണ് വിലയിരുത്തൽ. അതുകൊണ്ട് 15 വർഷം കൂടി നീട്ടി നൽകാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, മൊറട്ടോറിയം നീട്ടി നൽകിയിട്ടില്ല എന്നതാണ് വസ്തുത. ആദ്യംതന്നെ 20 വർഷമായി നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് വിവിധ വാർത്തകളാണ് പുറത്തു വരുന്നത്. അതിൽ പറഞ്ഞിരിക്കുന്ന കടൽ ഭിത്തിയുടെയും മത്സ്യബന്ധന തുറമുഖത്തിന്റെയും നിർമ്മാണം പി.പി.പി. വ്യവസ്ഥയനുസരിച്ച് നടത്തണമെന്നാണ്. എന്നാൽ 1463 കോടി രൂപയോളം സംസ്ഥാന ഖജനാവിൽ നിന്ന് ചെലവഴിച്ചു എന്നാണ് അറിയാൻ കഴിയുന്നത്. ഇത് സ്വാഭാവികമായും കരാർ വ്യവസ്ഥകളുടെ ലംഘനമാണ്. ഇതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നയമെന്താണ്, നടപടിയെന്താണ് ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഇതുസംബന്ധിച്ച് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള പുതിയ സംസ്ഥാന ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സമയബന്ധിതമായി നടപ്പിലാക്കണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ, സംസ്ഥാന താല്പര്യത്തിന് വിരുദ്ധമായ എന്തെങ്കിലും നീക്കങ്ങളുണ്ടെങ്കിൽ അത് യഥാസമയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. രാമചന്ദ്രൻ : സർ, സ്വകാര്യ കൺസൾട്ടൻസി തയ്യാറാക്കി നൽകിയ സാമ്പത്തിക, സാങ്കേതിക നിർവ്വഹണച്ചെലവ് സൂക്ഷ്മമായി പരിശോധിക്കാത്തതിനാൽ പദ്ധതിയുടെ മൊത്ത ചെലവിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുള്ളതായിട്ടാണ് കാണാൻ കഴിയുന്നത്. തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി ഹോട്ടലുകളും തിയേറ്ററുകളും പാർക്കുകളും ഉൾപ്പെടെ മറ്റ് വിനോദ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി 1973 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുണ്ട്. ഇതിൽനിന്നും ലഭിക്കുന്ന ആദായത്തിന്റെ പങ്ക് ഗവൺമെന്റിന് ലഭ്യമാകുമോ എന്നതാണ് എന്റെ ചോദ്യം ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഗവൺമെന്റുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാർ നൽകേണ്ട സഹായങ്ങളായ പുനരധിവാസം, അർഹരായ തൊഴിലാളികൾക്ക് നഷ്ടപരിഹാരം തുടങ്ങി എല്ലാ ഘടകങ്ങൾക്കും സർക്കാർ നൽകേണ്ട സഹായം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് കാര്യങ്ങൾ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതോടുകൂടി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയനുവേണ്ടി (ശ്രീ. വി. ആർ. സുനിൽ കുമാർ) : സർ, വിഴിഞ്ഞം കരാർ പ്രകാരം ഇതിന്റെ പ്രവർത്തനം പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകാൻ സ്വതന്ത്ര എഞ്ചിനീയറെ നിയമിക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. മൂന്നു മാസത്തിനകം ചെയ്യേണ്ടതായിരുന്നു. അതുണ്ടായില്ല. കരാർ കാലാവധി കഴിഞ്ഞ് ഒന്നര മാസം പിന്നിട്ടിട്ടും അതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ചിട്ടില്ല. വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിച്ച കമ്പനിയുടെ പേരിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, നേരത്തെ വ്യക്തമാക്കിയതുപോലെ, സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ നടപടികൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അത് പുനഃപരിശോധിക്കുന്നതാണ്. ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അത് സമയബന്ധിതമായി നടപ്പിലാക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങളുമായി മുന്നോട്ടുപോകും. സി.&എ.ജി.-യുടെ അന്തിമ റിപ്പോർട്ട് വന്നതിനുശേഷം അതിൽ പറയുന്ന കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് സർക്കാർ പിന്നീട് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ് : സർ, വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ആ കാലഘട്ടത്തിൽ കേരളത്തിൽ ഉയർന്നുവന്ന ഒരു മുദ്രാവാക്യം 'ചിങ്ങം ഒന്ന്, വിഴിഞ്ഞം വിൽപ്പനദിനം' എന്ന ഒരു പ്രചരണമായിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിഴിഞ്ഞം തുറമുഖ പദ്ധതി തുടരുമെന്ന് പുതിയ മുഖ്യമന്ത്രിയുടെ പ്രസ്താവന വരികയുണ്ടായി. ഇതുസംബന്ധിച്ച ഒരു ചോദ്യത്തിന് മറുപടിയായി ഇതിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്ന് സി.&എ.ജി. ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്റെ ചോദ്യം, സി.&എ.ജി. നൽകിയ ഡ്രാഫ്റ്റ് ഓഡിറ്റ് പാരഗ്രാഫിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെട്ടിട്ടില്ല എന്ന് ഗവൺമെന്റിന് വിശ്വാസമുണ്ടോ; ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കുകയാണെങ്കിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആയാലും സി.&എ.ജി. ഓഡിറ്റ് ആയാലും ഓഡിറ്റിന് പോകുന്ന ടീമിലെ അംഗങ്ങൾ പത്രസമ്മേളനം

നടത്തുന്ന അല്ലെങ്കിൽ കണ്ടെത്തുന്ന കാര്യങ്ങൾ പുറത്തുവിടുന്നു എന്നൊക്കെ പറഞ്ഞുള്ള ചില പരാതികൾ വ്യാപകമായി വരുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഗവൺമെന്റിന്റെ രഹസ്യ സ്വഭാവം നഷ്ടപ്പെട്ടതിന്റെ ഒരു സൂചനയാണ് ചോദ്യത്തിൽ നിന്ന് ഉയർന്നുവരുന്നത്. അങ്ങനെ ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് അന്വേഷണം നടത്തുമോ; എന്താണ് ഗവൺമെന്റ് സമീപനം?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഗവൺമെന്റിന് വ്യക്തമാക്കാൻ കഴിയുന്ന കാര്യങ്ങൾ സഭയിൽ പറഞ്ഞിട്ടുണ്ട്. രഹസ്യമായി സൂക്ഷിക്കേണ്ട കാര്യങ്ങൾ നിബന്ധനകളോടു കൂടി സി.&എ.ജി. പറഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് ആ റിപ്പോർട്ട് വന്നതിനുശേഷം മാത്രമേ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള കാര്യങ്ങൾക്ക് വ്യക്തമായി മറുപടി പറയാൻ സാധിക്കുകയുള്ളു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, സി.&എ.ജി.-യുടെ ഓഡിറ്റ് പാരാ പുറത്തുവരുന്നത് ഇത് ആദ്യത്തെ സംഭവമൊന്നുമല്ല. എത്രയോ സംഭവങ്ങൾ ഇങ്ങനെ പുറത്തുവന്നിട്ടുണ്ട്. അതിന് ഇരയായ ഒരാളാണ് ഞാൻ. അക്കാലത്തൊന്നും ഇതേപ്പറ്റി ഒരു അന്വേഷണത്തിനും ആരും പുറപ്പെട്ടിട്ടില്ല. അതുകൊണ്ട് ഇക്കാര്യങ്ങൾ പുറത്തു വരുന്നത് പുതിയ സംഭവമല്ല.

ശ്രീ. പി. സി. ജോർജ് : സർ, നമുക്ക് എല്ലാവർക്കും രഹസ്യമാണ് ആവശ്യം. കേരളം വിറ്റ് തുലയ്ക്കുന്നത് എന്തിനാണ് രഹസ്യമാക്കുന്നത്; ഇത് പുറത്തുവരുന്നതിന് ആർക്കാണ് ഇത്ര വിഷമം? മൊറട്ടോറിയം പത്തുവർഷം എന്നുള്ളത് ഇരുപത് വർഷമായി; കൺസഷണൽ പീരിഡ് നാൽപ്പത് കൊല്ലത്തേക്ക്; കുളച്ചൽ പദ്ധതി വരാൻ പോകുകയാണ്; ഈ പദ്ധതി ലാഭകരമാകില്ല. കേരളത്തിലെ മൂന്നരക്കോടി ജനങ്ങളെ വിറ്റ കച്ചവടമാണ് ഇതെന്നാണ് എന്റെ അഭിപ്രായം. മൂന്നരക്കോടി ജനങ്ങളെ വിറ്റിരിക്കുന്ന ഈ കരാർ സംബന്ധിച്ച് വിശദമായ ധവളപത്രം പുറപ്പെടുവിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, കുളച്ചലിൽ പുതിയ തുറമുഖം വരുന്നതു സംബന്ധിച്ച് കേരളത്തിലെ ഗവൺമെന്റ് ചില പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച കേരളത്തിന്റെ ആശങ്ക അതാതുസമയങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഭരണാധികാരികളെ അറിയിച്ചിട്ടുമുണ്ട്. അതിനുശേഷവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങളെല്ലാവരും കൂടി ഡൽഹിയിൽ ചെന്ന്, കുളച്ചൽ പദ്ധതി വന്നാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും

ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ട് അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം ഈ പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്ന നടപടികളുമായി മുന്നോട്ട് പോകണമെന്നും അതിന് എല്ലാവിധ സഹായങ്ങളും നൽകുമെന്നുമാണ് കേന്ദ്രഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഈ കാര്യങ്ങളിലൊക്കെത്തന്നെ വളരെ സുതാര്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. മത്സരാധിഷ്ഠിത ടെണ്ടർ വഴിയാണ് കരാറുകാരെ തെരഞ്ഞെടുത്തിട്ടുള്ളത്. അതുകൊണ്ട് സർക്കാരിന് പ്രത്യേകം നഷ്ടം വരുന്ന ഒന്നല്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഇൻഡിപെൻഡന്റ് ഇൻഷ്വററെ നിയമിച്ചിട്ടുണ്ട്. നിയമിക്കുന്നതിനുമുമ്പ് താൽക്കാലിക ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങളൊക്കെ അനുബന്ധമായി ചെയ്തിട്ടുണ്ട്. മറ്റുകാര്യങ്ങളെ സംബന്ധിച്ച് ഞാൻ നേരത്തെ വ്യക്തമാക്കിയതുപോലെ, സി.&എ.ജി.-യുടെ അന്തിമ റിപ്പോർട്ടുകൂടി വന്നുകഴിഞ്ഞ് അതിൽ ചൂണ്ടി കാണിച്ചിട്ടുള്ളത് തീർച്ചയായും അവതരിപ്പിക്കാനും ചർച്ച നടത്താനുമുള്ള അവസരമുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, വിഴിഞ്ഞം സംബന്ധിച്ച ഏതുവിധത്തിലുള്ള ചർച്ചയും ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. സി.&എ.ജി.-യുടെ ഡ്രാഫ്റ്റ് പാരാ രഹസ്യമായിരിക്കണമെന്ന് എ.ജി. തന്നെ പറയുന്ന സാഹചര്യത്തിൽ അത് നിയമസഭയിൽ ഔദ്യോഗികമായി ചർച്ച ചെയ്യുന്നത് ശരിയാണോ എന്നുള്ള നിയമപരമായൊരു പ്രശ്നമാണ് ഇവിടെ പ്രതിപക്ഷ നേതാവ് ഉന്നയിച്ചത്. പലപ്പോഴും ഡ്രാഫ്റ്റ് പാരാ ചർച്ചാ വിഷയം ആയിട്ടുണ്ട്. പക്ഷേ ഔദ്യോഗികമായി നിയമസഭയിൽ ചർച്ച ചെയ്തിട്ടില്ല എന്നാണ് ചൂണ്ടിക്കാണിച്ചത്. ചർച്ച ചെയ്യുന്നതിന് തടസ്സമൊന്നുമില്ല. എന്റെ ചോദ്യം, 2005-ലാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ ആദ്യമായി നടത്തിയത്. ഇതിന്റെ കരാർ ഉറപ്പിച്ചത് 2015-ലാണ്. ഈ പത്തുവർഷത്തിനിടയിൽ പലപ്രാവശ്യം നമ്മൾ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. അന്നൊന്നും വയബിളായിട്ടുള്ള ടെണ്ടർ ഉണ്ടായില്ല. ഏറ്റവും ഒടുവിലത്തേത് സിംഗിൾ ടെണ്ടർ ആണ്. ഇത്രയധികം ലാഭവും കേരളത്തെ മുഴുവൻ വിറ്റുകൊണ്ടു പോകാനുള്ള വമ്പിച്ച സ്രോതസ്സുമുണ്ടെങ്കിൽ എന്തുകൊണ്ടാണ് വയബിളായ ടെണ്ടറുകളൊന്നും വരാതിരുന്നത്; ഏറ്റവും ഒടുവിലത്തേത് സിംഗിൾ ടെണ്ടർ മാത്രമായി എന്നത് പരിശോധിക്കുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള എന്റെ ചോദ്യം, വിഴിഞ്ഞം പദ്ധതി ആയിരം ദിവസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് പറഞ്ഞാണ് ആരംഭിച്ചത്. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി മുന്നോട്ടുപോകാൻ തന്നെയാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കാൻ തന്നെയാണ് സർക്കാരിന്റെ തീരുമാനം. വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ്: 1465 ദിവസം. അതനുസരിച്ചാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഡിസംബർ 5-ന് ഒത്തുതീർപ്പുണ്ടായത്. എന്നാൽ ആ കാലയളവ് നാലു വർഷമെന്നിരിക്കെ കൺസഷണർ പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാൻ ആയിരം ദിന ഉത്സുക കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്. ആ പരിപാടിയുമായി മുന്നോട്ടുപോകുകയാണ്. മത്സരാധിഷ്ഠിത ടെണ്ടർ വഴി തന്നെയാണ് കരാറുകാരെ തെരഞ്ഞെടുത്തിട്ടുള്ളത്. അതിന് മറ്റ് നടപടിക്രമങ്ങളും ഉണ്ടായിരുന്നു. ആയിരം ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനുള്ള കർമ്മോത്സുകമായ പരിപാടി കരാർ കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്. കരാർ അനുസരിച്ച് പൂർത്തിയാക്കേണ്ട തീയതി ഡിസംബർ 2019-നാണെങ്കിലും 2018-ൽ ഇതിന്റെ ആദ്യഘട്ടം പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിഴിഞ്ഞവുമായി ബന്ധപ്പെട്ട് നിലവിൽ വന്ന കരാറിനെക്കുറിച്ച് കേരളത്തിൽ ഒട്ടേറെ ആശങ്കകൾ ഉയർന്നു വന്നതാണ്. പക്ഷേ കരാർ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒപ്പിട്ടതായിരുന്നു. കരാർ ഒപ്പിട്ടതോടെ അത് നടപ്പിലാക്കുക മാത്രമേ മാർഗ്ഗമുള്ളൂ. അതിലുള്ള കുറവുകൾ പറഞ്ഞ് തർക്കിച്ചു നിന്നതുകൊണ്ട് ഇനി പ്രത്യേക ഗുണമൊന്നും കിട്ടാനില്ല. കുറവുകൾ കുറവുകളായി തന്നെ കിടക്കുകയാണ്. വിഴിഞ്ഞം പദ്ധതി നടപ്പാകേണ്ടത് ആവശ്യമാണ്. ആദ്യം ആശങ്കപ്പെട്ടതു പോലുള്ള പ്രശ്നങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്. ആ പ്രശ്നങ്ങൾ ഇല്ലാതെയല്ല ഇപ്പോൾ കരാർ നിലനിൽക്കുന്നത്. പക്ഷേ കേരളത്തിന്റെ മൊത്തം താൽപ്പര്യമെടുക്കുമ്പോൾ വിഴിഞ്ഞം പദ്ധതി പൂർത്തിയാവണം എന്നതാണ്. ഇപ്പോഴാണെങ്കിൽ തൊട്ടടുത്ത് കുളച്ചൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുണ്ട്. സമയബന്ധിതമായി ഈ കരാർ പൂർത്തിയാക്കുക എന്നതിൽ തന്നെയാണ് സംസ്ഥാന ഗവൺമെന്റിനും സംസ്ഥാനത്തിനാകെയുമുള്ള താൽപ്പര്യം. അവിടെത്തന്നെയാണ് സംസ്ഥാന ഗവൺമെന്റ് നിൽക്കുന്നത്.

ശ്രീ. എം. വിൻസെന്റ് : സർ, നിരവധി പ്രതിസന്ധികളെ അതിജീവിച്ചാണ് വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായത്. ഈ പദ്ധതിക്കെതിരായി അന്താരാഷ്ട്ര തുറമുഖ ലോബികളും റിസോർട്ട് ലോബികളും പലതവണ പല കോടതികളിൽ പോയെങ്കിലും അവിടെയെല്ലാം പരാജയപ്പെട്ട അവർ വീണ്ടും ഈ പദ്ധതിയെ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണോ ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്നുവരുന്നതെന്നുള്ളത് പരിശോധിക്കുമോ; തുറമുഖനിർമ്മാണവുമായി ബന്ധപ്പെട്ട് വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസം നൽകുന്നതിനെ സംബന്ധിച്ച് വളരെ സുതാര്യമായ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കി അവരുടെ പുനരധിവാസ പാക്കേജുകൾ നടപ്പിലാക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമായി നയം പ്രഖ്യാപിച്ചിരുന്നു. 2010-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭൂമി ഏറ്റെടുക്കൽ നടപടിയോടുകൂടി ആരംഭിച്ചിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾ ഇന്ന് ഈ ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ച പുനരധിവാസ പ്രക്രിയയ്ക്കായി ഗവൺമെന്റ് ഭൂമി നൽകേണ്ടവർക്ക് ഇതിനകം തന്നെ ഭൂമി നൽകിയിട്ടുണ്ട്. അതുപോലെ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഉണ്ടാകാവുന്ന മറ്റ് ജീവിത പ്രയാസങ്ങൾ കണക്കിലെടുത്ത് ചിപ്പിത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മത്സ്യത്തൊഴിലാളികൾ, റിസോർട്ട് ജീവനക്കാർ എന്നിവരുടെ കാര്യങ്ങൾ ചർച്ച ചെയ്ത് അതെല്ലാം പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. അന്തർദ്ദേശീയ നിലവാരത്തിലോ മറ്റ് തലങ്ങളിലോ ഉണ്ടാകാവുന്ന ഭീഷണി എല്ലാ കാലങ്ങളിലും ഉണ്ടായിട്ടുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയതുപോലെ നിലവിലുള്ള സാഹചര്യത്തിൽ ഇതുസംബന്ധിച്ച ആശങ്കയും ഉത്കണ്ഠയുമൊക്കെ ഉണ്ടാകാം. കുളച്ചൽ തുറമുഖം പൂർത്തീകരിക്കാൻ വേഗത്തിൽ സാധ്യമല്ലെങ്കിൽപ്പോലും 30 കിലോമീറ്റർ മാത്രം അകലത്തിൽ ഒരു അന്തർദ്ദേശീയ തുറമുഖമുണ്ടാകുന്നത് ഇതിന്റെ വാണിജ്യപരമായ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമായിരിക്കും. അതിനുമുമ്പ് തന്നെ നമ്മുടെ തുറമുഖ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞാൽ, നേരത്തെ ചൂണ്ടിക്കാണിച്ച ആശങ്കകൾ കാരണം കേരളത്തിന് ബുദ്ധിമുട്ടുണ്ടാവുകയില്ല എന്നാണ് സർക്കാരിന്റെ നിലപാട്.

## ചെറുകിട തുറമുഖങ്ങൾ

2 (*722) ശ്രീ. വി. ജോയി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ചെറുകിട തുറമുഖങ്ങളാണ് നിലവിലുള്ളത്; എന്തെല്ലാം വ്യവസായ വാണിജ്യ ഇടപാടുകളാണ് ഇവയിലൂടെ നടന്നുവരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഈ തുറമുഖങ്ങൾ വിപുലീകരിച്ച് ചരക്കുഗതാഗതം വർദ്ധിപ്പിച്ച് റോഡിൽ നിലവിലുള്ള അമിതഭാരം കുറയ്ക്കാൻ പദ്ധതിയുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(സി) ചരക്കുനീക്കത്തോടൊപ്പം യാത്രാക്കപ്പലുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) കേരളത്തിൽ വിഴിഞ്ഞം, വലിയതുറ, നീണ്ടകര/കൊല്ലം, ആലപ്പുഴ, കോട്ടയം, കായംകുളം, കൊടുങ്ങല്ലൂർ/പൊന്നാനി, കോഴിക്കോട്/ബേപ്പൂർ, വടകര, നീലേശ്വരം/മഞ്ചേശ്വരം, തലശ്ശേരി, കണ്ണൂർ, അഴീക്കൽ, മുനമ്പം, കാസർഗോഡ് എന്നീ നോൺ മേജർ തുറമുഖങ്ങളാണ് നിലവിലുള്ളത്. ഇവയിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ (കണ്ണൂർ) എന്നീ തുറമുഖങ്ങളാണ് പ്രവർത്തന സജ്ജമായിട്ടുള്ളത്. മാലിയിലേയ്ക്കുള്ള ചരക്കുകളും തീരദേശ കപ്പൽ ഗതാഗതം വഴിയുള്ള ചരക്കുകളും വിഴിഞ്ഞത്ത് കൈകാര്യം ചെയ്യുന്നു. കൂടാതെ വിദേശ വിനോദ സഞ്ചാരികളെ കൊണ്ടുവരുന്ന യാത്രാക്കപ്പലുകളും വിഴിഞ്ഞത്ത് വരുന്നുണ്ട്. കൊല്ലം തുറമുഖത്ത് ഇതുവരെ തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ടൈൽസും മണലും കശുവണ്ടിയും മെഷിനറികളുമാണ് വന്നിട്ടുള്ളത്. ബേപ്പൂർ തുറമുഖം പ്രധാനമായും ലക്ഷദ്വീപിലേയ്ക്കുള്ള ചരക്ക് യാത്രാക്കപ്പലുകളെയാണ് കൈകാര്യം ചെയ്യുന്നത്. കൂടാതെ തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായുള്ള ചരക്കുകപ്പലുകളും ബേപ്പൂരിലെത്തുന്നുണ്ട്. അഴീക്കൽ തുറമുഖത്ത് പ്രധാനമായും തടി/പ്ലൈവുഡ് ചരക്കാണ് കൈകാര്യം ചെയ്യുന്നത്. കൂടാതെ ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കും തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായുള്ള ചരക്കും കൈകാര്യം ചെയ്യുന്നുണ്ട്.

(ബി) തീരദേശ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളെയും യാത്രക്കാരെയും താരതമ്യേന ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ ജലഗതാഗത മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ റോഡ് മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കിന്റെ 40% 2020 ഓടുകൂടിയും 50% 2030 ഓടുകൂടിയും തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേരള തീരത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി യാത്രാക്കപ്പലുകൾ ആരംഭിക്കുന്നതിന്റെ സാധ്യത Deloitte പഠനവിധേയമാക്കിയിട്ടുണ്ട്. കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് സ്വകാര്യ മേഖലയുടെ സഹായത്തോടെ അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമെന്ന നിലയ്ക്ക് കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള ജലയാനങ്ങളുടെ പരിശോധനകളും പ്രവർത്തനങ്ങളും അന്തിമഘട്ടത്തിലാണ്.

<u>ശ്രീ. വി. ജോയി</u> : സർ, അങ്ങ് നൽകിയ മറുപടിയിൽ നോൺ മേജർ തുറമുഖങ്ങളുടെ എണ്ണം 15 ആണ്. അതിൽ 4 തുറമുഖങ്ങളാണ് പ്രവർത്തന സജ്ജമായിട്ടുള്ളതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ബാക്കി 11 തുറമുഖങ്ങളുടെ കാര്യത്തെ സംബന്ധിച്ച് എന്താണ് സ്ഥിതി എന്നുള്ളതും സംസ്ഥാനത്തെ വിശാലമായ കടൽത്തീരവും അതിനോടനുബന്ധിച്ചുള്ള തുറമുഖങ്ങളും കേരളത്തിന്റെ വികസനത്തിന് മുതൽക്കൂട്ടാകുന്നവിധം വികസിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളതെന്നും കൂടി വ്യക്തമാക്കാമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ ഇവിടെ പ്രഖ്യാപിച്ച പ്രവർത്തന പരിപാടികൾ അന്തിമഘട്ടത്തിലെത്തിയ നാല് എണ്ണത്തിന് തുറമുഖങ്ങളുടെ വികസനം അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കാനും അതിന് രൂപകല്പന ചെയ്യാനും തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. വാണിജ്യമേഖലയിലും യാത്രാസംബന്ധമായ മേഖലകളിലും ഈ തുറമുഖങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഉത്തരവാദപ്പെട്ട ഫോറത്തിൽ ചർച്ച ചെയ്യുകയും കോഴിക്കോട്-കൊച്ചി മേഖലയിൽ ആദ്യമായി ആരംഭിക്കുന്ന യാത്രാക്കപ്പലുകളുമായി ബന്ധപ്പെട്ടു കൊണ്ട് മറ്റ് ചർച്ചകളും തുടർന്നുവരികയുമാണ്. മറ്റ് തുറമുഖങ്ങളെ അവഗണിക്കുന്ന പ്രശ്നമില്ല. ക്രമാനുഗതമായി അത്തരം തുറമുഖങ്ങളുടെ കൂടി പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പ്രയോജനപ്പെടുന്ന നിലയിൽ ഗവൺമെന്റ് പദ്ധതിക്ക് രൂപം നൽകുന്നതാണ്.

<u>ശ്രീ. വി. ജോയി</u> : സർ, പൂവാറിലെ കപ്പൽ നിർമ്മാണശാലയുടെ പ്രവർത്തനം കഴിഞ്ഞ വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ചതാണ്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷം ഇതുമായി ബന്ധപ്പെട്ട് യാതൊരു പ്രവർത്തനവും ഉണ്ടായിട്ടില്ല. കഴിഞ്ഞ ദിവസങ്ങളിൽ കേരളകൗമുദി പത്രം ഇത് റിപ്പോർട്ട് ചെയ്തിരുന്നു. പൂവാർ കപ്പൽ നിർമ്മാണശാലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> : സർ, ചെറുകിട തുറമുഖങ്ങളുടെ വികസനത്തിൽ വാണിജ്യ കപ്പലുകളുടെ കൂടി പ്രവർത്തനം ആവശ്യമായതുകൊണ്ട് കപ്പൽ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നേരത്തെയുണ്ടായിരുന്ന ഗവൺമെന്റിന്റെ പരിപാടികൾ ഏത് നിലയിൽ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് തീർച്ചയായും ആലോചിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ : സർ, കേരളത്തിന്റെ അടിസ്ഥാന വികസനത്തിൽ തന്ത്രപരമായ പ്രാധാന്യമാണ് തുറമുഖത്തിനുള്ളത്. ഇവിടെ ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ പ്രധാന ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൽ റോഡുകളുടെ പരിമിതിയും പാരിസ്ഥിതികമായ പ്രശ്നങ്ങളും വാഹനങ്ങളുടെ എണ്ണവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കരമാർഗ്ഗമുള്ള ചരക്കുനീക്കം പ്രയാസകരമായിത്തീരുകയാണ്. കടൽമാർഗ്ഗം ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ ചരക്കുഗതാഗതം നടത്താനും സാധിക്കും. ഈ പ്രശ്നങ്ങൾ കണക്കിലെടുത്ത് ചെലവുകുറച്ച് പരിസ്ഥിതി സൗഹാർദ്ദപരമായി ചരക്കുഗതാഗതം നടത്തുന്നതിന് തുറമുഖ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച വിഷയം അദ്ദേഹം ചില ചർച്ചകളിൽ ഉന്നയിച്ചിട്ടുള്ള കാര്യമാണ്. അദ്ദേഹം പ്രതിനിധാനം ചെയ്യുന്നതുതന്നെ തുറമുഖ നഗരം കൂടിയായ കൊച്ചി മേഖലയെയാണ്. ഈ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് റോഡ് മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കിന്റെ പ്രധാനപ്പെട്ട വർദ്ധനവ് 2020-ഓടെ 40 ശതമാനവും 2030-ഓടെ 50 ശതമാനവും വർദ്ധിപ്പിക്കത്തക്ക നിലയിലുള്ള കപ്പൽ ഗതാഗത പദ്ധതി ഇപ്പോൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കൂടുതൽ കാര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ : സർ, നമ്മുടെ സർക്കാർ ഉൾനാടൻ ജലഗതാഗതമുൾപ്പെടെ നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിന്റെ അത്തരം നീക്കത്തെ അഭിനന്ദിക്കുകയാണ്. ശ്രീ. എസ്. ശർമ്മ സൂചിപ്പിച്ചതുപോലെ ഇനി ചരക്കുഗതാഗതം പൂർണ്ണമായും കടൽമാർഗ്ഗമാക്കേണ്ടിവരും. അതുപോലെ കടൽമാർഗ്ഗമുള്ള യാത്രകൂടി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. തലശ്ശേരി ഒരു കോസ്റ്റൽ പട്ടണമാണ്. ബ്രിട്ടീഷ് ഭരണകാലത്തു തന്നെ വളരെയധികം പ്രാധാന്യമുള്ള ഒരു നഗരമായിരുന്നു. ഇപ്പോഴും തലശ്ശേരിയിൽ കടൽപ്പാലങ്ങളുൾപ്പെടെയുണ്ട്. ഇ. കെ. നായനാരുടെ ഭരണകാലത്ത് തലശ്ശേരിയിൽ ഒരു തുറമുഖം വളരെ ആഘോഷപൂർവം ശിലാസ്ഥാപനം നടത്തിയെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോഴും ഒച്ചിഴയുന്ന വേഗതയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. കണ്ണൂർ ജില്ലയിലെ അഴീക്കൽ, തലശ്ശേരി തുറമുഖങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; കടൽമാർഗ്ഗമുള്ള യാത്രയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തലശ്ശേരി തുറമുഖത്തിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ ഇനി എത്ര സമയമെടുക്കും തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഒരു കാലത്ത് പ്രധാനപ്പെട്ട ഒരു തുറമുഖ കേന്ദ്രമായിരുന്ന തലശ്ശേരിയെങ്കിലും പിന്നീട് അതിന് ചില പ്രയാസങ്ങളുണ്ടായി. യാത്രായാനം കോഴിക്കോടുനിന്ന് കൊച്ചിയിലേയ്ക്കാണ് യാത്ര ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതെങ്കിലും അത് പരീക്ഷണ ഓട്ടം നിർവ്വഹിച്ചതിനുശേഷം കണ്ണൂരിൽനിന്ന് ആരംഭിക്കാനും തുടർന്ന് ബന്ധപ്പെടാൻ കഴിയുന്ന തുറമുഖങ്ങളിലൂടെ കൊണ്ടുപോകാനുമാണ് ആഗ്രഹിക്കുന്നത്. അഴീക്കൽ തുറമുഖത്തിനായി ഈ ബഡ്ജറ്റിൽ 500 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തന പരിപാടികൾക്കായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കാലവിളംബമുണ്ടാകുന്നതിന് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തുറമുഖ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് യോഗം ചേരാനും അടിയന്തരമായി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുമുള്ള നടപടികൾക്ക് രൂപം നൽകുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയയ്ക്കുവേണ്ടി ശ്രീ. എം. രാജഗോപാലൻ : സർ, വിസ്മയകരമായ പുരോഗതി കൈവരിക്കാൻ ഈ ഗവൺമെന്റ് നടത്തുന്ന പ്രാഥമിക ഇടപെടൽ വളരെ ശ്രദ്ധേയമാണ്. ബേപ്പൂർ തുറമുഖത്ത് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനുമായി സഹകരിച്ച് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബേപ്പൂർ പരമ്പരാഗതമായിത്തന്നെ കപ്പൽ ഗതാഗതവുമായി ബന്ധമുള്ള പ്രദേശമാണെന്ന് നമുക്കറിയാം. ആ തുറമുഖവുമായി വ്യാവസായിക ബന്ധമുള്ള കാര്യങ്ങളാണ് ഞാൻ നേരത്തെ വ്യക്തമാക്കിയത്. തീർച്ചയായും ലക്ഷദ്വീപുമായുള്ള വ്യാപാര ബന്ധങ്ങൾക്ക് പ്രധാനപ്പെട്ട കേന്ദ്രമായി ബേപ്പൂർ തുറമുഖത്തെ മാറ്റിയെടുക്കുകയാണ് തുറമുഖ വകുപ്പിന്റെ ഉദ്ദേശ്യം.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, 2020-ഓടെ 40 ശതമാനവും 2030-ഓടെ 50 ശതമാനവും ചരക്കുഗതാഗതം തുറമുഖങ്ങൾ വഴിയാകുമെന്നാണ് അങ്ങയുടെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. പല ചെറുകിട രാഷ്ട്രങ്ങളിലും ജലഗതാഗതംമൂലം ഓയിൽ സ്പില്ലിംഗ് ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെപ്പറഞ്ഞ ലക്ഷ്യത്തിൽ എത്തുകയാണെങ്കിലുള്ള എൻവയോൺമെന്റൽ ഇംപാക്ട് സർക്കാർ പഠിച്ചിട്ടുണ്ടോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടു മാത്രമേ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. അതുകൂടി ഗവൺമെന്റ് പരിശോധിക്കുന്നതും പരിഗണിക്കുന്നതുമാണ്.

ശ്രീ. എ. എം. ആരിഫ് : സർ, ഒരു കാലത്ത് കിഴക്കിന്റെ വെനീസെന്ന് അറിയപ്പെട്ടിരുന്ന ആലപ്പുഴ തുറമുഖം വഴിയായിരുന്നു ചരക്കുഗതാഗതം നല്ല നിലയിൽ നടന്നിരുന്നത്. എന്നാൽ കൊച്ചി തുറമുഖം വികസിച്ചതോടെ ആലപ്പുഴ തുറമുഖത്തിന്റെ പ്രതാപമെല്ലാം നഷ്ടപ്പെട്ടു. 2006-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് "ആലപ്പുഴ പോർട്ട്, മറീന പോർട്ട് കം ബീച്ച്" എന്ന പദ്ധതി ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിക്കുകയും കഴിഞ്ഞ 10 വർഷമായി പ്രോജക്ട് തയ്യാറാക്കുന്നതിനും മറ്റുമായി ബഡ്ജറ്റിൽ നാമമാത്രമായ വിഹിതം വകയിരുത്തുകയും ചെയ്യാറുണ്ട്. ഇത്തവണത്തെ ബഡ്ജറ്റിലും 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 10 വർഷമായി കേൾക്കുന്നതല്ലാതെ പദ്ധതി ഒരിടത്തുമെത്തുന്നില്ല. പ്രോജക്ട് തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ഇപ്പോൾ ഗവൺമെന്റ് എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ, ഒരുകാലത്ത് തുറമുഖ മേഖലയിലെ പ്രധാനപ്പെട്ട കേന്ദ്രമായിരുന്നു ആലപ്പുഴ. "മറീന പോർട്ട് കം ബീച്ച്" പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴയുടെ നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്. അതിന് ധനകാര്യ വകുപ്പുൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ചകൾ നടത്തിയിട്ടുമുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ 14 തുറമുഖങ്ങളുടെ കാര്യം പറയുകയുണ്ടായി. എല്ലാംകൂടി ഒരുപോലെ നടത്താൻ സാധിക്കില്ല. അതിന് മുൻഗണന ആവശ്യമാണ്. അഴീക്കൽ തുറമുഖ വികസനത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര സഹായം വാങ്ങാൻ ശ്രമിച്ചുവെങ്കിലും അത് പൂർണ്ണമായിട്ടില്ല. 500 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. ഇപ്പോൾ അവിടെ മണ്ണടിഞ്ഞ് പ്രവർത്തനസജ്ജമല്ലാതായിരിക്കുകയാണ്. അതുകൊണ്ട് പ്രധാനപ്പെട്ട ചെറുകിട തുറമുഖങ്ങൾക്ക് പ്രയോറിറ്റി കൊടുത്ത് മോണിറ്റർ ചെയ്യാൻ സാധിക്കുമോ; അല്ലെങ്കിൽ സമയബന്ധിതമായി പണി തീർക്കാൻ കഴിയില്ല. അഴീക്കൽ തുറമുഖത്തിന് മുൻഗണന കൊടുക്കുമോ; കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായം വാങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ, അഴീക്കൽ തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ദ്രുതഗതിയിൽ നടക്കുകയാണ്. ഡ്രെഡ്ജിംഗ് ആരംഭിക്കുന്നതിനാവശ്യമായ പൈപ്പ് ലൈൻ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ പ്രവൃത്തികളും ആരംഭിക്കുന്നതാണ്. എല്ലാ തുറമുഖങ്ങളും ഒരുപോലെയല്ല, പ്രയോറിറ്റി അനുസരിച്ച് തന്നെയാണ് കൊടുക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച അഴീക്കൽ തുറമുഖത്തിന്റെ പ്രവൃത്തികൾ വളരെ വേഗതയിൽ നടക്കുന്നുണ്ട്. അടുത്ത കാലത്ത് കണ്ണൂർ എയർപോർട്ടിനാവശ്യമായ പടുകൂറ്റൻ ക്രെയിനുകൾ കൊണ്ടുവന്നപ്പോൾ അത് ഇറക്കാനുള്ള സൗകര്യം തുറമുഖത്തുണ്ടായിരുന്നു. പ്രകൃതിദത്തമായി കൂടുതൽ സൗകര്യമുള്ള ഒരു തുറമുഖം കൂടിയാണ് അഴീക്കൽ തുറമുഖമെന്നുള്ളതുകൊണ്ട് അഴീക്കൽ തുറമുഖവികസനം പ്രധാനപ്പെട്ടതാണ്. അതിന്റെ പ്രവൃത്തികൾ ഉടൻ ആരംഭിക്കും. ഇന്നുകാണുന്ന മന്ദഗതി പരിഹരിക്കുന്നതിനും അഴീക്കൽ ഉൾപ്പെടെയുള്ള തുറമുഖങ്ങളുടെ പ്രവൃത്തികൾ ദ്രുതഗതിയിലാക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആലോചിക്കുന്നതാണ്.

ശ്രീമതി യു. പ്രതിഭ ഹരി : സർ, ചോദിക്കാൻ ഉദ്ദേശിച്ച ചോദ്യം, ശ്രീ. എ. എം. ആരിഫ്, എം.എൽ.എ. ചോദിച്ചതുകൊണ്ട് അതിനനുബന്ധമായി ചോദിക്കാനുള്ളത്, ആലപ്പുഴ തുറമുഖത്ത് നഷ്ടസ്വപ്നമായി നിൽക്കുന്ന കടൽപ്പാലമുണ്ട്. ഏതുനിമിഷവും അത് തകർന്നുവീഴാം. ആലപ്പുഴക്കാർ മാത്രമല്ല, എല്ലാവരും ഇഷ്ടത്തോടെ വന്നുകാണുന്ന സ്ഥലം കൂടിയായതുകൊണ്ട് അത് പുനർനിർമ്മിക്കാൻ അടിയന്തരമായി ഇടപെടുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച ആലപ്പുഴ കടൽപ്പാലത്തിന്റെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണാനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു.

ശ്രീ. കെ. എം. ഷാജി : സർ, അനന്തസാദ്ധ്യതകളുള്ള പോർട്ടാണ് അഴീക്കൽ പോർട്ട്. അങ്ങയുടെ സാന്നിദ്ധ്യത്തിൽ അതിനെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തതാണ്. അവിടെ രണ്ടുമൂന്ന് പ്രശ്നങ്ങളുണ്ടെങ്കിലും ഏറ്റവും പ്രധാനപ്പെട്ട ബ്രേക്ക് വാട്ടറിന്റെ പ്രശ്നം ആദ്യം മുതൽ പറയുന്നതാണ്. അത് പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. രണ്ടാമത്തേത്, ഒരു കപ്പൽ ലീസിനെടുത്ത് റിട്ടേൺ കാർഗോയ്ക്ക് അഷ്വർ ചെയ്യുകയെന്നുള്ളതും ചർച്ച ചെയ്തിരുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതു പോലെ, അദ്ദേഹത്തിന്റെ കൂടി സാന്നിദ്ധ്യത്തിൽ അഴീക്കൽ തുറമുഖ ആഫീസിൽ യോഗം ചേരുകയുണ്ടായി. ഇവിടെ പറഞ്ഞ നിർദ്ദേശങ്ങൾ തുറമുഖ വകുപ്പ് പരിശോധിച്ചുവരികയാണ്.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, ചരക്കുനീക്കങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പാതയാണ് കനോലി കനാൽ. കനോലി കനാലിനെ ചരക്കുനീക്കത്തിനായി മലബാറിലെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്ന രീതിയിലുള്ള എന്തെങ്കിലും കാര്യങ്ങൾ അങ്ങയുടെ പരിഗണനയിലുണ്ടോ; അതോടൊപ്പം ടൂറിസം മേഖലയ്ക്കും ഈ കനാൽ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. കനോലി കനാലിലൂടെയുള്ള ചരക്കുനീക്കത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ശ്രീ. വി. അബ്ദുറഹിമാൻ പറഞ്ഞതു പോലെ അത്തരം ഗതാഗത കാര്യങ്ങൾകൂടി പരിഗണിക്കേണ്ടതാണ്. ഏതായാലും തുറമുഖ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിൽ തീർച്ചയായും കനോലി കനാൽകൂടി ഉൾപ്പെടുത്തുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, അങ്ങ് പറഞ്ഞതുപോലെ, ചരക്കുഗതാഗതത്തിന് ഏറ്റവും ചെലവുകുറഞ്ഞ മാർഗ്ഗമാണിത്. കേരളത്തിന്റെ വികസനത്തിന് ഏറ്റവും സാദ്ധ്യതയുള്ള മേഖലയുമാണ്. ടൂറിസം പോലെ പ്രാധാന്യം കൊടുത്തുകൊണ്ട് ജലപാതകൾക്കും ചരക്കുഗതാഗതത്തിനും വേണ്ടി പ്രോജക്ടുണ്ടാക്കി വിശദമായ പദ്ധതി തയ്യാറാക്കുമോ; നമ്മുടെ ബഡ്ജറ്റ് മതിയാകാതെ വരുമെന്നതിനാൽ വിശദമായ പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, തീർച്ചയായും ഈ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് കപ്പൽ ഗതാഗത ശൃംഖലയ്ക്ക് കൂടുതൽ ആകർഷകമായ പരിവേഷം ചാർത്തുന്നതിനുള്ള പരിപാടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, യാത്രാക്കപ്പലുകളെക്കുറിച്ചുള്ള ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞു. ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള യാത്രാക്കപ്പൽ ആളുകൾക്ക് ലാഭകരമല്ലെന്നതിനാൽ നടന്നില്ല. ധാരാളം ടൂറിസ്റ്റ് കപ്പലുകൾ ശ്രീലങ്ക പോലുള്ള സമീപരാജ്യങ്ങളിലേയ്ക്ക് പോകുന്നുണ്ട്. അത്തരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ; ടൂറിസം വികസന രംഗത്ത് ഇത്തരം കപ്പലുകളെ പ്രയോജനപ്പെടുത്തി തുറമുഖങ്ങളിൽ നിന്നുള്ള സർവ്വീസ് ആരംഭിക്കുന്നതിന് ഗവൺമെന്റ് പരിഗണന നൽകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ, മറ്റ് രാജ്യങ്ങളുമായി ചേർന്നുള്ള ടൂറിസം വികസനത്തെ പറ്റി ഇപ്പോൾ ആലോചിച്ചിട്ടില്ല. സംസ്ഥാനത്തിനകത്തുതന്നെയുള്ള ടൂറിസം മേഖലയുടെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തുറമുഖ വകുപ്പിന്റെ കാര്യമാണ് ആദ്യമായി പരിഗണിക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ ടൂറിസം വികസനത്തിന്റെ അനന്ത സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി അയൽ രാജ്യങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്താനും മെച്ചപ്പെടുത്താനും കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, മത്സ്യബന്ധന തുറമുഖങ്ങളുടെ സ്ഥിതിവിവര കണക്കുകളും ഉൾനാടൻ ജലഗതാഗതത്തിന്റെ സാദ്ധ്യതകളും അറിയുന്നതിനുവേണ്ടിയാണ് ഹൈഡ്രോഗ്രാഫിക് സർവ്വേകൾ തുറമുഖ വകുപ്പിന്റെ കീഴിൽ നടക്കുന്നത്. അത്തരം സർവ്വേകൾ ഫലപ്രദമായി നടക്കുന്നുണ്ടോ; ജലഗതാഗതം കേരളത്തിൽ വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഗതാഗത സൗകര്യങ്ങളും തുറമുഖത്തിന്റെ മറ്റുകാര്യങ്ങളും പരിശോധിക്കുന്നതിനുള്ള സാങ്കേതിക സംവിധാനമാണ് ഹൈഡ്രോ ഗ്രാഫിക് സർവ്വേ. അതിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ തീർച്ചയായും പരിഹരിക്കും. എങ്കിൽ മാത്രമെ ജലഗതാഗതവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവൺമെന്റിന് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, കൊച്ചിയിൽനിന്ന് കാസർകോട്ടേയ്ക്കുള്ള യാത്ര വളരെ ദുഃസ്സഹമാണ്. തൃശ്ശൂർ വരെ കുഴപ്പമില്ല, അതുകഴിഞ്ഞാൽ കാറിൽ യാത്ര ചെയ്യുക എന്നുപറഞ്ഞാൽ ഒരാളുടെ ജീവിതത്തിലെ ഏറ്റവും കഷ്ടകാലമാണ്. അതുകൊണ്ട് കൊച്ചിയിൽ നിന്ന് കാസർകോട് ഭാഗത്തേയ്ക്ക് പോർട്ടുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട്, ഒരു ഹൈ സ്പീഡ് പാസഞ്ചർ ബോട്ട് സർവ്വീസ് തുടങ്ങാൻ ഉദ്ദേശ്യമുണ്ടോ; അതിനായി വലിയ തുക ചെലവാക്കാൻ സർക്കാരിന് കഴിയില്ലെങ്കിൽ സ്വകാര്യ വ്യക്തികളെ പ്രോത്സാഹിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ആദ്യഘട്ടമെന്ന നിലയ്ക്കാണ് ഇപ്പോൾ കോഴിക്കോട്-കൊച്ചി ഗതാഗത സർവ്വീസ് ആരംഭിക്കുന്നത്. അതുകഴിഞ്ഞ് സംസ്ഥാനത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഈ ഗതാഗത സർവ്വീസ് വ്യാപിപ്പിക്കാനും മെച്ചപ്പെടുത്താനുമാണ് ആലോചനയുള്ളത്. തീർച്ചയായും ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ വടക്കൻ മേഖലയിലേയ്ക്കുള്ള യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള തുറമുഖത്തിന്റെ സാധ്യതകളും സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി ഒരു പരീക്ഷണം ആരംഭിച്ചു കഴിഞ്ഞാൽ തുടർന്ന് അതിന്റെ വിപുലീകൃതമായ സംവിധാനങ്ങളെക്കുറിച്ച് ആലോചിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യങ്ങളും ഉത്തരങ്ങളും വളരെ ബ്രീഫായിരുന്നു. മന്ത്രിയെ അക്കാര്യത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഉപചോദ്യം ചോദിക്കാൻ എല്ലാവർക്കും അവസരം കിട്ടി.

## റോഡ് സേഫ്റ്റി കോർപ്പസ്

3 (*723) ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് റോഡ് സേഫ്റ്റി കോർപ്പസ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിവരിക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളുമായി ചേർന്നാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ,

(എ) മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ റോഡ് സേഫ്റ്റി കോർപ്പസ് രൂപീകരിക്കുന്നതിനുള്ള ആശയം മുന്നോട്ടുവച്ചിരുന്നു. എന്നാൽ സ്കൂളുകളിൽ പോലീസിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് നിലവിലുള്ളതിനാൽ സമാനമായ മറ്റൊരു സംവിധാനം അനിവാര്യമാണോ എന്നുള്ള വിഷയം കൂടി ഉയർന്നു വന്നിട്ടുണ്ട്. അതും ചർച്ചാവിധേയമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇതിന്റെ രൂപീകരണവുമായി മോട്ടോർ വാഹന വകുപ്പ് ഇതുവരെ മുന്നോട്ടുപോയിട്ടില്ല.

റോഡ് സുരക്ഷാ നിയമം നിലവിൽ വന്നതോടൊപ്പം മോട്ടോർ വാഹന വകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 146 സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുകയും കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 570 ക്ലാസ്സുകളിലൂടെ സ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയുമുണ്ടായി. 2015-ൽ തിരുവനന്തപുരം മുതൽ കാസർകോട് വരെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ റോഡ് സുരക്ഷാ ഓട്ടൻ തുള്ളൽ സംഘടിപ്പിച്ചു. കൊല്ലം ജില്ലയിൽ 'കുട്ടി കരുതൽ' എന്ന പേരിൽ റോഡ് നിയമ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'ഗിഫ്റ്റി ചെക്കിംഗ്' എന്ന പേരിൽ റോഡ് ചെക്കിംഗുകൾ നടത്തുകയും ഡ്രൈവർമാർക്ക് സമ്മാനങ്ങളും ബുക്ക്‌ലെറ്റുകളും നൽകിവരികയും ചെയ്യുന്നു.

(ബി) റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനു വേണ്ടിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ മാതൃകയിൽ റോഡ് സേഫ്റ്റി കോർപ്പസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. സ്കൂൾ കുട്ടികളിൽ റോഡ് സുരക്ഷാ അവബോധം വളർത്തുകയും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുകയുമാണ് ഇതിന്റെ രൂപീകരണം കൊണ്ടുദ്ദേശിക്കുന്നത്.

(സി) പോലീസിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് നിലവിലുള്ളതിനാൽ വീണ്ടുമൊരു സംഘടനയുടെ ആവശ്യകതയും പ്രായോഗികതയും ചർച്ചാവിധേയമാക്കിയ പശ്ചാത്തലത്തിൽ റോഡ് സേഫ്റ്റി കോർപ്പസ് രൂപീകരണത്തിന്റെ മറ്റ് നടപടികളിലേയ്ക്ക് കടന്നിട്ടില്ല.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യമായിരുന്നു റോഡ് സേഫ്റ്റി കോർപ്പസ് രൂപീകരിക്കുമെന്നുള്ളത്. പക്ഷെ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് നിലവിലുള്ളതിനാൽ മറ്റൊരു സംവിധാനത്തെ കുറിച്ച് തൽക്കാലം ഇവിടെ ആലോചിക്കുന്നില്ലെന്ന് താങ്കളുടെ മറുപടിയിൽ പറഞ്ഞു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനംതന്നെ ഒരു സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുകയാണ് എന്ന കാര്യം താങ്കളുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിലുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് നല്ല രീതിയിൽ നടന്നുപോന്നിരുന്ന ഒരു സംവിധാനമാണ്. വിദേശ രാജ്യങ്ങൾവരെ ഇത് മാതൃകയാക്കുന്നതിനുവേണ്ടി കടന്നുവന്നതാണ്. പ്ലാനിംഗ് ബോർഡും സീ-മാറ്റും അതുപോലെ കെ.പി.എം.ജി. അടക്കം ഇതിനെക്കുറിച്ച് നല്ല റിപ്പോർട്ട് നൽകിയതാണ്. ഈ അധ്യയനവർഷം ഏതാണ്ട് നാനൂറോളം സ്കൂളുകളിലേയ്ക്ക് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വിപുലപ്പെടുത്തിയെങ്കിലും ഒരു രൂപപോലും കൂടുതലായി അതിനുവേണ്ടി അനുവദിച്ചിട്ടുണ്ടായിരുന്നില്ല. ഇത്തവണ 10.7 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും അധ്യയനവർഷം തുടങ്ങി അഞ്ചുമാസം കഴിഞ്ഞിട്ടും ഒരു രൂപപോലും ഇതുവരെ സ്കൂളുകളിലേയ്ക്ക് എത്തിയിട്ടില്ല. കൃത്യമായ ഒരു ആക്ടിവിറ്റി കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് എസ്.പി.സി. പ്രവർത്തിച്ചു പോന്നിരുന്നത്. ഈ വർഷം ആക്ടിവിറ്റി കലണ്ടറിലെ എസ്.പി.സി. ഡേയും എസ്.പി.സി. ക്വിസ്സും അടക്കമുള്ള ഒരു പ്രവർത്തനവും നടന്നിട്ടില്ല. അതുപോലെതന്നെ ഇതിന്റെ സംഘടനാ സംവിധാനം സംസ്ഥാനതലത്തിൽ അഴിച്ചുപണികൾക്ക് വിധേയമായിരിക്കുന്നുവെന്നാണ് അറിയാൻ സാധിച്ചത്. നേരത്തെ ശ്രീ. വിജയൻ, ഐ.പി.എസ്. ആയിരുന്നു അതിന്റെ ചുമതല വഹിച്ചിരുന്നത്. അതിനുശേഷം മാസം തോറുമുള്ള വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായമടക്കം ഒരു വിലയിരുത്തലും നടക്കുന്നില്ല. ഒരു ഭാഗത്ത് താങ്കൾ റോഡ് സേഫ്റ്റി കോർപ്പസ് രൂപീകരണം മാറ്റിവയ്ക്കുന്നുവെന്ന് പറയുമ്പോൾ നിലവിലുള്ള സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനത്തെ മാതൃകാപരമായി ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ താങ്കളും ആ വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രിയുമടക്കം ആലോചിച്ച് കൃത്യമായ ഒരു ഇടപെടൽ അടിയന്തരമായി ഉണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, അങ്ങ് ഉന്നയിച്ചത് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ പ്രവർത്തനം സംബന്ധിച്ചാണ്. അക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. രണ്ടാമതായി പറഞ്ഞ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ വിദ്യാർത്ഥികളെ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നിലവിലുള്ള സംവിധാനങ്ങൾക്ക് പോരായ്മകൾ എന്തെങ്കിലുമുണ്ടെങ്കിൽ തീർച്ചയായും അത് പരിഹരിക്കുക എന്നതുകൂടിയായിരുന്നല്ലോ ഇതിന്റെ ഉദ്ദേശ്യം, അത്തരം നടപടികളുമായി സർക്കാർ ശ്രദ്ധാപൂർവ്വം മുന്നോട്ടുപോകുന്നതാണ്.

ശ്രീ. വി. ടി. ബൽറാം : സർ, മറുപടിയിൽത്തന്നെ എസ്.പി.സി.-യെക്കുറിച്ച് പറഞ്ഞിട്ടുള്ളതു കൊണ്ടാണ് അതെങ്കിലും ഫലപ്രദമായി നടക്കണമെന്ന് ആദ്യമേ സൂചിപ്പിച്ചത്. അപകടം കുറയ്ക്കുക എന്നുപറയുമ്പോൾ, എൽ.പി. സ്കൂളുകളടക്കം നമ്മുടെ പല സ്കൂളുകളും ഹൈവേകളുടെയും വലിയ തിരക്കുള്ള നിരത്തുകളുടെയും ഓരത്താണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ടുതന്നെ സ്കൂൾ വിടുന്ന സമയത്ത് ഈ കുട്ടികളെല്ലാം ആർത്തലച്ച് നേരെ പുറത്തേയ്ക്ക് ഗേറ്റ് കടന്നുവരുമ്പോൾ റോഡിലേയ്ക്ക് കടക്കാനും അപകടങ്ങൾ ഉണ്ടാകാനുമുള്ള സാധ്യതകൾ നിലനിൽക്കുകയാണ്. അതുകൊണ്ട് സ്കൂളുകളിൽ പ്രത്യേകിച്ചും എൽ.പി. സ്കൂളുകളിലെയുമൊക്കെ ഗേറ്റിനുപുറത്ത് കൈവരികളുള്ള ഫുട്പാത്തുണ്ടാക്കി കുട്ടികൾക്ക് അവിടെ ക്യൂവായി നിൽക്കാനുള്ള സംവിധാനം ഒരുക്കുകയാണെങ്കിൽ ഗേറ്റ് കടന്ന് നേരെ കുട്ടികൾ റോഡിലേയ്ക്ക് ഓടിയെത്തുന്ന സാഹചര്യം ഒഴിവാക്കി അപകടം കുറയ്ക്കാൻ സാധിക്കും. ഗതാഗത വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി എന്ന നിലയിൽ ഇത്തരത്തിലുള്ള റോഡ് സേഫ്റ്റി മാനദണ്ഡം എല്ലാ സ്കൂളുകൾക്കും നിർബന്ധമാക്കാനുള്ള നടപടി ആവിഷ്കരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങിവിടെ ചൂണ്ടിക്കാണിച്ചത് വളരെ വിലയേറിയ നിർദ്ദേശമാണ്. അത് സ്വാഗതാർഹവുമാണ്. ഈ കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, റോഡ് സേഫ്റ്റി അതോറിറ്റി എന്നിവയുടെ കൂട്ടായ ആലോചനയിലൂടെ പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. അതാത് പ്രദേശത്തെ എം.എൽ.എ.-മാർകൂടി മുൻകയ്യെടുത്ത് കുട്ടികളുടെ കാര്യത്തിൽ കാണിക്കുന്ന ഈ താൽപ്പര്യം പ്രാദേശികതലത്തിലുള്ള പ്രവർത്തനങ്ങളിലും കാണിക്കാനിടയായാൽ നമുക്ക് ഈ യജ്ഞം വളരെ നല്ലനിലയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയും.

ശ്രീ. സണ്ണി ജോസഫ് : സർ, റോഡ് സുരക്ഷാ നടപടികളുടെ അപര്യാപ്തതമൂലം വാഹനാപകടങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ അപകടങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടിക്രമങ്ങളിൽ വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. എം.എ.സി.റ്റി. കോടതികളിലാണെങ്കിൽ ആയിരക്കണക്കിന് കേസ്സുകൾ പെന്റിംഗിലാണ്. കേസ്സുകളിൽ വിധിയുണ്ടായാലും കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള എതിർകക്ഷികൾ പണമടയ്ക്കാത്തതുകൊണ്ട് വിധി നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഗുരുതരമായി പരിക്കുപറ്റുന്ന നിരവധിപേർ ആശുപത്രിയിലാണ്. ഹിറ്റ് ആന്റ് റൺ കേസ്സുകളുമുണ്ട്, അവർക്കും നഷ്ടപരിഹാരം നൽകാൻ പലപ്പോഴും സാധിക്കുന്നില്ല. ഇന്ററിം കോമ്പൻസേഷനുണ്ട്, ആ നടപടികളും ഫലപ്രദമല്ല. അത് ഫലപ്രദമാക്കാനാവശ്യമായ നിയമഭേദഗതികൾ ഉൾപ്പെടെയുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ശരിയായ ഒരു കാര്യമാണ്. ട്രൈബ്യൂണലുകളാണ് ഈ കാര്യത്തിൽ ആദ്യമായി ഇടപെടുന്നത്. അത് കോടതിയിലെത്തുമ്പോൾ കാലതാമസമുണ്ടാകുന്നുണ്ട്. കാല താമസമുണ്ടാകുന്നതിന് നിരവധി കാര്യങ്ങളുണ്ട് എന്ന് എന്നേക്കാൾ നന്നായി ബഹുമാനപ്പെട്ട മെമ്പർക്ക് ബോധ്യമുള്ളതാണ്. എന്നിരുന്നാലും കേസ്സുകൾ പെട്ടെന്ന് തീർപ്പാക്കാനും അപകടത്തിൽപ്പെടുന്നവർക്കും മരണമടയുന്നവരുടെ ബന്ധുക്കൾക്കും ആശ്വാസ നടപടികൾ വേഗത്തിലെത്തിക്കുന്നതിനും സാധ്യമായ എല്ലാകാര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

ശ്രീ. അനിൽ അക്കര : സർ, റോഡ് സുരക്ഷിതത്വം സംസ്ഥാനത്തെ എല്ലാ വകുപ്പുകളും ചേർന്ന് ഒരുമിച്ച് നടത്തേണ്ട വലിയ ദൗത്യമാണ്. ഇവിടത്തെ ഒരു പ്രധാനപ്പെട്ട വിഷയം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വന്നതിനുശേഷം അവരുടെ പ്രവർത്തനങ്ങൾ വളരെ മാതൃകാപരമായിട്ടാണ് നടക്കുന്നത് എന്നതാണ്. ഈ വിഷയത്തിൽ മറ്റൊരു ഏജൻസിപോലെ പ്രവർത്തിക്കുന്നത് ഹോം ഗാർഡുകളാണ്. രാജ്യത്തിന്റെ അതിർത്തി കാക്കാൻവേണ്ടി ജീവൻവരെ പണയം വയ്ക്കാൻ ശ്രമിച്ചവരാണ് ഹോം ഗാർഡുകൾ. ഇന്ന് പല സ്ഥലങ്ങളിലും പോലീസുകാരുടെ

ഏജന്റുമാരെപ്പോലെ വാഹനങ്ങളുടെ ഡ്രൈവർമാരിൽനിന്നും ഇവർ അനധികൃതമായി പണം വാങ്ങുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹോം ഗാർഡുകളുടെ ഇത്തരത്തിലുള്ള അഴിമതി നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയം എന്റെ വകുപ്പുമായി നേരിട്ട് ബാധിക്കുന്നതല്ലാത്തതുകൊണ്ട് പ്രത്യേകമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതായാലും അംഗം ഇവിടെ ചൂണ്ടിക്കാണിച്ച സ്ഥിതിക്ക് ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും ആവശ്യമായ പരിഹാരം കാണാൻ ശ്രമിക്കുന്നതുമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് രൂപീകരിച്ചത് 2005-ലെ കെ. ടി. തോമസ് കമ്മീഷൻ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിലാണ്. 2006 മുതൽ പ്രസ്തുത സിസ്റ്റം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. അങ്ങനെ പത്തുകൊല്ലക്കാലം പ്രവർത്തിച്ചതിനുശേഷമാണ് ഇപ്രാവശ്യത്തെ ബഡ്ജറ്റിനകത്ത് റോഡ് സേഫ്റ്റി കോർപ്പസ് രൂപീകരിക്കും എന്ന് പറഞ്ഞത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്ന ആ പഴയ സിസ്റ്റമല്ല ഈ വർഷത്തെ ബഡ്ജറ്റ് സ്പീച്ചിനകത്ത് പറഞ്ഞത്. Entirely different ആണ് എന്നാണ് മനസ്സിലാകുന്നത്. സ്കൂളുകൾ തുറന്നു കഴിഞ്ഞാൽ ധാരാളം ആക്സിഡന്റുകൾ ഉണ്ടാകുകയാണ്. സ്കൂൾ ബസ്സുകളുടെ സെക്യൂരിറ്റിതന്നെ പ്രശ്നമാണ്. സ്പീഡ്ഗവർണർ പോലുമില്ലാത്ത ധാരാളം ബസ്സുകളുണ്ടെന്നാണ് പറയുന്നത്. ഡ്രൈവർമാർക്ക് പ്രോപ്പർ ട്രെയിനിംഗ് ഇല്ല. ഇതെല്ലാംകൂടി ഉൾപ്പെടുത്തി പുതിയ തലമുറയ്ക്ക് ഒരു അവയർനെസ് ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. അങ്ങ് ഇത് ഗൗരവമായി ആലോചിക്കണം. ഈ സിസ്റ്റം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിനെ ഓവർറൈഡ് ചെയ്തുപോകുന്നത് അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം സീരിയസ് അല്ലാത്ത ഒരു കാര്യവും സഭയിൽ പറയാറില്ല. പറയുന്നതും സീരിയസായിട്ടേ പറയാറുള്ളൂ. അതുകൊണ്ട് അത് മുഖവിലയ്ക്കു തന്നെയാണ് സഭ എടുക്കുന്നത്.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ പ്രവർത്തനം, എൻ.എസ്.എസ്.ന്റെ പ്രവർത്തനം, റെഡ്ക്രോസിന്റെ പ്രവർത്തനം തുടങ്ങി നിരവധി സംവിധാനങ്ങൾ ഇപ്പോൾ സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം നിലവിലുള്ള സാഹചര്യത്തിൽ ഒരു പ്രത്യേക സംവിധാനത്തെ എങ്ങനെ സമരസപ്പെടുത്തി ഫലപ്രദമായി പ്രയോജനപ്പെടുത്താം എന്ന ആലോചനയിൽ നിന്നാണ് റോഡ് സേഫ്റ്റി കോർപ്പസ് വിദ്യാർത്ഥികളുമായി ബന്ധപ്പെടുത്തി രൂപീകരിക്കാമോ എന്ന ആശയം വന്നത്. അങ്ങ് ആശങ്കപ്പെടുന്നതുപോലെ ഈ ആശയം നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടില്ല. കുറച്ചുകൂടി വിശദാംശങ്ങൾ ആവശ്യമുള്ളതുകൊണ്ടും പ്രയോജനക്ഷമത ഉറപ്പുവരുത്തി അത് പ്രാവർത്തികമാക്കണമെന്നുള്ളതുകൊണ്ടും ചർച്ചയ്ക്ക് വിഷയമായി ഇപ്പോഴും നിൽക്കുന്നുവെന്നു മാത്രമേയുള്ളൂ. സ്പീഡ് ഗവർണ്ണർ പോലുള്ള കാര്യങ്ങളിൽ എന്നെക്കാൾ അറിവ് ബഹുമാനപ്പെട്ട മെമ്പർക്കുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്പീഡ്ഗവർണർ സ്ഥാപിക്കണമെന്നുതന്നെയാണ് കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ ഗവൺമെന്റിനെ ബോധ്യപ്പെടുത്തുന്നത്. ആ വ്യവസ്ഥകൾ ലംഘിക്കാനുള്ള ഒരു നിലപാടും ഗവൺമെന്റ് സ്വീകരിക്കുകയില്ല. എന്നാൽ ചില ഘട്ടങ്ങളിൽ ചില പ്രായോഗിക പ്രയാസങ്ങളുണ്ടാകുന്നുണ്ട്. അത് പരമാവധി പരിഹരിച്ചുകൊണ്ട് ആ നിയമം നടപ്പിലാക്കാൻതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. എം. സ്വരാജ് : സർ, സംസ്ഥാനത്ത് ചില ഭാഗങ്ങളിൽ ഗതാഗത പരിഷ്കാരം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. യാതൊരുവിധ കൂടിയാലോചനയും കൂടാതെ ഏകപക്ഷീയമായാണ് ഗതാഗത പരിഷ്കാരമെന്ന പേരിൽ ഇത്തരം കാര്യങ്ങൾ നടപ്പാക്കുന്നത്. എറണാകുളം ജില്ലയിൽത്തന്നെ അങ്ങനെ പരിഷ്കാരം നടപ്പാക്കിയ സ്ഥലത്ത് സീബ്രാ ലൈനിലൂടെ റോഡ് മുറിച്ചുകടന്ന ഒരു സ്ത്രീ അടുത്തകാലത്ത് അപകടത്തിൽ മരണപ്പെട്ടിരുന്നു. എന്റെ മണ്ഡലത്തിൽ ഇത്തരത്തിലൊരു പരിഷ്കാരം അശാസ്ത്രീയമാണെന്ന് ഉയർത്തിക്കാട്ടി എല്ലാ രാഷ്ട്രീയ സംഘടനകളും സമരരംഗത്ത് വരികയുണ്ടായി. പ്രാദേശിക സർക്കാരുകളുമായോ ജനപ്രതിനിധികളുമായോ ഈ രംഗത്തെ വിദഗ്ദ്ധന്മാരുമായോ കൂടിയാലോചിക്കാതെയാണ് ഏകപക്ഷീയമായി ഇത്തരം പരിഷ്കാരങ്ങൾ നടപ്പാക്കുന്നത്. ഇതിൽ മാറ്റം വരുത്താൻ ആവശ്യപ്പെട്ടാലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പലയിടത്തും വളരെ നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നു എന്ന പരാതിയുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇത്തരം പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് വിവിധ വകുപ്പുകൾ ചേർന്നാണ്. പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവർ സംയുക്തമായി കൂടിയാലോചിച്ച് ഇത്തരം പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്നാണ് നിലവിലുള്ള നിർദ്ദേശം. പ്രാദേശിക തലത്തിൽ അത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ സ്ഥലം എം.എൽ.എ.-മാരുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ് എന്ന നിയമമില്ല. എന്നാലും ചില സ്ഥലത്തൊക്കെ ഫലപ്രദമായ രീതിയിലല്ല ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ ആക്ഷേപം പരിഹരിക്കാനും ഇത്തരം കാര്യങ്ങളിൽ എം.എൽ.എ.-മാർക്കുകൂടി അഭിപ്രായം അറിയിക്കാനും ആവശ്യമായ തീരുമാനങ്ങളെടുക്കാനുമുള്ള സൗകര്യം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, സ്കൂൾ വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനോടൊപ്പംതന്നെ ഏറ്റവും പ്രധാനമായി വേണ്ടത് സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം അവസാനിപ്പിക്കുകയാണ്. അതാണ് പലപ്പോഴും റോഡപകടങ്ങൾ ഉണ്ടാക്കുന്നത്. അങ്ങയുടെ നിയോജക മണ്ഡലത്തിന്റെ ഹെഡ്ക്വാർട്ടേഴ്സിലൂടെ, കോഴിക്കോട്-കണ്ണൂർ റൂട്ടിലാണ് ഏറ്റവും കൂടുതൽ സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം നടക്കുന്നത്. ഇതാണ് പല കുട്ടികളുടെയും ജീവൻ അപഹരിക്കുന്നത്. അതുകൊണ്ട് സ്വകാര്യ ബസുകളുടെ മത്സരയോട്ടം നിയന്ത്രിക്കാൻ ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് ഇപ്പോൾ നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യത്തെ ശരിയായ അർത്ഥത്തിൽ നോക്കികാണാനും മത്സരയോട്ടങ്ങൾ അവസാനിപ്പിക്കാനും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരം പരിശോധനകൾ നടന്നതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരാഴ്ചയ്ക്കകം ധാരാളം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൃത്യമായ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല.

**കാർഷിക വികസന നയം**

4(*724) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യയെ പ്രതിരോധിക്കുന്നതിനും കർഷകരെ കടക്കെണിയിൽനിന്ന് രക്ഷിക്കുന്നതിനും കേരള സംസ്ഥാന കാർഷിക വികസന നയത്തിലെ എന്തൊക്കെ നിർദ്ദേശങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന കാർഷിക നയത്തിന്റെ കരട് രേഖയിൽ ഉണ്ടായിരുന്ന എന്തൊക്കെ നിർദ്ദേശങ്ങളാണ് ക്യാബിനറ്റ് ഒഴിവാക്കിയത്; വിശദാംശം ലഭ്യമാക്കുമോ; ഒഴിവാക്കിയ നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക നയം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ,

(എ) കാർഷിക മേഖലയിലെ ഉത്പാദനം വർദ്ധിപ്പിച്ചും കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അനന്ത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷക ആത്മഹത്യ പ്രതിരോധിക്കുന്നതിനും കർഷകനെ കടക്കെണിയിൽനിന്ന് രക്ഷിക്കുന്നതിനും സഹായകരമായ വിവിധ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. കർഷകന് കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുമെന്ന് ഉറപ്പുവരുത്തുക, കാർഷികമേഖലയിൽ നിലവിലുള്ള

ഇൻഷ്വറൻസ് പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച്, കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ശരിയായ നഷ്ടപരിഹാരം ലഭിക്കുമെന്നുറപ്പാക്കുക, കർഷക ക്ഷേമനിധി ഏർപ്പെടുത്തുക, കൃഷിക്കാർക്ക് കുറഞ്ഞ നിരക്കിലും പലിശരഹിത നിരക്കിലും ലോണുകൾ ലഭ്യമാക്കുകവഴി കർഷകരെ കടക്കെണിയിൽനിന്നും രക്ഷിക്കുവാനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന കാർഷിക നയത്തിന്റെ കരട് രേഖയിൽനിന്നും താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് 11-3-2015-ൽ ചേർന്ന മന്ത്രിസഭായോഗം ഒഴിവാക്കിയത്.

1. നീർമറി വികസനവുമായി ബന്ധപ്പെട്ട നയങ്ങൾ :

നയം 35 - സംസ്ഥാന കാർഷിക ആസൂത്രണ വികസന പദ്ധതികളെല്ലാം നീർമറിയെ അടിസ്ഥാനപ്പെടുത്തിയാകണം

നയം 36-ജലപരിപാലനത്തിനും/ജലക്ഷാമത്തിനും ഉത്തരവാദിത്വം സംസ്ഥാനത്തിനാണ്.

നയം 37 - നീർമറി വികസന പദ്ധതികൾ ലക്ഷ്യമിടുന്നത് ജനങ്ങളുടെ കൂട്ടായ്മകളെ അടിസ്ഥാനമാക്കിയുള്ള സമീപനങ്ങളിലൂടെ ഗ്രാമീണ ജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്താനും ദാരിദ്ര്യം കുറയ്ക്കാനുമാണ്.

2. വരുമാനം ഉറപ്പാക്കൽ

നയം 100-ഖണ്ഡിക 20.7.2-സർക്കാർ തലത്തിൽ ഉൽപ്പന്നങ്ങളുടെ വില ഉറപ്പാക്കുന്നതിലൂടെ വിലയിടിവ് അനുഭവപ്പെടാൻ സാധ്യതയില്ല എന്നതുകൊണ്ടു തന്നെ ഇത് കർഷകർക്ക് ആത്മവിശ്വാസവും പ്രത്യാശയും പകർന്നു നൽകും. ഉത്പന്നങ്ങളുടെ കമ്പോളവില, കുറഞ്ഞ താങ്ങുവിലയിലും താഴേയ്ക്ക് പോകുന്ന പക്ഷം, വിലനിർണ്ണയ അതോറിറ്റിയുടെ തീരുമാനമനുസരിച്ച് സർക്കാരിന് ഈ ഉത്പന്നങ്ങൾ നിശ്ചിത സംഭരണ വിലയിൽത്തന്നെ ശേഖരിക്കാൻ കഴിയും. ഈ വില തീർച്ചയായും താങ്ങുവിലയേക്കാളും ഉയർന്നതായിരിക്കും എന്നതുകൊണ്ടു തന്നെ ഈ സംവിധാനം വഴി കർഷകർക്ക് നഷ്ടമൊഴിവാക്കുകയും കുറഞ്ഞ ലാഭമെങ്കിലും ഉറപ്പാക്കുകയും ചെയ്യാം.

3. ക്ഷീരവികസനം സംബന്ധിച്ച നയങ്ങൾ :

നയം 214-പാലിന്റെ ഗുണനിലവാര മാനദണ്ഡങ്ങൾ പുനർനിർവ്വചിക്കണം.

നയം 216-സംസ്ഥാനത്തെ എല്ലാ ക്ഷീരകർഷകരെയും ഒരു സംഘടിത സംവിധാനത്തിൻ കീഴിൽ കൊണ്ടുവരണം.

നയം 218-ക്ഷീര സംഘത്തിൽ പാൽ എത്തിക്കുന്ന എല്ലാ കർഷകർക്കും തുടക്കത്തിൽ നാമമാത്ര അംഗത്വം നൽകുകയും മാനദണ്ഡങ്ങൾ പാലിക്കുന്ന മുറയ്ക്ക് അവരെ സ്ഥിര അംഗങ്ങളായി ഉയർത്തുകയും വേണം.

4. ഉൾനാടൻ മത്സ്യ വികസന നയങ്ങൾ :

നയം 274, 275, 276, 277, 278-എന്നിവയാണ് ഒഴിവാക്കിയത്. (അനുബന്ധം -1 കണ്ടാലും)*

സംസ്ഥാനത്ത് ഒരു ജൈവകാർഷിക നയം നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കാർഷികനയം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച പരാമർശം അനുബന്ധം II ആയി ചേർക്കുന്നു.* ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, പി.എം.കെ.എസ്.വൈ. പ്രകാരം കേരളത്തിലെ തരിശായി കിടക്കുന്ന കരഭൂമി ഉൾപ്പെടെ കൃഷി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് കൃഷിക്കാവശ്യമായ ക്രമീകരണം ഉണ്ടാക്കുന്നതിനുള്ള ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഓരോ ജില്ലയ്ക്കും പത്തുലക്ഷം രൂപ വീതം അലോട്ട് ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് കേരളത്തിലെ കർഷകർക്കൊന്നും ഇതുവരെ വ്യക്തത ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ തയ്യാറാക്കിയതിലെ അപാകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. കേന്ദ്ര ഗവൺമെന്റിൽനിന്നും സാമ്പത്തിക സഹായം ലഭിക്കണമെങ്കിൽ അപാകതയില്ലാത്ത വളരെ വിശദമായ റിപ്പോർട്ട് ആവശ്യമാണ്. ഇത് വിവിധ വകുപ്പുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏകോപിപ്പിച്ചു നടത്തേണ്ട പ്രവർത്തനങ്ങൾ എന്ന നിലയിൽ നടക്കാത്തതിനെ തുടർന്ന് മുഖ്യമന്ത്രി കളക്ടർമാരുടെ യോഗം വിളിച്ചു കൂട്ടിയ സന്ദർഭത്തിൽ ഇറിഗേഷൻ പ്ലാൻ സമയബന്ധിതമായും വളരെ വ്യക്തതയോടു കൂടിയും പൂർത്തീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, സംസ്ഥാനത്ത് ഒരുപൂ കൃഷി കഴിഞ്ഞാൽ ബ്ലോക്ക് ഓഫീസുകളിലും പാടശേഖര സമിതികളിലുമുള്ള കൊയ്ത്ത് യന്ത്രവും മെതി യന്ത്രവും ട്രാക്ടറുകളും അടുത്ത കൃഷിവരെ നശിച്ചുകിടക്കുകയാണ്. ധാരാളം മേഖലയിൽ ഇങ്ങനെ കാണാറുണ്ട്. കേരളത്തിന്റെ പൊതു ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. തകർന്നുകിടക്കുന്ന ഇത്തരം ഉപകരണങ്ങൾ നന്നാക്കിയെടുത്ത് അടുത്ത കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അഗ്രോ സർവ്വീസ് സൊസൈറ്റികൾക്ക് അതിനുള്ള അനുമതി കൊടുക്കുമോ? ഓരോ ബ്ലോക്ക് തലത്തിലും അഗ്രോ സർവ്വീസ് സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തണമെന്നതാണ് എന്റെ ആവശ്യം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും അഗ്രോ ഇൻഡസ്ട്രീസിന്റെ കീഴിലുമെല്ലാം ധാരാളം യന്ത്രോപകരണങ്ങളുണ്ടെങ്കിലും പലതും നാമാവ ശേഷമായതും പ്രവർത്തനരഹിതവുമാണ്. അതുകൊണ്ട് നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളെയും കാർഷിക കർമ്മ സേനകളെയും ഏകോപിപ്പിച്ച് പ്രത്യേകമായൊരു സംവിധാനമാക്കിക്കൊണ്ടുവരാൻ ഒരു നോഡൽ ഓഫീസറെ നിയമിക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ യന്ത്രങ്ങളും, ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടി സ്ഥാനത്തിലും ഓരോ രജിസ്റ്ററുണ്ടാക്കി ഏതൊക്കെ യന്ത്രങ്ങളാണ് ശരിയാംവണ്ണം പ്രവർത്തിക്കുന്നതും അല്ലാത്തതുമെന്നുള്ള വ്യക്തമായ ലിസ്റ്റ് തയ്യാറാക്കാനുള്ള നിർദ്ദേശം കൊടുത്തിരിക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ഇങ്ങനെയുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ പരിശീലനം കൊടുക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റ് നൽകാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. ആ

സാഹചര്യത്തിൽ അതുകൂടി ബന്ധപ്പെടുത്തിക്കൊണ്ട് ഈ യന്ത്രങ്ങളെല്ലാം കൃഷിക്കാർക്കാവശ്യമായ നിലയിൽ ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ സംസ്ഥാന തലത്തിൽത്തന്നെ ഒരു ഫോഴ്സ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ ഈ യന്ത്രങ്ങളെല്ലാം കാർഷിക കർമ്മ സേനയും അഗ്രോ സർവ്വീസ് സെന്റർ മുഖാന്തരവും പ്രവർത്തിപ്പിച്ച് കൃഷിക്കാർക്ക് മെച്ചമുണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, ഇതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ, അതായത് ഫാർമേഴ്സ് ഇൻകം ഗ്യാരന്റി ആക്ട്, വില നിർണ്ണയ അതോറിറ്റി എന്നിവയൊക്കെ നടപ്പാക്കണമെങ്കിൽ കുറേയേറെ നിയമ നിർമ്മാണങ്ങൾ വേണ്ടിവരും. അതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, സംസ്ഥാന ഗവൺമെന്റിന്റെ പല പരിപാടികളും നടപ്പാക്കുന്നതിന് നയപരമായ അഭിപ്രായ വ്യത്യാസമുള്ള നിലയ്ക്ക് ആ രീതിയിൽ മാത്രമേ പോകാൻ കഴിയുകയുള്ളൂ. നയപരമായി അഭിപ്രായ വ്യത്യാസമില്ലാത്ത കാര്യങ്ങളിൽ നിർമ്മിക്കാവുന്ന നിയമങ്ങൾ നിർമ്മിക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ച പല കാർഷിക നയങ്ങളിൽ എല്ലാ നയങ്ങളും ഈ ഗവൺമെന്റ് അംഗീകരിക്കുന്നില്ല. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് കൊണ്ടു വന്ന പല നയങ്ങളും നടപ്പാക്കുന്നത് ഈ ഗവൺമെന്റാണ്. കാരണം, നേരത്തെ പറഞ്ഞതുപോലെ തരിശ്രഹിതമായ ഒരു സംസ്ഥാനമെന്ന നിലയിൽ പറഞ്ഞിരുന്നെങ്കിലും ഈ ഗവൺമെന്റ് വന്നതിനുശേഷം 5967 ഹെക്ടർ തരിശ് ഭൂമിയിൽ പുതുതായി കൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന കാർഷിക നയത്തെ അപ്പാടെ തള്ളിക്കളയുകയല്ല, ഉൾക്കൊള്ളാൻ കഴിയുന്ന കാര്യങ്ങളെല്ലാം ഉൾക്കൊള്ളുകയും അതിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുകയും ചെയ്യും.

<u>മി. സ്പീക്കർ</u> : ഓർഡർ...., ഓർഡർ...., ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുടുംബശ്രീ വഴി കാർഷിക മേഖലയിൽ സ്വയംപര്യാപ്തത

5 (*725) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടാനായി കുടുംബശ്രീ വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീ വഴിയുള്ള സംഘകൃഷി പ്രോത്സാഹിപ്പിക്കാനായി നല്കി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഈ സംഘങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും, പഴങ്ങളും വിപണനം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി സംഘങ്ങൾക്കും ഉപഭോക്താവിനും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ കുടുംബശ്രീക്ക് പഴം-പച്ചക്കറി സ്റ്റാളുകൾ ആരംഭിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) കാർഷിക മേഖലയിൽ കുടുംബശ്രീ നടപ്പിലാക്കിവരുന്ന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ചുവടെ ചേർക്കുന്നു:

1. സംഘകൃഷി : കുടുംബശ്രീ വഴി ഭക്ഷ്യ സ്വയംപര്യാപ്തത നേടാനായി 2006 മുതൽ സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കുകയും പാട്ടത്തിനായി ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്യുന്നു.

2. പൊലിവ് : സംസ്ഥാനത്ത് വിഷവിമുക്ത പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി "പൊലിവ്" എന്ന പേരിൽ സംഘകൃഷി നടത്തുന്നതിനുള്ള പദ്ധതി 2016 ജൂലൈ 3 മുതൽ നടപ്പാക്കി വരുന്നു.

3. വനിതാമാസ്റ്റർ കർഷകരുടെ സഹായം : കാർഷിക മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ സംഘകൃഷി ഗ്രൂപ്പുകളിലെത്തിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീയിൽ നിന്നും വനിതാ മാസ്റ്റർ കർഷകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പരിശീലനം ലഭിച്ച മാസ്റ്റർ കർഷകർ അവർക്ക് ലഭ്യമായ അറിവ് സംഘകൃഷി ഗ്രൂപ്പുകൾക്ക് ഫാർമർ ഫീൽഡ് സ്കൂളുകൾ വഴി പകർന്നുനൽകുന്നു.

4. വിത്ത് ബാങ്ക് : പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന്റെയും ജൈവവൈവിധ്യം നിലനിർത്തുന്നതിന്റെയും ഭാഗമായി നെല്ലിന്റെ വിത്തുബാങ്കുകൾ കുടുംബശ്രീ ഗ്രൂപ്പുകൾ നടപ്പാക്കി വരുന്നു. പ്രധാനമായും കാസർഗോഡ്, വയനാട് ജില്ലകൾ കേന്ദ്രീകരിച്ച് അവ പ്രവർത്തിക്കുന്നു. കൃഷിക്കാവശ്യമായ വിത്തുകൾ കൃഷിചെയ്തുകൊടുക്കുന്ന വിത്തുബാങ്കുകൾ മറ്റ് ജില്ലകളിലും പ്രവർത്തിച്ചു വരുന്നു.

5. ബയോഫാർമസി : വിഷരഹിത കാർഷിക ഉല്പാദനരീതികൾക്ക് ആവശ്യമായ ജൈവ കീടനാശിനികളും ജൈവവളവും ബയോഫാർമസികളിൽ ഉല്പാദിപ്പിക്കുകയും കർഷകർക്ക് വിൽക്കുകയും ചെയ്യുന്നു.

6. നഴ്സറി : കാർഷിക മേഖലയിൽ സംരംഭത്തിന്റെ ഭാഗമായി നഴ്സറികൾ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. പ്രാദേശിക ആവശ്യമനുസരിച്ച് കൃഷിക്കനുയോജ്യമായ വിത്തുകൾ, തൈകൾ, ഗ്രോബാഗുകൾ എന്നിവ ഈ നഴ്സറികളിലൂടെ ലഭ്യമാക്കി വരുന്നു.

7. കാർഷിക ലേബർ ഗ്രൂപ്പുകൾ:- കാർഷികമേഖലയിൽ ഉല്പാദന വർദ്ധനവിനായുള്ള പദ്ധതികൾക്കുപുറമേ സേവനമേഖലയിൽ കാർഷിക ലേബർ ഗ്രൂപ്പുകൾ ഭൂവുടമകളുടെ ആവശ്യാനുസരണം കൃഷിക്കാവശ്യമായ തൊഴിലുകൾ ചെയ്യുന്നതിനുള്ള തൊഴിലാളികളെ കൂടി ലഭ്യമാക്കുന്നു.

(ബി) സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ നൽകി വരുന്നു. ഈ വർഷം 351 കോടി രൂപയുടെ വായ്പ ബാങ്കിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ വിളവനുസരിച്ച് കാർഷിക ഇൻസെന്റീവും അനുവദിക്കുന്നുണ്ട്. സാങ്കേതിക വിവരങ്ങൾ നൽകുന്നതിന്റെ ഭാഗമായി പരിശീലനങ്ങൾ നൽകി വരുന്നുണ്ട്.

(സി) കുടുംബശ്രീ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ആഴ്ച ചന്തയും മാസചന്തയും സംഘടിപ്പിക്കുന്നുണ്ട്. ഇതിനുപുറമേ ഉത്സവചന്തകൾ നടത്താറുണ്ട്. പഞ്ചായത്തുകളുമായി ചേർന്ന് കുടുംബശ്രീ സ്ഥിര വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഈ വർഷം മുതൽ ഓരോ ജില്ലയിലും ഓരോ പച്ചക്കറി ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലൂടെ സംഘങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും വിപണനം ചെയ്യുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും കഴിയും.

**വിള ഇൻഷ്വറൻസ് പദ്ധതി**

6 (*726) ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്നും ലഭിക്കുന്ന പരമാവധി തുകയെത്രയെന്നും അറിയിക്കാമോ;

(ബി) പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷിനാശമല്ലാതെ ഏതെങ്കിലും തരത്തിലുള്ള കൃഷി നാശത്തിന് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) വന്യമൃഗങ്ങൾ വരുത്തിവയ്ക്കുന്ന കൃഷിനാശത്തിനും കീടബാധകൊണ്ടും വൈറസ് ബാധകൊണ്ടും ഉണ്ടാകുന്ന വിളനാശത്തിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ സാധിക്കുമോ എന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ കർഷകർക്കായി നടപ്പിലാക്കിയിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 25 കാർഷിക വിളകളായ തെങ്ങ്, വാഴ, കമുക്, കുരുമുളക്, റബ്ബർ, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരിച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, ഗ്രാമ്പു, നെല്ല് എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, അനാവൃഷ്ടി, ശക്തമായ കാറ്റ്, തുടർദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗ കീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി നെല്ല്, കവുങ്ങ്, കരിമ്പ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, കൈതച്ചക്ക, വാഴ, ജാതി എന്നീ പത്ത് വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിപ്രകാരം പ്രകൃതിക്ഷോഭംമൂലം ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിപ്രകാരം തെങ്ങൊന്നിന് 15 വർഷം വരെ പ്രായമുള്ളവയ്ക്ക് 900 രൂപയും 16 മുതൽ 60 വർഷം വരെ പ്രായമുള്ളവയ്ക്ക് 1750 രൂപയും നഷ്ടപരിഹാരമായി നൽകുന്നതാണ്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പരാമാവധി ലഭിക്കുന്ന തുകയുടെ വിശദാംശം അനുബന്ധം-I കണ്ടാലും*. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പരമാവധി ലഭിക്കുന്ന നഷ്ടപരിഹാരത്തുകയുടെ വിശദവിവരങ്ങൾ ഇതോടൊപ്പം അനുബന്ധം -II ആയി ചേർത്തിരിക്കുന്നു*.

(ബി&സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം കൂടാതെ വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ട് ഉണ്ടാകുന്ന കൃഷിനാശത്തിന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട 25 വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വന്യമൃഗങ്ങൾ വരുത്തിവയ്ക്കുന്ന കൃഷിനാശത്തിനും വൈറസ് ബാധകൊണ്ടും കീടരോഗബാധ കൊണ്ടും ഉണ്ടാകുന്ന നെൽകൃഷിനാശത്തിനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം വൈറസ് ബാധകൊണ്ടും കീടരോഗബാധ കൊണ്ടും ഉണ്ടാകുന്ന കൃഷി നാശത്തിനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ബസ് ബോഡി നിർമ്മാണം**

7 (*727) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്കു വേണ്ടി ബസ് ബോഡി നിർമ്മിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ ഭാരത് സ്റ്റേജ് മാനദണ്ഡ പ്രകാരം, കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽ ഉപയോഗിക്കേണ്ട എൻജിന്റെ കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം വരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് കഷ്ട നഷ്ടങ്ങൾ ഉണ്ടാകാനിടയുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) കെ.എസ്.ആർ.ടി.സി.-യുടെ തിരുവനന്തപുരത്ത് പാപ്പനംകോടുള്ള സെൻട്രൽ വർക്ക്ഷോപ്പിലും റീജിയണൽ വർക്ക്ഷോപ്പുകളായ എടപ്പാൾ, കോഴിക്കോട്, മാവേലിക്കര, ആലുവ എന്നിവിടങ്ങളിലും ബസ് ബോഡി നിർമ്മാണം നടന്നുവരികയാണ്. ഇതിനായി സെൻട്രൽ വർക്ക്സിലെ ബോഡി ബിൽഡിംഗ് യൂണിറ്റിന് 'B' class അക്രഡിറ്റേഷൻ പദവി ലഭിക്കുകയുണ്ടായി. അതുപോലെതന്നെ മറ്റ് വർക്ക്ഷോപ്പുകൾക്കും അക്രഡിറ്റേഷൻ ലഭിക്കുന്നതിന് സജ്ജമാക്കി വരുന്നു. എല്ലാ വർക്ക്ഷോപ്പുകളിലും കൂടി പ്രതിമാസം ശരാശരി 57 വാഹനങ്ങൾ ബോഡി ചെയ്ത് നിരത്തിലിറക്കുന്നുണ്ട്.

(ബി) 2016 മാർച്ച് 31-ന് മുമ്പായി വാഹന നിർമ്മാതാക്കൾ നിർമ്മിച്ച ഷാസികൾക്ക് ഇത് ബാധകമല്ല. കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുള്ള ഷാസികളെല്ലാം 2016 മാർച്ച് 31-ന് മുമ്പായി നിർമ്മിച്ചിട്ടുള്ളതാണ്.

(സി) ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം ഉണ്ടാകാനിടയില്ല.

**അമൃത് പദ്ധതി**

8 (*728) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ.എ. പ്രദീപ്കുമാർ :
ശ്രീ. എം. എം. മണി :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരവികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) നഗരവികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'അമൃത്' പ്രകാരം ഏതൊക്കെ നഗരങ്ങളിലും പട്ടണങ്ങളിലും എന്തൊക്കെ വികസന പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്നറിയിക്കുമോ;

(സി) പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്ര വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ, ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ്-സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യപശ്ചാത്തല വികസന പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ കെ.എസ്.യു.ഡി.പി. മുഖേന നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കെ.എസ്.യു.ഡി.പി. നോഡൽ ഏജൻസിയായ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതി (JnNURM)യുടെ രണ്ട് ഉപപദ്ധതികളാണ് (1) നഗരപശ്ചാത്തല വികസനവും ഭരണവും (Urban Infrastructure Development & e-Governance) (2) ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (Urban Infrastructure Development Scheme for Small and Medium Towns) എന്നിവ.

നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അമൃത് പദ്ധതി. അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പുവരുത്തൽ, ശുദ്ധവും സുസ്ഥിരവുമായ പരിസ്ഥിതി രൂപപ്പെടുത്തൽ, ആധുനിക വിവര സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്മാർട്ട് സൊല്യൂഷൻസ് ഏർപ്പെടുത്തൽ, കൂടുതൽ സ്മാർട്ട് സിറ്റികൾ രൂപപ്പെടുത്താനുള്ള പ്രേരകമാകൽ എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ആവിഷ്കരിച്ച പദ്ധതിയാണ് സ്മാർട്ട് സിറ്റി മിഷൻ.

അടിസ്ഥാനസൗകര്യ വികസനത്തിനായി സാങ്കേതികക്ഷമതയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം നഗരസഭകൾക്ക് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് അർബൻ 2020.

നഗരങ്ങളിൽ നിലവിലുള്ള തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിയാണ് നഗരജ്യോതി പദ്ധതി. ഇതോടൊപ്പം തലസ്ഥാന നഗര വികസന പദ്ധതിയും നടപ്പാക്കുന്നുണ്ട്.

(ബി) നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അമൃത് പദ്ധതി. സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് തുടങ്ങിയ നഗരസഭകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

1. കുടിവെള്ള പദ്ധതികൾ

2. സ്വിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്

3. സ്റ്റോം വാട്ടർ ഡ്രെയിനേജ്

4. അർബൻ ട്രാൻസ്പോർട്ട് (നോൺ മോട്ടോർ ട്രാൻസ്പോർട്ട് പദ്ധതികൾ, നടപ്പാതകൾ, ഫുട്ഓവർ ബ്രിഡ്ജ്, സബ്‌വേ തുടങ്ങിയ പദ്ധതികൾ)

5. തുറസ്സായ സ്ഥലങ്ങളുടെയും പാർക്കുകളുടെയും നവീകരണം എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ നഗരസഭകളിലായി 221 പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 18-10-2016-ൽ കൊച്ചിയിൽ വച്ച് കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിയും കേന്ദ്ര നഗരവികസന വകുപ്പ് സെക്രട്ടറിയും സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗം ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ചെയ്തു. പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടെ കുറവ്**

9 (*729) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ എഞ്ചിനീയർമാർ ഇല്ലാത്തതു കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) എഞ്ചിനീയർമാരുടെ ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഉണ്ട്.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള 91 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ ഉടൻ തന്നെ നികത്തുന്നതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രൊമോഷൻ സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികയിലേയ്ക്കുള്ള ഒഴിവ് നികത്താൻ സാധിക്കുന്നില്ല. പ്രൊവിഷണൽ പ്രൊമോഷൻ ലഭിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മാത്രമേ നിലവിലുള്ളൂ എന്നതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവും നികത്താൻ കഴിയുന്നില്ല.

സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നിലവിലുള്ള ഒരു ഒഴിവിലേക്കും രണ്ട് പ്രതീക്ഷിത ഒഴിവിലേക്കും മൂന്ന് പേരെയും എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഒരാളെയും ഉൾപ്പെടുത്തിക്കൊണ്ട് ഡി.പി.സി.(ഹയർ) കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ തസ്തികയിലെ ഒരു ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | ചീഫ് എഞ്ചിനീയർ | - | 1 |
| | സൂപ്രണ്ടിംഗ് എഞ്ചിനീയർ | - | 1 |
| | എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 7 |
| | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 37 |
| | അസിസ്റ്റന്റ് എഞ്ചിനീയർ | - | 91 |

## കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽനിന്നും രക്ഷിക്കാൻ നടപടി

10 (*730) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൂടുതൽ കടമെടുത്ത് പെൻഷനും ശമ്പളവും നൽകേണ്ടി വരുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ എന്തു പദ്ധതിയാണുള്ളതെന്ന് അറിയിക്കുമോ;

(ബി) കടക്കെണിയിൽ നിന്നു സ്ഥാപനത്തെ രക്ഷിക്കാനും അതുവഴി ശമ്പളവും പെൻഷനും മുടങ്ങാതിരിക്കുവാനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ;

(സി) അന്തർ സംസ്ഥാന റൂട്ടുകളിൽ സ്വകാര്യ ലക്ഷ്വറി ബസുകളുടെ സമാന്തര സർവ്വീസ് നിയമാനുസൃതമാണോ; ഇത് കെ.എസ്.ആർ.ടി.സി.-യെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ നടപടിയുണ്ടാകുമോ;

(ഡി) ദേശസാൽകൃത റൂട്ടുകളിലും അന്തർ സംസ്ഥാന റൂട്ടുകളിലും കൂടുതൽ ലക്ഷ്വറി ബസ് സർവ്വീസ് ആരംഭിച്ച് സമാന്തര സർവ്വീസുകളെ നിരുത്സാഹപ്പെടുത്താൻ നടപടിയെടുക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>):

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി. പ്രതിദിന വരുമാനം ഏഴ് കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും, ചുരുക്കം ചില ദിവസങ്ങളിലും യാത്രക്കാർ കൂടുതൽ വരുന്ന ചില ഉത്സവദിനങ്ങളിലും മാത്രമാണ് ദിവസ വരുമാനം ഏഴ് കോടി രൂപയാകുന്നത്. ആഗസ്റ്റ് 2016-ലെ കണക്കനുസരിച്ച് ആകെയുള്ള 5840 ഷെഡ്യൂളുകളിൽ 3,012 എണ്ണം 10,000 രൂപയ്ക്ക് താഴെ വരുമാനം ലഭ്യമാക്കുന്നവയാണ്. ഇതിൽ 2,866 എണ്ണം ഓർഡിനറി വിഭാഗത്തിൽ പെടുന്നവയാണ്. 10,000 രൂപയിൽ കുറഞ്ഞ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് രണ്ട് മാസത്തിനുള്ളിൽ ലാഭകരമാക്കുവാനുള്ള നിർദ്ദേശങ്ങൾ അതാത് യൂണിറ്റധികാരികൾക്ക് നൽകിയിട്ടുണ്ട്. നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്കരിച്ച് മാൻപവർ യൂട്ടിലൈസേഷൻ കൂട്ടുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേയ്ക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം റെയിൽവെ മാതൃകയിൽ

തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ജി.പി.എസ്./വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനു വേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം-ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസ്സുകളിലും കെ.യു.ആർ.ടി.സി.-യുടെ രണ്ട് ലോ ഫ്ലോർ എ.സി. വോൾവോ ബസ്സുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റ് വരുമാനത്തിനു പുറമേ ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫി വെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റേതര വരുമാനം ലഭിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഇന്ധനം കംപ്രസ്ഡ് നാച്വറൽ ഗ്യാസ് (CNG)-ലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടിരൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി. ബസ്സിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചെലവ് കുറയ്ക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ചുവർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ സമഗ്രമായ പഠനത്തിനും പുനഃസംഘടനയ്ക്കുമായി 24-9-2016-ലെ G.O.(RT) No. 367/2016/Tran പ്രകാരം കൊൽക്കത്ത ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റ് ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിന് ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.

(സി) അന്തർ സംസ്ഥാന റൂട്ടുകളിൽ സ്വകാര്യ ലക്ഷ്വറി സർവ്വീസുകൾ നടത്തുന്നത് മോട്ടോർ വാഹന നിയമം സെക്ഷൻ 88(8), 88(9) എന്നിവ പ്രകാരം കരസ്ഥമാക്കുന്ന പെർമിറ്റുകളുടെ പിൻബലത്തിലാണ്.

ഇത്തരത്തിലുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ കോൺട്രാക്ടിൽ ഉൾപ്പെടാത്ത ആൾക്കാരെ വഴിയിൽ നിന്നും കയറ്റാനോ ഇറക്കാനോ പാടില്ലാത്തതാണ്. കൂടാതെ വ്യക്തികളിൽ നിന്നും ഒറ്റക്കൊറ്റയ്ക്കായി ചാർജ്ജും വാങ്ങാനാവില്ല. എന്നാൽ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് ധാരാളം സ്വകാര്യ അന്തർ സംസ്ഥാന ലക്ഷ്വറി ബസ്സുകൾ സർവ്വീസ് നടത്തിവരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത് കെ.എസ്.ആർ.ടി.സി.-യെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ മോട്ടോർ വാഹന വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്ന തിലേയ്ക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്ന് 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി. ആധുനിക രീതിയിലുള്ള 18 സ്കാനിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുള്ളത്. ഇവ പ്രധാനമായും അന്തർ സംസ്ഥാന-ദേശസാൽകൃത ദീർഘദൂര റൂട്ടുകളിലാണ് സർവ്വീസ് നടത്തി വരുന്നത്. കൂടാതെ യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി എയർ സസ്പെൻഷനോടുകൂടിയ പുതിയതരം സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ് ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതുവഴി നിയമപരമല്ലാതെ സർവ്വീസ് നടത്തുന്ന സമാന്തര സർവ്വീസുകളെ നിരുത്സാഹപ്പെടുത്തുന്നതിനാണ് കെ.എസ്.ആർ.ടി.സി. ശ്രമിച്ചുവരുന്നത്.

കൂടാതെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ജി.പി.എസ്./വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുവേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം-ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസ്സുകളിലും കെ.യു.ആർ.ടി.സി.-യുടെ രണ്ട് ലോ ഫ്ലോർ എ.സി. വോൾവോ ബസ്സുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർ ക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

11 (*731) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ഹാജർ പരിശോധിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്;

(ബി) സെക്രട്ടേറിയറ്റ്, പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള തരം ബയോമെട്രിക് പഞ്ചിംഗ് സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുമോ;

(സി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിൽ എന്തെങ്കിലും തടസമുണ്ടോ;

(ഡി) ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എന്നത്തേക്ക് നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഹാജർ പരിശോധിക്കുന്നതിന് സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും, പഞ്ചായത്ത് പ്രസിഡന്റ്/നഗരസഭ ചെയർമാൻ/കോർപ്പറേഷൻ മേയർ എന്നിവർക്കും അധികാരമുണ്ട്. ഗ്രാമവികസന കമ്മീഷണറേറ്റിലും കോഴിക്കോട് കോർപ്പറേഷനിലും മലപ്പുറം, കാസർഗോഡ് എന്നീ നഗരസഭകളിലും ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം നിലവിലുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ ഹാജർ പുസ്തകം, ആകസ്മികാവധി രജിസ്റ്റർ എന്നിവയിലാണ് ഹാജർ/അവധി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നത്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) തടസ്സമില്ല.

(ഡി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## കാർഷിക മേഖലയുടെ വികസനത്തിന് മുപ്പത്തഞ്ചിന കർമ്മ പരിപാടി

12 (*732) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ സുഗമവും സുസ്ഥിരവുമായ വികസനത്തിന് മുപ്പത്തഞ്ചിന കർമ്മ പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ കാര്യങ്ങൾക്കാണ് പദ്ധതിയിൽ മുൻഗണന നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) ഉണ്ട്. 35 ഇന കർമ്മ പരിപാടിയിൽ കൃഷിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

1. മൂല്യവർദ്ധിത വ്യവസായങ്ങൾ
2. കാർഷിക വരുമാന ഉറപ്പ് പദ്ധതി
3. ജലസുരക്ഷാ ക്യാമ്പയിൻ
4. ഭക്ഷ്യസുരക്ഷ
5. ശുചിത്വ കേരളം
6. സാമൂഹ്യസുരക്ഷാ പെൻഷൻ.

(ബി)

1. മൂല്യവർദ്ധിത വ്യവസായങ്ങൾ: കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികളുടെ ആഭിമുഖ്യത്തിൽ നാളികേരം, റബ്ബർ, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശൃംഖലയ്ക്ക് രൂപം നൽകുക.

2. <u>കാർഷിക വരുമാന ഉറപ്പ് പദ്ധതി</u>: കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്ന പദ്ധതി ആരംഭിക്കുക, എല്ലാ പഞ്ചായത്തുകളിലും ലേബർ ബാങ്ക് സൃഷ്ടിക്കുക, കർഷക തൊഴിലാളികൾക്ക് ആധുനിക കൃഷി രീതിയിൽ പരിശീലനം നൽകുക.

3. <u>ജലസുരക്ഷാ ക്യാമ്പയിൻ</u>: ജലസുരക്ഷയ്ക്കുവേണ്ടി ഒരു ബൃഹത് ക്യാമ്പയിൻ, സമഗ്രമായ മണ്ണ് ജലസംരക്ഷണം എന്നിവ നടപ്പാക്കുക.

4. <u>ഭക്ഷ്യസുരക്ഷ</u>: പച്ചക്കറി, പാൽ, മുട്ട എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കുക.

5. <u>ശുചിത്വകേരളം</u> : ഉറവിട മാലിന്യ സംസ്കരണം സാദ്ധ്യമാക്കുക.

6. <u>സാമൂഹ്യസുരക്ഷാ പെൻഷൻ</u>: 2016 ജൂൺ 1 മുതൽ എല്ലാ പെൻഷനുകളും1000 രൂപയായി ഉയർത്തി.

(സി)

1. <u>മൂല്യവർദ്ധിത വ്യവസായങ്ങൾ</u> :

കേരളത്തിന്റെ പ്രമുഖ വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, ചക്ക, തേൻ എന്നിവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനം, വിപണനം എന്നിവ സാധ്യമാക്കുന്നതിന് 15 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതാണ്.

2. <u>കാർഷിക വരുമാനം ഉറപ്പുവരുത്തുന്ന പദ്ധതി</u> :

കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യകൃഷി, തേനീച്ച കൃഷി തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളെ പരസ്പര പൂരകങ്ങളായി സമന്വയിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്ന രീതിയിൽ സംയോജിത കൃഷി മാതൃകകൾ നടപ്പിലാക്കുന്നതാണ്. കാർഷിക പ്രവർത്തനങ്ങൾ യന്ത്രസഹായത്തോടെ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനായി വിദഗ്ദ്ധ തൊഴിലാളികൾ അടങ്ങുന്ന അഗ്രോസർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. ആധുനിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി ഇവരിൽ നിന്നും തെരഞ്ഞെടുക്കുന്നവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതും അത് ഉൾപ്പെടുത്തി അഗ്രോമെഷിനറി സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതുമാണ്.

3. ജലസുരക്ഷാ ക്യാമ്പയിൻ :

കൃഷി, ജലസേചനം, മണ്ണ് ജല-സംരക്ഷണം, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ വകുപ്പുകളുടെ സംയുക്താ ഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന "പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി" പ്രകാരം ജലാശയങ്ങളുടെ സംരക്ഷണം, മണ്ണ് ജലസംരക്ഷണം, മഴക്കുഴികൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ജില്ലാ ജലസേചന പ്ലാന്റിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

4. ഭക്ഷ്യസുരക്ഷ :

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്ന തിനായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, സ്കൂൾ പച്ചക്കറി കൃഷി, കർഷക ഗ്രൂപ്പുകൾ മുഖേനയുള്ള വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി എന്നിവ സുരക്ഷിത കാർഷികമുറകൾ പാലിച്ച് സമൂഹത്തിലെ എല്ലാത്തട്ടിലെയും ജനങ്ങളെ ഉൾപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടെ വിജയകരമായി നടപ്പിലാക്കി വരുന്നു.

5. ശുചിത്വ കേരളം:

മാലിന്യങ്ങളെ ഉറവിടത്തിൽത്തന്നെ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുന്നതിനായി മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, റൂറൽ കമ്പോസ്റ്റ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ എന്നിവയ്ക്ക് ധനസഹായം നൽകുന്നു. മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 75 ശതമാനം എന്ന തോതിൽ 7500 രൂപ വരെയും റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 75 ശതമാനം എന്ന തോതിൽ 5000 രൂപയും ജൈവകൃഷി പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നു.

ദേശീയ ബയോഗ്യാസ് വികസന പദ്ധതി പ്രകാരം ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് $1M^3$ ശേഷിയുള്ള യൂണിറ്റിന് 8000 രൂപയും $2M^3$ ശേഷിയുള്ള യൂണിറ്റിന് 9000 രൂപയും ധനസഹായം നൽകുന്നു.

6. സാമൂഹ്യസുരക്ഷാ പെൻഷൻ :

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം പ്രതിമാസം 600 രൂപ നിരക്കിൽ വിതരണം ചെയ്തുവന്നിരുന്ന കർഷക പെൻഷൻ 2016 ജൂൺ മാസം മുതൽ പ്രതിമാസം 1000 രൂപയായി ഉയർത്തി ഉത്തരവായിട്ടുണ്ട്.

## ക്ഷേമവികസന പ്രവർത്തനങ്ങളിൽ വേഗതയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് നടപടികൾ

13 (*733) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക തലത്തിലുള്ള ക്ഷേമവികസന പ്രവർത്തനങ്ങളിൽ വേഗതയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സാങ്കേതിക വിദ്യകളുടെ സാദ്ധ്യതകളാണ് ഇതിനായി പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ യഥാസമയം രൂപീകരിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ സമയക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനും പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകുന്ന ക്ഷേമവികസന പ്രവർത്തനങ്ങൾ വേഗത്തിൽ നടത്തുന്നതിനും ആയത് ഉറപ്പുവരുത്തുന്നതിനുമായി സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. ഓരോ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളും ആയത് എത്ര സമയത്തിനുള്ളിൽ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭിക്കുന്നതിനായി ജനന മരണ വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവ സംബന്ധിച്ച ജോലികൾ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾ നൽകുന്ന അപേക്ഷ കൃത്യമായി സ്വീകരിക്കുന്നതിനും സേവനം പ്രദാനം ചെയ്യുന്ന തീയതി രേഖപ്പെടുത്തി എല്ലാ അപേക്ഷകൾക്കും രസീത് നൽകുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ടോ എന്നും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും പെർഫോമൻസ് ഓഡിറ്റ് വിഭാഗം പീരിയോഡിക്കൽ പരിശോധന നടത്തി വീഴ്ചകൾ പരിഹരിച്ചുവരുന്നുണ്ട്. വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വേഗത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഐ.കെ.എം. തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ജില്ലാ കളക്ടർ കൺവീനറായും ഉള്ള സമിതി രൂപീകരിച്ചിട്ടുണ്ട്. മാസത്തിൽ ഒരു തവണ ബ്ലോക്ക്തലത്തിലും അവലോകനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പുതന്നെ പദ്ധതികൾ രൂപവൽക്കരിക്കുകയും സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്യുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനുവേണ്ടി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും റിവ്യൂ നടത്താറുണ്ട്. കൂടാതെ ഇ-ടെണ്ടറിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്.

(സി) വിവര സാങ്കേതിക വിദ്യയാണ് പ്രധാനമായും ഉപയോഗിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. ഐ.കെ.എം.-ന്റെ സഹായത്തോടെ പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം എന്നിവയ്ക്കായി സുലേഖ സോഫ്റ്റ്‌വെയർ പ്രകാരം പദ്ധതി രൂപീകരണം, അംഗീകാരം ലഭ്യമാക്കൽ, നിർവ്വഹണം, ചെലവ് പുരോഗതി തുടങ്ങിയവ ഓൺലൈനായി അതത് സമയം പരിശോധനാ വിധേയമാക്കാവുന്നതാണ്. അക്കൗണ്ടിംഗ്, ഫണ്ട് വിനിയോഗം എന്നിവ രേഖപ്പെടുത്തുന്നതിനായി സാംഖ്യാ സോഫ്റ്റ്‌വെയർ, ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്ഥാപന സോഫ്റ്റ്‌വെയർ, യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനായി സകർമ്മ സോഫ്റ്റ്‌വെയർ, ഭൂമിശാസ്ത്രപരമായ വിവരങ്ങൾക്കായി സചിത്ര സോഫ്റ്റ്‌വെയർ തുടങ്ങിയവ ഉപയോഗിക്കുന്നു. കൂടാതെ ഇ-ടെണ്ടറിംഗ് സംവിധാനം ഉപയുക്തമാക്കിയിട്ടുണ്ട്. മരാമത്ത് ജോലികളുടെ ഭാഗമായി പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിവരങ്ങളും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സഹായധനം കൈമാറുന്ന വിവരങ്ങളും അതാത് പദ്ധതികളുടെ വെബ്സൈറ്റിലേക്ക് ഓൺലൈനായി രേഖപ്പെടുത്തുന്നു.

**തലസ്ഥാന നഗരിയുടെ സുസ്ഥിര വികസനത്തിനായി പദ്ധതി**

14 (*734) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ബി. സത്യൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയുടെ സുസ്ഥിര വികസനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്മാർട്ട് സിറ്റി പദ്ധതിയിൽ തലസ്ഥാന നഗരിയെ ഉൾപ്പെടുത്താനായി സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ഉദ്യമങ്ങൾ എന്തൊക്കെയാണ്; വിശദമായ പദ്ധതി തയ്യാറാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് എന്താണെന്ന് അറിയിക്കുമോ;

(സി) സ്മാർട്ട് സിറ്റി പദ്ധതിയുടെ ലക്ഷ്യം എന്തെന്നും വികസന മേഖലകൾ ഏതൊക്കെയെന്നും അറിയിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഉണ്ട്. തലസ്ഥാന നഗര വികസന പദ്ധതിയുടെ ആദ്യഘട്ടത്തിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനായുള്ള പദ്ധതികൾ, പ്രധാന റോഡുകളുടെ വികസനം, ഈഞ്ചക്കലിൽ അന്തർ സംസ്ഥാന ബസ് ടെർമിനൽ നിർമ്മാണം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതുകൂടാതെ 12-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ള മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രോജക്ടുകളുടെ കൂട്ടത്തിൽപ്പെടുത്തി രണ്ടാംഘട്ട സി.ആർ.ഡി.പി. പദ്ധതിയിൽ പാർക്കിംഗ് ഇൻഫ്രാസ്ട്രക്ച്ചർ, പെഡസ്ട്രിയൽ സേഫ്റ്റി ഇൻഫ്രാസ്ട്രക്ച്ചർ, സിറ്റി റോഡുകൾ, ഔട്ടർ റിംഗ് റോഡുകൾ, ജംങ്ഷൻ എന്നിവയുടെ വികസനം എന്നിവയാണ് നടപ്പാക്കുന്നത്. പദ്ധതി എംപവേർഡ് കമ്മിറ്റി മുഖേനയാണ് നടപ്പാക്കിവരുന്നത്.

(ബി) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി ലഭ്യമാകുന്നതിനായി ഉദ്യോഗസ്ഥ തലത്തിലും ഭരണതലത്തിലും ക്രിയാത്മക ഇടപെടലുകൾ സർക്കാർ നടത്തിവരുന്നുണ്ട്. സ്മാർട്ട് സിറ്റി പദ്ധതികൾക്കായി സംസ്ഥാനതല ഉന്നതാധികാര സ്റ്റിയറിംഗ് കമ്മിറ്റി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റാണ് തിരുവനന്തപുരം കോർപ്പറേഷനെ സ്മാർട്ട് സിറ്റി പദ്ധതി നിർദ്ദേശം തയ്യാറാക്കാൻ സഹായിക്കുന്നത്. ഇതിനായി കൺസൾട്ടൻസിയെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി ലഭിക്കുന്നതിനായി ഒരു സ്മാർട്ട് സിറ്റി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതായുണ്ട്. അഖിലേന്ത്യാ തലത്തിൽ വിലയിരുത്തപ്പെടുന്ന ഈ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി അനുവദിക്കപ്പെടുക.

(സി) സ്മാർട്ട് സിറ്റി പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെടുന്ന നഗരങ്ങളിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, ശുദ്ധവും സുസ്ഥിരവുമായ പരിസ്ഥിതി, ആധുനിക വിവരസാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സ്മാർട്ട് സൊല്യൂഷൻസ്-സേവനങ്ങൾക്കും ഭൗതിക സൗകര്യങ്ങൾക്കും സ്മാർട്ട്സിറ്റിക്ക് അകത്തും പുറത്തും അനുകരിക്കാവുന്ന മാതൃകകൾ സൃഷ്ടിക്കുക, കൂടുതൽ സ്മാർട്ട് സിറ്റികൾ രൂപപ്പെടുത്താനുള്ള പ്രേരകമാക്കൽ എന്നിവയാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. മിഷൻ ഗൈഡ് ലൈനിൽ അനുശാസിക്കുന്ന രീതിക്ക് അനുസരിച്ച് തെരഞ്ഞെടുത്ത നഗരത്തിലെ ഏതെങ്കിലും ഒരു പ്രദേശത്തെ സമഗ്രമായ (24 സ്മാർട്ട് സിറ്റി സൂചകങ്ങൾ ഉൾപ്പെടുത്തി) വികസിപ്പിക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുകയും കൂടാതെ പൊതുവായി നഗരത്തിന്റെ കുറഞ്ഞത് ഒരു അടിസ്ഥാന സേവന മേഖലയെങ്കിലും സ്മാർട്ട് ടെക്നോളജി സൊല്യൂഷൻസ് ഉപയോഗിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്.

**നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കാൻ നടപടി**

15 (*735) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവുമൂലം നാൽപത് ലക്ഷത്തിലധികം വരുന്ന കേര കർഷകർക്കുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനായി സത്വര ഇടപെടലുണ്ടാകുമോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും സഹായം നേടിയെടുക്കാൻ ശ്രമമുണ്ടാകുമോ;

(ബി) വിവിധ സ്ഥലങ്ങളിൽ ഈ വർഷം തന്നെ സ്ഥാപിക്കുമെന്നു പ്രഖ്യാപിച്ചിട്ടുള്ള നാളികേര അഗ്രോ പാർക്കുകൾ നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നുണ്ടോ;

(സി) ഇവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) നാളികേരത്തിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി താങ്ങുവില നിശ്ചയിച്ച് പച്ചത്തേങ്ങ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 388 കൃഷി ഭവനുകൾ മുഖേന കിലോയ്ക്ക് 25 രൂപ നിരക്കിൽ കേരഫെഡിന്റെ സഹായത്തോടെ കർഷകരിൽ നിന്ന് നേരിട്ട് സംഭരിച്ചു വരുന്നു. 27 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൊപ്ര സംഭരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയും കൊപ്ര നാഫെഡ് വഴി സംഭരിക്കുന്നതിന് അംഗീകാരം ലഭിക്കുകയും ഉണ്ടായി. ഇതിനായി സംസ്ഥാനതല ഏജൻസികളായി കേര ഫെഡിനേയും മാർക്കറ്റ് ഫെഡിനേയും നിശ്ചയിച്ചിട്ടുണ്ട്.

(ബി&സി) മൂല്യ വർദ്ധിത കാർഷികോല്പന്നങ്ങൾക്ക് വേണ്ടിയുള്ള അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. നടപ്പുവർഷം തന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

**കൃഷിക്കുപയുക്തമായ ഭൂമിയുടെ വിനിയോഗം**

16 (*736) ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കുപയുക്തമായ ഭൂമിയുടെ പരമാവധി വിനിയോഗം ഉറപ്പാക്കുന്ന കാര്യത്തിൽ കൃഷി ഭവനുകൾ വഹിക്കുന്ന പങ്ക് വിശദമാക്കുമോ;

(ബി) തരിശായിക്കിടക്കുന്നതോ, പൂർണ്ണമായി ഉപയോഗപ്പെടുത്താത്തതോ ആയ ഭൂമി കരാറടിസ്ഥാനത്തിൽ ഏറ്റെടുത്തു കൃഷി ചെയ്യുന്നതിനുള്ള പദ്ധതി കൃഷി ഭവൻ തലത്തിൽ നടപ്പാക്കുന്നുണ്ടോ; എങ്കിൽ അത്തരം ഭൂമിയെ സംബന്ധിച്ച വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ;

(സി) സംസ്ഥാനത്തൊട്ടാകെ അത്തരത്തിലുള്ള എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ട്; ഈ പദ്ധതിയിൻകീഴിൽ കരാറടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുത്ത് കൃഷി ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം നല്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് കൃഷിയോഗ്യമായ ഭൂമി മാപ്പിംഗിലൂടെ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൃഷി ഭവൻ തലത്തിൽ പരമാവധി വിനിയോഗം ഉറപ്പാക്കുന്നതിലേക്ക് വിവിധതരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം സംസ്ഥാനത്ത് കൃഷി യോഗ്യമായ ഭൂമി കൃഷി ഭവൻ തലത്തിൽ കണ്ടെത്തി പരമാവധി വിനിയോഗിക്കുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്തെ കൃഷി യോഗ്യമായ ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും തരിശുനിലങ്ങൾ മാപ്പിംഗ് നടത്തുന്നതിനുമായി കെ.എസ്.ആർ.ഇ.സി.-യുടെ സഹകരണത്തോടെയുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം ഇതിലേക്കായി 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിനുപുറമേ തരിശ് കിടക്കുന്ന നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തരിശുനിലം കൃഷി യോഗ്യമാക്കി മാറ്റുന്നതിന് പച്ചക്കറി കൃഷി വികസന പദ്ധതിയിൻകീഴിൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. പച്ചക്കറി വികസന പദ്ധതിപ്രകാരം തരിശുനിലത്തിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30000 രൂപയാണ് ധനസഹായം നൽകുന്നത്. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25000 രൂപയുമാണ് നൽകുന്നത്. കൃഷി ചെയ്യാതെ തരിശായിക്കിടക്കുന്ന ഭൂമി കൃഷി യോഗ്യമാക്കി മാറ്റി അതുവഴി കൂടുതൽ തരിശുഭൂമി കൃഷി യോഗ്യമാക്കുവാനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തുകളാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം.

(സി) 2016-17 വർഷം തരിശായിക്കിടക്കുന്ന നെൽവയലുകളിൽ പരമാവധി നെൽകൃഷി നടപ്പിലാക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1054.77 ഹെക്ടർ സ്ഥലത്ത് തരിശുകൃഷി ആരംഭിക്കുകയും 1321.17 ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഈ വർഷം തന്നെ കൃഷി ആരംഭിക്കുന്നവിധം സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. നിലവിൽ കരാർ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുത്ത് നെൽകൃഷി ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മ്യൂസിയങ്ങളുടെ നവീകരണം

17 (*737) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മ്യൂസിയങ്ങളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിവരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) മ്യൂസിയങ്ങളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്:

1. തിരുവനന്തപുരം മ്യൂസിയം മൃഗശാലാ വകുപ്പിലെ നേപ്പിയർ മ്യൂസിയം കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി നവീകരിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ നവീകരണ പ്രവർത്തനങ്ങൾക്കായി പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

2. തിരുവനന്തപുരം നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയം നവീകരിക്കുന്നതിന്റെ ഭാഗമായി നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയത്തിലെ പ്രദർശന വസ്തുക്കൾ മറ്റ് വിദേശരാജ്യങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള 3 ഡി അനിമേഷൻ രീതിയിൽ പ്രദർശിപ്പിച്ച് പൊതുജനങ്ങൾക്കും കുട്ടികൾക്കും കണ്ട് മനസ്സിലാക്കുന്നതിനും ആസ്വദിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും ആവശ്യമായ ഡൈമോറ ഡിസ്പ്ലേ ആർട്ട് വർക്കിന് 1,94,65,441/- (ഒരു കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി നാന്നൂറ്റി നാല്പത്തൊന്ന് രൂപ) രൂപയ്ക്കും ടി മ്യൂസിയത്തിൽ കലാധിഷ്ഠിത രൂപത്തിലും വാസ്തുശൈലിയിലും തീർത്ത മനോഹരമായ വിധത്തിൽ

വുഡ് പാനലിംഗ്, ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, കെട്ടിടത്തിന്റെ ഡിസൈൻ മാറ്റുന്നതിനും ബാരിക്കേഡുകൾ മറ്റ് അനുബന്ധ രീതിയിലുള്ള സിവിൽ വർക്കുകൾ എന്നിവയ്ക്കുമായി 2,37,06,339 (രണ്ടുകോടി മുപ്പത്തിയേഴ് ലക്ഷത്തി ആറായിരത്തി മുന്നൂറ്റി മുപ്പത്തിയൊൻപത് രൂപ) രൂപയ്ക്കും 8-9-2016 തീയതിയിലെ G.O.(Rt) No.301/2016/CAD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

3. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃപ്പൂണിത്തുറ ഹിൽപ്പാലസ്, പുരാവസ്തു മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ "Setting up, promotion and strengthening of Regional and Local Museums" എന്ന പദ്ധതി പ്രകാരം 13,79,02,000 (പതിമൂന്ന് കോടി എഴുപത്തിയൊമ്പത് ലക്ഷത്തി രണ്ടായിരം രൂപ) രൂപയുടെ നവീകരണ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതി ചെലവിന്റെ പരമാവധി 80 ശതമാനം കേന്ദ്രവും ബാക്കി സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്.

(ബി&സി) ഉണ്ട്. മ്യൂസിയം മൃഗശാല, വകുപ്പിന്റെ കീഴിൽ പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ കുങ്കിച്ചിറ ദേശത്ത് പുതിയ ഹെറിറ്റേജ് മ്യൂസിയത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ചന്തപ്പുരയിൽ ഒരു പുതിയ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ കയ്യൂരിൽ സ്വാതന്ത്ര്യസമര സേനാനികളുടെ സ്മരണകൾ നിലനിർത്തുന്നതിനായി ഒരു ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ ജില്ലകളിലും ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയം സ്ഥാപിക്കുക എന്ന പദ്ധതിപ്രകാരം പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം, എന്നീ എട്ട് ജില്ലകളിൽ മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയം ഒഴിച്ചുള്ള ഏഴ് ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെയും സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## കാർഷികമേഖലയുടെ നവീകരണത്തിന് കർമ്മ പരിപാടികൾ

18 (*738) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ നവീകരണത്തിന് എന്തെല്ലാം കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ആരെയൊക്കെയാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) ഭരണതലത്തിൽ എന്തെല്ലാം മാറ്റങ്ങളും നവീകരണങ്ങളുമാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) കാർഷിക മേഖലയുടെ നവീകരണത്തിന് 'ഹരിതകേരളം' എന്ന പേരിൽ ഒരു കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി വകുപ്പും മറ്റനുബന്ധ വകുപ്പുകളും ചേർന്ന് നടപ്പിലാക്കുന്ന പ്രസ്തുത പരിപാടിയുടെ പ്രധാന ഘടകങ്ങൾ ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നിവയാണ്. 'ഹരിതകേരളം' പദ്ധതി പ്രകാരം കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ 'സുജലം സുഫലം' എന്ന പേരിൽ അയൽക്കൂട്ടം തലത്തിൽ തയ്യാറാക്കുന്ന പദ്ധതി വിവിധ ഉയർന്ന തലങ്ങളിൽ ക്രോഡീകരിച്ച് ജില്ലാതല പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. മിഷൻ മാതൃകയിൽ നടപ്പാക്കുന്ന പദ്ധതിയിൽ ഓരോ വിളയ്ക്കും അനുയോജ്യമായ പ്രത്യേക കാർഷിക മേഖലയുടെ രൂപീകരണം, ശാസ്ത്രീയ കൃഷി രീതിയിലൂടെയും മെച്ചപ്പെട്ട വിപണന മൂല്യ വർദ്ധന സൗകര്യങ്ങളിലൂടെ വർദ്ധിപ്പിച്ച ഉല്പാദനവും കർഷകന് മികച്ച വരുമാനവും ജൈവകൃഷിയിലൂടെയും നല്ല കാർഷിക മുറയിലൂടെയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം, കൃഷിക്കായുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, യന്ത്രവത്കരണത്തിന്റെ വ്യാപനം, ഗാർഹിക മാലിന്യങ്ങളുടെ പുനഃ ചംക്രമണത്തിലൂടെ കൃഷിക്കുപയോഗിക്കൽ, കാർഷിക വിപണനത്തിന് പ്രത്യേക പോർട്ടൽ രൂപം നൽകൽ എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. 'സുജലം സുഫലം' പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ താഴെചേർക്കുന്നു:

1. മാലിന്യസംസ്കരണം
2. നീർത്തടാധിഷ്ഠിത വികസനം
3. ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുജ്ജീവനവും
4. ശാസ്ത്രീയമായ ജലസംരക്ഷണ, ഭൂസംരക്ഷണ പദ്ധതികൾ നടപ്പാക്കുക
5. നെൽകൃഷി വികസനം
6. ജൈവ പച്ചക്കറി വികസനം
7. തെങ്ങുകൃഷി
8. പൂകൃഷി
9. യന്ത്രവൽക്കരണം
10. സംയോജിത കൃഷി
11. ആധുനിക കൃഷി രീതി പ്രോത്സാഹനം
12. പട്ടികവർഗ്ഗ ഊരുകളിൽ കൃഷി
13. ശാസ്ത്രീയമായ വിള ആരോഗ്യ പരിപാലനം വിപണനം
14. വിപണനം
15. അഗ്രോ പാർക്കുകളും അഗ്രി ബിസിനസ് കമ്പനിയും.

മേൽപ്പറഞ്ഞ പദ്ധതികൾ കർഷക കൂട്ടായ്മയിലൂടെ നടപ്പിലാക്കി കർഷകനെ കാർഷിക സംരംഭകനായി ഉയർത്തി സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനാണ് ലക്ഷ്യമിടുന്നത്.

(ബി) അയൽക്കൂട്ടങ്ങൾ, വാർഡ് തലം മുതൽ ജില്ലാ തലം വരെയുള്ള ജനപ്രതിനിധികൾ, കൃഷി അനുബന്ധ മേഖലകളിൽ നിന്നും വിരമിച്ച സാങ്കേതിക ഉദ്യോഗസ്ഥർ, മികച്ച കർഷകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, സന്നദ്ധ പ്രവർത്തകർ, കർഷക കൂട്ടായ്മകൾ എന്നിങ്ങനെ സമൂഹത്തിലെ എല്ലാത്തട്ടിലുമുള്ള ജനവിഭാഗങ്ങളുടെ സേവനം പദ്ധതിക്കായി സംയോജിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഹരിത കേരളം പദ്ധതിക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഹരിതകേരളം മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ജില്ലാ കൃഷി മിഷനും രൂപീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ നിരക്കുകളിൽ വർദ്ധനവ്

19 (*739) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ നിരക്കുകളിൽ വർദ്ധനവു വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നിരക്ക വർദ്ധന അനിവാര്യമാക്കുന്ന സാഹചര്യങ്ങൾ വിശദമാക്കുമോ;

(ബി) നിരക്കുകൾ വർദ്ധിപ്പിക്കുന്നതു മുഖേന കെ.എസ്.ആർ.ടി.സി.-യെ ലാഭവും നഷ്ടവുമില്ലാത്ത സ്ഥിതിയിലെങ്കിലും എത്തിക്കാനാവുമെന്ന കരുതുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) ഇപ്പോൾ ഈ കാര്യത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല.

(ബി) ഈ സാഹചര്യത്തിൽ വിശദാംശം പരിശോധിച്ചിട്ടില്ല.

## തുറമുഖങ്ങളുടെ റെയിൽ റോഡ് കണക്ടിവിറ്റി വികസിപ്പിക്കുന്നതിന് പദ്ധതികൾ

20 (*740) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ റെയിൽ റോഡ് കണക്റ്റിവിറ്റി വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) തുറമുഖങ്ങളിൽ നിന്നും ദേശീയപാതയിലേക്കും റെയിൽവേ സ്റ്റേഷനുകളിലേക്കും റോഡുകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) കൊടുങ്ങല്ലൂർ പോർട്ടിന്റെ ദേശീയപാത 17 ലേക്കുള്ള കണക്റ്റിവിറ്റി, വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റോഡിന്റെ വീതി കൂട്ടുന്നതിനുള്ള നടപടി എന്നിവ സ്വീകരിച്ചുവരുന്നു.

(ബി) ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ദേശീയപാത 17-മായി ബന്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പൊന്നാനി പോർട്ടിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്നതിന് കർമ്മ റോഡ് പി.ഡബ്ല്യൂ.ഡി. നിർമ്മിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്തേക്കുള്ള റോഡിന്റെ വീതി കൂട്ടൽ പുരോഗമിക്കുന്നു.

(സി) നിലവിൽ കേന്ദ്രസഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. അഴീക്കൽ പോർട്ടിലേക്കുള്ള റോഡ് സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് അറിവായിട്ടുണ്ട്. എന്നാൽ ഇതുവരെ ഇതുസംബന്ധിച്ച ഉത്തരവ് ലഭിച്ചിട്ടില്ല.

## ഹൈ ബീം മാഗ്നിഫയിംഗ് എൽ.ഇ.ഡി. ഹെഡ്‌ലൈറ്റുകൾ

21 (*741) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിരത്തിലിറങ്ങുന്ന പുതിയതരം വാഹനങ്ങളിൽ ഹൈ ബീം മാഗ്നിഫയിംഗ് എൽ.ഇ.ഡി. ഹെഡ് ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഹെഡ് ലൈറ്റുകൾ ഉപയോഗിക്കാൻ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മോട്ടോർ വാഹന നിയമത്തിൽ അനുവദിക്കുന്നില്ലായെങ്കിൽ അത്തരം ലൈറ്റുകൾ നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ലൈറ്റുകളുടെ ശക്തമായ വെളിച്ചം എതിരേ വരുന്ന വാഹനത്തിന്റെ ഡ്രൈവറുടെ കണ്ണിൽ പതിച്ച് അപകട സാധ്യത കൂട്ടുന്നത് സംബന്ധിച്ച് പഠനം നടത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) വാഹനങ്ങളുടെ ഹെഡ് ലൈറ്റുകളുടെ അനുവദനീയമായ തീവ്രത നിജപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിജപ്പെടുത്തുമോ; തീവ്രത പരിശോധിക്കുവാൻ നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വ്യവസ്ഥയില്ല.

(സി) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ലൈറ്റുകളുടെ ശക്തമായ വെളിച്ചം എതിരെ വരുന്ന വാഹനത്തിന്റെ ഡ്രൈവറുടെ കണ്ണിൽ പതിക്കുന്നത് അപകടസാധ്യത വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതുകൊണ്ട് തന്നെ ഈ വിഷയത്തിൽ പഠനത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(ഇ) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 138(5) പ്രകാരം ഹെഡ്‌ലൈറ്റിൽ ഉപയോഗിക്കേണ്ട ഹാലജൻ ബൾബുകൾ എങ്ങനെയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തീവ്രത പരിശോധിക്കുന്നതിനായി ലെക്സിമീറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി

22 (*742) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പാദന രംഗത്തെ ഏറ്റവും അത്യന്താപേക്ഷിതവും അടിസ്ഥാനപരവുമായ ഘടകങ്ങളായ ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ തുടങ്ങിയവയുടെ വിപണിയിലുള്ള അപര്യാപ്തത ഉല്പാദനക്ഷമതയ്ക്ക് വെല്ലുവിളി ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇവയുടെ ലഭ്യത വിപണിയിൽ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കൃഷി ഫാമുകൾ നവീകരിച്ച് ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചാരണ കേന്ദ്രങ്ങളാക്കി മാറ്റുമോ;

(ഡി) സംസ്ഥാനത്തെ കൃഷി ഫാമുകളിൽ ഗ്രീൻഹൗസ്, ജലസേചന സൗകര്യങ്ങൾ, ടിഷ്യൂകൾച്ചർ യൂണിറ്റ്, വിത്ത് ശേഖരണം, വിത്ത് സംസ്കരണം തുടങ്ങിയവ നടപ്പിലാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) ഇല്ല. കൃഷി വകുപ്പിന്റെ ഫാമുകൾ വഴി ഗുണനിലവാരമുള്ള നടീൽ വസ്തുക്കളും വിത്തുകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK), കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി (KSSDA) എന്നീ സ്ഥാപനങ്ങൾ വഴിയും കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (CPCRI) കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്ര (CTCRI) മുതലായ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ വഴിയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(ബി) ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 20 കോടിയുടെ പദ്ധതി പ്രവർത്തനങ്ങളാണ് 2016-17 വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ടിഷ്യൂ കൾച്ചർ ലാബുകൾ, ടിഷ്യൂകൾച്ചർ ഹാർഡനിംഗ്, പോളി ഹൗസുകൾ, മറ്റ് ഹൈടെക് ഫാമിംഗ് ടെക്നിക്കുകൾ വഴി ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലും കോളേജുകളിലും വിത്ത് നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കൃഷി വകുപ്പിലെ സാധ്യമായ ഫാമുകളിൽ ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. കേരള കാർഷിക സർവ്വകലാശാലയുടെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ (വെള്ളാനിക്കര, മണ്ണുത്തി, തവനൂർ, ആനക്കയം, അമ്പലവയൽ) ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ ഗവേഷണവും പ്രചരണവും നടത്തിവരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ കൃഷി ഫാമുകളിൽ ഗ്രീൻ ഹൗസ്, ജലസേചന സൗകര്യങ്ങൾ, ടിഷ്യൂ കൾച്ചർ യൂണിറ്റ്, വിത്തു ശേഖരണം, വിത്തു സംസ്കരണം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## നാഷണൽ റൂറൽ ലൈവിലിഹുഡ് മിഷൻ

23 (*743) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) നാഷണൽ റൂറൽ ലൈവിലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം.) പദ്ധതി പ്രകാരം എന്തൊക്കെ പരിപാടികളാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും മാലിന്യ സംസ്കരണം ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) എല്ലാവർക്കും ഭവനം നൽകുന്നതിനായി സർക്കാർ സമ്പൂർണ്ണ പാർപ്പിട പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അടുത്ത അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉയർന്ന ജീവിത സൗകര്യവും ജീവനോപാധിയും ഉറപ്പാക്കുന്നതാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി.

പദ്ധതിയുടെ ഗുണഭോക്താക്കളെ നാല് തരത്തിലാണ് കണ്ടെത്തുന്നത്.

(എ) ഭൂമിയുള്ള ഭവന രഹിതർ

(ബി) ഭാഗികമായി ഭവനം പൂർത്തിയാക്കിയവർ/താമസ യോഗ്യമല്ലാത്ത ഭവനമുള്ളവർ

(സി) പുറമ്പോക്ക്, തീരദേശ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിൽ താൽക്കാലിക ഭവനമുള്ളവർ

(ഡി) ഭൂമിയില്ലാത്ത ഭവനരഹിതർ

പ്ലാനിംഗ് ബോർഡിന്റെ 2015-ലെ റിപ്പോർട്ട് അനുസരിച്ച് ആകെ 4.32 ലക്ഷം ഭവന രഹിതർ ഉള്ളതായി കാണുന്നു. ഇതിൽ 1.58 ലക്ഷം പേർ ഭൂരഹിത-ഭവനരഹിതരാണ്. 64 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഏറ്റവും കൂടുതൽ ഭവന രഹിതർ(50 ശതമാനം ഗുണഭോക്താക്കൾ) (5 കോർപ്പറേഷൻ, 16 മുനിസിപ്പാലിറ്റി, 43 പഞ്ചായത്ത്) ഉള്ളതായി കണക്കാക്കുന്നത്. 87000 ഭവനം പൂർത്തിയാക്കി നൽകാനായാൽ 533 പഞ്ചായത്ത്, 7 മുനിസിപ്പാലിറ്റി എന്നിവ ഭവന രഹിതരില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി മാറുന്നതാണ്. നിലവിലുള്ള വിവിധ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം), വിവിധ വകുപ്പുകളായ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നിവ നടപ്പാക്കുന്ന വിവിധ ഭവന പദ്ധതികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതാണ്. പ്രസ്തുത പദ്ധതിയുടെ സംയോജനത്തിൽ കൂടി നടപ്പിലാക്കാൻ കഴിയാത്ത അധിക ആവശ്യകതയ്ക്ക് സംസ്ഥാന സർക്കാർ അധിക ധനസഹായം നൽകി പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി സംസ്ഥാനതല പാർപ്പിട മിഷൻ അദ്ധ്യക്ഷനായും ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാതല പാർപ്പിട മിഷൻ അദ്ധ്യക്ഷനായും ഉള്ള സമിതിയാണ് പദ്ധതിയുടെ മേൽനോട്ട ചുമതല. കൂടാതെ വിവിധ വകുപ്പുകൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ കുടുംബശ്രീ/സന്നദ്ധ സംഘടനകൾ/സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയേയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കേരളത്തിലെ പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയാണ് കുടുംബശ്രീ. ദരിദ്രരായ ഗ്രാമീണ ജനതയെ സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സംഘടിപ്പിച്ച് (അയൽക്കൂട്ടങ്ങളും ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളും കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളും) ദരിദ്രരായ കുടുംബങ്ങളുടെ വരുമാന വർദ്ധവനവ് ലക്ഷ്യം വച്ചുകൊണ്ട് ഉപജീവന മാർഗങ്ങളും സാമ്പത്തിക

സാഹചര്യങ്ങളും നൽകുക എന്നതാണ് എൻ.ആർ.എൽ.എം.-ന്റെ ലക്ഷ്യം. സ്ത്രീകളെ സംഘടിപ്പിച്ച് അയൽക്കൂട്ടങ്ങൾ സ്ഥാപിക്കുക, അവർക്കാവശ്യമായ പരിശീലനം നൽകുക, സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരെ കൈപിടിച്ചുയർത്തുക, ഉപജീവന ഉപാധികൾക്കായി സാമ്പത്തിക സഹായവും പരിശീലനവും നൽകുക എന്നിവയാണ് എൻ.ആർ.എൽ.എം.-ന്റെ പ്രധാന പ്രവർത്തനങ്ങൾ. 2016-17 കാലഘട്ടത്തിൽ എൻ.ആർ.എൽ.എം. പദ്ധതികൾക്കായി 11.48 കോടി രൂപയും പൈലറ്റ് പദ്ധതികൾക്കായി 8.00 കോടി രൂപയുമാണ് കുടുംബശ്രീക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. എൻ.ആർ.എൽ.എം.-ന്റെ കീഴിൽ ഉപമിഷനായ എം.കെ.എസ്.പി. മുഖേന 34.05 കോടി രൂപയും, ഡി.ഡി.യു.ജി.കെ.വൈ. മുഖേന 60.00 കോടി രൂപയും കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. എൻ.ആർ.എൽ.എം.-ന്റെ ഉപമിഷനായ എം.കെ.എസ്.പി.-യിലൂടെ കാർഷിക മേഖലയിൽ സ്ത്രീകൾക്ക് ഉപജീവനം ലഭ്യമാക്കുന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതിലൂടെ കുടുംബശ്രീയിലുള്ള 1,50,000 സ്ത്രീകൾക്ക് 30,000 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ച് സഹായം നൽകുവാനാണ് ലക്ഷ്യമിടുന്നത്.

(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും മാലിന്യസംസ്കരണം ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്താനും കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുന്നതിനും ബൃഹത്തായ "ഹരിതകേരളം' പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി മിഷൻ മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തത്തോടെ ഏറ്റെടുത്ത് ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാനും അനുകൂലമനോഭാവവും ജീവിതരീതിയും ഓരോ വ്യക്തിയിലും കുടുംബത്തിലും സ്ഥാപനത്തിലും സാമൂഹിക ജീവിതത്തിലും ഉറപ്പുവരുത്താനുമാണ് ഉദ്ദേശിക്കുന്നത്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി വീടുകൾ തോറും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ശുചിത്വ മിഷന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

## കാർഷിക തൊഴിൽമേഖല ആകർഷകമാക്കുന്നതിന് കർമ്മ പദ്ധതി

24 (*744) ശ്രീ. അനിൽ അക്കര :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക തൊഴിൽമേഖല കൂടുതൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അഗ്രോസെന്ററുകളുടെ പ്രവർത്തനം ഇതിനുവേണ്ടി എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ&ബി) കാർഷിക തൊഴിൽ മേഖല കൂടുതൽ ആകർഷകമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു:

അഗ്രോ സർവ്വീസ് സെന്ററുകളുടെ സ്ഥാപനം:

കാർഷിക കർമ്മസേനയെ ശക്തിപ്പെടുത്തുന്നതിനായി കാർഷിക കർമ്മ സേനകളെയും അഗ്രോ സർവ്വീസ് സെന്ററുകളെയും ഏകോപിപ്പിച്ച് ആധുനിക കൃഷിരീതിയിലും കാർഷിക യന്ത്രസംവിധാനത്തിലും പരിശീലനം സിദ്ധിച്ച കാർഷിക കർമ്മസേനയെ സംസ്ഥാന വ്യാപകമാക്കുക. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാനമായി നടപ്പിലാക്കുന്നത്.

(സി) നടപ്പുസാമ്പത്തിക വർഷം അഗ്രോസർവ്വീസ് സെന്ററുകൾക്കായി 31 കോടി രൂപയും കാർഷിക കർമ്മസേനകൾക്ക് ധനസഹായമായി 4 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## സൂപ്പർക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ്

25 (*745) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ ക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് അനുവദിക്കേണ്ടതില്ല എന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുശേഷം ഇത്തരം റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ സ്വകാര്യ ബസുകൾക്ക് സൂപ്പർക്ലാസ് പെർമിറ്റിന്റെ കാലാവധി അവസാനിച്ചാൽ അത് പുതുക്കി നൽകേണ്ടതില്ലെന്ന് ഹൈക്കോടതി വിധി നിലനിൽക്കേ അപ്രകാരം ചെയ്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.-യുടെ ബസ് സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരം സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയ നടപടി റദ്ദാക്കുവാനും ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസുകൾ ആരംഭിക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ&ബി) മോട്ടോർ വാഹന നിയമത്തിലോ ചട്ടത്തിലോ സൂപ്പർക്ലാസ് റൂട്ടുകൾ എന്ന് വിവക്ഷയില്ല. എന്നാൽ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് എന്നീ സർവ്വീസുകൾ സൂപ്പർക്ലാസ് സർവ്വീസുകൾ എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സ.ഉ.(പി) നമ്പർ 73/2013/ഗതാ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിനെതിരെ സ്വകാര്യ ബസ്സുടമകൾ ഫയൽ ചെയ്ത WP(c) No.21722/13 തുടങ്ങിയ വിവിധ റിട്ട് പെറ്റീഷനുകളിലെ 17-3-2014-ൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരം ടി ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി ശരിവയ്ക്കുകയുണ്ടായി. എന്നാൽ 20-8-2015-ലെ സ.ഉ.(പി) 45/2015/ഗതാ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സർവ്വീസുകൾ നടത്തിവന്നിരുന്ന സ്വകാര്യ ബസ്സുകൾ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകളായി തുടരുവാൻ അനുവദിക്കുകയുണ്ടായി.

(സി) സ്വകാര്യ ബസ്സുകൾക്ക് സൂപ്പർക്ലാസ് പെർമിറ്റുകൾ പുതുക്കി നൽകുന്നില്ല. എന്നാൽ 20-8-2015 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (എംഎസ്.)നമ്പർ 45/2015/ഗതാ പ്രകാരം സ്വകാര്യ ബസ്സുകളുടെ സൂപ്പർ ക്ലാസ് പെർമിറ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസിനുള്ള പെർമിറ്റാണ് നൽകിയിട്ടുള്ളത്. നിരവധി സ്വകാര്യ സൂപ്പർ ക്ലാസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തതോടെ ടി മേഖലയിലെ ജീവനക്കാർ പലരും തൊഴിൽരഹിതരും ബസ് ഉടമകൾ വലിയ സാമ്പത്തിക ബാദ്ധ്യതയിലുമായി. കൂടാതെ ചില പ്രദേശങ്ങളിൽ ഉണ്ടായിരുന്ന യാത്രാസൗകര്യം ഇല്ലാതായത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് സർക്കാർ ഇത്തരം തീരുമാനം എടുത്തത്.

(ഡി) ഉണ്ട്.

(ഇ) സ്വകാര്യ ബസ്സുകൾക്ക് സൂപ്പർക്ലാസ് പെർമിറ്റുകൾ പുതുക്കി നൽകുന്നില്ല.

## മാലിന്യം കുറയ്ക്കുന്നതിനും പ്രകൃതി സൗഹൃദ സാമഗ്രികൾ ഉപയോഗിക്കുന്നതിനും കർമ്മപദ്ധതി

26 (*746) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യം കുറയ്ക്കുന്നതിനും പ്രകൃതി സൗഹൃദ സാമഗ്രികൾ ഉപയോഗിക്കുന്നതിനും പ്രചാരം നൽകാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഗ്രീൻ ഇവന്റുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഗ്രീൻ ഇവന്റുകൾ ആരാണ് സംഘടിപ്പിക്കുന്നത്; വിവരിക്കുമോ;

(ഡി) ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിന് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) മാലിന്യ ഉത്പാദനത്തിന്റെ തോത് കുറയ്ക്കുന്നതിന്റെ ഭാഗമായി ശുചിത്വ മിഷന്റെ പിൻതുണയോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് "ഗ്രീൻ പ്രോട്ടോകോൾ" പ്ലാസ്റ്റിക്കും പേപ്പറും ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ സാമഗ്രികളുടെ ഉപയോഗം കർശനമായി തടയുകയും പകരം പ്രകൃതി സൗഹൃദ സാമഗ്രികൾ ഉപയോഗിക്കുന്നതിനുവേണ്ടി ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യുക എന്നതാണ് കാമ്പയിനിന്റെ ലക്ഷ്യം. സംസ്ഥാനത്തെ പ്രധാന ആഘോഷങ്ങളും ഉത്സവങ്ങളും സർക്കാർ-സർക്കാരിതര പരിപാടികളും (ഉദാ. ആറ്റുകാൽ പൊങ്കാല, സംസ്ഥാന സ്കൂൾ യുവജനോത്സവം, ദേശീയ ഗെയിംസ് 2015, ദേശീയ സ്കൂൾ കായികമേള തുടങ്ങിയവ) ഇത്തരത്തിൽ വിജയകരമായി ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കി വിജയം കണ്ടിട്ടുള്ളതാണ്. ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ കമ്പോസ്റ്റ് ചെയ്യുന്നതിനും അജൈവമാലിന്യം തരം തിരിച്ച് വൃത്തിയാക്കി പുനഃചംക്രമണത്തിനായി കൈമാറുന്നതിനുമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. മാലിന്യം കുറയ്ക്കുന്നതിനും പ്രകൃതി സൗഹൃദവസ്തുക്കൾ ഉപയോഗിക്കുന്നതിനുമുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) മുകളിൽ സൂചിപ്പിച്ചപ്രകാരം തുടർന്നും ഇത്തരം ഗ്രീൻ ഇവന്റുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ശുചിത്വ മിഷന്റെ സാങ്കേതികമായ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അതത് സ്ഥാപനങ്ങൾ തന്നെയാണ് ഗ്രീൻ ഇവന്റുകൾ സംഘടിപ്പിക്കുന്നത്.

(ഡി) വിവിധ സന്നദ്ധസംഘടനകളുടെയും സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെയും സ്കൂൾ, കോളേജുതല സംഘടനകളായ എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി., ഭാരത് സ്കൗട്ട് & ഗൈഡ്സ്, നെഹ്റു യുവകേന്ദ്ര, യൂത്ത് വെൽഫെയർ ബോർഡ് തുടങ്ങിയ സംഘടനകളുടെയും സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

## കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഡിജിറ്റലൈസ് ചെയ്യുന്നതിന് പദ്ധതി

27 (*747) ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഡിജിറ്റലൈസ് ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ;

(ബി) അയൽക്കൂട്ടങ്ങളുടെ നിക്ഷേപ-വായ്പാ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ നേട്ടങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത്; പദ്ധതി നടപ്പാക്കുന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതി കുടുംബശ്രീ ഇനിയും രൂപീകരിച്ചിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ നബാർഡുമായി സഹകരിച്ച് അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, സമ്പാദ്യം, വായ്പ, അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തുവരുന്നുണ്ട്. ഇതിലൂടെ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും സുതാര്യമാക്കാനും മെച്ചപ്പെടുത്താനുമാണ് ലക്ഷ്യമിടുന്നത്. കൂടാതെ അയൽക്കൂട്ടങ്ങളും ധനകാര്യ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബാങ്കുകളുടെ സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും ഇതിലൂടെ സാധ്യമാകുന്നു.

(ബി) അയൽക്കൂട്ടങ്ങളിലെ നിക്ഷേപ-വായ്പ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ മാന്വൽ ബുക്ക് കീപ്പിംഗിലുള്ള തെറ്റുകൾ ഒഴിവാക്കുവാനും അയൽക്കൂട്ടത്തിന് ഗ്രേഡിംഗ് പ്രക്രിയ ലളിതമാക്കാനും സഹായിക്കും. ബാങ്കുകളുടെ സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും ഇതിലൂടെ സാധ്യമാകുന്നു.

(സി) ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ (നബാർഡ്) മൈക്രോ ക്രെഡിറ്റ് & ഇന്നവേഷൻ വിഭാഗം മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിൽ മൊത്തം 22 ജില്ലകളിലെ അയൽക്കൂട്ടങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിൽ ഒന്ന് കേരളത്തിലെ കാസർഗോഡ് ജില്ലയാണ്.

## കംഫർട്ട് സ്റ്റേഷനുകൾ

28 (*748) ശ്രീ. കെ. രാജൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറിയ തുക നൽകി പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കാനുതകുന്ന, കൃത്യമായി പരിപാലിക്കപ്പെടുന്ന കംഫർട്ട് സ്റ്റേഷനുകൾ നഗരങ്ങളിൽ നിർമ്മിക്കുന്നതിനും അവ എവിടെയൊക്കെയുണ്ടെന്ന് അറിയിക്കുന്ന സൂചനാ ബോർഡുകൾ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും നടപടിയെടുക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

ചെറിയ തുക നൽകി പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കാനുതകുന്ന, കൃത്യമായി പരിപാലിക്കപ്പെടുന്ന കംഫർട്ട് സ്റ്റേഷനുകൾ പ്രധാന നഗരങ്ങളിൽ സ്ഥാപിക്കുന്നതിന് നഗരസഭാതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കംഫർട്ട് സ്റ്റേഷനുകളോടനുബന്ധിച്ച് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കംഫർട്ട് സ്റ്റേഷനുകൾ എവിടെയൊക്കെയാണെന്ന് അറിയുന്ന സൂചനാ ബോർഡുകൾ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാര്യം ബന്ധപ്പെട്ട നഗരസഭാ കൗൺസിലുകൾക്ക് തീരുമാനിക്കാവുന്നതാണ്.

## ആസിയാൻ കരാർമൂലം കാർഷികമേഖലയ്ക്ക് വന്ന തിരിച്ചടികളെക്കുറിച്ച് പഠനം

29 (*749) ശ്രീ. കെ. വി. വിജയദാസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസിയാൻ കരാർമൂലം കേരളത്തിലെ നാണ്യവിളകൾക്കും പൊതുവെ കാർഷിക മേഖലയ്ക്കും വന്നു ചേർന്നിട്ടുള്ള തിരിച്ചടികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ഇടപെടുന്നതിന്റെ ഭാഗമായി ഇക്കാര്യത്തിൽ സമഗ്രമായ പഠനം സമയ ബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ&ബി) ആസിയാൻ കരാർ കാർഷിക മേഖലയെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ച് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായി (സി.ഡി.എസ്.) സഹകരിച്ച് കൃഷി വകുപ്പിന്റെ കീഴിലുള്ള ഡബ്ല്യു.റ്റി.ഒ. സെൽ ഒരു പഠനം നടത്തിയിട്ടുണ്ട്. ആസിയാൻ രാജ്യങ്ങളിലും കേരളത്തിലും സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയും കൃഷിരീതികളും ഉള്ളതിനാൽ നമ്മുടെ നാണ്യവിളകളിൽ പലതും ഈ രാജ്യങ്ങളിലും കൃഷി ചെയ്തുവരുന്നു. ഈ വിളകളുടെ ഉത്പാദനം കേരളത്തെ അപേക്ഷിച്ച് ആസിയാൻ രാജ്യങ്ങളിൽ കൂടുതലാണ്. കൂടാതെ ഉത്പാദനച്ചെലവും ഉപഭോഗവും കുറവുമാണ്. പ്രസ്തുത കരാറുകൾ കാരണം ആസിയാൻ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് കാർഷിക ഉല്പന്നങ്ങൾ കുറഞ്ഞ തീരുവയിൽ ഇറക്കുമതി ചെയ്യപ്പെടുന്നു. അങ്ങനെയുള്ള ഇറക്കുമതി റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളെ ദോഷകരമായി ബാധിക്കുന്നു. പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**തുറമുഖങ്ങളിൽ വലിയ ചരക്കുകപ്പലുകൾ വരാനുള്ള സൗകര്യം**

30 (*750) ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളിൽ വലിയ ചരക്കു കപ്പലുകൾ വരാനുള്ള സൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്നതരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലുള്ള വിഴിഞ്ഞം തുറമുഖത്ത് ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് 40 അടി കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മുതലായ ഉപകരണങ്ങളും എം.ടി. മലബാർ എന്ന ടഗ്ഗും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 40 അടി കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, നാല് ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം.എസ്. തുടങ്ങിയ സൗകര്യങ്ങളും എം.ടി. കേരള, എം.ടി. ചാലിയാർ, എം.ടി. സാമൂതിരി മുതലായ ടഗ്ഗുകളുടെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് 40 അടി കണ്ടെയ്നർ ഹാൻസ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വി.ടി.എം.എസ്., വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾക്കുപുറമേ എം.ടി. അഴീക്കൽ എന്ന ടഗ്ഗിന്റെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ.

സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം ആരംഭിച്ചു. അഴീക്കൽ തുറമുഖ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ കട്ടർസക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്തെ ആഴം വർദ്ധിപ്പിക്കുന്നതിനായിരിക്കും ഈ ഡ്രഡ്ജർ ആദ്യം ഉപയോഗിക്കുന്നത്. കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ ഡ്രഡ്ജിംഗിനായുള്ള ടെണ്ടർ നടപടികൾ കേരളാ സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു മണ്ണുമാന്തി കപ്പൽ വാങ്ങി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ, വിഴിഞ്ഞം എന്നിവിടങ്ങളിൽ മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള ഭരണാനുമതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ കൊല്ലം, ബേപ്പൂർ എന്നിവിടങ്ങളിൽ ഒന്നാംഘട്ട ഡ്രഡ്ജിംഗ് പൂർത്തിയായി. മറ്റ് തുറമുഖങ്ങളിൽ ഡ്രഡ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖങ്ങളിലെ ഡ്രഡ്ജിംഗ് നടത്തുന്നതിന് 200 ക്യൂബിക് മീറ്റർ പ്രതി മണിക്കൂർ ശേഷിയുള്ള ഡ്രഡ്ജർ നവംബർ പകുതിയോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആലപ്പുഴ, അഴീക്കൽ തുറമുഖവികസനം സംബന്ധിച്ച പദ്ധതികൾ കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റ് തുറമുഖങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്രസഹായം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൃഷിപാഠം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

1 (6075) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കൃഷിപാഠം' പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി യോജിച്ച് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൃഷി അടുത്ത അധ്യായ വർഷം മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കത്ത് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സിലബസ്സും കരിക്കുലവും തയ്യാറാക്കുന്ന നടപടികൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

### എസ്.എച്ച്.എം. പദ്ധതിപ്രകാരം മാവിൻതൈ വിതരണം

2 (6076) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എച്ച്.എം. പദ്ധതി പ്രകാരം 2010 മുതൽ മാവിൻതൈ വിതരണം നടത്തുന്നതിനായി കൃഷി വകുപ്പിൽ മാവിൻ തൈകൾ വാങ്ങിയത് ഏതെല്ലാം ഏജൻസികൾ വഴിയാണെന്നും ഒരു തൈയ്ക്ക് എത്ര രൂപാ വീതം ചെലവായി എന്നും വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും ഈയിനത്തിലുണ്ടായ ചെലവ് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം മാവിൻതൈ വാങ്ങിയതിന് ഒരു തൈയ്ക്ക് എത്ര രൂപ വീതം ചെലവായി?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകർക്ക് വിതരണം ചെയ്യുന്നതിനായി മാവിൻതൈകൾ വാങ്ങിയിട്ടില്ല.

## കൃഷി വകുപ്പ് മുഖേന ഗ്രീൻ ഹൗസ് നിർമ്മാണം

3 (6077) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പ് മുഖേന ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

കൃഷി വകുപ്പ് മുഖേന 75 ശതമാനം ധനസഹായത്തോടുകൂടി പോളി ഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് കൃഷി പദ്ധതിപ്രകാരം 400 മുതൽ 4000 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ചെലവായ ച.മീറ്ററിന് 935 രൂപയുടെ 75 ശതമാനം തുകയായ 701.25 രൂപ കർഷകർക്ക് ധനസഹായമായി നൽകുന്നു. ഇതിൽ 50 ശതമാനം ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്. 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം സമതലപ്രദേശങ്ങളിലും ഇടുക്കി, വയനാട് ജില്ലകൾ ഉൾപ്പെടുന്ന മലയോര പ്രദേശങ്ങളിലും വ്യത്യസ്തമായ നിരക്കുകളിൽ ധനസഹായം അനുവദിച്ചുവരുന്നു. സമതല പ്രദേശങ്ങളിൽ 400-500 ച.മീറ്റർ, 501-1008 ച.മീ, 1009-2080 ച.മീ 2081-4000 ച.മീ. എന്നീ വിസ്തീർണ്ണമുള്ള പോളിഹൗസുകൾക്ക് യഥാക്രമം ച.മീറ്ററിന് 1060 രൂപ, 935 രൂപ, 890 രൂപ, 844 രൂപ എന്ന നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 75 ശതമാനം ധനസഹായം നൽകിവരുന്നു. കൂടാതെ മലയോര പ്രദേശങ്ങളിൽ 400-500 ച.മീ, 201-1008 ച.മീ, 1009-2080 ച.മീ. 2081-4000 ച.മീ. എന്നീ വിസ്തീർണ്ണമുള്ള പോളിഹൗസുകൾക്ക് യഥാക്രമം ച.മീറ്ററിന് 1219 രൂപ, 1075.25 രൂപ, 1023.50 രൂപ, 970 രൂപ എന്ന നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 75 ശതമാനം ധനസഹായം നൽകിവരുന്നു.

## കൃഷി വകുപ്പിലെ ഒഴിവുകൾ

4 (6078) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ കൃഷി വകുപ്പിന് കീഴിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ എത്രയെന്നും മുൻസർക്കാരിന്റെ കാലയളവിൽ മറ്റ് വകുപ്പുകളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയവർ എത്രയെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ; ഈ സർക്കാർ വന്നശേഷം നിലവിലുള്ള ഒഴിവുകൾ, നൽകിയ ഡെപ്യൂട്ടേഷനുകൾ എന്നിവ എത്രയാണെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) കൃഷി ആഫീസർ തുടങ്ങി ഡയറക്ടർ വരെ എത്ര തസ്തികകളിൽ ഒഴിവുണ്ടെന്നും ഈ തസ്തികകളിൽ എപ്പോൾ നിയമനം നടത്തുമെന്നും വ്യക്തമാക്കുമോ;

(സി) വകുപ്പിൽ ഡെപ്യൂട്ടേഷന് അനുവദനീയമായ കാലാവധി നിലവിൽ എത്രയെന്നും 10 വർഷത്തിൽ കൂടുതൽ കാലം ഡെപ്യൂട്ടേഷനിൽ തുടരുന്നവർ എത്രയെന്നും ചട്ടങ്ങൾ മറികടന്ന് ഡെപ്യൂട്ടേഷൻ നൽകാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; ഇത്തരം നിയമ വിരുദ്ധ നടപടി പരിശോധിച്ച്, ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞിട്ടും മറ്റ് വകുപ്പുകളിൽ തുടരുന്ന ഉദ്യോഗസ്ഥരെ മാതൃവകുപ്പിൽ തിരികെ കൊണ്ടുവരാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കൃഷി ഭവനുകളിൽ ആരംഭിച്ച ഓണ മാർക്കറ്റ് തുടരുവാൻ നടപടി

5 (6079) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയിരത്തി ഒരുന്നൂറോളം കൃഷി ഭവനുകളിൽ ഈ ഓണക്കാലത്ത് ആരംഭിച്ച ഓണ മാർക്കറ്റ് തുടരുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൃഷിയ്ക്ക് ആവശ്യമായ വിത്തുകളും മറ്റ് തൈകളും ലഭ്യമാക്കുന്ന ഇത്തരം മാർക്കറ്റുകൾ എല്ലാ കൃഷി ഭവനുകളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കൃഷി ഭവനുകളിലെ ഈ മാർക്കറ്റുകൾ ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഓണക്കാലത്ത് താൽക്കാലികമായി ആരംഭിച്ച വില്പനശാലകൾ തുടർന്നും പ്രവർത്തിപ്പിക്കുന്നതിന് ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകളിൽ ആരംഭിച്ച എ ഗ്രേഡ് ക്ലസ്റ്റർ വിപണി, എക്കോ ഷോപ്പുകൾ എന്നിവ മുഖേന കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറി വിപണത്തിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ VFPCK, HORTICORP എന്നിവയുടെ വിപണികളും വിൽപ്പനശാലകളും തുടർന്നും പ്രവർത്തിക്കുന്നുണ്ട്.

**കൃഷി വകുപ്പിൽ സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് പരിശോധന**

6 (6080) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് പരിശോധന നടത്താറുണ്ടോ;

(ബി) സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് പരിശോധന നടത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത പരിശോധന കൃത്യമായി നടത്താത്ത ഓഫീസുകൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പരിശോധന നടത്തുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് സർക്കാർ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ, വാങ്ങുന്ന സാധനങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും വിനിയോഗിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തൽ എന്നിവയാണ് പരിശോധനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി&ഡി) സമയബന്ധിതമായി സ്റ്റോക്ക് പരിശോധന നടത്താറുണ്ട്. എന്നാൽ പ്രസ്തുത പരിശോധനയിൽ വീഴ്ച വരുത്തിയതായി ബോദ്ധ്യപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

## കൃഷി ആദായകരമാക്കി മാറ്റുന്നതിനുള്ള നടപടികൾ

7 (6081) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ആദായകരമല്ലാതായി തീർന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി കൃഷിയിൽ നിന്നുള്ള ലാഭം കർഷകന് നേരിട്ട് ലഭ്യമാകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിയിലേക്ക് കൂടുതൽ ജനവിഭാഗങ്ങളെ ആകർഷിക്കുന്നതിനും, കൃഷിയെ അന്തസ്സുള്ള തൊഴിൽ മേഖലയാക്കി മാറ്റുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ഇ) കർഷകരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കൃഷി ആദായകരമല്ലാതായി തീർന്നതിന്റെ കാരണങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയാണ്:

1. കൃഷിക്കാവശ്യമായ വിത്തു മുതൽ വിവിധ വസ്തുക്കളുടെ വില വർദ്ധന.
2. കാർഷികോത്പന്നങ്ങളുടെ വിലയിടിവ്.
3. വിവിധ കീടരോഗബാധകൾ, മറ്റ് കാരണങ്ങളാൽ ഉണ്ടാകുന്ന ഉത്പാദന കുറവ്.
4. കർഷക തൊഴിലാളികളുടെ വർദ്ധിച്ച കൂലിയും രൂക്ഷമായ തൊഴിലാളി ക്ഷാമവും.
5. ശാസ്ത്രീയ കൃഷി മുറകൾ പാലിക്കുന്നതിലുള്ള വീഴ്ച

6. വിവിധ അന്താരാഷ്ട്രകരാറുകൾമൂലം മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ ഇറക്കുമതി കാരണം ഉണ്ടാകുന്ന വിലയിടിവ്.

7. കാർഷികമേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങളുടെ കുറവ്.

8. പ്രകൃതിക്ഷോഭം മൂലമുള്ള വിളനഷ്ടം.

(ബി) വിലയിടിവ് സംഭവിച്ചിട്ടുള്ള വിളകൾക്ക് താങ്ങുവില നിശ്ചയിച്ച് കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് ന്യായമായ വില കർഷകന് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓണം പോലുള്ള ഉത്സവാവസരങ്ങളിൽ സർക്കാർ ഏജൻസികൾ വിപണിയിൽ ഇടപെട്ട് കർഷകരിൽ നിന്നും പച്ചക്കറി പോലുള്ള ഉത്പന്നങ്ങൾ നേരിട്ട് മികച്ച വില നൽകി സംഭരിച്ച് ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് നൽകി വരുന്നു. അഗ്രോപാർക്കുകൾ ആരംഭിക്കുന്നതോടെ കർഷകരുടെ ഈ പ്രശ്നം പരിഹരിക്കുന്നതാണ്.

(സി) കാർഷിക മേഖലയിലേക്ക് കൂടുതൽ ജനവിഭാഗങ്ങളെ ആകർഷിക്കുന്നതിന് കൃഷിയിൽ നിന്നും കൂടുതൽ വരുമാനം ലഭ്യമാകുന്നതരത്തിൽ ഹൈടെക് കൃഷി പദ്ധതികൾ, മൂല്യവർദ്ധനവ്, യന്ത്രവത്കരണം എന്നിവ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പോളിഹൗസ്, സൂക്ഷ്മ-ജലസേചന കൃഷി രീതി, കൃത്യതാകൃഷി രീതികൾ എന്നിവ നടപ്പിലാക്കി വരുന്നു. ഇവയ്ക്ക് പുറമേ കേരളത്തിലെ പ്രധാന വിളകളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വിവിധ ജില്ലകളിൽ വിള അധിഷ്ഠിതമായ അഗ്രോപാർക്കുകൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. കാർഷിക യന്ത്രവത്കരണം വ്യാപകമാക്കുവാൻ അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയിലൂടെ കൃഷിപ്പണികൾ യന്ത്രങ്ങളുടെ സഹായത്തോടെ ശാസ്ത്രീയ കൃഷി രീതിയിൽ സമയബന്ധിതമായി വിദഗ്ദ്ധ തൊഴിലാളികൾ ചെയ്തു കൊടുക്കുന്നു. 60 വയസ് പൂർത്തിയായ കർഷകർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ കർഷക പെൻഷൻ നൽകിവരുന്നു.

(ഡി) കാർഷികമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ധനസഹായം നൽകിവരുന്നു.

2. രാസവളം/ജൈവവളം, കീടനാശിനികൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ, മണ്ണ് പരിശോധനാലാബുകൾ, അഗ്മാർക്ക് ലാബുകൾ, വിത്ത് പരിശോധനാ ലാബുകൾ ജൈവിക നിയന്ത്രണോപാധികൾ (ട്രോക്കോഡർമ്മ, സ്യൂഡോമോണസ്, ട്രൈക്കോക്കാർഡ്) മുതലായവ ഉത്പാദിപ്പിക്കുന്ന സംസ്ഥാന ബയോകൺട്രോൾ ലാബ് തുടങ്ങി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള 44 ലാബുകളുടെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തുന്നതിന് എല്ലാ സാമ്പത്തിക വർഷവും പ്രത്യേക പരിഗണന നൽകി വരുന്നു.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ, 5 പ്രാദേശിക വിപണികൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 'വിപണി വികസനം' പദ്ധതിയിൻ കീഴിൽ ധനസഹായം നൽകിവരുന്നു.

4. കൃഷി ഉദ്യോഗസ്ഥർക്കും കർഷകർക്കും കാർഷിക വിഷയങ്ങളിൽ പരിശീലനം നൽകി, മാനവശേഷി വികസിപ്പിക്കുന്നതിന് വകുപ്പിൻ കീഴിലുള്ള 7 പരിശീലന കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ 'കാർഷിക വിജ്ഞാനവ്യാപനം പദ്ധതി'യിൻ കീഴിലുള്ള ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടത്തുന്നു.

5. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് ഇതിനായുള്ള സംസ്ഥാനാവിഷ്കൃത പദ്ധതി ഉപയോഗിച്ചും SFAC (Small Farmers Agri Business Consortium) മുഖേനയും ചെറുകിട ഇടത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

6. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) Rural Infrastructure Development Fund (RIDF) പദ്ധതികൾ പ്രകാരം പ്രധാനമായും കൃഷി, ജലസേചനം എന്നിവയ്ക്ക് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

(ഇ) തയ്യാറാക്കുന്നതാണ്. കർഷകക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല.

## കേരള അഗ്രിക്കൾച്ചർ മാർക്കറ്റ് പ്രോജക്ട്

8 (6082) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള അഗ്രിക്കൾച്ചർ മാർക്കറ്റ് പ്രോജക്ട് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ;

(സി) കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള സമഗ്ര ഇടപെടലിന് ഇത് എത്രമാത്രം ഗുണകരമാകുമെന്നാണ് കരുതുന്നത്;

(ഡി) പ്രസ്തുത പ്രോജക്ടിനായി എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരു ത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. കേരള അഗ്രിക്കൾച്ചർ മാർക്കറ്റ് പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയും പ്രകാരമാണ് :

(1) കാർഷിക വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

(2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ലേലമാർക്കറ്റുകൾ സജ്ജമാക്കുക.

(3) സർട്ടിഫിക്കേഷൻ, ഗ്രേഡിംഗ് ഓൺ ലൈൻ വിപണനം, ഫാം ഫ്രെഷ് ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കുള്ള മികച്ച സംവിധാനം സൃഷ്ടിക്കുക.

(4) സർക്കാരിന്റെ അധീനതയിലുള്ള മൊത്ത വ്യാപാര വിപണികൾ പുനരുദ്ധരിക്കുക.

(5) സംഘമൈത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

(6) വിപണനത്തിനാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.

(7) വിപണി നിരീക്ഷണ സംവിധാനം കാര്യക്ഷമമാക്കുക.

(8) മാനവശേഷി സഹായത്തോടെ മാർക്കറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തുക.

(9) മാർക്കറ്റ് ഡേറ്റാ ബേസ് വികസിപ്പിച്ചെടുക്കുക.

(10) നല്ല കൃഷി സമ്പ്രദായങ്ങളും പി.ജി.എസ്. സർട്ടിഫിക്കേഷനും പ്രോത്സാഹിപ്പിക്കുക.

(11) കൃഷിക്കാർക്ക് ആവശ്യമുള്ള മുഴുവൻ കാര്യങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതോടൊപ്പം മുഴുവൻ ഉല്പന്നങ്ങളും വിൽക്കുവാനും കഴിയുന്ന സംവിധാനം ഒരുക്കൽ.

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണന സൗകര്യം ലഭ്യമാക്കുന്നതുവഴി ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കുന്നതിന് സഹായമാകും. കൂടാതെ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി ഉൽപ്പാദനപ്രക്രിയ ക്രമപ്പെടുത്തി കൃഷി ആദായകരമായ ഒരു വൃത്തിയാക്കി മാറ്റുവാൻ സാധിക്കുന്നതാണ്.

(ഡി) പ്രസ്തുത പ്രോജക്ടിന് നടപ്പ് സാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ തുക എസ്.ഡി.ജി. (Supplementary Demand for Grant) വഴി കണ്ടെത്താവുന്നതാണ്.

## വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ

9 (6083) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) എത്ര ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും അറിയിക്കുമോ;

(സി) പദ്ധതി പൂർത്തിയാകുന്നതോടെ മണ്ഡലത്തിലെ നെൽകൃഷി മേഖലയിൽ കൈവരിക്കാനാവുന്ന നേട്ടങ്ങൾ വിശദമാക്കുമോ;

(ഡി) ഏത് ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ചെറിയാണ്ടി കുന്നുമ്മൽ, കാക്കുനി പാടശേഖരം - 99.45 ലക്ഷം

   പമ്പ് ഹൗസിനും ടില്ലർ ബണ്ടിനും ആവശ്യമായ സ്ഥലം വിട്ടു കിട്ടാത്തത് കാരണം പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല.

2. കുറിച്ചകം, പാവുള്ളാട്ടുവയൽ, കുഴിവയൽ പാടശേഖരം 99.9 ലക്ഷം

   കുറിച്ചകം, കുഴിവയൽ പാടശേഖരങ്ങളിലെ 90 ശതമാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. പാവുള്ളാട്ടുവയൽ കാപ്പ് (കുളം) നവീകരണത്തിന് സ്ഥലം ഉടമസ്ഥതാ തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകുന്നതിനായി 50.00 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

3. നാരായണി നട, വച്ചാൽ നട, തീക്കുനി പാടശേഖരം 152.28 ലക്ഷം

   പ്രവൃത്തി സ്ഥലത്ത് വെള്ളക്കെട്ട് ഒഴിവാക്കാനാകാത്ത അവസ്ഥയാണ്. മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ടും വേനൽക്കാലം കുറ്റ്യാടി കനാൽ തുറക്കുന്നതും കാരണം വെള്ളം കയറുകയും ചെയ്യുന്നു. ആയതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. ജനുവരി മാസം ആരംഭിച്ച് മേയ് മാസത്തോടെ പൂർത്തീകരിക്കാവുന്ന രീതിയിൽ പ്രവൃത്തി നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

4. പെരുവയൽ പാടശേഖരം - 160.8 ലക്ഷം

   പമ്പ് ഹൗസുകളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടിയിട്ടില്ല. തോട്ടുകോവുമ്മൽ -മൂഴിക്കൽ തോടിന്റെ അതിർത്തി തർക്കവുമായി കോടതിയിൽ കേസ് നില നിൽക്കുന്നുണ്ട്. പഞ്ചായത്ത് ഭാരവാഹികളുടെ മധ്യസ്ഥതയിൽ പ്രശ്ന പരിഹാരം ഉണ്ടാക്കിയപ്പോഴേക്കും മഴക്കാലം തുടങ്ങിയത് കാരണം പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല. നവംബർ അവസാനത്തോടെ പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

5. <u>തെയ്യാട്ടുതാഴെ, ശാന്തിനഗർ, ചെറുകുന്ന് പാടശേഖരം - 132.5 ലക്ഷം</u>

ശാന്തിനഗർ ചെറുകുന്ന് പ്രവൃത്തി പൂർണ്ണമായും തെയ്യാട്ടുതാഴെ പാടശേഖര പ്രവൃത്തി 85 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പാർട്ട് ബിൽ അനുവദിക്കുകയും രണ്ടാമത്തെ പാർട്ട് ബിൽ നൽകുന്നതിനായി 45.00 ലക്ഷം രൂപ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

6. <u>ഊരത്ത് വടയം പാടശേഖരം (കുറ്റ്യാടി പഞ്ചായത്ത്) - 196.73 ലക്ഷം</u>

പ്രവൃത്തി ആരംഭിച്ചപ്പോൾത്തന്നെ ഒരു വിഭാഗം നാട്ടുകാർ പ്രവൃത്തി തടയുകയും തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിരവധി തവണ കൂടിയാലോചനകൾ നടത്തിയെങ്കിലും പ്രവൃത്തി പുനരാരംഭിക്കാൻ സാധിച്ചിട്ടില്ല. കരാറുടമ്പടി വച്ച് 16 മാസമായിട്ടും സ്ഥലം വിട്ടുകിട്ടാത്തതിനാലും കരാറുടമ്പടി തീരാൻ ഇനി രണ്ടുമാസം മാത്രമേ ഉള്ളൂ എന്നതിനാലും പ്രവൃത്തി ഇനി ഏറ്റെടുത്തു പൂർത്തിയാക്കാൻ സാധിക്കില്ലെന്ന് കോൺട്രാക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) 378 ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പാക്കുന്നത്. എസ്റ്റിമേറ്റ് തുക 841.66 ലക്ഷം.

(സി) പദ്ധതിപ്രകാരമുള്ള വികസന പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ നിലവിൽ നെൽകൃഷി ചെയ്യാൻ കഴിയാത്ത നിലങ്ങൾ കൃഷിക്കുപയുക്തമാക്കാനും ഒരുപ്പൂകൃഷി നിലങ്ങൾ ഇരുപ്പൂ ആക്കി മാറ്റുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജലവിനിയോഗം കാര്യക്ഷമമാക്കുകയും യന്ത്രവൽക്കരണം ഉൾപ്പെടെ ശാസ്ത്രീയ മുറകൾ അനുവർത്തിക്കുകയും ചെയ്യുകവഴി ഈ പ്രദേശത്ത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിക്കും. ഏകദേശം 640 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ കഴിയുന്നതോടൊപ്പം തെങ്ങ്, പച്ചക്കറി, വാഴ തുടങ്ങിയ വിളകൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും കൂടാതെ മൃഗസംരക്ഷണ-ക്ഷീര മേഖലയിലും ഉണർവുണ്ടാക്കുന്നതിന് ഈ പദ്ധതി സഹായകരമായിരിക്കും.

(ഡി) നബാർഡിന്റെ സഹായത്തോടെ (ആർ.ഐ.ഡി.എഫ്.) കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗമാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. 2017 മേയ് മാസത്തോടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### എൻ.പി. ലൂസിയുടെ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ

10 (6084) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി കൃഷി ഓഫീസിൽ നിന്നും 2013-ൽ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസറായി വിരമിച്ച എൻ.പി. ലൂസി ടിയാളുടെ ഭർത്താവ് ജേക്കബിന്റെ കിഡ്നി ഓപ്പറേഷന് ചെലവായ തുകയുടെ റീ-ഇംബേഴ്സ്മെന്റിനായി 2012-ൽ സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ തുക ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രീമതി എൻ. പി. ലൂസിയുടെ ഭർത്താവ് കെ. വി ജേക്കബിന് 4-5-2013 മുതൽ 31-5-2013 വരെ കിഡ്നി സംബന്ധമായ ചികിത്സയ്ക്ക് എറണാകുളം ലൂർദ്ദ് ആശുപത്രിയിൽ ചെലവായ തുക റീ-ഇംബേഴ്സ് ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ ശിപാർശയോടുകൂടി 22-7-2014-ലെ AAII(3)17245/14 നമ്പർ കത്ത് പ്രകാരം 11-8-2014-ലാണ് സർക്കാരിൽ ലഭ്യമായത്. പ്രസ്തുത അപേക്ഷ അപൂർണ്ണമായിരുന്നു. റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും പ്രസ്തുത രേഖകൾ 18-10-2016-ൽ കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

### മുഞ്ഞ ബാധ കാരണമുള്ള നെൽകൃഷി നാശം

11 (6085) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മുഞ്ഞ ബാധിച്ച് ഹെക്ടർ കണക്കിന് നെൽകൃഷി നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കുട്ടനാട്ടിൽ ഏകദേശം 400 ഹെക്ടർ നെൽകൃഷി മുഞ്ഞ ബാധയിൽ നശിച്ച കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) നെൽകൃഷിയെ ഇപ്രകാരം മുഞ്ഞ ബാധിക്കാനിടയായ സാഹചര്യം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മുഞ്ഞബാധയെ തടഞ്ഞ് നെൽകൃഷിയെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കുട്ടനാട്ടിൽ രണ്ടാം കൃഷി ഇറക്കിയ പാടശേഖരങ്ങളിൽ ഏകദേശം 395 ഹെക്ടർ സ്ഥലത്തെ നെൽകൃഷി മുഞ്ഞ ബാധിച്ച് നശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി നഷ്ടമുണ്ടായ വിസ്തൃതി കൃത്യമായി കണക്കാക്കാൻ മുഞ്ഞ ബാധിച്ച എല്ലാ പാടശേഖരങ്ങളിലും ഏരിയൽ സർവ്വേ നടത്തിയിട്ടുണ്ട്. ഇതുവഴിയുള്ള വിവര ശേഖരണം അന്തിമഘട്ടത്തിലാണ്.

(സി) കാലാവസ്ഥാ ഘടകങ്ങളിലെ വ്യതിയാനം മുഞ്ഞബാധ വ്യാപിക്കുന്നതിന് അനുയോജ്യമായതാണ് മുഞ്ഞബാധ വർദ്ധിക്കുന്നതിന് കാരണമായതെന്നാണ് മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രത്തിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആഗസ്റ്റ് അവസാനം സെപ്റ്റംബർ ആദ്യം അനുഭവപ്പെടാറുള്ള മഴ കുറഞ്ഞതും പകൽ-രാത്രി താപനിലകൾ തമ്മിലുള്ള കൂടിയ വ്യതിയാനവും തുടർന്നും നിലനിന്നത് കീടബാധ വർദ്ധിക്കുന്നതിന് കാരണമായി. ഇതിനോടൊപ്പം മുഞ്ഞയുടെ സ്വാഭാവിക നിയന്ത്രണം സാധ്യമാക്കുന്ന മിത്രകീടങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞതും മുഞ്ഞയുടെ ഏകപക്ഷീയമായ വംശവർദ്ധനവിന് ഇടയാക്കി. എങ്കിലും കൃത്യമായ കൃഷിയിട സർവ്വേയിലൂടെ കീടസാന്നിധ്യം മുൻകൂട്ടി തിരിച്ചറിഞ്ഞതിനാൽ കൂടുതലിടങ്ങളിലേക്ക് കീടബാധ വ്യാപിപ്പിക്കാതെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) കൃത്യമായ കൃഷിയിട നിരീക്ഷണത്തിലൂടെ കീടരോഗ സാന്നിധ്യങ്ങൾ ആദ്യമേ നിർണ്ണയിക്കുക, അനാവശ്യമായ കീടനാശിനി പ്രയോഗത്തിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനാവശ്യമായ സമഗ്രമായ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുക, ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള 'നല്ല കൃഷി മുറകൾ' നടപ്പിലാക്കുക, മറ്റ് പരിസ്ഥിതി സൗഹൃദ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നിവ വഴി കീടബാധ നിയന്ത്രിക്കുന്നതിനും വിളനഷ്ടം ഒഴിവാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ തുടരുന്നതാണ്.

**നിറവ് പദ്ധതി**

12 (6086) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന നിറവ് പദ്ധതിയുടെ കായംകുളം മണ്ഡലത്തിലെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

2016-17 -ലെ വാർഷിക പദ്ധതി രേഖയിൽ 'നിറവ്' പദ്ധതി ഉൾപ്പെട്ടിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾ ആലപ്പുഴ ജില്ലാ കൃഷി ഓഫീസർ മുഖേന കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു.

## അഗ്രോ പാർക്ക്

13 (6087) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി എത്ര അഗ്രോ പാർക്കുകളാണ് സ്ഥാപിക്കുന്നതെന്നും ആയത് ഏതൊക്കെ വിളകളെ അടിസ്ഥാനമാക്കി എവിടെയൊക്കെയാണ് ആരംഭിക്കുന്ന തെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ പ്രധാന കൃഷിയായ അടയ്ക്ക ഉൽപാദനവുമായി ബന്ധപ്പെട്ട് ഒരു അഗ്രോ പാർക്ക് ജില്ലയിൽ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ഏഴ് വിളകളെ അടിസ്ഥാനപ്പെടുത്തി താഴെ കാണുന്ന 15 അഗ്രോപാർക്കുകൾ വരും വർഷങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്:

1. നാളികേര അഗ്രോപാർക്കുകൾ - തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ
2. നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ - പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകൾ
3. തേനും വാഴപ്പഴവും ആസ്പദമാക്കിയ അഗ്രോപാർക്ക് - തൃശ്ശൂർ ജില്ല
4. സ്പൈസസ് പാർക്കുകൾ - ഇടുക്കി, വയനാട് ജില്ലകളിൽ
5. റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ - കോട്ടയം, പത്തനംതിട്ട ജില്ലകളിൽ
6. ചക്കയ്ക്ക് വേണ്ടിയുള്ള അഗ്രോപാർക്ക് - തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച്
7. പച്ചക്കറി മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ അഗ്രോപാർക്ക് - ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ
8. പാലക്കാട് മുതലമടയിൽ മാംഗോ അധിഷ്ഠിത അഗ്രോപാർക്ക് :

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**അഗ്രോ പാർക്കുകൾ**

14 (6088) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന അഗ്രോ പാർക്കുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാർക്കുകൾ വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമായി ഒരു പൈനാപ്പിൾ അധിഷ്ഠിത അഗ്രോ പാർക്ക് മൂവാറ്റുപുഴ കേന്ദ്രമാക്കി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)

1. നാളികേര അഗ്രോപാർക്കുകൾ - തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ
2. നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ - പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകൾ
3. തേനും വാഴപ്പഴവും ആസ്പദമാക്കിയ അഗ്രോപാർക്ക് - തൃശ്ശൂർ ജില്ല
4. സ്പൈസസ് പാർക്കുകൾ - ഇടുക്കി, വയനാട് ജില്ലകളിൽ
5. റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ - കോട്ടയം, പത്തനംതിട്ട ജില്ലകളിൽ
6. ചക്കയ്ക്ക് വേണ്ടിയുള്ള അഗ്രോപാർക്ക് - തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച്
7. പച്ചക്കറി മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ അഗ്രോപാർക്ക് - ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ
8. ഇതിനു പുറമേ മാങ്ങ അധിഷ്ഠിതമായ അഗ്രോപാർക്ക് മുതലമടയിൽ

(ബി) കർഷക കൂട്ടായ്മകൾ, സ്വകാര്യ സംരംഭകർ, സർക്കാർ ഏജൻസികൾ മുതലായവരുടെ ആഭിമുഖ്യത്തിൽ കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ അഗ്രോപാർക്കുകളിൽ ലഭ്യമാകും. 2 തരത്തിലുള്ള സേവനങ്ങളാണ് പ്രധാനമായും ഇവിടെ ലഭ്യമാകുക.

(a) സംരംഭകർക്ക് അവർ തെരഞ്ഞെടുത്ത വ്യവസായത്തെക്കുറിച്ച് പ്രായോഗിക പരിശീലനം നേടുന്നതിനുള്ള സൗകര്യം.

(b) കാർഷിക ഉത്പന്നങ്ങൾ അഗ്രോപാർക്കിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള ചെറുകിട-ഇടത്തരം യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യം.

(സി) കൃഷി വകുപ്പിന്റെ കീഴിൽ ഇത്തരമൊരു സ്ഥാപനം ഇപ്പോൾതന്നെ ഇവിടെ പ്രവർത്തിച്ചു വരുന്നതിനാൽ ആദ്യ ഘട്ടത്തിൽ ഇക്കാര്യം പരിഗണനയിലില്ല.

**കൊപ്ര സംഭരണം**

15 (6089) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവൻ മുഖേന നാളികേര കർഷകരിൽനിന്ന് 2016-17 വർഷം ഇതുവരെയായി എത്ര ടൺ കൊപ്ര സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൊപ്ര സംഭരണത്തിലൂടെ കർഷകർക്ക് എത്ര രൂപ ഇതുവരെയായി നല്കിയിട്ടുണ്ടെന്നും ബാക്കി എത്ര രൂപ നല്കാനുണ്ടെന്നും അറിയിക്കുമോ;

(സി) ഈ തുക എന്ന് നല്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(ഡി) തുടർന്നും കൊപ്ര സംഭരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

(എ) കൃഷി ഭവൻ വഴി കൊപ്ര സംഭരണം നടത്തുന്നില്ല. എന്നാൽ കൃഷി ഭവൻ മുഖേന കർഷകരിൽനിന്ന് നാളികേരമാണ് സംഭരിക്കുന്നത്. 2016-17 വർഷത്തിൽ ഇതുവരെ 54580 ടൺ നാളികേരം സംഭരിച്ചിട്ടുണ്ട്.

(ബി&സി) 2016-17 വർഷം നാളികേരം സംഭരിച്ചയിനത്തിൽ ഇതുവരെയായി 58.90 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. ബാക്കി നൽകാനുള്ള തുക 77.55 കോടി രൂപയാണ്. കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള വിവിധ നിർദ്ദേശങ്ങളുടെ പ്രായോഗികത പരിശോധിച്ചുവരികയാണ്. ഫണ്ട് ലഭ്യമാക്കി കുടിശ്ശിക കൊടുത്തുതീർക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഡി) നാളികേര സംഭരണം ഇപ്പോഴും തുടർന്നുവരുന്നു.

**കർഷക പെൻഷൻ**

16 (6090) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്കാണ് കർഷക പെൻഷൻ കൊടുക്കുന്നതെന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിൽ കർഷക പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് ഉള്ളത് എന്നും, ആയത് എന്ന് കൊടുക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 356663 കർഷകർക്കാണ് സംസ്ഥാനത്ത് കർഷക പെൻഷൻ കൊടുത്തുവരുന്നത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 12224 |
| കൊല്ലം | 24323 |
| ആലപ്പുഴ | 21681 |
| കോട്ടയം | 28232 |
| പത്തനംതിട്ട | 17583 |
| ഇടുക്കി | 14460 |
| എറണാകുളം | 25322 |
| തൃശ്ശൂർ | 31112 |
| പാലക്കാട് | 26792 |
| മലപ്പുറം | 30646 |
| കോഴിക്കോട് | 40708 |
| വയനാട് | 12461 |
| കണ്ണൂർ | 37846 |
| കാസർഗോഡ് | 33273 |
| ആകെ | 356663 |

(ബി) കുടിശ്ശികയുണ്ട്. കർഷക പെൻഷൻ ഇനത്തിൽ ഈ സർക്കാർ അധികാരത്തിലെത്തിയ ഉടൻതന്നെ 113.52 കോടി രൂപയും തുടർന്ന് ഓണക്കാലത്ത് 37.895 കോടി രൂപയും ചേർത്ത് മൊത്തം 151.415 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും 2016 ഫെബ്രുവരി മുതൽ നവംബർ വരെ (ജൂൺ ഒഴികെ) ഒൻപത് മാസത്തെ കുടിശ്ശികയും തിരുവനന്തപുരം ജില്ലയിൽ 2015 ഡിസംബർ മുതൽ 2016 നവംബർ വരെ (ജൂൺ ഒഴികെ) പതിനൊന്ന് മാസത്തെ കുടിശ്ശികയും നൽകാനുണ്ട്. അനർഹരായ വ്യക്തികളെ ഒഴിവാക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കിയ ശേഷം കുടിശ്ശിക പെൻഷൻ കൊടുക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**കർഷക പെൻഷൻ വിതരണം**

17 (6091) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നടപ്പാക്കിയ കർഷക പെൻഷൻ വിതരണം ചെയ്യുന്നതിന് നിലവിൽ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കർഷക പെൻഷൻ, കുടിശ്ശിക സഹിതം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മറ്റ് ക്ഷേമ പെൻഷനുകളിൽനിന്ന് വ്യത്യസ്തമായി 2 ഹെക്ടർ ഭൂമിയും 60 വയസ്സ് പൂർത്തിയാവുകയും ചെയ്ത മുഴുവൻ കർഷകർക്കും ഖജനാവിൽ നിന്നും നേരിട്ടാണ് പെൻഷൻ നൽകിവരുന്നത്. ഈ ലിസ്റ്റിൽ അനർഹരായ നിരവധി ആളുകൾ കർഷക പെൻഷൻ വാങ്ങുന്നതായി ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും 2016 ഫെബ്രുവരി മുതൽ നവംബർ വരെ (ജൂൺ ഒഴികെ) ഒൻപത് മാസത്തെ കുടിശ്ശികയും തിരുവനന്തപുരം ജില്ലയിൽ 2015 ഡിസംബർ മുതൽ 2016 നവംബർ വരെ (ജൂൺ ഒഴികെ) പതിനൊന്ന് മാസത്തെ കുടിശ്ശികയും നൽകാനുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015 ആഗസ്റ്റ് മുതൽ കുടിശ്ശികയുണ്ടായിരുന്നതും അധികാരത്തിൽ വന്നശേഷം 2016 ജനുവരി മാസം വരെയുള്ള പെൻഷൻ കുടിശ്ശികയായ 113.52 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കർഷക പെൻഷൻ തുക 1000 രൂപയായി വർദ്ധിപ്പിക്കുവാനുള്ള ഉത്തരവ് നൽകുകയും 37.895 കോടി രൂപ പെൻഷനായി വിതരണം ചെയ്തതുൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൊത്തം 151.415 കോടി രൂപ പെൻഷൻ കുടിശ്ശികയായി വിതരണം ചെയ്തിട്ടുണ്ട്. അനർഹരായ വ്യക്തികളെ ഒഴിവാക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കിയതിനു ശേഷം കുടിശ്ശിക വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോൾ നിലങ്ങളിലെ കൃഷി സംരക്ഷിക്കാൻ നടപടി

18 (6092) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരൾച്ച രൂക്ഷമായതോടുകൂടി തൃശ്ശൂർ ജില്ലയിലെ കോൾചാലുകളിൽ ജലനിരപ്പ് താഴ്ന്നിരിക്കുന്നതിനാൽ ചാലിൽ കെട്ടികിടക്കുന്ന ചണ്ടിയും കുളവാഴയും ചീഞ്ഞ് നശിച്ച് ഉപ്പുരസം വമിക്കാനിടയായ സാഹചര്യം ഉള്ളതിനാൽ വൻതോതിൽ കൃഷിനാശം സംഭവിക്കാനുള്ള സാധ്യത പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കനാലുകളിലെ നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന കുളവാഴയും ചണ്ടിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾക്ക് 2016-17 സാമ്പത്തിക വർഷം 2.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ ജോലികൾക്കായി ഇതുവരെ 2.32 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. അവയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തികളുടെ അത്യാവശ്യം ഉൾക്കൊണ്ടുതന്നെ അടിയന്തരമായി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തെങ്ങ് സംരക്ഷണത്തിന് സമഗ്ര പദ്ധതി

19 (6093) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ കേരളത്തിലെ നാളികേര ഉത്പാദനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2011-2016 കാലയളവിൽ സർക്കാർ നഴ്സറികളിൽ എത്ര തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) തെങ്ങുകൾക്കുണ്ടാകുന്ന കീടബാധകൾ എന്തെല്ലാമെന്നും അതിനെ നിയന്ത്രിക്കുന്നതിന് നടപ്പിലാക്കി വരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) തെങ്ങുകളേയും കേരകർഷകനേയും സംരക്ഷിക്കുന്നതിനും നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സമഗ്ര പദ്ധതികൾ നടപ്പിലാക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2011-2016 വർഷങ്ങളിലെ നാളികേര ഉത്പാദനം ചുവടെ ചേർക്കുന്നു:

| വർഷം | ഉത്പാദനം (ദശലക്ഷം നാളികേരത്തിൽ) |
|---|---|
| 2010-11 | 5287 |
| 2011-12 | 5941 |
| 2012-13 | 5799 |
| 2013-14 | 5921 |
| 2014-15 | 5947 |
| 2015-16 | വിവരം ശേഖരിച്ചുവരുന്നു. |

(ബി) തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2011-2016 കാലയളവിൽ സർക്കാർ നഴ്സറികളിൽ ഉത്പാദിപ്പിച്ച തെങ്ങിൻ തൈകളുടെ കണക്ക് താഴെപ്പറയും പ്രകാരമാണ് :

| | | |
|---|---|---|
| 2011-12 | - | 5,98,642 |
| 2012-13 | - | 7,35,719 |
| 2013-14 | - | 6,35,733 |
| 2014-15 | - | 2,12,298 |
| 2015-16 | - | 4,64,089 |

(സി) കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, തെങ്ങോലപ്പുഴു, മണ്ഡരി, പൂങ്കുല ചാഴി എന്നിവയാണ് തെങ്ങുകളെ ബാധിക്കുന്ന പ്രധാന കീടങ്ങൾ.

1. കീട നിയന്ത്രണത്തിനും പ്രതിരോധത്തിനുമുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശം കൃഷി ഭവൻ വഴിയും പെസ്റ്റ് ബുള്ളറ്റിനുകൾ വഴിയും കർഷകർക്ക് ലഭ്യമാക്കിവരുന്നു.

2. തെങ്ങോലപ്പുഴുവിന്റെ ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ കീടനിയന്ത്രണത്തിനായി പരാദപ്രാണികളെ കൃഷി വകുപ്പിന് കീഴിലുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ വഴി സൗജന്യമായി ലഭ്യമാക്കി വരുന്നു.

3. അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെടുന്ന രൂക്ഷമായ കീടരോഗ ബാധ നിയന്ത്രിക്കുന്നതിനും വ്യാപനം തടയുന്നതിനുമായി കാർഷിക സർവ്വകലാശാലയിലെയും മറ്റ് ഗവേഷണ കേന്ദ്രങ്ങളിലെയും വിദഗ്ദ്ധരടങ്ങുന്ന ടീം (Multi Disciplinary Diagnostic Team) പരിശോധന നടത്തുകയും പ്രസ്തുത ടീമിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉടനടിയുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി കണ്ടിജൻസി പദ്ധതി പ്രകാരം മരുന്നിന്റെ വിലയും ആയത് പ്രയോഗിക്കുന്നതിനുള്ള ചെലവും ആവശ്യമനുസരിച്ച് അനുവദിച്ചുവരുന്നു.

(ഡി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ, 54 ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4,500 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ സാമ്പത്തിക വർഷം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായുള്ള ഘടകങ്ങൾ എല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിഷരഹിത പച്ചക്കറി കൃഷിയുടെയും നെൽകൃഷിയുടെയും വ്യാപനം

20 (6094) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി കൃഷിയും നെൽകൃഷിയും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ തയ്യാറാക്കുമെന്ന് പ്രസ്താവിച്ച പ്രത്യേക പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൃഷിക്കാർക്ക് സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും മറ്റ് ഇതര ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ തുക കാർഷിക വായ്പയായി ലഭ്യമാക്കുവാൻ പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) വിഷരഹിതമായ പഴം, പച്ചക്കറി ഉത്പാദിപ്പിക്കുന്നതിനായി 10 കോടി രൂപയുടെ ജൈവകൃഷി വ്യാപന പദ്ധതി നടപ്പിലാക്കുന്നു. അതിൻപ്രകാരം നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് വിഷരഹിതമായ പഴം, പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് 25 ഹെക്ടർ വീതമുള്ള 292 ക്ലസ്റ്ററുകളിൽ കൃഷിക്കുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പുതിയ 152 ജി.എ.പി. ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉത്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ്, 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ 75% സബ്സിഡി നൽകി ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7500 രൂപ വീതവുമാണ് ധനസഹായം. വിഷരഹിത പച്ചക്കറി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആയതിന്റെ വിപണനത്തിനായി 45 ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു. ജൈവകൃഷി വ്യാപനത്തിനായി ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് നിലവിൽ അവാർഡ് നൽകിവരുന്നു.

നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ്, ലേബലിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു. സംസ്ഥാനത്ത് വിഷരഹിത നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടം എന്ന നിലയിൽ കരനെൽകൃഷി വികസനം, പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി എന്നീ നെല്ലിനങ്ങളുടെ വികസനം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ജൈവകൃഷി രീതിയിലൂടെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) കൃഷിക്കാർക്ക് സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽനിന്നും മറ്റ് ഇതര ബാങ്കുകളിൽനിന്നും വായ്പ കുറഞ്ഞ പലിശ നിരക്കിലും സഹകരണ വകുപ്പുമായി സഹകരിച്ച് പലിശ രഹിത വായ്പയും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കശുമാവ് കൃഷി വ്യാപനത്തിന് പദ്ധതി

21 (6095) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുറഞ്ഞു വരുന്ന കശുമാവ് കൃഷി വ്യാപനത്തിന് എന്തെങ്കിലും പദ്ധതി കൃഷി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ?

### ഉത്തരം

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിൽ 100 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപനത്തിനായി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കശുമാവ് കൃഷിയുടെ സമഗ്ര വികസനത്തിനായി 26.9367 കോടി രൂപയുടെ 'Sustainable Development of Cashew Cultivation in Kerala to enhance the export earnings of India' എന്ന പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, 5500 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപനം, പ്രായാധിക്യം ചെന്നതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ 5000 ഹെക്ടറിൽ കശുമാവ് കൃഷി പുനരുദ്ധാരണം, യന്ത്രവത്കരണം, മാനവവിഭവശേഷി വികസനം, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്ത് കശുവണ്ടിയുടെ ആവശ്യകതയ്ക്കനുസരിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമന്ത്രിയുടെയും കശുവണ്ടി വികസന കോർപ്പറേഷന്റെ ചുമതലയുള്ള ഫിഷറീസ് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## നാളികേര വികസന കോർപ്പറേഷൻ

22 (6096) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഭവൻ മുഖേന സംഭരിച്ച കൊപ്രകൾ എങ്ങനെ സംസ്കരണം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നാളികേര വികസന കോർപ്പറേഷന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) ഈ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരഫെഡ്, കൃഷി ഭവനുകൾ മുഖേന സംഭരിക്കുന്ന നാളികേരം കൊപ്രയാക്കി മാറ്റി ശേഖരിക്കുകയും തുടർന്ന് വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉത്പന്നങ്ങളാക്കി സംസ്കരണം നടത്തുകയും ചെയ്തുവരുന്നു.

(ബി&സി) 1999-ൽ ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിക്കപ്പെട്ട കമ്പനി, ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും 2014-ൽ പുനരുജ്ജീവിപ്പിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി RKVY-ൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ പദ്ധതി നിർദ്ദേശം സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ഉണ്ടായി. ടി പദ്ധതിയുടെ ഭാഗമായി സ്ഥാപനത്തിന്റെ കീഴിൽ മാമത്തുള്ള പ്ലാന്റ് സ്ഥാപിക്കുകയും Trial-Run നടത്തുന്നതിനുള്ള നടപടികൾ വരെ പൂർത്തിയാക്കുകയും ഉണ്ടായി. സ്ഥാപനത്തിന്റെ ആസ്തികളും ശേഷികളും പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും പ്രവർത്തനം സജ്ജമാക്കുന്നതിനും വലിയ തോതിലുള്ള പ്രവർത്തന മൂലധനം ആവശ്യമാണ്. ഇത് കണ്ടെത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയെ വിള ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്താൻ നടപടി**

23 (6097) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നെൽകൃഷിക്ക് ഇൻഷ്വറൻസ് കവറേജ് ഇല്ലാത്തതുമൂലം കൃഷിവായ്പ തിരിച്ചടക്കാനാകാതെ കർഷകർ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഷ്വറൻസിന് പകരമായി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഭാവിയിൽ കർഷകർക്ക് കൃഷിനാശമുണ്ടാകുമ്പോൾ നഷ്ടപരിഹാരം ലഭിക്കുന്നതിനായി ആലപ്പുഴ ജില്ലയെ വിള ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇല്ല. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ആലപ്പുഴ ജില്ലയിലെ നെൽകൃഷിക്കാർക്ക് ലഭിക്കുന്നുണ്ട്. ഇതനുസരിച്ച് ഹെക്ടറിന് 12,500 രൂപ നഷ്ടപരിഹാരം ലഭിക്കുന്നതാണ്. ഇൻഷ്വറൻസ് തുക ഉൾപ്പെടെ കഴിഞ്ഞ മാസങ്ങളിൽ മുഞ്ഞ ബാധമൂലവും ഇലപ്പുള്ളി രോഗബാധമൂലവും കൃഷി നാശം നേരിട്ട കർഷകർക്ക് ഹെക്ടറൊന്നിന് 30,000 രൂപ ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം വിള നഷ്ടമുണ്ടായിട്ടുള്ള കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലെ അഗ്രോ-ടൂറിസം പദ്ധതി

24 (6098) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടപ്പാക്കി വരുന്ന അഗ്രോ-ടൂറിസം പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) ഒന്നാംഘട്ട പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ഡി) രണ്ടാംഘട്ട പരിപാടിയിൽ കൂടുതൽ തുക അനുവദിക്കുവാനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടപ്പിലാക്കിവരുന്ന അഗ്രോ ടൂറിസം പദ്ധതി പുരോഗമിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെപ്റ്റംബർ 2016-ൽ ആദ്യ ഘട്ടത്തിലേയ്ക്കായി 16,10,884 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഒന്നാംഘട്ട പദ്ധതി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പദ്ധതി നടത്തിപ്പിനായി ആകെ വകയിരുത്തിയിട്ടുള്ള 40,00,000 രൂപയിൽ ഒന്നാംഘട്ടത്തിൽ അനുവദിച്ച 16,10,884 രൂപ കഴിച്ചുള്ള സംഖ്യ ലഭ്യമാക്കി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർവ്വകലാശാല തലത്തിൽ നടപടി സ്വീകരിച്ച വരുന്നു.

## അരിയുടെ ആഭ്യന്തര ഉത്പാദനം

25 (6099) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമുള്ള അരിയുടെ എത്ര ശതമാനമാണ് ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) അടുത്ത വർഷത്തെ ഓണത്തിന് ആവശ്യമായ അരിയുടെ ഭൂരിഭാഗവും സംസ്ഥാനത്ത് ഉല്പാദിപ്പിക്കത്തക്ക തരത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നടന്നുവരുന്ന കരനെൽകൃഷിയുടെ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ജനസംഖ്യ കണക്കുപ്രകാരം ഏകദേശം 40 ലക്ഷം മെ.ടൺ അരി സംസ്ഥാനത്ത് ആവശ്യമായുണ്ട്. എന്നാൽ ആഭ്യന്തര ഉത്പാദനം ഇതിന്റെ 20 ശതമാനത്തിൽ താഴെയാണ്.

(ബി) 5 വർഷം കൊണ്ട് നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിച്ച അരി നൽകുന്നതിനും സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി അധികോത്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. നെൽകൃഷി മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉത്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11-8-2016 പ്രകാരം ഉത്തരവായിട്ടുണ്ട്.

നെല്ലുൽപ്പാദന വളർച്ച ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ചുവടെ ചേർക്കുന്ന നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. വൈവിധ്യമാർന്ന പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉത്പാദന ബോണസ് (നോൺ പ്ലാൻ)

7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)

8. ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി (NFSM)

9. ആർ.കെ.വി.വൈ. പദ്ധതി

10. തരിശ് നിലങ്ങളിൽ നെൽകൃഷി.

(സി) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. 2560 ഹെക്ടർ സ്ഥലത്താണ് ഈ വർഷം പദ്ധതിക്കായി ലക്ഷ്യമിട്ടിരുന്നതെങ്കിലും 2663.16 ഹെക്ടർ സ്ഥലത്ത് പദ്ധതി ഇതിനകം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

**റബ്ബർ വിലയിടിവ് പരിഹരിക്കാൻ നടപടികൾ**

26 (6100) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവുമൂലം കർഷകർ അനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) വിലയിടിവ് പരിഹരിക്കാൻ പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എന്തൊക്കെ നയപരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) റബ്ബറിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിന് നടപ്പ് സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം റബ്ബർ വിലസ്ഥിരതാ ഫണ്ടിൽനിന്നും 285 കോടി രൂപ കർഷകർക്ക് ഇതിനകം നൽകിക്കഴിഞ്ഞു. പദ്ധതി പ്രകാരം കിലോയ്ക്ക് 150 രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിവിധ നിർദ്ദേശങ്ങളടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിലയ്ക്ക് നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ രണ്ട് തുറമുഖങ്ങൾവഴി മാത്രമായി ഇറക്കുമതി നിജപ്പെടുത്തി. കേന്ദ്ര സർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉത്പന്നങ്ങൾക്ക് ഇറക്കുമതിമൂലം വിലത്തകർച്ച ഉണ്ടാകാൻ സാധ്യത മുന്നിൽകണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

## കരിമ്പ് കൃഷിക്കാരുടെ വിവിധ ആവശ്യങ്ങൾ

27 (6101) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കരിമ്പ് കൃഷിക്കാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ചെങ്ങന്നൂർ എം.എൽ.എ. മുഖാന്തരം സമർപ്പിച്ച നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) ചെങ്ങന്നൂർ താലൂക്കിലെ പാണ്ടനാട്, തിരുവൻവണ്ടൂർ ഭാഗങ്ങളിലെ കരിമ്പുകൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകാൻ കഴിയുമെന്ന് വിശദീകരിക്കുമോ;

(സി) കരിമ്പ് കൃഷിയെ സംബന്ധിച്ചുള്ള വിവരങ്ങൾ കൃഷിവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം വിശദീകരിക്കുമോ?

### ഉത്തരം

(എ) കരിമ്പ് കൃഷിക്കാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് ചെങ്ങന്നൂർ എം.എൽ.എ. മുഖാന്തരം സമർപ്പിച്ച നിവേദനം പരിഗണിച്ചുവരുന്നു.

(ബി) നിലവിൽ കരിമ്പ് കൃഷിക്കായി സംസ്ഥാന/കേന്ദ്ര പദ്ധതികൾ ഒന്നുംതന്നെ കേരളത്തിൽ നടപ്പാക്കുന്നില്ല. നിലവിൽ കരിമ്പ് കൃഷിക്കായുള്ള പ്രോജക്ടുകളൊന്നും ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽനിന്നും ലഭ്യമായിട്ടില്ല. കരിമ്പ് കൃഷിക്കാർക്കായി ആത്മ പദ്ധതിയിൽ ഡിസ്ട്രിക്ട് സ്പെസിഫിക് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നത് പരിഗണനയിലാണ്.

(സി) സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റായ www.kerala.agriculture.gov.in എന്ന ഹോം പേജിൽനിന്നും കരിമ്പ` കൃഷിയെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള ലിങ്ക് നൽകിയിട്ടുണ്ട്.

## ചേലക്കര മണ്ഡലത്തിൽ തരിശായി കിടക്കുന്ന നെൽകൃഷി ഭൂമി

28 (6102) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ എത്ര ഏക്കർ നെൽകൃഷിഭൂമി കൃഷി ചെയ്യാതെ തരിശായി കിടക്കുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(ബി) ഈ തരിശു നിലങ്ങളിൽ കൃഷി ഇറക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചേലക്കര മണ്ഡലത്തിൽ തരിശായി കിടക്കുന്ന നെൽവയലുകളുടെ വിസ്തൃതി സംബന്ധിച്ച് പഞ്ചായത്തുതല വിവരം ചുവടെ ചേർക്കുന്നു:

| ചേലക്കര ബ്ലോക്ക് | കൃഷി ഭവൻ | തരിശുനിലം (ഹെക്ടർ) | ആകെ |
|---|---|---|---|
| | ചേലക്കര | 24.05 | |
| | കൊണ്ടാഴി | 15 | |
| | പാഞ്ഞാൾ | 25 | |
| പഴയന്നൂർ | പഴയന്നൂർ | 74.96 | 209.01 |
| | തിരുവില്വാമല | 20 | |
| | വള്ളത്തോൾ നഗർ | 50 | |
| | ദേശമംഗലം | 44 | |
| വടക്കാഞ്ചേരി | മുള്ളൂർക്കര | 08 | 75.2 |
| | വരവൂർ | 23.2 | |
| | ആകെ | | 284.21 |

(ബി) തരിശുനിലങ്ങളിൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7,500 രൂപ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനുപുറമേ ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകി തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും തരിശുനിലം നെൽകൃഷി യോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്.

## ചെറുകിട കൃഷിക്കാർക്ക് സൗജന്യ വൈദ്യുതി

29 (6103) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30 സെന്റ് വരെയുള്ള ചെറുകിട കൃഷിക്കാർക്ക് വൈദ്യുതി സൗജന്യമായി നൽകുന്ന സംവിധാനം നിലവിലുണ്ടോ;

(ബി) ജൈവ പച്ചക്കറി കൃഷിയെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10 സെന്റ് വസ്തുവിൽ ജൈവകൃഷി (ജൈവ പച്ചക്കറി) ചെയ്യുന്ന കൃഷിക്കാർക്കു കൂടി വൈദ്യുതി സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം 1-8-1995 മുതൽ നെൽകൃഷിക്ക് പൂർണ്ണമായി ഭൂപരിധിയില്ലാതെയും 1-4-1997 മുതൽ രണ്ട് ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യമായി നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി. പാലിക്കുന്ന മാനദണ്ഡങ്ങൾ ഇപ്രകാരമാണ്.

(I) 30 സെന്റിൽ കുറയാതെ കൃഷിഭൂമി കൈവശമുള്ളവരും അതിൽ 75 -ൽ കുറയാതെ വിളകൾ കൃഷി ചെയ്തിട്ടുള്ള കർഷകർ

(ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ

(iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ

കാർഷിക വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകർ കൃഷി ഭവനിൽ വൈദ്യുതി സൗജന്യ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അപേക്ഷ നൽകുന്ന മുറയ്ക്ക് പദ്ധതി ആനുകൂല്യം നൽകിവരുന്നു.

(ബി) നിലവിൽ സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം 10 സെന്റിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് നൽകിവരുന്നുണ്ട്.

**വിളകളുടെ കീടരോഗ നിരീക്ഷണവും ആരോഗ്യ പരിപാലനവും**

30 (6104) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളകളുടെ കീടരോഗ നിരീക്ഷണത്തിനും ആരോഗ്യ പരിപാലനത്തിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കീടരോഗ നിരീക്ഷണ ഉപദേശക പദ്ധതി ഇതിനായി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കർഷകർക്ക് കീടനിരീക്ഷണത്തിലും വിളയുടെ ആരോഗ്യ പരിപാലനത്തിലും കൃത്യമായ ഉപദേശങ്ങൾ നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) കീടനിരീക്ഷണ സംവിധാനങ്ങളും ഉപദേശക സംവിധാനങ്ങളും അനുയോജ്യമായ എല്ലാ പ്രദേശങ്ങളിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിളകളുടെ കീടരോഗ നിരീക്ഷണത്തിനായി വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കർഷകർക്കുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകിവരുന്നു. സംസ്ഥാനത്ത് കൃഷി ഭവനുകളിൽ പരിശീലനം ലഭിച്ച കീടരോഗ നിരീക്ഷണ സേനകൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(സി) നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക് തുടങ്ങിയ മുഴുവൻ വിളകളും കീടരോഗ നിരീക്ഷണത്തിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെസ്റ്റ് സ്കൗട്ടുകൾ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടരോഗ ബാധ നിയന്ത്രിക്കേണ്ടതിനുതകുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ സംബന്ധിച്ച് യഥാസമയം നിർദ്ദേശം നൽകുന്നുണ്ട്. സംസ്ഥാനത്തെ 118 ഓളം പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലൂടെ കർഷകർക്ക് കീടരോഗ നിർണ്ണയത്തിനും മണ്ണ് പരിശോധനയ്ക്കുമുള്ള സൗകര്യം ലഭ്യമാക്കുന്നു. ഇത്തരം 34 ക്ലിനിക്കുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കീടരോഗബാധ ലക്ഷണങ്ങൾ കർഷകർക്ക് മനസ്സിലാക്കുന്നതിന് സ്പെസിമനുകൾ, ഫോട്ടോഗ്രാഫുകൾ, ചാർട്ടുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ലഘുലേഖകൾ, പുസ്തകങ്ങൾ, മാഗസിനുകൾ,

സി.ഡി.-കൾ എന്നിവ അടങ്ങുന്ന ചെറു ലൈബ്രറിയും ഈ ക്ലിനിക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കർഷകർക്ക് പെസ്റ്റ് ബുള്ളറ്റിനുകൾ ലഭ്യമാക്കുകയും വിദഗ്ദ്ധ പരിശീലനം ലഭിച്ച കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിൽ ജൈവ കീട/രോഗ നിയന്ത്രണോപാധികളുടെ ഉത്പാദനം, പരിസ്ഥിതി സൗഹൃദ കീടനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയും നടപ്പിലാക്കിവരുന്നു.

(ഡി) എല്ലാ പ്രദേശങ്ങളിലും നിലവിൽ സംവിധാനങ്ങളുണ്ട്.

**കാർഷിക കടാശ്വാസ കമ്മീഷൻ**

31 (6105) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ ഓരോ വർഷവും പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക കടാശ്വാസ കമ്മീഷൻ ഓരോ വർഷവും പ്രഖ്യാപിച്ച കടാശ്വാസത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | തീർപ്പാക്കിയ അപേക്ഷകൾ | ഗുണഭോക്താക്കൾ | ശിപാർശ ചെയ്ത കടാശ്വാസ തുക |
|---|---|---|---|---|
| 1 | 2007-08 | 5421 | 4139 | 158889555 |
| 2 | 2008-09 | 37730 | 38976 | 238872711 |
| 3 | 2009-10 | 68607 | 15654 | 242026927 |
| 4 | 2010-11 | 59649 | 15255 | 257130064 |
| 5 | 2011-12 | 97297 | 9604 | 240283380 |
| 6 | 2012-13 | 64992 | 13032 | 257303450 |
| 7 | 2013-14 | 30041 | 13946 | 261776825 |
| 8 | 2014-15 | 23837 | 7905 | 186003254 |
| 9 | 2015-16 | 19008 | 5207 | 134066194 |

(ബി) 18-1-2007-ന് മുൻപായി സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തിരുന്ന കർഷകരുടെ കടങ്ങളിൽ (കച്ചവട വായ്പകൾ ഒഴികെ) കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസ ശിപാർശ നടത്തിവരുന്നു. വയനാട് ജില്ലയെ കാർഷിക പ്രതിസന്ധി ബാധിച്ച ജില്ലയായി 2011 ഡിസംബറിൽ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ ജില്ലയ്ക്ക് മാത്രമായി 2011 ഒക്ടോബർ മാസം 31-ാം തീയതി വരെയുള്ള കാർഷിക കടങ്ങൾ കടാശ്വാസത്തിന് പരിഗണിക്കുവാൻ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കടാശ്വാസ ശിപാർശ നടത്തുകയും ഒരു കർഷകന് 50,000 രൂപവരെയുള്ള കുടിശ്ശിക തുകയ്ക്ക് 75% വരെ കടാശ്വാസവും 50,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക തുകയ്ക്ക് 50% വരെ കടാശ്വാസവും പരമാവധി ഒരു ലക്ഷം രൂപ വരെ കടാശ്വാസത്തിനായി ശിപാർശ നൽകുകയും ചെയ്യുന്നു.

**ആസിയാൻ ഡബ്ല്യു.ടി.ഒ. കരാറുകൾമൂലം കാർഷികോത്പന്നങ്ങൾക്കുണ്ടായ വിലയിടിവ്**

32 (6106) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസിയാൻ കരാർ, ഡബ്ല്യൂ.ടി.ഒ. കരാർ എന്നിവ മൂലം കേരളത്തിലെ കാർഷികോത്പന്നങ്ങൾക്ക് ഉണ്ടായിട്ടുള്ള വിലയിടിവ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കരാറുകളുടെ ഭാഗമായുള്ള അനിയന്ത്രിതമായ ഇറക്കുമതിമൂലം പ്രതിസന്ധിയിലായ കർഷകരെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കുമോ?

ഉത്തരം

(എ) ആസിയാൻ കരാറും ഡബ്ല്യു.ടി.ഒ. കരാറും കാർഷിക മേഖലയെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ച് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായി (സി.ഡി.എസ്.) സഹകരിച്ച് കൃഷി വകുപ്പിന്റെ കീഴിലുള്ള ഡബ്ല്യു.ടി.ഒ. സെൽ ഒരു പഠനം നടത്തിയിട്ടുണ്ട്. ആസിയാൻ രാജ്യങ്ങളിലും കേരളത്തിലും സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയും കൃഷി രീതികളും ഉള്ളതിനാൽ നമ്മുടെ കാർഷിക വിളകളിൽ പലതും ഈ രാജ്യങ്ങളിലും കൃഷി ചെയ്തുവരുന്നു. ഈ വിളകളുടെ ഉത്പാദനം കേരളത്തെ അപേക്ഷിച്ച് ആസിയാൻ രാജ്യങ്ങളിൽ കൂടുതലാണ്. കൂടാതെ ഉത്പാദന ചെലവും ഉപഭോഗവും കുറവുമാണ്.

പ്രസ്തുത കരാറുകൾ കാരണം ആസിയാൻ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേക്ക് ചില കാർഷിക ഉത്പന്നങ്ങൾ കുറഞ്ഞ തീരുവയിൽ ഇറക്കുമതി ചെയ്യപ്പെടുന്നു. ആയതിനാൽ ആസിയാൻ കരാറും ഡബ്ല്യു.ടി.ഒ. കരാറുംമൂലം കേരളത്തിലെ കാർഷികോത്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടായിട്ടുണ്ട്.

(ബി) ആസിയാൻ, ഡബ്ല്യു.ടി.ഒ. കരാറുകൾമൂലം പ്രതിസന്ധിയിലായ കർഷകരെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ കാർഷിക വികസന പദ്ധതികൾ, വിള ഇൻഷ്വറൻസ് പദ്ധതി, വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളായ നെല്ലിനും നാളികേരത്തിനും ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ സംഭരണ നടപടികൾ നടപ്പിലാക്കുന്നുണ്ട്. സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന സാഹചര്യത്തിൽ റബ്ബർ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിലയിടിവുമൂലം പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഇതിനുപുറമേ പ്രസ്തുത കരാറുമൂലം കേരളത്തിന്റെ കാർഷിക രംഗത്തുണ്ടായിട്ടുള്ള ഗുരുതരമായ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുകയും അവ പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്

## കമുകിന്റെ മഞ്ഞളിപ്പ് രോഗബാധ തടയുന്നതിന് നടപടി

33 (6107) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമുകിന്റെ മഞ്ഞളിപ്പ് രോഗബാധ തടയുന്നതിനായി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) രോഗബാധമൂലം പാടെ നശിച്ച കമുകുകൾ മുറിച്ചു മാറ്റുന്നതിന് നഷ്ടപരിഹാരം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കമുകിന്റെ പരിചരണ മുറകൾ സംബന്ധിച്ച ശാസ്ത്രീയ നിർദ്ദേശങ്ങൾ കൃഷി ഭവൻ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. രോഗബാധ രൂക്ഷമായ പ്രദേശങ്ങളിൽ കാർഷിക സർവ്വകലാശാല/ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിലെ വിദഗ്ദ്ധരടങ്ങുന്ന ടീം ഫീൽഡ്തല സന്ദർശനം നടത്തി ആവശ്യമായ പ്രതിവിധികൾ ശുപാർശ ചെയ്യുന്നതിനും, മരുന്ന് തളിക്കുന്നതിന് മരുന്നിന്റെ വിലയും ചെലവും നൽകുന്നതിനുമുള്ള സംവിധാനവും നിലവിലുണ്ട്.

(ബി&സി) പരിശോധിക്കുന്നതാണ്.

**പച്ചക്കറി തൈ വിതരണ കേന്ദ്രങ്ങൾ**

34 (6108) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളുടെ നല്ലയിനം തൈകൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ജില്ല തിരിച്ചുള്ള തൈ വിതരണ കേന്ദ്രങ്ങളുടെ വിശദവിവരം നൽകുമോ;

(സി) നല്ലയിനം തൈകൾ ജനങ്ങളിലെത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നത് വിശദമാക്കുമോ?

ഉത്തരം

(എ) എറണാകുളത്ത് കാക്കനാടുള്ള കൗൺസിൽ ആസ്ഥാനം, തിരുവനന്തപുരം, കാസർഗോഡ് എന്നിവിടങ്ങളിലെ 'കൃഷി ബിസിനസ്സ് കേന്ദ്ര'ങ്ങൾ, പാലക്കാട് ജില്ലയിലെ ആലത്തൂരിൽ സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ്, എല്ലാ ജില്ലകളിലെയും സ്വാശ്രയ സംഘങ്ങൾ എന്നിവ മുഖേന ഗുണമേന്മയുള്ള പച്ചക്കറി തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി ഒരു ഹൈടെക് നഴ്സറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എറണാകുളം ജില്ലയിലെ നടുക്കരയിൽ പൂർത്തിയായിവരുന്നു. പ്രതിവർഷം 2 കോടി തൈകൾ ഈ കേന്ദ്രത്തിൽ ഉത്പാദിപ്പിക്കാവുന്നതാണ്.

(ബി) ജില്ല തിരിച്ചുള്ള തൈ വിതരണ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. ആലത്തൂർ സീഡ് പ്രോസസ്സിംഗ് പ്ലാന്റ്
2. കെ.ബി.കെ., കാക്കനാട്, എറണാകുളം
3. കെ.ബി.കെ., കാസർഗോഡ്
4. കെ.ബി.കെ., തിരുവനന്തപുരം

കൂടാതെ താഴെ പറയുന്ന ജില്ലാ പരിശീലന കേന്ദ്രങ്ങൾ വഴിയും ആവശ്യാനുസരണം തൈ വിതരണം ചെയ്യുന്നുണ്ട് :

1. തിരുവനന്തപുരം
2. കൊല്ലം
3. കോട്ടയം
4. പത്തനംതിട്ട
5. ആലപ്പുഴ
6. ഇടുക്കി
7. എറണാകുളം
8. തൃശ്ശൂർ
9. പാലക്കാട്
10. മലപ്പുറം
11. കോഴിക്കോട്
12. വയനാട്
13. കണ്ണൂർ
14. കാസർഗോഡ്.

(സി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി പ്രകാരം തൈ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയ്ക്ക് (വി.എഫ്.പി.സി.കെ.) ധനസഹായം നൽകിയിട്ടുണ്ട്. തക്കാളി, വഴുതന, മുളക്, പാവൽ, പടവലം, വെണ്ട, ക്യാബേജ്, കോളിഫ്ലവർ, ക്യാപ്സിക്കം തുടങ്ങിയ പച്ചക്കറികളുടെ ഗുണനിലവാരമുള്ള തൈകളും ദീർഘകാല വിളകളായ കറിവേപ്പില, കോവൽ, മുരിങ്ങ തുടങ്ങിയവയുടെ നടീൽ വസ്തുക്കളും വി.എഫ്.പി.സി.കെ. വഴി പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

**കേരഫെഡിലെ വിവിധ ക്രമക്കേടുകൾ**

35 (6109) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിലെ വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാരിന്റെ 5-1-15-ലെ നിർദ്ദേശ പ്രകാരം കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തെ തുടർന്ന് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിരുന്നു.

(ബി) ഉണ്ട്.

(സി&ഡി) കേരഫെഡിലെ അഴിമതി സംബന്ധിച്ച് കൃഷി വകുപ്പ് വിജിലൻസ് സെൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിശദമായ അന്വേഷണം നടത്തിവരികയാണ്. വിജിലൻസ് അന്വേഷണത്തെ ബാധിക്കുന്നതിനാൽ വിശദ വിവരങ്ങൾ ഇപ്പോൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.

(ഇ) കൃഷി വകുപ്പ് ഡയറക്ടറെ തൽസ്ഥാനത്തുനിന്നും മാറ്റിയിട്ടുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിശദമായി അന്വേഷണം നടത്തുകയാണ്. റിപ്പോർട്ട് ലഭിച്ച ശേഷം കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## കുട്ടനാട് പാക്കേജ്

36 (6110) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കുട്ടനാടിനു പുറമേ മറ്റു പ്രദേശങ്ങളിൽ കുട്ടനാട് പാക്കേജ് പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാക്കേജ് പ്രകാരമുള്ള വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയതിനുശേഷം കുട്ടനാട്ടിലെ നെല്ലുല്പാദനത്തിൽ വർദ്ധന കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) കുട്ടനാടിന്റെ സവിശേഷമായ പരിസ്ഥിതി, ജൈവവൈവിധ്യം എന്നിവ പരിരക്ഷിച്ചുകൊണ്ട് ടി മേഖലയിലെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് കുട്ടനാട് പാക്കേജ് നടപ്പിലാക്കിയിരുന്നത്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക വികസന പദ്ധതികൾ കുട്ടനാടിന് പുറമേ ആലപ്പുഴ ജില്ലയിലെ മറ്റ് മേഖലകൾ, പത്തനംതിട്ട, കോട്ടയം എന്നിവിടങ്ങളിലും കുട്ടനാട് പാക്കേജ് പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. യന്ത്രവത്കരണം, നെൽകൃഷി വികസനം, എള്ളു കൃഷി വികസനം, വിത്തുത്പാദനം-വിതരണം, തെങ്ങു കൃഷി വികസനം, തരിശുനില കൃഷി, സംയോജിത വള പ്രയോഗം, മണ്ണിന്റെ ആരോഗ്യപരിപാലനത്തിന് സോയിൽ ഹെൽത്ത് കാർഡ് വിതരണം, ഓണാട്ടുകര മേഖലയിൽ നെല്ല്, എള്ള് എന്നീ കൃഷികളുടെ പ്രോത്സാഹനം, സീഡ് ഗോഡൗൺ നിർമ്മാണം എന്നീ പദ്ധതികളാണ് സംസ്ഥാന ഫണ്ട് വിനിയോഗിച്ചും ആർ.കെ.വി.വൈ., ആത്മ, വിത്തുവില്ലേജ്, സി.ഡി.ബി. പദ്ധതിയായ ചെറുകിട തെങ്ങിൻ തോട്ടങ്ങളിലെ സമഗ്ര കൃഷി വികസനം എന്നീ പദ്ധതികളിലെ ഫണ്ട് വിനിയോഗിച്ചുമാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി പുതുതായി നെൽകൃഷിയിൽ 410 ഹെക്ടർ പ്രദേശം തരിശുനിലം കൃഷിയോഗ്യമാക്കുകയും (റാണി ചിത്തിര കായലുകൾ) 2014-15-ൽ 443.913 മെട്രിക് ടണ്ണും 2015-16-ൽ 1067.4 മെട്രിക് ടണ്ണും ഉത്പാദനം ലഭിക്കുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത

37 (6111) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും മറ്റ് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികളുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി വീട്ടുവളപ്പിലും മട്ടുപ്പാവിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ജില്ലാ ക്ലസ്റ്റർ വികസനം, മികച്ച കർഷകർക്ക് അവാർഡ് നൽകി പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുപ യോഗിച്ചുള്ള പ്രദർശനത്തോട്ടം, കിഴങ്ങ് വർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹനം, ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെയും നഴ്സറികളുടെയും വികസനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വിത്തിനങ്ങളുടെ വിതരണം, സൂക്ഷ്മജലസേചനം, തരിശുനില കൃഷി, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ് റ്റു ഈറ്റ് പ്രോജക്ട്, കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുക, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുക, നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് തരിശുനിലം കൃഷി യോഗ്യമാക്കിമാറ്റുന്നതിന് പച്ചക്കറി കൃഷി വികസന പദ്ധതിയിൻകീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിക്ക് ഒരു ഹെക്ടറിൽ ഭൂഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ചേർത്ത് ആകെ 30000 രൂപ ധനസഹായമായി നൽകുന്നു. തരിശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തുകളാക്കി മാറ്റുന്നതിനുമുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

## പാലക്കാട് ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ

38 (6112) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും നിവേദനങ്ങളോ പരാതികളോ സമർപ്പിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലകളിലെ തെങ്ങുകൾക്ക് വൻതോതിൽ കാറ്റുവീഴ്ച രോഗം ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) കാറ്റുവീഴ്ച രോഗംമൂലം പൂർണ്ണമായും വരുമാനം നിലച്ച കിഴക്കൻ മേഖലയിലെ കേര കർഷകർക്കായി പ്രത്യേക പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിവേദനം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രി പാലക്കാട് സന്ദർശിച്ച വേളയിൽ കരിമ്പു കർഷകരുടെ പ്രത്യേക യോഗം ചേർന്ന് പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുണ്ടായിട്ടുണ്ട്.

(ബി) ആത്മയുടെ ജില്ലാ പ്രോജക്ട് ഡയറക്ടർ മുഖേന കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള പ്രോജക്ടുകൾ ആത്മ പദ്ധതിയുടെ ജില്ലാതലത്തിലെ ഡിസ്ട്രിക്ട് സ്പെസിഫിക് ആക്റ്റിവിറ്റിയിൽ ഉൾപ്പെടുത്തി പരിഹാരം കാണാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാറ്റുവീഴ്ചയുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് കാർഷിക സർവ്വകലാശാല, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നിരവധി പരിശീലന പരിപാടികൾ 2006 മുതൽ നടത്തിവരുന്നു.

(ഡി) പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഈ വർഷം മുതൽ ചിറ്റൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള പെരുമാട്ടി, കൊഴിഞ്ഞാമ്പാറ എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകുന്നുണ്ട്.

**കീടനാശിനി ഉപയോഗിച്ച പച്ചക്കറിയുമായി ബന്ധപ്പെട്ട കേസ്സുകൾ**

39 (6113) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന പച്ചക്കറികളിൽ മാരകമായ കീടനാശീനി ഉപയോഗിച്ച് കൃഷി ചെയ്തു വരുന്ന പച്ചക്കറി തടയുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇത്തരം കേസുകളിൽ എന്തെല്ലാം ശിക്ഷാനടപടികളാണ് സ്വീകരിച്ചു വരുന്നത്?

ഉത്തരം

(എ&ബി) ഭക്ഷണ സാധനങ്ങളിലെ കീടനാശിനികൾ ഉൾപ്പെടെയുള്ളവയുടെ സാന്നിധ്യം കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്യേണ്ടത് ഭക്ഷ്യസുരക്ഷാ വകുപ്പാണ്. കൃഷി വകുപ്പ് നടത്തിയ പരിശോധനയിൽ പച്ചക്കറികൾ 95%-ന് മുകളിൽ സുരക്ഷിത പച്ചക്കറികളാണ്. കേസുകളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**കുട്ടനാട് പാക്കേജിന് പുത്തൻ ഉണർവ്**

40 (6114) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

24-06-2016-ൽ ബഹു. ഗവർണ്ണർ നിയമസഭയിൽ പ്രഖ്യാപിച്ച പ്രകാരം കുട്ടനാട് പാക്കേജിന് പുത്തൻ ഉണർവ് നൽകുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

കുട്ടനാട് പാക്കേജ് പ്രകാരം ആരംഭിച്ച പ്രവർത്തനങ്ങൾക്കാണ് മുന്തിയ പരിഗണന നൽകുന്നത്. അതിനായി പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ സമിതികളുടെ യോഗം ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത് പദ്ധതി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

41 (6115) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും വിഷമയമായ പച്ചക്കറികൾ കേരളത്തിലേക്ക് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് പച്ചക്കറികൾ കേരളത്തിൽ എത്തുന്നതെന്നും അവയുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) കേരളത്തിന് ആവശ്യമുള്ള പച്ചക്കറികൾ സംസ്ഥാനത്തിന് അകത്തു തന്നെ ഉല്പാദിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പച്ചക്കറി ഉല്പാദനത്തിൽ എന്നത്തേക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പുതിന, മല്ലിയില, കറിവേപ്പില, കാബേജ്, കോളിഫ്ലവർ, പച്ചമുളക് എന്നിവയുടെ ചില സാമ്പിളുകളിൽ അനുവദനീയമായതിൽ അധികം കീടനാശിനി വിഷാംശം അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നാണ് പച്ചക്കറികൾ കൂടുതലായി എത്തുന്നത്. കമ്പോളങ്ങളിൽ നിന്നും കൃഷിയിടങ്ങളിൽനിന്നും ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്.

(സി&ഡി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി പദ്ധതിയിൻ കീഴിൽ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം ബോധവത്കരണം, പ്രചരണം, ജില്ലാ ക്ലസ്റ്റർ വികസനം, നഗര പ്രദേശങ്ങളിൽ ആധുനിക രീതിയിലുള്ള മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കൽ,

അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾ, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വിത്തിനങ്ങളുടെ പ്രദർശനത്തോട്ടം, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും, തരിശുനില കൃഷി, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.-കൾ മുഖേന വീട്ടുവളപ്പിൽ കൃഷി, സേഫ് ടു ഈറ്റ് പ്രോജക്ട്, സ്റ്റാഗേഡ് ക്ലസ്റ്റർ വികസനം എന്നിങ്ങനെയുള്ള പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെ പച്ചക്കറി ഉത്പാദനത്തിൽ കേരളം സ്വയം പര്യാപ്തതയുടെ പാതയിലാണ്.

## കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

42 (6116) ശ്രീ. എം. എം. മണി :

ശ്രീ. പി. വി. അൻവർ :

ശ്രീ. കെ. ദാസൻ :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഗന്ധവ്യഞ്ജനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കുറഞ്ഞ ഉല്പാദനക്ഷമതയും ഗുണനിലവാരക്കുറവും രോഗങ്ങളും ക്ഷുദ്രകീടങ്ങളും മൂലമുള്ള കൃഷി നഷ്ടവും വിലയിലുള്ള ഏറ്റക്കുറച്ചിലുകളും സുഗന്ധവ്യഞ്ജന കൃഷിയെ സാരമായി ബാധിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് കുരുമുളക് പുനരുജ്ജീവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സുഗന്ധവ്യഞ്ജന വിളയായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ ഉത്പാദന വർദ്ധനവിനായി വിളവിസ്തൃതി വ്യാപനത്തിന് ധനസഹായം നൽകുന്നു. നിലവിലുള്ള കുരുമുളക് തോട്ടങ്ങളുടെ പരിപാലനത്തിന് ഉത്പാദനോപാധികൾക്ക് ധനസഹായം, നല്ലയിനം കുരുമുളക് വള്ളികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വികേന്ദ്രീകൃത നഴ്സറികൾ, സംയോജിത കീടരോഗ നിയന്ത്രണം, ഇടുക്കി-വയനാട് ജില്ലകളിൽ സമഗ്ര കുരുമുളക് കൃഷി വികസനം എന്നിവ നടപ്പിലാക്കുന്നു. ജാതിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 500 ഹെക്ടറിൽ ഇടവിളയായി ജാതികൃഷി ആരംഭിക്കുന്നതിന് ഹെക്ടറിന് 20,000 രൂപ (50%) ധനസഹായം ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നൽകുന്നു. ഗ്രാമ്പു, ജാതി, കറുവപ്പട്ട എന്നീ സുഗന്ധവൃക്ഷ വിളകളുടെ മേൽത്തരം നടീൽവസ്തുക്കൾ കൃഷി വകുപ്പ് ഫാമുകൾ വഴി ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ സുഗന്ധ വ്യഞ്ജനങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിലെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം കിഴങ്ങ് സുഗന്ധവ്യഞ്ജന വിളകളായ ഇഞ്ചി, മഞ്ഞൾ, ദീർഘകാല സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ജാതി എന്നിവയുടെ വിളവിസ്തൃതി വ്യാപനത്തിനും പ്രായാധിക്യം ചെന്നതും ഉത്പാദനക്ഷമത കുറഞ്ഞതുമായ 500 ഹെക്ടർ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും ധനസഹായം നൽകുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപ്രകാരം ആരംഭിക്കുവാനുദ്ദേശിക്കുന്ന അഗ്രോപാർക്കുകളിലൊന്ന് സുഗന്ധവിളകളെ അടിസ്ഥാനമാക്കിയുള്ളതാണ്.

(ബി) ഉണ്ട്.

(സി) കീടരോഗങ്ങൾമൂലം സുഗന്ധവ്യഞ്ജന വിളകൾക്ക് ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സംയോജിത കീട നിയന്ത്രണം, ജൈവിക രോഗ നിയന്ത്രണോപാധിയായ ട്രൈക്കോഡർമ കർഷകരുടെ കൃഷിയിടങ്ങളിൽതന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം, നല്ല കാർഷിക മുറകൾ (Good Agricultural Practices) എന്നിവ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇടുക്കി ജില്ലയിലെ വണ്ടൻമേടിലും തമിഴ്നാട്ടിലെ ബോഡിനായ്ക്കന്നൂരിലും സ്പൈസസ് ബോർഡ് സ്ഥാപിച്ചിട്ടുള്ള ഇ-ഓക്ഷൻ (e-auction) സെന്ററുകൾ മുഖേന ഏലത്തിന് മെച്ചപ്പെട്ട വില നേടിയെടുക്കുന്നതിന് കർഷകർക്ക് സാധിക്കുന്നു. കൂടാതെ ഏലം കർഷകർക്ക് വില വ്യതിയാനങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതിന് ഒരു റവന്യൂ ഇൻഷ്വറൻസ് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) കൂടാതെ സ്പൈസസ് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ രൂപീകരിച്ച് നേരിട്ടുള്ള വിപണനവും മൂല്യവർദ്ധനവിനുള്ള അടിസ്ഥാന സൗകര്യങ്ങളും നൽകി കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് സ്പൈസസ് ബോർഡ് പ്രോത്സാഹനം നൽകുന്നുണ്ട്. വയനാട് പാക്കേജിന്റെ ഭാഗമായി വയനാട് ജില്ലയിൽ കുരുമുളക് പുനരുജ്ജീവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള കുരുമുളക് തോട്ടങ്ങൾ ജൈവകൃഷിയിലേക്ക് മാറ്റുന്നതിനായി ആദ്യത്തെ രണ്ട് വർഷം ഹെക്ടറിന് 10,000 രൂപ നിരക്കിലും മൂന്നാം വർഷം 5,000 രൂപ നിരക്കിലും ജൈവ ഉത്പാദനോപാധികൾക്ക് ധനസഹായം, പുതിയ താങ്ങുമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഒരു മരത്തിന് 10 രൂപ നിരക്കിൽ ധനസഹായം, കുരുമുളകിന്റെ ദ്രുതവാട്ട രോഗ നിയന്ത്രണത്തിനുള്ള സംയോജിത രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായം എന്നിവയാണ് പദ്ധതി ഘടകങ്ങൾ.

2005-06 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി 58380.94 ഹെക്ടർ കുരുമുളക് തോട്ടങ്ങൾ പുനരുദ്ധാരണം നടത്തുകയും ഇതിനായി 8231.88 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## പച്ചക്കറി സ്വയംപര്യാപ്തതയ്ക്ക് ജനകീയ കാമ്പയിൻ

43 (6117) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി സ്വയംപര്യാപ്തതക്കുവേണ്ടി ജനകീയ കാമ്പയിൻ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ കാമ്പയിനിൽ ആരെയൊക്കെയാണ് പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ഭൂമിയാണ് പച്ചക്കറി കൃഷി ചെയ്യാൻ കണ്ടെത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറി സ്വയംപര്യാപ്തതയ്ക്കുവേണ്ടി നിലവിൽ പൊതുജന പങ്കാളിത്തത്തോടുകൂടി പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ വർഷം 74.3 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ആയതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജനകീയ കൂട്ടായ്മകളും കർഷക ക്ലസ്റ്ററുകളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പ്രദേശം ശീതകാല പച്ചക്കറികളുടെ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണായും ഇടുക്കി ജില്ലയെ പച്ചക്കറി ഹബ്ബായും തീരുമാനിച്ചിട്ടുണ്ട്.

(ബി) ജനപ്രതിനിധികൾ, കർഷകർ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, കുടുംബശ്രീ, വീട്ടമ്മമാർ തുടങ്ങി പച്ചക്കറി കൃഷിയിൽ താത്പര്യമുള്ള എല്ലാവരും പങ്കാളികളായിരിക്കും. ദേവികുളം ബ്ലോക്കിലെ വട്ടവട, കാന്തല്ലൂർ പഞ്ചായത്തുകളിലും മറ്റ് പഞ്ചായത്തുകളിലും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് വരികയാണ്.

(സി) ശീതകാല പച്ചക്കറികൾക്ക് പ്രധാനമായും ഇടുക്കി ജില്ല (കാന്തല്ലൂർ, വട്ടവട)-യും മറ്റ് പച്ചക്കറികൾക്ക് പ്രധാനമായും മലപ്പുറം, പാലക്കാട്, ആലപ്പുഴ, വയനാട്, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളും കൂടാതെ മറ്റ് ജില്ലകളിലെ അനുയോജ്യമായ പ്രദേശങ്ങളും നിലവിൽ തരിശായിക്കിടക്കുന്ന പ്രദേശങ്ങളുമാണ് പച്ചക്കറി കൃഷിക്കായി കണ്ടെത്തിയിട്ടുള്ളത്.

## നെൽകൃഷി വ്യാപിപ്പിക്കുന്നതിന് തൊഴിൽസേനകളുടെ സഹായം

44 (6118) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപനം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഏതെല്ലാം തൊഴിൽ സേനകളുടെ സഹായമാണ് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; കരനെൽകൃഷി ചെയ്യുന്നവർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാണോ; ഇല്ലെങ്കിൽ ഇത്തരം കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് സഹായമാണ് നൽകി വരുന്നത്?

ഉത്തരം

(എ) തൊഴിലാളികളുടെ ലഭ്യതയും യന്ത്രവത്കരണവും ഉറപ്പുവരുത്തുന്ന തിലേക്കായി സംസ്ഥാന തലത്തിൽ 64 അഗ്രോസർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മിതമായ വാടകയ്ക്ക് യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കിവരുന്നു. പഞ്ചായത്തുതലത്തിൽ 200 കർമ്മസേനകൾ രൂപീകരിക്കുകയും അതിൽ 100 കർമ്മസേനകൾക്ക് 9 ലക്ഷം രൂപയുടെള്ള യന്ത്രോപകരണങ്ങൾ ലഭ്യമാക്കുകയും 100 കർമ്മസേനകൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കർമ്മ സേനകൾക്ക് നൽകിയിട്ടുള്ള പരിശീലനവും യന്ത്രോപകരണങ്ങളും ഉപയോഗപ്പെടുത്തി ഓരോ പഞ്ചായത്തിലേയും കാർഷിക മേഖലയിലെ സാധ്യതകൾ ഉൾക്കൊണ്ടുകൊണ്ട് വിവിധ കാർഷിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലമൊരുക്കൽ, വിത്ത് വിതയ്ക്കൽ, കളനിയന്ത്രണം, തടം തുറക്കൽ, വിളവെടുപ്പ്, പാഴ് മരങ്ങൾ മുറിക്കൽ, തരിശുനിലം കൃഷി യോഗ്യമാക്കൽ, കീടരോഗ നിയന്ത്രണം തുടങ്ങി കാർഷിക മേഖലയിലെ എല്ലാ പ്രവർത്തനങ്ങളും കാർഷിക കർമ്മ സേനകൾ നടത്തിവരുന്നു. ഇക്കോഷോപ്പുകൾ, പച്ചക്കറി ചന്ത, ജൈവവള-കീടനാശിനി ഉത്പാദനം തുടങ്ങിയ നൂതന പ്രവർത്തനങ്ങളും കർമ്മ സേനകൾ വഴി ആരംഭിച്ചിട്ടുണ്ട്. കാർഷിക കർമ്മ സേനകളുടെയും അഗ്രോസർവ്വീസ് സെന്ററുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാന തലത്തിൽ വ്യാപകമായി പരിശീലനം സിദ്ധിച്ച കർമ്മ സേനകളുണ്ടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഒരു നോഡൽ ഓഫീസറെ നിയമിക്കുന്നതാണ്.

(ബി) കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600 രൂപ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കുന്നു. ഇതിലേയ്ക്കായി (2560 ഹെക്ടർ) 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരനെൽകൃഷി ചെയ്യുന്നവർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാണ്.

**നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം**

45 (6119) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഏക്കർ കണക്കിന് ഭൂമി, കൃഷിത്തോട്ടത്തിൽ തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലാ കൃഷിത്തോട്ടത്തിൽ മതിയായ ജീവനക്കാരെയും തൊഴിലാളികളെയും നിയമിച്ച് കൂടുതൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമോ;

(ഡി) എങ്കിൽ ആയതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഫാമിലെ വിവിധ വിളകൾക്കും പച്ചക്കറി കൃഷിക്കും ആവശ്യമായ ട്രൈക്കോഡർമ, വാം, ജീവാമൃതം, പഞ്ചഗവ്യം എന്നിവ ഉത്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് പ്രോജക്ടുമായി ബന്ധപ്പെട്ട് കർഷകർക്കുള്ള പരിശീലന പരിപാടി ഉൾപ്പെടെ, ജൈവ ഉത്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, ബയോഫാർമസി, ഇക്കോഷോപ്പ് എന്നിവ ഉൾപ്പെടുന്ന 5 ലക്ഷം രൂപയുടെ പ്രോജക്ട് ഈ വർഷം നടപ്പിലാക്കുന്നതാണ്. 2016-17 വർഷത്തിൽ ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയുടെ പദ്ധതികൾ ജില്ലാ പഞ്ചായത്തിന്റെ പരിഗണനയിലാണ്. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 10.5 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളുടെ പദ്ധതി ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) നേര്യമംഗലം ഫാമിലെ കാർഷിക പ്രവർത്തനങ്ങൾക്കായി 79.4 ഹെക്ടർ സ്ഥലമാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 11.3 ഹെക്ടർ സ്ഥലം പാരിസ്ഥിതിക പ്രാധാന്യമുള്ള വനഭൂമിയും 9.4 ഹെക്ടർ സ്ഥലത്ത് മറ്റ് കെട്ടിടങ്ങളും ഫാം റോഡുകളുമാണ്. ബാക്കി വരുന്ന 58.7 ഹെക്ടർ സ്ഥലമാണ് ഫാമിൽ കൃഷി യോഗ്യമായുള്ളത്. ആയതിൽ തെങ്ങ്, കമുക്, കൊക്കോ, കശുമാവ്, കുരുമുളക്, കുടംപുളി, സപ്പോട്ട, നാരകം തുടങ്ങിയ ദീർഘകാല വിളകൾക്കായി 46.3 ഹെക്ടർ സ്ഥലം വിനിയോഗിക്കുന്നു. ബാക്കി സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി, ഫലവൃക്ഷങ്ങളുടെ മാതൃവൃക്ഷത്തോട്ടങ്ങൾ, തെങ്ങിൻതൈ നഴ്സറി, ഹൈടെക് പോളിഹൗസ് എന്നിവയ്ക്കായി ഉപയോഗിച്ചു വരുന്നു. ഭൂമി കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നത് പരിശോധിക്കുന്നതാണ്.

(സി&ഡി) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നിലവിൽ ഫാം സൂപ്രണ്ട് 1 (ഒന്ന്), കൃഷി ഓഫീസർ 2 (രണ്ട്), കൃഷി അസിസ്റ്റന്റ് 3 (മൂന്ന്), ഡ്രൈവർ 1 (ഒന്ന്), വാച്ച്മാൻ 3 (മൂന്ന്), ക്ലാർക്ക് 1(ഒന്ന്) എന്ന രീതിയിൽ ജീവനക്കാരുണ്ട്. അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഒരു ഹെഡ് ക്ലാർക്കിന്റെയും രണ്ട് ക്ലാർക്കിന്റെയും തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്. കൂടാതെ 94 സ്ഥിരം തൊഴിലാളികളുടെയും ഒഴിവ് നികത്താനുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് നേര്യമംഗലം ജില്ലാ ഫാമിൽ ദിവസ വേതന തൊഴിലാളികളെയാണ് നിയോഗിക്കാൻ സാധിക്കുന്നത്. ഇതനുസരിച്ച് നിലവിൽ 297 ദിവസവേതന തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ട്. ഇവരെ റൊട്ടേഷൻ അനുസരിച്ച് നിയോഗിച്ച് ഫാമിലെ സമയബന്ധിതമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**കാസർഗോഡ് ജില്ലയിൽ കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം**

46 (6120) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാലവർഷക്കെടുതിയിലും മറ്റും കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആകെ 2,32,90,788 രൂപ (ആകെ രണ്ടുകോടി മുപ്പത്തിരണ്ടു ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) 2013 മുതൽ 2015 വരെയുള്ള നാശനഷ്ടങ്ങൾക്ക് കൊടുത്തുതീർക്കാനുണ്ട്.

(ബി) ദുരന്തനിവാരണ ഫണ്ട് ലഭ്യമാക്കി കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## കൊയിലാണ്ടി മണ്ഡലത്തിലെ എതിർപ്രാണി വളർത്തുകേന്ദ്രം

47 (6121) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തിക്കോടിയിൽ പ്രവർത്തിക്കുന്ന എതിർ പ്രാണി വളർത്ത് കേന്ദ്രത്തിന്റെ ഇന്നത്തെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജീർണാവസ്ഥയിലായ ഈ ഓഫീസിന്റെ കെട്ടിടം പുനരുദ്ധരിക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് നിവേദനം നൽകിയെങ്കിലും ഒരു നടപടിയും ഉണ്ടായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷകർക്ക് ഏറെ സേവനങ്ങൾ നൽകുന്ന ഈ സ്ഥാപനത്തിന്റെ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) തിക്കോടിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എതിർപ്രാണി വളർത്തു കേന്ദ്രം പുനരുദ്ധരിക്കാൻ പറ്റാത്തവിധം ജീർണ്ണാവസ്ഥയിൽ ആയതിനാൽ ടി സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ, കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ കർഷക പരിശീലന കേന്ദ്രം കെട്ടിടത്തിന് മുകളിലായി പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കോസ്റ്റ് ഫോർഡിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. കഴിയുന്നത്ര വേഗത്തിൽ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതാണ്.

## ചെന്നിത്തല പാടശേഖരത്തിന്റെ വിസ്തീർണ്ണം

48 (6122) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ചെന്നിത്തല പാടശേഖരത്തിന്റെ ആകെ വിസ്തീർണ്ണം എത്രയെന്ന് വിശദീകരിക്കുമോ;

(ബി) ഈ പാടശേഖരത്തിൽ എത്ര ബ്ലോക്കുകൾ ഉണ്ട്;

(സി) പ്രസ്തുത ബ്ലോക്കുകളിൽ കൃഷി നടക്കുന്ന ബ്ലോക്കുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) VIII-ാം നമ്പർ ബ്ലോക്കിൽ കൃഷി ചെയ്യുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങൾ ഉണ്ടെന്നും ആയത് എത്ര കൃഷിക്കാർക്ക് ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1090 ഹെക്ടർ.

(ബി) 15 ബ്ലോക്കുകൾ.

(സി) 1, 2, 3, 4, 5, 6, 7, 9, 10, 11, 14, 15 എന്നീ ബ്ലോക്കുകളിൽ കൃഷി നടക്കുന്നുണ്ട്.

(ഡി) 2013-14 വർഷത്തിൽ കോൺട്രാക്ട് ഫാമിംഗ് പദ്ധതി പ്രകാരം 60 ഹെക്ടറിന് 25,000/- രൂപ പ്രകാരം 32 കർഷകർക്കും 5,000 രൂപ പ്രകാരം 46 ഉടമസ്ഥർക്കും നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 1,31,928 രൂപയും ആർ.കെ.വി.വൈ. പ്രകാരം 2,19,880 രൂപയും നൽകിയിട്ടുണ്ട്. 2015-16 വർഷത്തിൽ ഇവിടെ കൃഷി ചെയ്തിട്ടില്ല.

**ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം**

49 (6123) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കൃഷി വകുപ്പ് പുറപ്പെടുവിക്കാനുള്ള ചട്ടങ്ങളുടെയും ചട്ടങ്ങളുടെ ഭേദഗതികളുടെയും വിവരം അറിയിക്കുമോ;

(സി) പെന്റിംഗിലുള്ള ചട്ടങ്ങൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിജ്ഞാപനം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി വകുപ്പിലെ വിവിധ ഗസറ്റഡ്/നോൺ ഗസറ്റഡ് തസ്തികകളിലേക്കുള്ള യോഗ്യതയും നിയമനരീതിയും പ്രതിപാദിക്കുന്നത് സംബന്ധിച്ച സ്റ്റേറ്റ് സർവ്വീസ്/സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസുകൾക്കായുള്ള സ്പെഷ്യൽ റൂളുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പെൻഡിംഗിലുള്ള രണ്ട് ചട്ടങ്ങളും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷി വകുപ്പിലെ വിവിധ ഗസറ്റഡ് തസ്തികകളിലേയ്ക്കുള്ള യോഗ്യതയും നിയമനരീതിയും പ്രതിപാദിക്കുന്നത് സംബന്ധിച്ച അഗ്രികൾച്ചർ സ്റ്റേറ്റ് സർവ്വീസിനായുള്ള സ്പെഷ്യൽ റൂൾ രൂപീകരണം അന്തിമഘട്ടത്തിലാണ്. നോൺ ഗസറ്റഡ് തസ്തികകളിലേക്കുള്ള യോഗ്യതയും നിയമനരീതിയും പ്രതിപാദിക്കുന്നത് സംബന്ധിച്ച അഗ്രികൾച്ചർ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിനായുള്ള സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആറ്റിങ്ങൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്

50 (6124) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ആറ്റിങ്ങൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് പുതിയതായി നിർമ്മിച്ച സിവിൽ സ്റ്റേഷനിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഓഫീസ് മാറ്റി സ്ഥാപിക്കാത്തത്;

(സി) ഓഫീസ് മാറ്റുന്നതിന് കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് കൃഷി ഡയറക്ടർ അനുമതി നൽകിയിരുന്നു.

(ബി) ആറ്റിങ്ങൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് നിലവിൽ പ്രവർത്തിക്കുന്നത് ആറ്റിങ്ങൽ മുനിസിപ്പൽ കെട്ടിടത്തിലാണ്. വൈദ്യുതി, വാട്ടർ ചാർജ് എന്നിവ മുൻസിപ്പാലിറ്റിയാണ് അടച്ചുവരുന്നത്. കൂടാതെ സിവിൽ സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ള മുറിയിലേക്ക് മാറ്റുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്.

(സി) വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ഓഫീസ് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പച്ചത്തേങ്ങ സംഭരണം

51 (6125) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പച്ചത്തേങ്ങ സംഭരിക്കുമ്പോൾ ഒരു കിലോയ്ക്ക് എത്ര രൂപയാണ് നൽകി വരുന്നത്; ആയത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) സംഭരിച്ച പച്ചത്തേങ്ങയുടെ വില മുഴുവനും കർഷകർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഒരു കിലോയ്ക്ക് 25 രൂപയാണ് നൽകി വരുന്നത്. 2016-17 ബഡ്ജറ്റിൽ തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 27 രൂപയായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. ഈ സർക്കാർ വന്നശേഷം നാളികേരം സംഭരിച്ചയിനത്തിൽ 58.90 കോടി രൂപ കർഷകർക്ക് ഇതുവരെ നൽകിയിട്ടുണ്ട്. കർഷകർക്ക് നൽകാൻ ഇപ്പോൾ ബാക്കി നിൽക്കുന്ന കുടിശ്ശിക തുക 77.55 കോടി രൂപയാണ്. സംഭരണ വിലയിലുള്ള കൂടുതൽ കാരണം ഉണ്ടായ നഷ്ടം നികത്തുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുമുള്ള വിവിധ നിർദ്ദേശങ്ങളുടെ പ്രായോഗികത പരിശോധിച്ച് വരികയാണ്. ഫണ്ട് ലഭ്യമാക്കി കുടിശ്ശിക കൊടുത്തു തീർക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**തിരൂരങ്ങാടി താലൂക്കിൽ പോളിക്ലിനിക്**

52 (6126) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്കിൽ അഗ്രോ പോളിക്ലിനിക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തിരൂരങ്ങാടി താലൂക്കിനോടൊപ്പം നിലവിൽ വന്ന താലൂക്കുകളിൽ അഗ്രോ പോളിക്ലിനിക്കുകൾ നിലവിലില്ലാത്തവ ഏതെല്ലാം താലൂക്കുകളിലാണെന്നു വ്യക്തമാക്കുമോ;

(സി) തിരൂരങ്ങാടി താലൂക്ക് നിലവിൽ വന്നതിനുശേഷം നിലവിൽ വന്ന താലൂക്കുകളിൽ അഗ്രോ പോളിക്ലിനിക്കുകൾ ആരംഭിച്ചത് ഏതെല്ലാം താലൂക്കുകളിൽ ആണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കൃഷി വകുപ്പിന് കീഴിൽ നിലവിൽ അഗ്രോ പോളിക്ലിനിക്കുകൾ നിലവിലില്ല.

## കൃഷിഭവനകൾ മുഖേന പച്ചത്തേങ്ങ സംഭരണം

53 (6127) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര കൃഷി ഭവനകളിൽ പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) മുഴുവൻ കൃഷി ഭവനകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് കൊടുക്കാനുള്ള ആകെ തുക എത്രയാണ്; കൃഷി ഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 388 കൃഷി ഭവനകൾ വഴിയാണ് ഇപ്പോൾ പച്ചത്തേങ്ങ സംഭരിക്കുന്നത്.

(ബി) പച്ചത്തേങ്ങ സംഭരണം ഘട്ടംഘട്ടമായി വ്യാപിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) പച്ചത്തേങ്ങ സംഭരിച്ച വകയിനത്തിൽ ഇപ്പോൾ കർഷകർക്ക് കൊടുക്കാനുള്ള കുടിശ്ശിക തുക 77.55 കോടി രൂപയാണ്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി

54 (6128) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ എത്ര ഭൂമിയുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയിൽ കൂടി എത്ര റോഡുകൾ പോകുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) ഈ റോഡുകൾ നിർമ്മിച്ചതാരാണെന്നും അറ്റകുറ്റപ്പണികൾ നടത്തി വരുന്നതാരാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലത്ത് കൂടി റോഡ് നിർമ്മിക്കാൻ ഇപ്പോൾ അനുമതി നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | എസ്റ്റേറ്റ് | ഏരിയ (എച്ച്.എ.) | ജില്ല |
|---|---|---|---|
| 1 | കൊടുമൺ ഗ്രൂപ്പ് | 2866.6880 | പത്തനംതിട്ട |
| 2 | കാലടി ഗ്രൂപ്പ് | 3776.4993 | എറണാകുളം & തൃശ്ശൂർ |
| 3 | തണ്ണിത്തോട് എസ്റ്റേറ്റ് | 699.3500 | പത്തനംതിട്ട |
| 4 | പേരാമ്പ്ര എസ്റ്റേറ്റ് | 943.0000 | കോഴിക്കോട് |
| 5 | രാജപുരം എസ്റ്റേറ്റ് | 1522.9100 | കാസർഗോഡ് |
| 6 | മണ്ണാർക്കാട് എസ്റ്റേറ്റ് | 513.0300 | പാലക്കാട് |
| 7 | നിലമ്പൂർ എസ്റ്റേറ്റ് | 435.9380 | മലപ്പുറം |
| 8 | ചീമേനി എസ്റ്റേറ്റ് | 924.0000 | കാസർഗോഡ്&കണ്ണൂർ |
| 9 | കാസർഗോഡ് എസ്റ്റേറ്റ് | 2965.0000 | കാസർഗോഡ് |

(ബി) കോർപ്പറേഷനിലെ തോട്ടങ്ങളിൽ പ്രധാന റോഡുകൾ കൂടാതെ കൃഷി ആവശ്യത്തിനു മാത്രം അതാത് സമയങ്ങളിൽ നിർമ്മിക്കുന്ന കിലോമീറ്ററുകളോളം റോഡുകളുണ്ട്. എട്ട് ജില്ലകളിലായി പരന്നു കിടക്കുന്ന തോട്ടങ്ങളിലെ എല്ലാ റോഡുകളും കൃത്യമായി സർവ്വേ ചെയ്ത് കണക്കുകൾ സൂക്ഷിച്ചിട്ടില്ല. റോഡ് ടാറിംഗ്, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടത്തുമ്പോൾ അതിനാവശ്യമായ അളവുകൾ മാത്രമേ എടുക്കാറുള്ളു.

(സി) സാധാരണയായി റോഡുകളുടെ അറ്റകുറ്റപണികൾ പ്ലാന്റേഷൻ കോർപ്പറേഷനാണ് നിർവ്വഹിക്കാറുള്ളത്. എന്നാൽ ചില സന്ദർഭങ്ങളിൽ പഞ്ചായത്ത്/പൊതുമരാമത്ത് വകുപ്പുകളുടെ അപേക്ഷ പ്രകാരം ഈ ജോലികൾ നിർവ്വഹിക്കുവാൻ അനുവദിക്കാറുണ്ട്.

(ഡി) പഞ്ചായത്തുകൾ രേഖാമൂലം റോഡുകൾക്കുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ, ആയത് പരിശോധിക്കുകയും, അനുവദിക്കാൻ സാധിക്കുന്നതാണെങ്കിൽ ബോർഡിന്റെ അനുമതിയോടുകൂടി റോഡിന് 'എൻ.ഒ.സി.' നൽകുകയും ചെയ്തുവരുന്നു.

## കൃഷി വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ

55 (6129) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിവകുപ്പിന് കീഴിൽ നടപ്പാക്കിവരുന്ന കേന്ദ്ര/ സംസ്ഥാന കാർഷിക പദ്ധതികൾ ഏതെല്ലാമെന്നും ഇവയ്ക്ക് ഓരോന്നിനും ലഭ്യമായ കേന്ദ്രസഹായവും സംസ്ഥാന ഫണ്ടും എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് എത്ര കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്നും എത്ര പേർ താൽക്കാലിക / ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇവരിൽ 5 വർഷത്തിൽ കൂടുതലായി ജോലിചെയ്യുന്ന താൽക്കാലിക / ദിവസവേതന ജീവനക്കാർ എത്ര പേരുണ്ടെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന കേന്ദ്ര പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും നോൺപ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മറ്റ് ക്ഷേമ പദ്ധതികളുടെയും വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഓരോ പദ്ധതിക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയാണ് വിനിയോഗിക്കുന്നത്. ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*. എന്നാൽ കേന്ദ്ര പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഓരോ പദ്ധതിക്കും കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ ലഭ്യമാക്കുന്നത്. നടപ്പു സാമ്പത്തിക വർഷം കേന്ദ്ര പദ്ധതികൾക്ക് ലഭ്യമായ സഹായവും സംസ്ഥാന ഫണ്ടും ചുവടെ ചേർക്കുന്നു:

1. കൃഷി ഉന്നതി യോജന (അംബ്രല്ല സ്കീം) 60% കേന്ദ്രാവിഷ്കൃതം - ആത്മ പദ്ധതി:

| | |
|---|---|
| ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം | - 2000 ലക്ഷം രൂപ |
| കേന്ദ്ര വിഹിതം | - 3000 ലക്ഷം രൂപ |
| ലഭ്യമായ കേന്ദ്ര സഹായം | - 503.74 ലക്ഷം രൂപ |
| സംസ്ഥാന സഹായം | - 335.82 ലക്ഷം രൂപ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. <u>കൃഷി ഉന്നതിയോജന (അംബ്രല്ല സ്കീം) 60% കേന്ദ്രാവിഷ്കൃതം - മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ</u> :

- വൃഷ്ടി പ്രദേശ വികസനം
- മണ്ണ് ആരോഗ്യ പരിപാലനം
- സോയിൽ ഹെൽത്ത് കാർഡ്
- ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ
- നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ
- കാർഷിക യന്ത്രവത്ക്കരണം
- വിത്തും നടീൽ വസ്തുക്കളുടെയും ഉപമിഷൻ
- ഓർഗാനിക് ഫാമിംഗ് (പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)
- പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.)
- നാളികേര വികസന ബോർഡ് പദ്ധതി-പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം
- രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി
- നാഷണൽ ഇ-ഗവേണൻസ് പദ്ധതി (എൻ.ഇ.ജി.പി.എ.)
- ദേശീയ ബയോഗ്യാസ് പദ്ധതി.

പ്രസ്തുത പദ്ധതികളിൽ ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ, ഓർഗാനിക് ഫാമിംഗ് പി.കെ.വി.വൈ., എൻ.ഇ.ജി.പി.എ. എന്നീ പദ്ധതികൾക്ക് 2015-16 കാലയളവിൽ ലഭ്യമായ തുകയാണ് നടപ്പുസാമ്പത്തിക വർഷം വിനിയോഗിക്കുന്നത്. 2016-17 -ൽ കാർഷിക യന്ത്രവത്ക്കരണം, നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾക്കാണ് കേന്ദ്ര സഹായം ലഭിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതി | കേന്ദ്ര വിഹിതം (രൂപ ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| ആർ.കെ.വി.വൈ. | 78.86 | 52.57 |
| ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ | 101.25 | 24.6 |
| നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ | 1000 | 666.67 |
| ഓർഗാനിക് ഫാമിംഗ് (പി.കെ.വി.വൈ.) | 382.22 | 254.813 |
| കാർഷിക യന്ത്രവത്ക്കരണം | 100 | 66.67 |
| എൻ.ഇ.ജി.പി.എ. | 231.176 | 116.93 |

നാഷണൽ ബയോഗ്യാസ് പദ്ധതി റീ-ഇമ്പേഴ്സ്മെന്റ് സ്കീം ആയതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുകയാണ് വിനിയോഗിക്കുന്നത്. 2016-17-ൽ പദ്ധതിക്കായി വകയിരുത്തിയ തുക 385 ലക്ഷം രൂപയാണ്.

(ബി) കൃഷി വകുപ്പിൽ ജില്ലാ തലത്തിൽ 28 ജോയിന്റ് ഡയറക്ടർമാരും കൂടാതെ ഡെപ്യൂട്ടി ഡയറക്ടർ - 112, അസിസ്റ്റന്റ് ഡയറക്ടർ - 210, കൃഷി ഓഫീസർ - 1171, കൃഷി അസിസ്റ്റന്റ് - 3071 എന്നിങ്ങനെ അനുവദനീയമായ തസ്തികകളിൽ ഉദ്യോഗസ്ഥർ ഉണ്ട്. താൽക്കാലിക കോൺട്രാക്ട് ജീവനക്കാർ വിവിധ പദ്ധതികളുടെ ഭാഗമായി 1393 പേർ ഈ വകുപ്പിൽ ജോലി ചെയ്തുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

**കൃഷി ഭവനുകളുടെ പ്രവർത്തനം മെച്ചമാക്കാൻ നടപടി**

56 (6130) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പ്രവർത്തനം ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ പ്രവർത്തനം നിലച്ചമട്ടിലും മന്ദീഭവിച്ചതുമായിട്ടുണ്ടായിരുന്ന കൃഷിഭവനുകൾ ഏതെല്ലാമെന്നും ഇവയെ പ്രവർത്തനക്ഷമമാക്കാൻ ഈ സർക്കാർ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ കൃഷി വകുപ്പിൽ നിന്നും എത്ര ശതമാനം ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർ വിന്യസിച്ചു എന്നും ഇത് കൃഷി വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചുവോ എന്നും എങ്കിൽ എന്തുമാത്രമെന്നും വ്യക്തമാക്കുമോ;

(ഡി) ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടത്തിൽ ഭക്ഷ്യവിളകളുടെ ഉല്പാദനം തുടങ്ങി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത് എന്നും ആയതിനായി കൃഷി ഭവൻ പ്രവർത്തനം മെച്ചമാക്കാൻ എന്തുനടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ പ്രതിമാസ യോഗങ്ങളിലും, ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും, നോഡൽ ഓഫീസർമാരായ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും കൃഷി ഭവന്റെ പ്രവർത്തനവും പദ്ധതി നിർവ്വഹണവും വിലയിരുത്താറുണ്ട്.

(ബി) കൃഷി ഭവനുകളുടെ പ്രവർത്തനം പ്രസ്തുത കാലയളവിൽ നിലയ്ക്കുകയോ, മന്ദീഭവിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പാകപ്പിഴകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി ഭവന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കൃഷി ഓഫീസർമാരുടെ ഒഴിവുള്ള കൃഷി ഭവനുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പി.എസ്.സി. മുഖേനയും നിയമനം നടത്തിവരുന്നു. കൃഷി ഭവനുകൾ പ്രവർത്തനക്ഷമമാക്കാൻ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വിജ്ഞാന വ്യാപനത്തിന് ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും വാഹന സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷി വകുപ്പിൽനിന്നും 197 ക്ലറിക്കൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കുകയുണ്ടായി. ക്ലറിക്കൽ ജീവനക്കാരുടെ പുനർവിന്യാസം കൃഷി വകുപ്പിലെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. ടി വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) പ്രധാന കാർഷിക വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറികൾ, പ്രാദേശികമായി അനുയോജ്യമായ മറ്റ് കാർഷിക വിളകൾ എന്നിവയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തി കർഷകന് പരമാവധി വരുമാനം നേടിക്കൊടുത്ത് കാർഷിക മേഖല ആദായകരവും ആകർഷകവുമാക്കുവാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. യന്ത്രവത്ക്കരണം, പ്രത്യേക കാർഷിക മേഖലകൾ കേന്ദ്രീകരിച്ച് അനുയോജ്യമായ വിളകളുടെ കൃഷി ഊർജ്ജിതപ്പെടുത്തൽ, വിപണിക്കനുസൃതമായ പ്രൊഡക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഉത്പാദനം ക്രമപ്പെടുത്തി കാർഷിക ഉത്പന്നങ്ങൾക്ക് ശക്തമായ വിപണന സൗകര്യം പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും കൃഷി വ്യാപിപ്പിക്കലും തുടങ്ങിയ മേഖലകളിലാണ് കൃഷി വകുപ്പ് ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നത്. ഈ പരിപാടികളിൽ എല്ലാംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

## കൃഷി ഭവനുകളുടെ ആധുനികവത്കരണം

57 (6131) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൃഷി ഭവനുകളുടെ ആധുനികവൽക്കരണം പരിഗണനയിലുണ്ടോ;

(ബി) ഇന്റർനെറ്റ് കണക്റ്റിവിറ്റി തുടങ്ങിയവ എല്ലാ കൃഷി ഭവനുകളിലും ലഭ്യമാണോ;

(സി) ഇത്തരം സൗകര്യങ്ങൾ ലഭ്യമല്ലാത്ത കൃഷി ഭവനുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ;

(ഡി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കൃഷി ഭവനുകളിൽ നടത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ കൃഷി ഭവനുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി കൃഷി വകുപ്പിനുവേണ്ടി BSNL- ന്റെ ഒരു സ്പെഷ്യൽ പ്ലാൻ (BBG ULD Combo 945) നടപ്പിലാക്കിവരുന്നു. ഇതിനു സാധിക്കാത്ത സ്ഥലങ്ങളിൽ WiMAX Plan under BUW1850/WLL കണക്ഷൻ നൽകിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യം ഓരോ കൊല്ലവും പുതുക്കുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഫണ്ടും നൽകിവരുന്നു.

(ഡി) 2012-13 കാലഘട്ടം മുതൽ ആരംഭിച്ച കർഷക രജിസ്ട്രേഷൻ പദ്ധതിയിൽ ഇതിനകം 18.70 ലക്ഷം കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. www.kisan.gov.in എന്ന കർഷക ഡേറ്റാബേസിൽ കർഷകരുടെ ഓൺലൈൻ ഡേറ്റാ എൻട്രി പൂർത്തിയാക്കി വരുന്നു. കർഷക രജിസ്ട്രേഷനും ഇ-പേമെന്റും എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറിയ അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ്.എം.എസ്. ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇപ്രകാരം, തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. മൊത്തം സബ്സിഡി തുക കോർ ബാങ്കിംഗ് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in എന്ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. ആധുനികവത്കരണത്തിന്റെ ഭാഗമായി സോഷ്യൽ മീഡിയ സംരംഭങ്ങളിലൂടെ ഇലക്ട്രോണിക് കാർഷിക വിജ്ഞാന വ്യാപനം നടത്തുന്നതിനായി കൃഷി ഭവനുകളെ സജ്ജമാക്കുന്നതിനായി "കാർഷിക വികസനത്തിനായി സോഷ്യൽ മീഡിയയുടെ സമന്വയം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**കൃഷി വകുപ്പിൽ മാനദണ്ഡം പാലിക്കാതെ നിയമനം**

58 (6132) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിലെ മാനദണ്ഡം പാലിക്കാതെയുള്ള നിയമനം അന്വേഷിക്കുമെന്ന 13-10-2016-ലെ പത്ര പ്രസ്താവനയെ തുടർന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻകാലങ്ങളിൽ താൽക്കാലികമായി നിയമിച്ച ജീവനക്കാരെ കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്കും ദിവസവേതനക്കാരെ അടിയന്തരമായും പിരിച്ചുവിടുന്നതിനും ആവശ്യമാണെങ്കിൽ വ്യാപകമായ പരസ്യം നൽകി മാനദണ്ഡങ്ങൾക്കനുസരിച്ച് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിന് No CA 77/DA/2016 നമ്പർ സർക്കുലർ പ്രകാരം കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇൻഫർമേഷൻ കിയോസ്കുകൾ

59 (6133) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-നു ശേഷം എൻ.ഇ.ജി.പി. പ്രകാരം കൃഷി വകുപ്പിന് എത്ര ഇൻഫർമേഷൻ കിയോസ്കുകൾ ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) കിയോസ്കുകൾ ഇനിയും സ്ഥാപിക്കാത്ത സ്ഥലങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) കിയോസ്കുകൾ സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവായിട്ടുണ്ട്?

ഉത്തരം

(എ) 2010, 2011, 2012 എന്നീ വർഷങ്ങളിൽ എൻ.ഇ.ജി.പി. പദ്ധതി പ്രകാരം കൃഷി വകുപ്പിന് ഇൻഫർമേഷൻ കിയോസ്കുകൾ ലഭിച്ചിട്ടില്ല. 2013-ൽ കേന്ദ്ര സർക്കാർ 76 കിയോസ്കുകൾ കൃഷി വകുപ്പിന് ലഭ്യമാക്കി.

(ബി) 2013-ൽ ലഭിച്ച 76 കിയോസ്കുകൾ സ്ഥാപിച്ചു കഴിഞ്ഞു.

(സി) നാഷണൽ ഇ-ഗവേണൻസ് പ്ലാൻ-അഗ്രികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ നൽകിയ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, യു.പി.എസ്., കിയോസ്ക്സ് എന്നിവ സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ നേരിട്ട് തുക ചെലവഴിക്കുകയാണുണ്ടായത്.

## എൻഡോസൾഫാൻ ബാധിതർക്ക് പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും സാമ്പത്തിക സഹായം

60 (6134) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ രോഗ ബാധയ്ക്കു കാരണമായ കെമിക്കൽസ് പ്ലാന്റേഷൻ കോർപ്പറേഷൻ ഏതു കാലഘട്ടത്തിലാണ് 'സ്പ്രേ ' ചെയ്തതെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഹെലികോപ്റ്റർ മുഖേന കെമിക്കൽസ് 'സ്പ്രേ ' ചെയ്തതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലഘട്ടത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ചെയർമാനും എം.ഡി.-യും ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും എൻഡോസൾഫാൻ രോഗ ബാധിതർക്ക് എന്തെങ്കിലും സാമ്പത്തിക സഹായമോ നഷ്ടപരിഹാരമോ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 1983 മുതൽ 2000-01 വരെയാണ് എൻഡോസൾഫാൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ സ്പ്രേ ചെയ്തത്.

(ബി) കോർപ്പറേഷന്റെ കാസർഗോഡ്, രാജപുരം, ചീമേനി, മണ്ണാർക്കാട് എന്നീ എസ്റ്റേറ്റുകളിലാണ് ഹെലികോപ്റ്റർ മുഖേന എൻഡോസൾഫാൻ സ്പ്രേ ചെയ്തത്.

(സി) മാനേജിംഗ് ഡയറക്ടേഴ്സ്

| | | | |
|---|---|---|---|
| ശ്രീ. റ്റി. എസ്. നായർ | 18-5-1981 | - | 18-5-1984 |
| ശ്രീ. എൻ. കെ. ഗോപാലകൃഷ്ണൻ | 18-5-1984 | - | 28-2-1988 |
| ശ്രീ. എം. എസ്. ജോസഫ് IAS | 28-2-1988 | - | 2-5-1988 |
| ശ്രീ. കുരുവിള ജോൺ IAS | 2-5-1988 | - | 19-7-1989 |
| ശ്രീ. കെ. ശിവപ്രസാദ് | 19-7-1989 | - | 18-4-1990 |
| ശ്രീ. ഇ. കെ. ഭരത് ഭൂഷൻ IAS | 18-4-1990 | - | 28-11-1990 |
| ശ്രീ. വിനോദ് റായ് IAS | 29-11-1990 | - | 19-12-1990 |
| ശ്രീ. എൻ. വിജയകുമാർ | 20-12-1990 | - | 24-9-1991 |
| ശ്രീ. എ. രാമചന്ദ്രൻ | 24-9-1991 | - | 10-10-1991 |
| ഡോ. ജേക്കബ് തോമസ് IPS | 11-10-1991 | - | 25-8-1992 |
| മേജ. ജന. പി. എം. മേനോൻ | 26-8-1992 | - | 18-8-1995 |
| ഡോ. ജേക്കബ് തോമസ് IPS | 18-8-1995 | - | 20-12-1995 |
| ശ്രീ. അമർനാഥ് ഷെട്ടി IFS | 20-12-1995 | - | 3-4-1996 |
| ശ്രീ. കെ. കെ. ശ്രീവാസ്തവ IFS | 3-4-1996 | - | 8-4-1997 |
| ശ്രീ. സി. എസ്. സചിത് | 8-4-1997 | - | 24-11-1997 |
| ശ്രീ. കെ. പി. ഔസേഫ് IFS | 24-11-1997 | - | 6-6-2001 |
| ശ്രീ. എൻ. മോഹൻ കുമാർ (i/c) | 6-6-2001 | - | 12-11-2001 |

<u>ചെയർമാൻ</u>

| | | | |
|---|---|---|---|
| CAV.T.U. കുരുവിള | 10-11-1982 | - | 18-4-1987 |
| ശ്രീ. എം. എസ്. ജോസഫ് IAS | 18-4-1987 | - | 27-10-1987 |
| ശ്രീ. വി. റ്റി. തോമസ് | 27-10-1987 | - | 23-11-1990 |
| ശ്രീ. വിനോദ് റായ് IAS | 23-11-1990 | - | 13-12-1990 |
| ശ്രീ. കെ. പി. പ്രഭാകരൻ | 13-12-1990 | - | 30-6-1991 |
| ശ്രീ. എം. എസ്. ജോസഫ് IAS | 1-7-1991 | - | 3-9-1992 |
| മേജ. ജന. പി.എം. മേനോൻ | 4-9-1992 | - | 17-10-1993 |
| ശ്രീ. എൻ. പി. മൊയ്തീൻ | 18-10-1993 | - | 6-6-1996 |
| ശ്രീ. വി. കൃഷ്ണമൂർത്തി IAS | 6-6-1996 | - | 30-10-1996 |
| അഡ്വ. പി. കെ. ചിത്രഭാനു | 30-10-1996 | - | 6-6-2001 |
| ശ്രീ. പി. കെ. മൊഹന്തി IAS | 6-6-2001 | - | 7-7-2001 |
| ശ്രീമതി കെ. ബി. വത്സലകുമാരി IAS | 7-7-2001 | - | 21-8-2001 |

(ഡി) എൻഡോസൾഫാൻ രോഗ ബാധിതർക്ക് നഷ്ടപരിഹാരം നൽകാനായി സർക്കാർ നിർദ്ദേശമനുസരിച്ച് പ്ലാന്റേഷൻ കോർപ്പറേഷൻ കാസർഗോഡ് ജില്ലാ കളക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഒന്നാം ഗഡുവായി 27.0425 കോടി രൂപ 4-6-2012-ലും രണ്ടാം ഗഡുവായി 26.0625 കോടി രൂപ 20-2-2014-ലും (ആകെ 53.105 കോടി രൂപ) നൽകിയിട്ടുണ്ട്.

**തിരൂരങ്ങാടിയിലെ കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്തുകൾ**

61 (6135) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നെല്ലറ എന്ന് അറിയപ്പെടുന്ന തിരൂരങ്ങാടിയിലെ വിവിധ പാടശേഖരങ്ങളിലെ കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്തുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കർഷകർക്ക് വളങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇവിടുത്തെ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില കാലതാമസമില്ലാതെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗുണമേന്മയുള്ള നെൽവിത്തുകൾ സംസ്ഥാന വിത്തു വികസന അതോറിറ്റി, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട് കൂടാതെ നെൽവിത്തിന് സബ്സിഡി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ മുഖേന കർഷകർക്ക് നൽകി വരുന്നുമുണ്ട്. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്ന തിനായുള്ള കൃഷി വകുപ്പിലെ പദ്ധതി മുഖേന ഹെക്ടറിന് 3,600 രൂപ നിരക്കിൽ നെൽവിത്തിന് സബ്സിഡി നൽകി വരുന്നുണ്ട്. കൂടാതെ നെൽവിത്ത് ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾക്ക് ഹെക്ടറിന് 1,500 രൂപ നിരക്കിൽ സബ്സിഡി സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിലൂടെ കൃഷി വകുപ്പ് നൽകിവരുന്നുണ്ട്.

(ബി) സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ കർഷകർക്ക് വളം ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾക്ക് സബ്സിഡി ഇ-പേമെന്റ് ആയി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി വരുന്നുണ്ട്.

(സി) നെല്ല് സംഭരണത്തിനായി 2016-17-ലെ ബഡ്ജറ്റിൽ 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സമയബന്ധിതമായി നെൽവില നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണമേന്മ**

62 (6136) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിൽക്കപ്പെടുന്ന ജൈവ വളങ്ങളുടേയും കീടനാശിനികളുടേയും ഗുണമേന്മ നിശ്ചയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഗുണമേന്മയില്ലാത്ത ജൈവ വളങ്ങളും കീടനാശിനികളും കർഷകർക്ക് വിൽപ്പന നടത്തി അവരെ വഞ്ചിതരാക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജൈവകൃഷി ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പാക്കേജ് ഓഫ് പ്രാക്ടീസ് കാർഷിക സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) നെല്ല്, വാഴ, പച്ചക്കറി, കുരുമുളക്, ഏലം എന്നീ വിളകളിൽ ജൈവ കൃഷി ലാഭകരമാണെന്ന് തെളിയിക്കാൻ കൃഷി വകുപ്പോ കാർഷിക സർവ്വകലാശാലയോ പരീക്ഷണങ്ങളോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് വളം ഉത്പാദനം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുന്നതിനായി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO) 1985 പ്രകാരവും കീടനാശിനികളുടെ ഉത്പാദനം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുന്നതിനായി ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരവും കൃഷി വകുപ്പ് ലൈസൻസിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. രാസവളങ്ങളുടെ ഗുണമേന്മ പരിശോധനയ്ക്കായി രണ്ട് പരിശോധനാശാലകളും രാസകീടനാശിനികളുടെ പരിശോധനയ്ക്കായി ഒരു പരിശോധനാശാലയും കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO) 1985-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ജൈവവളങ്ങൾക്കും ഇൻസെക്ടിസൈഡ്സ് ആക്ട് 1968 ഉൾക്കൊള്ളിച്ചിരിക്കുന്ന ജൈവ കീടനാശിനികൾക്കുമാണ് ഗുണനിലവാര പരിശോധനാ സംവിധാനവും ലൈസൻസിംഗ് സംവിധാനവും നിലവിലുള്ളത്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് (RCOF) എന്ന സ്ഥാപനത്തെയാണ് ജൈവ വളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഗുണ നിലവാര പരിശോധനയ്ക്കായി ആശ്രയിക്കുന്നത്. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ ഒരു ജൈവ/ജീവാണുവള ഗുണനിലവാര പരിശോധനാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് ജൈവ കൃഷിക്ക് പ്രചാരമേറിയതോടെ ജൈവ വളങ്ങളുടെയും ജൈവകീടനാശിനികളുടെയും ആവശ്യകത ക്രമമായി വർദ്ധിപ്പിക്കുകയും നിരവധി ഉത്പന്നങ്ങൾ വിപണിയിൽ വില്പനയ്ക്ക് എത്തുകയും ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO) 1985-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചുരുക്കം ചില ജൈവവളങ്ങളുടെ സാമ്പിളുകൾ മാത്രമാണ് ബാംഗ്ലൂരിലെ റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് (RCOF) -ന്റെ സഹായത്തോടെ ഇപ്പോൾ പരിശോധന നടത്തി വരുന്നത്. എന്നാൽ ഇത്തരം പരിശോധനകളിൽനിന്നും ഗുണനിലവാരമില്ലാത്ത ജൈവവളങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ജൈവ ജീവാണു വളങ്ങൾക്ക് ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO) 1985 പ്രകാരം ഉത്പാദന വിതരണ വില്പന ലൈസൻസ് വേണമെന്ന നിബന്ധന കേന്ദ്ര സർക്കാർ നീക്കം ചെയ്തിട്ടുണ്ട്. ജൈവ കീടനാശിനികളിൽ ജീവാണു കീടനാശിനികൾ ഒഴികെയുള്ള മിക്ക സസ്യജന്യ കീടനാശിനികളും ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള

തല്ലാത്തതിനാൽ അത്തരം കീടനാശിനികളുടെ വിതരണവും വില്പനയും നിയന്ത്രിക്കുവാനും ഗുണപരിശോധന ഉറപ്പാക്കാനും നിലവിൽ സംവിധാനമില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യ ഉത്പാദനത്തിന് സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാനായി സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 110/16 അഗ്രി, തീയതി 24-6-2016 പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഉന്നതതല സമിതി ഇക്കാര്യങ്ങൾ പരിശോധിച്ചു വരുന്നു. ഇതിൻപ്രകാരം സംസ്ഥാനത്ത് വിറ്റഴിക്കുന്ന സസ്യജന്യ ജൈവ കീടനാശിനികളുടെ വിവരശേഖരം നടത്തുന്നതിനും സംസ്ഥാനത്തിന് പുറത്തുള്ള അംഗീകൃത ലബോറട്ടറികളുടെ സഹായത്തോടെ ഇവയുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കൃഷി വകുപ്പ് പരീക്ഷണങ്ങളോ പഠനങ്ങളോ നടത്തിയിട്ടില്ല. കാർഷിക സർവ്വകലാശാല നടത്തിയിട്ടുണ്ട്.

**നെൽകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി കുടിശ്ശിക**

63 (6137) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നെൽകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി ഇനത്തിൽ ഇനിയും കൊടുത്തു തീർക്കാൻ തുകയുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഈ ഇനത്തിൽ കൊടുത്തു തീർക്കാൻ അവശേഷിക്കുന്ന തുക അടിയന്തരമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ നെൽകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി ഇനത്തിൽ ഇതുവരെ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 1 കോടി 78 ലക്ഷം രൂപ കൊടുത്തു തീർക്കുവാനുണ്ട്.

(ബി) റവന്യൂ വകുപ്പ് മുഖാന്തരമാണ് ഈ തുക നൽകേണ്ടത്. പമ്പിംഗ് സബ്സിഡി ഇനത്തിൽ ഇനിയും കൊടുത്തുതീർക്കാൻ അവശേഷിക്കുന്ന തുക കൊടുത്തു തീർക്കുന്നതിനുള്ള നടപടി ലാന്റ് റവന്യൂ കമ്മീഷണറുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

## ഹോർട്ടികോർപ്പ് വഴി പച്ചക്കറി വിതരണം

64 (6138) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് വഴി കർഷകരിൽ നിന്നും വിപണി വിലയ്ക്ക് തുല്യമായ വില നൽകി സംഭരിച്ച് ന്യായമായ നിരക്കിൽ വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തുടനീളം ഹോർട്ടികോർപ്പിന്റെ വിപണന ശാലകൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ., കൃഷി ഭവനുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർക്ക് ന്യായവില നൽകി പരമാവധി ഉത്പന്നങ്ങൾ ഇടത്തട്ടുകാരെ ഒഴിവാക്കി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ചുവരുന്നു. ഈ കഴിഞ്ഞ ഓണക്കാലത്ത് മാർക്കറ്റ് വിലയേക്കാൾ 10% വില കൂട്ടി നൽകിയാണ് കർഷകരിൽനിന്നും പഴം പച്ചക്കറികൾ സംഭരിച്ചത്. ഇപ്രകാരം സംഭരിച്ച പച്ചക്കറി മാർക്കറ്റ് വിലയേക്കാൾ 30% കുറഞ്ഞ നിരക്കിലാണ് ഉപഭോക്താക്കൾക്ക് വിറ്റഴിച്ചത്. ഇതുമൂലം കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിനും ഹോർട്ടികോർപ്പിന് സാധിച്ചു.

(ബി) വിപണനശാലകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംഭരണ വിതരണ കേന്ദ്രങ്ങൾ ഇല്ലാത്ത മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ അവ ആരംഭിക്കുന്നതിനും ഔട്ട്‌ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള 149 വിപണന കേന്ദ്രങ്ങൾ വരുന്ന ഒരു വർഷത്തിനുള്ളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 500 എണ്ണമാക്കി വർദ്ധിപ്പിക്കുന്നതിനാണ് ഹോർട്ടികോർപ്പ് ലക്ഷ്യമിടുന്നത്. ഇതോടെ സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഹോർട്ടികോർപ്പിന്റെ വിപണന കേന്ദ്രങ്ങൾ ഉണ്ടാകും.

**ഹോർട്ടികൾച്ചർ മിഷൻ ഇടപാടുകളിലെ സുതാര്യത**

65 (6139) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ എത്ര സ്ഥാപനങ്ങൾ ഓരോ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) സ്ഥാപനത്തിലേക്ക് ആവശ്യമായ പഴങ്ങളും-പച്ചക്കറികളും എവിടെ നിന്നൊക്കെയാണ് ശേഖരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഇടപാടുകൾ സുതാര്യമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയ്ക്ക് ജില്ലകളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. എന്നാൽ എല്ലാ ജില്ലകളിലും കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടികൾച്ചർ)-ന്റെ നേതൃത്വത്തിലുള്ള ഒരു ടീം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അതത് ജില്ലാ കൃഷി ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള പഴങ്ങളും പച്ചക്കറികളും ശേഖരിക്കുന്നില്ല.

**കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി**

66 (6140) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നയപരമായ തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കാർഷികോത്പാദന വർദ്ധനവിന്റെ കാര്യത്തിൽ സംസ്ഥാനം കൈവരിച്ച പുരോഗതി വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തരിശായി കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും കണ്ടെത്തി കൃഷിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പലിശരഹിത വായ്പയടക്കം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഭക്ഷ്യവിളകൾക്ക് കൂടുതൽ ഊന്നൽ നൽകി. സംയോജിത കൃഷി രീതി സാർവ്വത്രികമാക്കാനാണ് ലക്ഷ്യമിടുന്നത്. അടുത്ത 5 വർഷം കൊണ്ട് നെൽകൃഷി നിലവിലെ 2 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനും ജൈവ പച്ചക്കറി കൃഷി 50000 ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുവാനും ലക്ഷ്യമിടുന്നു. വിത്തു മുതൽ വിപണി വരെയുള്ള എല്ലാ സംവിധാനങ്ങളും സമന്വയിപ്പിച്ച് പരമാവധി ഉല്പാദനം കൈവരിക്കുവാനും മെച്ചപ്പെട്ട വിപണന സംവിധാനം കൊണ്ടുവന്ന് കർഷകന് പരമാവധി വരുമാനം ലഭ്യമാക്കി കൃഷി ലാഭകരമായ ഒരു സംരംഭമാക്കി മാറ്റുവാനും കർഷകനെ "ഒരു കാർഷിക സംരംഭകനായി" ഉയർത്തുവാനും ഉദ്ദേശിക്കുന്നു.

(സി) ഏത്തവാഴ, മറ്റ് വാഴയിനങ്ങൾ, കുരുമുളക്, പൈനാപ്പിൾ, പപ്പായ, മരച്ചീനി, അടയ്ക്ക, എള്ള്, കൊക്കോ, ജാതിക്ക എന്നീ വിളകളിൽ ഗണ്യമായ ഉല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

**ഹോർട്ടികോർപ്പുകളിലൂടെ വിതരണം ചെയ്തുവരുന്ന പച്ചക്കറികൾ/പഴവർഗ്ഗങ്ങൾ**

67 (6141) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോർട്ടികോർപ്പുകളിലൂടെ വിതരണം ചെയ്തുവരുന്ന പച്ചക്കറികൾ/പഴവർഗ്ഗങ്ങൾ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സംസ്ഥാനത്തിനകത്തുനിന്നും വാങ്ങി വില്പന നടത്തുന്നത് എത്ര ശതമാനം വരുമെന്നും ഇത്തരം വില്പന കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന പഴവർഗ്ഗങ്ങളും പച്ചക്കറികളും ജൈവീകമായവയാണോ എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ കർഷകരിൽനിന്നും ലഭ്യമല്ലാത്തതും ആവശ്യമുള്ളത്ര അളവിൽ ലഭിക്കാത്തതുമായ പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നും സംഭരിച്ച് വരുന്നു.

(ബി) സംസ്ഥാനത്തിനകത്തുനിന്നും ഏകദേശം നാല്പത് ശതമാനത്തോളം പഴങ്ങളും പച്ചക്കറികളുമാണ് സംഭരിച്ച് വിപണനം ചെയ്യുന്നത്. ഇപ്രകാരം സംഭരിക്കുന്ന പച്ചക്കറികളുടെ സാമ്പിളുകൾ കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ ഇടയ്ക്കിടെ പരിശോധിക്കുകയും അവ വിഷരഹിതമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

**കൃഷി വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികളുടെ ആധുനികവൽക്കരണം**

68 (6142) <u>ശ്രീ. എസ്. ശർമ്മ</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പാദനത്തെയും ഉല്പാദനക്ഷമതയെയും വളരെയധികം ബാധിക്കുന്ന പ്രധാന ഘടകങ്ങളായ മണ്ണ് പരിശോധനയും വള പരിശോധനയും ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ണ്, വളം, കീടനാശിനി, വിത്ത് എന്നിവയുടെ സാമ്പിളുകൾ പരിശോധിക്കുന്ന കൃഷി വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികൾ വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ലാബുകളിൽ ലഭ്യമായ മിക്ക സാമഗ്രികളും വളരെ പഴയതും കാലപ്പഴക്കംമൂലം ഗുണമേന്മ കുറഞ്ഞതുമായതിനാൽ കൃത്യമായ പരിശോധനാ ഫലങ്ങൾ വേഗത്തിൽ നൽകാൻ പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം ലബോറട്ടറികളെ കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മണ്ണ് പരിശോധന ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിന് സംസ്ഥാനത്ത് 14 ജില്ലാ മണ്ണ് പരിശോധനാ ലാബുകളും 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകളും കൃഷി വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വളം ഉല്പാദനം, വിതരണം, വില്പന എന്നിവയ്ക്കായി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഉല്പാദനം/വിതരണം/വില്പന നടത്തുന്ന രാസവളങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ രണ്ട് രാസവള ഗുണനിലവാര പരിശോധനാശാലകൾ തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും ആയി പ്രവർത്തിച്ചു വരുന്നു.

(ബി) മണ്ണ് പരിശോധനാലാബുകൾ വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചവയാണെങ്കിലും "Modernization of Departmental Laboratories" എന്ന പദ്ധതിയുടെ ഭാഗമായി ആധുനിക ഉപകരണങ്ങൾ എല്ലാ മണ്ണ് പരിശോധനാ ലാബുകളിലും രാസവള പരിശോധനാ ലാബുകളിലും കീടനാശിനി പരിശോധനാ ലാബുകളിലും വിത്ത് പരിശോധനാ ലാബുകളിലും ലഭ്യമാക്കിയിട്ടുണ്ട്. സൂക്ഷ്മ മൂലകങ്ങളടക്കം പരിശോധിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഇപ്പോൾ ലാബുകളിൽ നിലവിലുണ്ട്. ഡിപ്പാർട്ട്മെന്റ് ലാബുകളുടെ നവീകരണത്തിനുള്ള പദ്ധതി പ്രകാരം ഓരോ വർഷവും പുതിയ ഉപകരണങ്ങൾ വാങ്ങുകയും നവീകരണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും നടത്തി വരികയും ചെയ്യുന്നു.

(സി) ഇല്ല. കാലപ്പഴക്കംമൂലം ഗുണമേന്മ കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ലബോറട്ടറികളുടെ നവീകരണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആയതിനാൽ പരിശോധനാ ഫലങ്ങൾ കൃത്യമായി തന്നെ താമസമില്ലാതെ നൽകി വരുന്നു.

(ഡി) മണ്ണ് പരിശോധന ലബോറട്ടറികളെ കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ National Mission on Sustainable Agriculture-ലെ Soil Health Management എന്ന പദ്ധതിയുടെ ഭാഗമായി മണ്ണ് പരിശോധനാ ലാബുകളുടെ ശാക്തീകരണത്തിന് തുക വകയിരുത്തിയിട്ടുണ്ട്. മണ്ണ്, വളം, കീടനാശിനി, വിത്ത് എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ പരിശോധനാ ശാലകളുടെയും നവീകരണത്തിനും നടത്തിപ്പിനും അടിസ്ഥാന സൗകര്യ വികസനത്തിനും നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനും 'മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റൽ ലബോറട്ടറീസ്' എന്ന പേരിൽ തുടർ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന് ആവശ്യമായ തുക ഓരോ വർഷവും വകയിരുത്തുന്നുണ്ട്.

**മണ്ണ് സംരക്ഷണ പദ്ധതി**

69 (6143) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പ് മണ്ണു സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ഇവാലുവേഷൻ നടത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വിലയിരുത്തൽ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ ജില്ലകളിലും മണ്ണു സംരക്ഷണ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1963-ൽ പ്രകൃതി വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് മണ്ണ് സംരക്ഷണ വകുപ്പ് നിലവിൽ വന്നു. തുടർന്ന് 1969 മുതൽ കൃഷി വകുപ്പിന്റെ കീഴിൽ സോയിൽ കൺസർവേഷൻ യൂണിറ്റായി പ്രവർത്തിച്ച് മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് പ്രകൃതി വിഭവ സംരക്ഷണവും പരിപാലനവും നീർത്തടാധിഷ്ഠിത വികസനവും മുൻഗണന നൽകേണ്ട വിഷയങ്ങളാണെന്ന് മനസ്സിലാക്കിക്കൊണ്ട് മണ്ണു പര്യവേഷണ സംരക്ഷണ വകുപ്പ് രൂപീകൃതമായി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പ് മുഖേന പ്രകൃതി വിഭവ സംരക്ഷണ, പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. മണ്ണു സംരക്ഷണവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിലയിരുത്തൽ വകുപ്പ് തലത്തിലും സർക്കാർ തലത്തിലും കൃത്യമായി നടത്താറുണ്ട്. സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് വർഷംതോറും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഇവാല്യൂവേഷൻ നടത്താറുണ്ട്. ഇത് കൂടാത ബാഹ്യ ഏജൻസികളായ അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, റ്റി.ഇ.ആർ.ഐ. എന്നീ ഏജൻസികളും വകുപ്പ് നടപ്പിലാക്കിയ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. 2-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി കേരളത്തിന്റെ 9 ജില്ലകളിലായി വകുപ്പ് നടപ്പിലാക്കിയ 26 ആർ.ഐ.ഡി.എഫ്. പദ്ധതികൾ അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ മുഖേന ജൂലായ് 2003 മുതൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കൂടാതെ 2006-ൽ സർക്കാർ അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ മുഖേന ആർ.ഐ.ഡി.എഫ്. 9, 10 ഘട്ടങ്ങളിൽ ഉൾപ്പെട്ടിരുന്ന 9 പദ്ധതികളുടെ അവലോകനവും ഭൗതിക സാമ്പത്തിക വിലയിരുത്തലും നടത്തിയിട്ടുണ്ട്. 8, 9 പഞ്ചവത്സര പദ്ധതി കാലയളവിൽ ദേശീയ നീർത്തട വികസന പദ്ധതിയിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ മുഖേന 2007-ൽ വിലയിരുത്തിയിട്ടുണ്ട്. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ ബാഹ്യ ഏജൻസികൾ മുഖേന വകുപ്പിന്റെ പദ്ധതികളുടെ വിലയിരുത്തലിനായി തുക വകയിരുത്തിയിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്., കുട്ടനാട് പാക്കേജ്, ചെക്ക് ഡാം പദ്ധതി എന്നിവയുടെ ഇവാല്വേഷൻ പ്രവർത്തനങ്ങൾ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാസർഗോഡ് നടപ്പിലാക്കിവരുന്നു.

(സി) വകുപ്പിന് ഇവാല്വേഷന് മാത്രമായി പ്രത്യേക വിഭാഗം നിലവിലില്ല. എങ്കിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും അവലോകനവും വിലയിരുത്തലും സ്ഥിരമായി നടത്താറുണ്ട്. കൂടാതെ ബാഹ്യ ഏജൻസികൾ മുഖേനയും വിലയിരുത്തൽ നടത്താറുണ്ട്.

(ഡി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ നിലവിൽ സംസ്ഥാനത്തുടനീളം മണ്ണ് പര്യവേഷണ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. തുടർന്നും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

## വളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാരം

70 (6144) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുകയും വില്പന നടത്തപ്പെടുകയും ചെയ്യുന്ന വളങ്ങൾ, കീടനാശിനികൾ എന്നിവ സർക്കാർ സംവിധാനം ഉപയോഗിച്ച് പരിശോധിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പരിശോധനയിൽ തുടർ കൃഷിക്കും മണ്ണിനും ദോഷകരമായ വളങ്ങളും കീടനാശിനികളും വിതരണം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വളം ഉല്പാദനം, വിതരണം, വില്പന എന്നിവയ്ക്കായി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വിതരണവും വില്പനയും നടത്തുന്ന രാസവളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ രണ്ട് രാസവള ഗുണനിലവാര പരിശോധനാശാലകൾ തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും ആയി പ്രവർത്തിച്ചു വരുന്നു.

സംസ്ഥാനത്ത് കീടനാശിനികളുടെ വിതരണവും വില്പനയും നടത്തുന്നതിന് ഇൻസെക്റ്റിസൈഡ് ആക്ട് 1968 പ്രകാരം ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വിതരണവും വില്പനയും നടത്തുന്ന കീടനാശിനികളുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്ത് ഒരു കീടനാശിനി പരിശോധനാശാല പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും ലബോറട്ടറികളിൽ പരിശോധന നടത്താനായി ശേഖരിക്കേണ്ടതായ വളങ്ങളുടെയും കീടനാശിനികളുടെയും സാമ്പിളുകളുടെ എണ്ണം എല്ലാ ജില്ലകൾക്കും കൃഷി ഡയറക്ടർ നിശ്ചയിച്ച് നൽകുകയും അതാത് ജില്ലകളിൽ പ്രവർത്തിക്കുന്ന കൃഷി ആഫീസർമാർ ഫെർട്ടിലൈസർ ഇൻസ്പെക്ടർ/ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർ എന്ന നിലയിൽ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന ഡിപ്പോകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ലാബുകളിലേക്ക് അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ബി&സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന രാസവളങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച മാനദണ്ഡങ്ങൾ FCO 1985 പ്രകാരം വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. നിശ്ചിത മാനദണ്ഡങ്ങൾ പുലർത്താത്ത രാസവള ഉല്പാദന/ വിതരണ/ വില്പനക്കാർക്കെതിരെ FCO 1985 അനുശാസിക്കുന്ന പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരമാണ് കീടനാശിനികളുടെ ഗുണമേന്മ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്ത കീടനാശിനി ഉല്പാദന/വിതരണ/വില്പനക്കാർക്കെതിരെ ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അംഗീകൃത രാസവളങ്ങളുടെയും കീടനാശിനികളുടെയും ശാസ്ത്രീയമായ ഉപയോഗം മണ്ണിനും തുടർകൃഷിക്കും ദോഷകരമല്ലെങ്കിലും ഇവയുടെ തുടർച്ചയായ ഉപയോഗം മണ്ണിന്റെ ഘടനയ്ക്കും ഭൗതിക സ്വഭാവങ്ങൾക്കും സാരമായ വ്യതിയാനം സൃഷ്ടിക്കുകയും അത് മണ്ണിനും തുടർകൃഷിക്കും ദോഷകരമായി മാറുകയും ചെയ്യുമെന്ന് പൊതു വിലയിരുത്തൽ നിലനിൽക്കുന്നുണ്ട്. ഇതുകൂടി കണക്കിലെടുത്താണ് സംസ്ഥാനത്ത് മാരകങ്ങളായ 17 കീടനാശിനികളുടെ വിതരണവും വില്പനയും ഉപയോഗവും നിരോധിക്കുകയും വിഷവീര്യം കൂടിയ 7 കീടനാശിനികളുടെ ഉപയോഗം നിയന്ത്രണ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

**നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലെ മണ്ണ് സംരക്ഷണം**

71 (6145) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മുതൽ 2016 മാർച്ച് വരെ നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിൽ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് എന്തൊക്കെ ജോലികൾ ചെയ്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

2011 മുതൽ 2016 മാർച്ച് വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിൽ മണ്ണു പര്യവേഷണ മണ്ണു സംരക്ഷണ വകുപ്പ് മുഖേന കേന്ദ്ര സർക്കാർ പദ്ധതിയായ ദേശീയ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അതിയന്നൂർ സബ് വാട്ടർഷെഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, അതിയന്നൂർ, തിരുപ്പുറം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട കൊടങ്ങാവിള, അതിയന്നൂർ, ഓലത്താന്നി മൈക്രോ വാട്ടർഷെഡ് പ്രദേശത്താണ് പദ്ധതി നടപ്പിലാക്കിയത്. 2014-15 കാലയളവിൽ പൂർത്തീകരിച്ച പ്രസ്തുത പദ്ധതിയിൽ 55.09 ലക്ഷം രൂപ ചെലവഴിച്ച് മൺകയ്യാല, കല്ലുകയ്യാല, മഴക്കുഴികൾ, തെങ്ങിൻതടം എടുക്കൽ, കിണർ പുനരുദ്ധാരണം, കിണർ നിർമ്മാണം, കൈത്തോടുകളുടെ പാർശ്വസംരക്ഷണം, കന്നുകാലിത്തൊഴുത്ത് നിർമ്മാണം, വിവിധ വിളകളുടെ പ്രദർശനത്തോട്ടം, ഉപഭോക്തൃ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ രൂപീകരണം, റിവോൾവിംഗ് ഫണ്ട് വിതരണം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്.

## മണ്ണുപര്യവേക്ഷണ വകുപ്പിൽ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ

72 (6146) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേക്ഷണ വകുപ്പിൽ യോഗ്യതയുള്ള ലാബ് അറ്റൻഡർമാർക്ക് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നല്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവ് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഈ വകുപ്പിൽ എത്ര ഫീൽഡ് അസിസ്റ്റന്റ് ഒഴിവുകൾ ഉണ്ട്;

(സി) ഇത്തരത്തിൽ വകുപ്പിലെ താഴ്ന്ന ജീവനക്കാർക്ക് പ്രൊമോഷൻ നല്കുന്നതിനായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂളിനായുള്ള നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ;

(ഡി) സ്പെഷ്യൽ റൂൾ നിലവിൽ വന്നതിന് ശേഷമേ മേലിൽ ഇത്തരം പ്രൊമോഷനുകൾ നടത്തുകയുള്ളൂ എന്ന ഉത്തരവ് ഏതെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ;

(ഇ) ഗവൺമെന്റ് സെക്രട്ടറിയുടെ 2-7-2016 ലെ 488714/ഇബി1/2016/കൃഷി നമ്പർ ഉത്തരവ് ഇപ്പോഴും നിലനില്ക്കുന്നുണ്ടോ; നിലനില്ക്കുന്നില്ലെങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിച്ചു കൊണ്ടുള്ള ഉത്തരവ് ഏതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മണ്ണ് പര്യവേക്ഷണ വകുപ്പിൽ ലാബ് അറ്റന്റർമാർക്ക് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് നിലവിൽ പ്രത്യേക ഉത്തരവുകളൊന്നും ഇല്ല. എന്നാൽ 6-5-1971-ലെ G.O.(Ms) No. 134/71/Agri നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ലാബ് അറ്റൻഡർമാർ ഉൾപ്പെടെയുള്ള താഴ്ന്ന ഗ്രേഡിലുള്ള എല്ലാ വിഭാഗക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റത്തിന് അർഹതയുണ്ട്.

(ബി) 5 ഒഴിവുകൾ.

(സി) ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്പെഷ്യൽ റൂൾ നിലവിലില്ല. എന്നാൽ 6-5-1971-ലെ G.O.(Ms) No. 134/71/Agri നമ്പർ എക്സിക്യൂട്ടീവ് ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയമനം നടത്തുന്നത്. കേരളാ സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

## കാർഷിക സർവ്വകലാശാലയിലെ ഒഴിവുകൾ

73 (6147) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ അസിസ്റ്റന്റ്, അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികകളിലേക്ക് എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതുവരെ എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചു; വിശദാംശം നൽകുമോ;

(ബി) ഒഴിവുകൾ നിലവിലുണ്ടായിട്ടും എല്ലാ ഒഴിവുകളും പി.എസ്.സി.-യെ യഥാസമയം അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയിൽ നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ 205 ഒഴിവുകളുണ്ട്. ഇതിൽ 103 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ ആരെയും നിയമിച്ചിട്ടില്ല. അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II എന്ന തസ്തിക സർവ്വകലാശാലയിൽ നിലവിലില്ല.

(ബി) കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെ തുടർന്ന് നിലവിൽ കാർഷിക സർവ്വകലാശാലയിലെ തസ്തികകളിലെ ജോലിഭാരം നിർണ്ണയിച്ച ശേഷം ഭരണസമിതി പരിശോധിച്ച് ബാക്കിയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യം തീരുമാനിക്കും എന്ന് സർവ്വകലാശാല ജനറൽ കൗൺസിൽ തീരുമാനിച്ചതിൻ പ്രകാരമാണ് മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യുവാൻ കഴിയാത്തത്. ഇക്കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ല.

(സി) 'ബി' പിരിവിലെ ഉത്തരത്തിൽ വ്യക്തമാക്കിയിരിക്കുന്നത് പ്രകാരം സർവ്വകലാശാല ഭരണസമിതി തീരുമാന പ്രകാരം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**കൺസ്ട്രക്ഷൻ ഫ്രീസോൺ**

74 (6148) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ചെറുതോണിയിൽ ഡാമിന്റെ ഷട്ടറുകൾ തുറന്നു വിട്ടാൽ ടൗൺ വെള്ളത്തിനടിയിലാകും എന്ന കെ.എസ്.ഇ.ബി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെറുതോണി ടൗണിനെ കൺസ്ട്രക്ഷൻ ഫ്രീസോണായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം വാഴത്തോപ്പ് പഞ്ചായത്തിൽ, ചെറുതോണി ടൗണിൽ കൺസ്ട്രക്ഷൻ ഫ്രീസോണിനുള്ളിൽ വരുന്ന പ്രദേശങ്ങളിൽ ഇതുവരെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം ചെറുതോണി ടൗണിൽ നിലനിൽക്കുന്ന നിർമ്മാണ നിരോധനവുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് ഏതെല്ലാം തീയതികളിൽ, എത്ര ചർച്ചകൾ നടത്തിയിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകളും ചർച്ചകളുടെ വിശദാംശങ്ങളും എടുത്ത തീരുമാനങ്ങളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുടുംബശ്രീ മുഖേന പൊലിവ്

75 (6149) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന 'പൊലിവ്' പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് ഉല്പന്നങ്ങളും അതത് പ്രദേശത്ത് തന്നെ വിപണന മേളകൾ സംഘടിപ്പിച്ച് വിപണനം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും വിപണി വിപുലീകരിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണയോടെ കാർഷിക മേളകളും കാർഷികോത്സവങ്ങളും സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കുടുംബശ്രീ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ആഴ്ച ചന്തയും മാസചന്തയും സംഘടിപ്പിക്കുന്നു. ഇതിനു പുറമേ ഉത്സവ ചന്തകൾ നടത്താറുണ്ട്. ഈ വർഷം മുതൽ ഓരോ ജില്ലയിലും ഓരോ പച്ചക്കറി ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പഞ്ചായത്തുകളുമായി ചേർന്ന് സ്ഥിരവിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ പഞ്ചായത്ത്, കൃഷി ഓഫീസ്, വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള) എന്നിവരുമായി സഹകരിച്ചാണ് വിപണി കണ്ടെത്തുന്നത്. ഇതിനു പുറമേ കാർഷിക ഉത്സവങ്ങളുടെ ഭാഗമായി കൊയ്ത്ത് ഉത്സവം, വിത്ത് പാകൽ ഉത്സവം, ഓണം-റംസാൻ, വിഷു, ക്രിസ്തുമസ് ചന്തകൾ എന്നിവ പഞ്ചായത്ത് തലങ്ങളിലും ജില്ലാ തലങ്ങളിലും സംഘടിപ്പിക്കാറുണ്ട്.

**കുടുംബശ്രീ പങ്കാളിത്തമുള്ള പദ്ധതികൾ**

76 (6150) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഏതെല്ലാം പദ്ധതികളിലാണ് കുടുംബശ്രീയുടെ പങ്കാളിത്തമുള്ളത്;

(ബി) ഏതെല്ലാം തരത്തിലുള്ള കണക്കെടുപ്പുകൾക്കായാണ് കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിക്കുന്നതിന് ആലോചിക്കുന്നത്;

(സി) കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇത് ഏതെല്ലാം തരത്തിൽ വിനിയോഗിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ആശ്രയ, ബഡ്സ്, ബാലസഭ, ജെന്റർ, ട്രൈബൽ, യുവശ്രീ, സമഗ്ര, സംഘകൃഷി ഗ്രൂപ്പുകൾ എന്നീ പ്രധാന പദ്ധതികൾക്കു പുറമേ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.), രാജീവ് ആവാസ് യോജന(ആർ.എ.വൈ.), സംയോജിത പാർപ്പിട ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.), ബേസിക് സർവ്വീസ് ഫോർ അർബൻ പുവർ (ബി.എസ്.യു.പി.), ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം.), ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം), ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്ല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.), മഹിള കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) മുതലായ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെയും നോഡൽ ഏജൻസിയായി കുടുംബശ്രീ പ്രവർത്തിച്ചു വരുന്നു. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ മുഖേന പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ബി.പി.എൽ. സർവ്വേ, സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുമായുള്ള ഒരു അഭിപ്രായ സർവ്വേ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (PMAY) പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നഗരസഭകളിൽ നടത്തിയ സർവ്വേ എന്നിവ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സർവ്വേകൾ, മറ്റു വകുപ്പുകളുടെ വിവിധ കണക്കെടുപ്പുകൾ തുടങ്ങിയവയും കുടുംബശ്രീ നടത്തിയിട്ടുണ്ട്. കണക്കെടുപ്പിന്റെ വ്യാപ്തിയും മറ്റു ഘടകങ്ങളും പരിഗണിച്ച്, കണക്കെടുപ്പുകൾ നടത്തുമ്പോൾ കുടുംബശ്രീയെ പരിഗണിക്കുന്നതാണ്. എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായുള്ള മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സർവ്വേയും കുടുംബശ്രീയെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി 130 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ആശ്രയ പദ്ധതിയുടെ വിപുലീകരണത്തിനായി 50 കോടി രൂപ കുടുംബശ്രീയ്ക്ക് അധികമായി വകയിരുത്തുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത തുക സംഘടന, സാമൂഹ്യ വികസനം, പ്രാദേശിക സാമ്പത്തിക വികസനം എന്നീ പദ്ധതികൾക്കായി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ലൈബ്രേറിയൻമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

77 (6151) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികളിൽ ലൈബ്രേറിയൻമാരെ നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടോ ;

(ബി) ഇത്തരം ലൈബ്രറികളിൽ ലൈബ്രേറിയൻമാരെ നിയമിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തെല്ലാം; എങ്ങനെയെന്ന് വിശദമാക്കാമോ;

(സി) നിലവിൽ തദ്ദേശ വകുപ്പിന് കീഴിൽ സ്ഥിര നിയമനം നേടിയ ലൈബ്രേറിയൻമാരുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വ്യവസ്ഥയുണ്ട്.

(ബി) 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ലൈബ്രറികളിൽ ലൈബ്രേറിയന്മാരെ നിയമിക്കുന്നതിന് യോഗ്യരായ (എസ്.എസ്.എൽ.സി./തത്തുല്യം, പബ്ലിക് എക്സാമിനേഷൻ ബോർഡിന്റെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ്/കേരള ഗ്രന്ഥശാല സംഘത്തിന്റെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ്) ഉദ്യോഗാർത്ഥികളിൽ നിന്നും പ്രൊമോഷൻ മുഖേനയോ അല്ലെങ്കിൽ 4 വർഷം സർവ്വീസുള്ള യോഗ്യരായ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേനയോ ഇവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം മുഖേനയോ നിയമിക്കാവുന്നതാണ്.

(സി) മുനിസിപ്പൽ കോമൺ സർവ്വീസിൽ 37 ലൈബ്രേറിയന്മാരാണുള്ളത്. ലൈബ്രേറിയന്മാരുടെ തസ്തിക നിലവിലുള്ള നഗരസഭകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. പഞ്ചായത്ത് വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.*

**പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച റോഡുകളുടെ കരാർ തുക**

78 (6153) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച റോഡുകളുടെ കരാർ തുക നൽകുന്നതിന് KSSRA മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിൽ ഇപ്പോൾ എത്ര രൂപയാണ് ബാലൻസുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കരാറുകാരുടെ എത്ര രൂപയുടെ അഡ്വിറ്റ് ചെയ്ത ബില്ലാണ് ഇപ്പോൾ കൊടുത്തു തീർക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) അക്കൗണ്ടിലുള്ള തുക കരാറുകാർക്ക് കൊടുക്കുന്നതിന് കാലതാമസത്തിന് കാരണം മുൻഗണനാക്രമം തെറ്റിച്ച് പണം നൽകിയതാണോ; വിശദമാക്കുമോ;

(ഡി) കൊടുത്ത് തീർക്കാനുള്ള കുടിശ്ശിക എന്നത്തേക്ക് കൊടുത്ത് തീർക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 52.12 കോടി രൂപ.

(ബി) 58.43 കോടി രൂപയുടെ ബില്ലുകൾ.

(സി) അല്ല.

(ഡി) കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം കൊടുത്തു തീർക്കുന്നതാണ്.

**ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

79 (6154) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ ഉൾപ്പെടാൻ അർഹരായിട്ടുള്ളതുമായ കുടുംബങ്ങൾക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; ബി.ഡി.ഒ.-യെ കൂടാതെ പഞ്ചായത്ത് സെക്രട്ടറിക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ലാറ്റോ ഉള്ളവർ, നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ എന്നീ വിഭാഗക്കാരെ ഒഴിവാക്കി നിലവിൽ ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. ആശ്രയ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ
2. മാനസികവും ശാരീരികമായും വൈകല്യമുള്ളവർ
3. ഓട്ടിസം ബാധിച്ചവർ
4. ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ
5. എയ്ഡ്സ്, കാൻസർ രോഗികൾ, ഡയാലിസിസിന് വിധേയരാകുന്നവർ
6. പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന ശയ്യാവലംബരായവരും.

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ കൂടാതെ പഞ്ചായത്ത് സെക്രട്ടറിക്കും ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പിഴ ഈടാക്കി അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുവാൻ നടപടി**

80 (6155) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി കെട്ടിടനിർമ്മാണം (വാസഗൃഹം/കോമേഴ്സ്യൽ കെട്ടിടങ്ങൾ) നടത്തിയവർക്ക് പിഴ ഈടാക്കികൊണ്ട് കെട്ടിട നമ്പർ നല്കാമെന്നുള്ളതിന് എന്തെങ്കിലും സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) എങ്കിൽ എന്നുമുതലാണ് ഈ ഉത്തരവിന് പ്രാബല്യം; വിശദമാക്കുമോ;

(സി) എന്നുമുതൽ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾക്കാണ് ഈ ഉത്തരവ് ബാധകമാകുന്നത്; വിവരിക്കുമോ;

(ഡി) വാസഗൃഹം അനധികൃതമായി നിർമ്മിച്ചവർക്കും കൊമേഴ്സ്യൽ കെട്ടിടങ്ങൾ നിർമ്മിച്ചവർക്കും നിയമാനുസരണം പിഴ ഈടാക്കി അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് കൊടുക്കുവാൻ നടപടി സ്വീകരിച്ചാൽ അത് വളരെ ആൾക്കാർക്ക് പ്രയോജനം ലഭിക്കുമെന്നത് മനസ്സിലാക്കി അനുകൂല നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജി.ഒ.(എംഎസ്.)39/14/തസ്വഭവ തീയതി 14-2-2014, ജി.ഒ.(പി) 108/15/തസ്വഭവ തീയതി 26-3-2015, ജി.ഒ.(എം.എസ്.) 150/14/തസ്വഭവ തീയതി 21-8-2014, ജി.ഒ.(പി.) 285/15/തസ്വഭവ തീയതി 14-9-2015 എന്നീ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) 2014-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ 17 ഫെബ്രുവരി 2014-ലും (ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി), 2014-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ 27 ആഗസ്റ്റ് 2014-ലും (ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി) പ്രാബല്യത്തിൽ വന്നിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ ചട്ടങ്ങൾ പ്രകാരവും 2013 മാർച്ച് 31-ാം തീയതി വരെ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരണത്തിന് പരിഗണനാർഹമാണ്. ടി ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്ന കെട്ടിടങ്ങളുടെ ക്രമവത്കരണത്തിനുള്ള അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, ജില്ലാ ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ മുഖേന സർക്കാരിന് ശിപാർശ സഹിതം സമർപ്പിക്കുന്നതിനും, തുടർന്ന് ക്രമവത്ക്കരണത്തിന് പരിഗണിക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ഡി) ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**റോഡ് കയ്യേറ്റം**

81(6156) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതിൽ കെട്ടിയും, കെട്ടിടം നിർമ്മിച്ചും റോഡ് കൈയ്യേറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കൈയ്യേറ്റക്കാരുടെ മേൽ സ്വീകരിച്ച് വരുന്ന നിയമ നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടപ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് പ്രകാരവും ഗ്രാമ പഞ്ചായത്തുകൾ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ ഏതാനും പഞ്ചായത്തുകളിൽ റോഡ് കയ്യേറ്റം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഇത്തരം കയ്യേറ്റക്കാർക്കെതിരെ പ്രാഥമിക നോട്ടീസ്, സ്റ്റോപ്പ് മെമ്മോ എന്നിവ നൽകി ടി നിർമ്മാണ പ്രവർത്തികൾ ബന്ധപ്പെട്ട കക്ഷിയുടെ ചെലവിൽ പൊളിച്ചു നീക്കുകയാണ് ചെയ്തുവരുന്നത്. എന്നാൽ ചില കയ്യേറ്റങ്ങളിൽ കക്ഷികൾ ടി നടപടികൾക്കെതിരായി കോടതിയെ സമീപിക്കുകയും കേസ് നടത്തിവരുകയും ചെയ്യുന്നു.

പത്തനംതിട്ട ജില്ലയിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കെ.പി.ബി.ആർ. ചട്ടപ്രകാരം നോട്ടീസ് നൽകുകയും ചില കേസുകളിൽ അതിർത്തി പുനർനിർണ്ണിക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ 1994-ലെ പഞ്ചായത്ത് രാജ് ആക്ട് 254-ാം വകുപ്പ് (2)-ാം ഉപവകുപ്പ് 29-ാം ഖണ്ഡ പ്രകാരവും 1996-ലെ കേരള പഞ്ചായത്ത് രാജ് (കൈയേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഭരണങ്ങാനം, കടനാട്, പായിപ്പാട്, പാറത്തോട്, രാമപുരം, ടി.വി. പുരം, ഉഴവൂർ, വാഴപ്പള്ളി, വെള്ളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ റോഡ് കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും പായിപ്പാട് പഞ്ചായത്തിന് ഹൈക്കോടതിയിലും വെള്ളൂർ രാമപുരം പഞ്ചായത്തുകൾക്ക് മുൻസിഫ് കോടതികളിലും കേസ് നിലവിലുള്ളതും മറ്റു പഞ്ചായത്തുകൾ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതും നിർമ്മാണം പൊളിച്ചുനീക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

തൃശ്ശൂർ ജില്ലയിൽ 28 ഗ്രാമ പഞ്ചായത്തുകൾ കയ്യേറ്റം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് റവന്യൂ അധികാരികളുടെ സഹായത്തോടെ കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി നോട്ടീസ് നൽകുകയും കയ്യേറ്റം ഒഴിപ്പിക്കുകയും എന്നിങ്ങനെ നിയമപരമായി നടപ്പിലാക്കേണ്ട നടപടികൾ വിവിധ കേസുകളിലായി സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ ആനക്കര, എരിമയൂർ, കപ്പൂർ, കോട്ടോപ്പാടം, മാത്തൂർ, പെരിങ്ങോട്ടുകുറിശ്ശി, തിരുമിറ്റക്കോട്, വാണിയംകുളം എന്നീ 8 ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിടം കെട്ടിയും റോഡ് നിർമ്മിച്ചും റോഡ് കയ്യേറുന്നതായി ശ്രദ്ധയിൽപ്പെടുകയും ഇത്തരം കയ്യേറ്റങ്ങളുടെ കൃത്യത റവന്യൂ അധികൃതരുടെയും സർവ്വേയർമാരുടെയും സഹായത്തോടെ ക്ലിപ്തപ്പെടുത്തി നിയമാനുസൃതം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കോട്ടോപ്പാടം ഗ്രാമ പഞ്ചായത്തിൽ ആയത് സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ ഒരു കേസ് നിലവിലുള്ളതാണ്.

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട്, ചേലേമ്പ്ര, വാഴയൂർ, തൃക്കലങ്ങോട്, മൂർക്കനാട്, എ.ആർ. നഗർ, എടരിക്കോട്, തലക്കാട്, തിരുനാവായ, തൃപ്രങ്ങോട്, വെട്ടം എന്നീ 11 ഗ്രാമ പഞ്ചായത്തുകളിൽ റോഡ് കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും കേരള പഞ്ചായത്ത് രാജ് ആക്ട് 235(X) പ്രകാരം ഇത്തരം നിർമ്മാണങ്ങൾ നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകുകയും തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിൽ റോഡ് കയ്യേറി നിർമ്മിച്ച മതിൽ പൊളിച്ചു നീക്കുകയും വെട്ടം ഗ്രാമപഞ്ചായത്തിൽ ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ അത്തോളി, കാരശ്ശേരി, കുന്ദമംഗലം, മേപ്പയ്യൂർ, നാദാപുരം, നൊച്ചാട്, പെരുമണ്ണ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ റോഡ് കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും അത്തോളി ഗ്രാമ പഞ്ചായത്തിൽ കയ്യേറ്റം പൊളിച്ചുമാറ്റുകയും കുന്ദമംഗലം ഗ്രാമ പഞ്ചായത്തിൽ കയ്യേറ്റം നടന്നതുമായി ബന്ധപ്പെട്ട കേസ് കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുകയാണ്. കയ്യേറ്റം നടന്ന മറ്റു ഗ്രാമ പഞ്ചായത്തുകൾ എല്ലാംതന്നെ കയ്യേറ്റക്കാർക്കെതിരെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ വെള്ളമുണ്ട, വെങ്ങപ്പള്ളി, എടവക, പുൽപ്പള്ളി എന്നീ ഗ്രാമ പഞ്ചായത്തുകൾ അനധികൃത നിർമ്മാണം നടത്തി റോഡ് കയ്യേറുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിർമ്മാണം നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകുകയും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കാസർഗോഡ്, അജാനൂർ, ചെമ്മനാട്, ചെങ്കള, കള്ളാർ എന്നീ ഗ്രാമ പഞ്ചായത്തുകൾ റോഡ് കയ്യേറിയുള്ള അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാൻ നോട്ടീസ് നൽകുകയും കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത് ഇത്തരം നിർമ്മാണങ്ങൾ പൊളിച്ചു മാറ്റിയിട്ടുള്ളതുമാണ്.

**ശ്രീ. കെ. ശേഖരന്റെ പ്രമാണവും മറ്റു രേഖകളും തിരികെ നൽകാൻ നടപടി**

82 (6157) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന കെ.ശേഖരൻ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച വർഷം, തുക എന്നിവ വ്യക്തമാക്കാമോ;

(ബി) അദ്ദേഹത്തിന് വായ്പ അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത വായ്പ അനുവദിക്കുന്നതിന് അദ്ദേഹത്തിൽ നിന്നും വാങ്ങിയ രേഖകൾ ഏതെല്ലാമെന്നും തിരിച്ചടച്ച മുതലും പലിശയും സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

(സി) 10 വർഷങ്ങൾക്കുമുമ്പ് മരണപ്പെട്ടുപോയ കെ.ശേഖരൻ ഏകദേശം 30 വർഷങ്ങൾക്കുമുമ്പ് എടുത്ത പ്രസ്തുത വായ്പയ്ക്ക് ഈടായി നല്കിയിരുന്ന പ്രമാണവും അനുബന്ധരേഖകളും തിരികെ ലഭിക്കുന്നതിന്, അദ്ദേഹത്തിന്റെ വിധവ ശ്രീമതി. എൽ. വിലാസിനി, തിരുവനന്തപുരം ഗ്രാമവികസന കമ്മീഷണറേറ്റിൽ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ, നടപടി സ്വീകരിക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നിവ ലഭ്യമാക്കുമോ; മരണപ്പെടുന്നതിനുമുമ്പുതന്നെ വായ്പാതുകയും പലിശയും കൃത്യമായി അടച്ചുതീർത്തിട്ടും അദ്ദേഹത്തിന്റെ അവകാശിക്ക് പ്രമാണവും അനുബന്ധ രേഖകളും മടക്കി നല്കാതെ കൈവശം വച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഇ) പ്രമാണവും മറ്റു രേഖകളും തിരികെ ലഭിക്കുന്നതിനായി ഇനി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടതെന്നും അവ എന്നത്തേക്ക് തിരികെ നല്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ വകുപ്പിൽ വിവരം ലഭ്യമല്ല.

(സി) ശ്രീമതി എൽ. വിലാസിനി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതു പ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ നിരാക്ഷേപ പത്രം നൽകിയിരിക്കുന്നത് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ആയതിനാൽ തുടർ നടപടികൾക്ക് ജില്ലാ കളക്ടറെ സമീപിക്കാവുന്നതാണെന്ന് അറിയിച്ച് അപേക്ഷകയ്ക്ക് മറുപടി നൽകിയിട്ടുണ്ട്.

(ഡി&ഇ) ബാധകമല്ല.

## എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റുകളിലെ ഒഴിവുകൾ

83 (6158) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിലും പഞ്ചായത്ത് വകുപ്പിൽ വിവിധ തസ്തികകളിലും നിലവിലുള്ള ഒഴിവ് എത്രയെന്ന് സ്ഥാപനം തിരിച്ചും തസ്തിക തിരിച്ചും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു :

ജില്ലാ പഞ്ചായത്ത്

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 4 |
| അസിസ്റ്റന്റ് എഞ്ചിനീയർ | - | 18 |
| ഫസ്റ്റ് ഗ്രേഡ് ഓവർസീയർ | - | 16 |
| സെക്കന്റ് ഗ്രേഡ് ഓവർസീയർ | - | 8 |
| തേർഡ് ഗ്രേഡ് ഓവർസീയർ | - | 2 |
| ഡിവിഷണൽ അക്കൗണ്ടന്റ് | - | 1 |

പി.ഐ.യു. കാസർഗോഡ്

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 1 |
| ഫസ്റ്റ് ഗ്രേഡ് ഓവർസീയർ | - | 1 |

നീലേശ്വരം മുനിസിപ്പാലിറ്റി

ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല.

<u>കാസർഗോഡ് മുനിസിപ്പാലിറ്റി</u>

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | - | 1 |
| ഫസ്റ്റ് ഗ്രേഡ് ഓവർസീയർ | - | 2 |

<u>കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി</u>

| | | |
|---|---|---|
| ഫസ്റ്റ് ഗ്രേഡ് ഓവർസീയർ | - | 1 |
| സെക്കന്റ് ഗ്രേഡ് ഓവർസീയർ | - | 1 |

പഞ്ചായത്ത് വകുപ്പിൽ കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ഒഴിവ് തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | - | 1 |
| പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ | - | 1 |
| സെക്രട്ടറി | - | 11 |
| അസിസ്റ്റന്റ് സെക്രട്ടറി | - | 7 |
| ജൂനിയർ സൂപ്രണ്ട് | - | 3 |
| ഹെഡ് ക്ലർക്ക് | - | 3 |
| അക്കൗണ്ടന്റ് | - | 1 |
| സീനിയർ ക്ലർക്ക് | - | 1 |
| ക്ലർക്ക് | - | 8 |

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ഉടൻതന്നെ നിയമനം നടത്തുന്നതാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ദിവസവേതനാടി സ്ഥാനത്തിലോ കരാർ വ്യവസ്ഥയിലോ നിയമനം നടത്തുവാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതാണ്. പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറി തസ്തിക വരെയുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ വിവിധ തസ്തികകളിലെ ഗ്രഡേഷൻ ലിസ്റ്റുകൾ അന്തിമമാക്കുന്ന പ്രക്രിയ നടന്നുവരുന്നു.

## ആസ്തി വികസന പദ്ധതി

84 (6159) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിക്ക് കീഴിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെ;

(ബി) പദ്ധതിയുടെ പേര്, എസ്റ്റിമേറ്റ് തുക എന്നിവ വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടും തദ്ദേശ സ്വയംഭരണ വകുപ്പ് ഇനിയും ഭരണാനുമതി ഉത്തരവ് നൽകാത്ത പ്രവൃത്തികൾ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) ഈ പ്രവൃത്തികൾക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാനാകും ?

ഉത്തരം

(എ) അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.*

(ഡി&ഇ) ഇല്ല.

## അമൃത് പദ്ധതി

85 (6160) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത നഗര പരിഷ്കരണ പദ്ധതിയായ 'അമൃത്' പ്രകാരം 2015-16, 2016-17 സാമ്പത്തിക വർഷത്തിൽ കൊച്ചി നഗരത്തിന് അനുവദിച്ച തുക എത്രയാണ്;

(ബി) പ്രസ്തുത തുക എന്തെല്ലാം പദ്ധതികൾക്കായാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഈ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇടക്കൊച്ചി പഷ്ണിത്തോട് പാലത്തിന് സമീപത്തെ പ്രവർത്തനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണ്; എന്തെല്ലാം പ്രവർത്തികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ഇ) ഈ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(എഫ്) കുടിവെള്ള പദ്ധതിക്കായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 അമൃത് വാർഷിക പദ്ധതിയിൽ കൊച്ചി നഗരത്തിന് 75.91 കോടി രൂപയും 2016-17 അമൃത് വാർഷിക പദ്ധതിയിൽ 123.57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 സെക്ടറുകളിലെയും പദ്ധതികൾക്കാണ് അനുവദിച്ചിട്ടുള്ളത്.

(1) കുടിവെള്ള പദ്ധതികൾ,

(2) സ്വീവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്,

(3) സ്റ്റോം വാട്ടർ ഡ്രെയിനേജ്,

(4) അർബൻ ട്രാൻസ്പോർട്ട് (നോൺ മോട്ടോർ ട്രാൻസ്പോർട്ട് പദ്ധതികൾ; നടപ്പാതകൾ, ഫുട് ഓവർ ബ്രിഡ്ജ്, സബ് വേ തുടങ്ങിയ പദ്ധതികൾ),

(5) തുറസ്സായ സ്ഥലങ്ങളുടെയും പാർക്കുകളുടെയും നവീകരണം എന്നീ അഞ്ച് സെക്ടറുകളിലായി 27 പദ്ധതികൾക്കാണ് 2015-16, 2016-17 വർഷങ്ങളിൽ കൊച്ചി നഗരസഭയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

(സി) 2015-16 വാർഷിക പദ്ധതിയിൽ അനുവദിച്ചിട്ടുള്ള അമൃത് പദ്ധതിയിൽ നിന്നും 4 പ്രോജക്ടുകളിലായി 5.72 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർവ്വഹണ ഘട്ടത്തിലാണ്. 2015-16, 2016-17-ൽ അംഗീകാരം ലഭിച്ചിട്ടുള്ള സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്കുകളുടെ നവീകരണം തുടങ്ങിയ പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കുവാൻ കൊച്ചി നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇടക്കൊച്ചി പഴശിനി തോട് പാലത്തിന് സമീപത്തെ തോട് (പഴശിനി തോട്) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് അമൃത് പദ്ധതിയിൽ 2 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. പദ്ധതി കൊച്ചി നഗരസഭ ടെണ്ടർ ചെയ്ത് വർക്ക് നടന്നുവരുന്നു. പ്രസ്തുത പ്രോജക്ടുകളിൽ തോടുകളിലെ ചെളി മാറ്റുന്നതിനും പാർശ്വഭിത്തി കെട്ടുന്നതിനുമുള്ള പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ഇ) പ്രവൃത്തി ആരംഭിക്കുന്നതിന് ഇ-ടെണ്ടർ നടപടി പ്രകാരമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

(എഫ്) കുടിവെള്ള വിതരണത്തിനായി 2015-16 വർഷത്തിൽ 3 പ്രോജക്ടുകൾക്കായി 7.98 കോടി രൂപയുടെയും 2016-17 വർഷത്തിൽ 11 പ്രോജക്ടുകൾക്കായി 63.04 കോടി രൂപയുടെയും പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. കൊച്ചി നഗരത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പശ്ചിമ കൊച്ചി പ്രദേശത്താണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്.

**ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന**

86 (6161) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളിലെ യുവതീയുവാക്കൾക്കായി കുടുംബശ്രീ മുഖേന ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഡി.ഡി.യു.ജി.കെ.വൈ.-യിലൂടെ ഗ്രാമീണ മേഖലയിലെ ഗുണഭോക്താക്കളെ കണ്ടെത്തി നൈപുണ്യ പരിശീലനം നൽകുന്നതിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദരിദ്ര കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.) ആജീവികയുടെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന. ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ വിദഗ്ദ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) 2016-17 സാമ്പത്തിക വർഷം 8000 പേർക്ക് നൈപുണ്യ പരിശീലനം നൽകി 5000 പേർക്ക് വ്യവസ്ഥാപിത മേഖലയിൽ തൊഴിൽ ലഭ്യമാക്കും. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, അതിക്രമങ്ങൾക്ക് ഇരയായവർ, ആശ്രയ കുടുംബാംഗങ്ങൾ, തൊഴിലുറപ്പ് ഗുണഭോക്താക്കൾ, ആദിവാസി വിഭാഗങ്ങൾ എന്നിവരെ പരമാവധി പദ്ധതിയിലുൾപ്പെടുത്താനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും മറ്റു പിന്തുണാ സഹായങ്ങൾക്കുമായി എറണാകുളം ആസ്ഥാനമായി മൈഗ്രേഷൻ സപ്പോർട്ട് സെന്റർ ആരംഭിക്കുക എന്നിവയാണ് ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റു പദ്ധതികൾ.

(സി) 2016-19 കാലയളവിലേക്കായി അംഗീകരിച്ച പദ്ധതി പ്രകാരം 51200 ഗ്രാമീണ യുവതീ യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകാനും അവരിൽ 35,000 പേർക്കെങ്കിലും വ്യവസ്ഥാപിത തൊഴിൽ മേഖലയിൽ തൊഴിൽ ലഭ്യമാക്കാനും കഴിയുമെന്നാണ് കരുതുന്നത്.

(ഡി) പദ്ധതി നടത്തിപ്പിനായി 35 ഏജൻസികളുടെ 56 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

87 (6162) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായി എത്ര പേർ ഉണ്ടായിരുന്നു എന്നും പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ കാലയളവിൽ ആയത് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) മുൻ എൽ.ഡി.എഫ്. ഭരണ കാലയളവിൽ ഇവർ നിർവ്വഹിച്ചിരുന്ന പ്രവൃത്തികൾ എന്തെല്ലാം, എത്ര ദിവസം ഇവർക്ക് തൊഴിൽ ലഭിച്ചു, അന്നത്തെ വേതനം എത്ര, ശേഷം വന്ന യു.ഡി.എഫ്. ഭരണകാലയളവിൽ ഇവ എപ്രകാരമായിരുന്നു എന്നിവ വിശദമാക്കുമോ;

(സി) മുൻ സർക്കാർ കാലയളവിൽ ഇതിനായി ലഭിച്ച കേന്ദ്ര സഹായം എത്ര, സംസ്ഥാന സർക്കാർ നൽകിയ മറ്റ് സഹായങ്ങൾ എന്തെല്ലാം എന്നിവ വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ കാലയളവിലെ പ്രസ്തുത പദ്ധതി നടത്തിപ്പിൽ അഴിമതി ഉൾപ്പെടെയുള്ള പരാതികൾ, ലഭ്യമായ കേന്ദ്ര ഫണ്ട് യഥാവിധം ചെലവാക്കാതിരിക്കുക, മറ്റു ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത സർക്കാർ ഇവയിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നും ഇവ സംബന്ധിച്ച വിശദമായ അന്വേഷണം നടത്താൻ നിലവിലെ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ 2010-11 വരെയുള്ള കാലയളവിൽ 2915798 പേരും പിന്നീട് വന്ന യു.ഡി.എഫ്. സർക്കാരിന്റെ 2015-16 വരെയുള്ള കാലയളവിൽ 3191330 പേരും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായിരുന്നു.

(ബി) 2010-11 വരെയുള്ള കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിച്ചിരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. ഗ്രാമീണ റോഡുകൾ, ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ
2. വെള്ളപ്പൊക്ക നിയന്ത്രണവും വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികളും
3. ജലസംരക്ഷണവും ജലകൊയ്ത്ത് പ്രവൃത്തികളും
4. വരൾച്ചാ നിവാരണ പ്രവൃത്തികൾ
5. സൂക്ഷ്മ, ചെറുകിട ജലസേചനം
6. ഭൂവികസനവുമായി ബന്ധപ്പെട്ട ജലസേചന സൗകര്യം
7. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
8. ഭൂവികസനം.

2011-12 മുതൽ നാളിതുവരെയുള്ള കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. അങ്കണവാടി/കിണർ, കക്കൂസ്, റോഡ്, കളിസ്ഥലങ്ങൾ പോലെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ
2. ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രം
3. വരൾച്ചാ നിവാരണ പ്രവൃത്തികൾ
4. വെള്ളപ്പൊക്ക നിയന്ത്രണവും വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികളും
5. മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ
6. സൂക്ഷ്മ, ചെറുകിട ജലസേചനം
7. വ്യക്തിഗത ആസ്തികൾ (ഒന്നാം പട്ടിക ഖണ്ഡിക V-ൽ പരാമർശിച്ചിട്ടുള്ള കുടുംബാംഗങ്ങൾക്ക്).

2006-07 മുതൽ 2010-2012 വരെ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ

| സാമ്പത്തിക വർഷം | ശരാശരി തൊഴിൽ ദിനങ്ങൾ | അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള വേതനം |
|---|---|---|
| 2006-07 | 20.67 | 125 |
| 2007-08 | 32.79 | 125 |
| 2008-09 | 22.22 | 125 |
| 2009-10 | 35.57 | 125 |
| 2010-11 | 41.56 | 125 |
| 2011-12 മുതൽ 2015-16 വരെ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ | | |
| 2011-12 | 44.70 | 150 |
| 2012-13 | 54.89 | 164 |
| 2013-14 | 56.83 | 180 |
| 2014-15 | 42.65 | 212 |
| 2015-16 | 49.26 | 229 |
| 2016-17 | 24.36 | 240 |

(സി) 2011-12 മുതൽ 2015-16 വരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി 645326.11 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 12625.52 ലക്ഷം രൂപയും ലഭിക്കുകയുണ്ടായി. മറ്റ് സഹായങ്ങളായി 2011-12 സാമ്പത്തിക വർഷത്തിൽ 100 ദിവസം പ്രവൃത്തി പൂർത്തീകരിച്ച സ്ത്രീ തൊഴിലാളികൾക്ക് 1000 രൂപ ധനസഹായമായി (പുതിയ അദ്ധ്യയന വർഷത്തിൽ അവരുടെ കുട്ടികൾക്ക് സ്കൂൾ യൂണിഫോമും പുസ്തകങ്ങളും വാങ്ങുന്നതിലേക്കായി സ.ഉ. (സാധാ) നമ്പർ 1533/12/തസ്വഭവ ഉത്തരവ് പ്രകാരം) നൽകുകയുണ്ടായി. 2013-14 കാലയളവിൽ സ.ഉ. (സാധാ) നമ്പർ 2156/13/ തസ്വഭവ ഉത്തരവ് പ്രകാരം 100 ദിവസം പ്രവൃത്തി പൂർത്തീകരിച്ച സ്ത്രീ തൊഴിലാളികൾക്ക് 400 രൂപയിൽ അധികരിക്കാത്ത ഓണക്കോടിയും വിതരണം ചെയ്യുകയുണ്ടായി.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി ലഭ്യമായ കേന്ദ്ര ഫണ്ട് യഥാസമയം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ പരാതികളും ക്രമക്കേടുകളും പരിഹരിക്കുന്നതിൽ സംസ്ഥാനം, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു. സർക്കാർ തലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ട പരാതികൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ദേശീയ തൊഴിലുറപ്പ് പദ്ധതി**

88 (6163) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന കാര്യം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ വർഷം എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽ കാർഡ് ലഭിക്കുന്നവർക്കെല്ലാം 100 ദിവസം തൊഴിൽ നൽകാൻ പര്യാപ്തമായ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നുണ്ടോ; 15 ദിവസത്തിനകം കൂലി നൽകിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കാൻ സാധിച്ചിട്ടുണ്ടോ; തൊഴിൽ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ തൊഴിൽ ആനുകൂല്യങ്ങൾ നൽകാറുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്താൻ തുടർച്ചയായ അവലോകന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനുപുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തൽ പഠനങ്ങൾക്കായി ചുവടെ പറയുന്ന ഗവേഷണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയുണ്ടായി:

| ക്രമ നമ്പർ | റിസർച്ച് നടത്തിയ സ്ഥാപനങ്ങൾ |
|---|---|
| 1 | ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് |
| 2 | കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, കൊച്ചി |
| 3 | ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്, ഡിണ്ടിഗൽ, മധുര |
| 4 | കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ |
| 5 | ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, യൂണിവേഴ്സിറ്റി ഓഫ് കേരള |
| 6 | സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം. |

മേൽ സ്ഥാപനങ്ങൾ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളെല്ലാം തന്നെ ഗ്രാമീണ മേഖലയിൽ ഈ പദ്ധതി ഗണ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഈ വർഷം 603.11 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ ലേബർ ബഡ്ജറ്റ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ ദിനങ്ങൾ അംഗീകരിച്ച് നൽകുന്നത്. ലേബർ ബഡ്ജറ്റിൽ കുടുംബങ്ങളുടെ എണ്ണം പ്രതിപാദിക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് ഈ പദ്ധതിയിൽ തൊഴിൽ ചെയ്യുന്ന 1960000 സജീവ കുടുംബങ്ങൾ ഉണ്ട്. ടി കുടുംബങ്ങൾക്ക് ആവശ്യാധിഷ്ഠിതമായി തൊഴിലിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. സംസ്ഥാനത്തിന് അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് അധിഷ്ഠിതമായാണ് തൊഴിൽ അനുവദിക്കുന്നത്. തൊഴിൽ ആവശ്യപ്പെടുന്ന ഓരോ കുടുംബത്തിനും 100 ദിവസങ്ങൾവരെ തൊഴിൽ നൽകുവാനുള്ള ഫണ്ട് കേന്ദ്ര സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. ആവശ്യപ്പെടുന്നവർക്ക് തൊഴിൽ നൽകാൻ സാധിക്കാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല.

## പരസ്യബോർഡുകളും ഡിസ്പ്ലേകളും സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ

89 (T6164) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളും ഡിസ്പ്ലേകളും മറിഞ്ഞ് വീണ് യാത്രക്കാർക്കും പൊതുജനങ്ങൾക്കും അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകൾക്ക് ഇരുവശവും പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ദൂരപരിധി എത്രയാണ്; ഈ പരിധി കർശനമായി പാലിക്കുന്നുണ്ടോയെന്നത് പരിശോധിക്കാറുണ്ടോ; ഈ ദൂരപരിധി കുറയ്ക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) നിലവിലെ ദൂരപരിധി കുറയ്ക്കുന്നത് അപകടങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കുമെന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) റോഡ് സുരക്ഷയ്ക്കാവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കുന്ന പരസ്യനികുതി ബൈലായിൽ പൊതുവായ കെട്ടിടനിലയിൽ നിന്ന് 100 സെ.മീ. കവിഞ്ഞ് പൊതു നിരത്തുകളിലേക്ക് പരസ്യ സംവിധാനം ഉന്തി നിൽക്കാൻ പാടില്ലെന്നും പഞ്ചായത്ത് വക പുറമ്പോക്ക് സ്ഥലങ്ങളിലോ പഞ്ചായത്ത് റോഡിന്റെ വശങ്ങളിലോ പരസ്യബോർഡുകൾ സ്ഥാപിക്കണമെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി പഞ്ചായത്തിന്റെ അനുവാദം മുൻകൂട്ടി വാങ്ങിയിരിക്കേണ്ടതാണെന്നും ദേശീയപാത, പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് എന്നിവയുടെ സൈഡിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പ്രകാരം റോഡുകൾക്ക് ഇരുവശവും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് നിശ്ചിത ദൂരപരിധി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ, മേൽ പരാമർശിത ചട്ടത്തിലെ ചട്ടം (4) പ്രകാരം പരസ്യ ബോർഡുകളോ കമാനങ്ങളോ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള നടപടിക്രമങ്ങളിലെ ഉപചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് നഗരസഭകൾ ലൈസൻസ് നൽകുന്നത്. കേരളത്തിൽ റോഡ് സുരക്ഷ കണക്കിലെടുത്ത് പൊതുനിരത്തുകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും ബോർഡുകൾ, ഹോർഡിംഗുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ നയം വ്യക്തമാക്കിക്കൊണ്ട് Kerala Road Safety Act, 2007-നെ അടിസ്ഥാനമാക്കി കേരള സ്റ്റേറ്റ് പോളിസി ഓൺ ഔട്ട് ഡോർ അഡ്വർടൈസിംഗ് പോളിസി അംഗീകരിച്ച് 2-2-2016 ലെ GO (MS) No. 06-2016/Trans നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം പുറപ്പെടുവിക്കപ്പെട്ട പോളിസി 4.3-ൽ അഡ്വർടൈസ്മെന്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങളും അവയ്ക്കുള്ള നിബന്ധനകളും വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത നയത്തിനനുസരണമായി തുടർനടപടികൾ കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ 4-3-2016-ലെ ജി.ഒ.(ആർ.ടി) നമ്പർ 133/2016/ട്രാൻ. നമ്പർ ഉത്തരവ് പ്രകാരം ഔട്ട് ഡോർ അഡ്വർടൈസിംഗ് പോളിസി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രായോഗികത പഠിച്ച് ശിപാർശകൾ നൽകുന്നതിലേക്കായി 6 അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഉദ്യോഗസ്ഥ സമിതിയും രൂപീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 2009 സി വകുപ്പ് പ്രകാരം അനധികൃതമായ പരസ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം നൽകുന്നുണ്ട്. റോഡ് സുരക്ഷയ്ക്ക് ഭീഷണിയായി തീർന്നിട്ടുള്ള ഹോർഡിംഗ്സ് ഉൾപ്പെടെയുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് 2005-ലെ ദുരന്ത നിവാരണ നിയമം വകുപ്പ് 21(1) പ്രകാരമുള്ള നിർദ്ദേശം 29-6-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 271/2015/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഡ്യൻ റോഡ്സ് കോൺഗ്രസിന്റെ നിലവിലെ മാനദണ്ഡങ്ങളനുസരിച്ച് സുഗമമായ റോഡ് ഗതാഗതത്തെ സഹായിക്കുന്ന ട്രാഫിക് ചിഹ്നങ്ങളും മാർക്കിംഗുകളുമൊഴികെ മറ്റു ബോർഡുകളൊന്നും തന്നെ റോഡുകളിൽ അനുവദനീയമല്ല. ആയതിനാൽ റോഡ് സുരക്ഷയുടെ അടിസ്ഥാനത്തിൽ റോഡുകളുടെ വശങ്ങളിൽ പരസ്യ ബോർഡുകൾ പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

(ഡി) റോഡ് സുരക്ഷയ്ക്കാവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ട എല്ലാ മുൻകരുതലുകളും സ്വീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്.

## ക്ഷേമപെൻഷനുകളുടെ ചെക്കുകൾ

90 (6165) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മടക്കിയ ക്ഷേമ പെൻഷനുകളുടെ ചെക്കുകൾ യഥാർത്ഥ ഉപഭോക്താവിന് തിരികെ നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷനുകൾ നിലവിൽ ഏതു മാസം വരെ അനുവദിച്ചിട്ടുണ്ട് എന്നറിയാൻ വേണ്ടി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പെൻഷൻകാർ വർഷാവർഷം ലൈഫ് സർട്ടിഫിക്കറ്റ് നൽകണമെന്നതിന് പകരമായി അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

### ഉത്തരം

(എ) വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും മടക്കിയ ക്ഷേമപെൻഷനുകളുടെ ചെക്കുകൾ ഗുണഭോക്താവിന് വീണ്ടും തിരികെ നൽകുവാൻ സാധിക്കുന്നതല്ല. ടി ചെക്കുകൾ മാറിയിട്ടില്ലാത്തപക്ഷം ബാങ്ക് റീകൺസിലിയേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ചെക്ക് തുക ഗുണഭോക്താവിന് അവർ സ്വീകരിച്ചിട്ടുള്ള വിതരണ മാർഗ്ഗത്തിലൂടെ നൽകുന്നതാണ്.

(ബി) സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷനുകൾ നിലവിൽ ഏതു മാസം വരെ അനുവദിച്ചിട്ടുണ്ട് എന്നുള്ളത് അറിയുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും welfarepension.isgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് വിവരം ലഭ്യമാണ്.

(സി) ഇല്ല.

## പഴകിയ ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം

91 (6166) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യവിഭാഗം പരിശോധന നടത്തി പഴകിയ ഭക്ഷണം പിടിച്ചെടുത്താൽ പ്രസ്തുത സ്ഥാപനങ്ങളുടെ പേരുവിവരം വെളിപ്പെടുത്തരുതെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുജന താത്പര്യാർത്ഥം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനും പഴകിയ ഭക്ഷ്യവസ്തുക്കൾ കണ്ടെത്തുന്ന സ്ഥാപനങ്ങളുടെ പേരുവിവരം പ്രസിദ്ധപ്പെടുത്തുന്നതിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അത്തരം ഒരു സർക്കാർ ഉത്തരവ് നിലവിലില്ല.

(ബി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുന്ന സ്ഥാപനങ്ങളുടെ പേര് വിവരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.

**നേവൽ ആംഡ് ഡിപ്പോക്ക് ചുറ്റുപാടും ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള തടസ്സം**

92 (6167) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എടത്തല പഞ്ചായത്തിൽ പ്രതിരോധ വകുപ്പിന് കീഴിലുള്ള നേവൽ ആംഡ് ഡിപ്പോയ്ക്ക് ചുറ്റുപാടും ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നേവൽ ആംഡ് ഡിപ്പോയുടെ മെയിൻ ഗേറ്റിന്റെ ചുറ്റുമതിലിൽ നിന്നും 100 മീറ്റർ പരിധിയിൽ യാതൊരു കാരണവശാലും ബിൽഡിംഗ് പെർമിറ്റ് നൽകരുതെന്ന് നേവൽ ആംഡ് ഡിപ്പോ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2007-ന് ശേഷം ആർക്കും പെർമിറ്റ് നൽകിയിട്ടില്ല. പെർമിറ്റ് കിട്ടാത്ത ചില വ്യക്തികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന് അനുമതി നൽകുകയോ അല്ലെങ്കിൽ ടി സ്ഥലം നേവൽ ആംഡ് ഡിപ്പോ ഏറ്റെടുത്ത് ടി സ്ഥലത്ത് താമസിക്കുന്ന ആളുകൾക്ക് കോംപൻസേഷൻ നൽകുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഉത്തരവായി. തുടർന്ന് ബഹു. എം.പി., എം.എൽ.എ., കളക്ടർ, പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ നേവൽ ആംഡ് ഡിപ്പോ അധികൃതരുമായി കൂടികാഴ്ച നടത്തുകയും സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് നേവൽ ആംഡ് ഡിപ്പോയുടെ ഹയർ അതോറിറ്റികളിൽ നിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടും എന്ന് അറിയിച്ചതിനെ തുടർന്ന് ടി സ്ഥലം പഞ്ചായത്ത് തന്നെ അളന്ന് തിട്ടപ്പെടുത്തുന്നതിന് ധാരണയായിട്ടുള്ളതാണ്. അളന്ന് തിട്ടപ്പെടുത്തുന്നതിന് പ്രതിനിധിയെ നിയോഗിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ

93 (6168) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവേ നടപടികൾ കുറ്റമറ്റതാക്കുന്നതിന് പുതിയതായി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഇതിനായി ഇൻഫർമേഷൻ കേരള മിഷന് ചുമതല നൽകിയിട്ടുണ്ടോ;

(സി) ഈ പുതിയ നിർദ്ദേശങ്ങൾ അനുസരിച്ച് ഏതൊക്കെ പഞ്ചായത്തുകളിലാണ് സർവേ നടപടി ആരംഭിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സർവ്വേ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾക്ക് അനുമതി നൽകി 21-10-2016-ലെ സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 2924/2016/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് :

1. സർവ്വേ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഫാറം ഉപയോഗിക്കുന്നതിന്
2. സർവ്വേ നടത്തുന്നതിന് കുടുംബശ്രീ/അംഗൻവാടി വർക്കർ എന്നിവർക്ക് വീടൊന്നിന് 20 രൂപയും വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് 5 രൂപ പ്രതിഫലവും പ്ലാൻ ഫണ്ട്/തനത് ഫണ്ടിൽ നിന്നും നൽകുന്നതിന്.
3. ക്രമനമ്പരിട്ട ഫാറങ്ങൾ അച്ചടിക്കുന്നതിന് വേണ്ടി വരുന്ന തുക തനത് ഫണ്ട്/പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിന്.
4. പ്രാദേശികമായി സർവ്വേ സംബന്ധിച്ച് വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്ലാൻ ഫണ്ട്/തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിന്.
5. സർവ്വേക്ക് വേണ്ടിയുള്ള വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്നതിന്.

(ബി) സർവ്വേക്ക് വേണ്ടിയുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ അമ്പൂരി, പൂവാർ, കരകുളം എന്നീ പഞ്ചായത്തുകളിലാണ് പൈലറ്റ് സർവ്വേ നടപടികൾ ആരംഭിക്കുന്നത്. ആയതിന് 21-10-2016-ലെ സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 2924/2016/തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

94 (6169) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വഖഫ് ബോർഡിനെ സാമ്പത്തികമായി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ;

(സി) വഖഫ് ബോർഡിന്റെ കീഴിൽവരുന്ന തസ്തികയിലേക്കുള്ള നിയമനം പി.എസ്.സി.-യ്ക്ക് വിടുവാൻ നടപടിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹിക - സാമ്പത്തിക - ആരോഗ്യ - വിദ്യാഭ്യാസ - കുടിവെള്ളവും ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ അനുസരിച്ച് വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. സി. എച്ച്. മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.
2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ./ ഐ.സി.ഡബ്ല്യൂ.എ./സി.എസ്. സ്കോളർഷിപ്പ്
3. നിർദ്ധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.

4. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുവേണ്ടിയുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാം.

5. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ.-കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി

7. ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്.

8. ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)

9. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

10. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ്.

11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ രണ്ട് വർഷത്തെ അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകരുടെ പെൺമക്കളുടെ വിവാഹത്തിനും സ്വന്തം വിവാഹത്തിനും ധനസഹായം നൽകുന്ന പദ്ധതി.

12. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലെ അംഗങ്ങൾക്കുള്ള പെൻഷൻ പദ്ധതി.

13. ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ മുഖേന മദ്രസ്സാദ്ധ്യപകർക്ക് ഭവന പദ്ധതി.

(ബി) വഖഫ് ബോർഡിനെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 2 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതു സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) വഖഫ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാനായി ബഹു. തദ്ദേശ സ്വയംഭരണം, ന്യൂനപക്ഷ ക്ഷേമം, വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-7-2016-ൽ ചേർന്ന യോഗത്തിൽ വഖഫ് ബോർഡിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്.

## ഭവനശ്രീ വായ്പ പദ്ധതി

95 (6170) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിൽപ്പെട്ട ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ മുഖേന ഉമ്മന്നൂർ കോർപ്പറേഷൻ ബാങ്കിൽ നിന്നും ഭവനശ്രീ വായ്പ പദ്ധതി പ്രകാരം വായ്പ എടുത്തവരുടെ വായ്പ എഴുതിതള്ളിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ബാങ്ക് മുഖേന വായ്പ എടുത്ത എത്ര ഗുണഭോക്താക്കളുടെ പ്രമാണങ്ങൾ തിരികെ ലഭിക്കാനുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രമാണങ്ങൾ തിരിച്ച് കിട്ടാതെ വിഷമതകൾ നേരിടുന്ന പ്രസ്തുത ഗുണഭോക്താക്കളുടെ പ്രമാണങ്ങൾ തിരികെ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെട്ട ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ മുഖേന, ഉമ്മന്നൂർ കോർപ്പറേഷൻ ബാങ്കിൽ നിന്നും ഭവനശ്രീ വായ്പ എടുത്തവരുടെ വായ്പകൾ എഴുതിത്തള്ളിയിട്ടില്ല. ഭവനശ്രീ വായ്പകൾ ഏറ്റെടുക്കുന്നതിന് കുടുംബശ്രീ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## ചേലക്കര നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട്

96 (6171) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2015-16-ൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. ഭരണാനുമതി നൽകിയ എത്ര പ്രവൃത്തികൾ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധി പ്രദേശത്തുണ്ട്;

(ബി) അവയുടെ പേരുവിവരവും ഭരണാനുമതി തുകയും പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഇതിൽ പ്രവൃത്തി പൂർത്തീകരിച്ചത് ഏതെല്ലാമാണ്;

(ഡി) പൂർത്തീകരിക്കാത്ത ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണ്; വ്യക്തമാക്കാമോ;

(ഇ) പ്രവൃത്തികൾ കഴിവതും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്ന് പ്രവർത്തികൾ.

(ബി)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക |
|---|---|---|
| 1 | കണ്ണംപാറ അംഗനവാടി മുച്ചിക്കൽ റോഡ് (മുള്ളൂർക്കര പഞ്ചായത്ത്) | 30 ലക്ഷം |
| 2 | വിരുട്ടാണം അമ്പലം റോഡ് (വരവൂർ പഞ്ചായത്ത്) | 15.5 ലക്ഷം |
| 3 | തിച്ചൂർ നടുവട്ടം പാറപ്പുറം തളി റോഡ് (വരവൂർ പഞ്ചായത്ത്) | 30 ലക്ഷം |

(സി) ഒന്നും പൂർത്തീകരിച്ചിട്ടില്ല.

(ഡി&ഇ)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | കണ്ണംപാറ റോഡ് (മുള്ളൂർക്കര പഞ്ചായത്ത്) | അംഗനവാടി മുച്ചിക്കൽ സാങ്കേതികാനുമതിക്കുള്ള നടപടി പുരോഗമിക്കുന്നു. |
| 2 | വിരുട്ടാണം അമ്പലം റോഡ് (വരവൂർ പഞ്ചായത്ത്) | ഭൂമി വിട്ടുകിട്ടുന്നതിനുള്ള തർക്കം നിലനിൽക്കുന്നു. പാടത്തിന് നടുവിലൂടെയുള്ള റോഡിന് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. |
| 3 | തിച്ചൂർ നടുവട്ടം പാറപ്പുറം തളി റോഡ് (വരവൂർ പഞ്ചായത്ത്) | എസ്റ്റിമേറ്റിന് സാങ്കേതികാനുമതിക്കുള്ള നടപടി പുരോഗമിക്കുന്നു. |

## ചേലക്കര നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ

97 (6172) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് 2015-16-ൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി.-ക്ക് ഭരണാനുമതി നൽകിയ എത്ര പ്രവർത്തികൾ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധി പ്രദേശത്ത് ഉണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവർത്തിയുടെ പേരും, ഭരണാനുമതി തുകയും വ്യക്തമാക്കാമോ;

(ബി) ഇതിൽ പൂർത്തീകരിച്ച പ്രവർത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പൂർത്തീകരിക്കാത്ത ഓരോ പ്രവർത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവർത്തി കഴിവതും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ പഴയന്നൂർ ബ്ലോക്ക് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് നിർവ്വഹണം നടത്തുന്ന ആസ്തി വികസന ഫണ്ട് പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക |
|---|---|---|
| 1 | പരക്കാട് മെതുക റോഡ് (ചേലക്കര പഞ്ചായത്ത്) | 25 ലക്ഷം |
| 2 | നാട്യൻചിറ മേലാംകോല് റോഡ് (ചേലക്കര പഞ്ചായത്ത്) | 10 ലക്ഷം |
| 3 | പ്ലാന്റേഷൻ വാഴാട് റോഡ് (കൊണ്ടാഴി പഞ്ചായത്ത്) | 20 ലക്ഷം |
| 4 | ചീരക്കിഴി കനാൽ കുറുകെ മാൻകുളം കലകണ്ടത്തുർ പാലം നിർമ്മാണം (കൊണ്ടാഴി പഞ്ചായത്ത്) | 10 ലക്ഷം |
| 5 | മണ്ണാത്തിപ്പാറ ആലിക്കത്തറ (ചേലക്കര പഞ്ചായത്ത്) | 10 ലക്ഷം |
| 6 | പുളച്ചോട് മലമ്പാട് റോഡ് (ചേലക്കര പഞ്ചായത്ത്) | 10 ലക്ഷം |
| 7 | വട്ടുള്ളി നായാടിക്കുന്ന് റോഡ് (ചേലക്കര പഞ്ചായത്ത്) | 10 ലക്ഷം |
| 8 | മങ്ങാട് റോഡ് പുനരുദ്ധാരണം (ചേലക്കര പഞ്ചായത്ത്) | 15 ലക്ഷം |
| 9 | പാറപ്പുറം കനാൽ റിംഗ് റോഡ് (ചേലക്കര പഞ്ചായത്ത്) | 20 ലക്ഷം |

(ബി) പരക്കാട് മെതുക് റോഡ്, നാട്ടിൻചിറ മേലാകോല് റോഡ് എന്നീ പ്രവൃത്തികൾ പൂർത്തിയാക്കി അന്തിമ ബില്ല് സമർപ്പിച്ചിട്ടുണ്ട്.

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | പാന്റേഷൻ വാഴാട് റോഡ് (കൊണ്ടാഴി പഞ്ചായത്ത്) | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | ചീരക്കിഴി കനാൽ കുറുകെ മാൻകുളം കലകണ്ടത്തുർ പാലം നിർമ്മാണം (കൊണ്ടാഴി പഞ്ചായത്ത്) | ഇറിഗേഷൻ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ട്. |
| 3 | മണ്ണാത്തിപ്പാറ ആലിക്കത്തറ (ചേലക്കര പഞ്ചായത്ത്) | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | പുളച്ചോട് മലമ്പാട് റോഡ് (ചേലക്കര പഞ്ചായത്ത്) | |
| 5 | വട്ടുള്ളി നായാടിക്കുന്ന് റോഡ് (ചേലക്കര പഞ്ചായത്ത്) | എസ്റ്റിമേറ്റ് തയ്യാറായിക്കൊണ്ടിരിക്കുന്നു. |
| 6 | മങ്ങാട് റോഡ് പുനരുദ്ധാരണം (ചേലക്കര പഞ്ചായത്ത്) | |
| 7 | പാറപ്പുറം കനാൽ റിംഗ് റോഡ് (ചേലക്കര പഞ്ചായത്ത്) | ഇറിഗേഷൻ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ട്. |

(ഡി) എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## നെന്മാറ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ

98 (6173) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഫണ്ട് അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) 2010 മുതൽ നെന്മാറ നിയോജക മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പണി നടത്തിയ റോഡുകളെ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം നെന്മാറ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| പാക്കേജ് നമ്പർ | റോഡിന്റെ പേര് | നീളം (കി.മീ) |
|---|---|---|
| കെ.ആർ.10-03(എ) | കാമ്പ്രത്ത് ചള്ള മേച്ചിറ റോഡ് | 4.025 |
| കെ.ആർ.10-16(ബി) | പാളിയമംഗലം മൂക്കൻചിറ റോഡ് | 3.075 |
| കെ.ആർ.10-30 | അകംപ്പാടം ചാട്ടിയോട് ആലുവാശ്ശേരി റോഡ് | 1.875 |
| കെ.ആർ.10-29 | കണിമംഗലം കോഴിക്കോട് റോഡ് | 2.15 |
| കെ.ആർ.10-31 | എൻ.എസ്.എസ്. കോളേജ് പൈറ്റാൻകുന്ന് | 3.03 |
| കെ.ആർ.10-22 | പാപ്പാൻചള്ള ചെമ്മണംതോട് റോഡ് | 6.30 |

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. എൻ.എസ്.എസ്. കോളേജ് പൈറ്റാൻകുന്ന് എന്ന പ്രവൃത്തി പി.എം.ജി.എസ്.വൈ. മാനദണ്ഡങ്ങൾക്കനുസൃതമായ വീതി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മറ്റ് പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡിന്റെ പേര് | ഇതുവരെ നൽകിയ തുക |
|---|---|---|
| 1 | കാമ്പ്രത്ത് ചള്ള മേച്ചിറ റോഡ് | 11058717/- |
| 2 | പാളിയമംഗലം മൂക്കൻചിറ റോഡ് | 15448018/- |
| 3 | അകംപ്പാടം ചാട്ടിയോട് ആല്യവാശ്ശേരി റോഡ് | 7960607/- |
| 4 | കണിമംഗലം കോഴിക്കോട് റോഡ് | 4831056/- |
| 5 | പാപ്പാൻചള്ള ചെമ്മണംതോട് റോഡ് | 18841990/- |

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡിന്റെ പേര് | നിലവിലുള്ള സ്ഥിതി |
|---|---|---|
| 1 | കാമ്പ്രത്ത് ചള്ള മേച്ചിറ റോഡ് | പ്രവൃത്തി പൂർത്തിയായി. |
| 2 | പാളിയമംഗലം മൂക്കൻചിറ റോഡ് | പ്രവൃത്തി പൂർത്തിയായി. |
| 3 | അകംപ്പാടം ചാട്ടിയോട് ആല്യവാശ്ശേരി റോഡ് | പ്രവൃത്തി പൂർത്തിയായി. |
| 4 | കണിമംഗലം കോഴിക്കോട് റോഡ് | ഗ്രേഡ് 3 മെറ്റലിംഗ് പൂർത്തിയായി. |
| 5 | പാപ്പാൻചള്ള ചെമ്മണംതോട് റോഡ് | ഗ്രേഡ് 2 മെറ്റലിംഗ് പൂർത്തിയായി. |

**മാലിന്യ സംസ്കരണം**

99 (6174) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം മാലിന്യമുക്തമാക്കാനായി മുൻസർക്കാർ (2011-2016) എന്ത് നടപടികളാണ് സ്വീകരിച്ചത്; എത്ര തുക പ്രസ്തുത പദ്ധതിയിൽ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; എത്ര തുക ഓരോ വർഷവും ചെലവഴിച്ചു; ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും എത്ര തുക വീതം നൽകി; ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എത്ര തുക ചെലവഴിച്ചു; വിശദമായി ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിയിട്ടില്ലാത്ത തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏതെല്ലാം എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) മാലിന്യ സംസ്കരണം ഉറപ്പാക്കി സംസ്ഥാനം മാലിന്യ മുക്തമാക്കുവാൻ ഈ സർക്കാർ ആവിഷ്കരിച്ച കർമ്മ പരിപാടികൾ എന്തെല്ലാം?

ഉത്തരം

(എ) 2011-2016 വർഷങ്ങളിൽ ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ, നിലവിലുള്ള പ്ലാന്റുകളുടെ അറ്റകുറ്റപ്പണി, ഗാർഹികതലത്തിൽ കമ്പോസ്റ്റിംഗ് പ്ലാന്റുകൾ/ബയോഗ്യാസ് പ്ലാന്റുകൾ, കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നതിനായി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. കൂടാതെ അറവു ശാല നിർമ്മാണം അഥവാ നവീകരണത്തിനും ക്രിമിറ്റോറിയം നിർമ്മാണത്തിനും പ്രോത്സാഹനം നൽകിയിട്ടുണ്ട്. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനും കൊച്ചിയിൽ വേസ്റ്റ് ടു എനർജി പ്രോജക്ട് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തംനിലയിലും പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ശുചിത്വ മിഷൻ മുഖേന 2011 മുതൽ 2016 വരെ 580 ഗ്രാമ പഞ്ചായത്തുകൾക്കും 64 മുനിസിപ്പാലിറ്റികൾക്കുമായി 90.53 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. (വിശദവിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*) കൂടാതെ 344 ഗ്രാമ പഞ്ചായത്തുകൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) വഴി 14.35 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതുപോലെ ജനങ്ങളിൽ അനുകൂല മനോഭാവവും ശീലവും സൃഷ്ടിക്കുന്നതിനായി വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചിരുന്നു. ഇതിലേക്കായി 146.74 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2011-12 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ നൽകുന്നു:

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനാവശ്യമായ മാലിന്യ സംസ്കരണ പ്രോജക്ടുകൾ (ഗാർഹികം, സ്ഥാപനം, കമ്മ്യൂണിറ്റിതലം).

2. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നവീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ.

3. മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് വ്യാപിക്കാതിരിക്കാൻ പ്രീ-മൺസൂൺ ക്ലീനിംഗ്.

4. 33 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്യാനുള്ള ഷ്രെഡിംഗ് യൂണിറ്റുകൾ.

5. കൂടാതെ അറവുശാല നിർമ്മാണത്തിനായി 24 മുനിസിപ്പാലിറ്റികൾക്കും 18 ഗ്രാമപഞ്ചായത്തുകൾക്കും സാങ്കേതിക അംഗീകാരം നൽകിയിട്ടുമുണ്ട്.

(സി) പൊതുമോണിട്ടറിംഗ് നടത്തിവരുന്നു. പ്രത്യേക വിലയിരുത്തൽ നടത്തിയിട്ടില്ല.

(ഡി) ശുചിത്വം - മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്ന് മേഖലയിൽ ഊന്നൽ നൽകുന്ന ഹരിതകേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാനാണ് പ്രാമുഖ്യം നൽകുന്നത്. കേരളത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി ഹരിതകേരളം പദ്ധതി അഞ്ചുവർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ സ.ഉ.(പി) നം. 41/2016/ആ.സ.വ. തീയതി 28-9-2016 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

**കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഇളവുകൾ**

100 (6175) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച, നിരവധി വർഷങ്ങൾ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും ഇളവുകൾ നിലവിലുണ്ടോ;

(ബി) താരതമ്യേന ലഘുവായ ചട്ടലംഘനം ഉള്ള നിർമ്മിതികൾ ക്രമീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ, ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഇല്ല.

**അറവുശാല മാലിന്യങ്ങളും വീട്ടുമാലിന്യങ്ങളും പൊതുനിരത്തുകളിൽ ഉപേക്ഷിക്കുന്നതായ പരാതികൾ**

101 (6176) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറവുശാല മാലിന്യങ്ങളും വീട്ടുമാലിന്യങ്ങളും പൊതു നിരത്തുകളിൽ ഉപേക്ഷിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുനിരത്തുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കേണ്ടത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340 പ്രകാരം അത്തരം പ്രവർത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ടി സെക്ഷൻ പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുകയോ ഇടുവിക്കുകയോ ചെയ്യുന്നവർക്കെതിരെ തൽസമയം തന്നെ 250 രൂപയിൽ കവിയാത്ത തുക പിഴ ശിക്ഷയായി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്തിയ പിഴ തുക 15 ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കാത്ത പക്ഷം അയാളുടെ മേൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതുമാണ്. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനായി നഗരസഭാ തലത്തിൽ ആരോഗ്യ വിഭാഗം ജീവനക്കാരുടെ സ്ക്വാഡുകൾ രൂപീകരിച്ച്

രാത്രികാലങ്ങളിലും പ്രവർത്തിച്ചുവരുന്നുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219(യു) പ്രകാരം മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തിക്കൊണ്ട് പോകുന്നതോ മാലിന്യം നിക്ഷേപിച്ച ശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായും സംശയിക്കാവുന്ന വാഹനത്തെ പഞ്ചായത്ത് സെക്രട്ടറിക്കോ, സെക്രട്ടറി ചുമതലപ്പെടുത്തിയ പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കേണ്ടതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച ശേഷം ആധികാരികതയുള്ള സബ് ഡിവിഷൻ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാവുന്നതും വാഹനം കണ്ട് കെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയും ചെയ്യാവുന്നതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**കാഥികൻ കെ. കെ. തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ്**

102 (6177) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഥികൻ കെ. കെ. തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ് സംബന്ധിച്ചുള്ള അവ്യക്തത പരിഹരിക്കുന്നതിന് ശ്രീമതി മേരി എം. ടി. <u>ബഹു.</u> തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് നൽകിയ 6-9-2016 -ലെ 839183/2016/LSGD പ്രകാരമുള്ള പരാതിയിൽ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഉഴവൂർ ഗ്രാമ പഞ്ചായത്തിൽ അർഹരായവർക്ക് പ്രസ്തുത എൻഡോവ്മെന്റ് വിതരണം ചെയ്യുന്നതിന് അനുമതി നല്കുന്നതിന് ഉണ്ടാകുന്ന കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## കട്ടപ്പന ഫിഷ് മാർക്കറ്റ്

103 (6178) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 സാമ്പത്തിക വർഷം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, ഭരണാനുമതി ലഭിച്ച ഇടുക്കി നിയോജക മണ്ഡലത്തിലെ കട്ടപ്പന ഫിഷ് മാർക്കറ്റ് നിർമ്മാണത്തിനുള്ള ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ചെറുതോണി ടൗൺ കൺസ്ട്രക്ഷൻ ഫ്രീസോണിന് വെളിയിലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

104 (6179) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി നിയോജക മണ്ഡലത്തിലെ വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിൽപ്പെട്ട ചെറുതോണി ടൗൺ കൺസ്ട്രക്ഷൻ ഫ്രീസോണിന് വെളിയിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. ഇടുക്കി നിയോജക മണ്ഡലത്തിലെ വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിൽപ്പെട്ട ചെറുതോണി ടൗൺ കൺസ്ട്രക്ഷൻ ഫ്രീസോണിന് വെളിയിൽ 31 അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ടി കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിഴിഞ്ഞം, പട്ടാണി കോളനിക്കാർക്കുള്ള ഫ്ലാറ്റിന്റെ നിർമ്മാണം

105 (6180) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേരിവികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം വിഴിഞ്ഞം പട്ടാണി കോളനിയിൽ നിന്ന് കഴിഞ്ഞ ഒരു വർഷത്തിലേറെയായി മാറ്റിത്താമസിപ്പിക്കപ്പെട്ട 150 ഓളം വരുന്ന കുടുംബങ്ങൾ അനുഭവിക്കുന്ന വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്കായുള്ള ഫ്ലാറ്റിന്റെ നിർമ്മാണം ഇഴഞ്ഞു നീങ്ങുന്നതിനാൽ ഷെഡിൽ കഴിയുന്നവരുടെ കാര്യം ദുരിതപൂർണ്ണമായി മാറുന്നുവെന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) അടിയന്തരമായി ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ചില ഫ്ലാറ്റ് നിർമ്മിക്കേണ്ട സ്ഥലത്ത് നിലവിൽ താമസിക്കുന്ന 4 കുടുംബങ്ങൾ മാറാത്തതുമൂലമാണ് നിർമ്മാണത്തിന് കാലതാമസം വരുന്നത്. നഗരസഭയുടെ ഭാഗത്തുനിന്നും ജില്ലാ കളക്ടറുടെ ഭാഗത്തുനിന്നും ടിയാളുകളെ മാറ്റുന്നതിനുള്ള നിരന്തര ശ്രമങ്ങൾ നടത്തിവരികയാണ്.

## കാർഷിക മൃഗസംരക്ഷണ രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീയുടെ പദ്ധതികൾ

106 (6181) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മൃഗസംരക്ഷണ രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ കീഴിൽ കുടുംബശ്രീ നടത്തിയത്; വിവരിക്കുമോ;

(സി) എന്തെല്ലാം പ്രോത്സാഹനങ്ങളാണ് ഈ രംഗത്ത് പദ്ധതിയനുസരിച്ച് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക – മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംഘകൃഷി :- കുടുംബശ്രീ. വഴി ഭക്ഷ്യസ്വയംപര്യാപ്തത നേടാനായി 2006 മുതൽ സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കുകയും പാട്ടത്തിനായി ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്യുന്നു.

2. പൊലിവ് : - സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി 2016 ജൂലായ് 3 മുതൽ പൊലിവ് എന്ന പേരിൽ സംഘകൃഷി നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അയൽക്കൂട്ടങ്ങൾ വഴി ചുരുങ്ങിയത് 3 സെന്റിൽ 152000 ഗ്രൂപ്പുകൾ ഇതിലൂടെ കൃഷി ചെയ്യുകയും ചെയ്തു.

3. വനിതാ മാസ്റ്റർ കർഷകരുടെ സഹായം :- കാർഷിക മേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ ഏറ്റവും കൂടുതൽ ഗ്രൂപ്പുകളിലെത്തിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീയിൽ നിന്നും വനിതാ മാസ്റ്റർ കർഷകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച മാസ്റ്റർ കർഷകർ അവർക്ക് ലഭ്യമായ പരിശീലനങ്ങൾ സംഘകൃഷി ഗ്രൂപ്പുകൾക്ക് ഫാർമർ ഫീൽഡ് സ്കൂളുകൾ വഴി പകർന്നു നൽകുന്നു.

4. വിത്ത് ബാങ്ക് : - പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിനും പരിശീലനം ലഭിച്ച മാസ്റ്റർ കർഷകർ അവർക്ക് ലഭ്യമായ പരിശീലനങ്ങൾ സംഘകൃഷി ഗ്രാപ്പുകൾക്ക് ഫാർമർ ഫീൽഡ് സ്കൂളുകൾ വഴി പകർന്ന് നൽകുന്നു. ജൈവവൈവിധ്യം നിലനിർത്തുന്നതിന്റെയും ഭാഗമായി നെല്ലിന്റെ വിത്തുബാങ്കുകൾ കുടുംബശ്രീ ഗ്രൂപ്പുകൾ നടപ്പാക്കി വരുന്നു. പ്രധാനമായും കാസർഗോഡ്, വയനാട് ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. കൃഷിക്കാവശ്യമായ വിത്തുകൾ കൃഷി ചെയ്തു കൊടുക്കുന്ന വിത്തുബാങ്കുകൾ മറ്റ് ജില്ലകളിലും പ്രവർത്തിച്ചു വരുന്നു.

5. ബയോഫാർമസി : - വിഷരഹിത കാർഷിക ഉത്പാദന രീതികൾക്കാവശ്യമായ ജൈവകീടനാശിനികളും ജൈവവളവും ബയോഫാർമസികളിൽ ഉത്പാദിപ്പിക്കുകയും മറ്റ് കർഷകർക്ക് വിൽക്കുന്നതിലൂടെ അവരുടെ ഉപജീവനം നടത്തുകയും ചെയ്യുന്നു.

6. നഴ്സറി : - കാർഷിക മേഖലയിൽ സംരംഭത്തിന്റെ ഭാഗമായി നഴ്സറികൾ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. പ്രാദേശിക ആവശ്യമനുസരിച്ച് കൃഷിക്കനുയോജ്യമായ വിത്തുകളും തൈകളും ഗ്രോബാഗുകളും ഈ നഴ്സറികളിലൂടെ ലഭ്യമാക്കിവരുന്നു.

7. കാർഷിക ലേബർ ഗ്രൂപ്പുകൾ : - കാർഷിക മേഖലയിൽ ഉല്പാദനത്തിന് പുറമെ സേവനമേഖലയിൽ കാർഷിക ലേബർ ഗ്രൂപ്പുകൾ ഭൂവുടമകളുടെ ആവശ്യാനുസരണം കൃഷിയ്ക്കാവശ്യമായ തൊഴിലുകൾ ചെയ്യുന്നതിനുള്ള ആൾക്കാരെ ലഭ്യമാക്കുന്നു. പ്രധാനമായും നെല്ല്, റബ്ബർ മേഖലകളിലാണ് നിലവിൽ കാർഷിക ലേബർ ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നത്.

8. ആട്ടുഗ്രാമം പദ്ധതി : - ഒരേ വാർഡിലേയോ തൊട്ടടുത്ത വാർഡുകളിലെയോ അഞ്ച് കുടുംബശ്രീ അംഗങ്ങൾ ചേർന്ന് 20 ആടിനെ വളർത്തുന്നതാണ് ആട്ടുഗ്രാമം പദ്ധതിയുടെ ഒരു യൂണിറ്റ്. അംഗങ്ങൾ തങ്ങളുടെ വീടുകളിൽ 4 ആടുകളെ വീതം വളർത്തേണ്ടതാണ്. ആട്ടുഗ്രാമം പദ്ധതിയിൽ കുറഞ്ഞത് 5 യൂണിറ്റെങ്കിലും(25 ഗുണഭോക്താക്കൾ) വേണം.

9. ക്ഷീരസാഗരം പദ്ധതി : - ഒരേ വാർഡിലേയോ തൊട്ടടുത്ത വാർഡുകളിലെയോ അഞ്ച് കുടുംബശ്രീ വനിതാ അംഗങ്ങൾ ചേർന്ന് ശാസ്ത്രീയമായ തൊഴുത്തുകൾ നിർമ്മിച്ച് 10 പശുക്കളെ വളർത്തുന്നതാണ് ക്ഷീരസാഗരം യൂണിറ്റ്. കുറഞ്ഞത് രണ്ട് വീതം പശുക്കളെ സ്വന്തം വീടുകളിൽ വളർത്താവുന്നതാണ്. ക്ഷീരസാഗരം പദ്ധതിയിൽ കുറഞ്ഞത് രണ്ട് പശുവളർത്തൽ യൂണിറ്റ് (10 ഗുണഭോക്താക്കൾ, 20 പശുക്കൾ) ആവശ്യമാണ്. പശുവാങ്ങൽ, വിപണനം, സാങ്കേതിക പിന്തുണ, ഉത്പന്ന വൈവിധ്യവൽക്കരണം എന്നിവയിൽ കൂട്ടായ പ്രവർത്തനം ഈ സമഗ്ര പദ്ധതികളുടെ ലക്ഷ്യസാക്ഷാത്ക്കാരത്തിന് അത്യാവശ്യമാണ്.

10. സമഗ്ര മാംസോത്പാദന പദ്ധതി : - ഒരേ വാർഡിലേയോ തൊട്ടടുത്ത വാർഡുകളിലെയോ അഞ്ച് കുടുംബശ്രീ വനിതാ അംഗങ്ങൾ ചേർന്ന് 4 മുതൽ 5 മാസം വരെ പ്രായമുള്ള 10 പോത്തുകുട്ടികളെ (10 ആൺ) അല്ലെങ്കിൽ 15 മൂരിക്കിടാവുകളെ (കാളക്കുട്ടികളെ) വളർത്തുന്നതാണ് സമഗ്ര മാംസോത്പാദന പദ്ധതിയുടെ ഒരു യൂണിറ്റ്. അംഗങ്ങൾ തങ്ങളുടെ വീടുകളിൽ 2 പോത്തുകുട്ടികളെ അല്ലെങ്കിൽ 3 മൂരിക്കിടാവുകളെ വീതം

വളർത്തേണ്ടതാണ്. ഉരുക്കളെ വാങ്ങൽ, വിപണനം, സാങ്കേതിക പിന്തുണ, ഇൻഷ്വറൻസ് എടുക്കൽ എന്നിവയിൽ കൂട്ടായ പ്രവർത്തനം മാംസോത്പാദന സമഗ്ര പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് അത്യാവശ്യമാണ്. പോത്തുകുട്ടികളെ അല്ലെങ്കിൽ മൂരിക്കിടാവുകളെ വളർത്തി ഇറച്ചിയ്ക്കായി വിൽക്കുന്ന മുറയ്ക്ക് പുതിയവയെ വാങ്ങി വളർത്തി പദ്ധതിയിൽ തുടരേണ്ടതാണ്.

11. സമഗ്ര അടുക്കളത്തോട്ട മുട്ടകോഴി പരിപാലനം : - ഒരേ വാർഡിലേയോ തൊട്ടടുത്ത വാർഡുകളിലെയോ അഞ്ച് കുടുംബശ്രീ വനിതാ അംഗങ്ങൾ ചേർന്ന് 100 കോഴികളെ വളർത്തുന്നതാണ് കോഴിഗ്രാമം പദ്ധതിയുടെ ഒരു യൂണിറ്റ്. 5 അംഗങ്ങളും തങ്ങളുടെ വീടുകളിൽ സങ്കരയിനം കോഴികളെയാണ് വളർത്തേണ്ടത്. കോഴിഗ്രാമം പദ്ധതിയിൽ കുറഞ്ഞത് 20 യൂണിറ്റെങ്കിലും (100 ഗുണഭോക്താക്കൾ) വേണം. എന്നാൽ ഒരു പഞ്ചായത്തിൽ 40 യൂണിറ്റുകളിൽ (200 ഗുണഭോക്താക്കൾ) അധികരിക്കാൻ പാടില്ല. വിപണനം, സാങ്കേതിക പിന്തുണ, കോഴിവാങ്ങൽ, സംയോജിതതീറ്റ സംഭരണം, ഉത്പന്ന വൈവിധ്യവൽക്കരണം എന്നിവയിൽ കൂട്ടായ പ്രവർത്തനം കോഴിഗ്രാമം സമഗ്രപദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് അത്യാവശ്യമാണ്. കൂടാതെ കോഴികളുടെ മുട്ട ഉൽപ്പാദനക്ഷമത കുറയുമ്പോൾ ഇവയെ ഇറച്ചിക്കായി വിൽക്കുകയും അതോടൊപ്പം തന്നെ പുതിയ കോഴികുഞ്ഞുങ്ങളെ വാങ്ങി പദ്ധതിയിൽ തുടരേണ്ടതുമാണ്.

12. <u>താറാവു വളർത്തൽ പദ്ധതി</u> : - ഒരേ വാർഡിലേയോ തൊട്ടടുത്ത വാർഡുകളിലെയോ അഞ്ച് കുടുംബശ്രീ വനിതകൾ ചേർന്ന് 4 മാസം പ്രായമുള്ള 250 താറാവുകളെ മുട്ട ഉൽപ്പാദനത്തിനായി വളർത്തുന്നതാണ് താറാവു വളർത്തൽ പദ്ധതിയുടെ ഒരു യൂണിറ്റ്. അംഗങ്ങൾ തങ്ങളുടെ വീടുകളിൽ 30 താറാവുകളെ വീതം വളർത്തേണ്ടതാണ്. താറാവു വളർത്തൽ പദ്ധതിയിൽ കുറഞ്ഞത് 5 യൂണിറ്റെങ്കിലും (25 ഗുണഭോക്താക്കൾ) വേണം. മുട്ട, മാംസം എന്നിവയുടെ വിപണനം, സാങ്കേതിക പിന്തുണ, താറാവുവാങ്ങൽ, തീറ്റ സംഭരിക്കൽ എന്നിവയിൽ കൂട്ടായ പ്രവർത്തനം സമഗ്ര താറാവു വളർത്തൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് അത്യാവശ്യമാണ്.

13. പശുസഖി : - കുടുംബശ്രീയിൽ നിലവിലുള്ള റൂറൽ മൈക്രോ സംരംഭങ്ങളിൽ പകുതിയോളം മൃഗസംരക്ഷണ മേഖലയിൽ ഉള്ളവയായതിനാൽ ഈ മേഖലയിലെ മൈക്രോ സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുവാനും ഗുണഭോക്താക്കളും വിവിധ വകുപ്പുകളും ഏജൻസികളുമായുള്ള സംയോജന പ്രവർത്തനങ്ങൾക്ക് വഴികാട്ടി ആകുന്നതിനും പശുസഖി എന്ന് അറിയപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ/കമ്മ്യൂണിറ്റി കേഡർമാരെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത കുടുംബശ്രീ അംഗങ്ങൾക്ക് മൃഗസംരക്ഷണ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതാണ്.

(ബി) സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ നൽകി വരുന്നു. ഈ വർഷം 351 കോടി രൂപയുടെ വായ്പ ബാങ്കിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ വിളവനുസരിച്ച് കാർഷിക ഇൻസെന്റീവും അനുവദിക്കുന്നുണ്ട്. സാങ്കേതിക വിവരങ്ങൾ നൽകുന്നതിന്റെ ഭാഗമായി പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. സമഗ്ര മൃഗസംരക്ഷണ മേഖലയിൽ 2012-13, 2013-14, 2014-15, 2015-16, 2016-17 കാലഘട്ടങ്ങളിൽ ആടുഗ്രാമം, ക്ഷീരസാഗരം, സമഗ്ര മാംസോത്പാദന പദ്ധതി, സമഗ്ര അടുക്കളത്തോട്ട മുട്ടകോഴി പരിപാലനം പദ്ധതികൾക്കായി 22,37,38,750 രൂപ കുടുംബശ്രീയ്ക്ക് ലഭ്യമായ സംസ്ഥാന വിഹിതത്തിൽ പ്രാദേശിക സാമ്പത്തിക വികസന ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(സി) ജില്ലാ മിഷനുകൾ വഴി തെരഞ്ഞെടുക്കുന്ന സംരംഭകർക്ക് പരിശീലനം നൽകുകയും അവരെ ഉൾപ്പെടുത്തി 5 പേർ അടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി.) രൂപീകരിക്കുകയും ഈ ഗ്രൂപ്പുകൾക്ക് മൃഗസംരക്ഷണ മേഖലാ മാർഗ്ഗനിർദ്ദേശപ്രകാരം സബ്സിഡി നൽകുകയും ചെയ്യുന്നുണ്ട്. നിലവിൽ 5 പേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് ആടുഗ്രാമം പദ്ധതി വഴി 50,000 രൂപയും ക്ഷീരസാഗരം പദ്ധതി വഴി 218750 രൂപയും മാംസ സുരക്ഷാ പദ്ധതിയുടെ ഭാഗമായി 50,000 രൂപയും അടുക്കളത്തോട്ട -മുട്ടക്കോഴി പരിപാലനം പദ്ധതി വഴി 25,000 രൂപയും താറാവ് വളർത്തൽ പദ്ധതിക്കായി 20,000 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. പശുസഖി പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി റിസോഴ്സ്/കമ്മ്യൂണിറ്റി കേഡർമാരെ തെരഞ്ഞെടുക്കുകയും വെറ്ററിനറി സർവ്വകലാശാലയുടെ സഹായത്തോടുകൂടി 10 ദിവസത്തെ വൈദഗ്ധ്യ പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 50 പേർക്കാണ് വൈദഗ്ധ്യ പരിശീലനം നൽകുന്നത്. സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ നൽകിവരുന്നു. ഇതുകൂടാതെ വിളവനുസരിച്ച് കാർഷിക ഇൻസെന്റീവും അനുവദിക്കുന്നുണ്ട്.

## മലപ്പുറം ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ നിയമനം

107 (6182) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഒഴിവുകൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(സി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഇല്ലാത്ത പഞ്ചായത്തുകളിൽ അവരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത 100 പേരിൽ 98 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 41 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 5 പേർക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകിയിട്ടുണ്ട്. 52 പേർ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

## പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ

108 (6183) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിലെ ജീവനക്കാരെ മുനിസിപ്പാലിറ്റികളിൽ തന്നെ നിലനിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഉൾപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി)

| | | |
|---|---|---|
| നഗരസഭാ സെക്രട്ടറി | - | 28 |
| സൂപ്രണ്ട് | - | 28 |
| ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ | - | 28 |
| സീനിയർ ക്ലാർക്ക് | - | 140 |
| എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ | - | 140 |
| ടൈപ്പിസ്റ്റ് | - | 28 |
| ഓഫീസ് അറ്റൻഡന്റ് | - | 112 |
| എൽ.എം.വി. ഡ്രൈവർ | - | 28 |
| എച്ച്.ഡി.വി. ഡ്രൈവർ | - | 1 |
| ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ | - | 28 |
| ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | - | 28 |
| രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | - | 56 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | - | 28 |
| കണ്ടിജന്റ് വർക്കർ | - | 420 |
| സാനിട്ടേഷൻ വർക്കർ | - | 224 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാർട്ട് ടൈം സ്വീപ്പർമാരുടെ സ്ഥലംമാറ്റം

109 (6184) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ നഗരസഭകളോട് കൂട്ടിചേർത്ത പഞ്ചായത്തുകളിൽ പാർട്ട് ടൈം സ്വീപ്പർമാരായി ജോലി നോക്കിയിരുന്നവർ സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടും മറ്റ് പഞ്ചായത്തുകളിലേക്ക് സ്ഥലംമാറ്റം നൽകാതിരിക്കുകയും, അതുമൂലം ഫുൾടൈം സ്വീപ്പർമാരായുള്ള പ്രൊമോഷന് സീനിയോറിറ്റി നഷ്ടപ്പെടുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ജീവനക്കാരുടെ സീനിയോറിറ്റി പുനർസ്ഥാപിച്ച് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാലക്കുടി സിതാര നഗറിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി നടപടി

110 (6185) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റിയിലെ സിതാര നഗറിൽ ചേരി പുനരധിവാസത്തിന്റെ ഭാഗമായി നാല് വീട്ടുകാർക്ക് ഫ്ലാറ്റ് നിർമ്മിച്ച നൽകുന്നതിനായി ചാലക്കുടി മുനിസിപ്പാലിറ്റി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി, ഇതിന്റെ അനുമതി ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചാലക്കുടി, സിതാര നഗറിൽ ഫ്ലാറ്റ് നിർമ്മിക്കുന്ന വിഷയം 26-10-2016-ലെ കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും സിതാര നഗറിൽ ചേരിയിലെ ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റിലെ വർദ്ധനവ് സംബന്ധിച്ച വിശദവിവരങ്ങൾ ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## ചാലക്കുടി വെട്ടിക്കുഴി കപ്പത്തോട്ടിൽ തടയണ നിർമ്മാണം

111 (6186) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ വെട്ടിക്കുഴി കോട്ടാമല ഭാഗത്ത് കപ്പത്തോട്ടിൽ തടയണ നിർമ്മിക്കുന്നതിന് ഹിൽ ഏര്യാ ഡലപ്മെന്റ് ഏജൻസി (HADA) മുഖേന സമർപ്പിച്ച് ഭരണാനുമതി ലഭിച്ച പദ്ധതിക്ക്, റിവൈസ്ഡ് നിരക്കിലുള്ള സാങ്കേതികാനുമതി നൽകിയതുമൂലം, വീണ്ടും ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ അടിയന്തര അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

നബാർഡ് അംഗീകരിച്ച് അനുമതി നൽകിയ പ്രവർത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകേണ്ടത് നബാർഡ് ആയതിനാൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ വെട്ടിക്കുഴി കോട്ടമല ഭാഗത്ത് കപ്പത്തോട്ടിൽ തടയണ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി അപേക്ഷ നബാർഡിലേക്ക് നൽകിയിട്ടുണ്ട്.

## സ്ഥിരമായി ആൾതാമസമില്ലാതെ കിടപ്പുള്ള വീടുകളുടെയും ഫ്ലാറ്റുകളുടെയും വിവരശേഖരണം

112 (6187) ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ സ്ഥിരമായി ആൾതാമസമില്ലാതെ കിടപ്പുള്ള വീടുകളുടെയും, ഫ്ലാറ്റുകളുടെയും വിവര ശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്താകെ അത്തരത്തിൽ എത്ര വീടുകളും ഫ്ലാറ്റുകളുമുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ;

(സി) വീടുകൾ ഇത്തരത്തിൽ പൂട്ടിക്കിടക്കാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

## വഴിക്കടവ്, ചുങ്കത്തറ ഗ്രാമപഞ്ചായത്തുകൾ വിഭജിക്കാൻ നടപടി

113 (6188) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ ജനസംഖ്യ കൊണ്ടും ഭൂവിസ്തൃതി കൊണ്ടും വലിയ ഗ്രാമ പഞ്ചായത്തുകളായ വഴിക്കടവ്, ചുങ്കത്തറ എന്നീ ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ മാതൃകയിൽ സംസ്ഥാനത്തെ നഗരസഭകളുടെ ഔദ്യോഗിക മുദ്ര ഏകീകരിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വിശദമാക്കാമോ;

(സി) 62 m2-ൽ താഴെയുള്ള വീടുകൾക്ക് നികുതി ഒഴിവാക്കിയ സാഹചര്യത്തിൽ നഗരങ്ങളിലെയും മറ്റും ഫ്ലാറ്റുകൾ ഈ അവസരം ഉപയോഗപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവായി പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫ്ളാറ്റുകളെ ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി ഫ്ളാറ്റുകൾക്ക് മാത്രമായി പ്രത്യേക നികുതി ചുമത്തുന്ന തരത്തിൽ സർക്കാർ ഉത്തരവ് ഇറക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കുടുംബശ്രീ - എൻ.ആർ.എൽ.എം. സ്കീം

114 (6189) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് സ്കീമായ "എൻ.ആർ.എൽ.എം." കുടുംബശ്രീയെ ഏല്പിച്ചതിനുശേഷമുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത സ്കീം കുടുംബശ്രീ മിഷൻ വേണ്ടവിധം പ്രവർത്തിപ്പിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) എൻ.ആർ.എൽ.എം.-ലേക്കും ജനകീയാസൂത്രണ പദ്ധതിയിലേക്കും കുടുംബശ്രീ വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് രൂപം കൊടുത്ത സ്ഥാപനങ്ങളെ (എസ്.റ്റി.ഐ.) എൽ.എസ്.ജി.ഡി.ഐ.കെ.എം. വെബ് സൈറ്റ് സുലേഖാ സോഫ്റ്റ്‌വെയറിൽ കുടുംബശ്രീ മിഷനിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തൊഴിൽ പരിശീലന സ്ഥാപനങ്ങളും പരിശീലനം നൽകുന്ന മേഖലകളും അംഗീകരിച്ചിട്ടുള്ള പരിശീലന ഫീസും അറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ എൻ.ആർ.എൽ.എം. കുടുംബശ്രീയെ ഏൽപ്പിച്ചതിനുശേഷം കേന്ദ്ര സർക്കാരും കുടുംബശ്രീയും സമയബന്ധിതമായി പദ്ധതിയുടെ റിവ്യൂ നടത്താറുണ്ട്. പ്രസ്തുത സ്കീം വേണ്ട വിധം പ്രവർത്തിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയതലത്തിൽ എൻ.ആർ.എൽ.എം. പോലെയുള്ള ഒരു പദ്ധതി ആവിഷ്കരിച്ചത് തന്നെ കുടുംബശ്രീയെ മാതൃകയാക്കിക്കൊണ്ടാണ്. എൻ.ആർ.എൽ.എം. പദ്ധതിയുടെ സഹായത്തോടുകൂടി കുടുംബശ്രീ ഇന്ന് 2.58 ലക്ഷം അയൽക്കൂട്ടങ്ങളും 40 ലക്ഷത്തോളം അംഗങ്ങളുമുള്ള ഒരു മഹാപ്രസ്ഥാനമായി മാറിയിട്ടുണ്ട്. മാത്രമല്ല, ഇന്ന് കുടുംബശ്രീയെ 10 സംസ്ഥാനങ്ങളിൽ (രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക, ഒഡീസ, ജാർഖണ്ഡ്, ആസാം, സിക്കിം, ബീഹാർ, ഗോവ) സ്ത്രീകളുടെ സമാന സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനവും സൂക്ഷ്മ സംരംഭങ്ങളും കെട്ടിപ്പടുക്കുവാൻ എൻ.ആർ.എൽ.എം.-ന്റെ കീഴിൽ കേന്ദ്ര സർക്കാർ നിയോഗിച്ചിരിക്കുന്നു. ദേശിയ ഗ്രാമീണ ഉപജീവന (എൻ.ആർ.എൽ.എം.) മിഷന്റെ ഉപപദ്ധതികളായ മഹിള കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.)-യിലൂടെ 2,85,871 മഹിളാ കർഷകർ 43375 ഹെക്ടർ സ്ഥലത്ത് വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നു. മറ്റൊരു മിഷനായ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ)-യുടെ കീഴിൽ 15579 യുവതീ യുവാക്കൾക്ക് നൈപുണ്യപരിശീലനം ആരംഭിക്കുവാനും ഇതിൽ 11447 പേരുടെ പരിശീലനം പൂർത്തീകരിക്കാനും പരിശീലനം പൂർത്തീകരിച്ചവരിൽ 6096 പേർക്ക് തൊഴിൽ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 7-10-2016-ലെ സ.ഉ. (സാധാ) നമ്പർ 2891/2016/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7-9-2016-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പരിശീലനങ്ങൾക്ക് സ്കിൽ ട്രെയിനിംഗ് ഏജൻസിയായി തെരഞ്ഞെടുക്കപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകളുടെ യോഗ്യത കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വിലയിരുത്തേണ്ടതും ഏതിനം പരിശീലനം നൽകുന്നതിനാണ് യോഗ്യതയെന്ന് നിശ്ചയിക്കേണ്ടതുമാണെന്ന വ്യവസ്ഥയോടെ ഇത്തരം പരിശീലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആയവ സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(സി) പരിശീലന സ്ഥാപനങ്ങളും പരിശീലനം നൽകുന്ന മേഖലകളും അംഗീകരിച്ചിട്ടുള്ള പരിശീലന ഫീസും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർ

115 (6190) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കുടുംബശ്രീ മിഷനിൽ നിലവിൽ എത്ര കോ-ഓർഡിനേറ്റർമാരുടെ തസ്തികയുണ്ട്;

(ബി) അവരുടെ ചുമതലയും വേതനഘടനയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ഒഴിവ് നിലവിലുണ്ടോ;

(ഡി) എങ്കിൽ നിയമനം നടത്തുന്നതിനുവേണ്ട നടപടിക്രമം എവിടം വരെയായി എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ ഒരു തസ്തികയും അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 4 തസ്തികകളുമുണ്ട്.

(ബി) കുടുംബശ്രീയുടെ വിവിധ മേഖലകളിലെ സാമ്പത്തിക ഭൗതിക ലക്ഷ്യങ്ങൾ പൂർത്തീകരിച്ച് പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ജില്ലകളിലെ കുടുംബശ്രീ സംഘടനാ സംവിധാന പ്രവർത്തനങ്ങളുടെ ഏകോപനവുമാണ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ പ്രധാന ചുമതലകൾ. ടി തസ്തികകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത് എന്നതിനാൽ ഇതിനായി പ്രത്യേക വേതന ഘടന നിലവിലില്ല.

(സി) എറണാകുളം ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ ഒഴിവില്ല. അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 3 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) അനുയോജ്യരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള എഴുത്തുപരീക്ഷയും അഭിമുഖവും നടത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**കൊച്ചിയിലെ മാലിന്യ സംസ്കരണത്തിന് സ്വകാര്യ കമ്പനിയുമായി കരാർ**

116 (6191) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊച്ചിയിലെ മാലിന്യ സംസ്കരണത്തിന് സ്വകാര്യ കമ്പനിയുമായി കരാർ ഒപ്പിട്ടത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(ബി) ഉറവിട മാലിന്യ സംസ്കരണത്തിനും, വികേന്ദ്രീകൃത രീതികൾക്കും ഊന്നൽ നൽകുമ്പോൾ 375 കോടിയോളം രൂപ മുതൽ മുടക്ക് വേണ്ടിവരുന്ന മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്വകാര്യ കമ്പനിയുമായി കരാറിൽ ഒപ്പിട്ട സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കരാർ ഒപ്പിട്ട ജി.ഐ. ഇക്കോപവർ കമ്പനി ചില വ്യവസായ പ്രമുഖരോട് പദ്ധതിയിൽ പങ്കാളികളാകുന്നതിനായി പണം വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കമ്പനിയുടെ കേരളത്തിലെ മേൽവിലാസം ഏതാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഏത് സാങ്കേതിക വിദ്യയാണ് പ്രസ്തുത പദ്ധതിയിൽ ഉപയോഗിക്കുന്നത്; പ്രസ്തുത സാങ്കേതിക വിദ്യ ഇന്ത്യയിൽ എവിടെയെങ്കിലും ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചിയിലെ മാലിന്യസംസ്കരണത്തിന് പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് വ്യവസ്ഥയിൽ GJ ECO POWER PVT. LTD എന്ന കമ്പനിയുമായി 17-2-2016-ന് കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് പ്രകാരം 20 വർഷത്തേക്കാണ് കരാർ കൊടുത്തിരിക്കുന്നത്. ഇതിൽ ഒന്നര വർഷം പ്ലാന്റ് പണിയുവാനും പതിനെട്ടര വർഷം നടത്തിപ്പിനുമുള്ളതാണ്. കരാറുകാരൻ മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഒരു ടണ്ണിൽ നിന്നും 250 Kwh (യൂണിറ്റ്) വരെയുള്ള വൈദ്യുതിക്ക് യൂണിറ്റിന് 15 രൂപ നിരക്കിൽ കൊച്ചി കോർപ്പറേഷൻ കരാറുകാരന് നൽകണം. 250 യൂണിറ്റിനു മുകളിലുള്ള വൈദ്യുതി ഉല്പാദനം കെ.എസ്.ഇ.ആർ.സി. നിശ്ചയിക്കുന്ന വിലയ്ക്ക് വേണമെങ്കിൽ വൈദ്യുതി ബോർഡിന് കൊടുക്കുവാനും സാധിക്കും. ഇങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന അധികം വൈദ്യുതിയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം കരാറുകാരൻ കൊച്ചി കോർപ്പറേഷനു നൽകേണ്ടതാണ്. കരാറിൽ കൊച്ചി കോർപ്പറേഷന്റെയും കരാറുകാരന്റെയും ഉത്തരവാദിത്തങ്ങളെയും അവകാശങ്ങളെയും പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഒരു ദിവസം ശരാശരി 300 ടൺ മാലിന്യം ബ്രഹ്മപുരം പ്ലാന്റിൽ നഗരസഭ എത്തിച്ചു കൊടുക്കേണ്ടതാണ്. പ്ലാന്റ് പണിയാൻ ആവശ്യമുള്ള 8 ഹെക്ടർ കവിയാതെയുള്ള സ്ഥലം കൊച്ചി കോർപ്പറേഷൻ നൽകേണ്ടതാണ്. ടി 8 ഹെക്ടറിൽ ടൈപ്പ് എ, ടൈപ്പ് ബി എന്നിങ്ങനെ തരംതിരിച്ചുള്ള ഭൂമിയുടെ സ്ഥലവാടക കരാറിൽ പറഞ്ഞിരിക്കുന്നതുപോലെ കരാറുകാരൻ കൊച്ചി കോർപ്പറേഷന് നൽകേണ്ടതാണ്. കരാർ കാലാവധിക്കുശേഷവും പ്ലാന്റും സ്ഥലവും അനുബന്ധ സൗകര്യങ്ങളും യാതൊരു സാമ്പത്തിക ബാദ്ധ്യതയുമില്ലാതെ കോർപ്പറേഷന് കരാറുകാരൻ കൈമാറേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ദർഘാസുകാരൻ ദർഘാസിൽ പറഞ്ഞ നിബന്ധന പ്രകാരം GJ ECO POWER PVT. LTD എന്ന പേരിലുള്ള എസ്.പി.വി. (ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച്) ഉണ്ടാക്കിയാണ് കരാറിലേർപ്പെട്ടിരിക്കുന്നത്.

(ബി) ഡി.പി.ആർ. പ്രകാരം 295 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയാണിത്. ജനസാന്ദ്രത കൂടിയ കൊച്ചി നഗരത്തിൽ പല സ്ഥലങ്ങളിലായി മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതും ചുറ്റും താമസിക്കുന്ന ജനങ്ങളിൽ നിന്ന് ഉയർന്നുവരാൻ സാദ്ധ്യതയുള്ള പ്രതിരോധവും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനുള്ള പരിമിതികളാണ്. അതുകൊണ്ട് കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ ആവശ്യമാണ്.

(സി) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) GJ ECO POWER PVT. LTD, Door No. X/63, 3rd Floor, Sarayu Complex, Near Civil Station, Seaport Airport Road, Kakkanad, Ernakulam.

(ഇ) ഗ്യാസിഫിക്കേഷൻ സാങ്കേതികവിദ്യയാണ് പ്രസ്തുത പദ്ധതിയിൽ ഉപയോഗിക്കുന്നത്. പ്രസ്തുത സാങ്കേതികവിദ്യ ഇന്ത്യയിൽ മറ്റെവിടെയെങ്കിലും ഉപയോഗിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കുടുംബശ്രീ മിഷനിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർ

117 (6192) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷനിൽ എറണാകുളം ജില്ലയിൽ ബ്ലോക്ക് കോ- ഓർഡിനേറ്റർമാരുടെ എത്ര തസ്തികകളാണുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം പദ്ധതികൾക്ക വേണ്ടിയാണ് ഇവരെ നിയമിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) എത്ര കോ-ഓർഡിനേറ്റർമാരെ ഏതെല്ലാം പ്രോഗ്രാമുകൾക്ക് വേണ്ടി നിയമിച്ചിട്ടുണ്ടെന്ന് പ്രോഗ്രാമുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇവരുടെ നിയമനകാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പുതിയ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 27 തസ്തികകൾ.

(ബി) സമഗ്ര, ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന, മഹിളാ കിസാൻ സശാക്തീകരൺ പര്യോജന, എൽഡേർലി എന്നീ പദ്ധതികളുടെ മേൽനോട്ടത്തിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്.

(സി) കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതി | കോ-ഓർഡിനേറ്റർ മാരുടെ എണ്ണം |
|---|---|
| സമഗ്ര | 4 |
| ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (DDUGKY) | 9 |
| മഹിളാ കിസാൻ സശാക്തീ കരൺ പര്യോജന (MKSP) | 13 |
| എൽഡേർലി | 1 |

(ഡി) 31-10-2016.

(ഇ) നടപടി സ്വീകരിച്ചു വരുന്നു.

**പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ**

118 (6193) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ജില്ലാതല ഓഫീസുകളായ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് എന്നീ ഓഫീസുകളിൽ സീനിയർ സൂപ്രണ്ട് തസ്തിക ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സീനിയർ സൂപ്രണ്ട് തസ്തിക ഇല്ലാത്തത് പ്രസ്തുത ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനായി മുൻ സർക്കാർ അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്ന തസ്തികകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ഉത്തരവ് ഇറങ്ങാത്തതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ 113 ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്തത് എസ്.സി.പി, കുടുംബശ്രീ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും ക്ലറിക്കൽ തസ്തികകളുമാണ്.

(ഡി) ഇതുസംബന്ധിച്ച് 7-2-2014-ന് സ.ഉ. (സാധാ) നമ്പർ 51/13/തസ്വഭവ നമ്പർ ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ടി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

## പഞ്ചായത്ത് വകുപ്പിൽ ഹയർ ഗ്രേഡ്

119 (6194) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സീനിയർ സൂപ്രണ്ട്/സ്പെഷ്യൽ ഗ്രേഡ് തസ്തികയിൽ 25 ശതമാനം ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് വകുപ്പിൽ 2007-08 മുതൽ ജോലി നോക്കി വരുന്ന സീനിയർ സെക്രട്ടറിമാർക്ക് ഹയർ ഗ്രേഡ് നൽകാതെ, 2009-ൽ ടി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം വഴി വന്നവർക്ക് ഹയർ ഗ്രേഡ് നൽകിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സീനിയർ ഉദ്യോഗസ്ഥർക്ക് ഹയർ ഗ്രേഡ് നിഷേധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ അപാകത പരിഹരിച്ച് ഒരേ തസ്തികയിൽ സീനിയർമാരായ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പി.എസ്.സി. വഴി നേരിട്ട് നിയമനം നേടിയ ലോവർ ഗ്രേഡ് സെക്രട്ടറിമാർക്ക്, 2010-ലെ ലിസ്റ്റ് പ്രകാരം തെറ്റായ സീനിയോറിറ്റി നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനോമലി അടിയന്തരമായി പരിശോധിച്ച് പരിഹരിയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയുള്ളതിൽ 25% പേർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്. പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ ഹർജി നിലനിൽക്കുന്നതിനാൽ റേഷ്യോ പ്രൊമോഷൻ നൽകുന്നതിന് ഇപ്പോൾ തടസ്സം നിലനിൽക്കുന്നുണ്ട്. സീനിയോറിറ്റി സംബന്ധിച്ച് ബഹു. സുപ്രീംകോടതി ഉത്തരവ് വരുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സീനിയോറിറ്റി സംബന്ധിച്ച് നിലനിൽക്കുന്ന ഹർജിയിന്മേൽ ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 2010-ലെ സീനിയോറിറ്റി ലിസ്റ്റിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ച സെക്രട്ടറിമാർക്ക് സീനിയോറിറ്റി നൽകിയതിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പഞ്ചായത്ത് വകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ**

120 (6195) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 11-7-2014-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ജീവനക്കാരുടെ സീനിയോറിറ്റിപ്പട്ടിക കോടതി റദ്ദ് ചെയ്തോ; എങ്കിൽ 9-11-2010-ലെ സീനിയോറിറ്റിപ്പട്ടികയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) പഞ്ചായത്ത് വകുപ്പിൽ 1-4-2013 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച കണ്ടിജന്റ് ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | 14 |
| 2 | പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ | 10 |
| 3 | സെക്രട്ടറി | 184 |
| 4 | അസിസ്റ്റന്റ് സെക്രട്ടറി | 46 |
| 5 | ജൂനിയർ സൂപ്രണ്ട് | 24 |
| 6 | അക്കൗണ്ടന്റ് | 2 |
| 7 | ഹെഡ് ക്ലാർക്ക് | 27 |
| 8 | സീനിയർ ക്ലാർക്ക് | 7 |
| 9 | ക്ലാർക്ക് | 183 |
| 10 | ഓഫീസ് അറ്റൻഡന്റ് | 73 |
| 11 | ഡ്രൈവർ | 47 |

(ബി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു. കേരള ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹു. സുപ്രീംകോടതി മുമ്പാകെയുള്ള എസ്.എൽ.പി.-കളിൽ 13-5-2016 തീയതിയിലെ ഉത്തരവിൻ പ്രകാരം തൽസ്ഥിതി തുടരുവാൻ ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത എസ്.എൽ.പി.-കളിലെ അന്തിമ വിധിക്കു വിധേയമായി പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന്റെ നിയമ വശങ്ങൾ പരിശോധിച്ചു വരുന്നു.

(സി) പഞ്ചായത്ത് വകുപ്പിൽ 1-4-2013-നു മുമ്പ് സർവ്വീസിൽ പ്രവേശിച്ച് കണ്ടിജന്റ് സർവ്വീസിൽ തുടരുന്ന ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് തടസ്സങ്ങൾ ഒന്നും നിലവിലില്ല.

**പഞ്ചായത്ത് ജീവനക്കാരുടെ രാപ്പകൽ നിരാഹാര സമരം**

121 (6196) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജീവനക്കാർ സെക്രട്ടേറിയറ്റ് നടയിൽ നടത്തുന്ന രാപ്പകൽ നിരാഹാര സമരം സംബന്ധിച്ച് സർക്കാരിന് ലഭിച്ച നോട്ടീസ് പ്രകാരം ഡിമാന്റുകൾ അംഗീകരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) തദ്ദേശഭരണ പൊതു സർവ്വീസ് രൂപീകരണം സംബന്ധിച്ച കരട് ഉത്തരവ് പുറപ്പെടുവിച്ച് ജീവനക്കാരുമായി ചർച്ച ചെയ്യുമോയെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശഭരണ പൊതു സർവ്വീസ് രൂപീകരണം എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് ജീവനക്കാർ സെക്രട്ടേറിയറ്റ് നടയിൽ നടത്തിയ രാപ്പകൽ നിരാഹാര സമരം സംബന്ധിച്ച് സർക്കാരിൽ ലഭിച്ച നോട്ടീസിൽ പ്രതിപാദിക്കുന്ന ആവശ്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പൊതു സർവ്വീസ് നിലവിൽ വരുമ്പോൾ വിവിധ വിഭാഗം ജീവനക്കാർക്ക് ഉണ്ടാകാൻ സാധ്യതയുള്ള പ്രായോഗിക പ്രശ്നങ്ങൾ, ഓരോ വിഭാഗത്തേയും എങ്ങനെ ബാധിക്കും തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച്, സർവ്വീസ് സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിച്ച്, കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) പൊതു സർവ്വീസ് രൂപീകരണം സംബന്ധിച്ച നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

## ഇടമലക്കുടി പഞ്ചായത്തിലെ പദ്ധതികൾ

122 (6197) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 വരെ ഇടമലക്കുടി പഞ്ചായത്തിന് നൽകിയ പദ്ധതി വിഹിതങ്ങളുടെ (പ്ലാൻ & നോൺ പ്ലാൻ)-യും എക്സ്പെൻഡിച്ചറിന്റേയും വിശദവിവരം നൽകാമോ;

(ബി) ടി പഞ്ചായത്ത് രൂപീകരണം മുതൽ നാളിതുവരെ പഞ്ചായത്ത് മുഖേന എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പഞ്ചായത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ)

| വർഷം | നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 11253025 | 3050000 |
| 2012-13 | 14183431 | 6678549 |
| 2013-14 | 17470963 | 12464702 |
| 2014-15 | 18117453 | 3782649 |
| 2015-16 | 26537804 | 5896556 |

(ബി) കുടികളിൽ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും നെൽകൃഷി വ്യാപനം, കുറുന്തപുല്ല് കൃഷി വ്യാപനം, വനിത ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി വ്യാപനം, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം, ശിശുക്കൾക്കുള്ള പോഷകാഹാര പരിപാടി, അംഗൻവാടി അനുപൂരക പോഷകാഹാരം, പുതുക്കുടി കുടിവെള്ള പദ്ധതി, പച്ചക്കറി വിത്ത് വിതരണം, സോളാർ വിളക്കുകൾ വിതരണം, ഗൃഹോപകരണം, കട്ടിൽ വിതരണം, മീൻ കുത്തിക്കുടി അംഗൻവാടി കെട്ടിട നിർമ്മാണം, മുളകുതറക്കുടി അംഗൻവാടി കെട്ടിട നിർമ്മാണം, ഇരിപ്പുകൽക്കുടി അംഗൻവാടി കെട്ടിട നിർമ്മാണം, പുതുക്കുടി അംഗൻവാടി കെട്ടിട നിർമ്മാണം, ഷെഡ്ഡുകുടി അംഗൻവാടി കെട്ടിട നിർമ്മാണം, വൃദ്ധർക്ക് പകൽവീട്, അമ്പലപ്പടി-സൊസൈറ്റിക്കുടി റോഡ് കലുങ്ക് നിർമ്മാണം, പാലിയേറ്റീവ് കെയർ,

അംഗൻവാടിയിൽ ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഫുഡ് കണ്ടെയിനർ വാങ്ങൽ, അംഗൻവാടിയിൽ പാത്രങ്ങൾ വാങ്ങൽ, ഗവ. എൽ.പി.എസ്.-ന് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, അംഗൻവാടി പോഷകാഹാര പരിപാടി, അംഗൻവാടി ജീവനക്കാർക്ക് അധിക വേതനം, ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ടോയ്ലെറ്റ് നിർമ്മാണം, കുടുംബക്ഷേമ കേന്ദ്രം അറ്റകുറ്റപ്പണി, ഇഡലിപ്പാറ കിണർ അറ്റകുറ്റപ്പണി, പഞ്ചായത്താഫീസ് പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തൽ, ഇഡലിപ്പാറ അംഗൻവാടി മെയിന്റനൻസ്, കുടികളിൽ വനിതകൾക്കായി പനമ്പ്, നെയ്ത്തുശാല നിർമ്മിക്കൽ, മീൻകുത്തിപ്പാലം നിർമ്മാണം, ഇഡലിപ്പാറ ചപ്പാത്ത് നിർമ്മാണം തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) 2016-17-ൽ പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

- കുടുംബശ്രീക്ക് ഓഫീസ് കെട്ടിടവും പലഹാര നിർമ്മാണ യൂണിറ്റും
- ആയുർവേദ ആശുപത്രിക്ക് ഭൗതിക സാഹചര്യം സൃഷ്ടിക്കൽ
- ഗവൺമെന്റ് ട്രൈബൽ എൽ.പി.എസ്.-ന് വാട്ടർ കണക്ഷൻ
- സൊസൈറ്റിക്കുടിയിൽ അക്ഷയകെട്ടിട നിർമ്മാണം
- നൂറടിക്കുടി ലൈബ്രറി കെട്ടിട നിർമ്മാണം
- മുളകുതറക്കുടി അംഗൻവാടി കെട്ടിട നിർമ്മാണം
- ഷെഡ്ഡുകുടി അംഗൻവാടി കെട്ടിട നിർമ്മാണം
- നെൻമണൽകുടി ലൈബ്രറി കെട്ടിട നിർമ്മാണം
- കീഴ് പത്താംകുടിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം
- ആണ്ടവൻകുടി അംഗൻവാടി  നിർമ്മാണം
- വൈക്കാട്ട് പാലം നിർമ്മാണം
- പരപ്പയാർ പാലം നിർമ്മാണം
- നെൻമണൽക്കുടി നടപ്പാലം നിർമ്മാണം
- പെരുങ്കാവുകുടി നടപ്പാലം നിർമ്മാണം
- പുതുക്കുടി അംഗൻവാടി എക്സ്റ്റൻഷൻ
- പി.എച്ച്.സി. കെട്ടിട നിർമ്മാണം
- അംഗൻവാടി പ്രവർത്തകർക്ക് അധിക വേതനം
- അംഗൻവാടി പോഷകാഹാര പരിപാടി, വെള്ളക്കരകുടി അംഗൻവാടി നിർമ്മാണം
- ഇരിപ്പുകൽകുടി ലൈബ്രറി കെട്ടിട നിർമ്മാണം
- കണ്ടെത്തിക്കുടി അംഗൻവാടി നിർമ്മാണം
- സൊസൈറ്റിക്കുടി-ആണ്ടവൻകുടി കലുങ്ക് നിർമ്മാണം
- തെങ്ങിൻതൈ വിതരണം
- ജാതി തൈ വിതരണം (ബഡ്ഡ് ജാതി)

- ഒളക്കയം ഏകാദ്ധ്യാപക വിദ്യാലയ നിർമ്മാണം
- പച്ചമരുന്ന് വാങ്ങൽ (ഇടമലക്കുടി)
- തയ്യൽ പരിശീലന പരിപാടി
- ട്രൈബൽ എൽ.പി.എസ്.-ന് സ്മാർട്ട് ക്ലാസ് റൂം
- മെഴുകുതിരി നിർമ്മാണ യൂണിറ്റ്
- സോപ്പ് നിർമ്മാണ യൂണിറ്റ്
- തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി
- ഐ.എസ്.ഒ. പദ്ധതി
- കുരുമുളക് കൃഷി വികസനം
- പച്ചക്കറി കൃഷി വികസനം
- സമ്പൂർണ്ണ ശൗചാലയ പദ്ധതി.

**പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലംമാറ്റം**

123 (6198) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-07-2005-ലെ G.O.(Ms) 215/2005/തദ്ദേശ സ്വയംഭരണ വകുപ്പ് നമ്പർ ഉത്തരവാണോ 4-4-2007-ലെ G.O.(Ms)No.105/2007/LSGD നമ്പർ ഉത്തരവാണോ പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലംമാറ്റ മാനദണ്ഡമായി സ്വീകരിക്കുന്നത് ;

(ബി) 2016-ലെ പൊതു സ്ഥലംമാറ്റത്തിന് പഞ്ചായത്ത് വകുപ്പിൽ ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്കുകൾ വ്യക്തമാക്കാമോ; 2016-ലെ പൊതു സ്ഥലംമാറ്റം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം "ഭരണപരമായി സൗകര്യം" എന്ന കുറിപ്പോടുകൂടി പഞ്ചായത്ത് വകുപ്പിൽ ഡി.ഡി.പി.-മാരും പഞ്ചായത്ത് ഡയറക്ടറേറ്റും പുറപ്പെടുവിച്ച ഉത്തരവുകൾ തസ്തിക തിരിച്ച് വ്യക്തമാക്കുമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 04-04-2007-ലെ G.O. (Ms) 105/2007/LSGD നമ്പർ ഉത്തരവാണ് നിലവിൽ പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

(ബി) 2016-ലെ പൊതുസ്ഥലം മാറ്റത്തിന് പഞ്ചായത്ത് വകുപ്പിൽ ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സീനിയോറിറ്റി സംബന്ധിച്ച് ബഹു. കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ വകുപ്പിലെ സ്ഥാനക്കയറ്റങ്ങൾ താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുന്നതുമൂലം പൊതു സ്ഥലംമാറ്റം സംബന്ധിച്ച വ്യക്തമായ തീരുമാനം കൈക്കൊള്ളാനാകാത്ത സാഹചര്യമാണുള്ളത്. ബഹു. കോടതി വ്യവഹാരങ്ങളുടെ തീർപ്പിന് വിധേയമായി 2016-ലെ പൊതു സ്ഥലംമാറ്റം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(സി) ഉത്തരവുകൾ ശേഖരിച്ച് നൽകുന്നതാണ്.

**ഇടമലക്കുടി പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനം**

124 (6199) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇടമലക്കുടിക്കു പുറമേ പുതിയതായി എത്ര പട്ടികവർഗ്ഗ പഞ്ചായത്തുകളാണ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ഇടമലക്കുടി പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നിലവിൽ ഇടമലക്കുടിയിലേക്ക് റോഡ് ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ റോഡുൾപ്പെടെ, പഞ്ചായത്തിന് സ്വന്തമായി ഓഫീസും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി ഒരുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

**ഗ്രാമസഭകൾ**

125 (6200) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമസഭകൾ യഥാസമയം ചേരുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും ചേരേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. നിലവിൽ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർമാർ ഗ്രാമസഭ യഥാസമയം ചേരുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നുണ്ട്. കൂടാതെ വാർഷിക ആഡിറ്റിന്റെ ഭാഗമായി കേരള സംസ്ഥാന ആഡിറ്റ് വകുപ്പും പരിശോധന നടത്തുന്നുണ്ട്.

## സമ്പൂർണ്ണ തുറസ്സവിസർജ്ജന വിമുക്ത പദ്ധതി

126 (6201) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ തുറസ്സവിസർജ്ജനവിമുക്ത പദ്ധതി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചത്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; ആയതിന്റെ ജില്ല തിരിച്ചുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങളുടെയും ശുചിത്വ മിഷന്റേയും ചുമതലകൾ എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തന പുരോഗതി എന്നാണ് പരിശോധിച്ചത്; വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പും ശുചിത്വ മിഷനും നടത്തിയ പരിശോധന പ്രകാരം മുൻസർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് ശൗചാലയങ്ങൾ ഇല്ലാത്ത വീടുകൾ എത്രയായിരുന്നുവെന്നും, അതിനുശേഷം എത്ര വീടുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വച്ഛ ഭാരത് മിഷൻ നൽകുന്ന തുകയും കേന്ദ്രവും സംസ്ഥാനങ്ങളും നൽകുന്ന തുകയും എത്ര വീതമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന മറ്റുസഹായങ്ങൾ എന്തൊക്കെയെന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) 27-5-2016 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 1773/2016/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും 31-5-2016 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 1815/2016/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും സമ്പൂർണ്ണ തുറസ്സ വിസർജ്ജന വിമുക്ത പദ്ധതി ആരംഭിച്ചു. 2016 ഒക്ടോബർ 31-ന് ഗ്രാമപ്രദേശങ്ങൾ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. 2017 മാർച്ച് 31-ഓടുകൂടി നഗരപ്രദേശങ്ങൾ പൂർത്തീകരിക്കാനുമാണ് നിലവിൽ ഉദ്ദേശിക്കുന്നത്. ജില്ല തിരിച്ചുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കുന്നതിൽ, തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹണവും ശുചിത്വ മിഷനും സ്വച്ഛ് ഭാരത് മിഷനും ഫണ്ട് അനുവദിക്കുകയും മോണിറ്ററിംഗ് ചുമതല വഹിക്കുകയും ചെയ്യുന്നു. പുരോഗതി ദൈനംദിനം പരിശോധിച്ചുവരുന്നു.

(സി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ ശൗചാലയമില്ലാത്ത 175399 വീടുകളും നഗരപ്രദേശങ്ങളിൽ 34578 വീടുകളും ഉണ്ടായിരുന്നു. അതിനുശേഷം ശുചിത്വസൗകര്യം ലഭ്യമല്ലാത്ത എല്ലാ വീടുകളിലും ശൗചാലയം നിർമ്മിക്കുന്നതിന്/പൊതുശൗചാലയ സൗകര്യം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

(ഡി) സ്വച്ഛ് ഭാരത് മിഷൻ പദ്ധതി പ്രകാരം വ്യക്തിഗത ഗാർഹിക ടോയ്‌ലെറ്റിന്റെ യൂണിറ്റ് കോസ്റ്റ് 15400 രൂപയാണ്. കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം എന്നിവ താഴെപ്പറയും പ്രകാരമാണ്:

(തുക രൂപയിൽ)

| | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശഭരണ സ്ഥാപന വിഹിതം | ആകെ |
|---|---|---|---|---|
| ഗ്രാമം | 7200 | 4800 | 3400 | 15400 |
| നഗരം | 4000 | 2667 | 8733 | 15400 |

കേന്ദ്ര സംസ്ഥാന വിഹിതവും തദ്ദേശ ഭരണ സ്ഥാപന വിഹിതവും ഉൾപ്പെടെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ് എങ്കിലും ദുർഘട പ്രദേശങ്ങളിൽ ഇതിൽ കൂടുതൽ തുക ക്രമപ്രകാരം നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പൊതുശൗചാലയത്തിന് യൂണിറ്റ് കോസ്റ്റ് രണ്ട് ലക്ഷം രൂപയും (കേന്ദ്ര വിഹിതം 1,20,000 രൂപ, സംസ്ഥാന വിഹിതം 60,000 രൂപ, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 20,000 രൂപ) നഗരപ്രദേശങ്ങളിൽ യൂണിറ്റ് കോസ്റ്റ് ഒരു സീറ്റ് കണക്കിൽ 98,000 രൂപയുമാണ് (കേന്ദ്ര വിഹിതം 39200 രൂപ, സംസ്ഥാന വിഹിതം 26134 രൂപ, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 32666 രൂപ).

## തൊഴിലുറപ്പ് പദ്ധതി

127 (6202) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വർഷം തൊഴിലുറപ്പ് പദ്ധതിക്കായി എത്ര തുകയാണ് കേന്ദ്രത്തിൽ നിന്നും അനുവദിച്ചത്; വ്യക്തമാക്കുമോ;

(സി) സ്ത്രീ തൊഴിലാളികൾക്കായി എന്തെങ്കിലും പ്രത്യേക പദ്ധതി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പുതിയ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഏതെല്ലാം തൊഴിലുകളാണ് കൂടുതലായി ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഇ) കേരളത്തിന് പ്രയോജനപ്രദമായതും പ്രത്യുൽപ്പാദനപരമായതുമായ മേഖലകൾ കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പ്രതിപാദിക്കുന്ന പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത് :

1. മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ
2. രാജീവ് ഗാന്ധി സേവാഘർ
3. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ- കിണർ, കക്കൂസ്, അങ്കണവാടി, റോഡ്, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം
4. വെള്ളപ്പൊക്ക നിയന്ത്രണ – നിവാരണ പ്രവൃത്തികൾ
5. ചെറുകിട ജലസേചന പ്രവൃത്തികൾ.

(ബി) പ്രസ്തുത വർഷം തൊഴിലുറപ്പ് പദ്ധതിക്കായി 152633.93 ലക്ഷം രൂപയാണ് കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുള്ളത്.

(സി) തൊഴിലുറപ്പ് നിയമം രണ്ടാം പട്ടിക സെക്ഷൻ (6) പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളിൽ 1/3 നിർബന്ധമായും സ്ത്രീകളായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾക്ക് മുൻഗണന നൽകി വരുന്നു. കൂടാതെ തൊഴിലാളികൾക്ക് സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ തുല്യവേതനമാണ് നൽകി വരുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ, കുട്ടികളുടെ എണ്ണം അഞ്ചിൽ കൂടുതൽ ഉണ്ടെങ്കിൽ ആയയെ നിയമിക്കാനുള്ള സൗകര്യം എന്നിവയും മേൽ പദ്ധതിയിൽ സ്ത്രീകൾക്ക് ഗുണപ്രദമായ ഘടകങ്ങളാണ്.

(ഡി) പുതിയ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ജല സംരക്ഷണ പ്രവൃത്തികൾ, വീട് പോലെയുള്ള വ്യക്തിഗത ആസ്തികളുടെ സൃഷ്ടി, കൃഷി, അനുബന്ധ മേഖലകളിലെ പ്രവൃത്തികൾ, പൊതു സ്ഥലങ്ങളുടെ ഭൂവികസന പരിപാടികൾ, ചെറുകിട ജലസേചന സംവിധാനങ്ങൾ, വരൾച്ചാ നിവാരണം, ഗ്രാമീണ ശുചിത്വം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്.

(ഇ) കേരളത്തിന് പ്രയോജനപ്രദമായതും പ്രത്യുല്പാദനപരമായതുമായ മേഖലകൾകൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ട്. ഭൂമി, ജലം, മരങ്ങൾ എന്നിവയുടെ സംരക്ഷണത്തിലൂടെ ഉത്പാദനക്ഷമത ഉയർത്തുന്ന നടപടികൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ആയതിൻ പ്രകാരം വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം, വളക്കുഴി നിർമ്മാണം, കുളം നിർമ്മാണം, കിണർ റീചാർജ്ജ്, റോഡിന്റെ വശങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് എന്നീ പ്രവൃത്തികൾ കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ**

128 (6203) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(സി) പുതിയതായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (കി.മീ.) | ഫേസ്/ പാക്കേജ് നമ്പർ | ബ്ലോക്ക് | പഞ്ചായത്ത് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| 1 | കക്കുണ്ട്-ചവലപ്പാറ | 1.685 | KR-08-19B | കൊടുവള്ളി | തിരുവമ്പാടി | 131.05 |
| 2 | വഴിക്കടവ്-പെരുമ്പൂള | 3.400 | KR-08-19D | കൊടുവള്ളി | കൂടരഞ്ഞി | 253.37 |
| 3 | മലപ്പുറം-വണ്ടേക്കുംചാൽ | 1.375 | KR-08-35 | കൊടുവള്ളി | പുതുപ്പാടി | 105.70 |
| 4 | ഈങ്ങാപ്പുഴ-തെയ്യാപ്പാറ | 4.260 | KR-08-41 | കൊടുവള്ളി | കോടഞ്ചേരി പുതുപ്പാടി | 335.90 |
| 5 | വട്ടച്ചിറ-നീരാട്ടുകുന്ന് | 2.340 | KR-08-55 | കൊടുവള്ളി | കോടഞ്ചേരി | 231.66 |
| 6 | ആനയമാടമ്പി | 1.470 | KR-08-56 | കുന്നമംഗലം | കാരശ്ശേരി | 117.85 |

(ബി) പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | റോഡിന്റെ പേര് | ബ്ലോക്ക് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | കക്കുണ്ട്-ചവലപ്പാറ | കൊടുവള്ളി | പ്രവൃത്തി പൂർത്തീകരിച്ചു. മൂന്നാം വർഷ മെയിന്റനൻസ് പുരോഗമിക്കുന്നു. |
| 2 | വഴിക്കടവ്-പെരുമ്പൂള | കൊടുവള്ളി | പ്രവൃത്തി പൂർത്തീകരിച്ചു. മൂന്നാം വർഷ മെയിന്റനൻസ് പുരോഗമിക്കുന്നു. |
| 3 | മലപ്പുറം-വണ്ടേക്കുംചാൽ | കൊടുവള്ളി | പ്രവൃത്തി പൂർത്തീകരിച്ചു. രണ്ടാം വർഷ മെയിന്റനൻസ് പുരോഗമിക്കുന്നു. |
| 4 | ഈങ്ങാപ്പുഴ-തെയ്യാപ്പാറ | കൊടുവള്ളി | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | വട്ടച്ചിറ-നീരാട്ടുകുന്ന് | കൊടുവള്ളി | പ്രവൃത്തി പുരോഗമിക്കുന്നു. |
| 6 | ആനയമാടമ്പി | കുന്നമംഗലം | പ്രവൃത്തി പുരോഗമിക്കുന്നു. |

(സി) പി.എം.ജി.എസ്.വൈ. മാനദണ്ഡപ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു:

| ക്രമ നമ്പർ | CUCPL മുൻഗണനാ ക്രമം | റോഡിന്റെ പേര് | നീളം (കി.മീ.) | പഞ്ചായത്ത് | ബ്ലോക്ക് |
|---|---|---|---|---|---|
| 1 | 3 | പള്ളിപ്പടി തോട്ടുമുഴി റോഡ് | 5.07 | കോടഞ്ചേരി | കൊടുവള്ളി |
| 2 | 12 | മീമുട്ടി പരപ്പറ്റ റോഡ് | 3.20 | കോടഞ്ചേരി | കൊടുവള്ളി |
| 3 | 16 | കണ്ണോത്ത് കരിശുമല ചൂരമുണ്ട റോഡ് | 3.50 | കോടഞ്ചേരി | കൊടുവള്ളി |

**താമസയോഗ്യമായ വീടുകൾക്ക് വീട്ടുനമ്പർ**

129 (6204) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് പണികൾ പൂർത്തീകരിക്കയോ, താമസയോഗ്യമായി തീർന്നവയോ ആയ വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ വേണ്ടി മാത്രം വീട്ടുനമ്പർ നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് നാളിതുവരെ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഉത്തരവ് നൽകി എങ്കിലും പല തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി അട്ടിമറിക്കാൻ ശ്രമിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ഡി) ഉപഭോക്താക്കളുടെ ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരും തദ്ദേശഭരണ വകുപ്പും പരിഗണിക്കുമോ; എങ്കിൽ എന്തു പരിഹാരമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ നൽകിവരുന്ന താൽക്കാലിക നമ്പർ പ്രകാരം ഇവർക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന അവകാശങ്ങൾ/നേട്ടങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 4-8-2012-ലെ സ.ഉ. (എംഎസ്.)നമ്പർ 211/2012/തസ്വഭവ നമ്പർ ഉത്തരവിൽ 100 ച.മീ. വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് ആക്ട് 235 (എഎ), 235 (ഡബ്ല്യൂ), കേരള മുനിസിപ്പൽ ആക്ട് 242, 406 എന്നീ വകുപ്പുകൾ അനുസരിച്ചുള്ള നടപടികൾക്ക് വിധേയമായി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ അതാത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 9-12-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 351/2015/തസ്വഭവ ഉത്തരവ് പ്രകാരം 4-6-2012-നുശേഷം നിർമ്മാണം പൂർത്തിയാക്കിയ 100 ച.മീ. വരെയുള്ള വാസഗൃഹങ്ങൾക്കുകൂടി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) നിലവിൽ അനുവദിക്കുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർപട്ടികയിൽ പേര് ചേർക്കൽ എന്നീ സേവനങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

## ഗ്രാമജ്യോതി ലൈറ്റിംഗ് സംവിധാനം

130 (6205) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമജ്യോതി ലൈറ്റിംഗ് സംവിധാനം നിലവിലുണ്ടോ; ആയതിന്റെ പ്രവർത്തനങ്ങൾ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.ആർ.ഇ.ഡബ്ല്യൂ.എസ്. (കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫയർ സൊസൈറ്റി)എന്ന സ്ഥാപനം എന്നാണ് പ്രവർത്തനമാരംഭിച്ചതെന്നും അതിന്റെ ഘടന എന്താണെന്നും വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി ഉല്പാദന യൂണിറ്റ് ഉണ്ടോ;

(ഡി) ഇത് പ്രവർത്തനം ആരംഭിച്ചശേഷമുള്ള ബാലൻസ് ഷീറ്റിന്റെ കോപ്പി ലഭ്യമാണോ;

(ഇ) ഈ സ്ഥാപനത്തിന്റെ ലാഭവിഹിതം എപ്രകാരമാണ് വിഭജിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഗ്രാമ പഞ്ചായത്തുകളിലെ തെരുവ് വിളക്കുകൾക്ക് ആവശ്യമായ ബൾബുകളുടെയും അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങളുടെയും നിർമ്മാണം, അസംബ്ലിങ്, മാർക്കറ്റിംഗ് എന്നിവയ്ക്കായി ക്രൂസ്സിന്റെ ആഭിമുഖ്യത്തിൽ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി.) വ്യവസ്ഥയിൽ കാസർഗോഡ് കിൻഫ്രാ പാർക്കിൽ ആരംഭിച്ച സ്ഥാപനമാണ് കേരള ഗ്രാമജ്യോതി ലൈറ്റിംഗ്. ഇതിന്റെ 51% ഓഹരികൾ ക്രൂസ്സിനാണ്.

(ബി) 18-9-1986-ലാണ് ക്രൂസ്സ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇതിൽ സ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്തുകൾ), വ്യക്തികൾ എന്നീ രണ്ട് തരത്തിലുള്ള അംഗങ്ങളുണ്ട്. ഇതിന്റെ ദൈനംദിന ഭരണം നിയന്ത്രിക്കുന്നത് 15 അംഗങ്ങൾ ഉൾപ്പെട്ട ഡയറക്ടർ ബോർഡും പൊതുവായ ഭരണം നിയന്ത്രിക്കുന്നത് ജനറൽ കൗൺസിലും ആണ്. ചെയർമാനെയും വൈസ് ചെയർമാനെയും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നു. പഞ്ചായത്ത് ഡയറക്ടർ തന്നെയാണ് ക്രൂസ്സിന്റെ മാനേജിംഗ് ഡയറക്ടർ. പഞ്ചായത്ത് വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെയാണ് സെക്രട്ടറിയായി നിയമിച്ച് വരുന്നത്.

(സി) ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യമായ അച്ചടി സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി രണ്ട് ഓഫ്സെറ്റ് പ്രസ്സുകളും കാസർഗോഡ് സീതാംഗോളി കിൻഫ്രാ പാർക്കിൽ സൊസൈറ്റി വക സ്ഥലത്ത് ക്രൂസ്സിന് 51% ഷെയർ ഉള്ള കേരള ഗ്രാമജ്യോതി ലൈറ്റിംഗ് എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ക്രൂസ്സിന്റെ 2015-16 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 2015-16-ലെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ഇ) ക്രൂസ്സിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ആർട്ടിക്കിൾ 1 (1) പ്രകാരം ചാരിറ്റബിൾ സ്ഥാപനമായതിനാൽ അംഗങ്ങൾക്ക് ലാഭവിഹിതം നൽകാൻ കഴിയുകയില്ല. സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിനുവേണ്ടി മാത്രമാണ് ലാഭം ഉപയോഗിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിരുവനന്തപുരം നഗരസഭ പരിധിയിൽ എം.പി. ഫണ്ട് മുഖേന ഹൈമാസ്റ്റ് ലൈറ്റ്

131 (6206) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ പരിധിയിൽ എം.പി. ഫണ്ട് മുഖേന എത്ര ഹൈമാസ്റ്റ് ലൈറ്റ് 2016-17 സാമ്പത്തിക വർഷം സ്ഥാപിച്ചു എന്നറിയിക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്; ഇതിന്റെ വൈദ്യുതി ചാർജ് ഓരോ ഹൈമാസ്റ്റിനും എത്രയാണെന്ന് അറിയിക്കാമോ; ഈ ചാർജ് വഹിക്കുന്നതിലൂടെ കോർപ്പറേഷന് പ്രതിവർഷം എത്ര രൂപ ചിലവാകുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ എം.പി മാർ പ്രൊപ്പോസൽ നൽകിയിരിക്കുന്ന 2016-17 സാമ്പത്തിക വർഷത്തെ എത്ര പദ്ധതികൾക്ക് നഗരസഭ അംഗീകാരം നൽകിയിട്ടുണ്ട്; ഇനി നൽകാനുള്ളത് ഏതൊക്കെ എന്ന് വാർഡ് തിരിച്ച് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഇനി പ്രസ്തുത ലൈറ്റുകൾ സ്ഥാപിക്കാനുള്ളത് ഏതൊക്കെ സ്ഥലത്താണെന്നും ഇവയ്ക്ക് എത്രയും വേഗം അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ എം.പി. ഫണ്ട് ഉപയോഗിച്ച് 12 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. ടി പദ്ധതി ജില്ലാ കളക്ടർ മുഖേന കെൽട്രോൺ, കെ.എസ്.ഐ.ഇ. എന്നീ സ്ഥാപനങ്ങളാണ് നിർവ്വഹിച്ചിട്ടുള്ളത്. പുതിയതായി സ്ഥാപിക്കുന്ന ഒരു എൽ.ഇ.ഡി. ഹൈമാസ്റ്റ് ലൈറ്റിന് പ്രതിമാസം ശരാശരി 2,000 രൂപയോളം വൈദ്യുതി ചാർജ് ഒടുക്കിവരുന്നു. അപ്രകാരം 12 ഹൈമാസ്റ്റ് ലൈറ്റുകൾക്ക് പ്രതിവർഷം 2,88,000 രൂപ വൈദ്യുതി ചാർജ് ഒടുക്കേണ്ടതായി വരുന്നു.

(ബി&സി) 2016-17 വർഷത്തിൽ സ്ഥാപിച്ച 12 ഹൈമാസ്റ്റ് ലൈറ്റുകൾക്കു പുറമേ 13 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നഗരസഭയിൽ പുരോഗമിച്ചു വരുന്നു. 2016-17 വർഷത്തിൽ 2016 ഒക്ടോബർ മാസം ലഭിച്ച 13 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതുപ്രകാരം തിരുവനന്തപുരം നഗരസഭയിലെ ഇടവക്കോട്, പട്ടം, പെരുന്താന്നി, നെട്ടയം, ഉരുത്തുംമൂല, കഴക്കൂട്ടം, തിരുമല (2), പാങ്ങോട്, ചെട്ടിവിളാകം (2), പൗഡിക്കോണം (2) എന്നീ വാർഡുകളിലായി 13 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുള്ള കത്ത് നഗരസഭാ കൗൺസിലിന്റെ പരിഗണനയിലാണ്.

**ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറി തസ്തിക**

132 (6207) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സെക്രട്ടറി തസ്തിക ഉൾപ്പെടെ ഒഴിവുള്ള മുഴുവൻ തസ്തികകളും നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തിക മാസങ്ങളായി ഒഴിഞ്ഞു കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി ഒഴിവു നികത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെക്രട്ടറി തസ്തിക നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗ്രാമവികസന കമ്മീഷണറുടെ 9-6-2016-ലെ 194/എസ്റ്റാ.ബി 1/2016/സിആർഡി നമ്പർ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ നിയമിച്ചിട്ടുണ്ട്.

**തിരുവനന്തപുരം നഗരത്തിൽ വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ്**

133 (6208) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ റോഡിനരുകിൽ വാഹനങ്ങൾക്ക് പാർക്കിങ്ങ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഫീസ് ഏർപ്പെടുത്തുന്നതിന് മുനിസിപ്പൽ നിയമത്തിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിവിധ വാഹനങ്ങളുടെ നിരക്ക് എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) വാഹന പാർക്കിങ്ങ് ഫീസ് പിൻവലിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള മുനിസിപ്പൽ ആക്ട് 472-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം നഗരസഭ 11-11-2015 മുതൽ ഈടാക്കിവരുന്ന പാർക്കിംഗ് ഫീസ് ടു വീലർ, ത്രീ വീലർ, ഫോർ വീലർ എന്നിവയ്ക്ക് യഥാക്രമം 2 രൂപ, 5 രൂപ, 10 രൂപ എന്നീ നിരക്കിലാണ്.

(സി) ഇല്ല.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ്**

134 (6209) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേസ്വയംഭരണ സ്ഥാപനങ്ങളുടെ വരവ് ചെലവുകൾ പൂർണ്ണമായി ആഡിറ്റ് ചെയ്യാതെ 10 മുതൽ 20 ശതമാനം വരെ പരിശോധിച്ചാൽ മതിയെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) ആഡിറ്റിന്റെ പരിധിയിൽനിന്നും ഏതെങ്കിലും വിഭാഗത്തെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം തീരുമാനം എടുത്ത സാഹചര്യം എന്താണ് ;

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ 40 % തുക തദ്ദേശ സ്ഥാപനങ്ങൾ വഴി വിനിയോഗിക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിർദ്ദേശം വ്യാപകമായ ക്രമക്കേടുകൾക്ക് കാരണമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 7-10-2016-ലെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 11/2016-ാം നമ്പർ സർക്കുലർ പ്രകാരം ആഡിറ്റ് വകുപ്പ് ജീവനക്കാർക്കായി ഗ്രാമ പഞ്ചായത്തുകളുടെ ആഡിറ്റ് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു വിഭാഗത്തെയും ഒഴിവാക്കിയിട്ടില്ല.

(സി) ഓഡിറ്റിന്റെ പരിധിയിൽ നിന്ന് ഒരു വിഭാഗത്തെയും ഒഴിവാക്കിയിട്ടില്ല. ക്രമക്കേടുകൾക്കുള്ള സാദ്ധ്യതകൾ കാണുന്നിടത്ത് സൂക്ഷ്മ പരിശോധന ഉറപ്പാക്കി മേൽനോട്ട ചുമതലകൾ നൽകിയിട്ടുണ്ട്.

**അമ്യൂസ്‌മെന്റ് പാർക്കുകളുടെ പ്രവർത്തനം**

135 (6210) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരമായി പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കുകളുടെ പ്രവർത്തനവും അതിലെ ഉപകരണങ്ങളുടെ കാര്യക്ഷമതയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പാർക്കുകളിൽ ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; ഈ ജലത്തിലൂടെ പകർച്ചവ്യാധികൾ പിടിപെടുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പാർക്കുകളിലെ പ്രവേശന നിരക്കുകൾ, കച്ചവടം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ നിരക്കുകൾ ഇവ പരിശോധിച്ചിട്ടുണ്ടോ; അമിതവില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ഥിരമായി പ്രവർത്തിക്കുന്ന അമ്യൂസ്‌മെന്റ് പാർക്കുകളുടെ പ്രവർത്തനവും അതിലെ ഉപകരണങ്ങളുടെ കാര്യക്ഷമതയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് ഫയർ & സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ പരിശോധന റിപ്പോർട്ട്, ജില്ലാ മെഡിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധനാ റിപ്പോർട്ട്, സ്ട്രക്ചറൽ എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) അമ്യൂസ്‌മെന്റ് പാർക്കുകളിലെ പ്രവേശന നിരക്കുകൾ, കച്ചവടം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ നിരക്കുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. അമിതവില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

136 (6211) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരളാ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിൽ ഇൻഫർമേഷൻ കേരളാ മിഷൻ വഹിച്ച പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളെയും കമ്പ്യൂട്ടർവൽക്കരിച്ച് ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സ്ഥാപനമാണ് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.). കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നെറ്റ് വർക്ക് സംവിധാനങ്ങളും സ്ഥാപിക്കുക, വിവിധ ആവശ്യങ്ങൾക്കായി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ രൂപകൽപ്പന ചെയ്ത് വിന്യസിക്കുക, ജീവനക്കാരെ പരിശീലിപ്പിക്കുക, ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയാണ് ഇൻഫർമേഷൻ കേരള മിഷനിൽ നിക്ഷിപ്തമായ പ്രധാന പ്രവർത്തനങ്ങൾ.

(ബി) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമായി നിർവ്വഹിക്കുന്നതിനായി ഇ-ഗവേണൻസ് നടപ്പാക്കുക എന്നതാണ് ഇൻഫർമേഷൻ കേരള മിഷനിൽ നിക്ഷിപ്തമായ പ്രധാന പ്രവർത്തനം. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവർത്തനങ്ങൾ ഇലക്ട്രോണിക്കായി നിർവ്വഹിക്കുന്നതും അതുവഴി സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിപ്പിച്ച വിവിധ സോഫ്റ്റ്‌വെയറുകൾ മുഖേനയാണ്.

(സി) ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ കൈകാര്യം ചെയ്യുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിച്ച് കുറ്റമറ്റ രീതിയിലുള്ള പ്രവർത്തനം ഉറപ്പുവരുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുവാൻ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വെബ് അധിഷ്ഠിത പരാതി പരിഹാരം**

137 (6212) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെബ് അധിഷ്ഠിത പരാതി പരിഹാര സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സംവിധാനത്തിന്റെ പ്രത്യേകതകളും പ്രവർത്തനരീതികളും വിവരിയ്ക്കുമോ;

(സി) പരാതി നൽകാനും അവയ്ക്കുള്ള പരിഹാരം കാണാനും എന്തെല്ലാം മാർഗ്ഗങ്ങളാണ് ഈ സംവിധാനത്തിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വെബ് അധിഷ്ഠിത പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി**

138 (6213) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനുവേണ്ടി സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം എന്തെല്ലാം;

(ഡി) സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് സേവനാവകാശ നിയമം നിലവിലുണ്ട്. സേവനം യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങളിൽ അതൃപ്തി ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു Online Public Grievance Redressal Module സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) പൊതുജനങ്ങൾക്ക് സമ്പൂർണ്ണ ഓൺലൈൻ സേവനം നൽകുന്നതിനു വേണ്ടിയുള്ള കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ച് ഉപയോഗിച്ചുവരുന്നുണ്ട്. ജനന-മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ 1970-ന് ശേഷമുള്ളവ ഓൺലൈനായി ലഭിക്കുന്നുണ്ട്. 1970-ന് മുമ്പുള്ളവയുടെ ഡാറ്റാ എൻട്രി പൂർത്തിയാകുന്ന മുറയ്ക്ക് ലഭിക്കുന്നതാണ്. വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്തതിനുശേഷം ഗ്രാമപഞ്ചായത്തുകളിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്നുണ്ട്. രജിസ്റ്റർ ചെയ്ത വിവാഹങ്ങളുടെ ഓൺലൈൻ സർട്ടിഫിക്കറ്റുകൾ ഡാറ്റാ എൻട്രി നടത്തിയ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിക്കും. ശേഷിക്കുന്നവയുടെ ഡാറ്റാ എൻട്രി നടന്നുവരുന്നു. വസ്തു നികുതി ഓൺലൈനായി അടയ്ക്കാനും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യാനുമുള്ള സൗകര്യം കുറേയേറെ ഗ്രാമ പഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഉടൻതന്നെ ഈ സംവിധാനം നടപ്പിലാക്കുന്നതാണ്. സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഗ്രാമ പഞ്ചായത്തുകളിലെ സേവനങ്ങൾ പൂർണ്ണതോതിൽ ഓൺലൈൻ വഴി ലഭ്യമാക്കുവാൻ സമയബന്ധിതമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി&ഡി) കേരള മുനിസിപ്പൽ ആക്ടും പഞ്ചായത്ത് രാജ് ആക്ടും പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി 16 സോഫ്റ്റ്‌വെയറുകൾ ഐ.കെ.എം. വികസിപ്പിക്കുകയും വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമ്പൂർണ്ണ ഓൺലൈൻ സേവനം നൽകുന്നതിനു വേണ്ടി സുരേഖ എന്ന വെബ് അധിഷ്ഠിത ആപ്ലിക്കേഷനും സമഗ്ര എന്ന മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ച് ഉപയോഗിച്ച് വരുന്നുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ്

139 (6214) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരുടെ കുറവുമൂലം ദൈനംദിന പ്രവർത്തനങ്ങൾ അവതാളത്തിലായിരിക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ നഗരസഭകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ സെക്രട്ടറിമാരുടെ ഒഴിവുകളുടെ വിശദാംശം നൽകുമോ;

(സി) സെക്രട്ടറിമാരുൾപ്പെടെ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

നഗരസഭാ സെക്രട്ടറി - 2

(പുതുതായി രൂപീകരിക്കപ്പെട്ട താനൂർ, പരപ്പനങ്ങാടി, വളാഞ്ചേരി, കൊണ്ടോട്ടി, തിരൂരങ്ങാടി എന്നീ നഗരസഭകളിൽ പഞ്ചായത്ത് സെക്രട്ടറിമാരാണ് നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്നത്.)

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി - 7

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി - 25

(സി) പുതുതായി രൂപീകരിച്ച നഗരസഭകളിൽ നഗരസഭാ സെക്രട്ടറിമാരുടെ 28 തസ്തികകൾ ഉൾപ്പെടെ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 98 പേർക്ക് നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. 41 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന

സീനിയോറിറ്റി ലിസ്റ്റുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ റദ്ദാക്കുകയുണ്ടായി. ഇത് ബഹു. ഹൈക്കോടതി അംഗീകരിക്കുകയും അതിനെതിരെ അപ്പീൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലുമാണ്. അതിനാൽ വകുപ്പിലെ സ്ഥിരമായ സ്ഥാനക്കയറ്റങ്ങൾ മേൽ അപ്പീലിലെ (SLP No. 13785-86/2016) അന്തിമ വിധിക്കനുസൃതമായി മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. പഞ്ചായത്ത് സെക്രട്ടറി മുതൽ താഴോട്ടുള്ള തസ്തികകളിൽ, താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പഞ്ചായത്തുകളിലെ നിയമനം**

140 (6215) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു വകുപ്പിൽ നിലവിൽ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിൽ സെക്രട്ടറി, അസിസ്റ്റൻറ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, അക്കൗണ്ടൻറ്, സീനിയർ ക്ലാർക്ക്, ക്ലാർക്ക് എന്നീ തസ്തികകളിൽ ഒഴിവുണ്ട്; വിശദമാക്കാമോ;

(ബി) പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികയിലേക്ക് അവസാനമായി പ്രൊമോഷൻ നടന്നത് എന്നാണ്; പ്രൊമോഷൻ മുഖേന നിയമനം നൽകുന്നതിനായി എത്ര തസ്തികകളാണ് ഒഴിച്ചിട്ടിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻ നൽകുന്നതിനുള്ള തടസ്സം വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിലാണ് അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്തത്, അവിടെ പ്രസ്തുത തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിലെ വിവിധ തസ്തികകളിലെ ഒഴിവ് വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സെക്രട്ടറി | 184 |
| അസിസ്റ്റന്റ് സെക്രട്ടറി | 49 |
| ജൂനിയർ സൂപ്രണ്ട് | 21 |
| ഹെഡ് ക്ലാർക്ക് | 28 |
| അക്കൗണ്ടന്റ് | 1 |
| സീനിയർ ക്ലാർക്ക് | 19 |
| ക്ലാർക്ക് | 125 |

(ബി) പഞ്ചായത്ത് ഡയറക്ടറുടെ 5-8-2015-ലെ ഇ 1-01/2015(2) നമ്പർ ഉത്തരവ് പ്രകാരമാണ് പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികയിലേക്ക് അവസാനമായി പ്രൊമോഷൻ നടന്നത്. നിലവിൽ ഒഴിവുള്ള എല്ലാ സെക്രട്ടറി തസ്തികകളിലും സ്ഥാനക്കയറ്റം മുഖേനയാണ് നിയമനം നൽകുന്നത്.

(സി) പഞ്ചായത്ത് വകുപ്പിലെ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജീവനക്കാരുടെ 2010-ൽ പ്രസിദ്ധീകരിച്ചിരുന്ന സീനിയോറിറ്റി ലിസ്റ്റുകൾ 2014-ൽ റദ്ദാക്കുകയും പുതിയ സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന അപേക്ഷകളിൽ 2010-ലെയും 2014-ലെയും ലിസ്റ്റുകൾ റദ്ദാക്കിയിരുന്നു. തുടർന്ന് ഒ.പി. 120/2015, ഒ.പി.(കെഎറ്റി) 144/2015, 145/2015 നമ്പർ ഹർജികളിൽ ബഹു. ഹൈക്കോടതിയുടെ 11-3-2016-ലെ വിധി ന്യായത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അംഗീകരിച്ചിരുന്നു. ഈ വിധി ന്യായത്തിനെതിരെ ബഹു. സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട 13785-13786/2016 തുടങ്ങിയ എസ്.എൽ.പി.-കളിലെ 13-5-2016 തീയതിയിലെ ഇടക്കാല ഉത്തരവിൽ നിലവിലെ സ്ഥിതി തുടരുവാൻ ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ വിവിധ തസ്തികകളിലെ ഒഴിവുകളിൽ പ്രൊമോഷൻ നടത്താൻ കഴിയാത്ത സ്ഥിതി വകുപ്പിൽ നിലനിൽക്കുകയാണ്.

(ഡി) 113 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ല. അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് |
|---|---|
| 1 | അമ്പൂരി |
| 2 | അരുവിക്കര |
| 3 | ആര്യൻകോട് |
| 4 | ചിറയിൻകീഴ് |
| 5 | കള്ളിക്കാട് |
| 6 | കാഞ്ഞിരംകുളം |
| 7 | കരുംകുളം |
| 8 | കിളിമാനൂർ |
| 9 | കുറ്റിച്ചൽ |
| 10 | മടവൂർ |
| 11 | നന്നിയോട് |
| 12 | ഒറ്റശേഖരമംഗലം |
| 13 | പനവൂർ |
| 14 | പെരുങ്കടവിള |
| 15 | പൂവാർ |
| 16 | തിരുപുറം |
| 17 | തൊളിക്കോട് |
| 18 | മാൻട്രോതുരുത്ത് |
| 19 | പട്ടാഴി വടക്കേക്കര |
| 20 | തൃക്കരുവ |
| 21 | പേരയം |

| | |
|---|---|
| 22 | അണിക്കാട് |
| 23 | നാരങ്ങാനം |
| 24 | നെടുമ്പ്രം |
| 25 | പന്തളം തെക്കേക്കര |
| 26 | റാന്നി അങ്ങാടി |
| 27 | തോട്ടപ്പുഴശ്ശേരി |
| 28 | തുമ്പമൺ |
| 29 | ഹരിപ്പാട് |
| 30 | കടകരപ്പള്ളി |
| 31 | കോടംതുരുത്ത് |
| 32 | മുതുകുളം |
| 33 | മുട്ടാർ |
| 34 | പാലമേൽ |
| 35 | പാണ്ടനാട് |
| 36 | പട്ടണക്കാട് |
| 37 | പെരുമ്പളം |
| 38 | പുന്നപ്ര തെക്ക് |
| 39 | തകഴി |
| 40 | വീയപുരം |
| 41 | വെളിയനാട് |
| 42 | കോരുത്തോട് |
| 43 | കൊഴുവനാൽ |
| 44 | മറവൻതുരുത്ത് |

| | |
|---|---|
| 45 | മീനടം |
| 46 | മേലുകാവ് |
| 47 | മൂന്നിലാവ് |
| 48 | പൂഞ്ഞാർ |
| 49 | ടി.വി.പുരം |
| 50 | തീക്കോയ് |
| 51 | തലനാട് |
| 52 | തലപ്പാലം |
| 53 | തലയാഴം |
| 54 | വെളിയന്നൂർ |
| 55 | ആലക്കോട് |
| 56 | അയ്യപ്പൻകോവിൽ |
| 57 | ബൈസൻവാലി |
| 58 | എടവെട്ടി |
| 59 | ഇരട്ടയാർ |
| 60 | കാന്തല്ലൂർ |
| 61 | കരിങ്കുന്നം |
| 62 | കൊടികുളം |
| 63 | കൊക്കയാർ |
| 64 | കുടയത്തൂർ |
| 65 | കുമാരമംഗലം |
| 66 | മണക്കാട് |
| 67 | മാങ്കുളം |

| | |
|---|---|
| 68 | മരിയാപുരം |
| 69 | മുട്ടം |
| 70 | പുറപ്പുഴ |
| 71 | ശാന്തൻപാറ |
| 72 | വെള്ളിയമറ്റം |
| 73 | അയവാണ |
| 74 | ആവോലി |
| 75 | ഇടക്കാട്ടുവയൽ |
| 76 | കുഴിപ്പള്ളി |
| 77 | വരാപ്പെട്ടി |
| 78 | ഒരുമനയൂർ |
| 79 | പൊയ്യ |
| 80 | കുഴൂർ |
| 81 | വല്ലച്ചിറ |
| 82 | പൂമംഗലം |
| 83 | കാരളം |
| 84 | ഇലവഞ്ചേരി |
| 85 | എരുത്തൻപത്തി |
| 86 | മലമ്പുഴ |
| 87 | നെന്മാറ |
| 88 | പരുത്തൂർ |
| 89 | പട്ടഞ്ചേരി |
| 90 | പൊൽപ്പുള്ളി |

| | |
|---|---|
| 91 | പുതുക്കോട് |
| 92 | വടകരപ്പത്തി |
| 93 | വല്ലപ്പുഴ |
| 94 | വെള്ളിനേഴി |
| 95 | ഇടക്കര |
| 96 | തുവ്വൂർ |
| 97 | തെന്നല |
| 98 | പൊൻമുണ്ടം |
| 99 | പെരുമണ്ണക്ലാരി |
| 100 | പെരുമ്പടപ്പ് |
| 101 | കാലടി |
| 102 | അരിക്കുളം |
| 103 | കൂത്താളി |
| 104 | കോട്ടത്തറ |
| 105 | വെങ്ങാപ്പള്ളി |
| 106 | തരിയോട് |
| 107 | പൊഴുതന |
| 108 | തൊണ്ടർനാട് |
| 109 | ബെല്ലൂർ |
| 110 | മൊഗ്രാൽ പുത്തൂർ |
| 111 | പനത്തടി |
| 112 | വലിയപറമ്പ |
| 113 | കുമ്പടജെ |

## ഗ്രാമ പഞ്ചായത്ത് ആഫീസുകളുടെ കാര്യക്ഷമത

141 (6216) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് ആഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് വ്യാപകമായ പരാതി നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതി പരിഹരിക്കുന്നതിനും ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ; അവ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ&ബി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് സേവനാവകാശ നിയമം നിലവിലുണ്ട്. സേവനം യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങളിൽ അതൃപ്തി ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ഒരു Online Public Grievance Redressal Module സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പഞ്ചായത്ത് സെക്രട്ടറിമാരുടെ ഡി.പി.സി. ലിസ്റ്റ്

142 (6218) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ നിലവിലുള്ള ഒഴിവുകൾ മുഴുവൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) പഞ്ചായത്തു സെക്രട്ടറിമാരുടെ ഡി.പി.സി. അംഗീകരിച്ച ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അതിൽ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകളിലെ ഭരണസ്തംഭനം ഒഴിവാക്കുവാൻ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരെ താല്ക്കാലികമായി പ്രൊമോട്ട് ചെയ്ത് പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ സ്ഥാക്കയറ്റം മുഖേന നിയമനം നടത്തേണ്ട 184 സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച വിവരം ജില്ലകളിൽ നിന്നും പഞ്ചായത്ത് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 4-2-2016-ൽ കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയിൽ (ജൂനിയർ) 44 പേരുടെ പട്ടിക അംഗീകരിച്ചിരുന്നുവെങ്കിലും ബഹു. സുപ്രീംകോടതിയുടെ 13-5-2016-ലെ 13785-13786/2016 സ്പെഷ്യൽ ലീവ് പെറ്റീഷനിന്മേൽ തൽസ്ഥിതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും തുടർന്നുവന്ന വ്യവഹാരങ്ങളെത്തുടർന്നും പ്രസ്തുത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**അധികാര വികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ടം**

143 (6219) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അധികാരവികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിൽ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തുന്നതെന്നും മറ്റുള്ള വിവരങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. രണ്ടാം ഘട്ടം ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കായി വിവിധ വിഷയ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി സംസ്ഥാന പ്ലാനിംഗ് ബോർഡ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. നീർത്തടാധിഷ്ഠിത പ്രകൃതി വിഭവ പരിപാലനം, സമ്പൂർണ്ണ ശുചിത്വം, ജൈവ പച്ചക്കറി തുടങ്ങിയ മേഖലകൾക്ക് രണ്ടാം ഘട്ടത്തിൽ ഉയർന്ന പരിഗണന നൽകി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ടി വർക്കിംഗ് ഗ്രൂപ്പുകൾ നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തുറസ്സവിസർജ്ജന വിമുക്ത പദ്ധതി പ്രഖ്യാപനം

144 (6220) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിലെയും കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെയും ഉപയോഗയോഗ്യമല്ലാത്ത ശൗചാലയങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം വൃത്തിഹീനമായ ശൗചാലയങ്ങൾ ഉപയോഗിക്കുന്നതിന് തുക ഈടാക്കുന്നത് തദ്ദേശഭരണ വകുപ്പിന്റെയും ശുചിത്വ മിഷന്റെയും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കേരളപ്പിറവി ദിനത്തിൽ തുറസ്സവിസർജ്ജനവിമുക്ത പദ്ധതിയുടെ പ്രഖ്യാപനം നടത്തുമ്പോൾ ഇത്തരം പൊതുവിസർജ്ജനകേന്ദ്രങ്ങളുടെ പുനരുദ്ധാരണം കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുസ്ഥലങ്ങളിലേയും കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളിലേയും ഉപയോഗശൂന്യമായ ശൗചാലയങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് ചില ഗ്രാമപഞ്ചായത്തുകൾ ആരോഗ്യവകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ മുഖേന പരിശോധന നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള അത്തരം ശൗചാലയങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിവരുന്നു.

(ബി) പൊതുശൗചാലയങ്ങൾ പേ & യൂസ് വ്യവസ്ഥ പ്രകാരം നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## സ.ഉ. (സാധാ) 2465/2016/തസ്വഭവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ

145 (6221) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-8-2016-ലെ സ.ഉ (സാധാ) 2465/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ എന്തെല്ലാം; ഉത്തരവിന്റെ പകർപ്പ് സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് കോഴിക്കോട് ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ എത്ര ഭിന്ന ശേഷിക്കാർ ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടു;

(ഡി) ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെയും സ്ഥിതി വിവരം പ്രത്യേകം വാർഡ്/ഡിവിഷൻ എന്നിവ തിരിച്ച് വിശദമാക്കുമോ; ഇവരുടെ പേരു വിവരപട്ടിക വിലാസം സഹിതം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 17-8-2016-ലെ സ.ഉ. (സാധാ) 2465/2016/തസ്വഭവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

1. ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്/ നിലനിർത്തേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്തിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ലഭ്യമാകുമ്പോൾ അവ കാലാകാലങ്ങളിൽ (കൃത്യമായ ഇടവേളകളിൽ) യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

3. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുക എന്ന ഉത്തരവാദിത്തം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണ്.

4. ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര/സംസ്ഥാനവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണ്.

5. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സംസ്ഥാന സർക്കാർ ശിപാർശ ചെയ്യുന്ന രീതിയിലുള്ള സർവ്വേകളോ/ക്യാമ്പുകളോ ഗ്രാമ പഞ്ചായത്തുകൾ സംഘടിപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഉപയോഗിക്കേണ്ടതുമാണ്.

6. ഇത്തരം രജിസ്റ്റർ തയ്യാറാക്കിയശേഷം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് നഗരസഭ എന്നിവ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് ഗ്രാമ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിൽ ഉത്തരവ് പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കൊയിലാണ്ടി മണ്ഡലത്തിൽപ്പെട്ട ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്തിൽ 50 ഭിന്നശേഷിക്കാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്ന നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി, പയ്യോളി നഗരസഭകളിൽ ഭിന്നശേഷിക്കാർ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) കൊയിലാണ്ടി മണ്ഡലത്തിൽപ്പെട്ട ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ രജിസ്റ്റർ ചെയ്യുന്ന നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

**നാഷണൽ റർബൻ മിഷൻ**

146 (6222)<u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം.) അനുസരിച്ച് സംസ്ഥാനത്ത് എത്ര ക്ലസ്റ്ററുകളുടെ വികസനത്തിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ ഏതൊക്കെ ക്ലസ്റ്ററുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്നറിയിക്കാമോ; പ്രസ്തുത ക്ലസ്റ്ററുകളിൽ എത്ര അടങ്കലിലുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്; ഇതിൽ കേന്ദ്ര സഹായമായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നറിയിക്കുമോ;

(സി) പുതുതായി ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം.) അനുസരിച്ച് സംസ്ഥാനത്ത് നാല് ജില്ലകളിലെ നാല് ഉപജില്ലകളിൽ നിന്നായി എട്ട് ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്ന നാല് ക്ലസ്റ്ററുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നാഷണൽ റർബൻ മിഷനിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം, കോട്ടയം (മലബാർ) എന്നീ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്ന മങ്ങാട്ടിടം ക്ലസ്റ്ററാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത ക്ലസ്റ്ററിന് 118.18 കോടി രൂപയുടെ പദ്ധതികൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന് കേന്ദ്ര സഹായമായി 30 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(സി) പുതുതായി ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുന്നതിൽ കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

**ജി.സി.ഡി.എ. ഭവന പദ്ധതികൾ**

147 (6223) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ. ഭവന പദ്ധതികൾ എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമായിട്ടുണ്ട്; വീടുകൾ വിതരണം ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ഇത് എവിടെയെല്ലാമാണെന്നും വീടുകൾ അർഹരായവർക്ക് കൊടുക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ഡി) ടി പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) ജി.സി.ഡി.എ. നിർമ്മിച്ചിട്ടുള്ളതും പരിപാലിക്കുന്നതുമായ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജി.സി.ഡി.എ.-യുടെ ഭവന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. Elamkulam West Scheme
2. Elamkulam West Extension
3. Thrikakkara Scheme Area
4. Kadavanthra West

5. Elamkulam South Commercial Centre
6. Alwaye Housing Scheme
7. T.P. Cananl Scheme
8. Rameswaram West
9. North Paravur
10. Koovappadam Housing Scheme
11. Vaduthala Housing Scheme
12. Edathala Housing Scheme
13. Marine Dive Scheme
14. Elamkulam North Scheme
15. Fort Kochi Colony
16. Elamkulam Road Scheme
17. Thammanam Slum
18. Mamangalam Housing Scheme.

(ബി&സി) 3453 കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമായിട്ടുള്ളതും എല്ലാ വീടുകളും അലോട്ട്മെന്റ് കഴിഞ്ഞിട്ടുള്ളതുമാണ്.

(ഡി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് വരുമാന സർട്ടിഫിക്കറ്റ് മാനദണ്ഡമാക്കിയാണ്.

(ഇ)

1. കലൂർ കടവന്ത്ര റോഡ് (പരിപാലനം മാത്രം)
2. കലൂർ മാർക്കറ്റ് റോഡ്
3. ജെഎൻഐഎസ് സ്റ്റേഡിയം റിംഗ് റോഡ്
4. കൊട്ടേക്കനാൽ റോഡ്
5. വി.ഐ.പി. റോഡ്
6. എൻട്രൻസ് റോഡ്
7. ശിഹാബ് തങ്ങൾ റോഡ്
8. അംബേദ്കർ മാർഗ്
9. അംബേദ്കർ റോഡ് South side road widening (250 mtr approximate)
10. ജസ്റ്റിസ് കൃഷ്ണയ്യർ റോഡ്.

## ജി.സി.ഡി.എ.-യുടെ വസ്തുവകകൾ

148 (6224) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ.-യുടെ പേരിലുള്ള കെട്ടിട സമുച്ചയങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, സ്റ്റേഡിയം, ഭൂമികൾ തുടങ്ങിയവ എത്രയെന്നും ഇത് എവിടെയെല്ലാമാണെന്നുമുള്ള വിശദാംശങ്ങൾ സർവ്വെ നമ്പർ ഉൾപ്പെടെ വില്ലേജടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത വസ്തുവകകൾ എന്തെല്ലാം ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ഇതിൽ നിന്നും ജി.സി.ഡി.എ.-യ്ക്ക് ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്നുള്ള വായ്പ

149 (6225) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഡവലപ്മെന്റ് അതോറിറ്റിയിൽ നിന്നും വായ്പ എടുത്ത ചെമ്മനാട്, ഉദുമ, മുളിയാർ പഞ്ചായത്തുകളിലെ താമസക്കാരായ എത്രപേർക്ക് ആധാരങ്ങൾ മടക്കി നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ വായ്പ എടുത്തവർക്ക് എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വായ്പ കൃത്യമായി അടച്ചവർക്ക് പിന്നീട് തുക എവിടെയാണ് അടയ്ക്കേണ്ടതെന്ന കൃത്യമായ നിർദ്ദേശം നൽകാത്തതിനാൽ വന്നിട്ടുള്ള പലിശയും പിഴ പലിശയും ഒഴിവാക്കി മുതൽതുക ഈടാക്കി ആധാരം തിരിച്ചു കൊടുക്കുന്നിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ 13 പേർക്കും മുളിയാർ ഗ്രാമ പഞ്ചായത്തിൽ 10 പേർക്കും ആധാരം മടക്കി നൽകാനുണ്ട്. ഉദുമ ഗ്രാമ പഞ്ചായത്തിൽ നിന്നുമുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഇളവ് അനുവദിച്ചിട്ടില്ല.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപ്പലിശ ഒഴിവാക്കി നൽകുന്നുണ്ട്. വായ്പയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി**

150 (6226) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി (കാഡ) നിലവിൽ വന്നതെപ്പോഴാണെന്നും പിരിച്ചുവിട്ടതെപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ബി) 'കാഡ'-യുടെ സംസ്ഥാപന ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്തൊക്കെയായിരുന്നു; പ്രസ്തുത ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും കൈവരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) 'കാഡ' നിലവിലുണ്ടായിരുന്ന കാലത്ത് ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) 'കാഡ' പ്രവർത്തിച്ചിരുന്ന കാലയളവിൽ എത്ര പേർക്ക് വായ്പ അനുവദിച്ചിരുന്നു; വായ്പ എടുത്തവരുടെ പേരുവിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) വായ്പ എടുത്തവരിൽ എത്ര പേർ തിരിച്ചടച്ചു. വായ്പ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളവരുടെ പേരുവിവരം പഞ്ചായത്തടിസ്ഥാനത്തിൽ നൽകുമോ;

(എഫ്) വായ്പ അനുവദിക്കുമ്പോൾ സ്വീകരിച്ച ജാമ്യ വ്യവസ്ഥകൾ എന്തായിരുന്നു; സ്വത്ത് പ്രമാണം ഗ്യാരണ്ടിയായി സ്വീകരിച്ചിരുന്നുവോ;

(ജി) എങ്കിൽ 'കാഡ'നിലവിലില്ലാത്ത സാഹചര്യത്തിൽ സ്വത്ത് പ്രമാണം ജാമ്യമായി നൽകി വായ്പ എടുക്കുകയും എന്നാൽ ഇതുവരെ തിരിച്ചടയ്ക്കുകയും ചെയ്യാത്തവരുടെ സ്വത്ത് പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പഞ്ചായത്ത് ഓഫീസുകളിലാണെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ആരുടെയെല്ലാം പ്രമാണങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; വായ്പകൾ എഴുതിത്തള്ളി ഈ പ്രമാണങ്ങൾ തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1994-ൽ നിലവിൽ വന്നു, 2000-ൽ പിരിച്ചുവിട്ടു.

(ബി) കാസർഗോഡ് ജില്ലയിൽ കാഡയുടെ കീഴിൽ വരുന്ന പ്രദേശങ്ങളുടെ ആസൂത്രിത വികസനം ലക്ഷ്യമാക്കിയാണ് കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി (കാഡ) രൂപീകരിച്ചത്. ഉദ്ദേശിച്ച ലക്ഷ്യങ്ങൾ പൂർണ്ണമായും സാക്ഷാത്കരിക്കാൻ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് സാധിക്കും എന്നതിനാൽ കാഡ ഉൾപ്പെടെയുള്ള ചില വികസന അതോറിറ്റികൾ നിർത്തലാക്കിയിട്ടുള്ളതാകുന്നു.

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) സ്വത്ത് പ്രമാണം ഗ്യാരണ്ടിയായി/ജാമ്യമായി സ്വീകരിച്ചിരുന്നു.

(ജി) പ്രമാണങ്ങളും മറ്റ് അനുബന്ധ രേഖകളും കാസർഗോഡ് വികസന അതോറിറ്റിയുടെ അധികാര പരിധിയിലുണ്ടായിരുന്ന ബന്ധപ്പെട്ട പഞ്ചായത്തുകളിലാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രമാണങ്ങൾ ഇരിക്കുന്നവരുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം-1)*. ചെങ്കള ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളുടെ വായ്പകൾ എഴുതിത്തള്ളുന്ന വിഷയത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

**മദ്രസാ അദ്ധ്യാപക ക്ഷേമനിധി**

151 (6227) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മദ്രസാ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

1. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ രണ്ട് വർഷത്തെ അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകരുടെ രണ്ട് പെൺമക്കളുടെ വിവാഹത്തിനും സ്വന്തം വിവാഹത്തിനും ധനസഹായമായി 10,000 രൂപ വീതം അനുവദിക്കുന്നുണ്ട്. വിവാഹ തീയതിക്ക് ഒരു മാസം മുമ്പ് മുതൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിവാഹം കഴിഞ്ഞ് പരമാവധി മൂന്ന് മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം. അപേക്ഷ സമർപ്പിക്കുന്നതിന്റെ തൊട്ടുമുമ്പുള്ള മാസം വരെ അംശദായം ഒടുക്കിയിരിക്കേണ്ടതാണ്.

2. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 2000 രൂപ ക്യാഷ് അവാർഡ് നൽകി വരുന്നു.

3. അഞ്ച് വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് 65 വയസ്സ് പൂർത്തിയാകുന്നതുവരെ അംഗത്വം നിലനിർത്തുന്ന മദ്രസ്സാ ക്ഷേമനിധി അംഗങ്ങൾക്ക് അംഗത്വ കാലയളവിന് ആനുപാതികമായി മിനിമം 800 രൂപ മുതൽ പ്രതിമാസ പെൻഷൻ ലഭിക്കുന്നതാണ്. 20 വർഷത്തിൽ കുറയാത്ത കാലം അംശദായമടച്ച് ക്ഷേമനിധി അംഗത്വം നിലനിർത്തി വരുന്ന ഒരംഗം മദ്രസ്സാദ്ധ്യാപക പ്രവൃത്തിയിൽനിന്നും സ്വയം വിരമിക്കുന്ന പക്ഷം പ്രസ്തുത അംഗത്തിന് മിനിമം പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

4. കേരള മദ്രസ്സാ ക്ഷേമനിധിയിലെ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്കുള്ള ഭവന വായ്പാ പദ്ധതി 200 ഗുണഭോക്താക്കൾക്ക് 2.5 ലക്ഷം രൂപ വീതം വായ്പ നൽകുന്ന 5 കോടി രൂപയുടെ പ്രസ്തുത പദ്ധതി കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

## ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ

152 (6228) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയത് അനുവദിക്കുന്നതിനായുള്ള അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. പദ്ധതി അനുവദിക്കുന്നതിനുള്ള അർഹതാ മാനദണ്ഡം ചുവടെ ചേർക്കുന്നു:

1. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലാണ് പദ്ധതി അനുവദിക്കുന്നത്.
2. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് ഉണ്ടാകണം.
3. കേരള വാട്ടർ അതോറിറ്റി അധികാരികളുടെ മേലൊപ്പോടുകൂടിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതമാണ് പദ്ധതി നിർദ്ദേശമായി സമർപ്പിക്കേണ്ടത്.
4. പദ്ധതി പൂർത്തിയായാൽ ഏറ്റെടുത്ത് പരിപാലിച്ചു കൊള്ളാമെന്നുള്ള ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമ്മതപത്രവും സമർപ്പിക്കേണ്ടതാണ്.

(ബി) കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ, സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ**

153 (6229) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്ഥാപനങ്ങൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര; പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിലെ ചേർക്കളയിൽ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

(ബി) ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട യുവജനങ്ങൾക്കായി യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ്, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയ മേഖലകളിലെ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനം ടി സ്ഥാപനം മുഖേന നൽകി വരുന്നു.

(സി) ടി സ്ഥാപനത്തിൽ ആകെ മൂന്ന് താൽക്കാലിക ജീവനക്കാരാണുള്ളത്.

**ഹജ്ജ് തീർത്ഥാടകർക്കായി പുതിയ സേവനങ്ങൾ**

154 (6230) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഹജ്ജ് തീർത്ഥാടകർക്കായി ഏതെല്ലാം തരത്തിലുള്ള പുതിയ സേവനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹജ്ജ്ക്വാട്ട വർദ്ധിപ്പിച്ചു കിട്ടുന്നതിനായി ഈ സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-ലെ ഹജ്ജ് നടപടിക്രമങ്ങൾ ആരംഭിച്ച കഴിഞ്ഞതിനു ശേഷമാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ (പതിനായിരത്തിലേറെ) ഹാജിമാരെ കൊച്ചിയിലെ അൽക്കാലിക ഹജ്ജ് ക്യാമ്പ് വഴി യാത്രയാക്കാൻ കഴിഞ്ഞു. അടുത്ത വർഷത്തെ ഹജ്ജ് നടപടിക്രമങ്ങൾ അടുത്ത മാസത്തോടെ ആരംഭിക്കും. അതിനായി ഹജ്ജ് മാർഗ്ഗ നിർദ്ദേശങ്ങളിലും നടപടി ക്രമങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമായും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട് വരികയാണ്. കൂടാതെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് തിരിച്ച് കോഴിക്കോട് വിമാനത്താവളത്തിലേക്ക് തന്നെ മാറ്റുന്നതിനായുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) കേരളത്തിന്റെ ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയും കേന്ദ്ര സർക്കാറുമായി ബന്ധപ്പെട്ട് ശ്രമം നടത്തി വരുന്നു.

**സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിൽ ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ**

155 (6231) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിൽ സ്ഥിരം, ഡെപ്യൂട്ടേഷൻ, താൽക്കാലികം അടിസ്ഥാനത്തിൽ എത്ര പേരാണ് ജോലി ചെയ്യുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ പേരു വിവരങ്ങളും അവരുടെ മാതൃവകുപ്പ്, കാലാവധി എന്നിവ സംബന്ധിച്ചുള്ള വിശദ വിവരങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിലെ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വിഭാഗം | എണ്ണം |
|---|---|
| സ്ഥിരം ജീവനക്കാർ | 2 |
| ഡെപ്യൂട്ടേഷൻ സ്റ്റാഫ് | 5 |
| ദിവസവേതന ജീവനക്കാർ | 4 |
| ഓണറേറിയം അടിസ്ഥാനത്തിൽ | 1 |

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## തുറമുഖങ്ങളിലെ മണലെടുപ്പ്

156 (6232) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തുറമുഖങ്ങളിലെ മണലെടുപ്പ് സ്വകാര്യ/ സഹകരണ ഏജൻസികളെ ഒഴിവാക്കി കണ്ണൂർ ജില്ലയിൽ പ്രഖ്യാപിച്ച പോലെ സർക്കാർ മേൽനോട്ടത്തിൽ ആക്കുവാൻ നടപടികൾ ഉണ്ടാകുമോ;

(ബി) മാഫിയാവൽക്കരണം നടക്കുന്ന മണലെടുപ്പ്മൂലം പരിസരവാസികൾക്കും, പോലീസ് റവന്യൂ ഉദ്യോഗസ്ഥന്മാർക്കും ഉണ്ടായ ആക്രമങ്ങൾ മുൻനിർത്തി സുതാര്യമായ രീതിയിൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചും ഇടനിലക്കാരെ ഒഴിവാക്കിയും പദ്ധതി ആസൂത്രണം ചെയ്യുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ തുറമുഖ വകുപ്പിനു കീഴിലെ എല്ലാ തുറമുഖങ്ങളിലേയും മാന്വൽ ഡ്രഡ്ജിംഗ് പ്രവൃത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നയം രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, മാന്വൽ ഡ്രഡ്ജിംഗ് നയത്തിന്റെ കരട് രൂപം 2016 ഒക്ടോബർ മാസം 16-ാം തീയതി തുറമുഖ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട നയം നടപ്പിലാക്കി മാന്വൽ ഡ്രഡ്ജിംഗ് നടത്തുമ്പോൾ ഇടനിലക്കാരെ ഒഴിവാക്കുന്നതിനും സർക്കാരിനുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിലുറപ്പ് നൽകി സുതാര്യമാക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## യാത്രാ കപ്പൽ സർവ്വീസ്

157(6233) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കു മുമ്പ് യാത്രാ കപ്പൽ സർവ്വീസ് ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് ഉണ്ടായിരുന്നതെന്നും ഏത് രാജ്യത്ത് നിന്ന് കേരളത്തിലെ ഏത് തുറമുഖത്തിലേക്കായിരുന്നു സർവ്വീസ് ഉണ്ടായിരുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ഗൾഫ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക് യാത്രാ കപ്പൽ സർവ്വീസിന് കൂടുതൽ സാധ്യതകളുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിമാനടിക്കറ്റിന്റെ അമിത ചാർജിനാൽ ഗൾഫ് മലയാളികൾ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാരന് താങ്ങാനാവുന്ന യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഗൾഫ് നാടുകളിൽനിന്നും യാത്രാക്കപ്പലുകൾ കൊച്ചി തുറമുഖത്താണ് വന്നിട്ടുള്ളത്. ആയത് സംബന്ധിച്ചുള്ള രേഖകളൊന്നും തുറമുഖ വകുപ്പിലോ കൊച്ചിൻ പോർട്ട് ട്രസ്റ്റിലോ നിലവിൽ ലഭ്യമല്ല.

(സി&ഡി) ചെറിയ യാത്രക്കപ്പൽ വരുന്നതിനുള്ള സംവിധാനമാണ് സംസ്ഥാന സർക്കാരിന് കീഴിലുള്ള തുറമുഖങ്ങളിലുള്ളത്. അത്തരത്തിലുള്ള കപ്പലുകൾ ഗൾഫ് നാടുകളിലേക്ക് സർവ്വീസ് നടത്തുന്നത് ലാഭകരമായിരിക്കില്ല. വിമാന യാത്രയേക്കാൾ ചെലവുകുറഞ്ഞ രീതിയിൽ ഗൾഫ് നാടുകളിൽനിന്നും കൊച്ചി പോലുള്ള മേജർ തുറമുഖങ്ങളിലേക്ക് യാത്രാക്കപ്പൽ സർവ്വീസ് നടത്താവുന്നതാണ്. ഇതിനായി വലിയ യാത്രാക്കപ്പൽ വേണ്ടിവരും. വിമാനയാത്രയ്ക്ക് 4, 5 മണിക്കൂറുകൾ മാത്രം മതിയാകുമ്പോൾ കപ്പൽ യാത്രയ്ക്ക് 4, 5 ദിവസങ്ങൾ വേണ്ടി വരും. ഈ സാഹചര്യത്തിൽ പരിമിതമായി അവധിയുമായി നാട്ടിലേക്ക് വരുന്ന പ്രവാസികൾ കപ്പൽ യാത്രയെ ആശ്രയിക്കാതെ വരികയും യാത്രാക്കപ്പൽ സർവ്വീസ് നഷ്ടത്തിലാവുന്നതിന് കാരണമാവുകയും ചെയ്യും. ഇക്കാരണത്താൽ യാത്രാക്കപ്പൽ സർവ്വീസ് ഗൾഫ് നാടുകളിലേക്ക് നടത്തുന്നത് പ്രായോഗികമായിരിക്കില്ല.

## അതിവേഗ കപ്പൽ സർവ്വീസ്

158(6234) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കൊച്ചി - കോഴിക്കോട് എന്നീ നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസിന്റെ ഒരു പോർട്ട് വൈപ്പിൻ മണ്ഡലത്തിലെ മുനമ്പത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മുനമ്പത്തെ പുലിമൂട്ടിന് സമീപം കപ്പൽ അടുപ്പിക്കുന്നതിന് അനുയോജ്യമായ ആഴമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോസ്റ്റൽ ഷിപ്പിംഗ് പ്രൊമോഷന്റെ ഭാഗമായി തീരദേശ യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. ആദ്യമായി കൊച്ചി-കോഴിക്കോട് മേഖലയിലും പിന്നീട് ഇത് കൊച്ചി-തിരുവനന്തപുരം മേഖലയിലും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി യാത്രാക്കപ്പൽ സർവ്വീസ് കൊച്ചി തുറമുഖത്ത് അടുക്കുന്നതിനാൽ മുനമ്പം തുറമുഖത്തുകൂടി അടുക്കുന്നത് യാത്രാസമയം വർദ്ധിപ്പിക്കും എന്നതിനാൽ പ്രായോഗികമല്ല.

(സി) മുനമ്പത്തെ പുലിമുട്ടിന് സമീപം കപ്പൽ അടുപ്പിക്കുവാൻ ആഴമുണ്ടെങ്കിലും വാർഫിന്റെ സൗകര്യമില്ല. മുനമ്പം/കൊടുങ്ങല്ലൂർ തുറമുഖത്ത് വാർഫ് ഉൾപ്പെടെ 46 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

## തുറമുഖ വകുപ്പിന്റെ കടവുകളിൽനിന്ന് മണൽ വിതരണം

159 (6235) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന് കാസർഗോഡ് ജില്ലയിൽ എത്ര കടവുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ ഓരോ കടവിൽ നിന്നും എത്ര ലോഡ് മണലാണ് ദിവസേന നൽകുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) നിലവിൽ മണൽ ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്ന് മാസത്തിനിടെ മണൽ ബുക്ക് ചെയ്ത് മണൽ കൊണ്ടു പോയവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഇ) സാധാരണക്കാരന് മണൽ കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) ജില്ലയിൽ പുഴ മണൽ കിട്ടാത്ത സാഹചര്യത്തിൽ തുറമുഖ വകുപ്പിന്റെ കടവുകളിൽ നിന്ന് സാധാരണക്കാരന് മണൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിന് കീഴിൽ മഞ്ചേശ്വരം, കാസർഗോഡ്, ചെറുവത്തൂർ എന്നിവടങ്ങളിലായി 12 കടവുകളിൽ മണൽ ഖനനവും വിൽപ്പനയും നടത്തുന്നുണ്ട്.

(ബി) ഓരോ കടവിൽനിന്നും ദിവസേന നൽകുന്ന മണൽ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) തുറമുഖ വകുപ്പിന്റെ ഓൺലൈൻ സൈറ്റായ www.portinfo.cdit.org എന്ന സൈറ്റ് മുഖേനയാണ് മണൽ ബുക്ക് ചെയ്യേണ്ടത്. കാസർഗോഡ് തുറമുഖത്ത് മാസത്തിൽ രണ്ടു തവണയായി പത്ര പരസ്യം നൽകി പെർമിറ്റ് നൽകിവരുന്നു. പെർമിറ്റ് അനുവദിച്ചാൽ പൊതുജനങ്ങൾക്ക് ഓൺലൈൻ വഴി മണൽ ബുക്ക് ചെയ്യാവുന്നതാണ്.

(ഡി) മണൽ ബുക്ക് ചെയ്ത് കൊണ്ടുപോയവരുടെ ലിസ്റ്റ് പ്രത്യേകമായി സൂക്ഷിക്കുന്നില്ല. ഓൺലൈൻ മുഖാന്തിരം ബുക്ക് ചെയ്യുന്നവരുടെ അപേക്ഷ പരിശോധിച്ച് അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. തുടർന്ന് ബന്ധപ്പെട്ട സൊസൈറ്റി മണൽ വിതരണം ചെയ്യുന്നു. തുറമുഖ വകുപ്പിന്റെ ഓൺലൈൻ സൈറ്റ് കൈകാര്യം ചെയ്യുന്ന C-DIT-മായി ബന്ധപ്പെട്ട് മൂന്നുമാസത്തെ ലിസ്റ്റ് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സാധാരണക്കാർക്ക് മണൽ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് മണൽ ബുക്കിംഗും വിതരണവും ഓൺലൈൻ സമ്പ്രദായ ത്തിലാക്കിയത്. ഇത് നടപ്പിലാക്കിയശേഷം ഏതൊരു ഉപഭോക്താവിനും ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറിൽ നിന്നോ മൊബൈൽ ഫോണിൽനിന്നോ മണൽ ബുക്ക് ചെയ്യാവുന്നതാണ്. നിർദ്ദിഷ്ട പ്രമാണങ്ങൾ സഹിതം ഓൺലൈനായി ബുക്ക് ചെയ്ത് യോഗ്യരായ ഏതൊരാൾക്കും നിലവിൽ മണൽ ലഭിക്കുന്നുണ്ട്.

(എഫ്) നിർദ്ദിഷ്ട പ്രമാണങ്ങൾ സഹിതം ഓൺലൈനായി ബുക്ക് ചെയ്യുന്ന ഏതൊരു ഉപഭോക്താവിനും അർഹതയുള്ള പക്ഷം നിലവിൽ തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള കടവുകളിൽനിന്നും മണൽ ലഭ്യമാക്കുന്നുണ്ട്.

**കാഴ്ചബംഗ്ലാവ്**

160 (6236) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിലെ വർഷങ്ങളായി പ്രവർത്തനരഹിതമായ വുഡ് ഇൻഡസ്ട്രീസിന്റെ ഭൗതിക സൗകര്യങ്ങൾ ഉപയോഗിച്ച് കൊണ്ട് (കനോലി പ്ലോട്ടിനടുത്ത്) കാഴ്ചബംഗ്ലാവ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

നിലവിൽ ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

**പൈതൃക സ്മാരകമായി സംരക്ഷിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ**

161(6237) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക സ്മാരകമായി സംരക്ഷിക്കപ്പെടുന്നതിന് ഒരു സ്ഥാപനം തെരഞ്ഞെടുക്കുവാൻ പ്രത്യേക മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്ന സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥകളനുസരിച്ചാണ് ഒരു സ്മാരകത്തെ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നത്. ഇതുപ്രകാരം ദേശീയ പ്രാധാന്യമുള്ള-വയല്ലാത്തതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിലും പുരാവസ്തു ശാസ്ത്രം സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും ശിൽപ്പവേലകൾ, കൊത്തുപണികൾ, അവയെപ്പോലുള്ള മറ്റു വസ്തുക്കൾ എന്നിവ കാത്തു സൂക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1968-ലെ ആക്ട് പ്രകാരം ഒരു സ്മാരകം സംരക്ഷണ യോഗ്യമാണെന്ന് ബോധ്യപ്പെട്ടതിനുശേഷം സർക്കാർ ടി സ്മാരകവുമായി ബന്ധപ്പെട്ട് റവന്യൂ വിശദവിവരം ലഭ്യമാക്കി പ്രാഥമിക വിജ്ഞാപനവും തുടർന്ന് ഇതുസംബന്ധിച്ച് രണ്ട് മാസത്തിനകം ആക്ഷേപം ഒന്നുംതന്നെ ലഭിക്കാത്തപക്ഷം പ്രസ്തുത സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കൊണ്ട് അന്തിമ വിജ്ഞാപനവും പുറപ്പെടുവിക്കുന്നു.

(ബി) സംരക്ഷിത സ്മാരകമാക്കുന്ന സ്മാരകങ്ങളുടെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങളും രാസ സംരക്ഷണ പ്രവർത്തനങ്ങളുമാണ് നടത്തുന്നത്. നിലവിലുള്ള ജീർണ്ണാവസ്ഥകൾ പരിഹരിക്കുന്നതിന് ഘടനാ സംരക്ഷണ പ്രവർത്തനങ്ങളും കൂടുതൽ കേടുപാടുകൾ ഉണ്ടാകുന്നത് തടയുന്നതിന് രാസസംരക്ഷണ പ്രവർത്തനങ്ങളുമാണ് നടത്തുന്നത്.

**വേലുത്തമ്പി ദളവയുടെ സ്മാരകം**

162(6238) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീരദേശാഭിമാനി വേലുത്തമ്പി ദളവയുടെ ജന്മനാട്ടിലെ സ്മാരകത്തിന്റെയും കന്യാകുമാരി ജില്ലയിലെ തക്കല-തലക്കുളത്തുള്ള ഒന്നര നൂറ്റാണ്ടിലേറെ പഴക്കമുള്ളതുമായ വലിയ വീടിന്റെയും ഇന്നത്തെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത സ്മാരകം ആരുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാണ് പ്രവർത്തിക്കുന്നതെന്നും എന്തെല്ലാം സ്ഥല-കെട്ടിട സൗകര്യങ്ങളാണ് അവിടെയുള്ള തെന്നും വ്യക്തമാക്കുമോ;

(സി) സ്മാരകത്തിന്റെ വികസനത്തിനായി കേന്ദ്ര ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതുപയോഗിച്ച് എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയതെന്നും ഇതിന്റെ ചുമതല ആർക്കായിരുന്നുവെന്നും വിശദമാക്കുമോ;

(ഡി) കോവളത്തിനും കന്യാകുമാരിക്കുമിടയിൽ വലിയ ടൂറിസം സാധ്യതകളുള്ള പ്രസ്തുത സ്മാരകം സംരക്ഷിക്കുന്നതിനും സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ധീരദേശാഭിമാനി വേലുത്തമ്പി ദളവയുടെ ജന്മനാടായ കന്യാകുമാരി ജില്ലയിലെ തക്കലയിലെ തലക്കുളത്തുള്ള സ്മാരകത്തിന്റെയും വീടിന്റെയും അവസ്ഥ പുരാവസ്തു വകുപ്പ് പരിശോധിച്ചിട്ടില്ല.

(ബി) തമിഴ്നാട്ടിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്മാരകം പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമല്ലാത്തതിനാൽ ആയതിന്റെ ഉടമസ്ഥതയും നിയന്ത്രണവും സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) പ്രസ്തുത സ്മാരകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്തതിനാൽ കേന്ദ്ര ഫണ്ടൊന്നും തന്നെ ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത സ്മാരകം പുരാവസ്തു വകുപ്പിന്റെ അധീനതയിൽ സംരക്ഷിത സ്മാരകമാക്കുവാൻ കഴിയുമോയെന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**ചരിത്ര രേഖകളുടെയും മതിലകം രേഖകളുടെയും സംരക്ഷണത്തിന് പദ്ധതി**

163(6239) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരിത്രരേഖകളുടെയും മതിലകം രേഖകളുടെയും സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി നടന്നുവരുന്ന ഡിജിറ്റലൈസേഷൻ പദ്ധതി പ്രയോജന പ്പെടുത്തുമോയെന്ന് വിവരിക്കുമോ;

(സി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മതിലകം രേഖകളായ താളിയോലകൾ ഉൾപ്പെടെയുള്ള ചരിത്ര രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനാവശ്യമായ കെമിക്കൽ കൺസർവേഷൻ, ഡിജിറ്റലൈസേഷൻ എന്നീ പദ്ധതികൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ചരിത്രരേഖകളിലും മതിലകം രേഖകളായ താളിയോലകളിലും അടങ്ങിയിട്ടുള്ള കീടങ്ങളെയും മറ്റും നശിപ്പിച്ചശേഷം ഇവയെ അമ്ലന ശീകരണത്തിന് വിധേയമാക്കുകയും തുടർന്ന് മെന്റിംഗ്, ലാമിനേഷൻ, ഫുൾപേസ്റ്റിംഗ്, ടിഷ്യൂ റിപ്പയർ, ഗാർഡ് കൊടുക്കൽ, ബയന്റിംഗ് തുടങ്ങിയ പ്രക്രിയകൾക്ക് വിധേയമാക്കുകയാണ് ചെയ്യുന്നത്. ഇതിലേക്കായി വകുപ്പിൽ ഒരു കൺസർവേഷൻ വിഭാഗം പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ പ്രസ്തുത രേഖകളുടെ കൺസർവേഷനുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്ഥാപനമായ Natural Research Laboratory for Cultural Properties (NRLC), കേരള സർക്കാർ സ്ഥാപനമായ Centre for Heritage Studies, Thrippunithura (CHS) എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് ശാസ്ത്രീയ സംരക്ഷണ പ്രക്രിയകൾ പുരാരേഖാ വകുപ്പ് നടത്തിവരുന്നു.

(ബി) മതിലകം രേഖകൾ ഉൾപ്പെടെയുള്ള ചരിത്രരേഖകൾ ഡിജിറ്റൈസേഷനു വിധേയമാക്കി വരുന്നുണ്ട്. ഇവ ഗവേഷകർക്കും പൊതുജനങ്ങൾക്കും ഏറെ പ്രയോജനപ്പെട്ടുവരുന്നു.

(സി) ചരിത്ര രേഖകളുടെയും മതിലകം രേഖകളുടെയും സംരക്ഷണത്തിനാവശ്യമായ വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് വകുപ്പ് തലത്തിൽ ആർക്കൈവ്സ് അഡ്വൈസറി കമ്മിറ്റി, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, സ്റ്റേറ്റ് ലെവൽ സ്ക്രീനിംഗ് കമ്മിറ്റി എന്നീ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പുരാരേഖാ വകുപ്പ് അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ വകുപ്പിലെ സൂപ്പർവൈസറി ജീവനക്കാരുടെ മേൽനോട്ടത്തിൽ പ്രസ്തുത രേഖകളുടെ സംരക്ഷണത്തിനായി വിവിധ പദ്ധതികളും നടത്തിവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സർവ്വീസ്

164 (6240) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സർവ്വീസ് ആരംഭിച്ചിട്ട് എത്ര നാളായി; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) കൊറിയർ സർവ്വീസ് വഴി കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന അധിക വരുമാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2015 നവംബർ മാസം മുതൽ കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സർവ്വീസ് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. Trackon Private Ltd എന്ന കമ്പനിയുമായി ചേർന്ന് ലാഭം പങ്ക് വയ്ക്കൽ വ്യവസ്ഥയിലാണ് കൊറിയർ സർവ്വീസ് നടത്തുന്നത്. കൊറിയർ സർവ്വീസിലൂടെ ലഭിക്കുന്ന വരുമാനത്തിന് ആനുപാതികമായി കെ.എസ്.ആർ.ടി.സി.-ക്ക് വിഹിതം ലഭിക്കും. നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ വിഹിതം പ്രതിമാസം രണ്ട് ലക്ഷം രൂപയാണ്.

വരുമാന വിഭജന ക്രമം

25 ലക്ഷം രൂപ വരെ 22%
50 ലക്ഷം രൂപ വരെ 27%
75 ലക്ഷം രൂപ വരെ 32%
ഒരു കോടി രൂപ വരെ 35%
ഒരു കോടി രൂപയ്ക്കുമേൽ 40%

(ബി) കൊറിയർ സേവനം ആരംഭിച്ച 2015 നവംബർ മാസം മുതൽ 2016 ഏപ്രിൽ മാസം വരെ പ്രതിമാസം രണ്ട് ലക്ഷം രൂപ വീതം ലഭിച്ചിരുന്നു. മേയ് മാസം മുതൽ കൂടുതൽ തുക ലഭിച്ചുവരുന്നു.

| | | |
|---|---|---|
| 2016 മേയ് | - | 2,00,211 രൂപ |
| 2016 ജൂൺ | - | 2,09,087 രൂപ |
| 2016 ജൂലായ് | - | 2,42,908 രൂപ |
| 2016 ആഗസ്റ്റ് | - | 2,97,464 രൂപ |
| 2016 സെപ്റ്റംബർ | - | 2,51,762 രൂപ എന്നീ ക്രമത്തിൽ വരുമാനം ലഭിക്കുകയുണ്ടായി. |

## കെ.എസ്.ആർ.ടി.സി. സർവ്വീസ് റീ-ഷെഡ്യൂൾ ചെയ്യണമെന്ന ആവശ്യം

165 (6241) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും വടക്കാഞ്ചേരി, കുണ്ടന്നൂർ, തലശ്ശേരി, ആറംകോട്ടുകര വഴി പട്ടാമ്പിയിലേക്ക് കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സ് റീ ഷെഡ്യൂൾ ചെയ്ത് പുനസ്ഥാപിക്കണം എന്ന എം.എൽ.എ .യുടെ 19-7-2016, 29-9-2016 തീയതികളിലെ കത്തുകളിൽ എന്തു തുടർ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വലിയ യാത്രാക്ലേശം അനുഭവിക്കുന്ന ഈ റൂട്ടിൽ കഴിവതും വേഗത്തിൽ ബസ്സ് റൂട്ട് റീ ഷെഡ്യൂൾ ചെയ്ത് പുനഃസ്ഥാപിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) സ്വീകരിയ്ക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച സാധ്യതാപഠനത്തിനായി തൃശ്ശൂർ മേഖലാ അധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ടി സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

### പാലോട് കെ.എസ്.ആർ.ടി.സി.-യുടെ പഴയ ബസ് സ്റ്റാൻഡിലെ കെട്ടിടം

166 (6242) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട്ടുള്ള കെ.എസ്.ആർ.ടി.സി.-യുടെ പഴയ ബസ് സ്റ്റാൻഡിൽ ഗ്രാമ പഞ്ചായത്ത് നിർമ്മിച്ചു നൽകിയിരുന്ന കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം നവീകരിച്ച് വാണിജ്യപരമായ കാര്യങ്ങൾക്ക് നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ഉത്തരം

(എ) ടി കെട്ടിടങ്ങൾ കാലപ്പഴക്കം കാരണം ശോചനീയാവസ്ഥയിലായതിനാൽ ഉപയോഗിക്കുന്നില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ആധുനിക ബസ് ടെർമിനലുകൾ സ്ഥാപിക്കൽ

167 (6243) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ പൂത്തോട്ട, ഇടക്കൊച്ചി എന്നിവിടങ്ങളിൽ ആധുനിക ബസ് ടെർമിനലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ബസ് ടെർമിനലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽപ്പെട്ട പൂത്തോട്ട, ഇടക്കൊച്ചി എന്നിവിടങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഡിപ്പോയോ സ്വന്തമായി സ്ഥലമോ ഇല്ലാത്തതിനാൽ കോർപ്പറേഷന് ആധുനിക ബസ് ടെർമിനലുകൾ നിർമ്മിക്കുവാൻ കഴിയുകയില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ കടം

168 (6244) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാർ കെ. എസ്. ആർ. ടി. സി.-ക്ക് എത്ര കോടി രൂപയാണ് കടം വരുത്തിവെച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

മുൻ സർക്കാരിന്റെ കാലത്ത് അതായത് 2011 മുതൽ 2016 വരെ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന ചെലവുകൾ നിറവേറ്റപ്പെടുവാൻ എടുത്ത വായ്പകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വായ്പ നൽകിയ സ്ഥാപനങ്ങൾ | വായ്പ തുക (കോടി രൂപയിൽ) |
|---|---|
| കെ.റ്റി.ഡി.എഫ്.സി | 1979 |
| ഹഡ്കോ | 314.70 |
| കൺസോർഷ്യം ബാങ്കുകൾ | 1300 |
| ജില്ലാ സഹകരണ ബാങ്ക്, പാലക്കാട് | 200 |
| കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് സൊസൈറ്റി | 10 |
| സർക്കാർ വായ്പ | 1220.81 |
| ആകെ | 5024.51 |

മേൽപ്പറഞ്ഞതിൽ കൺസോർഷ്യം ബാങ്കുകളിൽ നിന്ന് വായ്പയായി കിട്ടിയ 1300 കോടി രൂപ 2011-ന് മുൻപുള്ള സർക്കാരിന്റെ കാലത്ത് എടുത്തതുൾപ്പെടെയുള്ള കെ.റ്റി.ഡി.എഫ്.സി.-യുടെ ലോൺ തുകയിൽ തിരിച്ചടച്ചതായി വരവുവച്ചിട്ടുണ്ട്.

**സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി**

169 (6245) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ മിച്ചൽ ജംഗ്ഷൻ, തട്ടാരമ്പലം ജംഗ്ഷൻ, ചാരുംമൂട് ജംഗ്ഷൻ എന്നിവിടങ്ങളിലെ ട്രാഫിക്ക് സിഗ്നൽ ലൈറ്റുകളിൽ സി.സി.ടി.വി. ക്യമറകൾകൂടി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേറ്റിംഗ് സെന്റർ

170 (6246) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് കുട്ടമ്പുഴയിൽ കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേറ്റിങ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുട്ടമ്പുഴയിലെ പിണവൂർക്കുടിയിൽ നിന്നും അമൃത ആശുപത്രിയിലേക്ക് ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സർവീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഉണ്ട്. പിണവൂർക്കുടിയിൽ സ്റ്റേ ചെയ്ത് രാവിലെ അമൃത ആശുപത്രിയിലേക്ക് സർവ്വീസ് നടത്തിയിരുന്ന ബസ്സിലെ ജീവനക്കാരെ സാമൂഹ്യവിരുദ്ധർ ആക്രമിച്ചതിനെ തുടർന്ന് ടി സർവ്വീസ് പിണവൂർക്കുടിക്ക് രണ്ട് കിലോമീറ്റർ മുമ്പ് ഉരുളൻത്തണ്ണി വരെ സർവ്വീസ് നടത്തുന്നു.

(സി) പുനരാരംഭിക്കുന്ന കാര്യം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ

171 (6247) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം അന്തർ സംസ്ഥാന ബസ് സർവ്വീസുമായി ബന്ധപ്പെട്ട് ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്; ഓരോ സംസ്ഥാനവുമായി എത്ര കരാർ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കുമോ;

(ബി) അന്തർ സംസ്ഥാന കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; കെ.എസ്.ആർ.ടി.സി.-യുടെ എത്ര ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, ലോഫ്ലോർ ബസുകൾ ഇത്തരത്തിൽ സർവ്വീസ് നടത്തുന്നുണ്ട് എന്നു പറയാമോ;

(സി) കരാറനുസരിച്ച് അന്യസംസ്ഥാനത്തെ എത്ര ബസുകൾ കേരളത്തിലേക്ക് സർവ്വീസ് നടത്തുന്നുണ്ടെന്ന് സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) അന്യസംസ്ഥാനത്ത് നിരവധി ആൾക്കാർ ജോലി തേടി പോവുകയും അന്യസംസ്ഥാനങ്ങളിൽ നിന്നും നിരവധി പേർ ജോലിക്കായി എത്തുകയും ചെയ്യുന്ന റാന്നിയുടെ കീഴിലുള്ള കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ നിന്നും അന്യസംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തമിഴ്നാട്, കർണ്ണാടകം, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന സർവ്വീസുമായി ബന്ധപ്പെട്ട് കേരളം ഗതാഗത കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളും, കരാറിലേർപ്പെട്ട വർഷങ്ങളും താഴെക്കൊടുക്കുന്നു:

| | | |
|---|---|---|
| തമിഴ്നാട് | : | 1976, 1979, 1984, 1995, 1998, 2008 |
| കർണ്ണാടകം | : | 1976, 1992, 2005, 2009 |
| പോണ്ടിച്ചേരി | : | 1984 |

(ബി) അന്തർ സംസ്ഥാന കരാറിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ സർവ്വീസ് നടത്തുന്ന റൂട്ട്, ദൂരം, കിലോമീറ്റർ, ട്രിപ്പുകളുടെ ദൈർഘ്യം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉണ്ടായിരിക്കും. ടി വ്യവസ്ഥകൾക്ക് അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. ബസ്സുകളുടെ തരം സംബന്ധിച്ച് അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) തമിഴ്നാട്, കർണ്ണാടകം, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേക്ക് ബസ് സർവ്വീസ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 111 റൂട്ടുകളിലായി 279 ബസ് സർവ്വീസ് നടത്തുന്നതിന് കർണ്ണാടകയ്ക്കും, 139 റൂട്ടുകളിലായി 224 ബസ് സർവ്വീസ് നടത്തുന്നതിന് തമിഴ്നാടിനും, 2 റൂട്ടുകളിലായി 2 ബസ് സർവ്വീസ് നടത്തുന്നതിന് പുതുച്ചേരിയ്ക്കും (പോണ്ടിച്ചേരി) നിലവിലുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം അനുവാദം ഉണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന വ്യവസ്ഥകൾക്ക് അനുസരിച്ചാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. നിലവിൽ തമിഴ്നാട്, കർണ്ണാടകം, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളുമായുണ്ടാക്കിയ അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ റാന്നിയിൽ നിന്ന് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

1196/2017.

## കെ.എസ്.ആർ.ടി.സി.യുടെ മലപ്പുറം യൂണിറ്റിൽ ജീവനക്കാരുടെ കുറവ്

172 (6248) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യുടെ മലപ്പുറം യൂണിറ്റിൽ സർവ്വീസുകൾ കൃത്യമായി നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ ജീവനക്കാരുടെ കുറവുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള ഷെഡ്യൂളുകൾക്ക് എത്ര ജീവനക്കാരാണ് ആവശ്യമായിട്ടുള്ളത്; ഇപ്പോൾ നിലവിൽ ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക് എന്നീ വിഭാഗങ്ങളിൽ തൊഴിലാളികളുടെ എണ്ണവും, മിനിമം ആവശ്യമായ ജീവനക്കാരുടെ എണ്ണവും വെളിപ്പെടുത്തുമോ;

(സി) മലപ്പുറം യൂണിറ്റിൽ ആവശ്യമായ ജീവനക്കാരെ എണ്ണത്തിൽ കൂടുതലുള്ള മറ്റു ഡിപ്പോകളിൽ നിന്ന് പുനർ വിന്യാസം വഴി നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള 59 ഷെഡ്യൂളുകൾക്ക് 448 ജീവനക്കാർ ആവശ്യമായിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| തസ്തിക | നിലവിലുള്ള എണ്ണം | മിനിമം ആവശ്യമുള്ളത് |
|---|---|---|
| കണ്ടക്ടർ | 145 | 163 |
| ഡ്രൈവർ | 161 | 163 |
| മെക്കാനിക്ക് | 35 | 41 |

(സി) സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഒഴിവുകൾ

173 (6249) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ താൽക്കാലിക അടിസ്ഥാനത്തിലും,വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരവും എത്ര പേർ ജോലി നോക്കി വരുന്നു;

(ബി) ജൂനിയർ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ് തസ്തികകളിൽ കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ താത്ക്കാലികാടിസ്ഥാനത്തിൽ 444 പേരും വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം 119 പേരും ജോലി നോക്കി വരുന്നു.

(ബി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ ശേഖരിച്ചു വരുന്നു. 17.12.2015-ന് ശേഷമുള്ള പ്രൊമോഷൻ, റിട്ടയർമെന്റ്, ജോലി വിട്ടുപോകൽ തുടങ്ങിയ കാരണങ്ങളാൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ വിവരം ശേഖരിച്ചു വരുന്നു. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 9 വർഷം പൂർത്തിയാക്കുകയും, മാനുവൽ ഓഫ് ഓഫീസ് പ്രൊസീജ്യർ, അക്കൗണ്ട് ടെസ്റ്റ് മുതലായവ പാസ്സാവുകയും ചെയ്യുന്ന ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയാണ് അസിസ്റ്റന്റ് ഗ്രേഡ്.

## കെ.എസ്.ആർ.ടി.സി.-ക്ക് ടാക്സി ഇനത്തിലുള്ള ചെലവ്

174 (6250) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക വാഹനങ്ങൾ ഉണ്ടായിട്ടും ടാക്സി കാറുകൾക്കായി കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിൽ ഭീമമായ തുക ചെലവഴിച്ച കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തിനാണ് ഈ വിധം ടാക്സി കാറുകൾ വാടകയ്ക്കെടുക്കുന്നതെന്ന് വെളിപ്പെടുത്തുമോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ബംഗ്ലൂരിൽ ടാക്സി വാടക ഇനത്തിൽ കെ.എസ്.ആർ.ടി.സി. ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ബാംഗ്ലൂരിൽ ടാക്സി ഇനത്തിലുള്ള ചെലവുകൾ ചുരുക്കാൻ കോർപ്പറേഷൻ തയ്യാറാകാത്ത സാഹചര്യമെന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവിധ ഔദ്യോഗികാവശ്യങ്ങൾക്ക് കോർപ്പറേഷന്റെ വാഹനം ലഭ്യമാകാത്ത സാഹചര്യത്തിലാണ് ബാംഗ്ലൂരിൽ കെ.എസ്.ആർ.ടി.സി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ടാക്സി കാറുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളത്. ടി കാറുകളുടെ വാടക ആഡിറ്റിനു വിധേയമായി സുൽത്താൻ ബത്തേരി യൂണിറ്റിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-ക്ക് ബാംഗ്ലൂരിൽ TATA-യുടെ ഒരു ഇൻഡിക്ക കാർ മാത്രമാണ് ഉള്ളത്. ഈ വാഹനം ബാംഗ്ലൂരിലെ കെ.എസ്.ആർ.ടി.സി ഓഫീസിലെ ദൈനംദിന കാര്യങ്ങൾക്കും മറ്റ് അത്യാവശ്യങ്ങൾക്കുമായി ഉപയോഗിക്കുകയാണെങ്കിൽ മാത്രമാണ് പുറമേ നിന്ന് വാഹനങ്ങൾ വാടകയ്ക്ക് എടുക്കേണ്ടി വരുന്നത്. ടാക്സി വാടകയിനത്തിൽ 17-3-2015 മുതൽ 23-8-2016 വരെ 1,53,152 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. വെഞ്ഞാറമൂട് ഡിപ്പോയിൽ ഡീസൽ പമ്പ്**

175 (6251) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വെഞ്ഞാറമൂട് ഡിപ്പോയിൽ ഡീസൽ പമ്പ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പമ്പ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വെഞ്ഞാറമൂട് ഡിപ്പോയിൽ ഡീസൽ പമ്പ് പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി.-ക്ക് വാടകയിനത്തിൽ ലഭിക്കുന്ന തുക

176 (6252) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ഡിപ്പോകളിലെ കെട്ടിട വാടകയിനത്തിൽ പ്രതിമാസം എത്ര തുക ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഡിപ്പോകളിൽ കെട്ടിടങ്ങൾ വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടപ്പുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടകയിനത്തിൽ പ്രതിമാസം 63,96,180 (അറുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുനൂറ്റി എൻപത്) രൂപ ലഭിച്ചുവരുന്നു.

(ബി) ഡിപ്പോകളിൽ വാടകക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

കാട്ടാക്കട യൂണിറ്റിൽ ആകെ കടമുറികൾ 32-ഉം ഗോഡൗൺ സ്പെയ്സ് 3 എണ്ണവും ഓഫീസ് സ്പെയ്സ് 2 എണ്ണവും ഉള്ളതിൽ ഓഫീസ് ബ്ലോക്ക് 1 ഒഴികെ ബാക്കി എല്ലാത്തിനും ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. നെയ്യാറ്റിൻകര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 40 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ 30 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. നെടുമങ്ങാട് യൂണിറ്റിൽ 53 കടമുറികൾ ഉള്ളതിൽ 24 കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. പയ്യന്നൂർ യൂണിറ്റിൽ ആകെ 40 കടമുറികൾ ഉള്ളതിൽ 17 എണ്ണത്തിന് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. കണ്ണൂർ വാണിജ്യ സമുച്ചയത്തിൽ ആകെ 46 മുറികളാണ് ഉള്ളത്. അതിൽ 37 കടമുറികൾക്ക് ലൈസൻസിയെ കണ്ടെത്തുകയും ബാക്കിയുള്ള 9 മുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസായി ഉപയോഗിച്ച് വരികയുമാണ്.

കൊട്ടാരക്കര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 34 എണ്ണവും ഒരു ഹാളുമാണ് ഉള്ളത്. ഇതിൽ 34 കടമുറികൾക്കും ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ഒരു ഹാളുമാത്രമാണ് അവശേഷിക്കുന്നത്. കാസർഗോഡ് യൂണിറ്റിൽ ആകെ കടമുറികൾ 73 എണ്ണം ഉള്ളതിൽ 71 മുറികൾക്ക് ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. മറ്റു യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന കടമുറികൾ ഒഴിവ് വരുന്ന മുറയ്ക്ക് ലേലം/ടെണ്ടർ നടപടികളിലൂടെ പുതിയ ലൈസൻസിയെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസുകളുടെ അപകടം**

177 (6253) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ എത്ര അപകടങ്ങൾ ഉണ്ടാക്കി; പ്രസ്തുത അപകടങ്ങൾമൂലം എത്ര പേർക്ക് പരിക്ക് പറ്റി; എത്രപേർക്ക് ജീവഹാനി സംഭവിച്ചു ;

(ബി) കെ.എസ്.ആർ.ടി.സി. ബസുകൾ നിരന്തരം ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാലയളവിൽ ലഭിച്ച പരാതികളെത്രയാണെന്നും അതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(സി) 2015-ൽ കെ.എസ്.ആർ.ടി.സി. ബസുകൾ എത്ര അപകടം ഉണ്ടാക്കി; ഇതിൽ എത്ര പേർക്ക് പരിക്ക് പറ്റി; ജീവഹാനി എത്ര;

(ഡി) പ്രസ്തുത അപകടങ്ങൾമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന അധിക ബാധ്യത എത്ര; വിശദവിവരം അടങ്ങിയ കണക്ക് ലഭ്യമാക്കുമോ;

(ഇ) അപകട കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ കുറയ്ക്കാൻ ശക്തമായ നടപടി സ്വീകരിക്കുമോ;

(എഫ്) അപകടം സംഭവിക്കുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ തുടർ നടപടികളും, നാശനഷ്ടവും കെ.എസ്.ആർ.ടി.സി. തന്നെ ഏറ്റെടുക്കുന്നത് ഡ്രൈവർക്ക് ആശ്വാസം നൽകുന്നതാകയാൽ അപകടം വർദ്ധിക്കുന്നത് അതീവ ഗൗരവമായി കാണുമോ: എങ്കിൽ നാശനഷ്ടങ്ങൾക്കു ഉത്തരവാദിത്തം ഡ്രൈവറിൽ ആരോപിച്ചു നഷ്ടപരിഹാരം ശമ്പളത്തിൽ നിന്നും ഈടാക്കുവാൻ നടപടി ഉണ്ടാകുമോ: വിശദമാക്കുമോ?

ഉത്തരം

(എ) 2016 ജനുവരി മുതൽ ഒക്ടോബർ 31 വരെ കെ.എസ്.ആർ.ടി.സി. ബസുകൾക്ക് 1106 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ ഗുരുതരമായി പരിക്ക് പറ്റിയവർ 310-ഉം, നിസാര പരിക്ക് പറ്റിയവർ 1526-ഉം ചേർന്ന് ആകെ 1836. ജീവഹാനി സംഭവിച്ചവർ 136.

(ബി) ട്രാഫിക് നിയമലംഘനങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ലംഘനങ്ങളുടെ മെമ്മോകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട യൂണിറ്റുകളിലേക്കും നൽകാറുണ്ട്. നിയമലംഘനങ്ങൾ വരുത്തുന്നവരിൽ നിന്നും നിയമപരമായ പിഴ ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ പൂർണ്ണമായും അനുസരിച്ച് ഡ്രൈവിംഗ് നടത്തുവാൻ എല്ലാ ഡ്രൈവർമാർക്കും വേണ്ട നിർദ്ദേശങ്ങളും തുടർ പരിശീലനവും നൽകാറുണ്ട്.

(സി) 2015-ൽ കെ.എസ്.ആർ.ടി.സി. ബസുകൾക്ക് 1379 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ ഗുരുതരമായി പരിക്ക് പറ്റിയവർ 519-ഉം, നിസാര പരിക്ക് പറ്റിയവർ 2009-ഉം ചേർന്ന് ആകെ 2528. ജീവഹാനി സംഭവിച്ചവർ 208.

(ഡി) അപകടങ്ങളുമായി ബന്ധപ്പെട്ട് രണ്ട് തരത്തിലുള്ള ബാദ്ധ്യതയാണ് ഉണ്ടാകുന്നത്.

1. വാഹനത്തിൽ ഉണ്ടാകുന്ന കേടുപാടുകൾ.
2. മോട്ടോർ വാഹന നഷ്ടപരിഹാര കോടതിയിൽ നഷ്ടപരിഹാരം സംബന്ധിച്ച വ്യവഹാരത്തിൽ ഉണ്ടാകുന്ന ബാദ്ധ്യത.

ഇതിൽ ആദ്യ ഭാഗത്തുള്ളത് ഡ്രൈവറുടെ ഭാഗത്താണ് വീഴ്ചയെങ്കിൽ ടിയാനിൽ നിന്നും ഈടാക്കുന്നതാണ്. നഷ്ടപരിഹാരം സംബന്ധിച്ച വ്യവഹാരത്തിൽ കോടതി വിധിക്കുന്ന തുക ഇൻഷ്വറൻസ് ഉള്ളതിൽ ഇൻഷ്വറൻസ് കമ്പനിയും, ഇൻഷ്വറൻസ് ഇല്ലാത്തത് കോർപ്പറേഷനുമാണ് വഹിക്കുക. ഇതു സംബന്ധിച്ച വ്യവഹാരങ്ങൾ കോടതിയിൽ വിധി ആയാൽ മാത്രമേ തുക കണക്കാക്കുവാൻ കഴിയുകയുള്ളൂ.

(ഇ) ഉണ്ട്. ഗുരുതരമായ അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഡ്രൈവർമാർക്ക് കറക്ടീവ് പരിശീലനം നൽകിയതിന് ശേഷം മാത്രമാണ് തിരികെ ജോലിക്ക് പ്രവേശിപ്പിച്ച് വരുന്നത്. പുറമേ മുഴുവൻ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്കും അപകടങ്ങൾ ഒഴിവാക്കുന്നതിലേക്കായി നിരന്തരമായ പരിശീലനവും കെ.എസ്.ആർ.ടി.സി. നൽകി വരുന്നുണ്ട്. സർവ്വീസ് ആരംഭിക്കുന്നതിന് മുമ്പായി ഡ്രൈവർമാർക്ക് സൂപ്പർവൈസറി ഉദ്യോഗസ്ഥർ കൗൺസിലിംഗ് നടത്തണമെന്ന കർശന നിർദ്ദേശവും കെ.എസ്.ആർ.ടി.സി. നൽകിയിട്ടുമുണ്ട്. ബസുകളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് സ്പീഡ് ഗവർണർ എല്ലാ കെ.എസ്.ആർ.ടി.സി. ബസുകളിലും ഘടിപ്പിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നേടിയ മുഴുവൻ ഡ്രൈവർമാർക്കും പരിശീലനം നൽകിയ ശേഷം മാത്രമാണ് വാഹനം ഓടിക്കുന്നതിന് നിയോഗിക്കുന്നത്. സ്കാനിയ, വോൾവോ തുടങ്ങിയ ആധുനിക ബസുകളിൽ നിയോഗിക്കുന്ന ഡ്രൈവർമാർക്ക് പ്രസ്തുത വാഹന നിർമ്മാതാക്കളുടെ ഡ്രൈവർ പരിശീലന കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകിയ ശേഷമാണ് നിയോഗിക്കുന്നത്. അശോക് ലൈലാന്റ്, ടാറ്റാ മോട്ടേഴ്സ്, വി.ഇ. കോമേഴ്ല്യൽ വെഹിക്കിൾസ് എന്നീ വാഹന നിർമ്മാതാക്കളും ഡ്രൈവർമാർക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷനുമായി ധാരണാ പത്രം ഒപ്പ് വച്ച് കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകി വരുന്നു. മോട്ടോർ വാഹന വകുപ്പ്, പോലീസ് എന്നീ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥരും കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നുണ്ട്. ഇത്തരത്തിൽ പരിശീലനങ്ങൾ വളരെയധികം നൽകുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാർ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതും ചുവപ്പ് സിഗ്നൽ ലംഘിക്കുന്നതും അമിത വേഗതയിൽ വാഹനങ്ങൾ ഓടിക്കുന്നതുമായ റിപ്പോർട്ടുകൾ പോലീസ്, മോട്ടോർ വാഹന വകുപ്പുകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത് വർദ്ധിച്ചു വരികയാണ്. ഇത്തരം നിയമലംഘനങ്ങൾക്കു നേരെ കർശനമായി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഡ്രൈവറുടെ കുറ്റംകൊണ്ട് കെ.എസ്.ആർ.ടി.സി. ബസുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഡ്രൈവറിൽ നിക്ഷിപ്തമാണ്. നിലവിലുള്ള കെ.എസ്.ആർ.ടി.സി ബസുകൾ ഇൻഷ്വർ ചെയ്തുവരുന്നു. കോമ്പ്രിഹെൻസീവ് പരിരക്ഷയുള്ള വാഹനങ്ങൾക്ക് അപകടം മൂലം ഉണ്ടാകുന്ന കേടുപാടുകൾക്ക് ഡിപ്രീസിയേഷൻ കഴിച്ചുള്ള തുക ഇൻഷ്വറൻസ് കമ്പനി നല്കി വരുന്നു. അപകടത്തിന് ഡ്രൈവർ കുറ്റക്കാരനാണെന്നു കണ്ടെത്തിയാൽ ടി തുക ഡ്രൈവർമാരിൽ നിന്നും ഈടാക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

178 (6254) ശ്രീ. എൻ . എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ഡിപ്പോകളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഓരോ ഡിപ്പോയിൽനിന്നും നടത്തുന്ന സർവ്വീസുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ഡിപ്പോയിലും ഒരു ദിവസം ലഭിക്കുന്ന കളക്ഷൻ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ കളക്ഷൻ ഉള്ള ഡിപ്പോകൾക്കു കൂടുതൽ സർവ്വീസുകൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഓപ്പറേറ്റിംഗ് സെന്ററുകൾ ഉൾപ്പെടെ 93 ഡിപ്പോകളുണ്ട്. വിശദവിവരം അനുബന്ധ 1 ആയി ചേർക്കുന്നു.*

(ബി&സി) അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

179 (6255) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര KSRTC ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) എല്ലാ സർവ്വീസും ലാഭത്തിലാണോ നടത്തുന്നത്;

(സി) നഷ്ടത്തിലോടുന്ന ബസുകൾ എത്ര; ലാഭത്തിലോടുന്ന ബസുകൾ എത്ര ; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(ഡി) സർവ്വീസ് ആരംഭിക്കുകയും ലാഭത്തിലല്ല എന്ന കാരണത്താൽ മുടങ്ങി പോയതുമായ സർവ്വീസുകൾ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) മുടങ്ങിപ്പോയ സർവ്വീസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(എഫ്) പാലക്കാട് ജില്ലയിൽ മുടങ്ങിപ്പോയ സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2016 ഒക്ടോബർ മാസത്തെ കണക്ക് അനുസരിച്ച് 423 ജൻറം ഷെഡ്യൂളുകൾ ഉൾപ്പെടെ 5688 ഷെഡ്യൂളുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് അനുവാദം നൽകിയിട്ടുണ്ട്. ഇതിൽ 4477 ആർ.ടി.സി.-യും, 389 ജൻറം സർവ്വീസുകളും ഉൾപ്പെടെ 4866 ഷെഡ്യൂളുകൾ പ്രതിദിനം ശരാശരി സർവ്വീസ് നടത്തുന്നുണ്ട്.

(ബി) അല്ല.

(സി) ശരാശരി 10,000 രൂപ എങ്കിലും പ്രതിദിന വരുമാനം ലഭ്യമല്ലെങ്കിൽ ടി സർവ്വീസുകൾ തീർത്തും നഷ്ടത്തിലാണ്. അങ്ങനെ ഉള്ള 3210 ഷെഡ്യൂളുകൾ നിലവിലുണ്ട്. (2016 സെപ്റ്റംബർ മാസത്തെ കണക്ക് അനുസരിച്ച്) വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) സർവ്വീസ് ആരംഭിക്കുകയും എന്നാൽ ഒരു തരത്തിലും നടത്തി കൊണ്ടുപോകുവാൻ കഴിയാതെ വന്ന കാരണത്താൽ മുടങ്ങിപ്പോയ സർവ്വീസുകൾ 2016 സെപ്റ്റംബർ മാസത്തിലെ കണക്ക് പ്രകാരം 809 ഷെഡ്യൂളുകളാണ്.

(ഇ&എഫ്) കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കൂടിയാണ് കെ.എസ്.ആർ.ടി.സി. കടന്നു പോകുന്നത്. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10000 രൂപയിൽ കുറവ് പ്രതിദിന വരുമാനം ലഭിച്ചുകൊണ്ടിരുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തി വരികയാണ്. അപ്രകാരം പുനഃക്രമീകരിച്ചിട്ടും 10000 രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്നില്ലായെങ്കിൽ അത്തരം സർവ്വീസുകൾ റദ്ദ് ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വരുമാനക്കുറവ് മൂലം പാലക്കാട് ജില്ലയിലുൾപ്പെടെ നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ആലോചനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ വായ്പാ മാർഗങ്ങൾ

180 (6256) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.എഫ്.സി., ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര കോടി രൂപ വായ്പ ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; ഈ സ്ഥാപനങ്ങൾ ഈടാക്കുന്ന പലിശ നിരക്ക് അറിയിക്കുമോ;

(ബി) ഇപ്രകാരം എടുത്തിട്ടുള്ള വായ്പായിനത്തിൽ എത്ര കോടി രൂപ പലിശയിനത്തിൽ ഓരോ വർഷവും കെ.എസ്.ആർ.ടി.സി. ഈ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്;

(സി) ഈ സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നത് കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നതിനാൽ പകരം കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാകുന്ന വായ്പാ മാർഗ്ഗം പരിശോധിച്ചിട്ടുണ്ടോ; അതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും 4364.04 കോടി രൂപയും HUDCO-യിൽ നിന്നും 415.64 കോടി രൂപയും വായ്പ ലഭിച്ചിട്ടുണ്ട്. കെ.റ്റി.ഡി.എഫ്.സി. ഈടാക്കുന്ന പലിശ നിരക്കുകൾ 7.75% മുതൽ 16.25% വരെ ഹഡ്കോ ഈടാക്കുന്ന പലിശ നിരക്ക് 10.75% മുതൽ 12% വരെ. (ഫ്ളോട്ടിംഗ് നിരക്കിൽ) വിശദ വിവരം ചുവടെ ചേർക്കുന്നു.

കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും നാളിതുവരെ എടുത്തിട്ടുള്ള വായ്പ തുകയായ 4364.04 കോടി രൂപയിൽ ദിവസേനയുള്ള തിരിച്ചടവിനു ശേഷവും 31-12-2015-ൽ കൺസോർഷ്യം ബാങ്കുകളിൽ നിന്ന് 1300 കോടി രൂപ വായ്പയെടുത്ത് തിരിച്ചടച്ചതിനു ശേഷവും ബാക്കിയായി കെ.റ്റി.ഡി.എഫ്.സി.യുടെ കണക്കു പ്രകാരം 745.63 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്.

അതുപോലെ തന്നെ ഹഡ്കോയിൽ നിന്നും നാളിതുവരെ എടുത്തിട്ടുള്ള 415.64 കോടി രൂപയിൽ ദിവസേനയുള്ള തിരിച്ചടവിനു ശേഷം 31-8-2016-ലെ കണക്കു പ്രകാരം 302.39 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്.

(ബി) ഓരോ വർഷവും കെ.എസ്.ആർ.ടി.സി. പലിശയിനത്തിൽ കെ.റ്റി.ഡി.എഫ്.സി.-ക്ക് ശരാശരി 350 കോടി രൂപയും ഹഡ്കോയ്ക്ക് ശരാശരി 70 കോടി രൂപയും നൽകുന്നുണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി വരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ബസുകൾ**

181 (6257) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ (2006 മുതൽ) കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ നിരത്തിലിറക്കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഡിപ്പോകൾക്ക് ബസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ (2006 മുതൽ) വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ ബസുകളുടെ എണ്ണം അറിയിക്കുമോ;

(ഡി) പ്രസ്തുത ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ ഡിപ്പോയിൽ 2016 സെപ്റ്റംബർ മാസത്തെ ഓരോ ഷെഡ്യൂളിന്റേയും ശരാശരി കളക്ഷൻ എത്രയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2006 ഏപ്രിൽ മുതൽ 2016 ഒക്ടോബർ വരെ 616 ജൻറം ബസുകൾ ഉൾപ്പെടെ 5626 പുതിയ ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(ബി) ഒരു ഡിപ്പോയിൽ നിലവിലുള്ള വെഹിക്കിൾ ഷെഡ്യൂളുകൾക്ക് അത്രയും ബസുകളും കൂടാതെ ആകെ ബസുകളുടെ 10% സ്പെയർ ബസുകളും അനുവദിക്കുക എന്നുള്ളതാണ് മാനദണ്ഡം. എന്നാൽ ബസുകളുടെ അഭാവം നിമിത്തം ഇപ്രകാരം ബസുകൾ അനുവദിക്കുന്നത് പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിയാറില്ല.

(സി) 33 ബസുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി&ഇ) ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെയും, കളക്ഷന്റെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങൾ**

182 (6259) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ളതും നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നതുമായ സ്ഥലങ്ങളെ കോർപ്പറേഷന് വരുമാനം ലഭിക്കുന്ന തരത്തിൽ പ്രയോജനകരമായി ഉപയോഗിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(ബി) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിലേക്കായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അത്തരം സ്ഥലങ്ങൾ വരുമാന വർദ്ധനവിന് വേണ്ടി ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യപരമായി സാധ്യതയുള്ള തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ പലിശ രഹിത നിക്ഷേപ പദ്ധതി പ്രകാരം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു വരുന്നു. ഇവയിൽ നിന്ന് ടിക്കറ്റിതര വരുമാനം ലഭിച്ച് തുടങ്ങിയിട്ടുണ്ട്.

(ബി&സി) അങ്കമാലി, തമ്പാനൂർ, കോഴിക്കോട്, തിരുവല്ല എന്നീ സ്ഥലങ്ങളിൽ കെ.ടി.ഡി.എഫ്.സി. BOT പദ്ധതികൾ പൂർത്തിയാക്കി കഴിഞ്ഞു. കൊട്ടാരക്കര, കാസർഗോഡ്, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. നേരിട്ട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം നടന്നു വരുന്നു. തൊടുപുഴ, ഹരിപ്പാട്, നിലമ്പൂർ, മൂവാറ്റുപ്പുഴ, പത്തനംതിട്ട, പാലാ, മലപ്പുറം എന്നീ സ്ഥലങ്ങളിലെ കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ പാലക്കാട്, കോട്ടയം, എറണാകുളം എന്നീ സ്ഥലങ്ങളിൽ നിർമ്മാണം നടത്തുന്നതിന് പ്രാരംഭ പ്രവൃത്തികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉപയോഗത്തിന് ആവ്യശമില്ലാത്ത സ്ഥലങ്ങൾ ബസ് സ്റ്റേഷന്റെയോ, വർക്ക്ഷോപ്പിന്റെയോ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിൽ സ്റ്റാളുകൾ ആരംഭിക്കുന്നതിനും, പേ & പാർക്ക് എന്നിവയ്ക്കുമായി തറ വാടകയ്ക്ക് നൽകി വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിൽ എം പാനൽ ഡ്രൈവർമാരും കണ്ടക്ടർമാരും**

183 (6260) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ എം പാനൽ വ്യവസ്ഥയിൽ എത്ര ഡ്രൈവർമാരും കണ്ടക്ടർമാരും ജോലി നോക്കുന്നുണ്ട്;

(ബി) എം പാനൽ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച ഡ്രൈവർമാരെയും, കണ്ടക്ടർമാരെയും ജോലിയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) എട്ടുവർഷം സേവന കാലാവധി പൂർത്തീകരിച്ച ഡ്രൈവർമാരെയും, കണ്ടക്ടർമാരെയും കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എംപാനൽ വ്യവസ്ഥയിൽ 1569 ഡ്രൈവർമാരും 4301 കണ്ടക്ടർമാരും ജോലി നോക്കുന്നുണ്ട്.

(ബി) സ്ഥിരപ്പെടുത്തിയിട്ടുണ്ട്. G.O.(MS) No.78/2011/Trans തീയതി 22-12-2011 പ്രകാരം 21-12-2011-ൽ 10 വർഷം താൽക്കാലിക സേവനം പൂർത്തിയാക്കിയ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക് തസ്തികയിലുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി.-യിൽ നിയമന നിരോധനം**

184 (6261) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ 17-12-2015-ന് ശേഷമുള്ള പ്രൊമോഷൻ, റിട്ടയർമെന്റ്, ജോലി വിട്ടുപോകൽ തുടങ്ങിയ കാരണങ്ങളാൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) നിയമന നിരോധനം നിലവിലില്ലായെന്ന് സർക്കാർ അവകാശപ്പെടുമ്പോഴും, കെ.എസ്.ആർ.ടി.സി.-യിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് നിയമന നിരോധനം ആണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിയമന നിരോധനമില്ല. 388 എൻ.ജെ.ഡി ഒഴിവുകളിൽ നിയമനം നൽകുന്ന നടപടി അന്തിമഘട്ടത്തിലാണ്.

**കെ.എസ്.ആർ.ടി.സി.-ക്ക് ടയർ വാങ്ങിയതിൽ വന്ന ചെലവ്**

185 (6263) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-ക്ക് ടയർ വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചു എന്നും, ഏത് കമ്പനിയുടെ ടയറാണ് വാങ്ങിയതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

2015-16 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി. എല്ലാ നികുതികളും ഉൾപ്പെടെ 28,92,33,826 രൂപയുടെ ടയർ, ട്യൂബ്, ഫ്ളാപ്പ് എന്നിവ വാങ്ങിയിട്ടുണ്ട്. ഇതിനായി പ്രസ്തുത സാമ്പത്തിക വർഷത്തിൽ 26,88,83,888 രൂപയാണ് ടയർ കമ്പനികൾക്ക് നൽകിയിട്ടുള്ളത്. M/s Michelin India Pvt Ltd, M/s JK Tyre & Industries Ltd, M/s Birla Tyres എന്നീ കമ്പനികളിൽ നിന്നുമാണ് 2015-16 സാമ്പത്തിക വർഷത്തിൽ ടയർ, ട്യൂബ്, ഫ്ളാപ്പ് എന്നിവ വാങ്ങിയിട്ടുള്ളത്.

**വാഹന പുകപരിശോധന**

186 (6264) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വാഹന പുകപരിശോധന സംവിധാനത്തിലെ പിഴവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപഭോക്താവിന്റെ ആവശ്യപ്രകാരം പരിശോധന നടത്താതെ അനുയോജ്യമായ രീതിയിൽ പുക പരിശോധനാ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) നിലവിൽ ഓരോ വാഹന പുക പരിശോധനാ കേന്ദ്രങ്ങളും അവരവരുടെ മെഷീനുകളിൽ പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനാലാണ് ഉപഭോക്താവിന്റെ ആവശ്യപ്രകാരം പരിശോധന നടത്താതെ അനുയോജ്യമായ രീതിയിൽ പുക പരിശോധനാ സർട്ടിഫിക്കറ്റ് നൽകുന്ന പ്രവണതകൾ വർദ്ധിച്ചുവരുന്നത്. ഇത് നിയന്ത്രിക്കുന്നതിനായി കംപ്യൂട്ടർവൽകൃത ടെസ്റ്റിങ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ മോട്ടോർ വാഹന വകുപ്പിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള ഒരു സെർവർ സ്ഥാപിച്ച് കേരളത്തിലെ എല്ലാ പുക പരിശോധനാ കേന്ദ്രങ്ങളെയും ഈ സെർവറുമായി ബന്ധിപ്പിച്ച് വാഹന പുക പരിശോധന സമയത്ത് വാഹന പുക പരിശോധനാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന ഡേറ്റകൾ ഈ സെർവറിൽ എത്തി വിശകലനം ചെയ്ത് വാഹനങ്ങൾ ജയിച്ച/തോറ്റ സർട്ടിഫിക്കറ്റ് നൽകാൻ കഴിയും. വാഹന പുക പരിശോധന കേന്ദ്രങ്ങളുടെ ജോലി വാഹന പരിശോധന മാത്രമായിരിക്കും. ഡേറ്റ വിശകലനം ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നത് മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കും. ഇപ്രകാരം വാഹന പുക പരിശോധനാ കേന്ദ്രങ്ങൾ വെബ് അധിഷ്ഠിതമാക്കുന്നതിനുള്ള തീരുമാനം സർക്കാർ പരിഗണനയിലാണ്.

**ഉത്സവ സീസണുകളിൽ കേരളത്തിനു പുറത്തേക്കുള്ള പാരലൽ സർവ്വീസ്**

187 (6266) <u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവ സീസണുകളിൽ കേരളത്തിനു പുറത്തേക്കുള്ള നിരവധി പാരലൽ സർവ്വീസ് ബസുകൾ ടിക്കറ്റ് നിരക്ക് തോന്നുന്നതുപോലെ വാങ്ങിയ്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ക്രമീകരിക്കുന്നതിനും ന്യായമായ നിരക്ക് നിശ്ചയിക്കുന്നതിനും നടപടിയെടുക്കുമോ;

(ബി) ഇപ്രകാരം ബസുകൾക്ക് പാരലൽ സർവ്വീസ് നടത്തുന്നതിന് നിയമമുണ്ടോ; എങ്കിൽ എന്ത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ബസുകൾ സർവ്വീസ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. ഇത്തരം മേഖലയിൽ കൂടുതൽ സർവ്വീസുകൾ തുടങ്ങുന്നതിനും, അവ കാര്യക്ഷമമായി നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിയമാനുസൃതമല്ലാത്ത ഇത്തരം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി-യുടെ വരുമാനം കവർന്നെടുക്കുന്നതിനാൽ ആയത് തടയുന്നതിനും അന്യായമായ ചാർജ്ജ് വാങ്ങുന്നതിനെതിരെയും ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തി നിയമാനുസൃതമായ നടപടി സ്വീകരിക്കാറുണ്ട്. ഇത് തുടരുന്നതാണ്.

(ബി) ഇല്ല. 1988-ലെ മോട്ടോർ വാഹന നിയമം സെക്ഷൻ 88(8),(9) പ്രകാരം നേടുന്ന കോൺട്രാക്ട് കാര്യേജ് പെർമിറ്റുകളുടെ പിൻബലത്തിലാണ് ഇത്തരം സർവ്വീസുകൾ നടത്തുന്നത്.

(സി) കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ ഏർപ്പെടുന്നതോടുകൂടി ബാംഗ്ലൂർ, ചെന്നൈ, കോയമ്പത്തൂർ, മൈസൂർ, എന്നീ പ്രധാന സ്ഥലങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാനും, കാര്യക്ഷമമായി നടത്തുവാനും കെ.എസ്.ആർ.ടി.സി.-യ്ക്ക് കഴിയുന്നതാണ്.

**ഗ്ലോബൽ പൊസിഷനിംഗ് ട്രാക്കിംഗ് സിസ്റ്റം**

188 (6267) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഗതാഗത സേവനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ;

(ബി) മെച്ചപ്പെട്ട റോഡ് സുരക്ഷയും സ്ത്രീ സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിവരിക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മുഴുവൻ പബ്ലിക് ട്രാൻസ്പോർട്ട് വാഹനങ്ങളിലും ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ പ്രൈവറ്റ് ബസുകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 17 സബ് കൺട്രോൾ റൂമുകളും ഒരു മാസ്റ്റർ കൺട്രോൾ റൂമും സ്ഥാപിക്കുന്നതിനും പദ്ധതിക്കാവശ്യമായ അനുബന്ധ സോഫ്റ്റ് വെയർ സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ പദ്ധതിയുടെ സാങ്കേതിക ഉപദേഷ്ടാവും സർവ്വീസ് പ്രൊവൈഡറും സിഡാക്കാണ്. കെ.എസ്.ആർ.ടി.സി. ബസുകളിൽ ജി.പി.എസ്./വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചു വരുന്നു. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ 750 ബസുകളിൽ ജി.പി.എസ്. ഘടിപ്പിച്ച് പ്രവർത്തനം നിരീക്ഷിച്ചു വരുന്നു.

(ബി) ടി സംവിധാനം ഉപയോഗിച്ച് ഓടിക്കൊണ്ടിരിക്കുന്ന ബസുകളുടെ സ്ഥാനം, ഓരോ ബസ് സ്റ്റേഷനിലും ബസ് എത്തുന്ന സമയം ബസിന്റെ വേഗത, റൂട്ടിൽ വരുന്ന വ്യത്യാസം, ബസുകളുടെ ഓവർ സ്പീഡിംഗ് നിശ്ചിത സമയക്രമം പാലിക്കുന്നുണ്ടോ എന്നും സ്റ്റോപ്പുകളിൽ നിർത്താതെ പോകുന്നത് തുടങ്ങിയ വിവരങ്ങൾ അറിയാൻ സാധിക്കുന്നു. വാഹനത്തിന്റെ നിലവിലെ പൊസിഷൻ, വേഗത നിയന്ത്രണ ലംഘനം, നിർദിഷ്ട പാതയിൽ നിന്നുള്ള വ്യതിചലനം എന്നിവ കൺട്രോൾ റൂമിലിരുന്ന് നിരിക്ഷിക്കാൻ കഴിയുന്നു. അടിയന്തര സാഹചര്യങ്ങളിൽ സ്ത്രീകളും, കുട്ടികളുമായ യാത്രക്കാർക്ക് സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള പാനിക് ബട്ടൺ സംവിധാനവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവഴി അടിയന്തര സാഹചര്യങ്ങളിൽ സമീപത്തെ എൻഫോഴ്സ്മെന്റ് വാഹനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നതിനും സാധിക്കുന്നു.

(സി) മോട്ടോർ വാഹന വകുപ്പാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പോലീസ്, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ സഹായത്താലാണ് കെ.എസ്.ആർ.ടി.സി.-യിൽ ടി സംവിധാനം നടപ്പിലാക്കി വരുന്നത്.

## തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള ഓർഡിനറി ബസ് സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടി

189 (6268) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ആരംഭിച്ച് വടക്കാഞ്ചേരി - മുള്ളൂർക്കര, ഇരുനിലംകോട് വഴി ആറംകോട്ടുകരയിലേക്ക് ഓടികൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ് സർവ്വീസ് നിറുത്തിവച്ചത് റീഷെഡ്യൂൾ ചെയ്ത് പുനസ്ഥാപിക്കണമെന്ന എം.എൽ.എ.-യുടെ 19-7-2016, 29-9-2016 എന്നീ തീയതികളിലെ കത്തുകളിൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(ബി) വലിയ തോതിൽ യാത്രാക്ലേശം അനുഭവിക്കുന്ന ഈ റൂട്ടിൽ ബസ് റൂട്ട് റീഷെഡ്യൂൾ ചെയ്ത് പുനസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച സാധ്യതാ പഠനത്തിനായി തൃശ്ശൂർ മേഖലാ അധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം ഡിപ്പോയിൽ നിന്ന് അന്തർ സംസ്ഥാന സർവ്വീസുകൾ

190 (6269) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ആസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് നിലവിലുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ ഏതെല്ലാമാണ്; പുതിയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഡിപ്പോ നവീകരണ ശിലാസ്ഥാപന ചടങ്ങിൽ മന്ത്രി പ്രഖ്യാപിച്ച ബാംഗ്ലൂർ ഡീലക്സ് സർവ്വീസ് ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സർവ്വീസ് എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഏർവാടി, ഗുഡല്ലൂർ, പറശ്ശിനിക്കടവ് റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം യൂണിറ്റിൽ നിന്നും ഒരു ഊട്ടി സർവ്വീസും, ഒരു ബാംഗ്ലൂർ സർവ്വീസും നിലവിലുണ്ട്. എന്നാൽ ബാംഗ്ലൂർ സർവ്വീസ് ആദായകരമായി നടത്താൻ കഴിയാത്തതിനാൽ ടി സർവ്വീസ് താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. കേരളവും കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ മലപ്പുറം ഡിപ്പോയിൽ നിന്നും കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല.

(ബി) മലപ്പുറത്ത് നിന്നും നടത്തി വന്നിരുന്ന ബാംഗ്ലൂർ സർവ്വീസ് വരുമാനക്കുറവ്മൂലം താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. നിലവിൽ ഡീലക്സ് ബസുകൾ ലഭ്യമല്ലാത്തതിനാലാണ് ഇതുവരെയും സർവ്വീസ് പുനരാരംഭിക്കാത്തത്.

(സി) ഏർവാടി, ഗുഡല്ലൂർ എന്നിവിടങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തണമെങ്കിൽ അന്തർ സംസ്ഥാന കരാറിൽ ഈ റൂട്ടുകൾ ഉൾക്കൊള്ളിച്ചിരിക്കണം. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ ടി റൂട്ടുകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ ആരംഭിക്കുവാൻ കഴിയുകയില്ല. പറശ്ശിനിക്കടവ് തുടങ്ങി സംസ്ഥാനത്തിനകത്ത് ആരംഭിക്കാനുള്ള സർവ്വീസുകൾ സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസുകളുടെയും ജീവനക്കാരുടെയും ലഭ്യതക്കനുസരിച്ച് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സൂപ്പർ ക്ലാസ് റൂട്ടുകളിൽ പെർമിറ്റ്

191 (6270) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സൂപ്പർ ക്ലാസ് പെർമിറ്റുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ ബസുകൾക്ക് സൂപ്പർ ക്ലാസ് റൂട്ടുകളിൽ പെർമിറ്റ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ബസുകൾക്കെന്ന് വ്യക്തമാക്കാമോ;

(സി) സൂപ്പർ ക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് അനുവദിക്കേണ്ടതില്ലെന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടതിനുശേഷം, എത്ര സ്വകാര്യ ബസുകൾക്ക് സൂപ്പർ ക്ലാസ് പെർമിറ്റുകൾ പുതുക്കി നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെ കേരളത്തിൽ ആകെ 1575 സൂപ്പർ ക്ലാസ് പെർമിറ്റുകളാണ് ഉള്ളത്. ഇതിൽ 1540 എണ്ണം കെ.എസ്.ആർ.ടി.സി.-യുടേതും ബാക്കി 35 എണ്ണം സ്വകാര്യ മേഖലയിലുമാണ്.

(ബി) റൂട്ടുകൾ സൂപ്പർക്ലാസ് എന്ന നിലയിൽ വർഗ്ഗീകരിച്ചിട്ടില്ല. 16-7-2013-ലെ സ.ഉ.(പി) നമ്പർ 73/2013/ഗതാ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സ്വകാര്യ മേഖലയിൽ സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തിക്കൊണ്ടിരുന്ന ബസുകൾക്ക് പെർമിറ്റ് പുതുക്കി നല്കാനാവില്ല. ബഹു. ഹൈക്കോടതി ടി ഉത്തരവ് ശരിവച്ചതിനാൽ സൂപ്പർക്ലാസ് സർവ്വീസുകൾ നടത്തുന്ന ബസുകൾക്ക് പെർമിറ്റ് കാലാവധി തീരുന്ന മുറയ്ക്ക് ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസ് പെർമിറ്റുകൾ പുതുക്കി നൽകുന്നുണ്ട്. ഇത്തരത്തിൽ നേരത്തെ നൽകിയ പെർമിറ്റിന്റെ പിൻബലത്തിൽ നിലവിൽ സൂപ്പർക്ലാസ് സർവ്വീസ് നടത്തുന്ന 35 സ്വകാര്യ ബസ് സർവീസുകളാണ് സംസ്ഥാനത്ത് ഉള്ളത്.

(സി) ഇത്തരത്തിൽ ഒരു സ്വകാര്യ ബസിനും സൂപ്പർക്ലാസ് പെർമിറ്റുകൾ പുതുക്കി നൽകിയിട്ടില്ല.

**മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് പുതിയ സർവ്വീസുകൾ**

192 (6271) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കണ്ണൂർ പറശ്ശിനിക്കടവിലേക്കും തേക്കടിയിലേക്കും രണ്ട് പുതിയ ബസ് സർവ്വീസുകൾ അനുവദിക്കുന്നതിന് എം.എൽ.എ. നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത സർവ്വീസുകൾക്ക് ജൻറം ബസുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി കത്ത് സാധ്യതാപഠനത്തിന് വിധേയമാക്കി. അന്വേഷണത്തിൽ ആദായകരമായി ടി റൂട്ടിൽ സർവ്വീസ് ആരംഭിക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കുന്നു. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ടി റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) സർവ്വീസ് ആരംഭിക്കുന്ന ഘട്ടത്തിൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

**സ്ക്രാപ്പ് അടിസ്ഥാനത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസുകൾ**

193 (6272) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട്, കാസർഗോഡ്, പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും സ്ക്രാപ്പ് അടിസ്ഥാനത്തിൽ എത്ര ബസുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയ്ക്ക് പകരം പുതിയ എത്ര ബസുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏർപ്പെടുത്തിയ ഷെഡ്യൂളുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-6-2011-ന് ശേഷം കാഞ്ഞങ്ങാട്, കാസർഗോഡ്, പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ യഥാക്രമം 20, 26, 21 ബസുകൾ സ്ക്രാപ്പ് അടിസ്ഥാനത്തിൽ നിരത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) 1-6-2011-ന ശേഷം കാഞ്ഞങ്ങാട്, കാസർഗോഡ്, പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ യഥാക്രമം 18 എണ്ണം, 63 എണ്ണം, 24 എണ്ണം പുതിയ ആർ.ടി.സി. ബസുകളും കൂടാതെ യഥാക്രമം 5 എണ്ണം, 4 എണ്ണം, 4 എണ്ണം പുതിയ ജൻറം ബസുകളും അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് യൂണിറ്റിൽ നിന്നും 1510 മണി കാഞ്ഞങ്ങാട് - കാസർഗോഡ് - പയ്യന്നൂർ - ചിറ്റാരിക്കൽ, 0600 മണി കാഞ്ഞങ്ങാട് - കാസർഗോഡ് (ജൻറം) സർവ്വീസും, പയ്യന്നൂർ യൂണിറ്റിൽ നിന്നും 0625 മണി പയ്യന്നൂർ - കണ്ണൂർ (ജൻറം), 0735 മണി പയ്യന്നൂർ - മാലോം എന്നീ സർവ്വീസുകൾ ആരംഭിച്ചു.

## വാഹനങ്ങളുടെ ലൈറ്റുകൾ, ഹോണുകൾ എന്നിവയുടെ തീവ്രതയളക്കുന്നതിന് സംവിധാനം

194 (6273) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ വാഹനങ്ങളുടെ ഹെഡ് ലൈറ്റിൽ നിന്നു വരുന്ന അമിത പ്രകാശവും അവ ഡിം ചെയ്യുന്നതിലുള്ള ഡ്രൈവർമാരുടെ അശ്രദ്ധയുംമൂലം ധാരാളം അപകടം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹനങ്ങളുടെ ലൈറ്റുകൾ, ഹോണുകൾ എന്നിവയുടെ തീവ്രതയളക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; ഇത്തരത്തിൽ തീവ്രതയളന്ന് നിയമലംഘകരെ കണ്ടെത്തി പിഴയീടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) രാത്രികാലങ്ങളിൽ അമിതപ്രകാശമുള്ളതും നിയമവിരുദ്ധവും വിവിധ നിറങ്ങളിലുള്ളതുമായ ബൾബുകൾ വാഹന ഉടമകൾ കൂടുതൽ ഉപയോഗിക്കുന്നത് തടയുന്നതിന് മോട്ടോർ വാഹന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോണുകളുടെ തീവ്രത അളക്കുന്നതിനായി സൗണ്ട് ലെവൽ മീറ്റർ ഉപയോഗപ്പെടുത്താറുണ്ട്. ലൈറ്റുകളുടെ തീവ്രത അളക്കുന്നതിനായി ലക്സി മീറ്റർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മേൽപ്പറഞ്ഞ ഉപകരണങ്ങളുടെ അഭാവം ഉണ്ടെങ്കിൽ പോലും അനധികൃത ലൈറ്റുകളുടെയും ഹോണുകളുടെയും ഉപയോഗത്തിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശനപരിശോധന നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള ലൈറ്റുകളും ഹോണുകളും ഘടിപ്പിച്ചിട്ടുള്ളത് എടുത്തു മാറ്റുന്നതിനുള്ള നിർദ്ദേശവും നൽകാറുണ്ട്.

(സി) അമിതപ്രകാശമുള്ളതും നിയമവിരുദ്ധവുമായ ലൈറ്റുകളുടെ ഉപയോഗം തടയുന്നതിന് മോട്ടോർ വാഹന വകുപ്പ് രാത്രികാല ചെക്കിംഗുകൾ നടത്താറുണ്ട്. ഇതു കൂടാതെ വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും സി.എഫ്. ടെസ്റ്റ് സമയത്തും നിയമപ്രകാരമുള്ള ലൈറ്റുകളാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്താറുണ്ട്.

## റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പുതിയ പരിഷ്കാരങ്ങൾ

195 (T 6274) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചിട്ടും സംസ്ഥാനത്തെ ദേശീയപാതകളിൽ പലയിടത്തും റോഡപകടങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവില്ലാത്തത് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഗതാഗത നിയമങ്ങൾ പാലിക്കാത്തവരെ പിടികൂടാൻ സിഗ്നലുകൾക്ക് സമീപം ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) തെരുവുവിളക്കില്ലാത്ത ഭാഗങ്ങളിൽ റോഡ് മുറിച്ചുകടക്കുന്ന യാത്രക്കാർ വെളിച്ചക്കുറവുമൂലം അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം നിയമലംഘകരെ കണ്ടെത്തുന്നതിന് ക്യാമറകൾ സ്ഥാപിക്കുന്നത് ഘട്ടംഘട്ടമായി നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നു.

(സി) ഇത്തരം മേഖലകളിൽ റോഡ് സേഫ്റ്റി കമ്മിറ്റികളുടെ ശുപാർശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) അപകടസാധ്യത കൂടിയ പ്രദേശങ്ങളിൽ വാഹനങ്ങളെ നിരീക്ഷിക്കുന്നതിലേക്കായി ക്യാമറ സംവിധാനങ്ങളും, വാഹന പരിശോധനയ്ക്കായി പുതിയ ഇന്റർസെപ്റ്ററുകളും മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടുപിടിക്കുന്നതിലേക്കായി ആൽക്കോമീറ്ററുകളും വാങ്ങുന്നതിലേക്കുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ ഓഫീസ് പരിധിയിലും കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനയും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും, ഭൂമി ലഭിക്കുന്നതിനനുസരിച്ച് നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു. എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങൾക്ക് സുരക്ഷിതമായ ഡ്രൈവിംഗ്/യാത്ര ഉറപ്പാക്കുന്നതിലേക്ക് പരിശീലന പരിപാടികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## അശാസ്ത്രീയമായ ഫെയർ സ്റ്റേജ് സംവിധാനം

196 (6275) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അശാസ്ത്രീയമായ ഫെയർസ്റ്റേജ് സംവിധാനം പരിശോധിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇവരുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(ബി) ദീർഘദൂര യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന തരത്തിലുള്ള ഫെയർസ്റ്റേജ് സംവിധാനം പരിശോധിക്കുമോ; പരിഹരിക്കുവാൻ ആവശ്യമായ നിർദ്ദേശം കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്ക് നൽകുമോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ഫെയർസ്റ്റേജ് നടപ്പിലാക്കുന്ന രീതി എന്തെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഫെയർ സ്റ്റേജ് നിർണ്ണയം സംബന്ധിച്ച പരാതികൾ സംബന്ധിച്ച് പരിശോധിക്കുവാൻ റിട്ടയേർഡ് ജസ്റ്റിസ് രാമചന്ദ്രൻ അദ്ധ്യക്ഷനായിട്ടുള്ള ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ച പരാതികൾ ലഭിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യും അതത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളും അതിന്മേൽ വിശദമായ അന്വേഷണം നടത്തി ഉചിതമായ തീരുമാനം എടുക്കാറുണ്ട്. പ്രത്യേക നിർദ്ദേശം ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 67 പ്രകാരം സ്റ്റേജ് കാര്യേജുകളിലെ ഫെയറും ഫ്രൈറ്റും നടപ്പിലാക്കുന്നതിന് അതത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്കാണ് അധികാരം നല്കിയിട്ടുള്ളത്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 133 പ്രകാരം ഫെയർ ടേബിൾ അംഗീകരിക്കുന്നതിനും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് അധികാരമുണ്ട്. ചട്ടം 211 പ്രകാരം രണ്ട് ഫെയർ സ്റ്റേജുകൾ തമ്മിലുള്ള ദൂരം 6.5 കിലോമീറ്ററിൽ കൂടാൻ പാടില്ല. ഫെയർ റിവിഷൻ സംബന്ധിച്ച ഉത്തരവുകളിൽ രണ്ട് ഫെയർ സ്റ്റേജുകൾ തമ്മിലുള്ള ദൂരം രണ്ടര കിലോമീറ്ററായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രധാനമായും ദൂരം മാത്രമല്ല, മറിച്ച് ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, പ്രധാന ജംഗ്ഷനുകൾ എന്നിവയും യാത്രാക്കാരുടെ സൗകര്യവും കൂടി കണക്കിലെടുത്താണ് ഫെയർ സ്റ്റേജുകൾ നിശ്ചയിച്ചിരിക്കുന്നത്. ഈ ചട്ടങ്ങളിൽ കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടു കൂടിയാണ് കെ.എസ്.ആർ.ടി.സി.-യുടെ ഫെയർ സ്റ്റേജുകൾ നിർണ്ണയിക്കുന്നത്.

## തിരുവനന്തപുരത്തെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

197 (6276) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേയാട് ജംഗ്ഷനിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും, വിളവൂർക്കൽ പഞ്ചായത്ത് പ്രദേശമായ മങ്കാട്ട്കടവ് മേഖലയിലെ ജനങ്ങളുടെ യാത്രാസൗകര്യം സുഗമമാക്കുന്നതിനുമായി, കാട്ടാക്കട താലൂക്കിലെ കാട്ടാക്കട, വെള്ളറട കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് തിരുവനന്തപുരത്തേക്കുള്ള ഷെഡ്യൂളുകളിൽ 25 ശതമാനം തച്ചോട്ട്കാവ് - മങ്കാട്ട്കടവ് വഴി തിരുമല എത്തുന്നതിനും തിരുവനന്തപുരത്ത് നിന്ന് മടക്കയാത്രയിൽ തിരുമല നിന്നും മങ്കാട്ട് കടവ് - തച്ചോട്ട്കാവ് വഴി സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) നഗര സൗകര്യങ്ങൾ ഗ്രാമങ്ങളിൽ ലഭ്യമാക്കുന്ന ദൗത്യത്തിന്റെ നിർവ്വഹണത്തിനായി ആറ്റിങ്ങൽ, കണിയാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് തിരുവനന്തപുരത്ത് തമ്പാനൂരിൽ യാത്ര അവസാനിപ്പിക്കുന്ന ബസ് സർവ്വീസുകൾ കാഞ്ഞിരംകുളം, പൂവാർ - ഊരമ്പ് വരെ ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുപോലെ കിളിമാനൂർ, വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് തമ്പാനൂരിൽ യാത്ര അവസാനിപ്പിക്കുന്ന സർവ്വീസുകൾ വിഴിഞ്ഞം - പൂവാർ - പൊഴിയൂർ വരെ ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൂവാർ, പാറശ്ശാല, വിഴിഞ്ഞം ഡിപ്പോകളിൽ നിന്ന് തമ്പാനൂരിൽ യാത്ര അവസാനിപ്പിക്കുന്ന ബസ് സർവ്വീസുകൾ തിരുവനന്തപുരം മെഡിക്കൽ കോളേജ്, കുടപ്പനക്കുന്ന്, സിവിൽ സ്റ്റേഷൻ മേഖലകളിലേക്ക് ദീർഘിപ്പിച്ച് തമ്പാനൂരിലെ ഗതാഗത തിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പാപ്പനംകോട് ഡിപ്പോയിൽ നിന്ന് വെള്ളായണി ക്ഷേത്രം - കാർഷിക കോളേജ് - പാലപ്പൂര് വഴി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് യാത്രാസൗകര്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പേരൂർക്കട സിറ്റി ഡിപ്പോയിൽ നിന്ന് പാളയം - കിഴക്കേകോട്ട വഴി തിരുവല്ലം - പാലപ്പൂര് - കാർഷിക കോളേജ് ഷെഡ്യൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ നിന്ന് തിരുവനന്തപുരം തമ്പാനൂരിൽ അവസാനിക്കുന്ന സർവ്വീസുകൾ കാഞ്ഞിരംകുളം, പൂവാർ, ഊരമ്പ് ഭാഗങ്ങളിലേക്ക് ദീർഘിപ്പിക്കുന്നത് നെയ്യാറ്റിൻകര, പൂവാർ, വിഴിഞ്ഞം, വെള്ളറട, പാറശ്ശാല ഡിപ്പോകളിൽ നിന്നുള്ള സർവ്വീസുകളുടെ കളക്ഷനെയും, ഷെഡ്യൂളുകളെയും കാര്യമായി ബാധിക്കുമെന്നുള്ളതിനാൽ ഇത്തരം സർവ്വീസുകൾ ദീർഘിപ്പിച്ച് നൽകുവാൻ സാധിക്കുകയില്ല. ഇതുപോലെ തന്നെ കിളിമാനൂർ, വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്ന് തമ്പാനൂരിൽ അവസാനിക്കുന്ന സർവ്വീസുകൾ വിഴിഞ്ഞം - പൂവാർ - പൊഴിയൂർ വരെ ദീർഘിപ്പിക്കുന്നത്മൂലം വിഴിഞ്ഞം, പൂവ്വാർ, പാറശ്ശാല, നെയ്യാറ്റിൻകര, വെള്ളറട തുടങ്ങിയ ഡിപ്പോകളിലെ ഷെഡ്യൂളുകളുടെ കളക്ഷനെ കാര്യമായി ബാധിക്കുമെന്നുള്ളതിനാൽ ഇത്തരം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയില്ല.

(സി) ഗാതഗതകുരുക്ക് ഒഴിവാക്കുന്നതിലേക്കായി പൂവാർ, പാറശ്ശാല, വിഴിഞ്ഞം ഡിപ്പോകളിൽ നിന്നും തമ്പാനൂരിൽ അവസാനിക്കുന്ന സർവ്വീസുകൾ മെഡിക്കൽ കോളേജ്-കുടപ്പനക്കുന്ന് സിവിൽസ്റ്റേഷൻ ഭാഗങ്ങളിലേക്ക് ദീർഘിപ്പിച്ച് നൽകുവാൻ സാധിക്കുകയില്ല. നിലവിൽ തമ്പാനൂർ, തിരുവനന്തപുരം ഡിപ്പോകളിൽ നിന്നും മെഡിക്കൽ കോളേജിലേക്കും കുടപ്പനക്കുന്നിലേക്കും സർവ്വീസ് നടത്തുന്നുണ്ട്.

(ഡി) ബസുകളുടെ ലഭ്യതക്കനുസൃതമായി യാത്രാ സൗകര്യം മെച്ചപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നിലവിൽ തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്നും പ്രസ്തുത ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പുതിയ ബസുകളുടെ ലഭ്യതക്കനുസൃതമായി മാത്രമേ പേരൂർക്കടയിൽ നിന്നും ഷെഡ്യൂൾ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ.

## നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി.-യിൽ നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ

198 (6277) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും റദ്ദ് ചെയ്ത അന്തർ സംസ്ഥാന സർവ്വീസുകൾ ആയ തൃപ്പരപ്പ്, അരുമന, പേച്ചിപാറ, കുളച്ചൽ, മൻഡേ മാർക്കറ്റ് എന്നീ ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ പ്രാബല്യത്തിൽ വരുന്നതോടു കൂടി ടി സർവ്വീസുകൾ പുനഃരാരംഭിക്കുന്നതാണ്.

## കൊണ്ടോട്ടിയിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

199 (6278) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് കോർപ്പറേഷന് പുതിയതായി സബ് ഡിപ്പോ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മാമലക്കണ്ടത്തേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ്

200 (6279) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കോളനികൾ ഉൾപ്പെടെ 4000-ത്തോളം ജനങ്ങൾ താമസിക്കുന്ന പ്രദേശമായ മാമലക്കണ്ടത്തേക്ക് പ്രൈവറ്റ് ബസുകൾ മാത്രമാണ് സർവ്വീസ് നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുമോ;

(സി) അതിനായി കോതമംഗലം ഡിപ്പോയിലേക്ക് പുതുതായി ബസുകൾ അനുവദിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവിടെ കോതമംഗലത്ത് നിന്നും വൈകുന്നേരം 5.30-ന് ആരംഭിച്ച് മാമലക്കണ്ടത്ത് സ്റ്റേ ചെയ്ത് രാവിലെ 6.00 മണിക്ക് കോതമംഗലത്തേക്ക് പുറപ്പെടുന്ന രീതിയിൽ KSRTC ഒരു സർവ്വീസ് നടത്തി വരുന്നുണ്ട്. കൂടുതൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതക്കനുസരിച്ച് പരിശോധിക്കുന്നതാണ്.

(സി) പുതിയ ഷെഡ്യൂളുകൾ അനുവദിക്കുന്ന മുറയ്ക്ക് പ്രസ്തുത ഡിപ്പോയിൽ ബസിന്റെ അഭാവമുണ്ടെങ്കിൽ ബസ് അനുവദിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യും ഭാരത് സ്റ്റേജ് 4 മാനദണ്ഡവും**

201 (6280) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് സ്റ്റേജ് 4 മാനദണ്ഡം നവംബർ മുതൽ നിർബന്ധമാക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് അധിക ബാധ്യത വരുത്തുമോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാനദണ്ഡം കാരണം, വാങ്ങിയ ഷാസികൾ ബോഡി നിർമ്മിച്ച് നിരത്തിലിറക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ അവ എത്രയെന്നും, ഏത് കാലയളവിൽ വാങ്ങിയതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭാരത് സ്റ്റേജ് 4 മാനദണ്ഡത്തിലുള്ള ഷാസ്സികൾ കെ.എസ്.ആർ.ടി.സി. ഇതുവരെ വാങ്ങിയിട്ടില്ല. ആയതിനാൽ ഒരു താരതമ്യ പഠനം നടത്തുന്നതിന് കഴിഞ്ഞിട്ടില്ല.

(ബി&സി) ഇല്ല. കേന്ദ്ര സർക്കാരിന്റെ പുതിയ ഭാരത് സ്റ്റേജ് മാനദണ്ഡപ്രകാരം 2016 മാർച്ച് 31 വരെ മാത്രമേ BS III നിലവാരത്തിലുള്ള വാഹനങ്ങൾ വിൽക്കുന്നതിന് വാഹനനിർമ്മാതാക്കളെ അനുവദിച്ചിരുന്നുള്ളൂ. കെ.എസ്.ആർ.ടി.സി. വാങ്ങിയ ഷാസികളെല്ലാം തന്നെ 2016 മാർച്ച് 31-നു മുമ്പായി നിർമ്മിച്ചവയാണ്. ഇവ നിരത്തിലിറക്കുന്നതിന് നിയന്ത്രണമില്ല.

## പൂവമ്പാറ പാലത്തിലെ ആത്മഹത്യ സംബന്ധിച്ച ജില്ലാ റോഡ് സുരക്ഷ കൗൺസിൽ റിപ്പോർട്ട്

202 (6281) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ആറ്റിങ്ങൽ പൂവമ്പാറ പാലത്തിൽ നിന്നും താഴെ വാമനപുരം നദിയിലേക്ക് ചാടി ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് തടയാൻ ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷ കൗൺസിൽ ചെയർമാനോട് ആവശ്യപ്പെട്ട പ്രകാരം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കുമോ;

(സി) ബന്ധപ്പെട്ട ഫയൽ ഇപ്പോൾ എവിടെയാണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാന് (ജില്ലാ കളക്ടർക്ക്) നിർദ്ദേശം നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ച് കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ 733/എ 2/കെ.ആർ.എസ്.എ./2016 എന്ന നമ്പറിൽ ഫയൽ നിലവിലുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ

203(6283) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ, പെയിന്റർ ഗ്രേഡ്-2 തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്നും ഇവയുടെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) താല്ക്കാലികമായി ജോലി ചെയ്യുന്നവരെ ഒഴിവാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിലെ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ, പെയിന്റർ എന്നീ തസ്തികകളിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31-12-2016-നും, പെയിന്റർ ഗ്രേഡ് 2 റാങ്ക് ലിസ്റ്റിന്റെ കാലാവധി 24-3-2017-നും അവസാനിക്കും.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ ഇത്തരം കേസുകളിന്മേലുള്ള അന്തിമ വിധിക്ക് അനുസരിച്ച് മാത്രമായിരിക്കും കെ.എസ്.ആർ.ടി.സി.-ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുന്നത്.

### ആർ.ടി. ഓഫീസുകളിലെ തിരക്ക്

204 (6284) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളിൽ തിരക്ക് കാരണം പൊതു ജനങ്ങൾക്ക് ഒട്ടേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രയാസങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) പൊതുജനങ്ങളുടെ പ്രയാസങ്ങൾ ഒഴിവാക്കുന്നതിലേക്കായി നടപടി ക്രമങ്ങൾ കുറയ്ക്കുന്നതിനും ഓൺലൈൻ സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പൊതുജനങ്ങളുടെ പ്രയാസങ്ങൾ ഒഴിവാക്കുന്നതിലേക്കായി നിലവിൽ 26 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും പണം അടയ്ക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ വഴി നൽകുന്ന നോട്ടീസുകൾക്ക് പിഴ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്കെല്ലാം ടെമ്പററി രജിസ്ട്രേഷൻ നൽകുന്ന സംവിധാനം പൂർണ്ണമായും ഓൺലൈനാക്കി. ഇതുമൂലം ഈ ആവശ്യത്തിനായി അപേക്ഷകൻ ആഫീസിൽ വരേണ്ട ആവശ്യമില്ല. ഡ്രൈവിംഗ് ടെസ്റ്റിനുള്ള തീയതി തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനവും ഓൺലൈനായി ചെയ്യാവുന്നതാണ്. എല്ലാ പുതിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും ടാക്സ് ഓൺലൈനിലൂടെയാക്കുകയും എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഓൺലൈനായി ടാക്സ് അടയ്ക്കുന്നതിനുള്ള സംവിധാനം ഉടൻ തന്നെ നടപ്പിലാക്കുന്നതുമാണ്.

**ആർ.സി. ബുക്കുകളുടെ ആധുനികവത്കരണം**

205 (6285) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന പുതിയ വാഹനങ്ങളുടെ ആർ.സി. ബുക്കുകൾ ആധുനികവത്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) വിദേശ രാജ്യങ്ങളിലുള്ളതുപോലെ വാഹനത്തിൽ തന്നെ ആർ.സി. ബുക്കിലെ വിവരങ്ങൾ ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിച്ച് സ്ഥാപിക്കുന്നത് സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) വാഹന രേഖകളുടെ പരിശോധന വേഗത്തിൽ പൂർത്തിയാക്കാൻ ഇത്തരത്തിലുള്ള ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുമോ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഉണ്ട്. നിലവിൽ വാഹനങ്ങളുടെ വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാണ്. പ്രസ്തുത വിവരം ലഭിക്കുവാനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. സ്മാർട്ട് കാർഡ് രൂപത്തിലാകുമ്പോൾ കൂടുതൽ വേഗത്തിൽ പരിശോധന നടക്കുന്നതാണ്. സ്മാർട്ട് കാർഡ് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

**വ്യാജ ലൈസൻസുകൾ**

206 (6286) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനം ഓടിക്കാനറിയാത്തവർക്ക് ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമാകുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോട്ടോ, ആധാർകാർഡ്, ആവശ്യമായ തുക എന്നിവ നൽകിയാൽ മണിപ്പൂരിൽ നിന്ന് വ്യാജ ലൈസൻസുകൾ സംസ്ഥാനത്തേക്കെത്തുമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വ്യാജ ലൈസൻസുകൾ കണ്ടെത്താൻ ഇതിനകം എന്തൊക്കെ നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(ഡി) വ്യാജ ലൈസൻസുകൾ കണ്ടെത്തിയാൽ ലഭിക്കുന്ന പരമാവധി ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള ആരോപണങ്ങൾ മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വാഹന പരിശോധന സമയത്ത് ലൈസൻസ് പരിശോധന കർശനമാക്കിയിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാനത്തു നിന്നും ലഭിച്ച ലൈസൻസുകൾ മേൽവിലാസം മാറ്റുന്നതിനായി ഹാജരാക്കുമ്പോൾ പ്രസ്തുത ലൈസൻസുകളുടെ സാധുത ആരാഞ്ഞതിന് ശേഷം മാത്രമേ മേൽവിലാസം മാറ്റി നൽകാറുള്ളൂ.

(ഡി) ഇത്തരം കേസുകളിൽ ഐ.പി.സി. 466 വകുപ്പ് പ്രകാരമാണ് നടപടികൾ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട കോടതിയാണ് ശിക്ഷ വിധിക്കുന്നത്.

**മാതൃകാ പുക പരിശോധന കേന്ദ്രങ്ങൾ**

207 (6287) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട്ടോമൊബൈലുകൾമൂലമുണ്ടാകുന്ന പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിന് മാതൃകാ പുക പരിശോധന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പുക പരിശോധനാ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് കേന്ദ്രീകൃതമായി നിരീക്ഷിക്കാവുന്ന എന്തെല്ലാം സംവിധാനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ സജ്ജമാക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) മാതൃകാ പുക പരിശോധന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ ഒന്നും തുടങ്ങിയിട്ടില്ല.

(ബി) നിലവിലുള്ള പുക പരിശോധന കേന്ദ്രങ്ങളെ വെബ് അധിഷ്ഠിത പുക പരിശോധന കേന്ദ്രങ്ങളാക്കി സജ്ജമാക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) (എ) - പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ട്രാഫിക് നിയമ ലംഘനം

208 (6288) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് നിയമ ലംഘനം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഗുരുതരമായ ട്രാഫിക് നിയമ ലംഘനങ്ങൾ നടത്തുന്നവരുടെ വാഹനങ്ങൾ നിശ്ചിത കാലത്തേക്ക് കണ്ടുകെട്ടുന്നതിനായി നിലവിലെ നിയമത്തിൽ പരിഷ്കാരം വരുത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## സ്വകാര്യ ബസുകളുടെ അനധികൃത ദീർഘദൂര സർവ്വീസ്

209 (6289) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസുകൾ കോൺട്രാക്ട് കാര്യേജ് എന്ന പേരിൽ പെർമിറ്റില്ലാതെ ദീർഘദൂര സർവ്വീസ് നടത്തുന്നതായും അതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് - മലപ്പുറം - കോഴിക്കോട് റൂട്ടിലെ ഇത്തരം സർവ്വീസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം സർവ്വീസുകൾ കാരണം മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന്റെ കണക്കുകൾ ലഭ്യമാണോ; വിശദാംശം നൽകുമോ;

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ ശക്തമായ ഇടപെടലുകളിലൂടെ ഇത്തരം സർവ്വീസുകളെ നിയന്ത്രിച്ച് പ്രസ്തുത ഡിപ്പോയുടെ വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കവർന്നെടുക്കുന്ന രീതിയിൽ സ്വകാര്യ കോൺട്രാക്ട് കാര്യേജുകൾ ടിക്കറ്റ് നിരക്ക് ഈടാക്കി ദീർഘദൂര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അവ സർവ്വീസ് നടത്തുന്നത് കോൺട്രാക്ട് കാര്യേജ് പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ്. പെർമിറ്റില്ലാതെ ദീർഘദൂര സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സർവ്വീസുകൾ സംബന്ധിച്ച് പരാതികൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(സി) ഇത്തരം സർവ്വീസുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ഇത്തരം സർവ്വീസുകൾ സംബന്ധിച്ച് പരാതികൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. പരാതി ലഭിക്കുന്ന പക്ഷം 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്വകാര്യ ബസുകളുടെ അനധികൃത ദീർഘദൂര സർവ്വീസ്**

210 (6290) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് ചില സ്വകാര്യ ബസുകൾ വ്യാജ പെർമിറ്റിൽ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ നിന്നാണ് ഇത്തരത്തിൽ സർവ്വീസ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ അനധികൃത സർവ്വീസ് നടത്തിയ എത്ര ബസുകൾക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ അനധികൃത സർവ്വീസ് നടത്തുന്നവർക്ക് എന്തു ശിക്ഷയാണ് നൽകുന്നത്; അനധികൃത സർവ്വീസ് കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) അന്തർ സംസ്ഥാന സർവ്വീസ് നടത്താൻ എത്ര സ്വകാര്യ ബസുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യാജ പെർമിറ്റിൽ ബസുകൾ സർവ്വീസ് നടത്തുന്നതായി പരാതി ലഭിച്ചിട്ടില്ല.

(ബി) (എ) -യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) അനധികൃത സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയാൽ അത്തരം വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതിനും ഉടമകളിൽ നിന്നും പിഴ ഈടാക്കുന്നതിനും അതത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് അധികാരം ഉണ്ട്. അനധികൃത സർവീസ് കണ്ടെത്താൻ ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്.

(ഡി) 43 എണ്ണം.

**ട്രാഫിക് നിയമങ്ങൾ ലംഘിച്ചതിന്റെ പിഴ**

211 (6291) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ മോട്ടോർ വാഹന വകുപ്പ് 2016-17 കാലയളവിൽ ഇതുവരെ എത്ര കേസുകൾ എടുത്തു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ; ഈ കാലയളവിൽ എത്ര രൂപ പിഴയായി ഈടാക്കി എന്നറിയിക്കാമോ;

(ബി) അമിത വേഗം കണ്ടെത്തുന്നതിനുള്ള ക്യാമറകൾ സ്ഥാപിച്ചശേഷം എന്തു തുക പിഴയായി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ട്രാഫിക് നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ മോട്ടോർ വാഹന വകുപ്പ് 2016-17 കാലയളവിൽ 2,90,230 കേസുകളെടുക്കുകയും 27,63,59,708 രൂപ പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | കേസുകൾ | പിഴയിനം (തുക) |
|---|---|---|---|
| 1 | തിരുവനന്തപുരം | 22796 | 25692860 |
| 2 | കൊല്ലം | 17560 | 1048050 |
| 3 | പത്തനംതിട്ട | 26176 | 19858860 |
| 4 | ആലപ്പുഴ | 23049 | 25228840 |
| 5 | കോട്ടയം | 23520 | 19602257 |
| 6 | ഇടുക്കി | 10768 | 566530 |
| 7 | എറണാകുളം | 44348 | 58479900 |
| 8 | തൃശ്ശൂർ | 27736 | 28429485 |
| 9 | പാലക്കാട് | 19521 | 23182340 |
| 10 | മലപ്പുറം | 21569 | 39727286 |
| 11 | കോഴിക്കോട് | 14386 | 11070340 |
| 12 | വയനാട് | 2322 | 2648460 |
| 13 | കണ്ണൂർ | 8156 | 8762450 |
| 14 | കാസർഗോഡ് | 28323 | 12062050 |

(ബി) അമിതവേഗം കണ്ടെത്തുന്നതിനുള്ള ക്യാമറകൾ സ്ഥാപിച്ചശേഷം 13,85,33,600 രൂപ പിഴയായി ലഭിച്ചിട്ടുണ്ട്.

**സ്വകാര്യ ബസുകളിൽ അംഗപരിമിതർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ**

212 (6292) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് സ്വകാര്യ ബസുകളിലെ യാത്രയ്ക്കിടയിൽ നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ട്രാൻസ്പോർട്ട് അതോറിറ്റിയെ അറിയിച്ചിട്ടും നടപടി സ്വീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ബസുകളിൽ നിന്നും ഇവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

(സി) സർക്കാർ ഉത്തരവുകൾ പ്രകാരം അംഗപരിമിതരായ വ്യക്തികൾക്ക് സ്വകാര്യ ബസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള യാത്രാ സൗജന്യം, ആ വിഭാഗത്തിന് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് മോട്ടോർ വാഹന വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. തുടർ പരിശോധനകളിലൂടെ അത് ഉറപ്പ് വരുത്തുകയും, മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറകൾ**

213 (6293) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി.-ക്യാമറകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലുമാണ് ഇവ സ്ഥാപിക്കുന്നത് ; വിവരിക്കുമോ;

(സി) സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ ആർ.റ്റി.ഒ./സബ് ആർ.റ്റി. ഓഫീസുകളിലും നാല് മേജർ ചെക്ക് പോസ്റ്റുകളിലും ക്യാമറ സ്ഥാപിക്കുന്നതിനായി M/s കെൽട്രോൺ ലിമിറ്റഡ് സമർപ്പിച്ച പ്രൊപ്പോസൽ മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷനായുള്ള ഫാസ്റ്റ് മോണിട്ടറിങ് കമ്മിറ്റി അംഗീകരിക്കുകയുണ്ടായി. സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി പദ്ധതി നടപ്പിലാക്കുന്നതിനാണ് അംഗീകാരം നൽകിയത്. 2.31 കോടി രൂപ

ചെലവിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതി സാങ്കേതിക കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. സാങ്കേതിക കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പുതുക്കുകയും സംസ്ഥാനത്തെ മുഴുവൻ ചെക്ക് പോസ്റ്റുകളിലും ക്യാമറ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനു പുതുക്കിയ പ്രൊപ്പോസൽ കെൽട്രോൺ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ സാങ്കേതിക കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. എന്നാൽ സാങ്കേതിക കമ്മിറ്റിയിൽ പങ്കെടുത്ത ടെക്നിക്കൽ എക്സാമിനർ (ഫൈനാൻസ്)-ന്റെ നിർദ്ദേശാനുസരണം പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് വരികയാണ്.

(ബി) സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ./സബ് ആർ.ടി.ഒ. ഓഫീസുകളിലും, മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ ചെക്ക് പോസ്റ്റുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ ചെക്ക് പോസ്റ്റുകളിലും ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കുക വഴി ചെക്ക് പോസ്റ്റിലെയും, ഓഫീസിലെയും പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ആയതു വഴി അഴിമതി നടത്താനുള്ള സാധ്യത ഇല്ലാതാക്കുന്നതിനും ഉദ്ദേശിക്കുന്നു.

**ഡ്രൈവിംഗ് ടെസ്റ്റിംഗ്, ടാക്സി വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ**

214(6294) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റിംഗ്, ടാക്സി വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുമോ ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള പണം കണ്ടെത്തുന്നതെങ്ങനെയാണ്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനപരിശോധനയും ഡ്രൈവിംഗ് ടെസ്റ്റും, കുറ്റമറ്റതും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ.-കളുടെ കീഴിലും കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിൽ കണ്ണൂർ, കോഴിക്കോട്, പാറശ്ശാല എന്നിവിടങ്ങളിൽ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും വിജയകരമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ മുട്ടത്തറ (തിരുവനന്തപുരം), മോനിപ്പള്ളി (കോട്ടയം), മൂവ്വാറ്റുപുഴ (എറണാകുളം) എന്നിവിടങ്ങളിൽ ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് കേരളത്തിലെ എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ.-കളുടെ കീഴിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) പ്ലാൻ ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നു. നിലവിൽ ഭൂമി ലഭിക്കാത്തതിനാൽ പി.പി.പി. മോഡൽ നിർമ്മാണത്തിനായി പ്ലാനിംഗ് ബോർഡ് നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്.

**ലാമിനേറ്റ് ചെയ്ത ഡ്രൈവിങ്ങ് ലൈസൻസുകൾ**

215 (6295) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാമിനേറ്റ് ചെയ്ത ഡ്രൈവിങ്ങ് ലൈസൻസുകൾക്ക് ആധികാരിക സ്വഭാവം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാർകോഡിങ്ങ് സംവിധാനത്തോടെയും ലൈസൻസ് ഹോൾഡറുടെ കൂടുതൽ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും ഡ്രൈവിങ്ങ് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരം ലൈസൻസുകൾക്ക് രാജ്യാന്തര നിലവാരം ലഭിക്കുന്നില്ല. എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്മാർട്ട് കാർഡ് രൂപത്തിലുള്ള ലൈസൻസ് നൽകുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## സ്പോർട്സ് ബൈക്കുകൾ

216 (6296) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സ്പോർട്സ് ബൈക്ക് ' ഗണത്തിൽപ്പെട്ട വാഹനങ്ങളുടെ രജിസ്ട്രേഷൻ നടക്കുന്നുണ്ടോ; സ്പോർട്സ് ബൈക്കിന്റെ നിർവചനം വ്യക്തമാക്കുമോ; നിലവിൽ ഏതൊക്കെ ഇനം വാഹനങ്ങളാണ് ഈ ഗണത്തിൽ പെടുന്നതെന്ന് അറിയിക്കുമോ;

(ബി) സ്പോർട്സ് ബൈക്കുകൾ പൊതുനിരത്തുകളിൽ ഉപയോഗിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്പോർട്സ് ബൈക്ക് ഉപയോഗിക്കുന്നവർ പാലിക്കേണ്ട സുരക്ഷാ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളിലോ, ചട്ടങ്ങളിലോ സ്പോർട്സ് ബൈക്കിന് നിർവചനം നൽകിയിട്ടില്ല. ഇത്തരം ഗണത്തിൽ ഉൾപ്പെടുത്തി വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടില്ല. മോട്ടോർ സൈക്കിൾ വിത്ത് ഗിയർ, മോട്ടോർ സൈക്കിൾ വിത്തൗട്ട് ഗിയർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയാണ് ഇരുചക്രവാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത്.

(ബി&സി) സ്പോർട്സ് ബൈക്ക് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വാഹനങ്ങളൊന്നും തന്നെ രജിസ്റ്റർ ചെയ്യാത്തതിനാൽ ഇത്തരം വാഹനങ്ങൾക്ക് പ്രത്യേക നിയന്ത്രണങ്ങളും, സുരക്ഷാ നടപടികളും നിഷ്കർഷിച്ചിട്ടില്ല.

## രജിസ്ട്രേഷനു ശേഷം വാഹനങ്ങളിൽ വരുത്തുന്ന ഘടനാപരമായ മാറ്റങ്ങൾ

217 (6297) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുമ്പോൾ വാഹനം സംബന്ധിച്ച ഏതൊക്കെ പരിശോധനകളാണ് മോട്ടോർ വാഹന വകുപ്പ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) രജിസ്ട്രേഷനു ശേഷം വാഹനങ്ങളുടെ രൂപഭാവങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിന് അനുമതി വാങ്ങേണ്ടതുണ്ടോ; വ്യക്തമാക്കുമോ;

(സി) രജിസ്ട്രേഷനു ശേഷം ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഉത്തരം

(എ) പുതിയ വാഹനങ്ങൾ രജിസ്ട്രേഷനായി ഹാജരാക്കുമ്പോൾ സമർപ്പിക്കുന്ന രേഖകളിൽ വാഹനത്തിന്റെ ചേസിസ് നമ്പരിലും എഞ്ചിൻ നമ്പരിലും എന്തെങ്കിലും വ്യത്യാസമുണ്ടോ എന്നുള്ള കാര്യം മോട്ടോർവാഹന വകുപ്പ് പരിശോധിക്കാറുണ്ട്. വാഹനത്തിന് നൽകിയിട്ടുള്ള approval certificate-ന് വിരുദ്ധമായി എന്തെങ്കിലും രൂപമാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. വേഗപ്പൂട്ട് ഘടിപ്പിക്കേണ്ട വാഹമാണെങ്കിൽ ഘടിപ്പിച്ചിട്ടുണ്ടോ എന്നും ആയത് പ്രവർത്തനക്ഷമമാണോ എന്നും പരിശോധിക്കാറുണ്ട്. ഇതുകൂടാതെ നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായി എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള വാഹനപരിശോധനയും നടത്തുന്നുണ്ട്.

(ബി) രജിസ്ട്രേഷന് ശേഷം വാഹനങ്ങളുടെ രൂപഭാവങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നത് 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 52-ാം വകുപ്പിന് വിരുദ്ധമാണ്. ഘടനാപരമായ മാറ്റങ്ങളല്ലെങ്കിൽ പോലും ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റിയുടെ/അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റിയുടെ മുൻകൂർ അനുവാദം വാങ്ങിയതിനുശേഷം മാത്രമേ രൂപമാറ്റം വരുത്താവൂ.

(സി) ട്രാൻസ്പോർട്ട് വാഹനമാണെങ്കിൽ വാർഷികമായിട്ടുള്ള ഫിറ്റ്നസ് പരിശോധനയിൽ വാഹനത്തിൽ എന്തെങ്കിലും രൂപമാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. വാഹന പരിശോധന നടത്തുമ്പോൾ ട്രാൻസ്പോർട്ട് വാഹനങ്ങളിലും, നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളിലും എന്തെങ്കിലും രൂപമാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. കൂടാതെ രൂപമാറ്റം വരുത്തിയത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കി നടപടികൾ സ്വീകരിക്കാറുണ്ട്.

**അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനം**

218 (6298) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 551/14 പ്രകാരമുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ തസ്തികയിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 551/14 കാറ്റഗറി നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ച അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ ആർക്കും നിയമനം നല്കിയിട്ടില്ല.

## ബോട്ട് സർവ്വീസ് ടൂറിസം

219 (6299) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ട് സർവ്വീസ് ടൂറിസം പരിപോഷിപ്പിക്കുവാൻ ജലഗതാഗത വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ബോട്ടുജെട്ടികളിൽ ഒരുക്കേണ്ടതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ബോട്ട് സർവ്വീസ് ടൂറിസം പരിപോഷിപ്പിക്കുന്നതിനും അതുവഴി വകുപ്പിന്റെ പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ അപ്പർ ഡെക്ക് സംവിധാനമുള്ള രണ്ട് ലക്ഷ്വറി ബോട്ടുകൾ ആലപ്പുഴ – കൊല്ലം, കൊല്ലം - ആലപ്പുഴ റൂട്ടുകളിൽ സർവ്വീസുകൾ നടത്തിവരുന്നു. 90 യാത്രക്കാർക്കു സഞ്ചരിക്കാൻ കഴിയുന്ന ആധുനിക സൗകര്യങ്ങളോടു കൂടിയ രണ്ട് പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ സീ കുട്ടനാട് എന്ന പേരിൽ സർവ്വീസ് നടത്തിവരുന്നു. സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിന്റെ ഭാഗമായി വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ കൂടി പുതുതായി അതിവേഗ എ.സി. ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ, സീ കുട്ടനാട് എന്നീ ടൂറിസ്റ്റ് ബോട്ടുകൾക്ക് പുറമേ പുതിയ രണ്ട് അത്യാധുനിക എ.സി. ഹൈസ്പീഡ് കറ്റാമറൈൻ ബോട്ടുകൾ ഉപയോഗിച്ച് ആലപ്പുഴ-കുമരകം-കോട്ടയം, വൈക്കം-എറണാകുളം എന്നിങ്ങനെ രണ്ട് റൂട്ടുകളിൽ കൂടി സർവ്വീസ് ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. അത്യാധുനിക സൗകര്യങ്ങൾ ഉള്ളതും കൂടുതൽ

സുരക്ഷിതത്വവുമുള്ള ബോട്ടുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരത്തിന് കൂടുതൽ ഊന്നൽ നല്കുന്ന സർവ്വീസുകൾ ആരംഭിക്കുന്നതിനും, ജനങ്ങൾക്ക് മെച്ചപ്പെട്ടതും ചെലവ് കുറഞ്ഞതും പരിസ്ഥിതിയോട് ചേർന്ന് നില്ക്കുന്നതും മലിനീകരണങ്ങൾ ഇല്ലാത്തതുമായ യാത്ര ഉറപ്പാക്കുന്നതിനും സർവ്വീസുകൾ സഹായിക്കുന്നു. മലിനീകരണമില്ലാത്ത സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ട് ഇന്ത്യയിൽ ആദ്യമായി നിർമ്മാണം പൂർത്തിയാക്കി വരുന്നു. ബോട്ടുകളിൽ വീഡിയോ സ്ക്രീൻ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജലമലിനീകരണം, ലൈഫ് ജാക്കറ്റുകളുടെ ഉപയോഗം എന്നിവ സംബന്ധിച്ചുള്ള അവബോധം യാത്രാക്കാർക്ക് ഉണ്ടാക്കുന്നതിന് ഇതുമൂലം സാധിക്കുന്നു. യാത്രാ ബോട്ടുകളിൽ അപ്പർ ഡെക്ക് സംവിധാനം ഉപയോഗപ്പെടുത്തി നിലവിലെ സീ കുട്ടനാട് സർവ്വീസിനു സമാനമായി ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സീ അഷ്ടമുടി പോലുള്ള സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ബോട്ടുജെട്ടികളുടെ നിലവിലെ സൗകര്യങ്ങളിൽ നിന്നുകൊണ്ട് മെച്ചപ്പെട്ട ബോട്ട് സർവ്വീസുകൾ നടത്തി വരുന്നു. വിനോദ സഞ്ചാരമേഖലയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കൂടുതൽ ടൂറിസം സർവ്വീസുകൾ ആരംഭിക്കുന്നതിനുമായി ബോട്ടുജെട്ടികളുടെ അടിസ്ഥാന സൗകര്യങ്ങളും നിലവാരവും ഉയർത്തേണ്ടതായിട്ടുണ്ട്. നിലവിൽ കോട്ടയം കോടിമാതയിലെ വാട്ടർ ഹബ്ബിൽ യാത്രക്കാർക്കു വിശ്രമിക്കുന്നതിനുള്ള സൗകര്യങ്ങളും, കോഫിഷോപ്പ്, കുട്ടികളുടെ പാർക്ക് തുടങ്ങിയവയും ഉൾക്കൊള്ളിക്കുന്നതിന് ടൂറിസം വകുപ്പുമായി ചേർന്നുള്ള നടപടി പുരോഗമിച്ചു വരുന്നു. എറണാകുളം, ആലപ്പുഴ എന്നീ മേഖലകളിൽ മൊബിലിറ്റി ഹബിന്റെ ഭാഗമായി ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**യാത്രാബോട്ടുകളുടെ അറ്റകുറ്റപ്പണി**

220 (6300) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ യാത്രാ ബോട്ടുകൾ അറ്റകുറ്റപ്പണികൾക്കായി കാത്തുകിടക്കേണ്ടി വരുന്നതിനാൽ സർവീസുകൾ മിക്കപ്പോഴും മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കി സർവീസുകൾ മുടങ്ങാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) അറ്റകുറ്റപ്പണി അടിയന്തരമായി പൂർത്തിയാക്കിയോ പകരം സംവിധാനം ഏർപ്പെടുത്തിയോ ,മുടങ്ങിക്കിടക്കുന്ന കൊല്ലം - സാംബ്രാണിക്കോടി സർവീസ് അടിയന്തരമായി പുനഃരാരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ബോട്ടുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്തുന്നതിന് പര്യാപ്തമായ യാർഡുകളും അനുബന്ധ സൗകര്യങ്ങളും ഇല്ലായെന്നതായിരുന്നു മുൻ കാലങ്ങളിൽ നേരിട്ടിരുന്ന പ്രധാന വെല്ലുവിളി. ഇതുമൂലം ബോട്ടുകൾ അറ്റകുറ്റ പണികൾക്കായി കാത്തുകിടക്കേണ്ടി വരുകയും ചില സന്ദർഭങ്ങളിൽ സർവ്വീസുകൾ മുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ/പരാതികൾ എന്നിവ പരിഹരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ 4 ബോട്ടുകൾ ഒരേസമയം മേജർ റിപ്പയർ ചെയ്യാവുന്ന വിധത്തിലുള്ള ഡ്രൈ ഡോക്കും നാല് ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയും നിർമ്മിക്കുകയുണ്ടായി. ടി യാർഡുകളിൽ നിലവിൽ ബോട്ടുകളുടെ അറ്റകുറ്റപണികൾ കാര്യക്ഷമമായി നടത്തിവരുന്നു. നിലവിലുള്ള ജീവനക്കാർക്കു പുറമേ റിപ്പയർ വിഭാഗത്തിൽ സർക്കാർ പുതുതായി അനുവദിച്ച 20 തസ്തികകൾ കൂടി പ്രയോജനപ്പെടുത്തി ബോട്ടുകളുടെ പരിശോധനകളും അറ്റകുറ്റപണികളും കൃത്യമായി നടത്തി കാര്യക്ഷമമായ സർവ്വീസ് നൽകി വരുന്നു. എറണാകുളം മേഖലയിലെ ബോട്ടുകളുടെ അറ്റകുറ്റപണികൾക്കായി എറണാകുളം തേവരയിലെ മൈനർ റിപ്പയർ യാർഡിന്റെ സേവനവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ മേഖലയിലെ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്വന്തമായി ഒരു സ്ലിപ് വേ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സ്വന്തം നിലയിൽ ബോട്ടുകളുടെ അറ്റകുറ്റപണികൾ നടത്തുവാൻ പ്രാപ്തമായതോടെ ബോട്ടുകൾ യഥാസമയം കാര്യക്ഷമമായി റിപ്പയർ ചെയ്യുന്നതിനും പരാതികൾ പരിഹരിച്ച് കൃത്യമായി സർവ്വീസ് നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) കൊല്ലം - സാംബ്രാണിക്കോടി സർവ്വീസ് നിലവിൽ പൂർണ്ണമായും പുനരാരംഭിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 6152, 6217, 6258, 6262, 6265, 6282 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM

## II അടിയന്തരപ്രമേയം

### നിയമവിരുദ്ധമായ പെയർ ട്രോളിംഗ്

മി. സ്പീക്കർ : നിയമവിരുദ്ധമായി നടത്തുന്ന പെയർ ട്രോളിംഗും ചെറുമീനുകളെ പിടിക്കുന്നതുസംബന്ധിച്ച തർക്കവും തീരദേശത്തെ സംഘർഷ കേന്ദ്രമാക്കി മാറ്റുന്നതും കടൽ വറുതിയെത്തുടർന്ന് മത്സ്യത്തൊഴിലാളികളുടെ കൂട്ട ആത്മഹത്യയ്ക്ക് കേരളം സാക്ഷിയാകുന്നതും മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഹൈബി ഈഡൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഫിഷറീസ് വകുപ്പിലെ Real Craft Registration പ്രകാരം കേരളത്തിൽ 36744 യാനങ്ങളാണുള്ളത്. ഇതിൽ മോട്ടോർ ഘടിപ്പിച്ചവ 29225 എണ്ണവും യന്ത്രവൽകൃത ബോട്ടുകൾ 5025 എണ്ണവും പരമ്പരാഗത വള്ളങ്ങൾ 2494 എണ്ണവുമാണ്. മത്സ്യമേഖലയിലെ രൂക്ഷമായ മത്സരവും, അനാരോഗ്യകരമായ മീൻപിടുത്ത രീതികളുംമൂലം മത്സ്യവിഭവ ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നത് വസ്തുതയാണ്. യന്ത്രവത്കൃത യാനങ്ങൾ ചെലുത്തുന്ന അനാരോഗ്യകരമായ മത്സരത്തിൽനിന്നും പരമ്പരാഗത മീൻപിടിത്തക്കാരുടെ സാമൂഹ്യ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്.

വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രത്യേക സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനുമായി മീൻപിടിത്തക്കാർ അവരുപയോഗിക്കുന്ന വള്ളത്തിന്റെയും വലയുടെയും രൂപകല്പനയിൽ മാറ്റങ്ങൾ വരുത്താറുണ്ട്. വള്ളത്തിന്റെയും വലയുടെയും വലിപ്പം കൂട്ടൽ, മീൻപിടിത്തത്തിലെ സാങ്കേതിക ക്ഷമത വർദ്ധിപ്പിക്കൽ, ഔട്ട് ബോർഡ് മോട്ടോറുകളുടെ കുതിരശക്തിയിലും എണ്ണത്തിലും വർദ്ധന, വലിയ വള്ളങ്ങളിൽ ഇൻബോർഡ് യന്ത്രങ്ങൾ പിടിപ്പിക്കൽ ഇവയെല്ലാം സമുദ്രവിഭവങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് മത്സ്യബന്ധനോ പകരണങ്ങളുടെ എണ്ണം, വലിപ്പം, ക്ഷമത, വള്ളങ്ങളുടെ സംഭരണശേഷി, റിംഗ്സീൻ വലകൾ, ഗിൽനെറ്റ് വലകൾ തുടങ്ങിയ എല്ലാത്തരം വലകളുടെയും കണ്ണിവലിപ്പം എന്നിവയിൽ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്.

പെലാജിക് ട്രോൾ വലകൾ സമുദ്രത്തിന്റെ ഉപരിതലത്തിൽ ബാഗ് രൂപത്തിൽ ഒന്നോ രണ്ടോ ബോട്ടുകൾ ചേർന്ന് വലിക്കുന്ന തരത്തിലുള്ള വലകളാണ്. രണ്ട് ബോട്ടുകൾ ചേർന്ന് മത്സ്യബന്ധനം നടത്തുന്നതിനെ പെയർ ട്രോളിംഗ് എന്നുവിളിക്കുന്നു. സംസ്ഥാനത്ത് പെലാജിക് ട്രോൾ വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്നതുമൂലം മത്സ്യസമ്പത്തിന് നാശം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെലാജിക് ട്രോൾ നെറ്റുകൾ ഉപയോഗിച്ചുള്ള പെലാജിക് ട്രോളിംഗ് നിരോധിച്ചിട്ടുണ്ട്.

29-11-1980-ലെ 144/80/മ.ഇ.വ. നമ്പർ ഉത്തരവ് പ്രകാരം പെലാജിക് & മിഡ് - വാട്ടർ ട്രോൾ നെറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്.

ട്രോൾവലയുടെ കാര്യത്തിലൊഴികെ മറ്റൊരു വലയുടെ കാര്യത്തിലും കണ്ണിവലിപ്പം നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ചെറുമീനുകൾ ധാരാളമായി പിടിക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് 24-7-2015-ലെ 40/15/മ.ഇ.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരികയാണ്. നിരവധി മത്സ്യ കുഞ്ഞുങ്ങളെ കോഴിത്തീറ്റ, ചെമ്മീൻത്തീറ്റ, കാലിത്തീറ്റ, വളം എന്നിവയുടെ നിർമ്മാണത്തിനായി അന്യസംസ്ഥാനങ്ങളിലേക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് മത്സ്യ തൊഴിലാളികളിൽ അവബോധമുണ്ടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. മത്സ്യസമ്പത്തിന് ഹാനികരമാകുന്ന രീതിയിൽ വളർച്ചയെത്താത്ത മത്സ്യങ്ങളെ പിടിക്കുന്നത് തടയാൻ കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ് കോസ്റ്റ് ഗാർഡ് എന്നീ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചെറുമത്സ്യങ്ങളെ പിടിക്കുന്ന മത്സ്യബന്ധന യാനങ്ങളെ വിവിധ ജില്ലകളിൽ പിടികൂടുകയും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയും ചെയ്യുന്നു. സംസ്ഥാനത്ത് ഇതുവരെയായി ഇത്തരം 64 കേസുകൾ പിടികൂടുകയും 20.66 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. നിയമലംഘനം നടത്തിയ ഇത്തരം ബോട്ടുകളിലെ മത്സ്യം ലേലം ചെയ്തതിലൂടെ 14.32 ലക്ഷം രൂപ ഖജനാവിലേക്ക് അടച്ചിട്ടുണ്ട്.

ഉത്തരവാദിത്വ മത്സ്യബന്ധന പെരുമാറ്റച്ചട്ടത്തിന്റെ വെളിച്ചത്തിൽ, ഹാനികരമായ മത്സ്യബന്ധന രീതികൾ, ആവശ്യത്തിന് വളർച്ചയെത്താത്ത മീനുകളുടെ പിടിത്തം, വിപണനം, വിഭവസംരക്ഷണം തുടങ്ങിയ കാര്യങ്ങൾ അവലോകനം ചെയ്ത് സമുദ്ര മത്സ്യബന്ധന മേഖലയിൽ സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ചെയർമാനായും ഫിഷറീസ് വകുപ്പിലെ ഉയർന്ന ടെക്നിക്കൽ വിഭാഗം ഉദ്യോഗസ്ഥർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫിർമ, CIFT, CMFRI എന്നിവിടങ്ങളിലെ പ്രതിനിധികളും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി 3-8-2016-ൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മത്സ്യബന്ധന വലകളുടെ dimension, വലക്കണ്ണിയുടെ size, shape എന്നിവയിന്മേലുള്ള നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ വലിപ്പത്തിനനുസരിച്ച് എഞ്ചിൻ ശേഷി നിയന്ത്രിക്കൽ, ബുൾ ട്രോളിംഗ്/പെയർ ട്രോളിംഗ് എന്നിവയുടെ നിയന്ത്രണം, കൂടുതൽ മത്സ്യങ്ങളുടെ MLS നിജപ്പെടുത്തൽ, അന്യസംസ്ഥാന യാനങ്ങളിന്മേലുള്ള നിയന്ത്രണം, ഓവർ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും നൽകുന്നതിനുള്ള നിയന്ത്രണം, പരിസ്ഥിതി സൗഹാർദ്ദ പങ്കാളിത്ത co-management ഏർപ്പെടുത്തൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് ശിപാർശ നൽകുന്നതിനാണ് ഈ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. എന്നുമാത്രമല്ല, ഇപ്പോൾ എഞ്ചിൻ ഡ്രൈവർ, സ്രാങ്ക്, Deck hand എന്നിവർക്ക് നിർബന്ധിത പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഈ ശിപാർശ കിട്ടുന്ന മുറയ്ക്ക് KMFR Act-ൽ ഭേദഗതി വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഇടക്കാലയളവിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തൊഴിലാളികളിൽ അവബോധമുണ്ടാക്കുന്നതിനും വേണ്ടി 17-11-2016-ന് കൊച്ചിയിൽ വച്ച് എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും ബോട്ടുടമകളുടെയും സംയുക്തമായ ഒരു മീറ്റിംഗ് വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ പ്രശ്നം ശ്രദ്ധയിലുണ്ട്, അതിനുള്ള എല്ലാ നടപടികളും എടുത്തുവരുന്നു. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ഹൈബി ഈഡൻ : സർ, തീരദേശത്ത് അധിവസിക്കുന്ന ഒരു വലിയ സമൂഹത്തിന്റെ, മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് പുറംകടലിൽ നിലനിൽക്കുന്ന വലിയ സംഘർഷാവസ്ഥ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഈ

സഭയോട് അഭ്യർത്ഥിക്കുന്നത്. നിയമസഭയിലെ 53 നിയമസഭാ മണ്ഡലങ്ങൾ തീരദേശവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. സാധാരണ ഇതുപോലൊരു അടിയന്തര പ്രമേയം അവതരിപ്പിക്കുന്ന വേളയിൽ വളരെയധികം ശ്രദ്ധയോടുകൂടി സഭ അതിനെ നോക്കിക്കാണാറുണ്ട്. അടിസ്ഥാന വർഗ്ഗത്തിന്റെ വിഷയം ചർച്ച ചെയ്യുന്നത് ഗൗരവത്തോടുകൂടി കാണണം. 590 കി.മീ. കടൽത്തീരമുള്ള കേരളത്തിന്റെ മത്സ്യസമ്പത്ത് കുറഞ്ഞുപോകുന്ന ഒരു സാഹചര്യമാണുള്ളത്. പെലാജിക് പെയർ ട്രോളിംഗുകളിലൂടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നതു കാരണം തീരമേഖലയിൽ ഉയർന്നിട്ടുള്ള ആശങ്കയും ഇതരസംസ്ഥാനങ്ങളിൽ നിന്നുവരുന്ന മത്സ്യത്തൊഴിലാളികളും കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിലുള്ള സംഘർഷാവസ്ഥയും ഗവൺമെന്റ് ഇടപെട്ട് അടിയന്തരമായി നിയന്ത്രിക്കേണ്ടതുണ്ട്. നമുക്കറിയാവുന്നതുപോലെ കേരളത്തിൽ ഒരു കടൽ ഹർത്താൽ നടക്കുകയുണ്ടായി. എല്ലാ മത്സ്യത്തൊഴിലാളികളും കടൽ ഹർത്താലിനെ വിജയിപ്പിക്കുന്ന കാഴ്ച നമുക്ക് കാണാൻ സാധിച്ചു. ഇതെല്ലാം സൂചിപ്പിക്കുന്നത് തീരദേശത്തുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഗവൺമെന്റ് കൊടുക്കേണ്ട വലിയ പ്രാധാന്യത്തെക്കുറിച്ചാണ്. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും അന്യസംസ്ഥാന ബോട്ടുകൾവഴി കേരളതീരത്ത് മത്സ്യബന്ധനം നടത്തുന്നവരും തമ്മിൽ ഈ അടുത്ത കാലത്തുണ്ടായ നിരന്തരമായ സംഘർഷാവസ്ഥ. 2012-ൽ കേരളത്തിന്റെ സമുദ്ര മത്സ്യോല്പാദനം 8.3 ലക്ഷം ടണ്ണായിരുന്നു. 2015-ഓടു കൂടി അത് 4.84 ലക്ഷം ടണ്ണായി കുറഞ്ഞിരിക്കുകയാണ്. ഇതൊരു ആഗോള പ്രതിഭാസമാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുന്ന തരത്തിലേക്ക് ഇത് വളർന്നുകൊണ്ടിരിക്കുകയാണ്. ഇതിനെ ശാസ്ത്രീയമായി നേരിടാൻ സാധിക്കണം. മത്സ്യവരൾച്ചയെന്ന (Fish famine) പ്രതിഭാസം കേരളത്തിലെമ്പാടും രൂപീകൃതമായിട്ടുണ്ട്. ലോകത്ത് മത്സ്യവരൾച്ചയെന്ന പ്രതിഭാസം വ്യാപകമായപ്പോൾ അതാത് ഗവൺമെന്റുകൾ കാലോചിതമായി അതിൽ ഇടപെട്ടിട്ടുണ്ട്. അമേരിക്കയിലെ അലാസ്ക പോലുള്ള സ്ഥലങ്ങളിൽ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ അവിടെ നഷ്ടപ്പെട്ട സാൽമൺ എന്നുപറയുന്ന പ്രത്യേകതരം മത്സ്യത്തെ സംരക്ഷിക്കാൻവേണ്ടി 840 ദശലക്ഷം ഡോളറാണ് (5850 കോടി ഇന്ത്യൻ രൂപ) ആശ്വാസ നടപടിയായി പ്രഖ്യാപിച്ചത്. ഇവിടെ സി.എം.എഫ്.ആർ.ഐ. പോലുള്ള സ്ഥാപനങ്ങൾ ഇതിൽ ഗവേഷണവും പഠനവും നടത്തുന്നുണ്ട്. അവരുടെ കണക്കനുസരിച്ച് ഏകദേശം 10,000 കോടി രൂപയുടെ നഷ്ടമാണ് ഈ മേഖലയിൽ കഴിഞ്ഞ മൂന്ന് വർഷമായി ഉണ്ടായിട്ടുള്ളത്. 165 തൊഴിൽദിനങ്ങൾ

പ്രതിവർഷം ഉണ്ടായിരുന്ന മത്സ്യത്തൊഴിലാളികൾക്ക് ഏകദേശം 80 ദിവസമായി ചുരുങ്ങിയിരിക്കുകയാണ്. ഈ വർഷം ഒക്ടോബർ മാസത്തിൽ മാത്രമാണ് കൃത്യമായി മത്സ്യബന്ധനം നടത്താൻ ഈ മേഖലയിലുള്ളവർക്ക് സാധിച്ചത്. 2008-09-ലെ കണക്കുപ്രകാരം പതിനൊന്നര ലക്ഷം മത്സ്യത്തൊഴിലാളികളാണ് സംസ്ഥാനത്തുള്ളത്. കഴിഞ്ഞ വർഷം മത്തി എന്നറിയപ്പെടുന്ന ചാള വിഭാഗത്തിൽപ്പെടുന്ന മത്സ്യത്തിന്റെ ഗണ്യമായ കുറവുമൂലം 150 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായതായാണ് സി.എം.എഫ്.ആർ.ഐ.-യുടെ പഠനത്തിൽ സൂചിപ്പിക്കുന്നത്. ഇതുമൂലം 28.2 ശതമാനം തൊഴിൽ കുറഞ്ഞതായും വിലയിൽ 60 ശതമാനം വർദ്ധനവുണ്ടായതായും സി.എം.എഫ്.ആർ.ഐ.-യുടെ സയന്റിസ്റ്റുകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. 2012-ൽ 3.99 ലക്ഷം ടൺ മത്സ്യം പിടിച്ച സ്ഥാനത്ത് 2015-ൽ നമുക്ക് കേവലം 68,500 ടണ്ണായി കുറയുന്ന സാഹചര്യമുണ്ടായി. 65 ശതമാനം മത്സ്യത്തൊഴിലാളികൾക്കും മത്സ്യവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന അനുബന്ധത്തൊഴിലാളികൾക്കും ഇതൊരു പ്രധാന പ്രതിസന്ധിയാണ്. ഇത് മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കേരളത്തിന്റെ തൊഴിൽ, ആരോഗ്യം, ഭക്ഷ്യം, സാമ്പത്തികം എന്നീ സുരക്ഷാമേഖലകളിൽ നിർണ്ണായകമായ സ്ഥാനമാണ് ചാള മത്സ്യത്തിനുള്ളത്. കടലിൽ ചൂട് വർദ്ധിക്കുന്നത്, ഉപ്പിന്റെ അംശം, അനിയന്ത്രിതമായ മത്സ്യബന്ധനം, പ്രജനന സമയത്തിലുള്ള മാറ്റം ഇതെല്ലാം വലിയ രീതിയിൽ ഇതിനെ ബാധിക്കുന്നുണ്ട്. അതിനേക്കാളുപരി കടൽ കേന്ദ്രീകൃതമായി ചെറുമത്സ്യങ്ങളെ പിടിച്ചുകൊണ്ടു പോകുന്ന വലിയ ലോബി സംസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ചെറുമത്സ്യങ്ങളെ മറ്റ് സംസ്ഥാനങ്ങളിലും ഹാർബറുകളിലും കൊണ്ടുപോയി കോഴിത്തീറ്റയായും ചെമ്മീനുകൾക്കുള്ള തീറ്റയായും കൊടുക്കുന്ന സാഹചര്യമുണ്ട്. കടലിൽ നിന്ന് പിടിക്കുന്ന മത്സ്യം, 15 മണിക്കൂർ ബോട്ടിൽ സഞ്ചരിച്ച് ഉുത്തുക്കുടി ഹാർബറിൽ എത്തിക്കുകയും 40 മണിക്കൂറിനുശേഷം മംഗലാപുരത്തേയും ഉുത്തുക്കുടിയിലെയും വിപണിയിൽനിന്നും അമോണിയ കലർന്ന മത്സ്യമായി തിരിച്ചുവരികയും അത് ഉയർന്നവിലയ്ക്ക് വാങ്ങി കഴിക്കേണ്ട സ്ഥിതിയുമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ഇത് ഗൗരവത്തോടുകൂടി കാണേണ്ട വിഷയമാണ്. മത്സ്യമേഖലയിലുള്ള ഗൗരവതരമായ വിഷയങ്ങളെ സംബന്ധിച്ച് രാഷ്ട്രീയ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളി യൂണിയനുകൾ സംയുക്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഫിഷറീസ് വകുപ്പുമന്ത്രിക്കും നിവേദനം കൊടുത്തിട്ടുണ്ട്. ശാസ്ത്രീയമായ പിന്തുണയുടെ അടിസ്ഥാനത്തിൽ ഇത് തടഞ്ഞു

നിർത്താനുള്ള കാര്യങ്ങൾ ചെയ്യണമെന്നാണ് അവർ അഭ്യർത്ഥിക്കുന്നത്. എന്തുകൊണ്ടാണ് നമ്മുടെ മത്സ്യ സമ്പത്ത് കുറയുന്നത്; ജുവനൈൽ ഫിഷിംഗ് വലിയ കാര്യം തന്നെയാണ്. അതുപോലെ എല്ലാ കാലഘട്ടത്തിലും നമ്മുടെ പല യാനങ്ങൾക്കും ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങൾ, അത് ട്രോളിംഗ് ആണെങ്കിലും മറ്റ് വിഷയങ്ങൾ ആണെങ്കിലും, അതിനെ അതിജീവിച്ച് കടലിലേക്ക് പോകുന്ന സ്ഥിതിവിശേഷമുണ്ട്. അത് ഗവൺമെന്റ് ഇടപെട്ട് തടയേണ്ടതുണ്ട്. ഇവിടെ മത്സ്യത്തൊഴിലാളികൾ സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ ചില കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ശാസ്ത്രീയമായ പിൻബലത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. മത്സ്യവറുതി പാക്കേജ് പ്രഖ്യാപിക്കണമെന്നുള്ളതാണ് സംഘടനകൾ മുന്നോട്ടുവയ്ക്കുന്ന പ്രധാനപ്പെട്ട കാര്യം. ഇത് തടഞ്ഞുനിർത്താൻ ഒരുപാട് നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ട്. അതിൽ പ്രധാനമായും പരമ്പരാഗത മത്സ്യബന്ധനം നടത്തുന്ന കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട കെ. ദാസൻ മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ മുഴുവൻ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ. ലിസ്റ്റിൽപ്പെടുത്തി സൗജന്യ റേഷൻ അനുവദിക്കേണ്ടത് ആവശ്യമാണ്. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ പരിമിതമായതിനാൽ ഗവൺമെന്റ് നേരിട്ട് ഇടപെട്ട് കടബാധ്യതർക്ക് മൊറട്ടോറിയം പ്രഖ്യാപിക്കേണ്ടതുണ്ട്. മത്സ്യപരിപാലന കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് കാര്യക്ഷമമായി ഇതിൽ ഇടപെടേണ്ടതുണ്ട്. സി.എം.എഫ്.ആർ.ഐ. പ്രിസ്ക്രൈബ് ചെയ്യുന്ന 54 ഇനം മത്സ്യങ്ങളിൽ 14 എണ്ണത്തിന് മിനിമം ലീഗൽ സൈസിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ള ഇനങ്ങൾക്കുകൂടി മിനിമം ലീഗൽ സൈസ് പ്രിസ്ക്രൈബ് ചെയ്തുകൊണ്ടുള്ള ഉത്തരവ് ഉടനടി ഗവൺമെന്റ് പുറപ്പെടുവിക്കണം. ഈ മേഖലയിൽ ഒരു നിശ്ചിത വലിപ്പമുള്ള മത്സ്യങ്ങളെ മാത്രമേ പിടിക്കാൻ സാധിക്കുകയുള്ളൂ എന്ന നിയമപരമായ സാഹചര്യം കേരളത്തിലുണ്ടാകണം. പെയർ പെലാജിക് ട്രോളിംഗ് നടക്കുന്ന സന്ദർഭത്തിൽ, ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, നമ്മുടെ മത്സ്യത്തൊഴിലാളികൾ കുറേയധികം നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടെങ്കിലും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ലോബികൾ വലകൾ ഉപയോഗിച്ച് മത്സ്യസമ്പത്തിനെ മുഴുവൻ നശിപ്പിക്കുന്ന ഒരു സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഒരു കമ്മിറ്റി പ്രഖ്യാപിച്ചു. അതിൽ സി.എം.എഫ്.ആർ.ഐ.-യിലെ ശാസ്ത്രജ്ഞന്മാർ അടക്കമുള്ള ആളുകളുണ്ട്. അതിനെ സംബന്ധിച്ചുള്ള പഠനങ്ങൾ നടന്നുവരികയാണ്. അതിനെ സ്വാഗതം

ചെയ്യുന്നു. അത് നടക്കുന്നതിനോടൊപ്പംതന്നെ ഞാൻ നേരത്തെ സൂചിപ്പിച്ച മത്സ്യ വറുതി പാക്കേജ് അടിയന്തരമായി പ്രഖ്യാപിക്കേണ്ടതുണ്ട്. എത്രയും വേഗത്തിൽ പഴുതുകളടച്ചുള്ള കർശനമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. തീരദേശ മേഖലയിൽ ഒരു കോഡ് ഓഫ് കോണ്ടക്ട് ആവശ്യമുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾ തീരദേശമത്സ്യബന്ധനം നടത്തുമ്പോൾ ബോട്ടുകളുടെ രജിസ്ട്രേഷൻ, ലൈസൻസ് സംബന്ധമായ രേഖകൾ എന്നിവ വിട്ടുവീഴ്ചകൂടാതെ കർശനമായി പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണം കർശനമായി നിയന്ത്രിക്കാനുള്ള നിയമം നടപ്പാക്കേണ്ടതുണ്ട്.

മി. സ്പീക്കർ : അങ്ങ് ശ്രദ്ധേയമായ കാര്യങ്ങൾ തന്നെയാണ് പറയുന്നത്. എങ്കിലും സമയം10 മിനിറ്റ് കഴിഞ്ഞു.

ശ്രീ. ഹൈബി ഈഡൻ : സർ, ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഈ വിഷയം എത്രത്തോളം ഗൗരവമാണെന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർക്കുകൂടി ബോദ്ധ്യമുള്ളതാണ്. മത്സ്യമേഖലയിൽ വരാൻ പോകുന്ന കറുത്ത ദിനങ്ങളുടെ തുടക്കമായി കണ്ടുകൊണ്ട് നിയമപരമായും ശാസ്ത്രീയമായും ഇതിനെ നേരിടാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട ഹൈബി ഈഡൻ ഇവിടെ സൂചിപ്പിച്ചതുപോലെ, കുറേ കാര്യങ്ങൾ നമ്മൾ വളരെ ഗൗരവതരമായി കാണേണ്ടതാണ്. അത് ആ അർത്ഥത്തിൽ തന്നെയാണ് ഗവൺമെന്റ് കാണുന്നതും. കാലാവസ്ഥാ വ്യതിയാനം മത്സ്യസമ്പത്തിന്റെ കാര്യത്തിൽ വളരെ വലിയ ഭീഷണിയാണ് ഉയർത്തുന്നത്. പെസഫിക് സമുദ്രത്തിലുണ്ടാകുന്ന പ്രശ്നങ്ങൾപോലും സംസ്ഥാനത്തെ കടലിനെ ബാധിക്കുമെന്നതാണ് പ്രധാന വിഷയം. ഇതുകൊണ്ടാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഇത്തരം പ്രശ്നങ്ങളെ ഗൗരവമായി കണ്ടുകൊണ്ട് കമ്മിറ്റി രൂപീകരിക്കുകയും അടിയന്തരമായി ഇടപെടാൻ തീരുമാനിക്കുകയും ചെയ്തത്. 14 ഇനം ചെറുമീനുകളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ട്. CMFRI (Central Marine Fisheries Research Institute) 58 ഇനം ചെറുമീനുകളെക്കൂടി ഈയിനത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. സഭ

കഴിഞ്ഞാലുടൻതന്നെ ആ മത്സ്യ ഇനങ്ങളെ നിരോധിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവിലേക്ക് വരും. ഓർഡിനൻസ് ഇറക്കി കാര്യങ്ങൾ മുന്നോട്ട് കൊണ്ടു പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മത്സ്യസമ്പത്തിന്റെ സുരക്ഷയെന്നത് വളരെ പ്രധാന ഇഷ്യുവായിത്തന്നെയാണ് കാണുന്നത്. ബോട്ടുകൾക്ക് രജിസ്ട്രേഷൻ, യാർഡുകൾക്ക് ലൈസൻസ് തുടങ്ങിയ യാതൊന്നിനും നിർഭാഗ്യവശാൽ ഇന്ന് നിയന്ത്രണമില്ല. ബോട്ട് യാർഡുകൾക്കും കൃത്യമായ ലൈസൻസും രജിസ്ട്രേഷനും വേണമെന്നുള്ള ഭേദഗതി ആക്ടിൽ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. ഈ വിഷയങ്ങൾ വളരെ ഗൗരവതരമായി തന്നെയാണ് ഗവൺമെന്റ് കാണുന്നത്. പുറംകടലിൽ ഇതിന്റെ പേരിൽ സംഘർഷാവസ്ഥ ഉണ്ടെന്ന പറയുന്നത് ശരിയല്ല. ട്രേഡ് യൂണിയനുകളുമായി നിരന്തരമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് പ്രാവശ്യം ട്രേഡ് യൂണിയനുകളുടെ യോഗം ചേർന്നു. ചെറുമീനുകളെ പിടിക്കുന്നത് ഗൗരവതരമായ പ്രശ്നമായതുകൊണ്ട് മറൈൻ എൻഫോഴ്സ്മെന്റാണ് ഇപ്പോൾ ആ ജോലി ചെയ്യുന്നത്. ലോറിയിൽ കടത്തിക്കൊണ്ടു പോയാൽ ലോറി പിടിച്ചെടുക്കാൻ നമുക്ക് കഴിയണം. നിയമവിരുദ്ധമായ പ്രവൃത്തി ചെയ്യുമ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിന് അത് പിടിച്ചെടുക്കാൻ കഴിയണം. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ഒരു ചർച്ച നടത്താൻ ഉദ്ദേശിക്കുകയാണ്. തീർച്ചയായും ഈ പ്രശ്നങ്ങൾ ഗൗരവമായി ഗവൺമെന്റ് കാണുന്നുവെന്നുള്ളതുകൊണ്ടാണ് 17-ാം തീയതി ചർച്ച വച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, കുട്ടനാട് പാക്കേജ് പ്രഖ്യാപിക്കുന്നുണ്ട്. വയനാട്, ഇടുക്കി ജില്ലകൾക്കുവേണ്ടി പ്രത്യേകം പാക്കേജും പ്രഖ്യാപിക്കാറുണ്ട്. തീരദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് അവരുടെ ജീവിതം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇതൊരു പ്രത്യേക സാഹചര്യമായി കണക്കിലെടുത്ത് മത്സ്യവറുതി പാക്കേജ് പ്രഖ്യാപിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അതിനുള്ള ശ്രമം ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : സർ, ജൂൺ-ജൂലൈ മാസങ്ങളിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലുള്ള പ്രശ്നമുണ്ടായിരുന്നു. ഒക്ടോബർ-നവംബർ മാസങ്ങളിൽ മത്സ്യസമ്പത്ത് അൽപ്പം മെച്ചമാണ്, ക്യാച്ച് ഇപ്പോൾ കൂടുതലാണ്, നന്നായി മത്സ്യം ലഭിക്കുന്നുണ്ട്. എന്നുമാത്രമല്ല, ഭക്ഷ്യസുരക്ഷയുടെ

ഭാഗമായി ഇപ്പോൾ മത്സ്യത്തൊഴിലാളികൾ രണ്ടു രൂപയുടെ അരിയിലും കുറേപ്പേർ സൗജന്യ അരിയിലും ഉൾപ്പെടും. 42 ലക്ഷത്തോളം പേരെ അധികമായി ഉൾപ്പെടുത്താൻ തീരുമാനിച്ചതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളെല്ലാം ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ വരുന്നതാണ്. ഒക്ടോബർ, നവംബർ മാസങ്ങൾ ആശ്വാസകരമാണ്, ക്യാച്ച് കുറച്ചുകൂടി വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്ക് സൂചിപ്പിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ ഒരു വറുതി പാക്കേജ് പ്രഖ്യാപിക്കേണ്ടതില്ല എന്നാണ് തോന്നുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, വളരെ ഗൗരവതരമായ ഒരു വിഷയമാണ് ശ്രീ. ഹൈബി ഈഡൻ ഇവിടെ ഉന്നയിച്ചത്. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ വലിയ തോതിൽ ഭീഷണി നേരിടുകയാണ്. തീരം മാത്രമല്ല മത്സ്യത്തൊഴിലാളികൾക്ക് കടലും നഷ്ടപ്പെടുമെന്നുള്ള സ്ഥിതിയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. നമ്മുടെ കടലുകൾ ചാവുകടലുകളായി മാറുകയാണ്. വൻകിട ട്രോളറുകളും ആധുനിക ഉപകരണങ്ങളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുമ്പോൾ അത് പാവപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഭാവിയേയും ജീവിതത്തെയുമാണ് ബാധിക്കുന്നത്. Fish famine എന്നുള്ളത് കേരളത്തിൽ മാത്രമല്ല വിവിധ രാജ്യങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന ഒരു പുതിയ പ്രതിഭാസമാണ്. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം, കടലിൽ രൂപപ്പെടുന്ന പ്രത്യേക സാഹചര്യങ്ങൾ ഇതെല്ലാം കണക്കിലെടുക്കുമ്പോൾ മത്സ്യസമ്പത്ത് കുറയുന്നു എന്നുള്ളത് അതീവ ഗുരുതരമായ ഒരു പ്രശ്നമാണ്. ലോക രാജ്യങ്ങളിൽ ഈ പ്രതിഭാസമുണ്ടായപ്പോൾ അവിടെയെല്ലാം അവരെ സംരക്ഷിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ടു വരാറുണ്ട്. ബഹുമാന്യനായ മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ അമേരിക്കയിൽ ഈ സംഭവമുണ്ടായപ്പോൾ അവിടത്തെ ഗവൺമെന്റ് അവർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ഇന്ന് തീരദേശത്ത് സംഘർഷങ്ങളില്ലായെന്ന് ബഹുമാന്യയായ മന്ത്രി ഇവിടെ പറഞ്ഞു. അടുത്ത കാലത്ത് കൊല്ലത്തുണ്ടായ സംഘർഷം അതിനുദാഹരണമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളും മറ്റ് സ്ഥലങ്ങളിൽനിന്ന് മത്സ്യം പിടിച്ചുകൊണ്ടുവരുന്നവരും തമ്മിലുള്ള സംഘർഷം രൂക്ഷമാണ്. പക്ഷേ അതിനൊന്നും രാഷ്ട്രീയമായ നിറം ആരും കലർത്താറില്ല. സമാധാന ശ്രമങ്ങളിലൂടെ ഇത്തരം പ്രശ്നങ്ങൾ തീർക്കുകയാണ് ചെയ്യാറുള്ളത്. കടലിൽ ഇത്തരം സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നു. തൊഴിലാളികളാണ് ഇതിന്റെ ഏറ്റവും വലിയ ഇര. പുലി വരുന്നേ, പുലി വരുന്നേ എന്ന് പറഞ്ഞുകേട്ടിട്ടേയുള്ളൂ. ഇപ്പോൾ യഥാർത്ഥ പുലി വന്നിരിക്കുകയാണ്.

മത്സ്യസമ്പത്ത് കുറയുന്നതിന്റെ ഫലമായി പ്രതിസന്ധി രൂപപ്പെടുകയാണ്. മത്തിയാണ് കേരളത്തിലെ ഏറ്റവും നല്ല മീനായി കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ ഒമാനിൽ നിന്നുള്ള രുചിയില്ലാത്ത മത്തിയാണ് ഇപ്പോൾ വരുന്നത്. കേരളതീരത്ത് ചൂട് വർദ്ധിക്കുന്നതിന്റെ ഫലമായി മത്തി മദ്രാസ് മേഖലയിലേക്ക് പോകുന്നു എന്ന വാർത്ത അടുത്ത സമയത്ത് വായിച്ചത് ഞാനോർക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷമായി ചാളയുടെ എണ്ണം വലിയ തോതിൽ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. സാധാരണക്കാരുടെ മത്സ്യമാണിത്. ഗുഡ് കൊളസ്ട്രോളുള്ള ഒരു മത്സ്യമായിട്ടാണ് ഇതറിയപ്പെടുന്നത്. തീരദേശത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രതിസന്ധികളെ മറികടക്കാനാവശ്യമായ നടപടികളുണ്ടാകണം. ഈ മത്സ്യം കിട്ടാനില്ലാത്തതുകൊണ്ട് 146 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിരിക്കുന്നതെന്നാണ് 2014-15 വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. കടലിലെ മലിനീകരണം, അനിയന്ത്രിതമായ മത്സ്യബന്ധനം, കാലാവസ്ഥയിലുണ്ടായ മാറ്റം ഇതെല്ലാമാണ് ഈ പ്രതിസന്ധിക്ക് പ്രധാന കാരണം. പെലാജിക് വല ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനം വളരെയേറെ പ്രതിസന്ധി സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഹൈബി ഈഡൻ ചൂണ്ടിക്കാണിച്ചതു പോലെ ഈ മേഖലയിലാകമാനം വലിയ പ്രതിസന്ധി നേരിടുകയാണ്. ബഹുമാന്യയായ മന്ത്രി സൂചിപ്പിച്ചതു പോലെയല്ല കാര്യങ്ങൾ നീങ്ങുന്നത്. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. കടാശ്വാസ കമ്മീഷന്റെ ഡിക്രി വന്നതിനുശേഷവും അതിനുവേണ്ട പണം കൊടുക്കാത്തതു കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, മത്സ്യത്തൊഴിലാളികളുടെ യന്ത്രോപകരണങ്ങൾ, CRZ തുടങ്ങിയവമൂലം അവർ ഏറെ പ്രതിസന്ധി നേരിടുകയാണ്. നമ്പർ ലഭിക്കാത്തതുമൂലം അവർക്ക് വീടുകൾ വയ്ക്കാനോ വ്യാപാര-വ്യവസായങ്ങൾ നടത്താനോ കഴിയുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡിൽ നിന്നോ മത്സ്യത്തൊഴിലാളി ക്ഷേമനിധി കോർപ്പറേഷൻ ഉൾപ്പെടെയുള്ളവയിൽനിന്നോ ആനുകൂല്യങ്ങൾ കിട്ടാത്ത അവസ്ഥയുണ്ട്. ഈ മേഖലയിലാകമാനം ഒരു അസ്വസ്ഥത നിലനിൽക്കുന്നുണ്ട്. ബഹുമാന്യയായ മന്ത്രി ഇതിനൊരു കമ്മിറ്റി രൂപീകരിക്കുമെന്നു പറഞ്ഞത് സ്വാഗതാർഹമാണ്. ഈ പ്രശ്നം കുറേക്കൂടി ഗൗരവത്തിൽ എടുത്തുകൊണ്ട് ഇത് പരിഹരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് സർക്കാരിനോട് എനിക്കാവശ്യപ്പെടാനുള്ളത്.

## IV ശ്രദ്ധക്ഷണിക്കൽ

### (1) മദ്യവർജ്ജന നയം

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിലെ ജനങ്ങളെ സാരമായി ബാധിക്കുന്ന ഒരു വിഷയമാണിത്. ഭരണമാറ്റങ്ങൾക്ക് നേതൃത്വം കൊടുത്തതും ഇതുപോലുള്ള വിഷയങ്ങളാണ്. മദ്യത്തിന്റേയും മയക്കമരുന്നിന്റേയും സ്വാധീനത്തിൽ നിന്ന് കേരളത്തെ മോചിപ്പിക്കാൻ പ്രതിജ്ഞാബദ്ധമാണ് ഈ ഗവൺമെന്റ്. അതിന് പ്രകടന പത്രികയിൽതന്നെ നാം ജനങ്ങൾക്ക് വാഗ്ദാനം നൽകിയിട്ടുണ്ട്. ഇതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ അതിവിപുലമായ ജനകീയ ബോധവത്കരണ പ്രസ്ഥാനത്തിന് രൂപം നൽകണം. മദ്യംപോലെ കഞ്ചാവും സാമൂഹ്യ ഭീഷണിയായി വ്യാപകമാവുകയാണ്. ഇതിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

"മദ്യനയത്തിനെതിരെ ബോധവൽക്കരണത്തിനായി ആവിഷ്കരിച്ച സുബോധം പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. അതിനാൽ മദ്യ ഉപയോഗത്തിൽ നിന്നും വിട്ടുനിൽക്കാനും മയക്കമരുന്നുവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനും ഒരു ബോധവൽക്കരണ മിഷൻ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. അതിലൂടെ കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്ന് വിദ്യാർത്ഥി യുവജന സംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവരുടെ കൂട്ടായ്മ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്" എന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി കഴിഞ്ഞ ദിവസം സഭയിൽ പറയുകയുണ്ടായി. ഇക്കാര്യത്തിൽ കുറേക്കൂടി വിപുലമായ ഒരു സമിതി ശക്തമായി സമൂഹത്തിൽ ഇടപെടേണ്ടതുണ്ട്. മദ്യം മാത്രമല്ല മയക്കമരുന്ന് പുതിയ രൂപത്തിലാണ് ഇപ്പോൾ കമ്പോളത്തിൽ ഇറങ്ങുന്നത്. ചോക്ലേറ്റ്, ച്യൂയിംഗം, കുമിൾ, സ്പ്രേ എന്നിങ്ങനെ വിദ്യാർത്ഥികളെ ആകർഷിക്കുന്ന രീതിയിലാണ് ഒട്ടുമിക്ക വിദ്യാലയങ്ങളുടെയും കോളേജുകളുടെയും പരിസരങ്ങളിൽ മയക്കമരുന്നുകൾ പ്രത്യക്ഷപ്പെടുന്നത്. ഇതിന്റെ പിന്നിൽ വലിയൊരു റാക്കറ്റുണ്ട്. കോടിക്കണക്കിനു രൂപയുടെ കച്ചവടമാണ് നടക്കുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്ന് കഞ്ചാവ് വ്യാപകമായി കേരളത്തിലെത്തുന്നുണ്ട്.

10.00 AM]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, ശ്രീ. ചിറ്റയം ഗോപകുമാർ)

എന്റെ നിയോജക മണ്ഡലത്തിൽ ഒരു വീട്ടിലെ വിദ്യാർത്ഥികൾ വെള്ളമൊഴിച്ച് കഞ്ചാവുചെടികൾ വളർത്തി. കുട്ടികളുടെ അമ്മ ഈ ചെടിയെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഇത് ഒന്നാന്തരം ചെടിയാണെന്നും ഇതിൽ നല്ല പൂക്കൾ വിടരുമെന്നും വീട്ടിനകത്ത് നല്ല സൗരഭ്യം ഉണ്ടാകുമെന്നും കുട്ടികൾ മറുപടി പറഞ്ഞു. സംശയം തോന്നിയ അയൽവാസികൾ ഈ വിവരം പോലീസിനെ അറിയിച്ചു. തുടർന്ന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയപ്പോഴാണ് ഇത് കഞ്ചാവ് ചെടിയാണെന്നറിയുന്നത്. അത് തഴച്ചുവളർന്ന് വീടിന്റെ സ്റ്റെയർകെയ്സോളം എത്തിയിരുന്നു. ഇത്രയും ലാഘവത്തോടുകൂടിയാണ് ആളുകൾ ഇതിനെ കാണുന്നത്. കേരളത്തിന്റെ ഏറ്റവും വലിയ ശാപമാണ് മയക്കുമരുന്ന്. മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറയ്ക്കണമെന്നു പറയുന്നത് ശരിയാണ്. അതിന് നമ്മൾ നിർദ്ദേശിക്കുന്നത് 18 വയസ്സിൽനിന്ന് 23 വയസ്സാക്കാം; 17 ലിറ്ററിൽനിന്ന് 5 ലിറ്ററാക്കാം എന്നൊക്കെയാണ്. ഇങ്ങനെയുള്ള ചെറിയ നടപടികൾ കൊണ്ടൊന്നും ഘട്ടംഘട്ടമായി മദ്യഉപഭോഗം കുറയ്ക്കാൻ സാദ്ധ്യമല്ല. കർക്കശമായ നടപടികളും റെയ്ഡുകളും നടത്തുകയാണ് വേണ്ടത്. ഇപ്പോൾ വ്യാജമദ്യ ഉല്പാദനം പലയിടത്തും തുടങ്ങിയിട്ടുണ്ട്. ബഡ്ജറ്റിൽ മദ്യവർജ്ജന ക്യാമ്പയിനിംഗിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ബിവറേജസ് കോർപ്പറേഷന് പ്രതിവർഷം 4000 കോടിയിൽപ്പരം രൂപ വരുമാനമുണ്ട്. ഇതിൽ സർക്കാരിന്റെ നിക്ഷേപമില്ല. ഇത് മദ്യപാനികളുടെ പണമാണ്. ഈ കാശിന്റെ ഒരു ഭാഗം മദ്യവർജ്ജനത്തിനുവേണ്ടി വിനിയോഗിക്കേണ്ടതുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന കുറ്റവാളികളെയും പിടികിട്ടാപ്പുള്ളികളെയും പുറത്തുകൊണ്ടുവരാൻ എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ ഇപ്പോൾ എക്സൈസ് വകുപ്പിൽ പ്രവർത്തിക്കുന്നില്ല. ഞാൻ അവരുമായി ബന്ധപ്പെട്ടപ്പോൾ ലഭ്യമായ കണക്കനുസരിച്ച് 2015-ൽ കഞ്ചാവ് ബീഡി സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽമാത്രം 365 കേസുകളും ഒരു കിലോഗ്രാമിൽ കൂടുതൽ കഞ്ചാവ് കച്ചവടം ചെയ്ത 37 പേർക്കെതിരെ കേസ്സെടുത്തിട്ടുമുണ്ട്. ഈ കേസ്സുകൾ നീണ്ടുപോകുകയാണ്. 2016 വരെ 285 കഞ്ചാവ് ബീഡി കേസുകളെടുത്തിട്ടുണ്ട്. ഇതുകൂടാതെ കെമിക്കൽസ് അടങ്ങുന്ന മറ്റ് മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടും കേസുകളെടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള കേസുകളും കണക്കുകളുമെല്ലാം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് നിയന്ത്രിക്കുന്നതിന് എക്സൈസ് ഡിപ്പാർട്ട്മെന്റിന് ധാരാളം പരിമിതികളുണ്ട്.

ആധുനികമായ ഈ വിപത്ത് നേരിടാൻ എക്സൈസ് ഡിപ്പാർട്ട്മെന്റ് സജ്ജമല്ല. എക്സൈസ് ഡിപ്പാർട്ടുമെന്റിനെ ശക്തമാക്കണം, അതോടൊപ്പംതന്നെ ജനകീയ പ്രസ്ഥാനമുണ്ടാകണം. ആത്മാർത്ഥമായാണ് മദ്യവർജ്ജനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ, ഗവൺമെന്റ് ഇത് ഗൗരവമായിട്ടാണ് എടുക്കുന്നതെന്ന് ജനങ്ങൾക്ക് തോന്നണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി സിനിമാതാരങ്ങൾ, വിദ്യാർത്ഥികൾ, എഴുത്തുകാർ, ഗാന്ധിസ്മാരക പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികളുടെയും യുവജനങ്ങളുടെയും പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കണം. രണ്ടു വിഷയങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. ഒന്ന്, ഇതിന്റെ ഫലമായി കേരളത്തിലെ യുവതലമുറയുടെ ആരോഗ്യം തകരുകയാണ്. എന്തെല്ലാം സൗജന്യമായി കൊടുത്താലും നാട്ടിൻപുറത്തെ ഒരു വിഭാഗം കുടുംബങ്ങളുടെ ജീവിതം താറുമാറാകുകയാണ്. കുടുംബകലഹങ്ങൾ, ആത്മഹത്യ, കൊലപാതകം, പിടിച്ചുപറി ഇവയുടെയെല്ലാം അടിസ്ഥാനകാരണം അനിയന്ത്രിതമായ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് മദ്യവർജ്ജനം ഒരു മുദ്രാവാക്യമായി ഏറ്റെടുത്തുകൊണ്ട് വീടും ഭൂമിയും മറ്റാനുകൂല്യങ്ങളും കൊടുക്കുന്നതോടൊപ്പംതന്നെ ആ ആനുകൂല്യങ്ങളെല്ലാം സംരക്ഷിക്കാനുള്ള ഒരു സമൂഹംകൂടി നമുക്കുണ്ടാകണമെന്നതാണ് ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ നിരന്തരമായ പരിശോധനയുണ്ടാകണം. ഈ വിഷയങ്ങളാണ് ഞാൻ സഭയിൽ ശ്രദ്ധക്ഷണിക്കലായി കൊണ്ടുവരുന്നത്. ഗവൺമെന്റ് ഇതിനൊരു പ്രതിവിധി കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, ഈ ശ്രദ്ധ ക്ഷണിക്കൽ നോട്ടീസിൽ പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത് ലഹരിവർജ്ജനത്തെ സംബന്ധിച്ചാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ ലഹരി വർജ്ജനത്തിൽ സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അതിനനുസൃതമായ സമീപനം തന്നെയാണ് ഗവൺമെന്റ് ഈ പ്രശ്നത്തിൽ സ്വീകരിക്കുന്നത്. എല്ലാതലങ്ങളിലുമുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളെ തടയാൻ എക്സൈസ് വകുപ്പ് സജ്ജമാണ്. ആവശ്യമായ സന്ദർഭങ്ങളിലെല്ലാം പോലീസിന്റെയും മറ്റു വകുപ്പുകളുടെയും സഹകരണം തേടി മദ്യവർജ്ജനത്തെ ലക്ഷ്യം വച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങളെ തടയുന്നതിനുള്ള കർശനമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നുകളുടെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപഭോഗം ഇല്ലാതാക്കാൻ

ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന് വിമുക്തി പദ്ധതി സർക്കാർ രൂപം നൽകിയിട്ടുണ്ട്. മദ്യം, മയക്കമരുന്ന്, പുകയില എന്നിവയുടെ ഉപയോഗത്തിനെതിരെ അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും നിയമവിരുദ്ധ ലഹരിവസ്തുക്കളുടെ ദുരുപയോഗം ഇല്ലായ്മ ചെയ്യുന്നതിനുമാണ് ഈ മിഷൻ രൂപീകരിച്ചിട്ടുള്ളത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ഹൈസ്കൂൾ/കോളേജ് തല ലഹരി വിരുദ്ധ ക്ലബ്ബുകൾ, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി/യുവജന/മഹിളാ സംഘടനകൾ തുടങ്ങിയ വിവിധ പ്രസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടെയാണ് 'വിമുക്തി' പദ്ധതിയിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന ഗവേണിംഗ് ബോഡിയും എക്സൈസ് വകുപ്പുമന്ത്രി ചെയർമാനായി എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനതല കമ്മിറ്റി, വാർഡുതല കമ്മിറ്റി എന്നിവയുംകൂടി രൂപീകരിച്ചാണ് മേൽപദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ സംഘടനാ പ്രവർത്തനത്തിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. കെ.എസ്.ബി.സി. വില്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയ അഞ്ചു ശതമാനം പുനരധിവാസ സെസ്സ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്നുമാണ് പദ്ധതിയുടെ നടത്തിപ്പിനുള്ള ചെലവ് കണ്ടെത്തുന്നത്. നിലവിൽ എക്സൈസ് വകുപ്പിനുകീഴിൽ 1735 സ്കൂളുകളിലും 258 കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്കിടയിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തി വരുന്നുണ്ട്. ശേഷിക്കുന്ന സ്കൂളുകളിലും കോളേജുകളിലും മറ്റ് സാധ്യമായ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്താനാണ് ഗവൺമെന്റ് ശ്രമിച്ചു വരുന്നത്. ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പേരുവിവരങ്ങൾ വെളിപ്പെടുത്താതെ പരാതി നൽകുന്നതിനും അധികൃതരെ അറിയിക്കുന്നതിനുമായി ആയിരത്തിലധികം സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ലഹരിക്കെതിരെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ നടപ്പിലാക്കിവരുന്നുണ്ട്. ഇത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്.

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ ഉന്നയിച്ചത്, ഈ രംഗത്ത് habitual criminals ഉണ്ടെന്നാണ്. അവരുടെ സമ്പൂർണ്ണ വിവരങ്ങൾ അടങ്ങുന്നതാണ് എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ. അതിപ്പോൾ പ്രവർത്തനക്ഷമമല്ല. ഇത് പുനഃസംഘടിപ്പിച്ച് പ്രവർത്തിപ്പിക്കണം. അതുവഴി മാത്രമേ ആരാണ് കുറ്റവാളികളെന്ന് പൊതുജനങ്ങൾക്ക് ബോധ്യമുണ്ടാകുകയുള്ളൂ.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ഇതൊരു പ്രത്യേക പ്രശ്നമാണ്. എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ച് അപര്യാപ്തതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഒരു കാര്യംകൂടി ഞാൻ വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നു. ലഹരി വർജ്ജന ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 20-ന് തിരുവനന്തപുരത്തുവച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. ക്രിക്കറ്റ് ഇതിഹാസമായ ശ്രീ. സച്ചിൻ ടെൻഡുൽക്കർ ഈ ബോധവൽക്കരണത്തിന്റെ ബ്രാൻഡ് അംബാസിഡറായി പ്രവർത്തിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സേവനം പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തിവരികയാണ്. നവംബർ 20-ന് നടത്തുന്ന ഉദ്ഘാടന പരിപാടിയിൽ ശ്രീ. സച്ചിൻ ടെൻഡുൽക്കർ പങ്കെടുക്കുന്നതാണെന്നുള്ള വിവരവും ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ : സർ, ജില്ലാതലത്തിൽ കളക്ടർമാരുടെയും മണ്ഡലങ്ങളിൽ എം.എൽ.എ.-മാരുടെയും പഞ്ചായത്തുകളിൽ ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ജനപ്രതിനിധികൾ, പ്രാദേശിക തലത്തിലുള്ള ഭരണ സംവിധാനങ്ങൾ, കളക്ടർ, പഞ്ചായത്ത് സെക്രട്ടറിമാർ, തുടങ്ങി എല്ലാ വിഭാഗം ആളുകളെയും പങ്കാളികളാക്കിക്കൊണ്ടുള്ള വളരെ വിപുലമായ ബോധവൽക്കരണ പരിപാടികളാണ് 'വിമുക്തി' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അത് പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

## (2) മെഡിക്കൽ കോളേജുകളിലെ പ്രതിസന്ധി

ശ്രീ. എം. ഉമ്മർ : സർ, പുതിയതായി രൂപീകൃതമായ, പ്രത്യേകിച്ച് മഞ്ചേരി, ഇടുക്കി, പാലക്കാട് മെഡിക്കൽ കോളേജുകളുടെ എം.സി.ഐ.-യുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ സൂചിപ്പിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. 32 വർഷങ്ങൾക്കുശേഷമാണ് ഗവൺമെന്റ് ഉടമസ്ഥതയിൽ പുതിയ മെഡിക്കൽ കോളേജുകൾ വന്നിട്ടുള്ളത്. അത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ

മനസ്സിലാക്കിയായിരിക്കണം ഗവൺമെന്റുകൾ അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാതിരുന്നത്. പക്ഷേ പ്രയാസങ്ങൾ എത്രതന്നെ ഉണ്ടായിരുന്നാലും, ഈ മെഡിക്കൽ കോളേജുകൾ സമൂഹത്തിന് ആവശ്യമാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പ്രത്യേകിച്ച് മഞ്ചേരി മെഡിക്കൽ കോളേജ്. മലബാറിനാകെ ഗവൺമെന്റ് മേഖലയിലുണ്ടായിരുന്ന ഒരു മെഡിക്കൽ കോളേജ് കോഴിക്കോട് മെഡിക്കൽ കോളേജാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ സാധാരണക്കാരായ രോഗികൾക്കും വിദ്യാർത്ഥികൾക്കുമുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. മലപ്പുറം ജില്ലയിൽ മാത്രം 42 ലക്ഷത്തോളം ജനങ്ങളുണ്ട്. അതിനാൽ മഞ്ചേരിയിൽ ഒരു പുതിയ മെഡിക്കൽ കോളേജ് വരികയെന്ന് പറയുമ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാരം കുറയുകയും മിടുക്കന്മാരും മിടുക്കികളുമായ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം ലഭിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മഞ്ചേരി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമായിട്ട് ഇപ്പോൾ അഞ്ചാം വർഷത്തിലേക്ക് കടക്കുകയാണ്. 400 കുട്ടികൾക്ക് അഡ്മിഷൻ കിട്ടിയിട്ടുണ്ട്. അടുത്ത വർഷം പുതിയൊരു ബാച്ച് കൂടി വന്നാൽ പൂർണ്ണമായും അതൊരു മെഡിക്കൽ കോളേജായി ഉയരുകയാണ്. അതിനിടയ്ക്ക് എം.സി.ഐ.-യുടെ നോംസുമായി ബന്ധപ്പെട്ട് നമ്മൾ ചെയ്തുതീർക്കേണ്ട ധാരാളം പ്രശ്നങ്ങൾ ബാക്കി നിൽക്കുകയാണ്. പ്രധാനമായി ടീച്ചിംഗ്-നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. അവിടത്തെ ഫാക്കൽറ്റിയിലെ 111 ക്രിയേറ്റഡ് പോസ്റ്റുകളിൽ, Professor-4, Associate Professor-17, Tutor-11 ഒഴിവുകളുണ്ട്. പുതിയതായി ക്രിയേറ്റ് ചെയ്യേണ്ട പോസ്റ്റുകൾ - Professer-1, Associate Prefessor-5 ആണ്. റെസിഡന്റ് ഡോക്ടർമാരുടെ ക്രിയേറ്റഡ് പോസ്റ്റ് 108 എണ്ണമാണ്. അതിൽ വേക്കൻസിയുള്ളത് 68 എണ്ണമാണ്. എം.സി.ഐ. നോംസ് അനുസരിച്ച് നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ എണ്ണം 745 ആണ്. ഇപ്പോൾ ഡി.എച്ച്. സൈഡിൽ 330-ഉം ഔട്ട് സോഴ്സിൽനിന്നും ക്രിയേറ്റ് ചെയ്ത 23-ഉം അടക്കം പോസ്റ്റ് ചെയ്തുകഴിഞ്ഞാൽ 415 നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ പോസ്റ്റ് വീണ്ടും ഒഴിഞ്ഞുകിടക്കുകയാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി 75 കോടിയോളം രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തിന് എ.എസ്. ലഭിക്കുകയും ടെണ്ടർ ചെയ്യുകയും ചെയ്തെങ്കിലും എക്സസ് എമൗണ്ടുമായി ബന്ധപ്പെട്ടുള്ള തർക്കത്തിൽ ഇപ്പോഴും ടെണ്ടർ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ആശുപത്രിയിലെ അത്യാവശ്യം സൗകര്യമുള്ള രണ്ടും മൂന്നും നിലകളിൽ ഹോസ്റ്റൽ പ്രവർത്തിച്ച് 400-ഓളം കുട്ടികൾ പഠിച്ചു കൊണ്ടിരിക്കുകയാണ്. പ്രീ-ഫാബ് ചെയ്തിട്ടുള്ള സ്ഥലങ്ങൾകൂടി കുട്ടികൾ occupy ചെയ്തുപോകുന്നുണ്ട്. ഇത്തരം അസൗകര്യങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന മഞ്ചേരി മെഡിക്കൽ കോളേജിലെ 400-ഓളം വിദ്യാർത്ഥികളിൽ ഒരു വിദ്യാർത്ഥിപോലും ഇതുവരെ അടിസ്ഥാനസൗകര്യ പ്രശ്നങ്ങളെക്കുറിച്ചോ പ്രയാസങ്ങളെക്കുറിച്ചോ അപശബ്ദം ഉണ്ടാക്കുകയോ സമരം ചെയ്യുകയോ

ചെയ്തിട്ടില്ല. അവർ നന്നായി പഠിച്ചു കൊണ്ടിരിക്കുകയാണ്. ഒരു പുതിയ മെഡിക്കൽ കോളേജാണ് എന്നുള്ളതു കൊണ്ടുതന്നെ ഗവൺമെന്റിന് സാവകാശം വേണ മെന്നുള്ളത് അവിടത്തെ രക്ഷിതാക്കളും കുട്ടികളും ഉൾക്കൊണ്ടിട്ടുണ്ട് എന്നതാണ് അതിനുകാരണം. ഈ പോരായ്മകൾക്കുള്ളിലും മഞ്ചേരി മെഡിക്കൽ കോളേജിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. കേരളത്തിൽ ധാരാളം സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന 24-ഓളം മെഡിക്കൽ കോളേജുകളും 50 വർഷം പിന്നിട്ട തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളും ഉണ്ടായിട്ടും ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആദ്യ ബാച്ച് എം.ബി.ബി.എസ്.-ന്റെ ഒന്നാം വർഷ പരീക്ഷയിൽ അക്കാഡമിക നിലവാരം പുലർത്തി ഏറ്റവും കൂടുതൽ പേർ പാസ്സായത് മഞ്ചേരി മെഡിക്കൽ കോളേജിലാണെന്ന് സാന്ദർഭികമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിന് ഈ പറഞ്ഞ പരിമിതികളൊക്കെയുണ്ടെങ്കിലും മിടുക്കന്മാരും മിടുക്കികളുമായ വിദ്യാർത്ഥികൾ അതിനെയെല്ലാം അതിജീവിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്.

പട്ടികജാതി വിഭാഗത്തിനുവേണ്ടി മാത്രമായി രാജ്യത്താദ്യമായി നിലവിൽ വന്ന കോളേജാണ് പാലക്കാട് മെഡിക്കൽ കോളേജ്. അതുസംബന്ധിച്ച് ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അക്കാര്യം ആവർത്തിക്കുന്നില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട 70 കുട്ടികൾ ഇപ്പോൾ അവിടെ പഠിച്ചുകൊണ്ടിരിക്കുകയാണ്. അത്യാവശ്യ കാര്യങ്ങളിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടെങ്കിലും അതിനെ അതിജീവിച്ച് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ടീച്ചിംഗ് മേഖലയിൽ പുതിയ നിയമനങ്ങൾ നടന്നിട്ടില്ല. അവിടെയും എം.സി.ഐ.-യുടെ നോംസ് അനുസരിച്ചുള്ള പോസ്റ്റിംഗ് നടത്തേണ്ടതുണ്ട്.

ഇടുക്കി മെഡിക്കൽ കോളേജിൽ ഒന്നാം വർഷം അഡ്മിഷൻ കൊടുക്കാൻ കഴിയാതെവന്നു. അടിസ്ഥാന സൗകര്യങ്ങളുടെ പ്രശ്നങ്ങളുണ്ട്. അതുപോലെതന്നെ അവിടെ നിയമിച്ചിട്ടുള്ള അദ്ധ്യാപകരെ മറ്റ് കോളേജുകളിലേക്ക് മാറ്റി നിയമിച്ചിരിക്കുകയാണ്.

ഓരോ വർഷവും മഞ്ചേരി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുമായി ഇന്ററാക്ട് ചെയ്യാൻ അവിടത്തെ ജനപ്രതിനിധിയെന്ന നിലയിൽ എന്നെയും വിളിക്കാറുണ്ട്. വളരെ പാവപ്പെട്ട കുട്ടികളാണ് മെരിറ്റ് സീറ്റിൽ വരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലമായ ധർമ്മടത്തുനിന്ന് ഒരു കുട്ടി വരുന്നുണ്ട്. വളരെ പാവപ്പെട്ട കുട്ടിയാണ്, അമ്മ മറ്റുള്ളവരുടെ അടുക്കളയിലെ പാത്രം കഴുകിയാണ് ആ കുട്ടിയെ പഠിപ്പിക്കുന്നത്. ഓട്ടോറിക്ഷ ഓടിക്കുന്നവരുടെയും ചുമട്ടുത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും മക്കൾ ഇവിടെ

പഠിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വളരെ മിടുക്കികളും മിടുക്കന്മാരുമായ കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. 'ദാരിദ്ര്യ ശുഷ്കമാം പാഴ്ക്കുടിലിലൊന്നിലാണീ രുചിരാംഗി ജനിച്ചതത്രേ' എന്നുപറഞ്ഞതുപോലെ ദാരിദ്ര്യത്താൽ ശുഷ്കമായ കുടിലുകളിൽ നിന്നുമാണ് ഇപ്പോൾ മിടുക്കന്മാരും മിടുക്കികളും വന്നുക്കൊണ്ടിരിക്കുന്നത് എന്നത് സന്തോഷകരമാണ്. മഞ്ചേരി മെഡിക്കൽ കോളേജടക്കം എം.സി.ഐ. നോംസ് അനുസരിച്ച് മുന്നോട്ടുപോകാൻ കഴിഞ്ഞില്ലായെങ്കിൽ, അവസാന വർഷത്തിലേക്ക് കടക്കുമ്പോൾ അതിന്റെ അംഗീകാരം നഷ്ടപ്പെടാൻ ഇടയാകുമെന്ന് ഭയക്കുകയാണ്. ഓരോ ദിവസവും പത്രങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം, ഈ മെഡിക്കൽ കോളേജിന്റെ കാര്യം പറയാൻവേണ്ടി ഞാൻ ആദ്യമായി ഒരു മന്ത്രിയെ കാണാൻ വരുന്നത് അങ്ങയെയാണ്. പാരാവാരമായി കിടക്കുന്ന അങ്ങയുടെ വകുപ്പിൽ ധാരാളം പ്രശ്നങ്ങളുണ്ട്, ഞാൻ അംഗീകരിക്കുന്നു. പക്ഷെ പുതിയതായി ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ പ്രശ്നങ്ങൾ അങ്ങ് നേരിട്ട് മനസ്സിലാക്കാൻ, പ്രത്യേകിച്ച് മഞ്ചേരി മെഡിക്കൽ കോളേജ് സന്ദർശിക്കണമെന്ന് ഞാൻ അപേക്ഷിച്ചിരുന്നു. അങ്ങ് നേരിൽ വന്നുകണ്ട് കാര്യങ്ങൾ പഠിക്കണം. ഡി.എച്ച്.എസ്, ഡി.എം.ഇ. എന്നീ രണ്ട് ഡിപ്പാർട്ടുമെന്റുകൾ ഒരുമിച്ചാണ് പ്രവർത്തനം ആരംഭിച്ചത്. അത് പരിഹരിക്കുന്നതിനുവേണ്ടി ഈ മെഡിക്കൽ കോളേജ് രൂപീകൃതമായപ്പോൾതന്നെ ഒരു ധാരണ ഉണ്ടാക്കിയിരുന്നു. മഞ്ചേരിയിൽനിന്നും രണ്ടുമൂന്നു കിലോമീറ്റർ മാറി ചെരണി എന്ന സ്ഥലത്ത് അഞ്ച് ഏക്കറിലധികം ഭൂമി ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുണ്ട്. അവിടെയൊരു ജനറൽ ആശുപത്രി സ്ഥാപിക്കാമെന്നതായിരുന്നു ധാരണ. ഒരു കൂട്ടിൽ രണ്ടു റാണിമാർ എന്നതുപോലെയുള്ള പ്രശ്നം ഇനി കൂടുതൽ കാലം തുടരാനാകില്ല. അതുകൊണ്ട് മെഡിക്കൽ കോളേജിനെ സ്വതന്ത്രമാക്കി ചെരണിയിൽ ജനറൽ ആശുപത്രി ആരംഭിക്കണമെന്ന് ആഗ്രഹിക്കുകയും കഴിഞ്ഞ സർക്കാർ അതിന്റെ തുടക്കമെന്ന നിലയ്ക്ക് 10 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തു. ഞാൻ അങ്ങേക്ക് ആദ്യംതന്ന നിവേദനം നൽകിയത് അതുസംബന്ധിച്ചായിരുന്നു. പക്ഷെ എനിക്ക് ലഭിച്ച മറുപടി നിർഭാഗ്യകരമാണ്. ചെരണിയിൽ പ്രത്യേകമായി ഒരു ജനറൽ ആശുപത്രി ആരംഭിക്കാൻ സാമ്പത്തികമായ ബുദ്ധിമുട്ട് അനുവദിക്കുന്നില്ലെന്നാണ് ലഭ്യമായ മറുപടി. അത് മുൻപുണ്ടായിരുന്ന ധാരണയ്ക്ക് വളരെയധികം പ്രയാസങ്ങളുണ്ടാക്കും. നിലവിലുള്ള സമ്പ്രദായമനുസരിച്ച് മുന്നോട്ടുപോകുന്നതിന് പ്രയാസമുണ്ടാക്കും. അതുകൊണ്ട് ജനറൽ ആശുപത്രി ചെരണിയിലേക്ക് മാറ്റി സ്ഥാപിക്കാനും മഞ്ചേരി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഇടുക്കിയിലെയും പാലക്കാട്ടെയും മെഡിക്കൽ കോളേജുകളുടെ ബാക്കിയുള്ള കാര്യങ്ങൾ ചെയ്യുന്നതിനുംവേണ്ടി അങ്ങ് അടിയന്തരമായി ഇടപെടുകയും പ്രത്യേകമായി മീറ്റിംഗ് വിളിച്ചുകൂട്ടുകയും വേണം. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ പ്രശ്നങ്ങൾക്കിടയിൽ പുതുതായി ആരംഭിച്ച

മെഡിക്കൽ കോളേജുകളിൽ സാധാരണക്കാരന് സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യത്തോടുകൂടിയുള്ള ചികിത്സാ സൗകര്യം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മലബാറിൽ നിന്നും ധാരാളം ക്യാൻസർ രോഗികൾ ചികിത്സയ്ക്കായി തിരുവനന്തപുരത്തേക്ക് വരുന്നുണ്ട്. കണ്ണൂർ എക്സ്പ്രസ്സിലായാലും അമൃത എക്സ്പ്രസ്സിലായാലും ക്യാൻസർ രോഗികളുടെ ഒരു നീണ്ടനിരതന്നെ വരുന്നതായി കാണാം. അതുകൊണ്ട് മഞ്ചേരി മെഡിക്കൽ കോളേജിൽ ക്യാൻസർ, കിഡ്നി മാറ്റിവയ്ക്കൽ പോലുള്ള ചികിത്സകൾക്കായി സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുണ്ടാക്കണം. കിഫ്ബി വന്നപ്പോൾ വലിയ പ്രതീക്ഷയുണ്ടായിരുന്നു. കിഫ്ബിയിലൂടെ പ്രത്യേക പ്രോജക്ടുകൾ കൊടുത്ത് പുതിയ മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കണം. പാവപ്പെട്ട, സാധാരണക്കാരായ ആളുകളുടെ മക്കൾ, പ്രത്യേകിച്ച് മെഡിക്കൽ കോളേജിൽ പഠിക്കുന്ന മിടുക്കന്മാരും മിടുക്കികളുമായിട്ടുള്ള കുട്ടികൾ ഒരിക്കലും വഴിയാധാരമാകാതിരിക്കാൻ അങ്ങ് പ്രത്യേകം താൽപ്പര്യമെടുക്കണമെന്ന് പറയുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച വിഷയങ്ങൾ സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ പ്രധാന ഉദ്ദേശ്യം പഠനവും ഗവേഷണവുമാണ്. നിലവിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളെ നല്ല നിലവാരത്തിലേക്ക് ഉയർത്തേണ്ടതായിട്ടുണ്ട്. 35 വർഷങ്ങൾക്കുശേഷമാണ് പുതിയ മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. നിലവിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളുടെ അവസ്ഥ തന്നെ ഒരുപാട് മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. അന്താരാഷ്ട്ര റാങ്കിംഗിലൊന്നും നമ്മുടെ മെഡിക്കൽ കോളേജുകൾക്ക് ഇടംപിടിക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ അക്കാദമിക നിലവാരവും പശ്ചാത്തല സൗകര്യവും സാങ്കേതിക സൗകര്യങ്ങളുമെല്ലാം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അത് ഭാരിച്ച ഉത്തരവാദിത്തവും, അത്രതന്നെ പണച്ചെലവുമുള്ള കാര്യമായിരിക്കും. അതിന് സർക്കാർ മുൻഗണന നൽകുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതിയതായി പ്രഖ്യാപിച്ച കുറേ മെഡിക്കൽ കോളേജുകളുണ്ട്. ഈ കൊച്ചു കേരളത്തിന് ഒരുമിച്ച് താങ്ങാൻ കഴിയാവുന്ന രീതിയിലല്ല ഈ മെഡിക്കൽ കോളേജുകൾ ഒന്നിച്ച് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഓരോ പ്രദേശത്തും പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ കോളേജുകൾ പിൻവലിക്കാൻ സാധിക്കാത്തവിധം, അത് നിലനിർത്തേണ്ടതായി വരുന്നു. പ്രൈമറി, സെക്കണ്ടറി, ടെർഷ്യറി മേഖലകളെ ഒരുപോലെ സമ്പുഷ്ടമാക്കിക്കൊണ്ട് സാധാരണക്കാർക്ക് സൗജന്യമായി ഏറ്റവും നല്ല ചികിത്സ ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിന്റെ വിശദീകരണം ഞാൻ ഇവിടെ

നൽകുന്നില്ല. പ്രൈമറി ഹെൽത്ത് സെന്റർ മുതൽ ജില്ലാ ആശുപത്രിവരെയും മെഡിക്കൽ കോളേജുകളും എല്ലാം ഒരേ സമയത്ത് ശ്രദ്ധിക്കേണ്ട വസ്തുതകളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളതുപോലെ ജില്ലാ ആശുപത്രികളിലൊക്കെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വരുന്ന സമയത്ത് സാധാരണക്കാരന് ആധുനിക രീതിയിലുള്ള ചികിത്സ ലഭ്യമാക്കാൻ സാധിക്കും. ഇനി ഞാൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിലേക്കുതന്നെ വരാം, മഞ്ചേരി മെഡിക്കൽ കോളേജ് 2013-ലാണ് പ്രവർത്തനമാരംഭിച്ചത്. ഈ മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിക്കുമ്പോൾ, പുതുതായി പ്രഖ്യാപിക്കപ്പെട്ട മറ്റെല്ലാ മെഡിക്കൽ കോളേജുകളെയുംപോലെ പൂർണ്ണമായ സൗകര്യങ്ങളൊന്നും അവിടെ ഉണ്ടായിരുന്നില്ല. എല്ലാ സൗകര്യങ്ങളും പൂർണ്ണമായി ഉണ്ടാക്കിയിട്ടാണോ പുതിയ മെഡിക്കൽ കോളേജ് പ്രഖ്യാപിക്കുക എന്ന് കഴിഞ്ഞ തവണ ബഹുമാനപ്പെട്ട അംഗങ്ങളിൽ ആരോ ചോദിച്ചിരുന്നു. എം.സി.ഐ. നോംസ് അനുസരിച്ചുള്ള സൗകര്യങ്ങൾ പരിമിതമായിട്ടെങ്കിലുമുണ്ടെങ്കിൽ മാത്രമേ മെഡിക്കൽ കോളേജ് പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ. പത്തും അൻപതും ഏക്കർ സ്ഥലം ഏറ്റെടുത്ത് പത്തോ അൻപതോ കോടി രൂപ നബാർഡിന്റെ സ്കീമിൽ വകയിരുത്തിക്കൊണ്ട് ഒരേ സമയം ധാരാളം മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയാണ് ചെയ്തത്. അതിന്റെ പ്രവർത്തനം പൂർണ്ണ രീതിയിൽ വരണമെങ്കിൽ ഇനിയും കോടിക്കണക്കിന് രൂപ ചെലവഴിക്കണം. അതുപോലെതന്നെ, ഫാക്കൽറ്റി ലഭ്യമാക്കുക എന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. നിലവിലുള്ള പ്രധാനപ്പെട്ട അഞ്ച് മെഡിക്കൽ കോളേജുകളിലേക്ക് ആവശ്യമായ ഫാക്കൽറ്റിയെ കിട്ടാത്ത അവസ്ഥയുണ്ട്. പോസ്റ്റ് ക്രിയേറ്റ് ചെയ്താലും ഗവൺമെന്റ് മേഖലയിലേക്ക് വരാൻ താൽപ്പര്യമുള്ള വിദഗ്ദ്ധരായ ആളുകളെ കിട്ടാത്ത സ്ഥിതിയുണ്ട്. അത് പരിഹരിക്കാൻ നല്ല പരിശ്രമം നടത്തുകയാണ്. അതോടൊപ്പം, പുതുതായി പ്രഖ്യാപിക്കപ്പെട്ട മെഡിക്കൽ കോളേജുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുകയും ഫാക്കൽറ്റിയെ നിശ്ചയിക്കുകയും ചെയ്യണം. ഇത് പറയുന്നതുപോലെ എളുപ്പമുള്ള കാര്യമല്ല. സർക്കാർ അതിന് പരിശ്രമിക്കുകയാണ്. മഞ്ചേരി ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജാക്കി വികസിപ്പിക്കുമെന്ന് പ്രഖ്യാപിക്കുന്നതിനോടൊപ്പം നാമമാത്രമായ, ചുരുക്കം തസ്തികകളാണ് അന്ന് സർക്കാർ സൃഷ്ടിച്ചത്. ആകെ 211 അദ്ധ്യാപക തസ്തികകളും 50 അനദ്ധ്യാപക തസ്തികകളുമാണ് സൃഷ്ടിക്കപ്പെട്ടത്. ഇതിന്റെ ഇരട്ടിയിലേറെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടാൽ മാത്രമേ എം.സി.ഐ.-യുടെ അംഗീകാരത്തോടുകൂടി പൂർണ്ണരീതിയിൽ ഈ മെഡിക്കൽ കോളേജിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. മെഡിക്കൽ കൗൺസിൽ ഓഫ്

ഇന്ത്യ നിർദ്ദേശിക്കുന്ന പശ്ചാത്തല സൗകര്യങ്ങളെല്ലാം ഇനിയും ഒരുക്കേണ്ടതായിട്ടുണ്ട്. 75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഹോസ്റ്റലിന്റെയും റെസിഡന്റ് ക്വാർട്ടേഴ്സുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 59 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ മുന്നിലുണ്ട്. അത് പരിശോധിച്ചുവരികയാണ്. എം.സി.ഐ. അധികൃതർ ഇൻസ്പെക്ഷന് വരുമെന്നുള്ള ധാരണയിൽ അവിടെ അത്യാവശ്യ സൗകര്യങ്ങളൊരുക്കാൻ ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രദ്ധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രിൻസിപ്പാളിനേയും വിവിധ ഡിപ്പാർട്ട്മെന്റുകൾക്കാവശ്യമായ ഫാക്കൽറ്റിയേയും ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗ് വഴിയും വർക്കിംഗ് അറേഞ്ച്മെന്റ് വഴിയും മഞ്ചേരിയിൽ നിയമിച്ചിട്ടുണ്ട്. ലൈബ്രറി, ഫാർമക്കോളജി, ഫോറൻസിക് മെഡിസിൻ തുടങ്ങിയ വിവിധ ഡിപ്പാർട്ട്മെന്റുകൾ, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ തുടങ്ങിയവയെല്ലാം പൂർത്തിയാക്കിയാൽ മാത്രമേ മെഡിക്കൽ കോളേജിന്റെ പൂർണ്ണമായ പ്രവർത്തനം സാധ്യമാകുകയുള്ളൂ. നേരത്തെ എം.സി.ഐ.-യ്ക്ക് ചില അഷ്വറൻസുകൾ കൊടുത്താൽ കുട്ടികളെ അഡ്മിറ്റ് ചെയ്യാൻ അനുവാദം കൊടുക്കുന്നതായിട്ടാണ് കണ്ടിരുന്നത്. എന്നാൽ ഇപ്പോൾ ഇൻസ്പെക്ഷൻ കുറച്ചുകൂടി കടുത്തതാക്കി മാറ്റിയിട്ടുണ്ട്. ഈ പറഞ്ഞ രീതിയിലുള്ള ഫെസിലിറ്റീസൊക്കെ ഉണ്ടെങ്കിൽ മാത്രമേ എം.സി.ഐ. അംഗീകാരം നൽകുകയുള്ളൂ. അത് മഞ്ചേരിയിൽ ഉണ്ടാക്കിയെടുക്കണം. മഞ്ചേരിയെ ഉപേക്ഷിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ മഞ്ചേരി മെഡിക്കൽ കോളേജ് സന്ദർശിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. കൂട്ടായ നടപടിയിലൂടെ മഞ്ചേരി മെഡിക്കൽ കോളേജിന്റെ ഇന്നത്തെ അവസ്ഥ മാറ്റിയെടുത്ത് നല്ലൊരു മെഡിക്കൽ കോളേജാക്കി മാറ്റാനുള്ള പരിശ്രമം നടത്താം.

ഇടുക്കിയിൽ പുതുതായി തുടങ്ങിയ മെഡിക്കൽ കോളേജിന്റെ സ്ഥിതിയും ഇതൊക്കെത്തന്നെയാണ്. ഇടുക്കി, പൈനാവിലെ ജില്ലാ ആശുപത്രിയെ 300 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുമെന്ന് പറഞ്ഞുകൊണ്ടാണ് മെഡിക്കൽ കോളേജായി അന്ന് പ്രഖ്യാപിച്ചത്. ആ അവസരത്തിൽ അവിടെ ആവശ്യമായ യാതൊരു സജ്ജീകരണങ്ങളുമുണ്ടായിരുന്നില്ല. പ്രഖ്യാപിച്ച ഉടൻ തന്നെ ഈ സജീകരണങ്ങളൊക്കെയുണ്ടാക്കാൻ ആവശ്യമായ പണം വകയിരുത്തിയിരുന്നില്ല, ഇതിനാവശ്യമായ മാസ്റ്റർ പ്ലാൻ പൂർണ്ണമായി അംഗീകരിക്കപ്പെട്ടിട്ടില്ല, പക്ഷേ ജില്ലാ ആശുപത്രി മെഡിക്കൽ കോളേജായി

പ്രഖ്യാപിച്ചു. തൽക്കാലം ചില സൗകര്യങ്ങൾ ഏർപ്പെടുത്തി. 2014-ലും 2015-ലും എം.സി.ഐ. ഇൻസ്പെക്ഷൻ വരുന്ന സമയത്ത് ഹോസ്റ്റലും ക്വാർട്ടേഴ്സും ഡിപ്പാർട്ടുമെന്റുകളും ക്ലിനിക്കൽ സൗകര്യങ്ങളുമുണ്ടാക്കാമെന്നും ഇത്രയും കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാമെന്നുമൊക്കെയുള്ള അഷ്വറൻസ് കൊടുത്തിരുന്നു. അത് അഷ്വറൻസ് മാത്രമായിരുന്നു. 2014-ലും 2015-ലും ഈ അഷ്വറൻസിന്മേൽ എം.സി.ഐ. അംഗീകാരം കൊടുത്തു. എന്നാൽ 2016 ആദ്യം, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് ഇൻസ്പെക്ഷൻ നടന്നപ്പോൾ മുൻവർഷങ്ങളിൽ നൽകിയ അഷ്വറൻസുകളൊന്നും പാലിക്കപ്പെടാത്തതുകൊണ്ട് മൂന്നാമത്തെ ബാച്ചിനെ എടുക്കാനുള്ള അംഗീകാരം എം.സി.ഐ. നൽകിയില്ല. അതാണ് ഇടുക്കി പൈനാവിലുള്ള ആശുപത്രിയുടെ സ്ഥിതി. 2014-15 വർഷങ്ങളിൽ സജ്ജീകരണങ്ങൾ ഒരുക്കാമെന്ന ഉറപ്പിലാണ് 50 വീതം വിദ്യാർത്ഥികളെ അവിടെ പ്രവേശിപ്പിച്ചത്. 2016-17 വർഷത്തേക്കുള്ള പ്രവേശനത്തിന് എം.സി.ഐ.-യുടെ അംഗീകാരം ലഭിച്ചില്ല. രണ്ടാം വർഷം എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ ക്ലിനിക്കൽ സൗകര്യങ്ങളൊന്നുമില്ലാത്തതിനാൽ കുട്ടികളുടെ ഭാവി പരിഗണിച്ച് രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥികളെ താൽക്കാലികമായി മറ്റ് കോളേജുകളിലേക്ക് മാറ്റി, അവരുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തിയിട്ടുണ്ട്. 'ഞങ്ങൾ ലക്ച്ചർ മെത്തേഡിൽ എങ്ങനെയാണ് എം.ബി.ബി.എസ്. പഠിക്കുന്നത്, ക്ലിനിക്കൽ സൗകര്യങ്ങളൊന്നുമില്ല, ഡിപ്പാർട്ടുമെന്റുകളൊന്നും സജ്ജീകൃതമല്ല. ഞങ്ങളെ വ്യാജഡോക്ടർമാരാക്കി മാറ്റരുത്, ദയവായി ഞങ്ങളെ ഈ സൗകര്യങ്ങളുള്ള ഒരിടത്തേക്ക് മാറ്റിത്തരുമോ' എന്ന് കുട്ടികളും രക്ഷകർത്താക്കളും എന്റെയടുത്ത് പരാതിപ്പെട്ടിരുന്നു. അങ്ങനെ സെക്കന്റ് ഇയറിലെ വിദ്യാർത്ഥികളെ കുറേശ്ശെയായി സൗകര്യമുള്ള മെഡിക്കൽ കോളേജുകളിലേക്ക് വിന്യസിപ്പിച്ചിരിക്കുകയാണ്. അതാണ് ഇടുക്കി മെഡിക്കൽ കോളേജിന്റെ അവസ്ഥയെന്നാണ് പ്രത്യേകിച്ച് പറയാനുള്ളത്. അവിടെ ഞാൻ തന്നെ പങ്കെടുത്ത് മീറ്റിംഗ് നടത്തിയിരുന്നു. ഭാവിയിൽ ഇതിനെ പൂർണ്ണതോതിൽ മെഡിക്കൽ കോളേജാക്കി മാറ്റിയെടുക്കുന്നതിന് എന്തൊക്കെ വേണമെന്നും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതു സംബന്ധിച്ചും നിലവിൽ അനുവദിച്ചിട്ടുള്ള 10 കോടി രൂപയുടേയും 48 കോടി രൂപയുടെയും കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതു സംബന്ധിച്ചും മറ്റ് സൗകര്യങ്ങളുണ്ടാക്കുന്നതു സംബന്ധിച്ചും അവിടത്തെ എം.പി., എം.എൽ.എ.-മാരായ ശ്രീ റോഷി അഗസ്റ്റിൻ, ശ്രീ. എം. എം. മണി ഉൾപ്പെടെയുള്ളവരുമായി വളരെ വിശദമായ ചർച്ച നടത്തി. നല്ലൊരു മെഡിക്കൽ കോളേജാക്കി മാറ്റുന്നതിനുള്ള പരിശ്രമം നടക്കുന്നുണ്ട്. പുതിയ അക്കാദമിക് ബ്ലോക്ക്, പുതിയ മെഡിക്കൽ കോളേജ് ആശുപത്രി 300

കിടക്കകളുള്ള വാർഡുകൾ ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ നിർമ്മാണം നടന്നുവരികയാണ്. മെഡിക്കൽ കോളേജിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ധാരാളം തസ്തികകൾ ക്രിയേറ്റ് ചെയ്താൽ മാത്രമേ ഒരു മെഡിക്കൽ കോളേജായി മാറുകയുള്ളൂവെന്നതാണ് വസ്തുത.

പാലക്കാട് മെഡിക്കൽ കോളേജ് യഥാർത്ഥത്തിൽ എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്, ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമല്ല. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനുകീഴിൽ 2014 മുതലാണ് ഇത് മെഡിക്കൽ കോളേജായി മാറിയത്. അവിടെ എം.സി.ഐ. നിർദ്ദേശപ്രകാരമുള്ള സ്റ്റാഫ് പാറ്റേണും പഠന സൗകര്യങ്ങളും ഇനിയും ഉറപ്പാക്കേണ്ടതായിട്ടുണ്ട്. 100 വീതം കുട്ടികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള കാര്യങ്ങൾ അവിടെ ഒരുക്കേണ്ടതായിട്ടുണ്ട്. അവിടേയും എം.സി.ഐ. ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ പോരായ്മകൾ പരിഹരിക്കുന്നതിന് എസ്.സി./എസ്.ടി. വകുപ്പുതന്നെ മുൻകയ്യെടുത്ത് പ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ അവിടെയും ആവശ്യമായ തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതിന് മുൻകയ്യെടുക്കേണ്ടത് ആരോഗ്യ വകുപ്പും ഗവൺമെന്റുമാണ്. അതിനാവശ്യമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ആശുപത്രി കെട്ടിടത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും പണികൾ നടന്നു കൊണ്ടിരിക്കുകയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ മെഡിക്കൽ കോളേജിലെ ക്ലിനിക്കൽ ഡോക്ടർമാർ ജില്ലാ ആശുപത്രിയിലെ ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ വച്ച് രോഗികളെ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. കോളേജ് പരിസരത്തുതന്നെ ആശുപത്രി കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് ചികിത്സാ സൗകര്യങ്ങൾ അതാതിടങ്ങളിലേക്ക് മാറ്റുന്നതിനും ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും സാധിക്കും. എം.സി.ഐ. മാനദണ്ഡം അനുസരിച്ചുള്ള കാര്യങ്ങളെല്ലാം അവിടെ ചെയ്തുകൊണ്ടിരിക്കുകയാണ്.

മൂന്ന് മെഡിക്കൽ കോളേജുകളെക്കുറിച്ചാണ് പ്രധാനമായി ചോദിച്ചത്. മറ്റുകാര്യങ്ങൾ ഞാൻ ഇപ്പോൾ പറയുന്നില്ല. ഇ.എസ്.ഐ. മെഡിക്കൽ കോളേജ് കഴിഞ്ഞ സർക്കാർ ഏറ്റെടുത്തതാണ്. ഇ.എസ്.ഐ. മെഡിക്കൽ കോളേജിന് ഇ.എസ്.ഐ. കോർപ്പറേഷൻ മനോഹരമായ കെട്ടിടമുണ്ടാക്കി കൊടുത്തിരുന്നു. അത് ഏറ്റെടുക്കുന്നതിന് വലിയൊരു പ്രക്രിയ തന്നെ പൂർത്തിയാക്കണമായിരുന്നു. അതൊന്നും പൂർത്തിയാക്കാതെയാണ് മെഡിക്കൽ കോളേജായി പ്രഖ്യാപിച്ചത്. ഏതായാലും ഈ സർക്കാർ വന്നതിനുശേഷം അവിടെ പ്രിൻസിപ്പാളിനേയും സൂപ്രണ്ടിനേയും നിയമിച്ച് കേന്ദ്ര ഗവൺമെന്റിനും എം.സി.ഐ.-യ്ക്കും കത്തയയ്ക്കുകയും എൽ.ഒ.പി. നൽകുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണമെന്ന് പറയുകയും ചെയ്തു. തസ്തിക ഇല്ലെന്ന് പറഞ്ഞപ്പോൾ, അദ്ധ്യാപക വിഭാഗത്തിലും അനദ്ധ്യാപക വിഭാഗത്തിലുമായി 390 തസ്തികകളാണ് ഈ ഗവൺമെന്റ് വന്ന് അഞ്ചുമാസത്തിനുള്ളിൽ പാരിപ്പള്ളി മെഡിക്കൽ കോളേജിനുവേണ്ടി മാത്രമായി സൃഷ്ടിച്ചിട്ടുള്ളത്. ആരോഗ്യ മേഖലയിലേയ്ക്കും ആയുഷ് മേഖലയിലേക്കുമായി ആയിരത്തിലേറെ തസ്തികകൾ ഈ ഗവൺമെന്റിന് സൃഷ്ടിക്കേണ്ടിവന്നു. ആയിരമെന്ന് പറയുന്നതിൽ അർത്ഥമില്ല. ആയിരക്കണക്കിന് തസ്തികകൾ സൃഷ്ടിച്ചാലേ കേരളത്തിലെ ആരോഗ്യ മേഖലയിൽ ചികിത്സ ഉറപ്പു വരുത്താൻ സാധിക്കുകയുള്ളൂ, മെഡിക്കൽ കോളേജുകൾ യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇത്രയും ഭാരിച്ച ഉത്തരവാദിത്തമാണ് ഈ ഗവൺമെന്റ് ഏറ്റെടുക്കുന്നതെന്ന് കാണാൻ പ്രതിപക്ഷം തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒറ്റയടിക്ക് എല്ലാം നടപ്പിലാക്കാൻ സാധിക്കുന്ന അവസ്ഥയല്ല സർക്കാരിന്റേത്. അതത് ഘട്ടങ്ങളിൽ ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾ ചെയ്യാതെ ഭാരം മുഴുവൻ ഈ ഗവൺമെന്റിനുമേൽ വന്നിരിക്കുകയാണ്. എങ്കിലും ഇവിടെ ഉന്നയിച്ച മൂന്ന് കോളേജുകളുടെ കാര്യത്തിലും സർക്കാർ ശ്രദ്ധയോടുകൂടി നടപടി സ്വീകരിക്കും, മഞ്ചേരി മെഡിക്കൽ കോളേജിൽ അടുത്തുതന്നെ ഒരു സന്ദർശനം നടത്തി അവിടത്തെ ബാക്കി കാര്യങ്ങളും പരിശോധിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ : സർ, ജൂനിയർ റസിഡന്റ് ഡോക്ടർമാരുടെ നിയമനമാണ് വലിയ പ്രയാസമായി വരുന്നത്. സ്വകാര്യ ആശുപത്രികളിൽ ഡോക്ടർമാർക്ക് 60000-70000 രൂപ ശമ്പളം കൊടുക്കുമ്പോൾ ജൂനിയർ റസിഡന്റ് ഡോക്ടർമാർക്ക് സർക്കാർ കൊടുക്കുന്നത് വെറും 35000 രൂപയാണ്. 35000 രൂപയ്ക്ക് എം.ബി.ബി.എസ്. ഡോക്ടർമാരെ ലഭിക്കുക എന്നുള്ളത് വളരെ പ്രയാസകരമായ കാര്യമാണ്. ഇതാണ് നമ്മുടെ ഏറ്റവും വലിയ വെല്ലുവിളി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചർച്ച ചെയ്ത് ധാരണയായത് 50000 രൂപ കൊടുക്കാമെന്നായിരുന്നു. പക്ഷേ അത് നടപ്പായില്ല. മിനിട്ട്സ് ഉണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ജൂനിയർ റസിഡന്റ് ഡോക്ടർമാരുടെ ശമ്പളം കൂട്ടിക്കൊടുക്കാമെന്ന് ധാരണ ഉണ്ടായിട്ടുണ്ട്. അക്കാര്യം ഉടൻതന്നെ പ്രാബല്യത്തിലാക്കി ശമ്പളം കൊടുക്കുകയാണെങ്കിൽ ജൂനിയർ റസിഡന്റ് ഡോക്ടർമാരുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ആശുപത്രികളെ സംബന്ധിച്ചിടത്തോളം കാഷ്വാലിറ്റിയിൽ ഡോക്ടർമാരില്ലാത്ത അവസ്ഥ, പരിഹരിക്കപ്പെടണമെങ്കിൽ ജൂനിയർ ഡോക്ടർമാരെ നിയമിക്കണം. അതുകൊണ്ട് ഡോക്ടർമാരുടെ ശമ്പളം 35000 രൂപയിൽനിന്നും 50000 രൂപയായി ഉയർത്താമെന്ന് തത്വത്തിൽ അംഗീകരിച്ചത് വേഗത്തിൽ നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ എന്നാണ് ചോദിക്കാനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ജൂനിയർ റസിഡന്റ് ഡോക്ടർമാരുടെ ശമ്പളത്തെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. കഴിഞ്ഞ ഗവൺമെന്റ് 50000 രൂപ പ്രഖ്യാപിച്ചുവെന്ന് പറഞ്ഞു. വളരെ രസകരമായി തോന്നുന്ന ഒരു കാര്യം, എല്ലാ പ്രഖ്യാപനങ്ങളും കഴിഞ്ഞ ഗവൺമെന്റ് നടത്തിയിട്ടുണ്ട്; ഇനി ഒന്നും പ്രഖ്യാപിക്കാൻ ബാക്കിയില്ല. ശമ്പളം ഉയർത്താം, മെഡിക്കൽ കോളേജ് ആരംഭിക്കാം. ഞാൻ കുറ്റപ്പെടുത്തി പറയുന്നതല്ല. പ്രഖ്യാപിക്കാൻ ഇനിയൊന്നും ബാക്കിയില്ല. പക്ഷേ ഒന്നും നടപ്പാക്കിയിട്ടില്ല എന്നുള്ളതാണ് സങ്കടം. പ്രഖ്യാപനങ്ങളൊക്കെ നടപ്പാക്കാനുള്ള സാമ്പത്തിക ബാദ്ധ്യത ഈ സർക്കാർ ഏറ്റെടുക്കണമെന്നാണ്. ഡോക്ടർമാരുടെ ശമ്പളത്തിന്റെ കാര്യം ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പാലക്കാട് എസ്.സി.-എസ്.ടി. മെഡിക്കൽ കോളേജിന് ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയ കെട്ടിടത്തിനുവേണ്ടി 350 കോടി രൂപയുടെ എ.എസ്. കൊടുത്തിട്ടുണ്ട്. സ്റ്റാഫിന്റെ പ്രശ്നമാണുള്ളത്. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അവിടെ പരിശോധനയ്ക്കായി വന്നു. അവിടെ സ്ഥിരം സ്റ്റാഫില്ല. അതിന്റെ ഭാഗമായുണ്ടാകുന്ന സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. പിന്നീടുള്ളത് ജൂനിയർ റസിഡന്റ് ഡോക്ടർമാരുടെ പ്രശ്നമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. പുതുതായി ഒരു മെഡിക്കൽ കോളേജ് തുടങ്ങുമ്പോൾ ജൂനിയർ റസിഡന്റ് ഡോക്ടർമാരെ കിട്ടില്ല. എത്ര കാശ് കൊടുത്താലും കിട്ടാൻ ബുദ്ധിമുട്ടാണ്. ആ ഒരു പ്രശ്നം പുതുതായി തുടങ്ങിയ എല്ലാ മെഡിക്കൽ കോളേജുകളിലുമുണ്ട്.

## V സബ്മിഷൻ

### (1) കൈത്തറി സഹകരണ സംഘങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി : സർ, കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയത്തും മൈലം പഞ്ചായത്തിലെ കോട്ടാത്തലയിലും പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങളുടെ ശോച്യാവസ്ഥയെ സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങൾ ഇന്ന് മൂലധനത്തിന്റെ അപര്യാപ്തതയും അവഗണനയും മൂലം ഏറെ നഷ്ടത്തിലായി ഭാരിച്ച കടബാദ്ധ്യതയിലെത്തിനിൽക്കുകയാണ്.

നിരവധി തറികൾ വെറുതെ കിടക്കുകയാണ്. ഡൈ ഹൗസ് ഉൾപ്പെടെ ഒരുപാട് കെട്ടിടങ്ങൾ മെയിന്റനൻസ് ഇല്ലാതിരിക്കുന്നതുകൊണ്ട് നശിക്കുകയും തൊഴിലാളികൾ പിരിഞ്ഞുപോകുകയും ചെയ്തു. ഈ അവസ്ഥയിൽനിന്നും ഇവയെ പുനരുദ്ധരിക്കണം. മൂലധന സഹായം നൽകിയും കടബാദ്ധ്യതകളിൽ ഇളവ് നൽകിക്കൊണ്ടും കുറഞ്ഞ പലിശയ്ക്ക് കടം കിട്ടാനുള്ള സാദ്ധ്യത ഉണ്ടാക്കിക്കൊടുത്തും (ഇപ്പോൾ 14 ശതമാനം പലിശയാണ്, അത് 6 ശതമാനമാക്കി കുറയ്ക്കണം) ഇവരുടെ റിബേറ്റ്/കുടിശ്ശിക കൊടുത്തുകൊണ്ടും കൂടുതൽ ആളുകൾക്ക് പരിശീലനം കൊടുക്കാൻ വേണ്ടിയുള്ള സംവിധാനം ഉണ്ടാക്കിയും ഔട്ട്ലെറ്റ് കൊടുത്തുകൊണ്ടുമുള്ള ആശ്വാസ നടപടി ഉണ്ടായാൽ ഇവയെ മികച്ചനിലയിൽ കൊണ്ടുവരാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ ഈ സംഘങ്ങൾക്ക് യൂണിഫോം തുണിക്കുള്ള ഓർഡർ നൽകാമെന്ന് പറഞ്ഞു. അത് അവർക്ക് വലിയ ആശ്വാസം ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ നിലവിലുള്ള സംവിധാനം അപര്യാപ്തമാണ്. മതിയായ സഹായം ഉണ്ടായാൽ ആധുനിക കാലഘട്ടത്തിന്റെ അഭിരുചിക്കനുസരിച്ച് കൈത്തറി സംഘങ്ങളുടെ പ്രവർത്തനത്തെ മാറ്റിയെടുക്കാൻ കഴിയും. ഭാരിച്ച ബാദ്ധ്യതയാണ് ഗവൺമെന്റിനുള്ളത്. എങ്കിലും ഈ മേഖലയെ പുനരുദ്ധരിക്കാനുള്ള മതിയായ സഹായം ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, കൈത്തറി മേഖലയെക്കുറിച്ച് പലപ്പോഴും സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. ചില പ്രദേശത്തെ സംഘങ്ങളുടെ കാര്യമാണ് ബഹുമാന്യയായ അംഗം പ്രത്യേകമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഓരോ സംഘത്തിനും ഓരോ തരത്തിലുള്ള പ്രശ്നങ്ങളായിരിക്കുമുള്ളത്. ആ പ്രശ്നങ്ങളിലേക്ക് വിശദമായി പോകാൻ സ്വാഭാവികമായും പ്രയാസമുണ്ടാകും. കൊട്ടാരക്കര മണ്ഡലത്തിലെ നെടുവത്തൂർ, വെളിയം ഗ്രാമ പഞ്ചായത്തുകളിൽ കട്ടയിൽ, വെളിയം, കുടവട്ടൂർ, വെളിയം പടിഞ്ഞാറ്റിൻകര, കോട്ടാത്തല, തെക്കുംപുറം എന്നീ കൈത്തറി നെയ്ത്തുസഹകരണ സംഘങ്ങളാണുള്ളത്. ഈ സംഘങ്ങളിൽ വെളിയം പടിഞ്ഞാറ്റിൻകര, തെക്കുംപുറം എന്നീ സംഘങ്ങളുടെ മുഴുവൻ കടബാദ്ധ്യതകളും റിവൈവൽ, റിഫോം ആന്റ് റീസ്ട്രക്ച്ചറിംഗ് പാക്കേജ് പദ്ധതി പ്രകാരം സർക്കാർ ഫണ്ടുപയോഗിച്ച് തീർത്തിട്ടുണ്ട്. നിലവിൽ ഈ സംഘങ്ങൾ ഹാന്റെക്സിൽനിന്ന് ലഭിച്ച കുടിശ്ശികത്തുകയും മറ്റ് സർക്കാർ ആനുകൂല്യങ്ങളും റിബേറ്റ് തുകയും ഉപയോഗിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. മൂലധനം

കണ്ടെത്തിയാൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയും. വർദ്ധിച്ച കടബാദ്ധ്യതകൾ, പ്രവർത്തന മൂലധനത്തിന്റെ അഭാവം, വിരമിച്ച ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ എന്നിവമൂലം ആർ.ആർ.ആർ. (റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ്) പാക്കേജിൽ ഉൾപ്പെടാത്ത തട്ടയിൽ, കുടവട്ടൂർ, വെളിയം, കോട്ടാത്തല എന്നീ നാല് സംഘങ്ങൾക്ക് ഭാഗികമായി മാത്രമേ പ്രവർത്തിക്കാൻ കഴിയുന്നുള്ളൂ. ആർ.ആർ.ആർ. പാക്കേജ് അർഹതാ മാനദണ്ഡപ്രകാരം യോഗ്യമല്ലാത്തതിനാൽ ഈ സംഘങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല. തട്ടയിൽ, വെളിയം, കുടവട്ടൂർ, വെളിയം പടിഞ്ഞാറ്റിൻകര എന്നീ സംഘങ്ങൾക്ക് എക്സിബിഷൻ ഗ്രാന്റ്, റിബേറ്റ് എന്നിവയും വാല്യു ആഡഡ് ട്രെയിനിംഗ്, വർക്ക് ഷെഡ് മെയിന്റനൻസ് തുടങ്ങിയ പദ്ധതികൾ പ്രകാരവും കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഏകദേശം 20 ലക്ഷത്തോളം രൂപ അനുവദിച്ചിട്ടുണ്ട്. ഈ മേഖലയിലെ ആധുനികവൽക്കരണത്തിലൂടെ കൈത്തറി സംഘങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുമെന്നാണ് കരുതുന്നത്.

## (2) കെൽട്രോൺ മൂടാടി യൂണിറ്റ്

ശ്രീ. കെ. ദാസൻ : സർ, കെൽട്രോണിനെ രാജ്യത്തെ നവരത്ന വ്യവസായങ്ങളിൽ ഒന്നാക്കി മാറ്റുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കാൻ മികച്ച ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ, മെച്ചപ്പെട്ട ഭൗതിക സാഹചര്യം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, അനുഭവ സമ്പത്തും പ്രാപ്തിയും പരിചയവുമുള്ള ജീവനക്കാർ എന്നിവ കെൽട്രോൺ ഉപയോഗപ്പെടുത്തുമെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. കെൽട്രോണിന്റേതായി ആറ് നിർമ്മാണ യൂണിറ്റുകളും രണ്ട് സബ്സിഡിയറി ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. അതിൽ ഒന്ന് പ്രവർത്തിക്കുന്നത് എന്റെ നിയോജ മണ്ഡലമായ കൊയിലാണ്ടിയിലാണ്. 11,000 സ്ക്വയർ ഫീറ്റിൽ പ്രവർത്തിക്കുന്ന ലൈറ്റിംഗ് ഡിവിഷനാണ് അവിടെയുള്ളത്. എൽ.ഇ.ഡി. ലൈറ്റുകളാണ് മുഖ്യ ഉൽപ്പന്നം. നല്ല നിലയിൽ പ്രവർത്തിക്കുന്ന യൂണിറ്റാണിത്. എന്നാൽ പതിമൂന്നര ഏക്കർ വിസ്തൃതിയിൽ പരന്നുകിടക്കുന്ന മൂടാടിയിലെ കെൽട്രോൺ നിർമ്മാണ യൂണിറ്റിന്റെ സ്ഥലവിസ്തൃതിയുടെ ചെറിയ അംശം മാത്രമാണ് ഇപ്പോൾ വിനിയോഗിക്കുന്നത്. ബാക്കിഭാഗം ഉപയോഗശൂന്യമായിക്കിടക്കുകയാണ്. കെൽട്രോൺ യൂണിറ്റ് ആരംഭിക്കുന്ന ഘട്ടത്തിൽ വലിയ പ്രതീക്ഷയാണ് മൂടാടി പഞ്ചായത്തിലെയും കൊയിലാണ്ടിയിലെയും ജനങ്ങൾ വച്ചുപുലർത്തിയിരുന്നത്. സ്ഥലം വിട്ടുനൽകുമ്പോഴും യൂണിറ്റ് സ്ഥാപിക്കുമ്പോഴും

കൊയിലാണ്ടിക്കാർക്ക് ഒരു സ്വപ്നമുണ്ടായിരുന്നു. തങ്ങളുടെ നാട്ടിൽ വലിയൊരു വ്യവസായ സംരംഭം കടന്നുവരുന്നു എന്ന സ്വപ്നം. പൊതുമേഖലയിൽ വരുന്ന ഈ സ്ഥാപനം നാടിന്റെ വികസന സ്വപ്നങ്ങളിൽ പുതിയ നിറച്ചാർത്താകും എന്നു കരുതിയിരുന്നു. എന്നാൽ വർഷങ്ങൾ പലത് പിന്നിട്ടിട്ടും ഈ പ്രതീക്ഷയ്ക്കൊത്തുയരാൻ പ്രസ്തുത കേന്ദ്രത്തിനായിട്ടില്ല. സ്ഥാപനത്തിന്റെ വളർച്ചയിൽ കണ്ണുംനട്ടിരുന്ന ജനത്തിന് നിരാശ മാത്രമാണ് കിട്ടിയത്. വലിയ വികസന കുതിപ്പിന് നല്ല സാദ്ധ്യതയുള്ള യൂണിറ്റാണിത്. അടിയന്തരമായി ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ പതിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സോളാർ പാനലിന്റെ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ മൂടാടി യൂണിറ്റിനെ പരിഗണിക്കണം. അതുവഴി നിരവധി ചെറുപ്പക്കാർക്ക് തൊഴിൽ ഉറപ്പാക്കാനും ഈ സ്ഥാപനത്തെ മെച്ചപ്പെടുത്താനുമാകും. ഒപ്പം സോളാർ പാനലുകൾ നിർമ്മിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് മെയിൻ ഗ്രിഡിലേക്ക് കൊടുക്കുന്ന പദ്ധതിയും ആലോചിക്കാവുന്നതാണ്. മുൻസർക്കാരിന്റെ കാലത്ത് ഈ ആവശ്യങ്ങൾ ചൂണ്ടിക്കാണിച്ച് ഞാൻ നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ചിരുന്നു. പുതിയ പദ്ധതികൾ ആവിഷ്കരിച്ച് 10 കോടി രൂപ അനുവദിക്കാമെന്ന് പറഞ്ഞിരുന്നു. അത് പ്രഖ്യാപനത്തിൽ ഒതുങ്ങുകയാണുണ്ടായത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ ആവശ്യങ്ങൾക്കെല്ലാം നല്ല പരിഗണന ലഭിച്ചിട്ടുണ്ട്. മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ സ്ഥലം സന്ദർശിക്കാൻ നിശ്ചയിച്ചിരുന്നതാണ്. ചില സാങ്കേതിക കാരണങ്ങളാൽ സന്ദർശനം നടക്കാതെ പോയി. ഇക്കാര്യം പരിഗണിച്ച് അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. സ്ഥാപനത്തിന്റെ വികസനത്തിലും ഗുണമേന്മ ഉറപ്പാക്കുന്നതിലും പരമപ്രധാനമാണ് ജീവനക്കാരുടെ സഹകരണം. അതിന് അവർക്ക് അർഹമായ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുകയും സ്ഥിരം നിയമനം ഉറപ്പാക്കുകയും വേണം. ഇപ്പോൾ ജീവനക്കാരിൽ ഭൂരിഭാഗവും അസ്വസ്ഥരാണ്. അസ്വസ്ഥത സ്ഥാപനത്തിന്റെ ഗുണപരമായ മുന്നേറ്റത്തിന് തടസ്സമാകും. കെൽട്രോൺ യൂണിറ്റിന്റെ വികസനത്തിന് ആധുനിക യന്ത്രസാമഗ്രികൾ നൽകുന്നതിനും മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളുടെ സേവനം ലഭ്യമാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യ സ്വായത്തമാക്കി പുതിയ മേഖലയിൽ ഉൽപ്പാദനം നടത്താൻ കഴിയുന്ന രീതിയിൽ ഇതിന് പ്രത്യേക പരിഗണന നൽകണമെന്നും ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, സംസ്ഥാനം ഏറെ പ്രതീക്ഷയോടെ നോക്കിക്കാണുന്ന ഒരു സ്ഥാപനമാണ് കെൽട്രോൺ. എന്നാൽ ആ പ്രതീക്ഷയ്ക്കനുസരിച്ചാണ് കെൽട്രോൺ പ്രവർത്തിക്കുന്നതെന്ന് പറയാൻ കഴിയില്ല. അതുകൊണ്ടാണ് മൂടാടിയിലൊക്കെ ഇത്തരത്തിൽ പ്രതീക്ഷയ്ക്കനുസരിച്ച് കെൽട്രോൺ ഉയർന്നില്ലായെന്ന് പറയേണ്ടിവരുന്നത്. ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിലാണ് ഒരു സ്ഥാപനം ശ്രദ്ധിക്കേണ്ടത്. കഴിഞ്ഞ കാലത്തെ അനുഭവം നോക്കിയാൽ ഇതൊരു കമ്മീഷൻ ഏജന്റായി പ്രവർത്തിക്കുന്ന നിലയിലേക്ക് അധഃപതിച്ചു പോയിട്ടുള്ളതായി കാണാം. അതിന്റെ ഭാഗമായാണ് ഈ തകർച്ച വന്നിട്ടുള്ളത്. ഞാൻ 2 ദിവസം മുമ്പ് കാസർഗോഡ് ഒരു പരിപാടിക്ക് പോയിരുന്നു. അവിടത്തെ എസ്.പി. എന്നോട് ഒരു കാര്യം പറഞ്ഞു. അവിടെ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപയുടെ ഓർഡറാണ് പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന് കൊടുത്തത് എന്ന്. അവിടെ സ്ഥാപിച്ച 50 ശതമാനം സി.സി.ടി.വി.യും ഇപ്പോൾ കേടാണ്. ഗുണനിലവാരമില്ലാത്ത സി.സി.ടി.വി.-യാണ് സ്ഥാപിച്ചത്. ഇതിലൊക്കെ വേറെ താൽപ്പര്യങ്ങളാണുള്ളത്. ഇതിന്റെ ഭാഗമായാണ് തകർച്ച സംഭവിക്കുന്നത്. ഇതിനെല്ലാം മാറ്റം വരേണ്ടതായിട്ടുണ്ട്. കെൽട്രോണിനെപ്പോലുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു മികച്ച സ്ഥാപനം എന്ന നിലയ്ക്ക് എന്താണോ ചെയ്യേണ്ടത്, ആ കാര്യങ്ങളിലേയ്ക്ക് പ്രവർത്തനം കേന്ദ്രീകരിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വന്നാൽ മാത്രമേ മൂടാടിയിലടക്കം മെച്ചപ്പെട്ട തോതിൽ വികസനമുണ്ടാകൂ. അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

## (3) ബിനാനി സിങ്ക് ലിമിറ്റഡ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, 1967-ൽ എടയാർ വ്യവസായ മേഖലയിൽ ഉത്പാദനം ആരംഭിച്ച വൻകിട വ്യവസായ സ്ഥാപനമാണ് ബിനാനി സിങ്ക് ലിമിറ്റഡ്. ഒന്നര വർഷമായി അത് അടച്ചുപൂട്ടിയിരിക്കുകയാണ്. 2015 മേയ് 1 മുതൽ stay at home പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ്. 350 തൊഴിലാളികൾ അനേക മാസങ്ങളായി ശമ്പളമോ മറ്റ് കോമ്പൻസേഷനോ ഇല്ലാതെ കഷ്ടപ്പെടുകയാണ്. ബിനാനി ഗ്രൂപ്പ് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും വിദേശത്തും വ്യവസായങ്ങൾ കെട്ടിപ്പടുക്കാൻ കമ്പനിയുടെ സ്രോതസ്സ് ഉപയോഗിച്ചതാണ് ഏറ്റവും ഒടുവിൽ സംഭവിച്ച ഈ പതനത്തിന് കാരണം. ഇന്റർ കോർപ്പറേറ്റ് ഡെപ്പോസിറ്റ് എന്ന പേരിൽ 64 കോടി രൂപ ബിനാനി ഇൻഡസ്ട്രീസ് വകമാറ്റിയതോടു കൂടിയാണ് കമ്പനി അടച്ചുപൂട്ടേണ്ട

സ്ഥിതിയിലേക്ക് വന്നത്. സിങ്ക് സൾഫ്യൂരിക് ആസിഡ് എന്നിവയാണ് അവിടെ ഉത്പാദിപ്പിക്കുന്നത്. അതിന് സാധ്യതയില്ലെങ്കിൽ മാർക്കറ്റിൽ നല്ല ഡിമാന്റുള്ള സിമന്റ് ഉത്പാദിപ്പിക്കുവാൻ അവിടത്തെ സംവിധാനങ്ങൾക്ക് സാധിക്കും. മാത്രമല്ല, അക്കാലത്ത് കേരള ഗവൺമെന്റ് നൂറുകണക്കിന് ഏക്കർ ഭൂമി സൗജന്യമായും വൈദ്യുതി താരിഫിൽ വലിയ കൺസഷൻ നൽകിയുമാണ് ബിനാനി ഗ്രൂപ്പിനെ കേരളത്തിലേക്ക് കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് കമ്പനി ചെയർമാനെ വിളിച്ചുവരുത്തി ഇതിനൊരു പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, എടയാർ വ്യവസായ വികസന മേഖലയിൽ 1967-ൽ പ്രവർത്തനം ആരംഭിച്ചതാണ് ബിനാനി സിങ്ക് ലിമിറ്റഡ് കമ്പനി സിങ്ക്, കാഡ്മിയം, സൾഫ്യൂരിക് ആസിഡ് എന്നിവയുടെ നിർമ്മാണമാണ് ഈ സ്ഥാപനത്തിൽ നടത്തിവരുന്നത്. 38,000 ടൺ ഉത്പാദനശേഷിയുള്ള കമ്പനി ആയതിന്റെ 90 ശതമാനം ഉത്പാദനശേഷിയിൽ പ്രവർത്തിച്ചുവന്നിരുന്നു. സിങ്ക് സൾഫൈഡിൽനിന്നും സിങ്ക് മെറ്റൽ വേർതിരിച്ചെടുക്കുന്ന പ്രവർത്തനം വളരെയധികം വൈദ്യുതി വേണ്ടിവരുന്നതാണ്. 2011-13 കാലഘട്ടത്തിൽ വൈദ്യുതി താരിഫിൽ വന്ന വർദ്ധനവാണ് യൂണിറ്റിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാന കാരണം. വൈദ്യുതി നിരക്ക് വർദ്ധനമൂലം ഉത്പാദനച്ചെലവ് കൂടുകയും സിങ്ക് മെറ്റലിന്റെ വില കുറഞ്ഞതുമൂലം കമ്പനിയുടെ വരുമാനത്തിൽ കുറവ് സംഭവിക്കുകയും ചെയ്തു. അതോടെ 2014 മാർച്ച് 27 മുതൽ കമ്പനി ഉത്പാദനം നിർത്തിവച്ചു. ടെക്നിക്കൽ, മാനേജർ തലങ്ങളിൽ ഏകദേശം 80 ജീവനക്കാരും മറ്റ് സ്ഥിരം ജീവനക്കാരായി ഏകദേശം 250 ജീവനക്കാരും പ്രസ്തുത കമ്പനിയിൽ പ്രവർത്തിച്ചുവന്നിരുന്നു. ആയതിൽ ടെക്നിക്കൽ, മാനേജർ തലങ്ങളിലുള്ളവരെ കമ്പനി ഒഴിവാക്കിയിട്ടുള്ളതാണ്. മറ്റ് സ്ഥിരം ജീവനക്കാരെ പിരിച്ചുവിട്ടിട്ടില്ല. എങ്കിലും അവർക്ക് 2015 ജൂൺ വരെ മാത്രമേ ശമ്പളം കൊടുത്തിട്ടുള്ളൂ. കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ബി.ഐ.എഫ്.ആർ. മുമ്പാകെ 2014-ൽ ആപ്ലിക്കേഷൻ ഫയൽ ചെയ്യുകയും ഒരു റിഹാബിലിറ്റേഷൻ പദ്ധതി സമർപ്പിക്കുകയും ചെയ്തിരുന്നെങ്കിലും നാളിതുവരെ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. നിലവിൽ സിങ്ക് നിർമ്മാണത്തിനു പ്ലാന്റ് പ്രവർത്തിപ്പിക്കുവാൻ കമ്പനിക്ക് കഴിയില്ല. ആയതിനാൽ മറ്റു പുനരുദ്ധാരണ പദ്ധതികൾക്കായി കമ്പനി ഒരു ടെക്നോ-എക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി മുംബൈ ഓഫീസ് മുഖാന്തരം നടത്തിവരുന്നു. ഈ പഠനം പൂർത്തിയായാലുടൻ സർക്കാർ അനുമതിയോടെ ആയത് നടപ്പിലാക്കാൻ കമ്പനി ശ്രമിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## (4) ഉപ്പുവെള്ളം കയറി കൃഷിനാശം

ശ്രീ. ആർ. രാമചന്ദ്രൻ : സർ, കേരളത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ കൃഷി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഗവൺമെന്റ് സമീപനം പ്രശംസനീയമാണ്. എന്റെ മണ്ഡലത്തിലെ 12 ചതുരശ്ര കിലോമീറ്റർ പ്രദേശത്തുനിന്ന് മുപ്പതിലധികം തോടുകൾ ടി. എസ്. കനാലിലേയ്ക്ക് ഒഴുകുന്നുണ്ട്. ടി.എസ്. കനാൽ ഇന്ന് ദേശീയ ജല പാതയുടെ ഭാഗമാണ്. വേലിയേറ്റ സമയത്ത് ടി. എസ്. കനാലിലെ ഉപ്പുവെള്ളം കരയിലേക്ക് കയറാറുണ്ട്. ഹെക്ടറുകണക്കിന് നെൽ വയലുകളും പുരയിടങ്ങളും കൃഷിക്കനുയോജ്യമല്ലാതായി മാറിയിട്ട് വർഷങ്ങൾ ഏറയെയായി. മുൻകാലങ്ങളിൽ ഈ തോടുകളിൽ ചീപ്പുകൾ നിർമ്മിച്ച് ഓരുവെള്ളത്തെ തടയുന്ന ഒരു പ്രവണതയുണ്ടായിരുന്നു. അന്ന് ഈ ഭൂമി മുഴുവൻ കൃഷി ചെയ്യുന്ന സ്ഥിതിയുമുണ്ടായിരുന്നു. എന്നാൽ ആ ചീപ്പുകളെല്ലാം കാലപ്പഴക്കം കൊണ്ട് നശിച്ച് നാമാവശേഷമായി. പകരം സംവിധാനം ഉണ്ടാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കൃഷി വകുപ്പും ജലസേചന വകുപ്പും സംയുക്തമായി തോടുകളിൽ ചീപ്പുകൾ നിർമ്മിക്കാനും ഷട്ടറുകൾ സ്ഥാപിക്കാനും തയ്യാറായാൽ ഗവൺമെന്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുന്ന രീതിയിൽ നിരവധി മേഖലകളിൽ പുതുതായി കൃഷി ആരംഭിക്കാനാകും. അത് ആ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും സഹായകരമായിത്തീരും. അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെയും കുലശേഖരപുരം, ആലപ്പാട്, ക്ലാപ്പന എന്നീ ഗ്രാമ പഞ്ചായത്തുകളിലെയും ടി.എസ്. കനാലിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ വേലിയേറ്റ സമയത്തും മഴക്കാലത്തും ഉപ്പുവെള്ളം കയറുന്നതുമൂലം കൃഷിനാശം സംഭവിക്കുന്നുണ്ട്. കാലാകാലങ്ങളായി വെള്ളം കെട്ടിക്കിടന്ന് ഈ പ്രദേശങ്ങളിലെ 10 ഹെക്ടറോളം വരുന്ന സ്ഥലം ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ക്ലാപ്പന പഞ്ചായത്തിലൂടെയാണ് ടി.എസ്. കനാൽ പ്രധാനമായും കടന്നുപോകുന്നത്. കനാൽ കൈവഴികളിൽ പല ഭാഗങ്ങളിലായി ഷട്ടർ നിർമ്മിച്ചിട്ടുണ്ടെങ്കിലും നിർമ്മാണത്തിലുള്ള അപാകത മൂലം പല സ്ഥലങ്ങളിലും ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നുണ്ട്.

കനാലിൽനിന്നും വെള്ളം കയറുന്ന പ്രദേശങ്ങളിൽ ഷട്ടർ സ്ഥാപിച്ചാൽ ഉപ്പുവെള്ളം കയറുന്നത് ഒരളവുവരെ പ്രതിരോധിക്കാൻ സാധിക്കും. ജലവിഭവ വകുപ്പാണ് കനാലിന് കുറുകെ ഷട്ടർ നിർമ്മിക്കേണ്ടത്. ശാസ്ത്രീയമായ രീതിയിൽ ഷട്ടർ നിർമ്മാണം പൂർത്തിയാക്കുന്നപക്ഷം 10 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനാവുന്നതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലവിഭവ വകുപ്പുമായി സഹകരിച്ച് ഷട്ടർ നിർമ്മാണം പൂർത്തിയാക്കുന്നതാണ്.

## (5) സ്പോർട്സ് താരത്തിന്റെ ആത്മഹത്യ

ശ്രീ. പി. സി. ജോർജ് : സർ, ഇന്ന് മലയാള മനോരമ പത്രത്തിന്റെ ആദ്യ പേജിൽ വന്ന വാർത്തയാണ്. 'ജോലി ലഭിച്ചില്ല, ദേശീയ ഗുസ്തി താരം ജീവനൊടുക്കിയ നിലയിൽ'. എല്ലാ പത്രങ്ങളിലും പ്രാധാന്യത്തോടെ വന്ന വാർത്തയാണ്. എന്റെ നിയോജക മണ്ഡലത്തിൽ, എന്റെ വീട്ടിൽനിന്ന് 2 കിലോമീറ്റർ മാത്രം അകലെയുള്ള പി. എസ്. സുമേഷ് എന്ന ചെറുപ്പക്കാരൻ തൂങ്ങി മരിച്ചിരിക്കുന്നു. അദ്ദേഹത്തിന് ഭാര്യയും ഒരു കുഞ്ഞുമുണ്ട്. സംസ്ഥാന സ്കൂൾ കായിക മേളയിൽ 5 വർഷവും അടുപ്പിച്ച് സ്വർണ്ണമെഡൽ നേടിയ ആളാണ് ഈ ചെറുപ്പക്കാരൻ. മാത്രമല്ല, ദേശീയ ഗെയിംസിലും പങ്കെടുത്തിട്ടുണ്ട്. ഒരു ജോലിക്കുവേണ്ടി മുട്ടാത്ത വാതിലുകളില്ല. മാറിമാറി വരുന്ന സർക്കാരുകൾ സ്പോർട്സ് താരങ്ങൾക്ക് കൊടുക്കുന്ന വാക്കുകളൊന്നും പാലിക്കാറില്ല. നാഷണൽ ഗെയിംസിൽ പങ്കെടുക്കുന്നവർക്ക് ജോലി കൊടുക്കുമെന്ന് ഇവിടെ പ്രഖ്യാപിച്ചിരുന്നു. പക്ഷേ ഒരാൾക്കും ജോലി കൊടുത്തിട്ടില്ല. സെക്രട്ടേറിയറ്റിൽ 50 സ്പോർട്സ് താരങ്ങൾക്ക് ജോലികൊടുക്കുമെന്നു പറഞ്ഞു. 5 വർഷമായി ഒരാൾക്കു പോലും ജോലി കൊടുത്തിട്ടില്ല.

1996-ൽ 10-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽ ഇക്കാര്യം ചർച്ചയ്ക്കുവന്നു. വളരെ ശക്തമായ നിലപാട് സ്വീകരിക്കുമെന്ന് അന്ന് സ്പോർട്സ് വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെ ആ സമയത്ത് കുറച്ച് സ്പോർട്സ് താരങ്ങളെ നിയമിക്കാൻ കഴിഞ്ഞു. അതിനുശേഷം ഒരു നിയമനവും നടന്നില്ല. മരിച്ച പി. എസ്. സുമേഷിന്റെ പ്രത്യേകത, അദ്ദേഹത്തിന്റെ 4 സഹോദരങ്ങളും ഇതുപോലെ സ്പോർട്സ് താരങ്ങളാണ്. എല്ലാവരും ജോലിയില്ലാതെ വിഷമിക്കുകയാണ്. സ്പോർട്സ് താരങ്ങളെ എന്തുകൊണ്ടിങ്ങനെ ആത്മഹത്യയിലേക്ക് പറഞ്ഞയയ്ക്കുന്നു. ഈ സർക്കാരെങ്കിലും ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുമോ; സെക്രട്ടേറിയറ്റിലെ

നിയമനത്തിൽ സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാമോ; നാഷണൽ ഗെയിംസിൽ നേട്ടം കൈവരിച്ചാൽ ജോലികൊടുക്കുമെന്ന് പറഞ്ഞു. ഇതുവരേയും ജോലി കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ദയവായി ഇടപെടുമോ; ആത്മഹത്യ ചെയ്ത പി. എസ്. സുമേഷ് എന്ന ചെറുപ്പക്കാരന്റെ ഭാര്യ രശ്മിക്കും ഏകമകൾ നിയയ്ക്കും ആശ്വാസമായി 10 ലക്ഷം രൂപയെങ്കിലും കൊടുക്കാനുള്ള സന്മനസ്സ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകടിപ്പിക്കുമോ എന്നാണ് അറിയേണ്ടത്. ഇനിയും കേരളത്തിൽ ഇതുപോലുള്ള ആത്മഹത്യകൾ നടക്കരുത്. പിണറായി സർക്കാരിന്റെ കാലത്തെങ്കിലും ആത്മഹത്യകൾ നടക്കില്ലെന്ന് ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിയുമോ എന്നതാണ് എന്റെ ചോദ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇന്നത്തെ പത്രവാർത്ത ആരിലും വലിയ മാനസിക പ്രയാസമുണ്ടാക്കുന്ന ഒന്നാണ്. പൂഞ്ഞാർ നടുഭാഗം വില്ലേജിൽ പുത്തൻപറമ്പിൽ വീട്ടിൽ പി. എസ്. സുമേഷ് എന്ന ഗുസ്തിതാരത്തെ 6-11-2016-ന് ഉച്ചയ്ക്ക് ഒരു മണിയോടെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ഈ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ആത്മഹത്യയിലേക്ക് നയിക്കപ്പെട്ട കാര്യങ്ങൾകൂടി പോലീസ് പരിശോധിക്കും. പി. എസ്. സുമേഷ് 5 വർഷം തുടർച്ചയായി സ്കൂൾ കായിക മേളയിൽ ഗുസ്തിയിൽ സ്വർണ്ണ മെഡൽ നേടിയിട്ടുണ്ട്. ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ 3 വർഷം എം.ജി യൂണിവേഴ്സിറ്റിയിൽ ഗുസ്തി ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയിട്ടുണ്ട്. മിശ്ര വിവാഹിതനാണ്. രണ്ട് വയസ്സുള്ള ഒരു പെൺകുട്ടിയുണ്ട്. ടിയാന്റെ ജോലി അപേക്ഷ സംബന്ധിച്ച കാര്യങ്ങളിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച മാത്രമേ വിവരങ്ങൾ നൽകുവാൻ കഴിയുകയുള്ളൂ. എന്നാൽ ബഹുമാന്യനായ അംഗം പറഞ്ഞ ഒരുകാര്യം വസ്തുതയാണ്. ജോലി ലഭിക്കുമെന്ന് ധരിച്ചുനിൽക്കുന്ന ഒട്ടേറെ പ്രശസ്തരായ കായിക താരങ്ങളുണ്ട്. അവർ പലപ്പോഴും ജോലി കിട്ടാതെ നിരാശപ്പെടുന്ന അവസ്ഥയുണ്ട്. ചിലർ സർക്കാരിന്റെ മുന്നിൽ നിവേദനവുമായി വന്നിരുന്നു. ചില കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അവർക്ക് എങ്ങനെ ജോലി കൊടുക്കാൻ കഴിയുമെന്ന കാര്യം ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. പി. എസ്. സുമേഷിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. കുടുംബത്തിന്റെ സാഹചര്യം കണക്കിലെടുത്ത് ഉചിതമായ തീരുമാനം ഇക്കാര്യത്തിൽ കൈക്കൊള്ളുന്നതാണ്.

## (6) ഒ. ബി. സി. സംവരണം പുനഃസ്ഥാപിക്കൽ

ശ്രീ. ഷാഫി പറമ്പിൽ : സർ, ശൈവ വെള്ളാള സമുദായത്തിനും അതിന്റെ അവാന്തര വിഭാഗത്തിൽപ്പെട്ട ജാതികൾക്കും 1965-ലെ കെ.പി.സി.ആർ. പ്രകാരം നഷ്ടപ്പെട്ട ഒ.ബി.സി. സംവരണാനുകൂല്യം പുനഃസ്ഥാപിച്ചു കിട്ടുവാനുള്ള ഒരു സബ്മിഷനാണ് ഇത്. ഐക്യ കേരളം നിലവിൽ വന്നതിനുശേഷം 1965 വരെ ശൈവ വെള്ളാള സമുദായത്തിന് സർക്കാർ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ജോലി സംവരണവും വിദ്യാഭ്യാസ സംവരണവും നൽകിവന്നിരുന്നു. എന്നാൽ 1965-ൽ ജസ്റ്റിസ് ജി. കുമാരപിള്ള കമ്മീഷൻ ഈ സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽനിന്നും എടുത്തുമാറ്റി വിദ്യാഭ്യാസ സംവരണം മാത്രം അർഹരായവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. പക്ഷേ ഇപ്പോൾ ആ ആനുകൂല്യവും നിഷേധിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. മാത്രമല്ല വില്ലേജ് ഓഫീസുകളിൽനിന്ന് ജാതി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ ശൈവ വെള്ളാള എന്ന ജാതിക്കും അതിന്റെ അവാന്തര വിഭാഗത്തിൽപ്പെട്ട ജാതിക്കും വിദ്യാഭ്യാസ ആനുകൂല്യത്തിനുമാത്രം അർഹമായ ജാതിയാണ് എന്ന കാര്യം പോലും രേഖപ്പെടുത്തിക്കൊടുക്കുന്നില്ല എന്നത് ആ സമുദായത്തെ സംബന്ധിച്ച് വളരെ സങ്കടകരമായ അവസ്ഥ ഉണ്ടാക്കുന്നു. അങ്ങുതന്നെ ഉദ്ഘാടകനായി പങ്കെടുത്ത അവരുടെ സംസ്ഥാന സമ്മേളനത്തിൽ ഇക്കാര്യത്തെ സംബന്ധിച്ച് അവർ പ്രമേയമായി അങ്ങയോട് അവതരിപ്പിച്ചിരുന്നതാണ്. മലബാർ മേഖലയിൽ പിള്ള എന്ന പേരിലാണ് ഈ സമുദായത്തിൽപ്പെടുന്നവർ അറിയപ്പെടുന്നത്. ഇതിന്റെ അവാന്തര വിഭാഗത്തിൽപ്പെട്ട ജാതികളാണ് പിള്ളൈ, ഹിന്ദു പിള്ളൈ, വെള്ളാള പിള്ളൈ, തമിഴ് പിള്ളൈ, പാണ്ടിയ വെള്ളാള, ചോഴിയ വെള്ളാള എന്നീ ജാതികൾ. വിദ്യാർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കറ്റുകളിലും ഈ പേരിലാണ് ജാതി രേഖപ്പെടുത്തിയിരുന്നത്. എന്നാൽ മേൽപ്പറഞ്ഞവ എല്ലാംതന്നെ ശൈവ വെള്ളാള എന്ന ജാതിയുടെ അവാന്തര വിഭാഗത്തിൽപ്പെട്ടവയാണ് എന്ന കാര്യവും അവയെല്ലാം തമിഴ്നാട്ടിൽ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുള്ള കാര്യവും അങ്ങേയ്ക്ക് അറിയാവുന്നതാണ്. സാമൂഹ്യപരവും സാമ്പത്തികപരവും വിദ്യാഭ്യാസപരവുമായി വളരെ പിന്നോക്കം നിൽക്കുന്ന സമുദായമാണെന്ന് പാലക്കാട്ടുള്ളവർക്ക്, പ്രത്യേകിച്ച് നമുക്ക് ബോധ്യമുള്ളതാണ്. ഇവർക്ക് കേന്ദ്ര സർക്കാർ നൽകിവരുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾപോലും ഇപ്പോൾ നിഷേധിക്കപ്പെടുന്നൊരു സാഹചര്യമാണ്. ആയതിനാൽ ഈ സമുദായത്തിന്റെയും അതിന്റെ അവാന്തര വിഭാഗത്തിൽപ്പെട്ടവർക്കും ശൈവ വെള്ളാള എന്ന ജാതി സർട്ടിഫിക്കറ്റ്

ലഭിക്കുവാനും അവരെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ഇത്തരം കാര്യങ്ങൾ വരുമ്പോൾ നടപടിക്രമങ്ങളിലുണ്ടാകുന്ന അനന്തമായ കാലതാമസം അർഹരായ മറ്റു പലർക്കും പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് അടിയന്തരമായി പരിഹരിക്കാനും ഇത്തരം പ്രശ്നങ്ങളിൽ മറ്റ് സമുദായങ്ങളും സമർപ്പിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനും നടപടി എടുക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഇത് ഒരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. 21-10-2016-ന് നോട്ടീസ് തന്നതായിരുന്നു. അന്ന് അദ്ദേഹം ഉണ്ടായിരുന്നില്ല എന്നുതോന്നുന്നു. ശൈവ വെള്ളാള സമുദായം മറ്റു പിന്നോക്ക സമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നില്ല. 1998-ൽ കേരള വെള്ളാള മഹാസഭ എല്ലാ വെള്ളാള വിഭാഗത്തേയും പിന്നോക്ക വിഭാഗ ലിസ്റ്റിലുള്ള ചെട്ടി സമുദായത്തോടൊപ്പം ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ വിശദമായി പഠിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണഘടന, ആർട്ടിക്കിൾ 16 (4) പ്രകാരം പ്രസ്തുത വിഭാഗത്തെ ഉൾപ്പെടുത്താൻ നിർവാഹമില്ല എന്ന് കമ്മീഷൻ കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 9/98 എസ്.സി. എസ്.ടി. ഡി.ഡി. തീയതി 12-2-1998 പ്രകാരം ഈ വിഭാഗത്തെ പിന്നാക്ക വിഭാഗം ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നുതീരുമാനിച്ചു. അതിനുശേഷവും ശൈവ വെള്ളാള സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് ലഭിച്ചുകൊണ്ടിരുന്നു. പ്രസ്തുത ആവശ്യത്തെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 2-11-2011 തീയതി 1412/സി/2008 കേരള സ്റ്റേറ്റ് ബാക്ക്‌വേർഡ് കമ്മീഷൻ നമ്പർ കത്തുപ്രകാരം കമ്മീഷൻ കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കിർത്താഡ്സിന്റെ റിപ്പോർട്ടും കമ്മീഷന്റെ ശിപാർശയും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സർക്കാരിന് കഴിയുകയുള്ളൂ. കെ.പി.സി.ആർ. പ്രകാരമുള്ള ആനുകൂല്യവും ഒ.ബി.സി. സംവരണാനുകൂല്യവും ഈ വിഭാഗത്തിന് ലഭിക്കണമെങ്കിൽ പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ട്

അനിവാര്യമാണ്. ഈ സമൂഹത്തെ സംബന്ധിച്ച് എനിക്കും നേരിട്ട് അറിയാവുന്ന കാര്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യും ഞാനും ഒരു ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തതാണ്. ഇത് അർഹതപ്പെട്ടതാണ്. പക്ഷേ കിർത്താഡ്സ് നരവംശ ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. അതുപോലെ പിന്നോക്ക വിഭാഗ കമ്മീഷനും ഒരു പ്രധാനപ്പെട്ട സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. അതിൽ സർക്കാരിന് നേരിട്ട് ഇടപെട്ട് ഒരു ശിപാർശ കൊടുത്ത് ഫൈന്റിംഗ്സ് വാങ്ങാൻ പറ്റുന്നതല്ല. പക്ഷേ ഇത് വളരെ ജന്യുവിൻ ആയിട്ടുള്ളതാണ്. ഇക്കാര്യം പിന്നോക്കവിഭാഗ കമ്മീഷൻ പരിശോധിക്കണമെന്ന് ഈ സബ്മിഷന്റെ ഭാഗമായി നിർദ്ദേശം കൊടുക്കുന്നതായിരിക്കും. കിർത്താഡ്സിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. ഇതേ രൂപത്തിലുള്ള പ്രശ്നം പാലക്കാട്ടെ തണ്ടാൻമാർക്കും ഉണ്ടായിരുന്നു. അത് പരിഹരിച്ചതാണ്. ഇത് പരിഹരിക്കാൻ സാധിക്കാത്ത പ്രശ്നമായി എനിക്ക് തോന്നുന്നില്ല. രണ്ട് റിപ്പോർട്ടും അനുകൂലമായി വന്നാൽ ഈ വിഭാഗത്തിന് ഗുണം ചെയ്യാൻ നമുക്ക് സാധിക്കും.

11.00 AM]

## (7) ശ്മശാന ഭൂമിക്ക് സംരക്ഷണം

<u>ശ്രീമതി സി. കെ. ആശ</u> : സർ, കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനു മുൻപ് പട്ടികജാതി വിഭാഗങ്ങൾക്ക് തല ചായ്ക്കാൻപോലും ഇടമില്ലാതിരുന്ന അവസരത്തിൽ ഈ വിഭാഗത്തിൽപ്പെടുന്ന ഒരാൾ മരണമടഞ്ഞാൽ ശവശരീരം മറവു ചെയ്യാൻ സാധിക്കാതെ, അത് കാക്കയ്ക്കും കഴുകനും കടലിലെറിഞ്ഞ് മൽസ്യങ്ങൾക്കും ഭക്ഷണമായി കൊടുത്തിരുന്ന സാഹചര്യത്തിൽ, രാജാവ് കൽപ്പിച്ച് ഈ വിഭാഗങ്ങൾക്കായി ശ്മശാനഭൂമി പതിച്ചുനൽകിയതായി രേഖകൾ ഉണ്ട്. അതിനുശേഷം സംസ്ഥാനം രൂപീകൃതമായപ്പോൾ ഈ ഭൂമി സർക്കാർ ഏറ്റെടുത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ മരണാനന്തര ചടങ്ങുകൾ നിർവ്വഹിക്കുന്നതിനായി പട്ടികജാതി വകുപ്പിനെ ഏൽപ്പിച്ചു. എന്നാൽ ഇന്ന് ഈ ഭൂമി പലസ്ഥലങ്ങളിലും അന്യാധീനപ്പെട്ട് പോകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിടിച്ചെടുത്ത് ആധുനികരീതിയിലുള്ള പൊതുശ്മശാനം നിർമ്മിക്കുന്നതിനായി ശ്രമം നടത്തുകയും ചെയ്യുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. ഉദാഹരണത്തിന് ഏറ്റുമാനൂർ വില്ലേജിൽ പേരൂരിൽ സ്ഥിതി ചെയ്യുന്ന പട്ടികജാതിക്കാരുടെ ശ്മശാനഭൂമി ഏറ്റുമാനൂർ മുനിസിപ്പാലിറ്റി പിടിച്ചെടുത്ത് ആധുനിക ശ്മശാനം സ്ഥാപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരമൊരു

സാഹചര്യം ഉണ്ടായാൽ ആധുനിക ശ്മശാനത്തിൽ ശവസംസ്കാര ചടങ്ങിനാവശ്യമായ ഫീസ് പാവപ്പെട്ട പട്ടികജാതിക്കാരൻ നൽകേണ്ടിവരും. അതല്ലെങ്കിൽ കുടികിടപ്പ് അവകാശത്തിലൂടെ ലഭിച്ച ഭൂമിയിലും കോളനികളിലും ലക്ഷംവീടുകളിലും താമസിക്കുന്ന പട്ടികജാതി വിഭാഗത്തിന് സ്വന്തം അടുക്കള തോണ്ടി ശവം മറവുചെയ്യേണ്ട അവസ്ഥ സംജാതമാകും. ആയതിനാൽ സർക്കാർ അടിയന്തരമായി ഇടപെട്ട് ഇത്തരത്തിലുള്ള ശ്മശാനഭൂമികൾ ആ വിഭാഗത്തിന് മാത്രമായി നൽകുകയും, റീ സർവ്വേ നടത്തി ഭൂമി തിട്ടപ്പെടുത്തി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഇത് ബഹുമാനപ്പെട്ട മെമ്പർ 4-11-2016-ന് ഉന്നയിച്ച കാര്യമാണ്, അന്ന് മെമ്പർ സഭയിൽ ഉണ്ടായിരുന്നില്ല. പട്ടിക വിഭാഗക്കാരുടെ ശവസംസ്കാരം നടത്തുന്നതിനായി സർക്കാർ അനുവദിച്ച ഭൂമി അന്യാധീനപ്പെട്ടു പോകുന്ന സാഹചര്യമുണ്ടെന്നും അവ സംരക്ഷിക്കാൻ നടപടി വേണമെന്നുമാണ് സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നത്. പട്ടികവിഭാഗക്കാർ പരമ്പരാഗതമായി ശവം മറവുചെയ്യുന്ന ശ്മശാനങ്ങൾ കേരളത്തിൽ എല്ലാ പ്രദേശങ്ങളിലുമുണ്ട്. ചിലത് സർക്കാർ ഭൂമിയും ചിലത് പുറമ്പോക്ക് ഭൂമിയും അപൂർവ്വം ചിലത് സാമുദായിക സംഘടനകളുടെ ഉടമസ്ഥതയിൽ ഉള്ളവയുമാണ്. പൊതുവേ കുറച്ചുമാത്രം കൈവശഭൂമി ഉള്ള ഈ വിഭാഗം ജനങ്ങൾക്ക് ശവം മറവു ചെയ്യാൻ പൊതുശ്മശാനങ്ങൾ പൂർണ്ണതോതിൽ നിലനിർത്തേണ്ടത് ആവശ്യമാണ്. ആ നിലയിൽ ഈ സബ്മിഷൻ വളരെ ഗൗരവത്തിൽ ഗവൺമെന്റ് പരിശോധിക്കും. പഞ്ചായത്തീ രാജ്, നഗരപാലികാ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടെ ശ്മശാനങ്ങളുടെ സംരക്ഷണം ഗ്രാമ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. എസ്.സി.പി.-യുടെ 45 ശതമാനവും ടി.എസ്.പി.-യുടെ 25 ശതമാനവും ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകുന്നത്. എന്നാൽ ചില ഗ്രാമ പഞ്ചായത്തുകൾക്ക് ഇത്തരം ശ്മശാനങ്ങൾ സംരക്ഷിക്കുന്നതിന് മതിയായ ഫണ്ട് ലഭ്യമല്ലെന്ന് അറിയിച്ച സാഹചര്യത്തിൽ പ്രോജക്ട് അടിസ്ഥാനത്തിൽ കോർപ്പസ് ഫണ്ടിൽനിന്ന് 10 ലക്ഷം രൂപവരെ അനുവദിച്ചിട്ടുണ്ട്. ആ തുക ഇനിയും വർദ്ധിപ്പിക്കണമെങ്കിൽ വർദ്ധിപ്പിക്കാം. ഇത്തരം ശ്മശാനങ്ങളുടെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തിയാൽ സർക്കാർ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

## (8) പട്ടയവിതരണം

ശ്രീ. കെ. ജെ. മാക്സി : സർ, ഫോർട്ടുകൊച്ചി സെന്റ് ജോൺ പാട്ടം മിനി കോളനി നിവാസികൾക്ക് അടിയന്തരമായി പട്ടയം വിതരണം ചെയ്യണമെന്ന സബ്മിഷനാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കൊച്ചി നിയോജക മണ്ഡലത്തിലെ ഫോർട്ടുകൊച്ചി വില്ലേജിൽ സെന്റ് ജോൺ പാട്ടം പ്രദേശത്ത് അറബിക്കടലിനോടു ചേർന്ന പ്രദേശത്ത് മിനി കോളനിയിൽ മൽസ്യത്തൊഴിലാളികളുൾപ്പെടെ 64 കുടുംബങ്ങൾ കഴിഞ്ഞ 50 വർഷത്തിലേറെയായി താമസിച്ചുവരികയാണ്. ഏകദേശം 20 വർഷങ്ങൾക്കുമുൻപ് ഇവിടത്തെ കൈവശക്കാർക്ക് കോളനി പണിയുന്നതിന് തറക്കല്ലിടുകയും തുടർന്ന് കൊച്ചി നഗരസഭയുടേയും ജില്ലാഭരണകൂടത്തിന്റേയും സ്വകാര്യവ്യക്തിയുടേയും ധന സഹായത്തോടുകൂടി കോളനി പണിതുനൽകിയിട്ടുള്ളതും വീടുകൾക്ക് കോർപ്പറേഷൻ നമ്പരിട്ട് നൽകിയിട്ടുള്ളതുമാണ്. ഉദ്ദേശം 46.80 ആർ കടൽവെച്ച പുതുവൽ ഭൂമി ഉൾപ്പെടുന്ന പ്രസ്തുത കോളനി നിവാസികൾക്ക് പട്ടയം ഇല്ലാത്തതുകൊണ്ടുതന്നെ വീടുനിർമ്മാണ വായ്പയോ മൽസ്യത്തൊഴിലാളികൾക്കും മറ്റ് ഇതര വിഭാഗങ്ങൾക്കുമുള്ള ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. പട്ടയം ലഭിക്കുന്നതിനായി പ്രദേശവാസികൾ നിരവധി തവണ ബന്ധപ്പെട്ട തഹസീൽദാർ വഴി കളക്ടർ മുഖാന്തിരം സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രദേശം സർവ്വേ ചെയ്തിട്ടില്ലാത്തതും റവന്യൂ റിക്കാർഡുകളിൽ ചേർത്തിട്ടില്ലാത്തതുമായ കടൽവെപ്പ് പുറമ്പോക്ക് ഭൂമിയായതുകൊണ്ട് സർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. എന്നാൽ ഈ കാര്യത്തിൽ ദീർഘമായ കാലതാമസമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒരു പ്രദേശത്തെ മുഴുവൻ ജനവിഭാഗത്തേയും പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കൊച്ചി താലൂക്കിലെ ഫോർട്ടുകൊച്ചി വില്ലേജിൽ ഇത്തരം ഒരു കോളനിയും വീടുകളും ഉള്ളത് ശരിയാണ്. പക്ഷേ റവന്യൂ വകുപ്പിനെ സംബന്ധിച്ചിടത്തോളം ആ ഭൂമിക്ക് പട്ടയമോ കൈവശരേഖയോ നൽകുന്നതിന് നിയമപരമായി യാതൊരു സാധ്യതയുമില്ലാത്തതാണ്. കൊച്ചി താലൂക്കിൽ ഫോർട്ടുകൊച്ചി വില്ലേജിൽ സെന്റ് ജോൺ പാട്ടം പ്രദേശത്ത് അറബിക്കടലിന്റെ തീരത്തോടു ചേർന്ന ഭാഗത്ത് കടൽവെപ്പ് ഭൂമിയിൽ ഉദ്ദേശം 50 വർഷത്തിലധികമായി 64 കുടുംബങ്ങൾ

താമസിച്ചു വരുന്നു. ഏകദേശം 20 വർഷങ്ങൾക്കുമുൻപ് കൈവശക്കാർക്ക് കോളനി പണിതുനൽകുന്നതിന് തറക്കല്ലിടുകയും കൊച്ചി കോർപ്പറേഷൻ കോളനി പണിത് നൽകിയിട്ടുള്ളതുമാണ്. വീടുകൾക്ക് കോർപ്പറേഷൻ നമ്പരിട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത കോളനി സ്ഥലം ഉദ്ദേശം 46.82 ആർ ഭൂമി കടൽവെച്ച പുതുവൽ ഭൂമിയും ആയത് സർവ്വേ ചെയ്തിട്ടില്ലാത്തതും റവന്യൂ റിക്കാർഡുകളിൽ ചേർത്തിട്ടില്ലാത്തതുമാണ്. ഈ സ്ഥലം കടൽഭിത്തിയിൽനിന്ന് 7 മുതൽ 44 മീറ്റർ വരെ അകലത്തിൽ സ്ഥിതി ചെയ്യുന്നതും രൂക്ഷമായ കടൽക്ഷോഭത്തിന് ഇരയാകുന്നതും തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നതും 26-11-2006-ലെ ഷിപ്പിംഗ് മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ പ്രകാരം കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിൽ വരുന്ന സ്ഥലവുമാണ്. ഈ സ്ഥലത്ത് സർവ്വേ നടപടികൾ നടത്തണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. മാത്രമല്ല കടൽവെപ്പ് ഭൂമി എന്നത് കഡസ്റ്റൽ സർവ്വേ പ്രകാരമുള്ള കേരളത്തിന്റെ വിസ്തീർണ്ണത്തിന് പുറത്തുള്ള വിസ്തീർണ്ണവുമാണ്. ഈ സാഹചര്യത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂമിയിൽ പട്ടയമോ കൈവശരേഖയോ നൽകാൻ റവന്യൂ വകുപ്പിന് അധികാരമില്ല.

### (9) താനൂർ സി.എച്ച്.സി.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, താനൂർ തീരദേശത്ത് പതിനായിരത്തോളം മൽസ്യത്തൊഴിലാളി കുടുംബങ്ങളാണുള്ളത്. കൂടാതെ 25000-ത്തോളം വരുന്ന മറ്റു വിഭാഗത്തിലെ ആളുകളും അവിടെ താമസിക്കുന്നുണ്ട്. താനൂർ സി.എച്ച്.സി. യാതൊരു സൗകര്യവുമില്ലാത്ത ഒരു ആശുപത്രിയായി നിലനിൽക്കുകയാണ്. അവിടത്തെ പ്രസവവാർഡുകൾ ഏകദേശം രണ്ടുവർഷമായി പ്രവർത്തിക്കുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തു നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനോ നടപ്പിലാക്കാനോ കഴിഞ്ഞിട്ടില്ല. താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രിയായി ഉയർത്താൻ സാദ്ധ്യത ഏറെയുള്ള ഒരു കേന്ദ്രമാണ്. ആവശ്യാനുസരണം ഭൂമി സ്വന്തമായി ഉള്ള ഒരു കേന്ദ്രം കൂടിയാണിത്. വിവിധ പ്രദേശങ്ങളിൽ നിന്നും രോഗികൾക്ക് എളുപ്പത്തിൽ എത്തിച്ചേരാനുള്ള സൗകര്യവും ഇവിടെയുണ്ട്. ജനങ്ങൾക്ക് ഈ കേന്ദ്രമല്ലാതെ മറ്റൊരു ആശ്രയമില്ല. തീരദേശത്ത് ആരോഗ്യ പ്രശ്നങ്ങൾ, പ്രത്യേകിച്ച് പകർച്ചവ്യാധികളോ മഴക്കാല രോഗങ്ങളോ വ്യാപിക്കുമ്പോൾ എളുപ്പത്തിലും ഫലപ്രദമായും അവയെ നേരിടാൻ പര്യാപ്തമായ ഒരു കേന്ദ്രമാക്കി ഇതിനെ മാറ്റേണ്ടതുണ്ട്. താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് കിടത്തിച്ചികിത്സയ്ക്ക് ആവശ്യമായ

വാർഡിനായി കെട്ടിടം നിർമ്മിക്കാനുള്ള അനുവാദം തീരദേശ കോർപ്പറേഷനിൽ നിന്നും കിട്ടിയിട്ടുണ്ട്. അതിനാവശ്യമായ തുക വകയിരുത്തിയതായിട്ടാണ് അറിയാൻ കഴിഞ്ഞത്. ആയതിനാൽ താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ആവശ്യമായ സ്റ്റാഫുകളും ബ്ലഡ് ബാങ്കുമുള്ള താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്നതാണ് എന്റെ ആവശ്യം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 1999-ലെ ഒരു ഉത്തരവുപ്രകാരമാണ് താനൂർ പി.എച്ച്.സി.-യെ സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 42-ഉം, പ്രതിദിന ഒ.പി. ശരാശരി 500-ഉം, ഐ.പി. 20-ഉം ആണ്. നിലവിൽ 5 അസിസ്റ്റന്റ് സർജൻമാരുടെ സേവനമാണ് ഈ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളത്. ആശുപത്രിയുടെ 20 കിലോമീറ്റർ ചുറ്റളവിലായി തിരൂർ ജില്ലാ ആശുപത്രി, തിരൂരങ്ങാടി താലൂക്ക് ആശുപത്രി, വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രം, വെട്ടം സാമൂഹികാരോഗ്യ കേന്ദ്രം എന്നിവ സ്ഥിതി ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് കൊണ്ടുവന്ന സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ച് ഒരു പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ, ഒരു വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി., റവന്യൂ താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി, ജില്ലയിൽ നിലവിലുള്ള ഡിസ്ട്രിക്റ്റ് ഹോസ്പിറ്റലും ജനറൽ ഹോസ്പിറ്റലും എന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. അത് മെച്ചപ്പെടുത്തി ഏറ്റവും ആധുനികമായ രീതിയിൽ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്ന സമീപനം പൊതുവേ സർക്കാർ അംഗീകരിക്കുന്നില്ല. എന്നാൽ പുതുതായി രൂപംകൊണ്ട ചില താലൂക്കുകളിൽ താലൂക്ക് ആശുപത്രി ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താനൂർ ഉൾക്കൊള്ളുന്ന റവന്യൂ താലൂക്കിൽ മറ്റു താലൂക്ക് ആശുപത്രികൾ ഇല്ല എന്നുള്ള രേഖകൾ ലഭ്യമാകുന്നതോടെപ്പം ആ താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി വേണം എന്നുള്ള പരിഗണനയിൽ താനൂർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഇവിടെ ഒഴിവുള്ള പോസ്റ്റ് നികത്താൻ അടിയന്തര നടപടി സ്വീകരിക്കും. പുതിയ പോസ്റ്റ് ക്രിയേഷൻ നടന്നുകഴിഞ്ഞാൽ മാത്രമേ ബാക്കിയുള്ള കാര്യം ആലോചിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പ്രത്യേകതകൾ എല്ലാം ഈ ആശുപത്രിക്കുണ്ട്. അതുകൊണ്ട് ആശുപത്രിക്കാവശ്യമായ തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതിനുള്ള സമാഹൃത പ്രൊപ്പോസലിന്റെ കൂടെ താനൂർ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തുന്നതാണ്.

## (10) നിയമവിരുദ്ധ ചികിത്സാ കേന്ദ്രങ്ങൾ

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, പ്രകൃതി ചികിത്സ, പാരമ്പര്യ ചികിത്സ, നാട്ടുചികിത്സ എന്നീ പേരുകളിൽ നിയമാനുസൃതമല്ലാതെയുള്ള സ്ഥാപനങ്ങളും നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചു വരികയാണ്. ഇത്തരം വ്യാജ ചികിത്സാ കേന്ദ്രങ്ങൾക്കെതിരെ നിരവധി പരാതികൾ ദിനംപ്രതി ഉയരുന്നുണ്ടെങ്കിലും യാതൊരു നിയമനടപടിയും ഉണ്ടാകാത്തതു കൊണ്ടാണ് ഇത്തരം സ്ഥാപനങ്ങൾ വർദ്ധിക്കുന്നത്. നിരവധി മരണങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നാട്ടുവൈദ്യമെന്നും പാരമ്പര്യ ചികിത്സയെന്നുമുള്ള ചില ബോർഡുകൾ വച്ച് അലോപ്പതിയും ഹോമിയോപ്പതിയും ആയുർവ്വേദവും ചികിത്സിക്കുന്ന ചില സ്ഥാപനങ്ങളുണ്ട്. കട്ടപ്പന നിർമ്മലാ സിറ്റിയിൽ ടെൽമാ ഹോമിയോ ക്ലിനിക്കെന്ന പേരിൽ ചികിത്സ നടത്തിയിരുന്ന സ്ഥാപനത്തെ പ്പറ്റിയുള്ള വാർത്ത പത്രമാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതാണ്. ആൽപ്പാറ കുന്നുംപുറത്ത് ടി. സി. സന്തോഷ് എന്ന ഒരു യോഗ്യതയുമില്ലാത്ത വ്യക്തി ഈ സ്ഥാപനത്തിൽ അലോപ്പതിയിലും ഹോമിയോപ്പതിയിലും ആയുർവ്വേദത്തിലും ചികിത്സ നടത്തുന്നുവെന്ന വാർത്തയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതൊരു ഉദാഹരണമാണ്. അതുപോലെ ആയുർവ്വേദ മരുന്നുകളെന്നു പറഞ്ഞുകൊണ്ട് മാർക്കറ്റിൽ എത്തുന്ന പല മരുന്നുകളും മാരകമായ തോതിൽ മയക്കമരുന്നുകളടങ്ങിയതാണ്. പല വ്യാജ സ്ഥാപനങ്ങളിലും ഇത്തരം മരുന്നുകൾ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ആയുർവ്വേദ മരുന്നുകൾ ലഭിക്കാൻ ഡോക്ടർമാരുടെ പ്രിസ്ക്രിപ്ഷൻ ആവശ്യമില്ലെന്നാണ് പറയുന്നത്. കൊച്ചി ആസ്ഥാനമായ 'മൈസൂർ ശങ്കർ ആയുർവ്വേദ ഫാർമസി' എന്ന സ്ഥാപനം മാരകമായ തോതിൽ സിന്തറ്റിക് സ്റ്റിറോയിഡ് അടക്കം മയക്കമരുന്നുകൾ അടങ്ങിയ ആയുർവ്വേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതായി കണ്ടെത്തുകയും പത്രങ്ങളിൽ വാർത്ത വരികയും ചെയ്തതാണ്. കഴിഞ്ഞ മാസം എന്റെ നിയോജകമണ്ഡലത്തിലെ ഒരു അനധികൃത സ്ഥാപനത്തിനെതിരെയുള്ള വാർത്ത ദേശീയ മാധ്യമങ്ങൾവരെ റിപ്പോർട്ട് ചെയ്തതാണ്. ഓപ്പറേഷനോ വേദനയോ ഇല്ലാതെ പ്രസവിക്കാമെന്ന പേരിൽ പരസ്യം നൽകി ഹാബിർ ഹൈദർ എന്ന വ്യക്തി മൂന്ന് വർഷമായി ഒരു സ്ഥാപനം നടത്തുന്നുണ്ട്. ഇദ്ദേഹത്തിന് ആകെയുള്ള യോഗ്യത യോഗയിലുള്ള ഒരു സർട്ടിഫിക്കറ്റും കർണ്ണാടകയിലുള്ള ഒരു സ്ഥാപനത്തിൽ നാൽപ്പത് ദിവസം

പ്രസവം നിരീക്ഷിക്കുകയും ചെയ്യുവെന്നതാണ്. അവിടെ ഒരു പ്രസവത്തിന് അൻപതിനായിരം രൂപ മുതൽ അറുപത്തി അയ്യായിരം രൂപ വരെയാണ് ചെലവ്. 2016-ൽ മാത്രം ഈ സ്ഥാപനത്തിൽ മൂന്ന് മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്നാണ് ഇപ്പോൾ പുറത്തു വന്നിട്ടുള്ളത്. പ്രസവത്തിനായി വരുന്നവരെ വെള്ളത്തിൽ കിടത്തിയാണ് പ്രസവിപ്പിക്കുന്നതെന്നാണ് പറയുന്നത്. 2016 ഒക്ടോബർ 18-ന് എന്റെ മണ്ഡലത്തിലെ ഹസീനയെന്ന യുവതി പ്രസവത്തിനിടെ വളരെ അത്യാസന്ന നിലയിലാകുകയും കുട്ടി മരിക്കുകയും ചെയ്തു. ഈ യുവതിയുടെ ഭർതൃപിതാവ് കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് സംഭവം പുറംലോകം അറിയുന്നത്. ഈ സ്ഥാപനം ലൈസൻസിനുവേണ്ടി പഞ്ചായത്തിനെ സമീപിച്ചപ്പോൾത്തന്നെ ട്രാവൻകൂർ മെഡിക്കൽ കൗൺസിലിന് പഞ്ചായത്ത് കത്തയച്ചെങ്കിലും മറുപടി ലഭിക്കാത്തതിനാൽ ലൈസൻസ് അനുവദിച്ചില്ല. ഈ സ്ഥാപനത്തെപ്പറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചെങ്കിലും ഒരു നടപടിയുമുണ്ടായില്ലെന്ന് പഞ്ചായത്ത് സാക്ഷ്യപ്പെടുത്തുന്നു. ഹസീനയെന്ന യുവതി കോഴിക്കോട് മിംസ് ആശുപത്രിയിൽ ഇപ്പോഴും വളരെ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. മലപ്പുറം ഡി.എം.ഒ.-യും ചൈൽഡ് ഹെൽത്ത് ഓഫീസറും ഈ സ്ഥാപനത്തിനെതിരെ ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് പരാതി നൽകിയെങ്കിലും തുടർനടപടികളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ, കുട്ടി മരിച്ചതിന് അസ്വാഭാവിക മരണത്തിന് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതല്ലാതെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നാട്ടുകാരുടെ പ്രതിഷേധം കാരണം ആ സ്ഥാപനം ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. ഇത് ഒന്നുരണ്ടു ഉദാഹരണങ്ങൾ മാത്രമാണ്. ഇതുപോലെ ധാരാളം സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അത് പരിശോധിക്കുന്നതിനും വ്യാജ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും രോഗികളെ ചികിത്സിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നമ്മുടെ നാട്ടിൽ പ്രകൃതി ചികിത്സ, പാരമ്പര്യ ചികിത്സ, നാട്ടുചികിത്സ തുടങ്ങിയ പേരുകളിൽ നിയമാനുസൃതമല്ലാതെ നടത്തുന്ന ധാരാളം ചികിത്സാ രീതികളും അന്ധവിശ്വാസ ജഡിലമായിട്ടുള്ള പ്രചരണങ്ങളും

നടന്നുകൊണ്ടിരിക്കുകയാണ്. പരാതികൾ കിട്ടുന്ന മുറയ്ക്കാണ് ഇത്തരം വ്യാജ ചികിത്സാ കേന്ദ്രങ്ങൾക്കെതിരെ അന്വേഷണം നടത്തുന്നത്. അത്തരത്തിലുള്ള ചില കാര്യങ്ങൾ അന്വേഷിക്കുകയും ചിലതിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മതിയായ യോഗ്യതയും മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനുമില്ലാതെ ചികിത്സ നടത്തുന്ന ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഇതുസംബന്ധിച്ച് അന്വേഷിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് തുടങ്ങിയ ജില്ലകളിലെ ഓഫീസുകളിൽ റെയ്ഡ് നടത്തുന്നതിന് ഡ്രഗ്സ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. പാരമ്പര്യ വൈദ്യന്മാർ ചികിത്സയ്ക്കല്ലാതെ വിൽപ്പനയ്ക്കുവേണ്ടി ആയുർവ്വേദ ഔഷധങ്ങൾ നിർമ്മിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടാൽ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. മതിയായ യോഗ്യതയില്ലാതെ പൊതുജനങ്ങളെ വഞ്ചിച്ച് ചൂഷണം ചെയ്യുന്നവർക്കെതിരെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, 1953 പ്രകാരമാണ് ഇപ്പോൾ കേസ് രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നത്. ഇവിടെ സൂചിപ്പിച്ചത് വളരെ അപകടകരമായ ഒരു കാര്യമാണ്. വേദനയില്ലാത്ത പ്രസവമെന്നെല്ലാം പറഞ്ഞുകൊണ്ട് തികച്ചും പ്രാകൃതമായിട്ടുള്ള ചികിത്സാരീതികൾ ചിലർ നടത്തുന്നു. ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. ഇതുമൂലം ഒരു കുഞ്ഞുതന്നെ മരിക്കാൻ കാരണമായി. വെള്ളത്തിൽ പ്രസവിക്കുന്നതിലൂടെ ഒരു കുഞ്ഞ് ശ്വാസംമുട്ടി മരിക്കേണ്ടി വരുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്ന സംഭവമല്ല. അതുപോലൊരു സംഭവം കോഴിക്കോട് മെഡിക്കൽ കോളേജിലുമുണ്ടായി. ഒരു വിശ്വാസത്തിന്റെ പേരിൽ പ്രസവിച്ചയുടൻ കുഞ്ഞിന് മുലപ്പാൽ കൊടുക്കരുതെന്നാണ് ഒരാൾ കൽപ്പിച്ചത്. പ്രസവിച്ച കുഞ്ഞിന് ആദ്യ ദിവസം മുലപ്പാൽ കൊടുക്കാൻ പാടില്ലെന്ന് ഒരു മതവും അനുശാസിക്കുന്നില്ല. പ്രസവിച്ചയുടൻ കുഞ്ഞിന് കൊടുക്കേണ്ടത് മുലപ്പാലാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കാര്യമാണ്. അതിലൂടെയാണ് ആ കുഞ്ഞ് രോഗപ്രതിരോധശേഷി ആർജ്ജിക്കുന്നത്. അതുപോലും വിലക്കുകയാണ്. ചില വ്യാജ ചികിത്സയുടെ ഭാഗമായി ആളുകൾ മരിക്കാനിടയായ സംഭവങ്ങളുമുണ്ട്. പൂജാകർമ്മങ്ങൾ ചെയ്ത് ഗർഭിണിയായ ഒരു സ്ത്രീയെ ചികിത്സിച്ചതിന്റെ ഭാഗമായി ആ സ്ത്രീ മരിക്കാനിടയായിട്ടുണ്ട്. വളരെ പ്രാകൃതമായിട്ടാണ് കൊല്ലത്ത് മുമ്പൊരു വ്യാജ സിദ്ധൻ ഒരു യുവതിയെ ചികിത്സിച്ചത്. അവരുടെ ശരീരത്തിൽ ജിന്നോ ഭൂതപ്രേത

പിശാചോ കയറിയിട്ടുണ്ടെന്നു പറഞ്ഞ് ഇരു ഭാഗത്തുമായി രണ്ടുപേർ നിന്ന് വളരെ പൈശാചികമായി ആ സ്ത്രീയുടെ ശരീരത്തെ പീഡിപ്പിക്കുകയായിരുന്നു. എന്നിട്ട് ഭൂതം ഒഴിഞ്ഞുപോകുമ്പോൾ പിടിക്കാനായി ഒരു കുപ്പിയുമായി മുന്നിൽ ഒരാൾ നിൽക്കുകയായിരുന്നു. മൂക്കിൽനിന്നും ശ്വാസം വരുമ്പോൾ പിടിച്ചെടുത്ത് കുപ്പിയിലടയ്ക്കാൻവേണ്ടി. പ്രാണവായുവാണ് പുറത്തേക്ക് പോയത്. ആ സ്ത്രീ മരിച്ചു പോയി. പരിഷ്കൃത കേരളത്തിൽ ഈ രീതിയിലുള്ള പ്രാകൃത നടപടികൾ നടക്കുന്നുവെന്നത് നമുക്കാർക്കും അംഗീകരിക്കാൻ കഴിയുന്ന ഒന്നല്ല. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതു പോലെ ഇതിനെതിരെ ആവശ്യമായ നിയമനിർമ്മാണം തന്നെ നടത്തേണ്ടിയിരിക്കുന്നു. അതിനെപ്പറ്റി സർക്കാർ ഗൗരവായി ആലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കും. ആരോഗ്യത്തിനും ജീവനും ഹാനികരമായ വ്യാജ ചികിത്സയും അന്ധവിശ്വാസ പ്രചരണങ്ങളും നടത്തുന്നതിനെതിരെ കർശന നടപടി ആരോഗ്യ വകുപ്പ് സ്വീകരിക്കുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്. ഈ വിഷയം ഉന്നയിച്ചതിന് ബഹുമാനപ്പെട്ട മെമ്പർക്ക് നന്ദിയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച സ്ഥാപനത്തെക്കുറിച്ച് അടിയന്തരമായി റിപ്പോർട്ട് ആവശ്യപ്പെടുന്നതും കർശന നടപടി സ്വീകരിക്കുന്നതുമാണ്.

## (11) ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, കേരളത്തിലെ കാർഷിക മേഖലയുടെ നട്ടെല്ലായ ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിലെ ക്ഷീര കർഷകർ ഗുരുതരമായ പ്രതിസന്ധിയിലേക്ക് വരാനുണ്ടായ സാഹചര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന് ക്ഷീര കർഷകരുടെ ഒരു നിവേദനവും നൽകിയിട്ടുണ്ട്. അതിനുള്ള പരിഹാര നടപടികൾക്കു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട വിഷയം ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകിയിരുന്ന കാലത്തീറ്റ രണ്ട് മാസമായി മുടങ്ങിയിരിക്കുകയാണ്. ഇതിനുവേണ്ടി ആവിഷ്കരിച്ചിരുന്ന പദ്ധതികൾ ഇപ്പോൾ നിർത്തലാക്കിയതുകൊണ്ട് ക്ഷീര കർഷകർ ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഈ സബ്സിഡി പുനഃസ്ഥാപിക്കാനും കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ കൊടുക്കാനുമുള്ള സാഹചര്യമുണ്ടാകണം. പച്ചപ്പുല്ലിന്റെ ദൗർലഭ്യംമൂലം കർഷകർ പ്രയാസപ്പെടുന്ന സമയമാണ്. അതുകൊണ്ട് ആകെ ആശ്രയിക്കുന്നത് കാലിത്തീറ്റയെയാണ്. കേരളാ ഫീഡ്സ് വഴി സബ്സിഡി നിരക്കിൽ കൊടുത്തുകൊണ്ടിരുന്ന കാലിത്തീറ്റക്ക് ഇപ്പോൾ ഇരട്ടിവിലയാണ്. മറ്റ് സ്വകാര്യ ഏജൻസികളെല്ലാം

കൂടിയ വിലയ്ക്കാണ് കാലിത്തീറ്റ കൊടുക്കുന്നത്. ക്ഷീര കർഷകർക്ക് ഒരു തരത്തിലും പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിരിക്കുകയാണ്. അത് പരിഹരിക്കാൻ സബ്സിഡി നിരക്കിൽ കാലിത്തീറ്റ കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. അതുപോലെതന്നെ പാൽ വിലയുടെ ഇൻസെന്റീവ് പത്ത് രൂപയായി വർദ്ധിപ്പിക്കുക എന്ന ആവശ്യം. വേനൽക്കാലത്ത് ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് രണ്ട് രൂപ എന്ന നിരക്കിൽ ഇൻസെന്റീവ് നൽകിയിരുന്നത് ഇപ്രാവശ്യം കൊടുത്തിട്ടില്ല. ഇത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുള്ള സാഹചര്യം ഗവൺമെന്റ് ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ക്ഷീര കർഷകരുടെ പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കുന്നുവെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മറ്റുള്ളവർക്കെല്ലാം ആയിരം രൂപയായി വർദ്ധിപ്പിച്ചുകഴിഞ്ഞു. ക്ഷീര കർഷകർക്കുമാത്രം 500 രൂപയാണ് പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശ്രീ. കെ. എം. മാണി അത് 750 രൂപയായി വർദ്ധിപ്പിച്ചിരുന്നു. അത് ഇപ്പോൾ ആയിരം രൂപയായി വർദ്ധിപ്പിച്ചത് നല്ല കാര്യമാണ്. ഈ തുക എത്രയും പെട്ടെന്ന് കൊടുക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെ ക്ഷീര കർഷകർക്ക് ഗുണ നിലവാരമില്ലാത്ത സെമൻ കൊടുക്കുന്നത് ഒഴിവാക്കി പ്രത്യുൽപ്പാദനശേഷി കൂടുതലുള്ള സെമൻ കൊടുത്തുകൊണ്ട് ഈ രംഗത്ത് കൂടുതൽ കാലി വർദ്ധന വുണ്ടാക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധന പദ്ധതി തുടങ്ങിയവയെല്ലാം ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. കൃഷിക്കാർ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുമ്പോൾ ക്ഷീര മേഖലയിലേക്ക് കൂടുതൽ ആളുകൾ കടന്നുവരികയാണ്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതമാർഗ്ഗമായി ക്ഷീര മേഖല മാറിയിരിക്കുന്ന സാഹചര്യത്തിൽ അവരെ സംരക്ഷിക്കാൻ കഴിയുന്ന നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി എടുക്കുന്ന പ്രത്യേക താൽപര്യത്തെ ഞാൻ നന്ദിയോടെ ഓർക്കുന്നു. അതുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ക്ഷീര മേഖലയിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അവ പരിഹരിക്കുന്നതിനുവേണ്ടി സജീവമായ ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കാലിത്തീറ്റയുടെ വിലവർദ്ധനവ് ഉൽപ്പാദനച്ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ കാലിത്തീറ്റയ്ക്ക് നൽകുന്ന സബ്സിഡി തുക

വർദ്ധിപ്പിക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്ന സ്കീം നിർത്തലാക്കിയിട്ടില്ല. സ്വകാര്യ മേഖലയിൽ ഇതിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ കേരളാ ഫീഡ്സും മിൽമയും നൽകുന്ന കാലിത്തീറ്റയ്ക്ക് കഴിഞ്ഞ നാല് വർഷമായി വിലവർദ്ധനവ് ഉണ്ടായിട്ടില്ല എന്നതാണ് സത്യം. ആയതിനാൽ പൊതുമേഖലയിൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന കേരളാ ഫീഡ്സും മിൽമയും ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കാലിത്തീറ്റ സബ്സിഡി പൂർണ്ണതോതിൽ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വരുന്ന ഒന്നോ രണ്ടോ മാസങ്ങൾക്കുള്ളിൽ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് കേരളത്തിലെ മുഴുവൻ പശുക്കളെയും ഇൻഷ്വർ ചെയ്യുന്ന പദ്ധതി നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തദ്ദേശസ്വയംഭരണ സ്ഥാപനവും ഈ ഇൻഷ്വറൻസ് പദ്ധതിക്ക് വേണ്ടിവരുന്ന തുക നൽകുന്നതിൽ പങ്ക് വഹിക്കുന്നതാണ്. ഒരു ലക്ഷം പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിന് വേണ്ടിവരുന്ന തുകയുടെ 25 ശതമാനം പഞ്ചായത്ത് വഹിക്കുമെന്ന് കാണിച്ചു കൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് 5-11-2016-ൽ ഇറക്കിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിക്കുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിച്ച തുകയ്ക്കുശേഷം ബാക്കിവരുന്ന 50 ശതമാനം പ്രീമിയം തുകയിൽ 25 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 25 ശതമാനം ഗുണഭോക്താക്കളും വഹിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. അതിനാവശ്യമായ ഉത്തരവ് പുറത്തിറങ്ങിക്കഴിഞ്ഞു. മൊത്തം പശുക്കളെയും വരുന്ന രണ്ട് മാസത്തിനുള്ളിൽത്തന്നെ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇൻഷ്വറൻസ് കമ്പനികളുമായി ഡയറക്ടർ തലത്തിൽ ആവശ്യമായ ചർച്ചകൾ ഇതിനോടകംതന്നെ നടത്തിക്കഴിഞ്ഞു. അടുത്ത രണ്ട് മാസത്തിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. അത് ക്ഷീര കർഷകർക്ക് വളരെ പ്രയോജനകരമായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല. രാത്രികാല മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനുവേണ്ടി 65 ബ്ലോക്കുകൾ കേന്ദ്രീകരിച്ചുള്ള ചികിത്സാ സൗകര്യം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി രാത്രികാലങ്ങളിൽ ക്ഷീര കർഷകർക്ക് ഇത്തരം ബ്ലോക്കുകളിൽ നിന്ന് മൃഗസംരക്ഷണത്തിനാവശ്യമായ ചികിത്സ ലഭിക്കും. ബാക്കിയുള്ള ബ്ലോക്കുകളിലും അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഭാവിയിൽ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് 6 മാസക്കാലയളവിൽ നടത്തി ആ രോഗം പ്രതിരോധിക്കുന്നതിന്

ആവശ്യമായ നടപടികൾ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്. അതുപോലെതന്നെ മൃഗാശുപത്രി വഴി നൽകുന്ന സെമണിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പ്രജനന നയത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനും സർക്കാർ ആലോചിച്ചു വരികയാണ്. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിക്ക് ഇതുമായി ബന്ധപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധി വിഭാവനം ചെയ്ത പെൻഷന്റെ കാര്യവും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. പെൻഷൻ തുക 750 രൂപയായി മുൻ ഗവൺമെന്റ് തീരുമാനിച്ചു എന്നാണ് പറഞ്ഞത്. എന്നാൽ അത് ക്ഷീര കർഷകർക്ക് നൽകിയില്ല. 500 രൂപയാണ് അവർക്ക് ഇപ്പോഴും ലഭിച്ചു കൊണ്ടിരിക്കുന്നത്. രണ്ട് ദിവസങ്ങൾക്കുമുമ്പ് ഇവിടെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ക്ഷീരകർഷകരുടെ പെൻഷൻ തുക 1000 രൂപയായി വർദ്ധിപ്പിക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും. ക്ഷീരസംഘം ജീവനക്കാർക്ക് ലഭിക്കുന്ന സ്വാശ്രയ പെൻഷൻ പദ്ധതിയിൽ യഥാർത്ഥത്തിൽ മുഴുവൻ ജീവനക്കാരും അംഗങ്ങളായി ചേർന്നിട്ടില്ല. സ്ഥിരം ജീവനക്കാരുടെ അഭാവവും ക്ഷീരസംഘങ്ങളുടെ മോശമായ സാമ്പത്തിക സ്ഥിതിയുമാണ് ക്ഷീരസംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെ പോയത്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ക്ഷീര കർഷകരുടെ വൈദ്യുതി ചാർജ് കുറയ്ക്കുന്ന കാര്യം എങ്ങനെ നടപ്പിലാക്കാം എന്നതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമായി ചർച്ചചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ക്ഷീരകർഷക ക്ഷേമനിധിവഴി നിലവിൽ അപകടമരണം, സ്ഥായിയായ അംഗവൈകല്യം, മാരക രോഗങ്ങൾ, സാംക്രമിക രോഗങ്ങൾ, ജന്തുജന്യ രോഗങ്ങൾ, പാമ്പുകടി, പേ വിഷബാധ, ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ടുള്ള മാരക പരിക്കുകൾ എന്നിവയ്ക്കുള്ള ധനസഹായം ഇപ്പോൾ നൽകി വരുന്നുണ്ട്. അത് വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം പാൽവില വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം മിൽമയ്ക്കാണ്. ഗവൺമെന്റിന് പാൽവില വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അങ്ങ് എഴുതിത്തന്ന സബ്മിഷനിൽ 28 ആവശ്യങ്ങളാണ് സൂചിപ്പിച്ചത്. ക്ഷീര കർഷകർക്ക് സൗജന്യ റേഷൻ നൽകുന്ന കാര്യം ഉൾപ്പെടെ അങ്ങ് സൂചിപ്പിച്ചിരുന്നു. അത്തരമൊരു കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ലായെന്നത് അങ്ങയെ

അറിയിക്കുകയാണ്. പശുക്കൾക്ക് മാത്രമല്ല, മുഴവൻ കന്നുകുട്ടികൾക്കും ആവശ്യമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്നതിനും പൊതുവിൽ ക്ഷീര കർഷകർക്ക് എല്ലാവിധ സൗകര്യവും ചെയ്തുകൊടുക്കുന്നതിനുമാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ശ്രീ. മോൻസ് ജോസഫ്, ഇത്തരത്തിൽ 28 ആവശ്യങ്ങൾ ഒരു സബ്മിഷനിൽ ഉന്നയിക്കരുത്. അടിയന്തര പ്രാധാന്യമുള്ള ഒരു പ്രശ്നം ഉപക്ഷേപമായി കൊണ്ടുവരാനുള്ളതാണ് സബ്മിഷൻ.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) പ്രകാരം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2377-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2378-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1170-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VII റിപ്പോർട്ട് സമർപ്പണം

<u>ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ട്</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, കാര്യവിവരപ്പട്ടികയിൽ വരുത്തിയ ഭേദഗതിയോടെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി അദ്ധ്യക്ഷയായ ഞാൻ സമർപ്പിക്കുന്നു.

<u>ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ട്</u>

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം വിഷയനിർണ്ണയ സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

<u>സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഒന്ന് മുതൽ മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ</u>

<u>ശ്രീ. മുരളി പെരുനെല്ലി</u> : സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്ന് മുതൽ മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

## 2016-ലെ കേരള ചിറ്റ് ഫണ്ട്സ് (അമെന്റ്മെന്റ്) റൂൾസിന് നൽകിയ ഭേദഗതികളുടെ പരിഗണന

ശ്രീ. മഞ്ഞളാംകുഴി അലി : സർ, 2016 ജൂൺ 7-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 63/2016/റ്റി.ഡി.(എസ്. ആർ.ഒ. നമ്പർ 432/2016) മുഖേന പുറപ്പെടുവിച്ച 2016-ലെ കേരള ചിറ്റ് ഫണ്ട്സ് (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി അവതരിപ്പിക്കുന്നു.

1. In rule 64 (1) of the Kerala Chit Funds Rules, 2012, amended by rule 2(1), after the word " person" , the symbol " /" and the word " firm" shall be added.

2. In rule 65(3), inserted in the Principal Rules by rule 2(2), for the words " the Assistant Registrar of Chits under whose jurisdiction in which such contravention took place" , the words " the Compounding Authority" shall be substituted.

3. In rule 65(5), inserted in the Principal Rules by rule 2(2), the two sentences after the word " Appendix III" shall be substituted with the sentence " If the contravention comes under sub-section (1) and (3) of section 76, compounding order shall be passed only after obtaining the remarks/recommendations of Assistant Registrar of Chits under whose jurisdiction in which such contravention took place."

4. In the first table of Appendix III, inserted in the Principal Rules by rule 2(4), after Serial No. 4 the following entries shall be inserted and remaining entries shall be re-numbered accordingly:

| | | |
|---|---|---|
| " 5 | Commencement or conducting of Chits which exceeds the amounts specified in section 13 of the Act | 5000" |
| " 6 | Utilization of funds collected in the business other than for the purposes specified in sub-section (1) of section 14 of the Act | 5000" |

5. In the first table of Appendix III, inserted in the Principal Rules by rule 2(4), after Serial No. 8 the following entries shall be inserted and remaining entries shall be re-numbered accordingly:

| | | |
|---|---|---|
| " 9 | Failure on the part Foreman for securing sufficient security prized | 5000 (In Chits in which balance exceeds 5000, from otherwise the remaining subscriber amount.)" |

6. In the second table of Appendix III, inserted in the Principal Rules by rule 2(4), in column 2 against Serial No. 2 the symbol and words " ,for each such records" shall be deleted.

7. In Form I (Application for compounding) after Serial No. 8, the following entries shall be inserted and remaining entries shall be re-numbered accordingly:

" 9 Details of offences compounded previously, if any (maximum offences compoundable are limited to three, under section 66 of the Act)."

2016-ലെ കേരള ചിറ്റ് ഫണ്ട്സ് (അമെന്റ്മെന്റ്) റൂൾസിന് ഏഴ് ഭേദഗതികൾ ഞാൻ അവതരിപ്പിച്ചതിൽ ഒന്നാമത്തേത് 64 (1) റൂൾ പ്രകാരം കോമ്പൗണ്ടിംഗിന് അപേക്ഷ സമർപ്പിക്കുന്നതിന് വ്യക്തിക്ക് മാത്രമല്ല ഫോമിനും അധികാരമുണ്ട് എന്നതാണ്. അതുകൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ ആദ്യത്തെ അമെന്റ്മെന്റ്.

65(3)-ലുള്ള അമെന്റ്മെന്റ് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സിനെ കോമ്പൗണ്ടിംഗ് അതോറിറ്റിയായി ഇതുവരെയും ഡെസിഗ്നേറ്റ് ചെയ്തിട്ടില്ല. ഹെഡ് ക്വാർട്ടേഴ്സ് ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സും ജില്ലകളിലെ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സും ആണ് കോമ്പൗണ്ടിംഗ് അതോറിറ്റി. പരാതികൾ അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന സമർപ്പിക്കാമെന്നാണ് റൂൾസിൽ പറയുന്നത്. ഇത് ഉചിതമല്ല. കോമ്പൗണ്ടിംഗ് ചെയ്യാനുള്ള എല്ലാ അപേക്ഷകളിന്മേലും തീരുമാനം കൈക്കൊള്ളുന്നതിന് കോമ്പൗണ്ടിംഗ് അതോറിറ്റിക്കായിരിക്കണം സമർപ്പിക്കേണ്ടത്.

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് മുഖേന സമർപ്പിക്കണമെന്ന ചട്ടം ഉൾപ്പെടുത്തിയാൽ പ്രഥമദൃഷ്ട്യാ നിരസിക്കപ്പെടുന്ന അപേക്ഷകൾകൂടി അസിസ്റ്റന്റ് രജിസ്ട്രാർ സ്വീകരിച്ച് പ്രോസസ്സ് ചെയ്യേണ്ട സ്ഥിതിവിശേഷമുണ്ടാകും. കോമ്പൗണ്ടിംഗ് അതോറിറ്റി അപേക്ഷ സ്വീകരിച്ചശേഷം ആവശ്യമാണെങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാറുടെ റെക്കമെന്റേഷൻ ആരായാവുന്നതാണ്. ഇതാണ് രണ്ടാമത്തെ ഭേദഗതി. ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ മൂന്നാമത് പറയുന്ന രീതിയിലുള്ള അമെന്റ്മെന്റ് വേണ്ടിവരും.

നാലാമതായി ആക്ടിലെ റൂൾ 76-ൽ പിഴയോടുകൂടി കോമ്പൗണ്ടിംഗ് ചെയ്യാനുള്ള ഒഫൻസിന്റെ കൂട്ടത്തിൽ റൂൾ 13, 14 എന്നിവ പ്രകാരമുള്ള ഒഫൻസ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പിഴത്തുക നിർണ്ണയിച്ചിട്ടുള്ള പട്ടിക അപ്പെന്റിക്സ് 3 (1)-ൽ ഈ മൂന്ന് ഒഫൻസുകളും ഈടാക്കാവുന്ന പിഴത്തുകയും ഉൾപ്പെടുത്തിയിട്ടില്ല. ഇവ കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ നാലാമത്തെ അമെന്റ്മെന്റ്.

അഞ്ചാമതായി അപ്പെന്റിക്സ് 3-ൽ പ്രൈസ്ഡ് സബ്സ്ക്രൈബറിൽനിന്നും ഫോർമാൻ സഫിഷ്യന്റ് സെക്യൂരിറ്റി വാങ്ങിയ ശേഷമായിരിക്കണം പ്രൈസ് എമൗണ്ട് നൽകേണ്ടത് എന്നുപറയുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നത് ആക്ടിലെ റൂൾ 76 പ്രകാരം പിഴയോടുകൂടി കോമ്പൗണ്ടിംഗ് ചെയ്യാവുന്ന ഒഫൻസാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപ്പെന്റിക്സ് 3 (1)-ൽ ഈ ഒഫൻസും ഈടാക്കാവുന്ന പിഴത്തുകയും ഉൾപ്പെടുത്തിയിട്ടില്ല. ഇതുകൂടി ഉൾപ്പെടുത്തണം.

ആറാമതായി ആക്ടിലെ റൂൾ 23-ൽ ബുക്സ്, റെക്കോർഡ്സ്, രജിസ്റ്റർ, ലെഡ്ജർ എന്നിവ പ്രോപ്പറായി മെയിന്റെയിൻ ചെയ്യേണ്ട കാര്യമാണ് പറയുന്നത്. റൂൾ 76 പ്രകാരം ഇത് ലംഘിക്കുന്ന ഒഫൻസിന് പരമാവധി മൂവായിരം രൂപയാണ് ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പക്ഷെ പിഴത്തുക നിർണ്ണയിച്ചിട്ടുള്ള അപ്പെന്റിക്സ് 3 (2)-ൽ ഓരോ രജിസ്റ്ററും, ബുക്കും സൂക്ഷിക്കാത്തതിന് രണ്ടായിരം രൂപ വീതം ഈടാക്കണമെന്നാണ് പറയുന്നത്. ഓരോ ബുക്കും രജിസ്റ്ററും സൂക്ഷിക്കാത്തത് പ്രത്യേകം ഒഫൻസായി കാണാൻ കഴിയില്ല. റൂൾ 23-ന്റെ ലംഘനം ഒറ്റ ഒഫൻസായി കണക്കാക്കി പരമാവധി മൂവായിരം രൂപ ഈടാക്കാനേ വ്യവസ്ഥയുള്ളൂ. അല്ലായെങ്കിൽ ആക്ടിന്റെ ലംഘനമാകും. അതാണ് ആറാമത്തെ അമെന്റ്മെന്റ് കൊണ്ടുദ്ദേശിക്കുന്നത്. റൂൾ 66-ൽ കോമ്പൗണ്ടിംഗ് അതോറിറ്റിക്ക് പരമാവധി മൂന്ന് ഒഫൻസ് കോമ്പൗണ്ട് ചെയ്യാമെന്നു പറയുന്നുണ്ട്.

ഈ സാഹചര്യത്തിൽ കോമ്പൗണ്ടിംഗ് അതോറിറ്റിക്ക് സമർപ്പിക്കുന്ന അപേക്ഷാ ഫോറത്തിൽ, ഫോറം 1-ൽ അതിനുമുൻപ് കോമ്പൗണ്ട് ചെയ്ത ഒഫൻസ് ഏതെങ്കിലുമുണ്ടെങ്കിൽ അതിനെ സംബന്ധിക്കുന്ന വിവരംകൂടി ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഇപ്പോൾ ആ ഫോമിൽ ഒന്നുമില്ല. ഇതാണ് എന്റെ ഏഴാമത്തെ അമെന്റ്മെന്റ്. ഞാനെന്റെ ഭേദഗതികൾ മൂവ് ചെയ്യുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2-9-2014-ാം തീയതിയിലെ WP(C) No.22642/14 കേസ്സിലെ വിധിന്യായത്തിൽ കേരള ഹൈക്കോടതി 1982-ലെ കേന്ദ്ര ചിട്ടി നിയമത്തിലെ 81-ാം വകുപ്പനുസരിച്ച് കുറ്റം മാപ്പാക്കുന്നതിനുള്ള നിശ്ചിത കോമ്പൗണ്ടിംഗ് ഫീസ് നാല് ആഴ്ചക്കകം നിശ്ചയിക്കാൻ സർക്കാരിനോട് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1982-ലെ കേന്ദ്ര ചിട്ടി നിയമത്തിലെ 81, 89 വകുപ്പുകൾ പ്രകാരം വിവിധ കുറ്റങ്ങൾ മാപ്പാക്കി നൽകുന്നതിന് നിശ്ചിതഫീസ് തീരുമാനിച്ചു കൊണ്ട് ഭാരതീയ റിസർവ് ബാങ്ക്, നിയമ വകുപ്പ് എന്നിവരുമായി ആലോചിച്ച് 2012-ലെ കേരള ചിട്ടി ഫണ്ട്സ് റൂൾസ് ഭേദഗതി വരുത്തി 7-6-2016-ലെ SRO No. 432/2016 ആയി കേരള ചിറ്റ് ഫണ്ട്സ് അമെന്റ്മെന്റ് റൂൾസ് 2016 പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങൾ നിയമസഭാ വിഷയ നിർണ്ണയ സമിതിയുടെ സാധൂകരണത്തിന് സമർപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. കേന്ദ്ര നിയമമായ 1982-ലെ ചിറ്റ് ഫണ്ട്സ് ആക്ട് സെക്ഷൻ 89-ലെ അധികാരം വിനിയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച കേരള ചിറ്റ് ഫണ്ട്സ് അമെന്റ്മെന്റ് റൂൾസ് 2016-ൽ നേരത്തെ പുറപ്പെടുവിച്ചിട്ടുള്ള കേരള ചിറ്റ് ഫണ്ട്സ് റൂൾസ് 2012-ന്റെ റൂൾ 64-ൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും 65, 66 എന്നീ റൂളുകൾ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. റൂൾ 66-ൽ ചേർത്തിട്ടുള്ള അപ്പെന്റിക്സ് 3-ലെ കോമ്പൗണ്ട് ചെയ്യാവുന്ന വിവിധ കുറ്റകൃത്യങ്ങൾ വിശദീകരിക്കുകയും അവയുടെ കോമ്പൗണ്ടിംഗ് ഫീ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഫോം 1-ൽ കോമ്പൗണ്ടിംഗിനുള്ള അപേക്ഷാ ഫോറവും ഫോം 2-ൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അണ്ടർടേക്കിംഗ് ഘടനയും നിഷ്കർഷിച്ചിരിക്കുന്നു. നിയമപ്രകാരം ഉത്തമ ലക്ഷ്യങ്ങളോടെ ചിട്ടി നടത്തുന്ന സ്ഥാപനങ്ങളുടേയും ചിട്ടി ബിസിനസ്സുമായി ബന്ധപ്പെടുന്ന പൊതുജനങ്ങളുടെയും താല്പര്യങ്ങൾ ഒരുപോലെ സംരക്ഷിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെയാണ് ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഈ നിയമത്തിലെ ചട്ടങ്ങളുടെ അന്തസ്സത്തയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന് പ്രത്യേക നിയന്ത്രണങ്ങളോടെയാണ് കോമ്പൗണ്ടിംഗ് ഫീസ്

വ്യവസ്ഥ ചെയ്തിട്ടുള്ളത്. SRO No. 432/2016 സാധൂകരണത്തിന് നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ. നിയമസഭയിൽ നോട്ടീസ് നൽകിയിട്ടുള്ള ഈ ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. വിശദമായ അങ്ങയുടെ ഓരോ നിർദ്ദേശത്തിനുമുള്ള പ്രതികരണം തയ്യാറാക്കിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ചില കാര്യങ്ങൾ സ്വീകരിക്കാൻ സാധിക്കും. ഭേദഗതി നിർദ്ദേശം 1 - ഈ ശിപാർശ ആവശ്യമാണെന്ന് കരുതുന്നില്ല. 2 - ഈ ശിപാർശ ഭേദഗതികളോടുകൂടി മാത്രം അംഗീകരിക്കാം.

മി. സ്പീക്കർ : ഓരോന്നായി വായിക്കേണ്ടതുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, വേണമെന്നില്ല.

ഡോ. ടി. എം. തോമസ് ഐസക് : സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാം.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അലി അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

## IX നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ഒൻപത് പേരാണ് സംസാരിക്കാനുള്ളത്. സമയത്തിൽ ഇടപെടാൻ ചെയറിന് അധികാരമില്ലെങ്കിലും പത്ത് പതിനഞ്ച് മിനിട്ടിൽ ഒതുങ്ങിനിന്ന് സംസാരിക്കുന്നതായിരിക്കും ഉചിതമെന്ന് ഓർമ്മപ്പെടുത്തുന്നു.

ഡോ. എൻ. ജയരാജ് : സർ, ചെയറിന്റെ വാക്കുകൾ പൂർണ്ണമായ അർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് വളരെ പെട്ടെന്ന് അവസാനിപ്പിക്കാം. ധനകാര്യ ബില്ലിന്റെ വിയോജനക്കുറിപ്പിൽ ഞാൻ മുൻപോട്ടുവച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യം കുടുംബാംഗങ്ങൾ തമ്മിലുള്ള ഇഷ്ടദാനം, ഭാഗപത്രം, ധനനിശ്ചയാധാരം തുടങ്ങിയവയ്ക്ക് ബഡ്ജറ്റിലെ നിർദ്ദേശത്തിനെതിരെയുള്ള ആശയമായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ അത് അംഗീകരിച്ചുകൊണ്ട് ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. മറ്റൊരു കാര്യം പറയാനുള്ളത്, ഭൂമി 5 ഏക്കറായി നിജപ്പെടുത്തുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ചാണ്. ഒരു കുടുംബത്തിൽ 15 ഏക്കർ സ്ഥലമുണ്ടെങ്കിൽ അത് ഏഴും എട്ടും മക്കളുള്ളവർക്ക് വീതംവച്ചു കൊടുക്കുമ്പോൾ സ്വാഭാവികമായും 5 ഏക്കറിന് മുകളിലുള്ള ഭൂമിയായതുകൊണ്ട് പഴയനില തുടരുമെന്നതാണ്. അതിൽ എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള ഒരു നിർദ്ദേശം, 5 ഏക്കർ എന്നുള്ളത്, ഭാഗപത്രത്തിൽ ഒരാൾക്ക് 5 ഏക്കറിൽ കൂടുതൽ കിട്ടുകയാണെങ്കിൽ പഴയ നിരക്കിൽ തുടരുകയും അതിൽ കുറവാണെങ്കിൽ നികുതിയിൽനിന്ന് ഒഴിവാക്കുകയും ചെയ്യണം എന്നാണ്. കാരണം കൂട്ടുകുടുംബ വ്യവസ്ഥയിലാണ് ഇതെല്ലാം നടക്കുന്നത്. എട്ടും പത്തും മക്കളുള്ള കുടുംബങ്ങൾ, ഈ പറയുന്ന ഭൂമി വീതംവച്ചു കഴിയുമ്പോൾ സ്വാഭാവികമായും ഒരോരുത്തർക്കും കിട്ടുന്നത് ഒന്നോ ഒന്നരയോ ഏക്കറായിരിക്കും. എന്നാൽ വലിയൊരു തുക നികുതിയായി അവർ അടയ്ക്കേണ്ടിയും വരും. അതുകൊണ്ട് വീതം വയ്ക്കുമ്പോൾ ഭാഗപത്രം വഴി ലഭിക്കുന്ന ഭൂമി അഞ്ചേക്കറിൽ കൂടുതലാണെങ്കിൽ പഴയ നികുതി തുടരാനും അല്ലെങ്കിൽ അതിൽ ഭേദഗതി കൊണ്ടുവരണമെന്നുമാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഏതായാലും ഭാഗികമായി അത് അനുവദിച്ചതിന് അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്.

ശ്രീ. പി. സി. ജോർജ് : സർ, പാർട്ടിയിൽ ഇക്കാര്യം നേരത്തെ സംസാരിച്ച് ബഡ്ജറ്റിൽ വരുത്തിയിരുന്നെങ്കിൽ ഇതുപോലെ തർക്കം ഉണ്ടാകുമായിരുന്നോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ ഇതുപറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ; സ്വന്തം നേതാവിനോട് ഈ കാര്യം പറഞ്ഞാൽ പോരായിരുന്നോ; എങ്കിൽ ഈ അബദ്ധം ഉണ്ടാകില്ലായിരുന്നു.

ഡോ. എൻ. ജയരാജ് : സർ, എനിക്ക് ശ്രീ. പി. സി. ജോർജ് പറഞ്ഞതൊന്നും മനസ്സിലായില്ല. ഞാൻ ബഹുമാനപ്പെട്ട ചെയറിനോടാണ് സംസാരിക്കുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇതിന് മറുപടി

പറയും. ഏത് പാർട്ടി നേതാവിന്റെ കാര്യമാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞതെന്ന് എനിക്ക് മനസ്സിലായില്ല. ജോർജ്ജേട്ടന് ഇപ്പോൾ സ്വന്തമായി ഒരു പാർട്ടി ഇല്ലാത്തതുകൊണ്ട് അദ്ദേഹം തന്നെയാണ് അതിന്റെ നേതാവെന്നുള്ളതു കൊണ്ട് പ്രത്യേകിച്ച് ആരോടും ചോദിക്കേണ്ട കാര്യമില്ല. എന്നെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുള്ളത് കുടുംബസ്വത്ത് ഓഹരി വയ്ക്കുമ്പോൾ 5 ഏക്കറിൽ അധികമാണെങ്കിൽ മാത്രം വർദ്ധിപ്പിച്ച ഫീസ് അടച്ചാൽ മതിയെന്നാണ്. പക്ഷേ, 5 ഏക്കർ ഭൂമി ഒരു കുടുംബത്തിൽ രണ്ടു കുടുംബാംഗങ്ങൾക്കുവേണ്ടി ഓഹരി വയ്ക്കുമ്പോൾ രണ്ടര ഏക്കർ കിട്ടുന്നു എന്നു വിചാരിക്കുക. അതേസമയം 6 ഏക്കർ ഭൂമി 8 മക്കൾക്കായി ഓഹരി വയ്ക്കുമ്പോൾ ഒരാളിന് കിട്ടുന്നത് ഏകദേശം 75 സെന്റായിരിക്കും. 75 സെന്റ് സ്ഥലം ലഭിക്കുന്ന ആൾ കൂടുതൽ ഫീസ് അടയ്ക്കേണ്ടിവരും. രണ്ടര ഏക്കർ ലഭിക്കുന്ന ആളിന് അത്രയും തുക വേണ്ടി വരുന്നില്ല. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഡോ. എൻ. ജയരാജ്</u> : സർ, അദ്ദേഹം പറഞ്ഞ ആശയം തന്നെയാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ഇതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഭാവിയിൽ ഉണ്ടാകുകയും വീണ്ടും അമെന്റ്മെന്റ് കൊണ്ടുവരേണ്ടി വരികയും ചെയ്യും. ജനങ്ങൾക്ക് ഈ തീരുമാനം വളരെ ബുദ്ധിമുട്ടുണ്ടാക്കും. 5 ഏക്കർ എന്ന് നിജപ്പെടുത്തിയ ഒരു ക്ലോസ് മാത്രം പിൻവലിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, ശ്രീ. എ. പ്രദീപ്കുമാർ)

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, 5 ഏക്കറാണ് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത ഈ ബില്ലിൽ സൂചിപ്പിച്ചിട്ടുള്ള ഭാഗപത്രത്തിന്റെ നിയന്ത്രണം. 10 ഏക്കർ ഭൂമി ആദിവാസികളുടെ ഭാഗപത്രത്തിലുണ്ടെങ്കിൽ അവർക്ക് ഇളവ് കൊടുക്കാൻ കഴിയുമോ? പാവപ്പെട്ട ആദിവാസികൾക്ക് 10 ഏക്കറോ 15 ഏക്കറോ ഭൂമി കൈവശമുണ്ടായിരിക്കും. അവർക്ക് ഇളവ് നൽകാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുമോ?

ഡോ. എൻ. ജയരാജ് : സർ, അടുത്ത വിഷയം ആട്ട, മൈദ, വെളിച്ചെണ്ണ തുടങ്ങിയ നമ്മുടെ നിത്യോപയോഗ സാധനങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. അതിനകത്ത് 5 ശതമാനം നികുതിയാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഒഴിവാക്കിയതാണ്. നികുതി നഷ്ടമുണ്ടായി എന്നാണ് അങ്ങ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിച്ചത്. ഇത് കമ്പോളത്തിൽ വിലവർദ്ധനവിന് ഇടയാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രത്യേകിച്ച് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഏറെ ദുഷ്കരമാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നാളികേര മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഈ കാലഘട്ടത്തിൽ നികുതി ഭാരത്തിൽ നിന്നും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളെ ഒഴിവാക്കണമെന്നുള്ളതാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള പ്രധാനപ്പെട്ട നിർദ്ദേശം.

കൈത്തറിയുമായി ബന്ധപ്പെട്ട് ഇവിടെ പറയുന്ന കാര്യം ശരിയാണ്. സഭയിലുള്ള ബഹുമാനപ്പെട്ട അംഗം ശ്രീ. എം. മുകേഷ് ഉൾപ്പെടെ സിനിമാരംഗത്ത് പ്രവർത്തിക്കുന്നവരെ വച്ചുകൊണ്ടുള്ള വലിയ തുണിക്കടകളുടെ പരസ്യങ്ങൾ നമ്മൾ കാണാറുണ്ട്. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ മാത്രം ഏതാണ്ട് 25000-ഓളം തറികളുണ്ട്. ഇവിടെ പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന കൈത്തറിയുണ്ട്. കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു ശതമാനമായിരുന്ന നികുതി ഇപ്പോൾ 2 ശതമാനമായി വർദ്ധിപ്പിച്ചത് വലിയ ബുദ്ധിമുട്ടുണ്ടാക്കും. തമിഴ്നാടുപോലുള്ള മറ്റു സംസ്ഥാനങ്ങളിൽനിന്നും കൈത്തറി ഉല്പന്നങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പ്രാദേശികമായി വില്പന നടത്തുകയും അങ്ങനെ സർക്കാരിന് നഷ്ടമുണ്ടാകുകയും ചെയ്യുന്നു എന്നുള്ളതാണ് ഇതിന് ഉപോൽബലകമായി അങ്ങ് പറയുന്ന കാരണം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും അതുണ്ടാകുന്നുണ്ട്. അത് തടയാനുള്ള നടപടികളെടുക്കണം. പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന കൈത്തറി സംഘങ്ങളുണ്ട്. ഇവിടെ തിരുവനന്തപുരം ജില്ലയിലുണ്ട്. മലബാറിൽ സഹകരണ സംഘങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്. പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന, കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് പുതിയ നികുതി വർദ്ധനവ് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യമുണ്ടാക്കും. അതുകൊണ്ട് ചെറുകിട തറികളിൽ പ്രവർത്തിക്കുന്ന ആളുകളുടെ ഏറ്റവും വലിയ ജീവിത ഉപാധിയെന്നുള്ള നിലയിൽ നികുതി 2 ശതമാനമെന്നുള്ളത് കുറയ്ക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അല്ലെങ്കിൽ ഈ പുതിയ നികുതി നിർദ്ദേശത്തിലൂടെ ആ മേഖല ഭാവിയിൽ വലിയൊരു പ്രതിസന്ധി നേരിടേണ്ടിവരും.

ബ്രാന്റഡ് റെസ്റ്റോറന്റുകളിലെ ബർഗർ, പിസ എന്നിവയ്ക്കുള്ള ഫാറ്റ് ടാക്സ് നല്ല ഒരു ആശയമാണ്. പ്രത്യേകിച്ച് കേരളത്തിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ. കേവലമായ കണക്കുകൾക്കപ്പുറത്ത് വർത്തമാന കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുന്ന ഒരു ഉപകരണമാക്കി ബഡ്ജറ്റിനെ മാറ്റുന്നതിനുള്ള ശ്രമം ഇതിൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. ഗ്രീൻ ടാക്സിന്റെ കാര്യത്തിലും ഫാറ്റ് ടാക്സിന്റെ കാര്യത്തിലും ധനകാര്യ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ അങ്ങെടുത്ത നിലപാട് ധീരമാണെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. കെ. കൃഷ്ണൻ കുട്ടി</u> : സർ, അതുപോലെ ഷുഗർ ഉപയോഗിച്ച് ഉണ്ടാക്കുന്ന കൊക്കകോള, പെപ്സി, ഫ്രൂട്ടി തുടങ്ങിയ പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്നുള്ളതുകൊണ്ട് അതിനും കൂടി ടാക്സ് കൊണ്ടുവരണം എന്നുള്ള അഭിപ്രായത്തോട് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ഡോ. എൻ. ജയരാജ്</u> : സർ, കൊക്കകോളയിൽ ഒരു പല്ലെടുത്ത് ഇട്ടാൽ രണ്ടു ദിവസമാകുമ്പോൾ പല്ല് അപ്രത്യക്ഷമാകും. അത്രമാത്രം അപകടകാരിയാണെന്ന് ഞാൻ എവിടെയോ വായിച്ചിട്ടുണ്ട്. ഇത്തരം പാനീയങ്ങളെല്ലാം തന്നെ ക്യാൻസർ പോലുള്ള രോഗങ്ങളുണ്ടാക്കുന്ന അപകടകരമായ സാധനങ്ങളാണ്. ക്യാൻസർ രോഗം കേരളത്തിൽ വ്യാപകമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ക്യാൻസറസ് ആയ വസ്തുക്കൾ ചേർക്കുന്ന ഉല്പന്നങ്ങൾക്ക് എവിടെ നികുതി ഏർപ്പെടുത്തിയാലും അത് തെറ്റാണെന്ന് എനിക്ക് തോന്നുന്നില്ല. ഫാറ്റ് ടാക്സ് എന്ന ആശയം നല്ലതാണ്. എന്നാൽ ബ്രാന്റഡ് റെസ്റ്റോറന്റ് എന്നുള്ളത് കൃത്യമായി നിർവ്വചിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മറ്റും ഭാവിയിൽ ബുദ്ധിമുട്ടുണ്ടാകാനുള്ള സാഹചര്യമുണ്ടാകും. അതുകൊണ്ട് നിർവ്വചനം എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആ കാര്യത്തിൽ തീർച്ചയായും കൃത്യത ഉണ്ടാകണം.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : സർ, ഏതാണ് ബ്രാന്റഡ് എന്നുള്ളതിന് ഒരു നിർവ്വചനം വരണം. നന്നായി നടക്കുന്ന ഒരു റെസ്റ്റോറന്റിലോ ബേക്കറിയിലോ ഉണ്ടാക്കുന്ന പാക്ക്ഡ്/കുക്ക്ഡ് ആയിട്ടുള്ള സാധനങ്ങൾക്കെല്ലാം 14.5 ശതമാനം ടാക്സ് ചുമത്തിയാൽ ആ രംഗം ധാരാളം പ്രതിസന്ധികൾ നേരിടേണ്ടിവരും. ഇതിന് കൃത്യമായിട്ടുള്ള ഒരു നിർവ്വചനം ആവശ്യമാണ്. കെ.എഫ്.സി. പോലുള്ള ബ്രാന്റഡ് സാധനങ്ങൾ ഉണ്ടാക്കുന്നവർക്കും ചെറുകിട റെസ്റ്റോറന്റുകൾക്കും അത് ബാധകമാകുമെന്ന രൂപത്തിലാണ് ഇപ്പോൾ ഉള്ളത്. ഈ രംഗത്ത് ഉദ്യാഗസ്ഥരുടെ കടന്നുകയറ്റം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്.

ഡോ. എൻ. ജയരാജ് : സർ, അങ്ങ് പറഞ്ഞ ആശയമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ആ ഒരു ആശങ്ക സ്വാഭാവികമായും ഭാവിയിൽ ഈ മേഖലയിൽ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അതൊഴിവാക്കാനുള്ള ഒരു ശ്രമം കൂടി ഈ കാര്യത്തിലുണ്ടാകണം എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മോട്ടോർ ടാക്സുമായി ബന്ധപ്പെട്ട് ഗ്രീൻ ടാക്സ് എന്നുള്ള ആശയം നല്ല കാര്യമാണ്. വീടുവച്ചു കഴിഞ്ഞാൽ മുറ്റം മുഴുവൻ ടൈൽസ് പതിച്ച് നികത്തുന്ന ഒരു പ്രവണത നമ്മുടെ നാട്ടിൽ കണ്ടുവരുന്നുണ്ട്. കുടിവെള്ളത്തിനു വേണ്ടി കേരളം നെട്ടോട്ടമോടുന്ന സാഹചര്യത്തിൽ ഇത് നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. ഏതു കോമ്പൗണ്ട് പരിശോധിച്ചാലും അവിടെ മുഴുവൻ ഇപ്പോൾ ടൈൽസ് കൊണ്ട് ബ്ലോക്ക് ചെയ്തിരിക്കുകയാണ്. സംസ്ഥാനത്ത് ഏതാണ്ട് 40 ശതമാനം വീടുകളിലും കെട്ടിടങ്ങളിലും ഇതുപോലെ ബ്ലോക്കുചെയ്തും ടാർ ചെയ്തും വെള്ളം താഴേക്കുപോകാനുള്ള സാഹചര്യം ഇല്ലാതാക്കുന്നുണ്ട്. അത് പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കുന്ന സാഹചര്യമുണ്ടാക്കുന്നു. അങ്ങ് അത് ഗൗരവമായി കാണണം. ഗ്രീൻ ടാക്സ് ഏർപ്പെടുത്തുന്നതായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കുമ്പോൾ, നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 15 വർഷം പൂർത്തിയാകുമ്പോഴും മറ്റ് വാഹനങ്ങൾക്ക് 10 വർഷം പൂർത്തിയാകുമ്പോഴും എന്ന നിബന്ധനയിൽ ഒരു അപാകതയുണ്ട്. ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കുകൂടി 15 വർഷമായി പരിഗണിക്കണമെന്നുള്ളതാണ് മുന്നോട്ടുവയ്ക്കുന്ന പ്രധാന നിർദ്ദേശം.

ബഹുമാനപ്പെട്ട അംഗം കെ. കൃഷ്ണൻകുട്ടി സൂചിപ്പിച്ചതുപോലെ, നമ്മുടെ നാട്ടിൽ ജംഗ് ഫുഡ് പോലുള്ള ബേക്കറി ഉൽപ്പന്നങ്ങൾ, കുട്ടികൾക്കിടയിൽ വളരെ അപകടകരമായ രോഗങ്ങൾ ഉണ്ടാക്കുന്നവയാണ്. ഇത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഒരു ഭാഗത്ത് ഫാറ്റ് ഫുഡ് നിയന്ത്രിക്കുന്നതിനുള്ള ശ്രമം നടത്തുന്നതോടൊപ്പം ഇത്തരം ഉൽപ്പന്നങ്ങൾ നിയന്ത്രിക്കേണ്ട സാഹചര്യത്തിൽ നികുതിയിളവ് നൽകേണ്ടതാണോ എന്നുള്ളത് ചിന്തിക്കേണ്ട കാര്യമാണ്.

ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട വിഷയമല്ലെങ്കിലും ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ സ്വർണ്ണാഭരണ വിൽപ്പന മേഖലയിൽ വിലയൊരു പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. 1-4-2013 മുതൽ സ്വർണ്ണവ്യാപാരികളെ സംബന്ധിച്ച്, പഴയ സ്വർണ്ണാഭരണങ്ങൾ വിൽപ്പന നടത്തുമ്പോഴുള്ള പർച്ചേസ് ടാക്സ് സംബന്ധിച്ച് ചെറിയൊരു അപാകത നിലനിലക്കുന്നുണ്ട്.

വിൽപ്പനയിന്മേലുള്ള നികുതിക്കുപകരം എന്ന വാക്ക് കഴിഞ്ഞ ബഡ്ജറ്റിൽ കടന്നുവന്നതാണ്. അതൊരു എറർ ആയി സംഭവിച്ചതാണ്, സി &എ.ജി. അത് കണ്ടെത്തുകയും ചെയ്തു. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ ഇന്ന് ഏതാണ്ട് 2600 കോടി രൂപയോളം നൽകേണ്ടി വരുന്ന സാഹചര്യം ഗൗരമായി കാണണം. യഥാർത്ഥത്തിൽ കളക്ട് ചെയ്യാത്തതിന് നികുതി കൊടുക്കേണ്ടിവരുന്ന സാഹചര്യം സംസ്ഥാനത്ത് സംജാതമാകുകയാണ്. 5 ശതമാനം പർച്ചേസ് ടാക്സ് എന്ന വലിയ ഒരു തുക അവർ അടയ്ക്കേണ്ടിവരുന്നു. യഥാർത്ഥത്തിൽ അത് കളക്ട് ചെയ്ത തുകയല്ല. അത് ഒഴിവാക്കാൻ കഴിയുമോ എന്നു പരിശോധിക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, സ്വർണ്ണത്തിന്റെ കാര്യത്തിൽ ഒരു ലക്ഷം കോടി രൂപയുടെ ബിസിനസ്സാണ് കേരളത്തിൽ നടക്കുന്നത്. ടാക്സ് ഇനമായി ലഭിക്കുന്നത് വെറും മുന്നൂറ് കോടി രൂപയാണ്. നാല് ശതമാനം ടാക്സ് ചുമത്തിയാൽ ഏകദേശം 25,000 കോടി രൂപ ഇതിൽ നിന്നും ലഭിക്കും. പാവപ്പെട്ട എല്ലാ ആളുകളും ടാക്സ് അടയ്ക്കുന്നുണ്ട്. കേരളത്തിൽ ഇത്ര വലിയൊരു ബിസിനസ്സ് നികുതിയില്ലാതെ നടത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നികുതിപ്പണം വന്നാൽ മാത്രമല്ലേ കേരളത്തിൽ എന്തെങ്കിലും വികസനം നടത്താൻ സാധിക്കുകയുള്ളൂ.

ഡോ. എൻ. ജയരാജ് : സർ, ഓൾഡ് പർച്ചേസുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. ഈ വിഷയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. ഈ വിഷയം സഭ പരിഗണിച്ചില്ലെങ്കിൽ ആ മേഖലയിൽ വലിയൊരു പ്രതിസന്ധി ഉണ്ടാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ബഡ്ജറ്റിന്മേലുള്ള ചർച്ച ഏതാണ്ട് അവസാന സ്റ്റേജിലാണ്. കഴിഞ്ഞ ദിവസം സഭ ഐകകണ്ഠ്യേനയാണ് കിഫ്ബി നിയമം പാസ്സാക്കിയത്. അവിടെയും ഒരു ആശങ്ക അങ്ങയോടൊപ്പം നിൽപ്പുണ്ട്. ഏതായാലും അത് നല്ല ദിശയിൽ പോകട്ടെ എന്ന് ആശംസിക്കുന്നു. ധനക്കമ്മിയിലും റവന്യൂ കമ്മിയിലുമൊക്കെ ഉണ്ടാകുന്ന അന്തരം കുറയ്ക്കാൻ ബോധപൂർവ്വമായ ഇടപെടൽ ഉണ്ടാകണം. എല്ലാ പഴുതുകളും അടച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ നികുതി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഈ ബില്ലിലൂടെ ഉണ്ടാകണം. ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് എന്റെ വിയോജിപ്പ് ഒരിക്കൽക്കൂടി രേഖപ്പെടുത്തിക്കൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. ധനകാര്യ ബില്ലിന്മേൽ നടന്ന ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങൾ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി ഒരു കാര്യത്തിൽ യോജിക്കുമെന്നുള്ളതുകൊണ്ട് രണ്ടുമൂന്ന് ചെറിയ കാര്യങ്ങൾ മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളു. വിഭവങ്ങളും അവസരങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് വർദ്ധിപ്പിച്ചുകൊടുത്ത് അവരെ ശാക്തികരിക്കാനുള്ള സ്ഥിരമായ ഒരു ഏർപ്പാട് ഏത് ധനകാര്യ ചർച്ചയിലും ഉരുത്തിരിഞ്ഞുവരേണ്ട കാര്യമാണ്. ഉദാഹരണത്തിന് സ്റ്റാമ്പ് ഡ്യൂട്ടി ആക്റ്റ്, പ്രകാരം ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ആറിൽനിന്നും എട്ട് ശതമാനമായിആയി വർദ്ധിപ്പിച്ചത്. രണ്ടും മൂന്നും സെന്റ് സ്ഥലം വാങ്ങുന്നവരെപ്പോലും ബാധിക്കും. അവരെ പരിഗണിക്കാൻ കഴിയണം. മൊത്തത്തിലാണ് ഇത് പറഞ്ഞിരിക്കുന്നത്.

അതുപോലെ മോട്ടോർ വാഹന നികുതിയുടെ കാര്യം മുമ്പ് സൂചിപ്പിച്ചതാണ്. സ്വന്തമായി ഒരുപാട് വാഹനങ്ങളുള്ള പ്രമാണിമാരുണ്ട്. ഒന്നോ രണ്ടോ വാഹനങ്ങൾ വാങ്ങി ഒരു സ്വയംതൊഴിൽ എന്ന നിലയിൽ നടത്തുന്ന സാധാരണക്കാരും ഉണ്ട്. അവരും ഈ ഫീസ് അടയ്ക്കേണ്ടിവരുന്നത് താങ്കളുടെ തന്നെ മാനസികാവസ്ഥയ്ക്ക് യോജിക്കുമെന്ന് കരുതുന്നില്ല. മറ്റൊന്ന്, ടാക്സ് നിർണ്ണയിക്കുന്നതിന്റെ അളവ് സംബന്ധിച്ചാണ്. ആക്ടിലെ ക്ലോസ് VI-ന്റെ വിശദീകരണം ഒഴിവാക്കുന്നതാണ് നല്ലത്. നികുതി വരുമാനം വർദ്ധിപ്പിക്കുമ്പോൾ സാധാരണക്കാരെ ബാധിക്കാനും പാടില്ല, നികുതി വെട്ടിപ്പിന് ഇടംകൊടുക്കാനും പാടില്ല. അഴിമതി ഉണ്ടാകാനിട വരുകയും ചെയ്യരുത്. ഡ്രൈവറുടെ ക്യാബിൻ ഒഴിവാക്കിക്കൊണ്ട് ബാക്കിയുള്ള സ്ഥലത്തിന്റെ അളവിന് നികുതി ചുമത്തുന്നതായിരിക്കും നല്ലത് എന്നാണ് എനിക്ക് തോന്നുന്നത്.

ജി.എസ്.ടി. ബില്ലുമായി ബന്ധപ്പെട്ട് താങ്കൾ വളരെ പ്രാമാണികമായി കാര്യങ്ങൾ നീക്കുന്നുണ്ട് എന്നറിയാം. കഴിഞ്ഞ യോഗം വളരെ തൃപ്തികരമായിരുന്നു. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് താങ്കൾ ഒറ്റയ്ക്ക് ഹോംവർക്ക് നടത്തുന്നതിനു പകരം, സഭ മൊത്തത്തിൽ നല്ലൊരു ഹോംവർക്ക് നടത്തിയിരുന്നുവെങ്കിൽ കൂടുതൽ നന്നാകുമായിരുന്നു, ഭാവിയിലുണ്ടാകാവുന്ന പ്രശ്നങ്ങളെ കുറച്ചുകൊണ്ടുവരാൻ നാം പരിശ്രമിക്കേണ്ടതായിരുന്നു എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനം രേഖപ്പെടുത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ഭാഗപത്ര രജിസ്ട്രേഷൻ ഫീസ് വർദ്ധനവിൽ ഇളവുവരുത്തിയതിന് ഞാൻ അങ്ങയോട് നന്ദി രേഖപ്പെടുത്തുകയാണ്. ആ ഭാഗം കറക്ടായി. ആ കൺസെപ്റ്റിനെക്കുറിച്ച് എനിക്ക് ഒരു വിയോജിപ്പുണ്ട്. നമുക്ക് Right to inherit ഉണ്ട്. പിതൃസ്വത്ത് മക്കൾക്ക് ലഭിക്കണമെന്നുള്ളത് നമ്മുടെ അവകാശമാണ്. അത് അവരുടെ ദായക്രമത്തിന്റെ സിസ്റ്റമാണ്. അത് ഒരു കൊമേഴ്സ്യൽ ട്രാൻസാക്ഷൻ അല്ല. കൊമേഴ്സ്യൽ ട്രാൻസാക്ഷൻ അല്ലാത്തിടത്തോളം കാലം അത് ടാക്സബിൾ ഐറ്റമായി എടുക്കുന്നത് ശരിയല്ല എന്നുള്ളതാണ് എന്റെ പക്ഷം. അങ്ങ് ചിലതിൽ ആയിരം രൂപ എന്നുപറഞ്ഞ് കാര്യങ്ങൾ റെസ്ട്രിക്ട് ചെയ്യുകയുണ്ടായി. ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെടുത്തുകയുണ്ടായി. അതിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് എക്സംപ്ഷൻ നൽകണം. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കയ്യിലിരിക്കുന്ന ഭൂമി അഞ്ച് ഏക്കറിൽ കൂടുതലാണെങ്കിൽ പോലും നികുതിയിൽനിന്നും ഇളവ് അനുവദിക്കണം. റൈറ്റ് ടു ഇൻഹെറിറ്റ് എന്നത് കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റാണ്. കൊമേഴ്സ്യൽ ട്രാൻസാക്ഷൻ അല്ലാത്തിടത്തോളം കാലം അത് ടാക്സബിൾ ഐറ്റമല്ല. ഒരു കച്ചവട പീടിക നടത്തുന്നതുപോലെയോ, വ്യവസായം നടത്തുന്നതുപോലെയോ അല്ല പിതൃസ്വത്ത് മക്കൾക്ക് കൊടുക്കുന്നത്. അതിൽ പാവപ്പെട്ടവരും സമ്പന്നരും ഉണ്ടാകും. Its a question of principle. അതിൽ അനീതിപരമായി ഒന്നുമില്ല. ന്യായവിരുദ്ധമായി ചെയ്യാൻ പറ്റിയ ഒന്നല്ല. കാരണം ആ ഭൂമി അവരുടെ പിതൃസ്വത്തായി വരുന്നതാണ്. അങ്ങ് എല്ലാത്തിനെക്കുറിച്ചും പുനർചിന്തനം നടത്തുന്ന കൂട്ടത്തിൽ ഭാവിയിലാണെങ്കിലും ഇതിനെക്കുറിച്ച് ആലോചിക്കണം. ഈ തത്വം അങ്ങയുടെ മനസ്സിൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയത് വളരെ സന്തോഷകരമായിട്ടുള്ള കാര്യമാണ്. ഗ്രീൻ ടാക്സ് ഏർപ്പെടുത്തുന്നതുകൊണ്ടുള്ള consequences നേരത്തെ ഞാൻ സൂചിപ്പിച്ചിരുന്നു. ഇത് പൊതുമേഖലാ സ്ഥാപനത്തെയാണ് ബാധിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ഗ്രീൻ ടാക്സിൽനിന്ന് ഒഴിവാക്കുമെന്ന് അങ്ങ് കഴിഞ്ഞ ചർച്ചയിൽ പറഞ്ഞത് വളരെ സന്തോഷകരമാണ്. എന്നാൽ അതിന്റെ sufferer ഗവൺമെന്റ് തന്നെയാണ്. പോലീസ് ഡിപ്പാർട്ട്മെന്റിൽ 15 വർഷത്തിലേറെ

പഴക്കമുള്ള ധാരാളം വാഹനങ്ങളുണ്ട്. അങ്ങ് ലിസ്റ്റ് പരിശോധിക്കണം. കഴിഞ്ഞ ഗവൺമെന്റ് കുറച്ച് തുക അനുവദിച്ചതിനാൽ കുറെ വാഹനങ്ങൾ റീപ്ലേസ് ചെയ്തിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം ഇനിയും ആയിരം വാഹനങ്ങളെങ്കിലും റീപ്ലേസ് ചെയ്യാനുണ്ടാകും. പരിശോധനയിൽ റവന്യൂ ഡിപ്പാർട്ട്മെന്റിൽ ആർ.ഡി.ഒ.-മാർ ഉപയോഗിക്കുന്ന വാഹനങ്ങളെല്ലാം 15-18 വർഷം കഴിഞ്ഞവയാണെന്നു കാണാം. അവയെല്ലാം റീപ്ലേസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ വാഹനങ്ങളുടെ ഗ്രീൻ ടാക്സായി ഗവൺമെന്റിന് ഒരു രൂപപോലും ലഭിക്കുകയില്ല. പ്രൈവറ്റ് വ്യക്തികളുടെ വാഹനത്തെ ലക്ഷ്യം വച്ചാണ് ഈ നിയമത്തെക്കുറിച്ച് പറയുന്നത്. പക്ഷേ ഗവൺമെന്റ് കൈകാര്യം ചെയ്യുന്ന വാഹനങ്ങളിൽത്തന്നെ ലൈഫ് എക്സീഡ് ചെയ്ത വാഹനങ്ങളുമുണ്ട്. ആ വാഹനങ്ങൾ റീപ്ലേസ് ചെയ്യുന്നതിന് ഗവൺമെന്റിന് നടപടി സ്വീകരിക്കാവുന്നതാണ്. വാഹനങ്ങളുടെ ടാക്സ് സംബന്ധിച്ച് റാഷണലൈസേഷനുണ്ടാകണം. കേരളത്തിലുള്ള കുട്ടികൾ പഠിക്കാനായി കർണ്ണാടകയിൽ പോകുന്നുണ്ട്. നിയമം അംഗീകരിക്കാത്ത കാര്യമാണ് കർണ്ണാടകയിലെ പെട്രോൾ പമ്പുകളിൽ ക്രമീകരിച്ചിരിക്കുന്നത്. അവിടത്തെ പെട്രോൾ പമ്പുകളിൽ സ്ഥിരമായി പെട്രോളടിക്കുന്ന വണ്ടികളുടെ നമ്പരെടുത്ത് ആ വാഹനങ്ങൾക്ക് 12 വർഷത്തെ ടാക്സ് ഏർപ്പെടുത്തുന്നു. അത്രയും ക്രൂരമായി ചെയ്യണമെന്ന് ഞാൻ പറയുന്നില്ല. അക്കാര്യത്തിൽ കഴിയുമെങ്കിൽ നമ്മുടെ ആളുകൾക്ക് പ്രൊട്ടക്ഷൻ കൊടുക്കാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം നമ്മൾ റാഷണലൈസേഷനും ഏർപ്പെടുത്തണം.

ശബരിമല തീർത്ഥാടനം പോലുള്ള സീസണുകളിൽ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ധാരാളം വാഹനങ്ങൾ ഇവിടേയ്ക്കു വരുന്നുണ്ട്. ഒരു സീറ്റിന് എത്ര രൂപ വച്ചാണ് വാങ്ങുന്നതെന്ന് പരിശോധിക്കണം. എക്സംപ്ഷൻ വരുന്നവരുടേതും പരിശോധിക്കണം. ജി.എസ്.ടി. വരുമ്പോൾ ഇക്കാര്യങ്ങളിലൊക്കെ മാറ്റങ്ങളുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെ മാറിയാൽ നല്ലത്. അല്ലെങ്കിലും ജി.എസ്.ടി. ചർച്ചയിൽ വാഹന നികുതിയെക്കുറിച്ച് ടേക്കപ് ചെയ്ത് കേരളത്തിന്റെ ഇന്ററസ്റ്റ് പ്രൊട്ടക്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

ചെക്ക്പോസ്റ്റുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. സബ്ജക്ട് കമ്മിറ്റി ലെവലിലും ചെക്ക്പോസ്റ്റുകളെക്കുറിച്ച് സംസാരിച്ചിരുന്നു. അങ്ങ് ഏകീകൃത ചെക്ക്പോസ്റ്റുകളെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ ഒരു ചെക്ക്പോസ്റ്റിൽ ആറോളം വകുപ്പുകളുടെ ചെക്കിംഗാണ് നടക്കുന്നത്. അവിടെയെല്ലാം വലിയ പ്രശ്നങ്ങളുണ്ട്. ചെക്ക്പോസ്റ്റുകളിൽ

നീണ്ട ക്യൂവാണ് കാണപ്പെടുന്നത്. ക്യൂ കുറയ്ക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുകതന്നെ വേണം. ഒരു വാഹനം വന്നാൽ സ്കാൻ ചെയ്ത് ഫ്രീയായി കടന്നുപോകാൻ കഴിയണം. വാഹനത്തിൽ എന്തൊക്കെ സാധനങ്ങളാണുള്ളത്, ടാക്സബിൾ/നോൺ ടാക്സബിൾ ഐറ്റം ഏതൊക്കെയാണുള്ളത് എന്ന് മനസ്സിലാക്കാൻ കഴിയുന്ന പുതിയ രൂപത്തിലുള്ള ടെക്നോളജിക്കൽ ആപ്ലിക്കേഷൻ നമുക്ക് വേണം. ഏകീകൃത ചെക്ക്പോസ്റ്റ് സമ്പ്രദായം നടപ്പിൽ വരുത്താൻ കഴിയണം. ചെക്ക്പോസ്റ്റുകളുള്ളത് ഹൈവേകളിലാണ്. ചില സ്ഥലങ്ങളിൽ കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തി തിരിച്ചിട്ടില്ല. പ്രശ്നം, ഹൈവേയിൽ നിയന്ത്രണം വരുത്തിയാലും മറ്റ് ഭാഗങ്ങളിൽ നിയന്ത്രണ ലംഘനം നടക്കും എന്നതാണ്. അക്കാരണത്താൽ നമുക്ക് ലഭിക്കുന്ന വരുമാനത്തിൽ വളരെ കുറവുണ്ടാകും. മെയിൻ റോഡുവഴി വരുന്നത് മര്യാദക്കാർ മാത്രമാണ്. വാഹനം ചെക്ക് ചെയ്യട്ടെ, ഇതുവഴി തന്നെ പോകാം എന്ന് വിചാരിക്കുന്നവർ സാമാന്യം നല്ല കച്ചവടം നടത്തുന്നവരാണ്. മറ്റുള്ളവർ ഊടുവഴികളിലൂടെയാണ് പോകുന്നത്. അത് തടയാൻ കഴിയാത്തിടത്തോളം കാലം നമുക്ക് വരുമാന ചോർച്ചയുണ്ടാകും. അത് തടയുന്നതിനുവേണ്ടി അടിയന്തര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകണം. കൺസേൺഡ് ഡിപ്പാർട്ട്മെന്റിനെ കൂടി ഇതുമായി അസോസിയേറ്റ് ചെയ്യിപ്പിക്കുകയും കേരളത്തിന്റെ അതിർത്തി നിർണ്ണയിക്കുകയും വേണം. ഗോപാലപുരത്തെ ചില കാര്യങ്ങൾ എന്റെ ഓർമ്മയിൽ വരുന്നുണ്ട്. എന്നെക്കാൾ കൂടുതലായി അക്കാര്യം അങ്ങേക്ക് അറിയാവുന്നതാണ്. സമയമില്ലാത്തതിനാൽ ഞാൻ അതിലേക്ക് കടക്കുന്നില്ല. കേരളത്തിന്റെ അതിർത്തി കൃത്യമായി നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ നികുതി ചോർച്ച ഉണ്ടായിക്കൊണ്ടിരിക്കും.

കൈത്തറി മേഖലയിലെ ടാക്സ് സംബന്ധിച്ച് പറഞ്ഞിരുന്നു. കള്ളത്തരം ആരുടെ ഭാഗത്തുനിന്നുണ്ടായാലും വിട്ടുവീഴ്ചയില്ലാതെ നടപടി സ്വീകരിക്കണം എന്ന പക്ഷക്കാരനാണ് ഞാൻ. കൈത്തറി മേഖലയിൽ അത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ നടപടി സ്വീകരിക്കണം. നിയമപരമായി അർഹിക്കുന്ന ആളുകൾക്ക് ആവശ്യമായ പ്രൊട്ടക്ഷൻ ഗവൺമെന്റ് കൊടുക്കണം. ചിലയാളുകൾ കള്ളത്തരം കാണിക്കുന്നു എന്നതുകൊണ്ട് എല്ലാവരെയും ആ രൂപത്തിൽ കൈകാര്യം ചെയ്യുന്നത് ശരിയല്ല. കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നത് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട സ്ത്രീകളാണ്. അവർക്ക് ലഭിക്കുന്ന കൂലി വളരെ തുച്ഛമാണ്. ഖാദി മേഖലയിൽ ജോലി ചെയ്യുന്നവർക്കും കാര്യമായി ഒന്നും ലഭിക്കുന്നില്ല. അവർക്ക് മറ്റ് വരുമാന മാർഗ്ഗമൊന്നും ഇല്ലാത്തതുകൊണ്ട് ഈ മേഖലയിൽ ജോലി ചെയ്യുന്നു. എന്നാൽ ഇത് ദുരുപയോഗം ചെയ്യുന്ന ആളുകളില്ല എന്ന് ഞാൻ പറയുന്നില്ല. ഈ മേഖലയിൽ

അർഹരായ ആളുകൾക്ക് പ്രൊട്ടക്ഷൻ കൊടുക്കത്തക്ക വിധത്തിൽ ഘടനയിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടുകയാണ്. മറ്റ് കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഈ മൂന്നുനാല് നിർദ്ദേശങ്ങൾകൂടി അങ്ങ് വളരെ ഗൗരവതരമായി ആലോചിക്കണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭാഗാധാരത്തിന്റെ കാര്യത്തിൽ അടിസ്ഥാനപരമായ വലിയൊരു മാറ്റം സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അക്കാര്യത്തിൽ സ്വീകരിച്ച നിലപാടിനെ ഞാൻ അഭിനന്ദിക്കുന്നു.

കൺവേയൻസ് 6 ശതമാനം എന്നത് 8 ശതമാനമാക്കി വർദ്ധിപ്പിച്ചപ്പോൾ എട്ടും രണ്ടും കൂടി 10 ശതമാനമായി. സംസ്ഥാനത്ത് കച്ചവടങ്ങൾ നടക്കാൻ ഇത് സഹായകരമാണോ, രജിസ്ട്രേഷൻ ഫീസ് വർദ്ധിക്കുന്നതിന് ഇത് സഹായകരമാണോ എന്ന് പരിശോധിക്കപ്പെടേണ്ട വസ്തുത തന്നെയാണ്. കാസ്കേഡിംഗ് ഇഫക്ട് വരുന്ന ധാരാളം ടാക്സേഷൻ നമ്മുടെ ഈ സിസ്റ്റത്തിലുണ്ടെന്ന് കഴിഞ്ഞ ബിൽ ഇൻട്രൊഡ്യൂസ് ചെയ്ത സമയത്തുതന്നെ സൂചിപ്പിച്ചിരുന്നു. പ്രത്യേകിച്ച് ഫ്ലാറ്റുകളുടെ നിർമ്മാണകാര്യത്തിലൊക്കെ സൂചിപ്പിച്ചിരുന്നു. അങ്ങ് മറുപടി പ്രസംഗത്തിൽ അത് സമ്മതിക്കുകയും ചെയ്തു. അത് റീസ്ട്രക്ചർ ചെയ്യുന്ന കാര്യത്തിൽ ഒരു സമീപനം സ്വീകരിച്ചിട്ടില്ല, സബ്ജക്ട് കമ്മിറ്റിയിൽ അത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. സ്റ്റാമ്പ് ഡ്യൂട്ടി അവോയ്ഡ് ചെയ്യുന്നതിനുവേണ്ടി ആളുകളെ പ്രേരിപ്പിക്കുന്ന തരത്തിൽ കാര്യങ്ങൾ നീങ്ങുമെന്ന് ഞാൻ സംശയിക്കുന്നു. ഇപ്പോൾ പവർ ഓഫ് അറ്റോർണിയും ജോയിന്റ് പാർട്ടി എഗ്രിമെന്റും ആരും വയ്ക്കുന്നില്ല. പവർ ഓഫ് അറ്റോർണി വയ്ക്കുന്നതിനും ജോയിന്റ് പാർട്ടി എഗ്രിമെന്റ് വയ്ക്കുന്നതിനും കൺവേയൻസിന് തുല്യമായി ഇത് കൂട്ടുന്നതിനുമുമ്പുണ്ടായിരുന്ന തുകപോലും ഇപ്പോൾ സംസ്ഥാന ഖജനാവിലേക്ക് വരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അങ്ങ് നികുതി ശാസ്ത്രത്തെക്കുറിച്ചും നികുതി ചരിത്രത്തെക്കുറിച്ചും നന്നായി അറിയാവുന്ന ആളാണ്. നികുതി ഏതായാലും ഉയർന്ന നികുതി ഈടാക്കുന്നത് ശാസ്ത്രീയമായ സമീപനമല്ല. അമിതമായ നികുതി നിർദ്ദേശം ടാക്സ് വെട്ടിപ്പിന് ആളുകളെ പ്രേരിപ്പിക്കുന്ന ഒന്നാണ്. പുതിയതും ശാസ്ത്രീയവുമായ നികുതി സമ്പ്രദായം തന്നെ മിതമായ തോതിൽ നികുതി ചുമത്തുക എന്നുള്ളതാണ്. അത് ആളുകളെ നികുതി അടയ്ക്കാൻ പ്രേരിപ്പിക്കും. അമിതമായ നികുതി നിർദ്ദേശം എപ്പോഴും ടാക്സ് അവോയ്ഡ് ചെയ്യുന്നതിനും ടാക്സ് വെട്ടിപ്പുകാരാക്കി മാറ്റുന്നതിനും പ്രേരിപ്പിക്കുകയാണ്

ചെയ്യുന്നത്. ഭാരിച്ച നികുതി കൊടുക്കാൻ കഴിയാതെ വരുമ്പോൾ എങ്ങനെ ഇതിൽനിന്നും ഒഴിഞ്ഞുപോകാമെന്നാണ് ആളുകൾ ആലോചിക്കുന്നത്. മറിച്ച്, മിതമായ നിരക്കിലുള്ള ടാക്സാണെങ്കിൽ എന്തിനാണ് സർക്കാരിനെ കബളിപ്പിക്കുന്നത്, എന്തിനാണ് നിയമലംഘനം നടത്തുന്നത് എന്ന തോന്നൽ ഉളവാകും. അപ്പോൾ നികുതി അടയ്ക്കാമെന്ന് ചിന്തിക്കും. ഒരു ബിസിനസ് മര്യാദയ്ക്ക് നടത്താൻ ആളുകളെ പ്രേരിപ്പിക്കുന്ന തരത്തിലായിരിക്കണം നികുതി നിർദ്ദേശം. മറിച്ച് ഇത്രയും വലിയ തുക നികുതി കൊടുത്താൽ ബിസിനസ് ലാഭമുണ്ടാക്കാൻ കഴിയില്ലെന്ന് തോന്നിയാൽ അത് നികുതി വെട്ടിപ്പിന് പ്രേരണയുണ്ടാക്കും. പണത്തിന്റെ ആവശ്യത്തിന് അനുസരിച്ചല്ല നികുതി നിർദ്ദേശം നൽകേണ്ടത്. പരമ്പരാഗതമായ നമ്മുടെ രീതി അതാണ്. 100 കോടി രൂപയുടെ ആവശ്യമുണ്ടെങ്കിൽ ഒരു ഷെഡ്യൂളിൽനിന്ന് രണ്ടാമത്തേതിലേക്ക് മാറ്റും, 2 എന്നുള്ള നികുതി 5 ആക്കുകയും 5 എന്നുള്ളത് 12.5 ആക്കുകയും ചെയ്യും. അല്ലെങ്കിൽ ഷെഡ്യൂളിൽനിന്ന് പുറത്തുകൊണ്ടുപോയി വലിയ നികുതി നിർദ്ദേശം വരുത്തും. അതിൽ നിന്ന് 50-100 കോടി രൂപ ലഭിക്കുമെന്ന് പറയും. നമ്മുടെ പണത്തിന്റെ ആവശ്യം നികത്താം എന്ന പരമ്പരാഗത രീതിയാണത്. ഏത് ഇൻഡസ്ട്രിയാണെങ്കിലും ഏത് സെക്ടറാണെങ്കിലും വിശദമായ പഠനങ്ങൾക്കുശേഷം മാത്രമേ നികുതി കൊണ്ടുവരാൻ പാടുള്ളൂ. ചില മേഖലകളിൽ കൂടിയ നികുതി ഈടാക്കുമ്പോൾ പഴയ നികുതിയിൽ കിട്ടിയിരുന്ന തുകപോലും കിട്ടാത്ത അവസ്ഥ പലപ്പോഴും ഉണ്ടാകാറുണ്ട്. നമുക്ക് ധാരാളം അനുഭവങ്ങളുള്ളതാണ്. അതുകൊണ്ട് അമിതമായ നികുതി നിർദ്ദേശമെന്നുള്ള നിലപാടിലേക്ക് പോകരുത്. ജി.എസ്.ടി.-യെക്കുറിച്ചും സീലിംഗിനെക്കുറിച്ചും ചർച്ച നടക്കുന്ന സമയമാണിത്. അങ്ങ് സർവ്വകക്ഷിയോഗം വിളിച്ച് അതുസംബന്ധിച്ച് ഗൗരവമായി സംസാരിക്കാമെന്നു പറഞ്ഞതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. പക്ഷേ ജി.എസ്.ടി. വന്നാലും അമിതമായി നികുതി ഈടാക്കുന്നത് ആളുകളെ ടാക്സ് വെട്ടിപ്പിന് പ്രേരിപ്പിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഫ്ലാറ്റുകളെ സംബന്ധിച്ചും കേരളത്തിൽ ഭവനരഹിതരായ ആളുകൾക്ക് വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നത് സംബന്ധിച്ചുമൊക്കെ ഇവിടെ പറയുകയുണ്ടായി. പല സമയത്തും ദേശീയ ശരാശരിയെക്കാൾ സാമ്പത്തിക വളർച്ച കേരളത്തിലുണ്ടായിട്ടുണ്ട്. ശ്രദ്ധിക്കേണ്ടത് അന്നെല്ലാം ഏറ്റവും കൂടുതൽ വളർച്ച നമ്മുടെ പ്രൈമറി സെക്ടറിൽ അല്ലെന്നുള്ളതാണ്. കാർഷിക മേഖലയിലുണ്ടായ വളർച്ചയുടെ ഭാഗമായി സാമ്പത്തിക വളർച്ചയുണ്ടായതല്ല, സെക്കണ്ടറി സെക്ടറായ വ്യാവസായിക രംഗത്തുണ്ടായ വളർച്ചയുടെ ഭാഗമായി സാമ്പത്തിക വളർച്ചയുണ്ടായതല്ല. ദേശീയ

ശരാശരിയെക്കാൾ സാമ്പത്തിക വളർച്ച ഉണ്ടായ എല്ലാ വർഷവും എടുത്തു പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, കൺസ്ട്രക്ഷൻ ഇൻഡസ്ട്രിയിലുണ്ടായ ഗ്രോത്താണ് കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ കാണിച്ചിരിക്കുന്നതെന്നാണ്. അതിന് വലിയ ഇഫക്ടുണ്ട്. 100 കോടി രൂപ മുടക്കി ഒരു കെട്ടിടം നിർമ്മിച്ചാൽ അതിൽ 40 കോടി രൂപ സാധാരണക്കാരന്റെ വീടുകളിലേക്ക് ലേബർ ചാർജ്ജായി പോവുകയാണ്. അങ്ങേക്ക് ഇതുസംബന്ധിച്ച് ഒരു പ്രിൻസിപ്പിൾ തന്നെയുണ്ടല്ലോ. ഇത്തരം ഘട്ടങ്ങളിൽ സർക്കാർ ഇനീഷ്യേറ്റീവ് നടത്തുക, അതിന് കറസ്പോണ്ടിംഗായി പ്രൈവറ്റ് സെക്ടറിലും ഇനീഷ്യേറ്റീവ് ഉണ്ടാകും. അതിന്റെ ഗുണഫലം പ്രത്യേകിച്ചും സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കാലത്തും സാമ്പത്തിക മാന്ദ്യമുണ്ടാകുന്ന കാലത്തും സാധാരണക്കാരന്റെ പർച്ചേസിംഗ് പവർ കൂട്ടാൻ നമ്മൾ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായിട്ടാണ്. അത്തരം ഇൻഡസ്ട്രികളെ പ്രത്യേകമായി നോക്കണം. ഫ്ലാറ്റ് ഇൻഡസ്ട്രിക്കുവേണ്ടി ഒരു ജനപ്രതിനിധി നിയമസഭയിൽ സംസാരിക്കുമ്പോൾ ഫ്ലാറ്റുകാരെ സഹായിക്കാൻ വേണ്ടിയാണെന്നും സ്വർണ്ണ നികുതിയെക്കുറിച്ച് സംസാരിച്ചാൽ സ്വർണ്ണക്കടക്കാരെ സഹായിക്കാൻ വേണ്ടിയാണെന്നും പറയും. അങ്ങനെയല്ലാതെയും സംസാരിക്കാം. ഫ്ലാറ്റ് ഇൻഡസ്ട്രിയാണെങ്കിലും സ്വർണ്ണ മാണെങ്കിലും ഓരോ ഇൻഡസ്ട്രിയും ഡയറക്ടായും ഇൻഡയറക്ടായും നമുക്കുണ്ടാക്കുന്ന വരുമാനത്തെയും തൊഴിൽ സാധ്യതയെയും സംബന്ധിച്ച് പഠനം നടത്തിയതിനു ശേഷം മാത്രമേ ആ രംഗത്ത് ടാക്സ് ചുമത്താൻ പാടുള്ളൂ. നല്ല lucrative ബിസിനസ് ആണ് നടക്കുന്നതെന്നുള്ള മുൻവിധിയോടുകൂടി ഓരോ ഇൻഡസ്ട്രിയെയും സമീപിച്ച് അവിടെ അമിതമായ ടാക്സ് വർദ്ധനവ് ഉണ്ടാക്കുന്നത് ഗുണത്തെക്കാൾ ഏറെ ദോഷം ചെയ്യും, തൊഴിൽ സാധ്യതകൾ ഇല്ലാതാകും, അവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. 2000-01 കാലഘട്ടത്തിൽ ഇൻഡസ്ട്രി മുഴുവൻ തകർന്ന് തരിപ്പണമായി. യഥാർത്ഥത്തിൽ അത് കേരളത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികളെവരെ ബാധിച്ചു. സാമൂഹ്യവിരുദ്ധ ബിസിനസ്സുകളെ നമ്മൾ അംഗീകരിക്കുന്നില്ല. ഗവൺമെന്റ് അപ്രൂവ് ചെയ്യുതും നികുതി വാങ്ങുന്നതുമായ എല്ലാ ബിസിനസ്സുകളും ശരിയായ ബിസിനസ്സുകളാണ്. അതിൽ ഷെയ്ഡി ബിസിനസ്സെന്നും അല്ലാത്തതെന്നും രണ്ടായി തരംതിരിക്കേണ്ട യാതൊരാവശ്യവുമില്ല. ഗവൺമെന്റ് നികുതി വാങ്ങുന്നുണ്ടെങ്കിൽ അത് നിയമപരമായ, നിയമവിധേയമായ ഇൻഡസ്ട്രിയാണ്. അതിനെ ആ അർത്ഥത്തിൽ കാണുകയും ഓരോ സെക്ടറും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രത്യക്ഷമായും പരോക്ഷമായും വരുമാനം നൽകുകയും തൊഴിൽ സാധ്യതകൾ നൽകുകയും നമ്മുടെ സമ്പദ് ഘടനയെ

പിടിച്ചുനിർത്തുകയും ചെയ്യുന്നതാണ്. ആ ഒരു സമീപനം തീർച്ചയായും നമുക്കുണ്ടാകണം. അതിനൊരു ഉദാഹരണം മാത്രമാണ് ഞാൻ പറഞ്ഞത്. മാത്രമല്ല, നികുതി തത്വങ്ങളുടെ അടിസ്ഥാനപരമായ ലംഘനം കൂടിയാണ് cascading effect ഉണ്ടാക്കുന്നത്. ഡബിൾ ടാക്സേഷൻ ഉണ്ടാക്കുകയെന്നു പറയുന്നത് അടിസ്ഥാനപരമായി ഭരണഘടനാ വിരുദ്ധം കൂടിയാണ്. ഒരു കാരണവശാലും അമിതമായ ടാക്സേഷൻ ഒരാളുടെമേലും അടിച്ചേൽപ്പിക്കാൻ പാടില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ പ്രിസംപ്റ്റീവ് ടാക്സിനെക്കുറിച്ച് (അനുമാന നികുതി) പറഞ്ഞു. ആലപ്പുഴയിൽ ഒരാൾ ആത്മഹത്യ ചെയ്തതായി അങ്ങുതന്നെ പറയുകയുണ്ടായി. ഞാൻ കോട്ടപ്പുറം, കടുങ്ങല്ലൂർ, പറവൂർ എന്നിവിടങ്ങളിലെ കേസ് പറഞ്ഞതാണ്. കഴിഞ്ഞ ദിവസം കോട്ടയത്തുകാരനായ ഒരു ഫർണിച്ചർ കടക്കാരൻ വന്നു, അയാൾ 25 ലക്ഷം രൂപയുടെ ബിസിനസ് പോലും നടത്തുന്നില്ല. പക്ഷേ, അയാളുടെ പേരിൽ ചില ആളുകൾ ബിൽ കൊടുക്കുകയാണ്. അയാളുടെ കടയുടെ അതേ പേരിലും നമ്പരിലും ട്രാൻസാക്ഷൻ നടത്തുകയണ്. എവിടെയെങ്കിലും വച്ച് സെയിൽസ് ടാക്സ് പിടിക്കുമ്പോൾ ഇയാളുടെ തലയിലാകും. അയാളും ആത്മഹത്യയിലേക്ക് പോവുകയാണ്. ഇത്തരത്തിലുള്ള ധാരാളം ആളുകളുണ്ട്. വലിയ മർച്ചന്റ് സംഘടനകളൊക്കെയുണ്ടെങ്കിലും അവരാരും ടേൺ ഓവർ 20 ലക്ഷം രൂപയ്ക്കും 60 ലക്ഷം രൂപയ്ക്കുമിടയിൽ വരുന്ന ചെറുകിട കച്ചവടക്കാർക്കുവേണ്ടി ഇതുവരെ ഒരു റെപ്രസന്റേഷനും നടത്തിയിട്ടില്ല. മനഃപൂർവ്വമായി 60 ലക്ഷം രൂപയെന്നുള്ളത് എക്സീഡ് ചെയ്തിട്ടും ടാക്സ് വെട്ടിപ്പ് നടത്താൻവേണ്ടി അത് മറച്ചുവയ്ക്കുന്ന ആളുകളുണ്ട്. അവർക്കെതിരായി എന്തു നടപടി വേണമെങ്കിലും സ്വീകരിക്കാം. പക്ഷേ, അക്കൗണ്ട് ഫയൽ ചെയ്യുന്നതിൽ അബദ്ധം പറ്റിയവരുടെ കാര്യത്തിലും വേറെ ആളുകൾ തങ്ങളുടെ പേരിൽ കള്ളക്കച്ചവടം നടത്തിയതിന്റെ പേരിലും ശിക്ഷിക്കപ്പെടുന്ന അവസ്ഥയുണ്ട്. ധാരാളം ആളുകൾ അനുമാന നികുതിയുടെ പേരിൽ ഇന്ന് വലിയ അസസ്സ്മെന്റ് കൊടുത്തിരിക്കുകയാണ്. വലിയ വെല്ലുവിളിയാണ്, അവരെ സംബന്ധിച്ചിടത്തോളം ജീവിതം വഴിമുട്ടി നിൽക്കുകയാണ്. ആത്മഹത്യയല്ലാതെ ഒരു മാർഗ്ഗവുമില്ലാതെ നിൽക്കുന്ന ധാരാളം ആളുകളുണ്ട്. അതുകൊണ്ട് കുറച്ചുകൂടി മനുഷ്യത്വപരമായ സമീപനം അക്കാര്യത്തിൽ വേണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ജി.എസ്.ടി. വരുമ്പോൾ എന്റയർ സിസ്റ്റത്തിൽ ചെയ്ഞ്ച് വരാൻ പോവുകയാണ്. ഇതെല്ലാം വീണ്ടും ക്യാരിഫോർവേർഡ് ചെയ്ത് ഇപ്പോഴുള്ളത് മുഴുവൻ കൊണ്ടുപോകുന്നതിനുമുമ്പ് പരമാവധി ഒ.ടി.എസ്. ഏർപ്പെടുത്തിയും

ആംനെസ്റ്റി സ്കീമുകൾ കൊണ്ടുവന്നും എല്ലാ സെക്ടറിൽനിന്നും പരമാവധി കിട്ടാവുന്ന നികുതി ശേഖരിക്കണം. അങ്ങ് നയപരമായി അതിനെതിരായിട്ടുള്ള ആളുമല്ല. ധാരാളം ആംനെസ്റ്റി സ്കീമുകളും സക്സസ്സുള്ളായ ഒ.ടി.എസ്. സ്കീമുകളും കൊണ്ടുവന്ന്, കോടതികളിലും ട്രൈബ്യൂണലുകളിലും കിടക്കുന്ന കേസ്സുകളെല്ലാം സെറ്റിൽ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ ഗോൾഡിന്റെ കാര്യത്തിൽ, ഗോൾഡിൽനിന്ന് കിട്ടുന്ന നികുതിയിൽ ശരാശരി വർദ്ധനവ് എല്ലാവർഷവും ഉണ്ടായിക്കൊണ്ടിരിക്കും. 25 ശതമാനം വർദ്ധനവ്, അതായത് കഴിഞ്ഞ വർഷം 400 കോടി രൂപയായിരുന്നുവെങ്കിൽ ഈ വർഷം അത് 500 കോടി രൂപതന്നെയായിരിക്കണം. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അവർ ടാക്സ് അടയ്ക്കാതിരുന്ന കാലത്താണ് കോമ്പൗണ്ടിംഗ് സിസ്റ്റം കൊണ്ടുവന്നത്. അതിനോട് ഞാൻ യോജിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റും ആ കോമ്പൗണ്ടിംഗ് സിസ്റ്റം തുടർന്നു. പക്ഷെ, കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ ആളുകളെ പിടിച്ചുനിർത്തുക എന്നുള്ളത് ഗവൺമെന്റിന്റെകൂടി ഉത്തരവാദിത്വമാണ്. കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽനിന്ന് ആളുകൾ പുറത്തേക്ക് പോകാതിരിക്കണം. കോമ്പൗണ്ടിംഗ് സിസ്റ്റം അനുസരിച്ച് 125 ശതമാനം നികുതി അടച്ചു കൊണ്ടിരിക്കുന്ന ആളുകളെ ഗൗരവതരമായി ബാധിക്കുന്ന ചില പ്രശ്നങ്ങളുണ്ട് എന്നു കരുതിയാണ് മാണി സാർ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത്, ബഹുമാനപ്പെട്ട മന്ത്രിയും ഞാനുമെല്ലാം ഉൾപ്പെട്ട സബ്ജക്ട് കമ്മിറ്റിയിൽ ചില മാറ്റങ്ങൾ വരുത്തിയത്. ചില ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വലിയ വ്യത്യാസമൊന്നും വരുത്തിയില്ലെങ്കിലും ചില ഇളവുകൾ നമ്മൾ നൽകിയിരുന്നു. ഇപ്പോൾ നഗരത്തിൽ ആരംഭിക്കുന്ന ഒരു ബ്രാഞ്ച് പോലെതന്നെ ഗ്രാമപ്രദേശത്ത് ഒരു ബ്രാഞ്ച് ആരംഭിക്കുമ്പോൾ, അവർക്കുള്ള ടാക്സ് സിസ്റ്റത്തിന് വ്യത്യാസം വരുത്താമെന്ന് നിയമസഭയിൽതന്നെ ഒരു പ്രസ്താവന നടത്തിയിട്ടുണ്ട്. ആ കാര്യം ഇതിനകത്ത് വന്നിട്ടില്ല. പരമാവധി ആളുകളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേക്ക് കൊണ്ടുവരികയും നിലവിൽ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലുള്ള ആളുകൾ പുറത്തുപോകാതെയും നോക്കിക്കൊണ്ട് നമ്മളാഗ്രഹിക്കുന്നതും ഉദ്ദേശിക്കുന്നതുമായ തരത്തിൽ നമ്മുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ചുള്ള കൃത്യമായ നികുതി ആ സെക്ടറിൽനിന്ന് ഉറപ്പുവരുത്താനാവശ്യമായ മിനുക്കുപണികൾകൂടി അക്കാര്യത്തിൽ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. നമ്മുടെ ബഡ്ജറ്റിനനുസൃതമായ പ്രവർത്തനങ്ങളാരംഭിച്ചിട്ട് ഏതാനും മാസങ്ങളായി. 5 വർഷം വിലക്കയറ്റമുണ്ടാകില്ല എന്നതാണ് ഈ ഗവൺമെന്റിന്റെ വാഗ്ദാനം. പുതിയ ബഡ്ജറ്റ് വന്നു. അതിനനുസൃതമായി ഇവിടെ വിലക്കയറ്റമുണ്ടായില്ലേ എന്ന് പരിശോധന നടത്തേണ്ട ഒരു സന്ദർഭമാണിത്. വിലക്കയറ്റം പിടിച്ചുനിർത്താനുള്ള ഒരു മെക്കാനിസവും ഇവിടില്ല എന്നുള്ള ഒരു പ്രശ്നമുണ്ട്. പുതിയ ചില നികുതികൾ കാരണം വിലക്കയറ്റമുണ്ടായിട്ടുണ്ട് എന്നുള്ളതുതന്നെയാണ് അനുഭവം. ഇതുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങളും നമ്മൾ വിലയിരുത്തണമല്ലോ. കാരുണ്യ ബെനവലന്റ് ഫണ്ട്, ദുരിതാശ്വാസ വിതരണം, കോക്ലിയർ ഇംപ്ലാന്റേഷൻ പോലുള്ള ചില ക്ഷേമപദ്ധതികൾ വളരെ വലിയ നേട്ടങ്ങൾ കൈവരിച്ചവയാണ്. അതിനെ സംബന്ധിച്ചൊക്കെ ചില പരാതികൾ വന്നു. ഞാൻ കൃത്യമായ ഒരാരോപണം പറയുന്നില്ല. കോക്ലിയർ ഇംപ്ലാന്റേഷൻ മുടങ്ങിയിട്ടുണ്ട്, പല ക്ഷേമപദ്ധതികളും കിട്ടുന്നില്ല എന്നുള്ളതുകൂടി ഈ ബഡ്ജറ്റിന്റെ ഭാഗമായിത്തന്നെ വിലയിരുത്തേണ്ടതാണ് എന്ന് സൂചിപ്പിക്കുകയാണ്. പുതിയ നികുതി നിർദ്ദേശങ്ങൾകൊണ്ട് പാവപ്പെട്ടവരെ ബുദ്ധിമുട്ടിലാക്കാൻ പാടില്ല എന്നാണ് പറയാനുള്ളത്.

ഇവിടെ ഭാഗപത്രത്തിന്റെ കാര്യം പറഞ്ഞു. ഭാഗപത്രം എന്നതിൽ ഒരു പ്രോപ്പർട്ടി വാങ്ങുകയോ വിൽക്കുകയോ ഒന്നുംതന്നെ ചെയ്യുന്നില്ല. അച്ഛനമ്മമാർക്ക് പൈതൃകമായി കിട്ടിയത് അവർ കുട്ടികൾക്ക് കൊടുക്കുമ്പോൾ അതിന് പ്രത്യേകമായി വലിയൊരു ഫീസ് ചുമത്തേണ്ടതില്ല എന്ന ന്യായമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. ഈ ഗവൺമെന്റ് വന്നപ്പോൾ ആ രീതി മാറ്റുകയും 3 ശതമാനം നികുതി ഏർപ്പെടുത്തുകയും ചെയ്തു. ഇതുസംബന്ധിച്ച് നമ്മളെല്ലാവരും ചർച്ചചെയ്യുകയും മാധ്യമങ്ങളുടെ ഭാഗത്തുനിന്ന് വലിയ വിമർശനങ്ങളുണ്ടാകുകയും ചെയ്തതിനെത്തുടർന്ന് ഇപ്പോൾ 5 ഏക്കർ വരെയുള്ള ഭൂമിയുടെ ഭാഗപത്രം നടത്തുമ്പോൾ 3 ശതമാനം നികുതിയെന്നുള്ളത് ഇല്ലാതായി. 5 ഏക്കറിന് മുകളിലുള്ളതിന് മാത്രമാണ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. ഇവിടെ നമ്മൾ കാണേണ്ട ഒരു കാര്യം, ഒരു കുടുംബത്തിന് 5 ഏക്കറിൽ കൂടുതൽ ഭൂമിയുണ്ടെന്ന് വയ്ക്കുക, അതായത് 6 ഏക്കർ ഭൂമിയുണ്ട് 8 മക്കളുമുണ്ട്. വീതം വയ്ക്കുമ്പോൾ ഒരാൾക്ക് 5 ഏക്കർ ഭൂമി ലഭിക്കുന്നില്ല. ഒരാൾക്ക് ഒരേക്കറോ അതിൽ താഴെയോ ആണ് കിട്ടുന്നത്. എന്നാൽ സാങ്കേതികമായി 5 ഏക്കറിനുമുകളിലുള്ള ഭൂമി എന്നുള്ളതുകൊണ്ട് ഇപ്പോഴുണ്ടായിട്ടുള്ള ഈ നികുതി നിർദ്ദേശം വലിയ തോതിൽ പ്രയാസങ്ങളുണ്ടാക്കും. ഇവിടെയൊരു പത്രവാർത്ത കൂടിയുണ്ട്. 'വരുമാനം കൂട്ടാൻ ഇറങ്ങി, ഉണ്ടായത്

വൻനഷ്ടം'. ഇതിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓരോ മാസത്തിലും നടന്ന രജിസ്ട്രേഷന്റെ കണക്കും പറയുന്നുണ്ട്. നികുതി ഏർപ്പെടുത്താൻ പോകുന്നതിനുമുമ്പ് ആളുകൾ വ്യാപകമായി ഭൂമി രജിസ്റ്റർ ചെയ്തപ്പോഴുണ്ടായ വലിയ നികുതി വരവിനെക്കുറിച്ചും പറയുന്നുണ്ട്. പിന്നീടത് കുത്തനെ താഴ്ന്നുവരികയാണ് ചെയ്തിരിക്കുന്നത്. അതായത് ഇപ്പോഴുണ്ടായ ഈ വർദ്ധനവ് പേടിച്ച് പലരും രജിസ്ട്രേഷനൊക്കെ നിർത്തിവച്ചിരിക്കുകയാണ്. അല്ലെങ്കിൽ പണമില്ലാത്തതുകൊണ്ട് തൽക്കാലം ഭാഗം ചെയ്യേണ്ടതില്ല എന്ന സ്ഥിതിയും. 28-10-2016-ലെ മാതൃഭൂമി പത്രത്തിൽ അതിന്റെ കൃത്യമായ ഒരു ഗ്രാഫ് കാണിക്കുന്നുണ്ട്, അതുപ്രകാരം വരുമാനം കുത്തനെ ഇടിഞ്ഞതായി കാണാം. ജൂലൈ മാസത്തിൽ 265 കോടി രൂപയായിരുന്ന വരുമാനം ആഗസ്റ്റ്-സെപ്റ്റംബർ ആയപ്പോഴേക്കും 206 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. വരുമാനം വർദ്ധിപ്പിക്കാനിറങ്ങിയ നടപടി കൊണ്ട് സംസ്ഥാന ഖജനാവിന് വരുമാനക്കുറവ് വരുന്നതായാണ് ഇത് കാണിക്കുന്നത്.

അതുപോലെതന്നെ ഇവിടെ പറഞ്ഞിട്ടുള്ള വേറൊരു കാര്യം കോർട്ട് ഫീയെ സംബന്ധിച്ചാണ്. കോർട്ട് ഫീ എന്നുപറയുന്നതുതന്നെ സത്യത്തിൽ ന്യായമല്ല. ഇതൊരു ജനാധിപത്യ രാജ്യമാണ്. ഒരാൾ ഒരു സാമ്പത്തിക പ്രശ്നം പരിഹരിക്കാൻ കോടതി മുമ്പാകെ വരുമ്പോൾ അയാൾ കോടതിയിൽ വലിയ തോതിൽ പണം കെട്ടിവയ്ക്കണം. അതിന്റെ ഒരു വിഹിതം, അന്യായത്തിന്റെ ഒരു വിഹിതം കെട്ടിവയ്ക്കണം. ന്യായമല്ലാത്തതുകൊണ്ടായിരിക്കാം 'അന്യായം' എന്ന് പേര് വന്നിരിക്കുന്നത്, ആദ്യം അതിന്റെ ഒരു വിഹിതം കെട്ടിവയ്ക്കണമെന്നതിൽതന്നെ ഒരു അന്യായമുണ്ട്.

ഇപ്പോൾ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ വന്ന ഭേദഗതിയിൽ കോർട്ട്സ്, ട്രൈബ്യൂണൽസ് ആന്റ് അപ്പലേറ്റ് അതോറിറ്റീസ് എന്നുപറയുന്നതു കൊണ്ട് അതിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലും ഉൾപ്പെടുന്നുണ്ട്. ഒരു ആക്സിഡന്റിൽ ഗുരുതരമായ പരിക്കുപറ്റി അംഗവിച്ഛേദം സംഭവിച്ച ഒരാൾക്ക്, ആ സമയത്ത് അയാളുടെ ചികിത്സതന്നെ വലിയ പ്രയാസമായിരിക്കും, ഈ ട്രൈബ്യൂണലിന്റെ വിധി വരുന്നത് വർഷങ്ങൾ കഴിഞ്ഞിട്ടാണ്. അയാൾ എത്ര രൂപയാണോ ക്ലെയിം ചെയ്യുന്നത് അതിന്റെ ഒരു ശതമാനം തുക ഫീസായി കൊടുക്കേണ്ട സ്ഥിതി വന്നിരിക്കുകയാണ്. അതുകൊണ്ട് ട്രൈബ്യൂണലുകൾ എന്നുപറഞ്ഞതിൽനിന്നും ഏറ്റവും ചുരുങ്ങിയപക്ഷം ഒരു ജനപക്ഷ ഭേദഗതി എന്നുള്ള നിലയ്ക്ക് മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളെ

ഒഴിവാക്കുകയോ അല്ലെങ്കിൽ പെറ്റീഷൻ കൊടുക്കുന്ന സമയത്ത് തുക അടയ്ക്കണമെന്നുള്ള നിബന്ധന മാറ്റി, ക്ലെയിം ചെയ്ത തുക കിട്ടുമ്പോൾ അതിൽ നിന്നെടുക്കാനുള്ള നടപടിയുണ്ടാകുകയോ വേണം. അവാർഡ് പാസ്സാക്കിയതിനുശേഷം അതിൽനിന്നും തുക പിടിക്കണം. അല്ലാതെയുള്ളത് മനുഷ്യത്വമില്ലാത്ത കാര്യമാണ്. അതുകൊണ്ടുതന്നെ മോട്ടോർ വെഹിക്കിൾ ആക്സിഡന്റ് ട്രൈബ്യൂണലുകളെ ഇപ്പോഴുണ്ടായിട്ടുള്ള ലീഗൽ ബെനിഫിറ്റിന്റെ ഒരു ശതമാന വർദ്ധനവിൽ നിന്ന് ഒഴിവാക്കണമെന്ന ഒരു ജനപക്ഷ ഭേദഗതി കൂടി ഞാനിവിടെ അവതരിപ്പിക്കുകയാണ്. ഉദാഹരണത്തിന് 5 ലക്ഷം രൂപയ്ക്ക് ഒരു കേസ് നടത്തുമ്പോൾത്തന്നെ ഈ പണം അടയ്ക്കണം. ഈ 5 ലക്ഷം രൂപ പിന്നീട് എപ്പോഴെങ്കിലുമായിരിക്കും റിക്കവർ ചെയ്യുന്നത്. അതുപോലെ റിക്കവർ ചെയ്യാൻ ചെല്ലുമ്പോൾ ചിലപ്പോൾ തരേണ്ട ആൾ, 'no means is the plea' അയാൾക്ക് പണം കെട്ടാനില്ല, പാപ്പരാണ് എന്നുപറഞ്ഞാൽ ഇയാൾ നടത്തിയ കേസ് വെറുതെയാകും. ഇതൊക്കെയാണ് സിവിൽ കേസ്സുകളുടെ സ്ഥിതി. അതുകൊണ്ട് കോർട്ട് ഫീ എന്നുപറയുന്നതുതന്നെ അന്യായമാണ്. അതിൽ ഇപ്പോൾ ഒരു ശതമാനം വർദ്ധനവുണ്ടാക്കിയത് തികഞ്ഞ അന്യായമാണ്. സംസ്ഥാന ഖജനാവിലേക്ക് വരുമാനത്തിന്റെ ചില മേഖലകൾ കണ്ടെത്തുന്നതിനായിരിക്കും നിങ്ങളിതുംകൂടി ഉൾപ്പെടുത്തിയിട്ടുള്ളത്. അപകടങ്ങളിൽ പരിക്കുപറ്റി ദുരിതമനുഭവിക്കുന്നവരെ എങ്കിലും ഇതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണം, ഇതൊരു ജീവകാരുണ്യ വിഷയമായി സൂചിപ്പിക്കുകയാണ്.

ചരക്കുവാഹന നികുതിയിൽ 10 ശതമാനത്തിന്റെ വർദ്ധനവുണ്ട്. അത് പിൻവലിക്കണമെന്നാണ് എന്റെ ഒരു നിർദ്ദേശം. നിത്യോപയോഗ സാധനങ്ങൾക്ക് അതുവഴി വില വർദ്ധിക്കും എന്നുള്ള കാര്യത്തിൽ തർക്കമില്ല. സ്റ്റേജ് കാരേജുകളുടെ ത്രൈമാസ നികുതി, എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ സീറ്റുകളുടെ എണ്ണത്തിനുപകരം തറവിസ്തീർണ്ണം കണക്കാക്കിയാണ് നികുതി ഏർപ്പെടുത്തി യിരിക്കുന്നത്. ഉപയോഗിക്കുന്ന സീറ്റുകളുടെ എണ്ണമനുസരിച്ച് അത് മാറ്റണം എന്നുള്ളതാണ് എന്റെ നിർദ്ദേശം.

അതുപോലെതന്നെ ഗ്രീൻ ടാക്സിന്റെ കാര്യം, ഇവിടെ പത്തുകൊല്ലവും 15 കൊല്ലവും ആയ ഡീസൽ വാഹനങ്ങൾ മാറ്റണമെന്നുപറയുന്നുണ്ട്. എല്ലാം 15 വർഷം എന്നാക്കണമെന്നുള്ള ഒരു നിർദ്ദേശം വയ്ക്കുകയാണ്. മറ്റൊരു ഗുരുതരമായ പ്രശ്നമുള്ളത് 10 കൊല്ലമായ ഡീസൽ വാഹനങ്ങളൊക്കെ മാറ്റണമെന്നു പറയുമ്പോൾ കെ.എസ്.ആർ.ടി.സി. പൂട്ടേണ്ടിവരും. ഇപ്പോൾത്തന്നെ

കെ.എസ്.ആർ.ടി.സി. വലിയ പ്രതിസന്ധിയിലാണ്. അതുകൊണ്ട് ആ കാര്യത്തിലൊരു മാറ്റമുണ്ടായാൽ നന്ന്. കേരളത്തിൽ രജിസ്റ്റർ ചെയ്ത അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്ക് പാസഞ്ചർ ഒന്നിന് 1540 രൂപ എന്നുള്ളത് 2050 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത് സാധാരണക്കാരന്റെ യാത്രയെ ബാധിക്കുന്ന ഒരു വിഷയമാണ്.

സ്വർണ്ണക്കച്ചവടവുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയുണ്ട്. അത് കാണാതെ പോകരുത്. പഴയ സ്വർണ്ണാഭരണങ്ങൾ വാങ്ങുമ്പോൾ പുതുതായി പർച്ചേസ് ടാക്സ് ഏർപ്പെടുത്തിയിരിക്കുകയാണ്. അത് വരാനിടയായ സാഹചര്യം ഇവിടെ പറഞ്ഞല്ലോ, ഒരു അമെന്റ്മെന്റിൽ വന്ന പാളിച്ചയാണ്. ടേൺ ഓവർ എന്ന് ചേർക്കേണ്ടിടത്ത് (ടേൺ ഓവർ ആകുമ്പോൾ അതിൽ പർച്ചേസും സെയിൽസും വരും) സെയിൽസ് എന്ന് ചേർത്തു. സെയിൽസ് എന്ന് ചേർക്കുമ്പോൾ ഒരു ഒബ്ലിക്ഷൻ വന്നത് സെയിൽ മാത്രമേ വന്നിട്ടുള്ളൂ, പർച്ചേസ് വന്നിട്ടില്ല എന്നാണ്. നമ്മൾ എന്തൊക്കെ പറഞ്ഞാലും വിവാഹ കാര്യങ്ങൾക്ക് സ്വർണ്ണം ഒരാവശ്യമായിത്തന്നെ തുടരുന്ന കാലത്ത്, അമ്മയുടെ പഴയ സ്വർണ്ണം കൊടുത്തിട്ടാണ് മകളുടെ കല്യാണം നടത്തുന്നത്. വീട്ടിലുള്ള പഴയ സ്വർണ്ണം കൊടുത്തിട്ട് പുതിയ സ്വർണ്ണം വാങ്ങും. പഴയ സ്വർണ്ണം കൊടുക്കുന്നതിന് ഇപ്പോൾ 5 ശതമാനം ടാക്സ് ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത് ജ്വവലറിക്കാരെ സഹായിക്കാനല്ലേ; ഈ 5% ശതമാനം ടാക്സ് അൾട്ടിമേറ്റായി സാധാരണക്കാരനെയാണ് ബാധിക്കാൻ പോകുന്നത്. നമ്മൾ എന്ത് പുരോഗമനം പറഞ്ഞാലും വിവാഹത്തിന് സ്വർണ്ണം ഒഴിവാക്കാൻ കഴിയാത്തൊരു സംഗതി തന്നെയാണ്. സ്വർണ്ണമില്ലാതെ ഒരു പാവപ്പെട്ട കുട്ടിയുടെ കല്യാണം പോലും കഴിയുന്നില്ല എന്നത് വസ്തുതയാണ്. അഞ്ച് പവനോ, പത്തുപവനോ, വേരിയേഷനുണ്ടാകുമായിരിക്കും. പർച്ചേസ് ടാക്സ്, ഒരു പിശകിലൂടെ സംഭവിച്ച ഈ സംഗതി, തിരുത്താൻ ഗവൺമെന്റ് തയ്യാറാകണം. ടേൺ ഓവറിനുപകരം വന്നതുകൊണ്ട് സംഭവിച്ചതാണ്. അത് തിരുത്താൻ തയ്യാറാകണം.

ചെക്ക് പോസ്റ്റുകളുടെ കാര്യം പറഞ്ഞു. എന്റെ മണ്ഡലത്തിൽ ഒരു ചെക്ക് പോസ്റ്റിന്റെ പ്രശ്നമുണ്ട്. ചോദ്യോത്തരവേളയിലും സബ്മിഷനായും പലതവണ ഞാൻ ഉന്നയിച്ചതാണ്. സംസ്ഥാന അതിർത്തികളിലാണ് സാധാരണ ചെക്ക് പോസ്റ്റ് ഉണ്ടാവുക. എന്റെ മണ്ഡലത്തിൽ അതിർത്തിവിട്ട് 50 കി.മീറ്റർ കഴിഞ്ഞ് ഒരു ചെക്ക് പോസ്റ്റുണ്ട്. തമിഴ്നാട്-കേരള ബോർഡർ, അട്ടപ്പാടിയിലെ ആനക്കട്ടിയിലാണ് ചെക്ക് പോസ്റ്റ് വേണ്ടത്. പക്ഷെ അതിനിടയിൽ ഊടുവഴികളൊക്കെയുണ്ട്

എന്നുപറഞ്ഞു കൊണ്ട് അട്ടപ്പാടി ചുരവും കഴിഞ്ഞ് താഴത്ത് മണ്ണാർക്കാടാണ് ഈ ചെക്ക്പോസ്റ്റ് സ്ഥാപിച്ചിരിക്കുന്നത്. അട്ടപ്പാടിക്കാർ അവരുടെ കാർഷികോത്പന്നങ്ങളുമായി മണ്ണാർക്കാട് അങ്ങാടിയിലേക്കോ പാലക്കാട്ടേക്കോ പോകണമെങ്കിൽ ഈ ചെക്ക്പോസ്റ്റിന്റെ ചെക്കിംഗിന് വിധേയരാകണം. നാട്ടുകാർ നമ്മുടെ ചെക്ക്പോസ്റ്റിൽതന്നെ 50 കി. മീറ്റർ യാത്ര ചെയ്തിട്ട് വീണ്ടും ചെക്കിംഗിന് വിധേയരാകുകയെന്നത് അന്യായമാണ്. അതുമാറ്റാൻ ആവശ്യപ്പെട്ടപ്പോഴൊക്കെ നമ്മുടെ ഉദ്യോഗസ്ഥർ പറഞ്ഞത് ഊടുവഴികളിലൂടെ ആളുകൾ രക്ഷപ്പെടും, ടാക്സ് നഷ്ടമുണ്ടാകും എന്നാണ്. ഊടുവഴികളിലൂടെ രക്ഷപ്പെടുന്നുണ്ടെങ്കിൽ അത് തടയാനുള്ള സംവിധാനങ്ങളു ണ്ടാകണം. കേരളീയരെ നമ്മുടെ ചെക്ക്പോസ്റ്റിലിട്ടുതന്നെ വട്ടംകറക്കുന്ന ഈ സംവിധാനത്തിന് ഒരു പരിഹാരമുണ്ടാക്കാൻ അങ്ങ് നേതൃത്വം കൊടുത്താൽ അങ്ങേക്ക് പുണ്യം കിട്ടുമെന്ന് അട്ടപ്പാടിക്കാർക്കുവേണ്ടി ഈ സന്ദർഭത്തിൽ ഒരിക്കൽകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഇത്രയും കാര്യങ്ങളാണ് ഫിനാൻസ് ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിക്കാനുള്ളത്. വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാറിനുവേണ്ടി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഭരണകക്ഷിയും പ്രതിപക്ഷവും പൊതുവായ യോജിപ്പ് പ്രകടിപ്പിച്ച ഒരു ബില്ലാണിത്. ഇന്ന് ഒക്ടോബർ ലോകത്ത് ഇരുപതാം നൂറ്റാണ്ടിന്റെ പുലർകാല വേളയിൽ അന്നത്തെ ലോകത്തെ മുഴുവൻ മാറ്റിമറിച്ച ആദ്യത്തെ വിജയ സംഭവമാണ് ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയം. തീർച്ചയായും അത് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ സ്വാതന്ത്ര്യബോധത്തെയും സ്വാതന്ത്ര്യത്തെയും സ്വാധീനിച്ചു. 1957-ൽ കേരളത്തിൽ ആദ്യതെരഞ്ഞെടുപ്പിലൂടെ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് രൂപീകരിക്കപ്പെട്ടതിലും ഇതിന്റെ സ്വാധീനമുണ്ട്. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിനെ ഒരുപാട് സ്വാധീനിച്ചതും ഓക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവമാണ്. അദ്ദേഹം തന്റെ മകൾക്കയച്ച കത്തുകളിൽ "ആ വിപ്ലവം വിജയം കൊണ്ട വർഷമാണ് നീ ജനിച്ചതെന്നും നിന്റെ ജന്മത്തിന്റെ മഹത്വം സാക്ഷ്യപ്പെടുത്തുന്നു." എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിലെത്തിയപ്പോൾ പ്രതിപക്ഷവും ഭരണ കക്ഷിയിലുള്ളവരുമെല്ലാം സംസാരിച്ച് ചില കാര്യങ്ങളിൽ

തീരുമാനങ്ങളുണ്ടായിട്ടുണ്ട്. പൊതുവേ നമ്മുടെ സമൂഹത്തിൽ ധാരാളം വിഷമതകൾ നിറഞ്ഞ ഘട്ടത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. ലോക സാഹചര്യങ്ങൾ, ഇന്ത്യാ ഗവൺമെന്റിന്റെ നയം - അതായത് റബ്ബറിന്റെ വിലയിടിവുൾപ്പെടെ കേരളത്തിലെ മനുഷ്യന്റെ വാങ്ങൽശേഷി നഷ്ടമായതും കേരളത്തിലെ കമ്പോളങ്ങൾ ഇന്ത്യയിലെ പൊതു കമ്പോളങ്ങളെപ്പോലെതന്നെ സജീവമല്ലാതായതും സാധാരണക്കാരന്റെ കയ്യിലേക്കു വരുന്ന കാശിന്റെ അളവ് കുറഞ്ഞതും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. സ്വാഭാവികമായും ഒട്ടും ചോർച്ചയില്ലാതെ കിട്ടാവുന്നതെല്ലാം പിരിച്ചെടുത്തേ മതിയാകൂ. പരമാവധി ചെലവ് കുറച്ചേ മതിയാകൂ. അതിൽനിന്ന് ബാക്കി വരുന്ന പണം ചെലവിന് നിവൃത്തിയില്ലാത്ത മനുഷ്യന്റെ കൈകളിലെത്തിച്ചേ മതിയാകൂ. അതെല്ലാം ഈ ബഡ്ജറ്റിൽ പ്രകടമാണ്. ഈ ബഡ്ജറ്റ് തന്നെ ആരുടേതാണ് എന്നൊരു തർക്കം വേണമെങ്കിൽ ഉന്നയിക്കാം. രണ്ടുകൂട്ടർക്കും കൂടിയുള്ളതാണ്. ഈ ബഡ്ജറ്റ് ആദ്യം അവതരിപ്പിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്താണ്. അതിലൊരു കൂട്ടിച്ചേർക്കൽ നടത്തിയിട്ടുണ്ട്. സത്യത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഒരു നയംകൂടി ചേർത്ത് അവതരിപ്പിച്ച ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ്. അതുകൊണ്ടുതന്നെ ഇത് രണ്ടുപേർക്കും കൂടിയുള്ള ബഡ്ജറ്റാണ്. കേരളത്തിന്റെ മൊത്തംഭാരം രണ്ടുകൂട്ടരുംകൂടി ഏറ്റെടുക്കുമ്പോഴും പൊക്കാൻ പ്രയാസമുള്ള ഒരു ഭാരം കേരളത്തിലുണ്ടെന്ന അർത്ഥത്തിലാണ് ഈ ബഡ്ജറ്റിൽ ധനകാര്യവകുപ്പുമന്ത്രി കിഫ്ബി എന്ന നിർദ്ദേശം കൊണ്ടുവന്നിട്ടുള്ളത്. ജനങ്ങളിൽനിന്ന് പിരിച്ചെടുക്കുന്ന കരം, സംഭാവനകൾ തുടങ്ങിയവ കൊണ്ടുമാത്രം ഇവിടത്തെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കുകയില്ല. പുതിയൊരു ധനസമാഹരണ സംവിധാനവും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ മോഹങ്ങൾ പൂർത്തിയാക്കാനുള്ള പുതിയ വികസന സമ്പ്രദായവും കൊണ്ടുവരണമെന്നുള്ള ആഗ്രഹത്തിലാണ് അത് കൂട്ടിച്ചേർത്തത്. കർഷകരെ സഹായിക്കേണ്ടതുണ്ട്. തീർച്ചയായും കേരളത്തിലെ കാർഷിക മേഖലയുടെ വളർച്ച മൈനസാണ്. മൈനസിൽനിന്ന് പ്ലസ്സിലേക്ക് വന്നാലല്ലാതെ അടിസ്ഥാന മേഖലയിൽ, കാർഷിക മേഖലയിൽ തൃപ്തികരമായ അന്തരീക്ഷം കർഷകനുണ്ടാകില്ല. തിരുവള്ളുവരുടെ വളരെ പ്രസിദ്ധമായ ഒരു വാചകം അദ്ദേഹത്തിന്റെ കൃതിയിലുണ്ട്. എല്ലാ പ്രശ്നങ്ങളെയും സമഗ്രമായി സ്വാംശീകരിച്ച് ദർശനപരമായി ഉന്നയിച്ചിട്ടുള്ളതാണ് തിരുക്കുറൽ. ആ തിരുക്കുറലിൽ കാർഷിക മേഖലയെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഒരേയൊരു വാചകമാണ്. അത് രണ്ടുവരിയാണ്. അതിങ്ങനെയാണ്;

ഉഴുതുണ്ട് വാഴ്വോരേ വാഴ്വോർ

മറ്റെല്ലോരും തൊഴുതുണ്ട് പിൻചെൽവോർ

നിർഭാഗ്യവശാൽ കേരളത്തിൽ മിക്കവാറുംപേരും തൊഴുതുണ്ട് പിൻചെൽവോരാണ്. ഉഴുതുണ്ട് വാഴ്വോർ കുറവാണ്. ഇവിടെ ഉഴുതുണ്ട് വാഴ്വോരുണ്ടാകുന്ന ഒരു കാലമുണ്ടാകണം. അങ്ങനെയൊരു കാലമുണ്ടായിരുന്നു. അങ്ങനെയാണ് കുട്ടനാടുണ്ടായത്. കുട്ടനാടിനെക്കുറിച്ച് ധാരാളം ഐതീഹ്യങ്ങളുണ്ടെങ്കിലും കുട്ടനാടിനെക്കുറിച്ച് പറയുന്നത്, ചെളി കുത്തിയെടുത്ത് ഉണ്ടായ നാടാണെന്നാണ്. അങ്ങനെയാണ് കുട്ടനാട്ടിൽ വയലുകളും കായലുകളുമുണ്ടായത്. 1834-ലാണ് കുട്ടനാട്ടിൽ ആദ്യത്തെ വയലുണ്ടാകുന്നത്. അതൊരു തർക്കത്തിന്റെ പുറത്താണ്. ആറ്റിൽ മുട്ടുകുത്തി അവിടെനിന്ന് ചെളിയെടുത്ത് വയലുണ്ടാക്കിയതുമായി ബന്ധപ്പെട്ട് തർക്കമുണ്ടായി, രാജാവിന്റെയടുത്തെത്തിയപ്പോൾ ചെളിയെടുത്തവനെ ശിക്ഷിക്കാൻ അദ്ദേഹം ദൂതനോടു ആജ്ഞാപിച്ചു. അവിടെ ചെന്നുനോക്കിയപ്പോൾ മനുഷ്യർക്കാവശ്യമായ നെല്ലും കന്നുകാലികൾക്കു വേണ്ടിയുള്ള വയ്ക്കോലും ഉത്പാദിപ്പിക്കാനാണ് വയലുണ്ടാക്കിയതെന്ന് മനസ്സിലാക്കിയ ദൂതൻ അത് ചെയ്തവന് സമ്മാനം കൊടുത്തിട്ടാണ് തിരിച്ചുവന്നത്. അങ്ങനെയാണ് ഒരുപാട് കായലുകളുണ്ടായത്. പിന്നീട് മുരിക്കന്റെ റാണി, ചിത്തിര, മാർത്താണ്ഡം കായലുകളൊക്കെ ഉണ്ടായി. അവസാനമുണ്ടാക്കിയ കായലാണ് മതികായൽ. അതോടുകൂടി മതിയാക്കി എന്നതുകൊണ്ടാണ് മതികായൽ എന്ന് പേരിട്ടത്. അതുപോലെ കർഷകരുടെ അദ്ധ്വാനത്തിന്റെ സംഭാവനയാണ് മലപ്പുറം ജില്ലയിലെ ഒരുപാട് നിലങ്ങൾ. മലകൾക്കിടയിൽ നിലങ്ങൾ ഉണ്ടാക്കിയെടുത്തതാണ്, അവിടെ നിലങ്ങൾ ഉണ്ടായിരുന്നതല്ല. നിലം ഉണ്ടാക്കിയെടുത്ത് കൃഷി ചെയ്ത് ഏതാണ്ട് സമ്പന്നമായ രീതിയിൽ ജീവിച്ച, അതിന്റെ ആഘോഷങ്ങളെല്ലാം കൊണ്ടുനടന്ന ഒരു നാട്ടിൽ നിലങ്ങളില്ലാതാക്കുന്ന ജോലി 1971 മുതൽ ഈ വർഷം വരെ നമ്മൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെതിരായിട്ടാണ് കേരളത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നെങ്കിലും കേരളത്തിൽ 1971 മുതൽ 2014-15 വരെയുള്ള കാലയളവെടുക്കുമ്പോൾ, ഒറ്റ വർഷം അതായത് 2008-09-ലാണ് നിലത്തിന്റെ അളവ് കൂടിയത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്ന വർഷമാണത്. ബാക്കി എല്ലാ വർഷങ്ങളിലും നിലത്തിന്റെ അളവ് കുറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. നിലത്തിന്റെ അളവ് കൂട്ടണം. തിരുവള്ളുവർ പറഞ്ഞു പോലെ ഉഴുതുണ്ട് വാഴ്വോരുടെ എണ്ണം കൂട്ടണം. കൃഷിയിൽ ഒരദ്ധ്വാനവുമില്ലാതെ മറ്റ്

അദ്ധ്വാനം നടത്തി പണമുണ്ടെങ്കിൽ ജീവിക്കാം എന്നുപറയുന്ന അവസ്ഥയിൽനിന്ന് കേരളം മാറണം. അതിനൊരു പദ്ധതി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. ഇതെല്ലാവരുംകൂടി ചേർന്നുനടത്തേണ്ടതാണ്. ഇതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. എല്ലാവരും ചേർന്ന് ചെയ്യേണ്ട ഉത്തരവാദിത്വമുണ്ട്.

ജി.എസ്.ടി. നടപ്പിലാക്കിത്തുടങ്ങിയത് ന്യൂസിലാന്റിലാണെങ്കിലും ലോകത്തിലെ വികസിത രാജ്യങ്ങളിലെല്ലാം നടപ്പിലാക്കി വരുന്നതുകൊണ്ട് നമുക്ക് മാറി നിൽക്കാൻ സാധിക്കുകയില്ല. ഇപ്പോൾ അതിന് കൗൺസിലുണ്ടായി. 2018-ഓടുകൂടി ജി.എസ്.ടി. നടപ്പാക്കുന്ന ഒരു അന്തരീക്ഷമുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ ജി.എസ്.ടി. വരുമ്പോൾ ഇവിടെ നേരത്തെ പ്രസംഗിച്ചവർ പറഞ്ഞതുപോലെ തീർച്ചയായും നമ്മൾ ചില കാര്യങ്ങളിൽ മുൻകരുതലുകളെടുക്കണം. പിരിവിന്റെ ഘടന മാറ്റണം; പല തരത്തിലുള്ള ടെക്നോളജി കൊണ്ടുവരണം; മുഴുവൻ ചെക്ക്പോസ്റ്റുകളും ആധുനികവത്ക്കരിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതു പോലെ വാഹനങ്ങളെ തടഞ്ഞുനിർത്തി ക്യൂ പ്രതിസന്ധിയുണ്ടാക്കാതെ, ആ സിസ്റ്റത്തിൽ നിന്നും മാറി ആധുനിക ടെക്നോളജി ഉപയോഗപ്പെടുത്തിവേണം പരിശോധിക്കാൻ. എല്ലാം ചെയ്യണം. ഇതെല്ലാം ചെയ്യുമ്പോൾ കേരളത്തിൽ പൊതുവായി ചില വെല്ലുവിളികൾ നമ്മൾ നേരിടുന്നുണ്ട്. നമ്മുടെ മാനവികതയും നവോത്ഥാനവും നേരിടുന്ന ചില വെല്ലുവിളികളുണ്ട്. കേരളത്തിലെ മതേതരത്വ ജനാധിപത്യ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും സാംസ്കാരിക മണ്ഡലത്തിന്റെയും കലാകാരന്മാരുടെയും ബുദ്ധിജീവികളുടെയുമൊക്കെ സഹായത്തോടുകൂടി ആ വെല്ലുവിളികളെ നമുക്ക് നേരിടേണ്ടതുണ്ട്. ലോകത്ത് ചില പരിശോധനകളുണ്ട്; ചില ചരിത്രസംഭവങ്ങളുണ്ട്. ശ്രീ. എം. ഉമ്മറിനും ശ്രീ. റ്റി. എ. അഹമ്മദ് കബീറിനുമൊക്കെ ഉദാഹരണങ്ങൾ പരിചയമുണ്ടായിരിക്കും.

നിയമങ്ങളെല്ലാമുണ്ടാക്കുന്നത് മനുഷ്യനാണ്. നമ്മളുണ്ടാക്കുന്ന നിയമങ്ങളും പ്രകൃതിയുണ്ടാക്കുന്ന നിയമങ്ങളുമുണ്ട്. പ്രകൃതിയുണ്ടാക്കുന്ന നിയമത്തിനനുസരിച്ചാണ് മഴ പെയ്യുന്നത്. നമ്മുടെ നിയമത്തിനനുസരിച്ച് മഴ പെയ്യുകയില്ല. ഇപ്പോൾ ഡൽഹിക്കാർ ആഗ്രഹിക്കുന്നത് മഴ പെയ്യാനാണ്. ഇവിടെ ഗ്രീൻ ടാക്സിനെ ക്കുറിച്ചൊക്കെ പറഞ്ഞപ്പോഴാണ്, അക്കാര്യമോർത്തത്. മൂന്നു ദിവസമായി ഡൽഹിയിൽ സ്കൂളുകൾ തുറക്കുന്നില്ല, ഇന്ന് ഓഫീസുകളും തുറന്നിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഡൽഹിയിൽ വാഹനങ്ങൾ ഓടുന്നില്ല; ആകാശം മുഴുവൻ പുക നിറഞ്ഞ് മഞ്ഞുകട്ട കിടക്കുന്നതുപോലെ നിൽക്കുകയാണ് ഡൽഹി.

ഇതിന്റെ ഒരു കാരണമായി പറയുന്നത് ഗ്രീൻ ടാക്സില്ലാത്തതാണ്. ഗ്രീൻ ടാക്സിനെക്കുറിച്ച് മാത്രമല്ല, ഗ്രീൻ സിസ്റ്റത്തെക്കുറിച്ച് നമ്മുടെ അറിവില്ലായ്മയാണ്. കേരളത്തിലും നാളെ ഇതൊക്കെ സംഭവിച്ചുകൂടെന്നില്ല. ചിലർ ഇവിടെ പറഞ്ഞത് ശരിയാണ്, ഗ്രീൻ ടാക്സ് വന്നു. 15 വർഷത്തേക്കുള്ള വാഹനങ്ങൾ മാറ്റിയാൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതിയെന്താകും; മറ്റു വാഹനങ്ങളുടെ സ്ഥിതിയെന്താകും; പൊതുവാഹന സിസ്റ്റത്തിന്റെ, റവന്യൂ പോലീസ് എന്നീ വകുപ്പുകളിലെ വാഹനങ്ങളുടെ സ്ഥിതിയെന്താകും എന്നൊക്കെ ചോദിച്ചു. ഡൽഹിയിലുണ്ടായ ഭീഷണി നാളെ നമ്മുടെ മുമ്പിലുമുണ്ട്. അതുകൊണ്ട് അതിനെയെല്ലാം സംരക്ഷിക്കാനുള്ള സംവിധാനമുണ്ടാകണം. ഡൽഹിയിലെ സ്ഥിതിയെ നമുക്ക് ഇവിടെ വരവേൽക്കാൻ സാധിക്കുകയില്ല. ഇന്ന് ഡൽഹിയിൽ സംഭവിച്ചത് നാളെ കേരളത്തിൽ ഉണ്ടാകാതിരിക്കാനുള്ള ഉത്തരവാദിത്വം അപ്പുറത്തും ഇപ്പുറത്തുമുള്ളവർ എടുത്തേ മതിയാകൂ. അതിന് ഇത്തരം സംവിധാനങ്ങൾ ആവശ്യമാണ്. ഒപ്പം മുന്നോട്ടുപോകുന്നതിനുവേണ്ട ധാരണകളും നമുക്കാവശ്യമാണ്.

കഅ്ബ എന്നുപറയുന്നത് മക്കയിലെ ഏറ്റവും വലിയ മുസ്ലീം തീർത്ഥാടന കേന്ദ്രമാണ്. അവിടെ പ്രവാചകനായ മുഹമ്മദ് ജീവിക്കുന്ന കാലത്ത്; അന്ത്യപ്രവാചകൻ ചെറുപ്പക്കാരാണെങ്കിൽ അദ്ദേഹത്തിന്റെ അന്നത്തെ പേര് അൽ-അമീൻ എന്നാണ്. സത്യത്തിൽ കേരളത്തിൽ പണ്ട് അൽ-അമീൻമാർ ധാരാളമുണ്ടായിരുന്നു. ഇപ്പോൾ അൽ-അമീൻമാർ കുറച്ചുപോലുമില്ല എന്നത് ഒരു പ്രതിസന്ധിയാണ്. അൽ-അമീൻ ആയി; സത്യസന്ധനായി അദ്ദേഹം നിൽക്കുന്ന കാലത്ത്, വെള്ളപ്പൊക്ക സമയത്ത് ആ കെട്ടിടത്തിന് കേടുപറ്റി. അത് നന്നാക്കിയെടുക്കുന്ന സമയത്ത് അതിനകത്തെ ശ്യാമശില, ഹജ്ർ-അൽ-അസ്‌വദ് (Hajar al-Aswad) എന്നാണ് അതിന്റെ അറബി പേര്, അതെടുത്ത് മാറ്റിവയ്ക്കുന്ന പ്രശ്നം വന്നു. അത് എടുത്തുവയ്ക്കാനുള്ള അവകാശത്തിനായി ഓരോ ഗോത്ര തലവന്മാരും അവരുടെ തർക്കമുന്നയിച്ചു. ഇങ്ങനെ തർക്കമുന്നയിക്കുമ്പോൾ തർക്കത്തിലിടപെടാൻ ആരുമില്ലാതെ വന്നാൽ ഗോത്രത്തലവന്മാർ പരസ്പരം വെട്ടിമരിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. ആ സമയത്ത് തർക്കത്തിലിടപെടാൻ ആരുമില്ലാതെ വന്നപ്പോൾ, വേറെ മാർഗ്ഗമില്ലാതെ വെട്ടിമരിക്കാൻ തയ്യാറായിനിന്ന നേരത്ത്, ആരും അവകാശത്തിൽ നിന്ന് പിന്മാറാത്ത നേരത്ത്, അവിടത്തെ പ്രായമായവർ അവസാനം ആരും മരിക്കരുത് എന്നുകരുതി കെട്ടിടത്തിന്റെ കിഴക്കേ വാതിലിലൂടെ ആദ്യം കടന്നുവരുന്നതാരോ അയാളെ മധ്യസ്ഥനാക്കാൻ തീരുമാനിച്ചു. കിഴക്കേ വാതിലിലൂടെ ആദ്യം കടന്നുവന്നത് അൽ-അമീൻ എന്ന പേരിലറിയപ്പെടുന്ന

അന്ത്യപ്രവാചകനായിരുന്ന മുഹമ്മദ് ആയിരുന്നു. അന്ത്യപ്രവാചകൻ ചെറുപ്പമാണ്. ഇവരൊക്കെക്കൂടി തലയിൽ വച്ചുകൊടുത്ത കുരിശ് - നീയാണ് മധ്യസ്ഥൻ, നീ വന്നത് നന്നായി, നീ വിശ്വസ്തനാണ്, അതുകൊണ്ട് നീ ഇതിനൊരു പരിഹാരം കാണണമെന്നാണ്. സാധാരണഗതിയിൽ ഏത് വിധിയുണ്ടായാലും ആ വിധി ഒരാൾക്ക് സന്തോഷവും മറ്റേയാൾക്ക് ദുഃഖവുമായിരിക്കും; ഒരാൾക്ക് അഹങ്കാരവും മറ്റേയാൾക്ക് സാമാന്യം തലയിൽ ചുമടുമായിരിക്കും. ലോകത്തിലുള്ള എല്ലാ വിധിയുടെയും മിക്കവാറും കാര്യമിതാണ്. അതിനപ്പുറം അപൂർവ്വം വിധികളേയുണ്ടായിട്ടുള്ളൂ. അക്ഷരാഭ്യാസമില്ലാത്ത, സ്കൂളിൽ പോയിട്ടില്ലാത്ത, സത്യസന്ധനായ, അച്ഛനും അമ്മയും പണ്ടേ നഷ്ടപ്പെട്ട അനാഥനായ ഇദ്ദേഹത്തിന്റെ മുമ്പിൽ ഇങ്ങനെയൊരു പ്രശ്നം വന്നപ്പോൾ അദ്ദേഹം ചെയ്തത്, വലിയൊരു ഷീറ്റ് എടുത്തുകൊണ്ടുവരാൻ ആവശ്യപ്പെട്ടു. നാല് ഗോത്ര തലവന്മാരും ആ ഷീറ്റിന്റെ ഓരോ തുമ്പ് പിടിക്കാൻ ആവശ്യപ്പെട്ടു. എന്നിട്ട് തുമ്പ് പിടിച്ച് ആ ഷീറ്റ് നിലത്ത് വിരിക്കാൻ പറഞ്ഞു. അതിനുശേഷം നാലു മൂലയിലുമായി പരസ്പരം നോക്കി നിൽക്കാൻ ആവശ്യപ്പെട്ടു. എല്ലാവരും അങ്ങനെ നോക്കിനിന്നു. അദ്ദേഹം ഈ ശ്യാമശിലയെടുത്ത് ആ ഷീറ്റിന്റെ ഒത്തനടുവിൽ തന്നെ വച്ചു. എന്നിട്ട് നാലുപേരോടും പറഞ്ഞു, ഒരുമിച്ചേ ഉയർത്താവൂ എന്ന്. ബൈക്ക് ഓടിച്ച് ചെറുപ്പക്കാർ ഇടത്തുകൂടി ഓവർടേക്ക് ചെയ്ത് അവസാനം മെഡിക്കൽ കോളേജിൽ എത്തുന്നതും കലാപമുണ്ടാക്കുന്നതും ക്ഷമയില്ലാത്തതുകൊണ്ടാണ്. ഒരു ഭാരം കയ്യിലുണ്ടെങ്കിൽ താനേ ക്ഷമയുണ്ടാകും. പള്ളിക്കൂടത്തിൽ പോകാത്ത അദ്ദേഹത്തിന് ഇത് അന്നേ അറിയാമായിരുന്നു. എന്നിട്ട് അദ്ദേഹം നാലുപേരോടും ഷീറ്റ് ഉയർത്താൻ പറഞ്ഞു. പൊക്കിപ്പൊക്കി അരയ്ക്കെത്തിയപ്പോൾ അദ്ദേഹം നിർത്താൻ പറഞ്ഞു. നിർത്തി. അപ്പോൾ നാലുപേർക്കും ഇത് എടുത്താൽ മതിയെന്നായി. കാരണം പിടിച്ചുകൊണ്ടുനിൽക്കാൻ പാടാണ്. നാലുപേരും ആ ഭാരമെടുത്ത് തൃപ്തരായി. ഗോത്ര തർക്കങ്ങൾ മറന്ന് സ്വന്തം അദ്ധ്വാനത്തിന്റെ ഭാരമേറ്റെടുത്ത് നിൽക്കുന്ന സമയത്ത് ഈ ശ്യാമശിലയെടുത്ത് യഥാർത്ഥ സ്ഥാനത്തുവച്ചു. സത്യത്തിൽ ഭരണകക്ഷിയും പ്രതിപക്ഷവും കേരളത്തിലെ പ്രതിസന്ധിയെന്ന ഈ പ്രശ്നം നാലു മൂലയ്ക്ക് നിന്നുപിടിച്ച് ഒരുമിച്ച് പൊക്കിയെടുത്ത് യഥാർത്ഥ സ്ഥാനത്തുവച്ച് കേരളത്തിന്റെ ഭാവി സുരക്ഷിതമാക്കാം എന്നാണ് ഡോ. ടി. എം. തോമസ് ഐസക് പറയുന്നത്. ഇത് നമ്മൾ ഒരുമിച്ചെടുക്കണം. ഇവിടെ ചില അംഗങ്ങളുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയ ഒരു കാര്യം, കാർഷിക മേഖലയെ മെച്ചപ്പെടുത്തിയേ പറ്റൂ, പരമ്പരാഗത മേഖലയെ പുനഃസൃഷ്ടിച്ചേ പറ്റൂ, കേരളത്തിന്റെ പൊതുആവശ്യങ്ങൾ നിർവ്വഹിച്ചേ പറ്റൂ, കേരളത്തിന്റെ പശ്ചാത്തല വികസനം ഉറപ്പാക്കിയേ പറ്റൂ, എന്നാലേ നമുക്ക്

ലോകത്തോടൊപ്പം ചേർന്നുനിൽക്കാൻ പറ്റൂ. പക്ഷേ കേരളം ചേർന്നുനിൽക്കുമ്പോഴും മനസ്സുകൊണ്ട് മാറിനിൽക്കും. മനസ്സുകൊണ്ട് മാറിനിൽക്കാൻ തക്ക ഒരു പരിതസ്ഥിതി കേരളത്തിലുണ്ടാക്കിക്കൊണ്ടു വന്നത് നമ്മളല്ല, അത് നവോത്ഥാന നായകന്മാരും കേരളത്തിലെ ഇരുപതാം നൂറ്റാണ്ടിന്റെ പാതയിലൂടെ സഞ്ചരിക്കാൻ ശ്രമിച്ച കേരളത്തിലെ വലിയ മനുഷ്യരുമാണ്. ആ ഓരോ മനുഷ്യരോടും നമുക്ക് കടപ്പാടുണ്ട്.

ഈ ആഗോളവത്കരണ കാലത്ത് നമുക്ക് ചില കാര്യങ്ങളിൽ ലോകത്തോട് ചേർന്നുനിൽക്കേണ്ടിവരും. അതിന്റെ ദുരിതങ്ങളും ദുഃഖങ്ങളുമൊക്കെ അനുഭവിക്കേണ്ടിവരും. ശരീരം കൊണ്ട് ചേർന്നുനിൽക്കുമ്പോഴും മാനവീയമായി, നവോത്ഥാനമായി കേരളം മാറിനിൽക്കണം. ഇന്ത്യയോടൊപ്പവും ചേർന്നുനിന്ന് മാറിനിൽക്കാൻ കഴിയുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അത്തരം ഒരു ധനകാര്യ ബില്ലാണിത്. അതിന് എല്ലാ അർത്ഥത്തിലുമുള്ള ആശംസകൾ നേർന്നുകൊണ്ട്, ഇത് വിജയിക്കണമെന്ന പൊതുപ്രാർത്ഥനയിൽ പങ്ക് ചേർന്നുകൊണ്ട്, ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>മി. സ്പീക്കർ</u> : ശ്രീ. കെ. മുരളീധരൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. സി. ജോസഫ്, അങ്ങേക്ക് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. മുരളീധരനുവേണ്ടി (<u>ശ്രീ. കെ. സി. ജോസഫ്</u>) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ ചൂണ്ടിക്കാണിച്ചതുപോലെ, കേരളത്തെ രക്ഷപ്പെടുത്താൻ വേണ്ടി ആ ശ്യാമശിലയുടെ രണ്ട് മൂലയ്ക്കും പിടിച്ച് പൊക്കാൻ ഞങ്ങൾ തയ്യാറാണ്. ധനകാര്യ ബില്ലിനെ സംബന്ധിച്ചുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനം പൊതുവേ സ്വാഗതാർഹമാണ്. നേരത്തേ ബഡ്ജറ്റിലെ നിർദ്ദേശങ്ങളിൽ ചില മാറ്റങ്ങൾ വരുത്തി, ആ മാറ്റങ്ങളോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. വി. ഡി. സതീശനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഇവിടെ സംസാരിക്കുകയുണ്ടായി.

കുടുംബാംഗങ്ങൾ തമ്മിലുള്ള ഇഷ്ടദാനം, ഭാഗപത്രം, ധനനിശ്ചയം എന്നിവയ്ക്ക് പരമാവധി ആയിരം രൂപയെന്ന കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യ ബില്ലിലെ നിർദ്ദേശത്തിൽ മാറ്റം വരുത്തി, ഇപ്പോൾ മൂന്ന് ശതമാനം ആക്കിയിരിക്കുകയാണ്. ഇന്നത്തെ നില വച്ചുനോക്കുമ്പോൾ യഥാർത്ഥത്തിൽ മൂന്ന് ശതമാനത്തിന്റെ ആവശ്യമില്ല. ഇത് പഴയ നിലയിലേക്ക് മടങ്ങിപ്പോകുന്നതാണ് നല്ലത്. 'വരുമാനം കൂട്ടാൻ ഇറങ്ങി, ഉണ്ടായത് വൻ നഷ്ടം' ഒക്ടോബർ 28-ാം തീയതി മാതൃഭൂമി പത്രത്തിൽ വന്ന തലക്കെട്ടാണ്. 2015 ജൂലൈയിൽ 80,824 രജിസ്ട്രേഷൻ നടന്നതിൽ 205 കോടി രൂപയും. 2016 ജൂലൈയിൽ 91,174 രജിസ്ട്രേഷൻ നടന്നതിൽ വരുമാനം 265 കോടി രൂപയും വരുമാനം ലഭിച്ചു 2016 സെപ്റ്റംബറിൽ രജിസ്ട്രേഷന്റെ എണ്ണം 96,000-ൽ നിന്നും 54,000 ആയും വരുമാനം 265 കോടി രൂപയിൽ നിന്ന് 206 കോടി രൂപയായും കുറഞ്ഞു. നികുതി വർദ്ധിപ്പിച്ചതുമൂലം അധിക വരുമാനം ഉണ്ടാകുന്നില്ലായെന്നുള്ളതാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. നികുതിഭാരം അമിതമായാൽ സ്വാഭാവികമായും ജനങ്ങൾ ഒഴിഞ്ഞുമാറാൻ നോക്കും, നികുതി വെട്ടിപ്പിന് സാഹചര്യമുണ്ടാകും. നികുതി ഏർപ്പെടുത്തുന്നത് ഫലപ്രദമായിരിക്കണം, റീസണബിളായിരിക്കണം. അല്ലെങ്കിൽ നികുതി ഒഴിവാക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുമെന്നുള്ളതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ വീണ്ടുവിചാരമുണ്ടാകണം. അതുകൊണ്ട് പഴയനില പുനഃസ്ഥാപിക്കണമെന്നാണ് എന്റെ നിർദ്ദേശം.

വിലയാധാരങ്ങൾക്കുള്ള മുദ്രപ്പത്രവില 6 ശതമാനത്തിൽ നിന്ന് 8 ശതമാനമായി വർദ്ധിപ്പിച്ചു. നിയമപ്രകാരം സർക്കാർ നിശ്ചയിച്ച ന്യായവിലയുടെ 50 ശതമാനം കൂട്ടി മാത്രമേ ആധാരം രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. നേരത്തെ അങ്ങനെയായിരുന്നില്ല, സർക്കാർ നിശ്ചയിക്കുന്ന ന്യായവിലയുടെ 50 ശതമാനം കൂട്ടിയാണ് ആധാരം രജിസ്റ്റർ ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ മുദ്രപ്പത്രവില വർദ്ധനവിന്റെ ആവശ്യമില്ല, അത് എട്ട് ശതമാനമാക്കേണ്ട കാര്യമില്ല, ആറ് ശതമാനമാക്കി പുനഃസ്ഥാപിക്കണം.

42(2) 11-ാം പട്ടികയിൽ ഹെൽത്ത് ടാക്സ്, ഇൻകം ടാക്സ് കേസ്സുകളിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ വിധിക്കെതിരെ അപ്പീൽ നൽകാൻ വേണ്ടിവരുന്ന ഫീസ് വർദ്ധിപ്പിച്ചത് പിൻവലിക്കണം. കേരള ടാക്സ് ഓൺ ലക്ഷ്വറീസ് ആക്ടിൽ, ടൂറിസം പ്രോത്സാഹിപ്പിക്കാൻവേണ്ടി 400 രൂപ വരെയുള്ള മുറികൾക്ക് ടാക്സ് ഒഴിവാക്കി. ഇന്ന് ഏത് മുറിയാണ് 400 രൂപയ്ക്ക് കിട്ടുന്നത്. 400-1000 രൂപ വരെ 6 ശതമാനം, 1000 രൂപയ്ക്ക് മുകളിൽ 10 ശതമാനം എന്നിങ്ങനെയാണ്. 400 രൂപയ്ക്ക് മുറി ഒരിടത്തും ലഭിക്കില്ല. എക്സംപ്ഷൻ കൊടുക്കുന്ന മുറിയുടെ വാടക 400 രൂപയെന്നുള്ളത് 1000 രൂപയായി വർദ്ധിപ്പിക്കണം. അതായിരിക്കും സാധാരണഗതിയിൽ ടൂറിസത്തിന് സഹായകരമാകുന്നത്.

വാല്യൂ ആഡഡ് ടാക്സിൽ, after serial no.24, സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണയ്ക്ക് നികുതി ഏർപ്പെടുത്തുന്നത് കേര കർഷകരെ ദോഷകരമായി ബാധിക്കും. അതുകൊണ്ട് അന്യസംസ്ഥാനത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന വെളിച്ചെണ്ണയ്ക്കുമാത്രമായി ആ നികുതി പരിമിതപ്പെടുത്തണം. അല്ലെങ്കിൽ അത് കേരളത്തിലെ കൃഷിക്കാർക്ക് ദോഷകരമായിരിക്കും. അതുപോലെ, സോപ്പ്, ബാർ സോപ്പ്, സോപ്പുകട്ട എന്നിവയ്ക്കുള്ള നികുതി 1 ശതമാനത്തിൽ നിന്ന് 5 ശതമാനമാക്കി ഉയർത്തി. ഇവിടെ ധാരാളം ചെറുകിട വ്യവസായങ്ങളും ഖാദി ഗ്രാമ വ്യവസായങ്ങളുമുണ്ട്. അവരുടെയെല്ലാം ചെറിയ ഉത്പന്നങ്ങളാണ് ബാർ സോപ്പുകളും നാടൻ സോപ്പുകളും. അതിന് നികുതി വർദ്ധിപ്പിക്കുന്നത് ഗുണകരമല്ല, അത് ആ വ്യവസായങ്ങളെ മുരടിപ്പിക്കും. അതിലൂടെ അധിക വരുമാനമുണ്ടാകാനും പോകുന്നില്ല. ദയവായി ആ വർദ്ധനവ് പിൻവലിക്കണം.

അങ്ങയുടെ ഫ്ലാറ്റ് ടാക്സ് വളരെയേറെ സ്വാഗതാർഹമാണ്, എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയ കാര്യമാണ്. കഴിഞ്ഞ അപ്രോപ്രിയേഷൻ ബില്ലിന്റെ സമയത്ത് ജി.എസ്.ടി.-യുടെ കാര്യം ഞാൻ പറഞ്ഞു. ജി.എസ്.ടി.-യുടെ ചർച്ചകളിൽ അങ്ങ് പങ്കെടുത്തിരുന്നു. അങ്ങയുടെ പ്രതികരണം ഞാൻ കാണാനിടയായി. അങ്ങ് വളരെയേറെ തൃപ്തനായി കാണപ്പെട്ടു. സംസ്ഥാനങ്ങൾക്കുള്ള വിഹിതംകൂടി നമുക്ക് അനുകൂലമായി വന്നു കഴിഞ്ഞാൽ സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയുണ്ടാക്കാൻ ജി.എസ്.ടി. സഹായകരമാകും. സംസ്ഥാനങ്ങൾക്കുള്ള ഷെയർ ഫിക്സ് ചെയ്ത് മാനദണ്ഡങ്ങൾ അനുകൂലമാക്കാൻ അങ്ങ് ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ, ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളവും ബംഗാളും പഞ്ചാബും ഉൾപ്പെടെയുള്ള മൂന്ന് സംസ്ഥാനങ്ങൾ കടക്കെണിയിലായിരുന്നു. കടക്കെണിയിലായ ഈ സംസ്ഥാനങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾക്കുവേണ്ടി അന്നത്തെ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയും വളരെയേറെ ശ്രമിച്ചു. യു.പി.എ. ഗവൺമെന്റായിരുന്നിട്ടും അന്ന് സഹായം ലഭിച്ചില്ല. ഇന്നിത് അങ്ങേയ്ക്കുള്ള സൗഭാഗ്യമാണ്, ജി.എസ്.ടി. ബിൽ ധനകാര്യ വകുപ്പുമന്ത്രിയായ അങ്ങേക്കും കേരളത്തിനും വളരെയേറെ സഹായകരമാകും, ഒന്നാം വർഷം മുതൽ തന്നെ മെച്ചപ്പെട്ട അവസ്ഥയുണ്ടാകും, ഈ കടക്കെണി മറികടക്കാൻ സഹായകരമാകും.

നമ്മുടെ വരുമാനത്തിലെ പ്രധാനപ്പെട്ട മാർഗ്ഗമാണ് ലോട്ടറി. നവംബർ 6-ാം തീയതി ഞായറാഴ്ചത്തെ മലയാള മനോരമ പത്രത്തിൽ ലോട്ടറിയെപ്പറ്റി ഒരു വാർത്ത വായിക്കാനിടയായി. 'സമ്മാനാർഹമായ ലോട്ടറി ടിക്കറ്റുകൾക്ക് വ്യാജൻ - അന്വേഷണമായി, മന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഡി.ജി.പി.-ക്ക് കത്ത് നൽകി'. ഇവിടെ പറയുന്നത്, 'തിരുവനന്തപുരം: സമ്മാനാർഹമായ ലോട്ടറി

ടിക്കറ്റുകൾ വ്യാജമായി നിർമ്മിച്ച് പണം തട്ടിയെടുക്കുന്നതുസംബന്ധിച്ച് വിശദമായി അന്വേഷണം നടത്തണമെന്ന് ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഡി.ജി.പി.-യോട് ആവശ്യപ്പെട്ടു. വൻ ലോബി ഇതിന് പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്ന മലയാള മനോരമ വാർത്തയുടെ അടിസ്ഥാനത്തിലാണ് മന്ത്രി കത്ത് നൽകിയത്.' ഒരു പത്രവാർത്തയല്ലാതെ, റവന്യൂ ഇന്റലിജൻസിന് സംവിധാനമൊന്നുമില്ലേ; കേരളത്തിൽ വ്യാപകമായി ലോട്ടറി തട്ടിപ്പ് അരങ്ങേറുകയാണ്. കേരള ലോട്ടറിക്ക് സമാനമായ മറ്റ് ലോട്ടറി ടിക്കറ്റുകൾ വരുന്നു. ശ്രീ. വി. ഡി. സതീശൻ, എഴുത്തുലോട്ടറിയുടെ കാര്യം ഇവിടെ പറഞ്ഞു. വ്യാജ ലോട്ടറി അരങ്ങ് തകർക്കുമ്പോൾ പത്രവാർത്തയല്ലാതെ ഇതറിയാൻ ലോട്ടറിക്ക് ഇന്റലിജൻസുണ്ടോ; റവന്യൂ ഇന്റലിജൻസുണ്ടോ; ഒരു സംവിധാനവുമില്ലേ? അങ്ങ് ഇക്കാര്യം പത്രം വായിച്ചിട്ടാണോ അറിയുന്നത്? 2010-11-ൽ ഞങ്ങളുടെ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ ലോട്ടറി വരുമാനം 571 കോടി രൂപയാണ്. അങ്ങ് അധികാരം ഒഴിയുമ്പോൾ ഉള്ള സ്ഥിതിയാണിത്. പിന്നീട് വരുമാനം വർദ്ധിച്ചു. 2011-12-ൽ 1,283 കോടി രൂപയും. 2012-13-ൽ 2,674 കോടി രൂപയും 2013-14-ൽ 3,796 കോടി രൂപയും 2014-15-ൽ 5,449 കോടി രൂപയും 2015-16-ൽ 6,800 കോടി രൂപയുമാണ് വരുമാനം ലഭിച്ചത്. 571 കോടി രൂപയിൽനിന്ന് 6,800 കോടി രൂപയുടെ വരുമാന വർദ്ധനവാണുണ്ടായത്. കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തിൽ റാകിപ്പറന്ന ലോട്ടറി മാഫിയാസംഘങ്ങൾ ഇപ്പോൾ വീണ്ടും പ്രത്യക്ഷപ്പെടുന്നു. എഴുത്തുലോട്ടറി യാണെങ്കിലും ലോട്ടറി തട്ടിപ്പാണെങ്കിലും ചൂണ്ടിക്കാണിക്കുന്നത് വളരെയേറെ ആശങ്കാജനകമായ കാര്യങ്ങളാണ്. ദയവായി കേരള ലോട്ടറിയെ തകർക്കാൻ ആരെയും അനുവദിക്കരുത്. അങ്ങയുടെ ആത്മാർത്ഥതയെ ഞാൻ ബഹുമാനിക്കുന്നു, അങ്ങേയ്ക്ക് ഉദ്ദേശ്യശുദ്ധിയുണ്ട്. പക്ഷെ, എന്തുകൊണ്ടാണ് അഞ്ചുകൊല്ലം കഴിഞ്ഞ് ഇടതുപക്ഷം അധികാരത്തിലേറിയപ്പോൾ മാത്രം സാന്റിയാഗോ മാർട്ടിനെപ്പോലുള്ള ലോട്ടറി മാഫിയാ സംഘം കേരളത്തിലേയ്ക്ക് വീണ്ടും വരുന്നത്; അതിന്റെ പശ്ചാത്തലം എന്താണ്; അവരുടെ പിന്നിൽ ആരാണ്; അവരെ സഹായിക്കുന്നത് ആരാണ്? ലോട്ടറി തട്ടിപ്പ് തടയണം, കേരള ലോട്ടറിയെ രക്ഷപ്പെടുത്തണം.

ഇത്തവണത്തെ അസംബ്ലി സമ്മേളനത്തിൽ ഇനി രാഷ്ട്രീയം പറയാൻ വേദിയൊന്നുമില്ല. നവംബർ മാസം പുറത്തിറങ്ങിയ ഇന്ത്യാ ടുഡേ എന്ന മാസിക അങ്ങ് കണ്ടുകാണും. 'Kerala the Best State' - 2014-15 കാലഘട്ടത്തിലെയാണ് പറയുന്നത്.

'Kerala topped three categories - Law and Order, Health and Environment.'

It found place among top five States in five out of 10 categories. Life in Kerala reflects its Overall Best Big State crown: it's the safest, healthiest, most environment-friendly and only second best in education and agriculture. The State has shown improvements in all categories except inclusive development, in which it slipped three ranks. Infant mortality in Kerala was the lowest (12 per thousand live births) in 2013 against the all-India average of 30. .........Violent crime in the State is one of the lowest: 4 percent. Spending on education increased by 25 percent from 2013-14 to 2014-15, 4 percentage points higher than All-India mark. അങ്ങ് ഇതൊന്ന് വായിച്ചുനോക്കണം. ഇത് ഒരു മാധ്യമത്തിന്റെ സർവ്വേയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിലുണ്ടായ മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷമാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ഈ സഭ ആരംഭിച്ചതിനുശേഷം കഴിഞ്ഞ ദിവസം വരെയുണ്ടായ ചർച്ചകളിൽ പ്രധാനപ്പെട്ട വിഷയം ലാ ആന്റ് ഓർഡറാണ്. കുറ്റകൃത്യങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നു, വയലൻസും ക്രൈമും വർദ്ധിക്കുന്നു, തട്ടിപ്പു സംഘങ്ങളും ക്വട്ടേഷൻ സംഘങ്ങളും അരങ്ങ് തകർക്കുന്നു, സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ വർദ്ധിക്കുന്നു, ഇത് ഗുണകരമായ പോക്കല്ല. ഗവൺമെന്റിന്റെ പ്രാഥമിക ചുമതല, പൗരന്മാരുടെ ജീവനും സ്വത്തും സംരക്ഷിക്കലാണ്. കഴിഞ്ഞ അഞ്ച് മാസക്കാലം അതിൽ നിങ്ങൾ എത്രമാത്രം മുമ്പോട്ട് പോയി എന്നുള്ളത് ആലോചിക്കണം. നിയമവാഴ്ച പുന:സ്ഥാപിക്കാൻ സാധിക്കണം. തട്ടിപ്പു സംഘങ്ങളും ക്വട്ടേഷൻ സംഘങ്ങളും അഴിഞ്ഞാടുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

1.00 PM]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, നിങ്ങളിൽ പലരും സൂചിപ്പിച്ചതുപോലെ ഈ ഫിനാൻസ് ബില്ലിൽ സബ്ജക്ട് കമ്മിറ്റി ഗൗരവമായിട്ടുള്ള പല ഭേദഗതികളും വരുത്തി. ഇത് സർക്കാരിന്റെ തുറന്ന മനസ്സാണ് കാണിക്കുന്നത്. അതിൽ വലിയ അഭിപ്രായ വ്യത്യാസങ്ങളൊന്നുമില്ല. സ്വാഭാവികമായും ഇനിയും ചില ഭേദഗതികൾ നിങ്ങൾക്ക് അവതരിപ്പിക്കാനുണ്ടാകും.

എന്നാലും പൊതുവായ ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട മാറ്റങ്ങൾ വന്നത് സ്റ്റാമ്പ് ഡ്യൂട്ടിയിലാണ്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ചിന്തിക്കുന്നതുപോലെയല്ല, ഭാഗപത്രങ്ങൾക്കുള്ള നികുതി പഴയ നിലയിലേക്കുതന്നെ പോയി. അഞ്ച് ഏക്കറിന് മുകളിലാണെങ്കിൽ ആയിരം രൂപയുടെ ലിമിറ്റില്ല. അതിനെതിരായി ഡോ. എൻ. ജയരാജും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് മെമ്പർമാരും ചില വിമർശനങ്ങൾ പറഞ്ഞു. ഇതിന്റെ നിരക്ക് കൂട്ടുകയും കുറയ്ക്കുകയും ചെയ്തതിനെക്കുറിച്ചല്ല ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വാദം. അങ്ങനെയൊരു നികുതി വയ്ക്കുന്നതുതന്നെ സൈദ്ധാന്തികമായി തെറ്റാണെന്നാണ് അദ്ദേഹം വാദിക്കാൻ ശ്രമിച്ചത്. നിങ്ങൾ പറഞ്ഞ നിർദ്ദേശം സ്വീകരിക്കുമ്പോഴും എന്റെ നിലപാട് അതിന് വിപരീതമാണ്. അസമത്വത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം inheritance ആണെന്നാണ് എന്റെ വാദം. നിയമത്തിൽ inheritance-ന് പല ന്യായങ്ങൾ കാലാകാലങ്ങളിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ അസമത്വത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രേരക ഘടകം inheritance തന്നെയാണ്. ഉട്ടോപ്യൻ സോഷ്യലിസ്റ്റുകൾ മുതൽ ഇന്നുവരെയുള്ള എല്ലാ സോഷ്യലിസ്റ്റുകളും inheritance-ന് എതിരായി ശക്തമായ നിലപാടെടുത്തിട്ടുണ്ട്. ഇങ്ങനെ പോവുകയാണെങ്കിൽ അടുത്ത കാൽ നൂറ്റാണ്ടുകൊണ്ട് ലോകത്തിലെ സ്വത്തിന്റെ 60-70 ശതമാനം പിതൃസ്വത്തായി മാറിയിരിക്കും എന്നുപറയപ്പെടുന്നു. ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക പ്രതിഭാസം എന്നത് അസമത്വത്തിന്റെ വർദ്ധനവാണ്. അതിനെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഘടകം inheritance ആണ്. അതുകൊണ്ടാണ് inheritance-നു മുകളിൽ നികുതി വേണമെന്ന് പുരോഗമന വാദികളൊക്കെ വാദിക്കുന്നത്. പക്ഷേ കേരളത്തിലൊരു വ്യത്യാസമുണ്ട്. ഇവിടെ ഭൂപരിഷ്കരണത്തിന്റെ ഫലമായി എല്ലാവർക്കും കുറച്ച് ഭൂമിയൊക്കെയുണ്ട്. അതിനേയും പരമ്പരാഗതമായി ഭൂമിയില്ലാതായ അസമത്വത്തേയും ഒരുപോലെ കാണാൻ പാടില്ല. അഞ്ച് ഏക്കർ വരെ പഴയ നിലയിലാണ്. അതിനുമുകളിൽ വർദ്ധനവില്ല, ഒരു ശതമാനം നികുതിയേയുള്ളൂ. പക്ഷേ അൺ ലിമിറ്റഡാണ്. ഇതാണ് ഇപ്പോൾ എടുത്തിട്ടുള്ള സമീപനം. ഇതിൽ അഭിപ്രായ വ്യത്യാസമുണ്ടാകാം. ഞാൻ എന്റെ സമീപനം പറഞ്ഞതാണ്.

രണ്ടാമത്തേത്, ഇത് ആരും പരാമർശിച്ചുകേട്ടില്ല. കമ്പനികളുണ്ടാക്കി amalgamate ചെയ്യുമ്പോൾ കൺവേയൻസുണ്ടെന്നുള്ളതാണ് സബ്ജക്ട് കമ്മിറ്റി വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങളിലൊന്ന്. പക്ഷേ അതിന് സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കണ്ട. അങ്ങനെ വ്യാപകമായി land speculators ഇത്തരത്തിൽ കമ്പനികൾ രൂപീകരിച്ച് ഭൂമി കൈമാറുന്നു എന്നുള്ള വിമർശനം സഭയിൽ വന്നിരുന്നു. അത് സബ്ജക്ട് കമ്മിറ്റി പരിശോധിച്ചു. അങ്ങനെ amalgamation വരുമ്പോൾ conveyance റേറ്റ് അഞ്ച് ശതമാനമാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ബഡ്ജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ കൊച്ചി നഗരത്തിൽ നടന്ന 400 കോടി രൂപയുടെ ഒരു ബിസിനസ്സിന്റെ ട്രാൻസാക്ഷൻ ചൂണ്ടിക്കാണിച്ചുകൊണ്ട് കമ്പനി ആക്ടിലെ പ്രൊവിഷൻ അനുസരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കാതെ തട്ടിപ്പ് നടത്തുന്നുവെന്ന കാര്യം ഞാനാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അതിനെത്തുടർന്ന് സബ്ജക്ട് കമ്മിറ്റിയിൽ വന്ന കാര്യങ്ങളിൽ ഒന്ന്, നാഷണൽ കമ്പനി ട്രൈബ്യൂണലിൽ നിന്നുവരുന്ന ഓർഡറിന്റെ ബലത്തിലും അതുപോലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടുമായി ബന്ധപ്പെട്ടുമാണ് 5 ശതമാനം ടാക്സ് തീരുമാനിച്ചത്. എന്തായാലും ഈ തുടക്കത്തെ ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പമുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നം, amalgamation വഴി മാത്രമല്ല ഈ ട്രാൻസാക്ഷൻ നടക്കുന്നത്. രണ്ടുപേർ ഒരുപോലെ കമ്പനികൾ രൂപീകരിച്ച് (അതായത് seller-ഉം buyer-ഉം) അവരുടെ ഷെയർ കൂടി ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. Amalgamation-നുവേണ്ടി 5 ശതമാനം ടാക്സ് കൊടുക്കാനുള്ള ഈ പ്രൊവിഷൻ വരുമ്പോൾ അവർ ഇനി മറ്റ് മാർഗ്ഗം തേടും. ഒരന്വേഷണം നടത്തി അതിന്റെ സാദ്ധ്യതകൾകൂടി പരിശോധിക്കണം. ഷെയർ ട്രാൻസ്ഫർ ചെയ്യുമ്പോൾ അതിൽ ടാക്സ് ഇംപോസ് ചെയ്യാൻ കുറച്ച് ബുദ്ധിമുട്ടുകളുണ്ട്. എന്തെങ്കിലും വഴി കണ്ടുപിടിച്ച് ആ മാർഗ്ഗം അടച്ചില്ലെങ്കിൽ വലിയ തോതിലുള്ള നികുതി ചോർച്ച ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. അത് അങ്ങ് പരിശോധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അത് നമുക്ക് കൂട്ടായി പരിശോധിക്കാവുന്നതാണ്. കാരണം ഇത് land speculators ആണ്. കേരളത്തിൽ അവർ ഭൂമി വാങ്ങിയിട്ടിരിക്കുന്നത് പല കമ്പനികളുടെ പേരിലാണ്. മെത്രാൻ കായൽ ആയാലും ആറന്മുള ആയാലും എല്ലാം ഏതാണ്ട് ഒരുപോലെയാണ്. അതിന് എന്താണ് ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ച് നമുക്ക് കൂട്ടായി ആലോചിക്കാം.

സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയിൽ മോട്ടോർ വെഹിക്കിൾസ് ടാക്സിലാണ് മറ്റൊരു പ്രധാനപ്പെട്ട മാറ്റം കൊണ്ടുവന്നത്. ടിപ്പർ ലോറികൾ, 20,000 കിലോഗ്രാമിൽ കൂടുതൽ ഗ്രോസ് വെയിറ്റുള്ള ചരക്ക് വാഹനങ്ങൾ എന്നിവയൊഴികെയുള്ള ചരക്ക് വാഹനങ്ങൾക്ക് 9 വർഷമായി നികുതി വർദ്ധിപ്പിച്ചിട്ടില്ല. അതാണ് 10 ശതമാനമായി വർദ്ധിപ്പിക്കുന്നത്. 19 വർഷത്തിനിടയിൽ ഒരു പ്രാവശ്യമേ വർദ്ധനവുണ്ടായിട്ടുള്ളൂ. അതുകൊണ്ട് 10 ശതമാനം വർദ്ധനവ് ന്യായീകരിക്കാവുന്ന താണെന്നാണ് കരുതുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ അത് കുറവ് ചെയ്യാൻ തീരുമാനിച്ചില്ല. പല പ്രാവശ്യം ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടും സ്റ്റേജ്

ക്യാരേജുകളുടെ നികുതിയിൽ 15 വർഷമായി ഒരു വർദ്ധനവും വരുത്തിയിട്ടില്ല. അതുകൊണ്ടാണ് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്ക്വയർ മീറ്ററിന് ഇത്ര രൂപ എന്നുള്ള രീതിയിൽ നിശ്ചയിച്ചത്. അതിന്റെ യുക്തിയും നിങ്ങൾക്കറിയാം. ഇപ്പോൾ സീറ്റുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അപ്പോൾ സർക്കാരിന്റെ നികുതി ഗണ്യമായി കുറയും. എന്നിട്ടുപോലും 1360 രൂപ എന്ന നിരക്ക് 1100 ആയി കുറച്ചിട്ടുണ്ട്. ഗ്രീൻ ടാക്സ് ട്രാൻസ്പോർട്ടിനെ എങ്ങനെ ബാധിക്കുമെന്ന് പലരും ആശങ്കപ്പെടുകയുണ്ടായി. ഒരു നോട്ടിഫിക്കേഷനോടെ കെ.എസ്.ആർ.ടി.സി.-യെ അതിൽനിന്ന് ഒഴിവാക്കാൻ ഡിപ്പാർട്ട്മെന്റിന് അവകാശമുണ്ട്. അവർ അത് ചെയ്യും. അതുകൊണ്ട് ഇത് കെ.എസ്.ആർ.ടി.സി.-യെ ബാധിക്കുകയില്ല. ഗ്രീൻ ടാക്സിന്റെ വരുമാനം ആകെ ഒരു കോടി രൂപയേയുള്ളൂ. ചെറിയ നിരക്കാണ്. അതിനൊരു ചർച്ച ഉണ്ടാകണം. ഫാറ്റ് ടാക്സ് കൂടിവന്നാൽ ആറോ ഏഴോ കോടി രൂപയേയുള്ളൂ. W.H.O.-ന്റെ സമ്മേളനത്തിൽ ഇത് അനുകരണീയമായിട്ടുള്ള പ്രാക്ടീസായി റെക്കമന്റ് ചെയ്തു. ഇത് അന്തർദ്ദേശീയമായിത്തന്നെ ചർച്ച ചെയ്തു. ഗ്രീൻ ടാക്സ് എന്നുപറഞ്ഞ് ടാക്സ് ചുമത്താറില്ല. ഇതുസംബന്ധിച്ച് നാട്ടിൽ വലിയ ചർച്ചയുണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് ചെറിയൊരു നിരക്ക് വയ്ക്കുന്നത്. ഇതിന്റെ ഭാരം കൊണ്ട് എന്തെങ്കിലും സംഭവിക്കുമെന്ന് ആർക്കും തെറ്റിദ്ധാരണ വേണ്ട.

കേരളത്തിൽ രജിസ്റ്റർ ചെയ്ത അന്തർ സംസ്ഥാന ഓർഡിനറി സീറ്റുള്ള ഇന്റർ സ്റ്റേറ്റ് കോൺട്രാക്ട് ക്യാരേജുകളുടെ നികുതി 1540-ൽ നിന്ന് 2250 രൂപയായി വർദ്ധിപ്പിച്ചു. ഇത്തരത്തിലുള്ള 20-ൽ താഴെ വാഹനങ്ങൾ മാത്രമേ കേരളത്തിൽ സർവ്വീസ് നടത്തുന്നുള്ളൂ. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത നൂറുകണക്കിന് വാഹനങ്ങളാണ് കേരളത്തിലേക്ക് സർവ്വീസ് നടത്തുന്നത്. കേരളത്തിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്കും അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്കും ഒരേ നിരക്കിൽ മാത്രമേ നികുതി പാടുള്ളൂവെന്ന് കോടതി വിധിയുണ്ട്. കേരളത്തിലെ വാഹനങ്ങൾ എണ്ണത്തിൽ വളരെ കുറവായതുകൊണ്ട് ഇതിന്റെ നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, വാഹനാപകടങ്ങളിൽ പരിക്കുപറ്റി മോട്ടോർ ആക്സിഡന്റ് ട്രൈബ്യൂണലിൽ നഷ്ടപരിഹാരത്തിനുവേണ്ടി ഹർജി കൊടുക്കുന്നവരുണ്ട്. കോർട്ട് ഫീസിന്റെ കാര്യം പറഞ്ഞതുപോലെ വാഹനാപകടങ്ങളിൽ പരിക്കുപറ്റിയവർക്കും ഒരു ശതമാനം നികുതി ആദ്യം അടയ്ക്കേണ്ട സ്ഥിതിയുണ്ട്. അത് ഒഴിവാക്കി കൊടുത്തുകൂടേ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാൻ ഇതിൽ പ്രത്യേകിച്ചൊന്നും കൂട്ടിച്ചേർത്തിട്ടില്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഈ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിലുള്ളത് അങ്ങനെതന്നെ എടുത്തുവച്ചിട്ടേയുള്ളൂ. ഞാൻ എന്തെങ്കിലും ഏർപ്പെടുത്തിയെന്ന് ആരും പറയരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇതിൽ ഡബിൾ ടാക്സ് വരുന്നുവെന്നുള്ളതാണ് പ്രശ്നം. അതായത് മലബാർ പ്രദേശത്തുള്ള ആളുകൾ ബാംഗ്ലൂരിൽ അല്ലെങ്കിൽ മംഗലാപുരത്ത് താമസിക്കുകയാണ്. മംഗലാപുരം എന്നുപറയുന്നത് ഒരു ബോർഡർ പ്ലെയ്സാണ്. ഇവിടെനിന്ന് ഒരു വണ്ടി അവിടെ കൊണ്ടിടുമ്പോൾ ഇവിടത്തെ പുതിയ വണ്ടിയുടെ മുഴുവൻ ടാക്സ് അടച്ചാലും അവിടെ അവർ വീണ്ടും 12 വർഷക്കാലത്തെ ടാക്സ് ഈടാക്കുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റ് പ്രധാനപ്പെട്ട ആവശ്യങ്ങൾക്കുമായി കേരളത്തിൽനിന്നും അവിടെ താമസിക്കുന്ന ധാരാളം ആളുകളുണ്ട്. ഇത് ടേക്കപ്പ് ചെയ്തില്ലെങ്കിൽ അത്തരത്തിലുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് അതുകൂടി ടേക്കപ്പ് ചെയ്യാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, നിശ്ചയമായും അത് ടേക്കപ്പ് ചെയ്യേണ്ടതു തന്നെയാണ്. അത് ഗൗരവത്തിൽ കൈകാര്യം ചെയ്യാം. കോർട്ട് ഫീ സംബന്ധിച്ച്, 1959-ലെ കോർട്ട് ഫീസും വ്യവഹാരസലയും ആക്ടിന്റെ 76 (1) പ്രകാരമുള്ള ഭേദഗതിയിൽ, സിവിൽ കോടതിയിലെ ഒറിജിനൽ വ്യവഹാരങ്ങൾക്കു കൂടി അധിക കോടതി ഫീസ് ചുമത്തുകയാണ് ചെയ്തിട്ടുള്ളത്. ഒറിജിനൽ കേസ്സുകളുടെ കോർട്ട് ഫീസ്, ചില വിയോജനക്കുറിപ്പിൽ പറയുന്നതുപോലെ 25 ശതമാനമായി വർദ്ധിപ്പിച്ചിട്ടില്ല. ഇത് കഴിഞ്ഞവർഷം അവതരിപ്പിച്ച ബില്ലിലുള്ള വ്യവസ്ഥയാണ്. 1959-ലെ മേൽപ്പറഞ്ഞ ആദായനികുതി ആക്ട് പ്രകാരമുള്ള അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഉത്തരവിൽനിന്നും ഹൈക്കോടതി അപ്പീലിനുള്ള ഫീസ് അഞ്ചു ശതമാനത്തിലേയ്ക്ക് ഉയർത്തിയത് കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. ഇപ്പോൾ ഫ്ലോറിൽ വച്ച് ഞങ്ങൾ നികുതി സംബന്ധിച്ച് കൺസിഡർ ചെയ്യാത്ത ഒരുകാര്യം, 'ഓഫ് ഹാൻഡ്' ആയിട്ടുപറയുന്നില്ല. VAT-നെ സംബന്ധിച്ച് ഭയങ്കരമായ നികുതി വരുന്നു, ബെസ്റ്റ് ജഡ്ജ്മെന്റാണെന്നൊക്കെ നിങ്ങളെല്ലാവരും പറഞ്ഞു. രേഖയില്ലെങ്കിലും ബെസ്റ്റ് ജഡ്ജ്മെന്റിന്റെ തുക വയ്ക്കും. അതിനുപുറത്ത് മൂന്നുമടങ്ങ് പെനാൽറ്റി വരും. കോടതിയിൽ അപ്പീലിന് പോയി വാങ്ങിക്കോ എന്നുപറയുമ്പോൾ ഉദ്യോഗസ്ഥൻ വളരെ സെയ്ഫായി. അദ്ദേഹത്തെ ഒരുകാലത്തും പിടിക്കാൻ പറ്റില്ല. അപ്പീലിന് പോയി എടുത്തുകൊള്ളാൻ പറയും. യഥാർത്ഥത്തിൽ

ഞാനിപ്പോൾ ചെയ്യാൻ പോകുന്നത്, ഇങ്ങനെ കിട്ടുന്ന കോർട്ട്ഫീയുടെ എത്ര ശതമാനം വാണിജ്യ നികുതിദായകരിൽ നിന്നാണെന്ന് നോക്കാൻ പോകുകയാണ്. ഏറ്റവും ഗണ്യമായിട്ടുള്ള ഭാഗം വരാൻ പോകുന്നത് അവിടെനിന്നാണ്. കാരണം തുക പലപ്പോഴും അത്ര അധികമാണ്. ഇങ്ങനെയുള്ള ചില പ്രശ്നങ്ങളുണ്ട്. അതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത ശേഷമേ നമുക്ക് ഒരു തീരുമാനത്തിൽ എത്താൻ കഴിയൂ. ഇവിടെ ഫാറ്റ് ടാക്സിനെക്കുറിച്ച് പറഞ്ഞപ്പോൾ കൃത്യമായി നിർവ്വചിക്കണമെന്ന് പറയുകയുണ്ടായി. അവ്യക്തതയുണ്ടാക്കിയിരുന്ന 'and cooked food' എടുത്തുകളഞ്ഞു. അതോടുകൂടി പ്രശ്നം തീർന്നു. കൃത്യമായിട്ട് നാലിനങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളൂ. ഇപ്പോൾ ക്ലാരിറ്റി വന്നിട്ടുണ്ട്.

ഡോ. എൻ. ജയരാജ് : സർ, ബ്രാന്റഡ് റെസ്റ്റോറന്റ് എന്നുപറഞ്ഞിരിക്കുന്ന ഒരു ഭാഗമുണ്ടല്ലോ; അതിന് പ്രശ്നം വരികയില്ലേ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അതിൽത്തന്നെ ഈ നാലിനങ്ങൾക്കേ പറഞ്ഞിട്ടുള്ളൂ. അതിനുശേഷം വരുന്ന സബ്ക്ലോസ് 'and cooked food' വന്നതാണ് ഈ ആശങ്കകൾക്ക് കാരണം. പ്രശസ്തമായ റെസ്റ്റോറന്റാണെങ്കിൽ മുഴുവൻ ഭക്ഷണത്തിനും നികുതി കൊടുക്കേണ്ടിവരുമെന്നുള്ള ആശങ്കയുണ്ട്. യഥാർത്ഥത്തിൽ ബ്രാന്റഡ് ഉല്പന്നങ്ങൾ എന്നേ അർത്ഥമുള്ളൂ, വേറെ ഉല്പന്നത്തിനൊന്നും ബാധകമല്ല. ബേക്കറിക്കാണെങ്കിൽ മുൻകാല പ്രാബല്യത്തോടെ കൊടുക്കുന്നതിന് പത്തുവട്ടം ആലോചിക്കണം. നേരത്തെ ഇവിടെയുള്ള ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്ന അതേ ആനുകൂല്യമാണ് പറഞ്ഞിരിക്കുന്നത്. അവരുടെ പലിശ, പിഴപ്പലിശ തുടങ്ങിയവ ഒഴിവാക്കി പിരിച്ചുവെന്നു പറയുന്ന നികുതി മാത്രം അടച്ചാൽ മതി. ഒരു ആനുകൂല്യം കൂടി സബ്ജക്റ്റ് കമ്മിറ്റിയുടെ ചർച്ചയിൽ വന്നു. രണ്ടുവർഷത്തെ കാലയിളവ് നൽകി 8 തവണയായി പിരിച്ചാൽ മതി എന്ന്. ഇങ്ങനെ പിരിച്ചില്ലെങ്കിലും നികുതി തരേണ്ടിവരുന്നു. 'It can spread over two years'. അത്രയും ചെയ്തിട്ടുണ്ട്. അതിനപ്പുറത്തേക്ക് ഇപ്പോൾ പോകാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ ബില്ലിലുണ്ടായിരുന്നത് അതേപ്പടി നിലനിർത്തിയിരിക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, വ്യാപകമായി ഉയർന്നു വന്നിട്ടുള്ള അഭിപ്രായത്തെ മാനിച്ചുകൊണ്ട് ഭാഗ ഉടമ്പടിയുടെ കാര്യത്തിൽ കൊണ്ടുവന്ന പ്രൊപ്പോസൽ അങ്ങ് കുറച്ചത് ആശ്വാസകരമാണ്. അത് സന്തോഷകരം തന്നെ. വെളിച്ചെണ്ണ, പഞ്ചസാര, ഗോതമ്പ് പോലുള്ള നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിൽ കൊണ്ടുവന്ന നികുതി നിർദ്ദേശങ്ങൾ യഥാർത്ഥത്തിൽ വില കൂട്ടുകയാണ് ചെയ്തത്. വെളിച്ചെണ്ണയ്ക്ക് 15 രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു.

ഹോട്ടലുകളിൽ ഗോതമ്പുല്പന്നങ്ങൾ കൊണ്ടുണ്ടാക്കുന്ന സാധനങ്ങളുടെ വില കൂടി. അങ്ങ് ഇപ്പോൾ പിൻവലിക്കാമെന്ന് പറഞ്ഞാൽപ്പോലും മാർക്കറ്റിലെ ഉയർന്ന വിലയൊന്നും ഇനി കുറയില്ല. പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരുമ്പോൾ, നിയമസഭയിൽ ഫിനാൻസ് ബിൽ, ബഡ്ജറ്റ്, സബ്ജക്റ്റ് കമ്മിറ്റി ഇതിലൊക്കെ കൊണ്ടുവരുകയും ചർച്ച ചെയ്യുകയും ചെയ്യും. പിൻവലിക്കണമെന്ന വിചാരിച്ചാൽ ഇതിന്റെയൊക്കെ ഗുണം കിട്ടുമോ? നികുതി കൊണ്ടുവരുമ്പോൾ മുന്നോട്ടുള്ള കാര്യം ശരിക്ക് ആലോചിച്ച് സാധാരണക്കാരെ അഫക്ട് ചെയ്യുന്ന വെളിച്ചെണ്ണ, പഞ്ചസാര, ഗോതമ്പ് തുടങ്ങിയ ഉല്പന്നങ്ങളുടെ പ്രൊപ്പോസൽസ് കൊണ്ടുവരാതിരിക്കാൻ ശ്രമിച്ചുകൂടേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഈ ചോദിച്ചതിൽ രണ്ട് ന്യായങ്ങളുണ്ട്. ഒന്ന്, ഇതെല്ലാം പാക്ക് ചെയ്ത് എം.ആർ.പി. പ്രൈസിന് വിൽക്കുന്നിടത്തു മാത്രമേ നികുതി ബാധകമാകുകയുള്ളൂ. എം.ആർ.പി. എന്ന് പറഞ്ഞാൽ, VAT-ന്റെ 5 ശതമാനം നികുതികൂടി ഉൾപ്പെട്ട വിലയാണ്. ആ വിലയ്ക്ക് വിൽക്കുമ്പോൾ അവർക്ക് നികുതി കിട്ടുന്നുണ്ട്. ഞാൻ ചോദിക്കുന്ന ലളിതമായ ചോദ്യം, എം.ആർ.പി. എടുക്കുമ്പോൾ സർക്കാരിനല്ലേ നികുതി കിട്ടേണ്ടത്? ഇതാണെന്റെ ന്യായം. രണ്ടാമത്തേത്, ജി.എസ്.റ്റി. നികുതി വരുന്നുണ്ട്. ജി.എസ്.റ്റി.-യിൽ ഇതിനൊന്നും ഒരൊഴിവുമില്ലാതെ 5 ശതമാനം നികുതിയാണ്. ലൂസായി കിട്ടുന്ന ധാന്യത്തിന് നികുതി കുറവാണ്. ബാക്കി ഉല്പന്നങ്ങൾക്കൊക്കെ 5 ശതമാനം നികുതിയാണ്. Edible Oils-നും നികുതി 5 ശതമാനമാണ്. മൂന്നാമത്തേത്, നമ്മൾ ഉപയോഗിക്കുന്ന വെളിച്ചെണ്ണയുടെ 25 ശതമാനം മാത്രമേ ഇന്ന് കേരളത്തിൽ കൊപ്ര ആട്ടി ഉണ്ടാക്കുന്നുള്ളൂ. 75 ശതമാനം പുറത്തുനിന്നാണ് വരുന്നത്. ഈ നികുതിയിളവിന്റെ അടിസ്ഥാനത്തിൽ വെളിച്ചെണ്ണ 'ബ്രാന്റ് ഓയിൽ' എന്നുപറഞ്ഞാണ് കടന്നുവരുന്നത്. നികുതിയായി കിട്ടുന്ന ഇത്രയും കോടി രൂപ കേര കൃഷിക്കാർക്ക് നേരിട്ട് കൊടുക്കാം; നമ്മൾ കൃഷിക്കാർക്കുവേണ്ടിയാണ് വാദിക്കുന്നത്; അതിനാൽ ഇത് തിരിച്ച് കൃഷിക്കാർക്കു തന്നെ കൊടുത്തേക്കാം. കൈത്തറി രണ്ടുശതമാനം വേണ്ടെന്നു വച്ചാൽ കൈത്തറിക്കാർക്ക് ഗുണമില്ലാതാകും. ഇവിടെ വിൽക്കുന്നത് മുഴുവനും തമിഴ്നാട്ടിലെ കൈത്തറിയാണ്. 'പവർലൂം' ആണ് കൈത്തറിയെന്നു പറഞ്ഞ് വിൽക്കുന്നത്. കടകളിൽ ബിൽ ചെയ്യുമ്പോൾ അത് കൈത്തറിയുടെ പേരിലാക്കി മാറ്റും. അപ്പോൾ അത് നിർത്തുമ്പോൾ കൈത്തറിക്കാർക്ക് നഷ്ടം വരാൻ പാടില്ല. രണ്ടു ശതമാനം നികുതി ആയതിനാൽ ഉല്പാദകർക്ക് 5 ശതമാനം സബ്സിഡി കൊടുക്കാം. ഇപ്പോൾ യൂണിഫോം വാങ്ങാനായി 300 കോടി രൂപയാണ് അധികച്ചെലവ് വരാൻ പോകുന്നത്. ഇങ്ങനെ വിശാലമായ കാഴ്ചപ്പാടിൽ തന്നെയാണ് പരമാവധി കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, കോക്കനട്ട് ഓയിലിന്റെ 25 ശതമാനമാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതെന്നും ബാക്കി ഇംപോർട്ട് ചെയ്യുന്നതാണെന്നും അങ്ങ് പറഞ്ഞു. Coconut oil imported from other states എന്ന് കൃത്യമായി പറഞ്ഞുകൂടെ? അല്ലെങ്കിൽ കേരളത്തിലെ വെളിച്ചെണ്ണയെ ഇത് ബാധിക്കും.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, പുറത്തുള്ളവർക്കേ നികുതിയുള്ളൂ, നമുക്കില്ല. അങ്ങനെ ചെയ്യുന്നത് നിയമവിരുദ്ധമാണ്. മുൻപ് എൻട്രി ടാക്സ് ഉണ്ടായിരുന്നപ്പോൾ നമുക്കത് ചെയ്യാമായിരുന്നു. ഇനിയിപ്പോൾ അങ്ങനെ ചെയ്യാനായി നിയമം അനുവദിക്കുന്നില്ല. അതുകൊണ്ട് നൂറ്റി ചില്വാനം കോടി രൂപ കിട്ടുന്നത് നാളികേര കൃഷിക്കാർക്കു വേണ്ടി അഡീഷണൽ വിലയായിട്ടോ പിന്തുണയായിട്ടോ നൽകാനുള്ള ഒരു ഏർപ്പാട് ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്.

<u>ഡോ. എൻ. ജയരാജ്</u> : സർ, കൈത്തറി സംഘങ്ങൾക്ക് നൽകുന്ന സബ്സിഡിയുടെ കാര്യം പറഞ്ഞു. തിരുവനന്തപുരം ജില്ലയിൽ സ്വന്തമായി നടത്തുന്ന ഒരുപാട് തറികളുണ്ട്. അവർക്ക് സബ്സിഡി കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കണം. സൊസൈറ്റികൾക്കാണെങ്കിൽ സബ്സിഡിയ്ക്കുള്ള സാഹചര്യം ഉണ്ട്. സ്വന്തമായി നടത്തുന്നവർക്ക് ഇത് പ്രായോഗികമായി വളരെ ബുദ്ധിമുട്ടാകും. നെയ്യാറ്റിൻകര താലൂക്കിൽ ഇരുപത്തി അയ്യായിരത്തോളം സ്വകാര്യത്തറികൾ വർക്ക് ചെയ്യുന്നുണ്ട്. ഈയൊരു പുതിയ സംവിധാനം വരുമ്പോൾ അവരെല്ലാം വലിയ ബുദ്ധിമുട്ടിലേക്ക് പോകും. അതുകൊണ്ട് അത് പുന:പരിശോധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. സ്വർണ്ണത്തിന്റെ കാര്യത്തിൽ ഞാൻ സൂചിപ്പിച്ചത്, ന്യായമായ കാര്യമാണ്. സഭയിലും സബ്ജക്ട് കമ്മിറ്റിയിലും അത് ചർച്ച ചെയ്തതാണ്. അക്കാര്യത്തിൽക്കൂടി നിലപാട് വ്യക്തമാക്കണമെന്ന് സൂചിപ്പിക്കുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, അതിനും തുറന്ന മനസ്സാണ് എനിക്കുള്ളത്. സഭയിൽ അക്കാര്യത്തെ സംബന്ധിച്ച് സബ്മിഷൻ വന്നപ്പോൾ ഇത് ന്യായമല്ല, എഴുതിയപ്പോൾ തെറ്റിപ്പോയതാണെന്നാണ് ഞാൻ പറഞ്ഞത്. കാരണം കോമ്പൗണ്ടിംഗിലേക്ക് വന്നപ്പോൾ നിങ്ങൾ ഈ നികുതി തന്നാൽ മതി വേറൊരു ഏർപ്പാടിലും നിങ്ങൾക്ക് പ്രശ്നമില്ലെന്നാണ് അവരോട് പറഞ്ഞത്. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ 'ടേൺ ഓവറിന് പകരം 'സെയിൽ' എന്ന് എഴുതിയപ്പോൾ വന്ന പ്രശ്നമാണ്. പക്ഷെ കാര്യം ലളിതമല്ല. കാരണം 2013 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി വേണ്ടെന്ന് വയ്ക്കണം. 2000 കോടി രൂപയാണ്. സഭയിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അല്ലാതെ വേറെ ആരാണ് ഇത് പോസിറ്റീവായി വേണമെന്നു പറഞ്ഞത്. അങ്ങനെ ഇത് എന്റെ തലയിൽ കെട്ടിവയ്ക്കാൻ നോക്കണ്ട.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : സർ, നമ്മൾ ചില കാര്യങ്ങളിൽ ബോൾഡായിരിക്കണം. മടിയിൽ കനമില്ലെങ്കിൽ സംശയിക്കേണ്ട കാര്യമില്ല. എനിക്ക് അക്കാര്യത്തിൽ നല്ല ബോധ്യമുണ്ട്. മിസ്റ്റേക്കാണെന്ന് നൂറ് ശതമാനം തീർച്ചയുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്. എന്നിട്ട് ആർക്കും താങ്ങാൻ വയ്യാത്ത ഒരു നികുതി നാലുകൊല്ലമായി ഇങ്ങനെ തട്ടിക്കളിക്കുകയാണ്. സബ്ജക്ട് കമ്മിറ്റിയിലോ മറ്റോ വച്ച് ഇതിന്റെ മെറിറ്റ് ഡിസ്കസ് ചെയ്യണം. അല്ലെങ്കിൽ നെഗറ്റീവായി പോകും, ടാക്സ് കിട്ടുകയില്ല. നാലുകൊല്ലമായി, ഒരു പൈസപോലും കിട്ടിയിട്ടില്ല. കെ. എം. മാണി സാറിന് ഒരു മിസ്റ്റേക്ക് പറ്റി. അദ്ദേഹത്തിന് പറ്റിയത് മിസ്റ്റേക്കാണെന്നുണ്ടെങ്കിൽ എല്ലാവരും കൂടി കറക്ട് ചെയ്യുന്നതിൽ എന്താണ് കുഴപ്പം. ഞങ്ങൾ അത് ബോൾഡായിട്ട് പറഞ്ഞല്ലോ. അല്ലെങ്കിൽ ഈ മിസ്റ്റേക്ക് ലീഗലൈസ് ചെയ്ത് അത് കളക്ട് ചെയ്യാൻ കഴിയണം. അത് സാധിക്കുന്നുമില്ല. നിയമസഭയിൽ തെറ്റാണെന്ന് ബോധ്യമുള്ള ടാക്സുകളുടെ കാര്യത്തിൽ പേടികൊണ്ട് ഒന്നും ചെയ്യാതിരിക്കുന്നത് ശരിയല്ല. സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്ത് അത് ചെയ്യണം. കെ. എം. മാണി സാറിന് ഒരു മിസ്റ്റേക്ക് പറ്റിയതാണെങ്കിൽ തുറന്ന് പറഞ്ഞു കൂടെ?

<u>ശ്രീ. കെ. എം. മാണി</u> : സർ, അങ്ങനെ പ്രേരിപ്പിച്ച് കൊണ്ടുവരണ്ട. ഞാൻ ഉള്ളത് നേരെ പറയാം. അങ്ങ് പരിശോധിച്ച് നികുതി ഘടനയിൽ എന്തെങ്കിലും അപാകത കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്തുന്നതിൽ എനിക്ക് യാതൊരു ഒബ്ജക്ഷനുമില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, അങ്ങനെയൊരു കണ്ടീഷണൽ അപ്പീൽ ഞാൻ ചെവി കൊള്ളില്ല. കാരണം, ഈ തെറ്റ് കണ്ടുപിടിച്ചതിനുശേഷം രണ്ടു വർഷം അങ്ങ് മന്ത്രിയായിരുന്നു. ടെമ്പററി സ്റ്റേ കൊടുത്തു പിരിക്കണ്ടായെന്ന് അങ്ങ് പറഞ്ഞു. അതല്ലേ ഉണ്ടായത്. തെറ്റ് കണ്ടുപിടിച്ചിട്ട് തിരുത്താമായിരുന്നു. എന്നിട്ടും തിരുത്തിയില്ല. അതിന്റെ ഫലമായി എ.ജി. കണ്ടുപിടിച്ചു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, ഫിനാൻസ് മിനിസ്റ്റർ അന്ന് നികുതി പിരിച്ചിട്ടില്ല. കെ. എം. മാണി സാർ തന്നെ വാക്കാൽ പിരിക്കണ്ടായെന്ന് പറഞ്ഞു. ഇപ്പോൾ എ.ജി. കണ്ടുപിടിച്ചപ്പോഴാണ് ഈ പ്രശ്നം ഉണ്ടായിരിക്കുന്നത്. തെറ്റാണെങ്കിൽ, പിരിച്ചിട്ടില്ലായെങ്കിൽ, പിരിക്കാൻ കഴിയില്ലെങ്കിൽ, എന്തുകൊണ്ട് ഗവൺമെന്റിന് പുനഃപരിശോധിച്ചുകൂടാ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങനെയല്ല. ഏതായാലും നമുക്കിത് ഇപ്പോൾ ചർച്ച ചെയ്യണ്ട. എത്ര തർക്കിച്ചാലും ഈ ബില്ലിൽ ഇപ്പോൾ ചേർക്കാൻ കഴിയില്ല. ഇവിടെയുള്ള കക്ഷിനേതാക്കന്മാരെല്ലാം, നിയമസഭയുടെ ഫ്ലോറിൽ പബ്ലിക്കായി ഇത് ശരിയല്ല, ഇത് തിരുത്തണമെന്ന് അപ്പീൽ ചെയ്യുകയാണെങ്കിൽ അടുത്ത ബില്ലിൽ നമുക്ക് നോക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, കോടതി സ്റ്റേ ചെയ്തതുകൊണ്ട് ഇനി പിരിക്കാൻ കഴിയില്ല. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അടുത്ത നിയമസഭയിൽ കൊണ്ടുവന്നാൽ മതിയല്ലോ.

ഡോ. ടി. എം. തോമസ് ഐസക് : സർ, അപ്പോൾ ആലോചിക്കാം. ഇപ്പോൾ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ലോട്ടറിയെ സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് വളരെ ഗൗരവമായ കാര്യങ്ങളാണ്. എങ്കിലും കേരള ലോട്ടറി പിറകോട്ടുപോയി എന്ന് ധരിക്കണ്ട. കഴിഞ്ഞ വർഷം ജൂണിൽ 476 കോടിയായിരുന്നെങ്കിൽ ഇപ്പോൾ 591 കോടി രൂപയുണ്ട്. 25 ശതമാനം വർദ്ധനവാണ്. ജൂലൈയിൽ 523 കോടി രൂപയിൽ നിന്നും 666 കോടി രൂപയായി വർദ്ധിച്ചു. ആഗസ്റ്റിൽ 480 കോടി രൂപയിൽനിന്നും 735 കോടി രൂപയായി വർദ്ധിച്ചു. 53 ശതമാനം വർദ്ധനവാണ്. സെപ്റ്റംബറിൽ 558 കോടി രൂപയിൽ നിന്നും 732 കോടി രൂപയായി വർദ്ധിച്ചു. 31 ശതമാനം വർദ്ധനവാണ്. ഒക്ടോബറിൽ 556 കോടി രൂപയിൽനിന്നും 735 കോടി രൂപയായി വർദ്ധിച്ചു. 32 ശതമാനം വർദ്ധനവാണ്. കേരള ലോട്ടറിയിൽ ഒറ്റ നമ്പർ വാതുവയ്പ്പ്, ചില വ്യാജ ലോട്ടറി നമ്മുടേതുതന്നെ അച്ചടിച്ച് കൊണ്ടുവന്നതായി കണ്ടുപിടിച്ചിട്ടുണ്ട്. നിങ്ങൾ പറഞ്ഞ ഈ പ്രശ്നങ്ങളൊന്നും ഞാൻ നിഷേധിക്കുന്നില്ല. അതിനോടൊക്കെ കർശനമായ നിലപാട് സ്വീകരിക്കും. ഇന്നത്തെ പത്ര റിപ്പോർട്ടാണ് ഞാൻ കണ്ടത്, പോലീസിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയാണ്. ഒറ്റ നമ്പർ വാതുവയ്പ്പിൽ നാലുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സഭയിൽ പരാമർശത്തിന് വിധേയമായ മഞ്ഞ ലോട്ടറിയുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുകയാണ്. ലവലേശം വിട്ടുവീഴ്ച ഇവർക്കുണ്ടാകില്ല. ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞതുപോലെ കർശനമായിട്ടുള്ള നിലപാടുതന്നെ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, presumptive tax-നെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, അത് സ്കീം അനൗൺസ് ചെയ്ത് നടപ്പിലാക്കി. എന്തൊക്കെ ഇളവാണ് കൊടുത്തത്. മൂന്നുമടങ്ങ് പെനാൽറ്റിയും പലിശയും എടുത്തുകളഞ്ഞു. അവരുടെ ടേൺ ഓവറിൽ അവർ ഡിക്ലയർ ചെയ്തിട്ടുണ്ടെങ്കിൽ input tax credit കൊടുക്കും. ഇത് എല്ലാ വ്യാപാരി സംഘടനകളുമായി ചർച്ച ചെയ്ത് അവരും കൂടി അംഗീകരിച്ചതാണ്. ഇവിടെ ഉണ്ടായ പ്രശ്നമെന്താണ്? ഒരു പാവത്തിന്റെ പേരിൽ വേറൊരാൾ ചരക്ക് കടത്തിക്കൊണ്ടു പോകുകയാണെന്ന് ശ്രീ. വി. ഡി. സതീശൻ പറയുന്നു. നമ്മുടെ കണക്കിൽ ഇയാളുടെ അക്കൗണ്ടിലാണ് ഈ കൊണ്ടുപോകുന്ന ചരക്കെല്ലാം കിടക്കുന്നത്. കണക്കുകൾ നോക്കുമ്പോൾ ഭയങ്കരമായ തുക ഇയാൾ കൊടുക്കേണ്ടിവരും. അത് സെപ്പറേറ്റായി പരിശോധിക്കേണ്ട കാര്യമാണ്. ക്രിമിനൽ ആക്ടിവിറ്റി ആരോ ഇൻവോൾവ് ചെയ്തിരിക്കുന്നു. അത് പരിശോധിക്കാം.

ശ്രീ. രമേശ് ചെന്നിത്തല : സർ, റൂളിൽ ഉള്ളിടത്തോളം കാലം ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെട്ടാൽപോലും ഇത് മാറ്റാൻ കഴിയുന്നില്ല എന്നതാണ് ഇതിലെ പ്രശ്നം. അമ്പലപ്പുഴയിൽ ഉണ്ടായ ആത്മഹത്യ, സത്യത്തിൽ വല്ലാത്തൊരു ദുരന്തമായിരുന്നു. ആ വീട്ടിൽ ഞാൻ പോയതാണ്. ഉദ്യോഗസ്ഥന്മാരോട് ചോദിക്കുമ്പോൾ ഞങ്ങൾക്ക് ഇതിനപ്പുറത്ത് ഒന്നുമറിയില്ല എന്നാണ് പറയുന്നത്. presumptive tax-നെ സംബന്ധിച്ച് വ്യക്തമായ ധാരണ നിയമപരമായി നിലനിൽക്കുന്നിടത്തോളം ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അത് അവർക്കറിയാം. അതിന് എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളതാണ് പ്രശ്നം.

ഡോ. ടി. എം. തോമസ് ഐസക് : സർ, നേരത്തെ ഉണ്ടായിരുന്ന ഭാരത്തിന്റെ ശരാശരി എടുത്താൽ പത്തുശതമാനം ഭാരം പോലും ഇപ്പോൾ presumptive tax-ന് വരുകയില്ല. അതുകൊണ്ട് വ്യാപാരികൾ മൊത്തത്തിൽ സന്തോഷത്തിലാണ്. ഇങ്ങനെയുള്ള ചില കേസ്സുകൾ വന്നിട്ടുണ്ട്. അത് exceptional കേസ്സായി സർക്കാർ പ്രത്യേകം പരിശോധിക്കണം. സഭയിൽ വന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ചുള്ള talking notes-ന്റെ അടിസ്ഥാനത്തിൽ ചിലപ്പോൾ തീരുമാനമെടുക്കേണ്ടിവരും. അതേ സമയം, ഇങ്ങനെ വന്നുകഴിഞ്ഞാൽ, അതായത് വേറൊരാൾ അയച്ചതാണ് അതുകൊണ്ട് അതിന് ടാക്സ് വേണ്ടെന്ന് എല്ലാവരും പറഞ്ഞാലോ? അത് നമുക്ക് ഫ്ലോറിൽ ചർച്ച

ചെയ്ത് തീരുമാനിക്കാൻ പറ്റുന്ന കാര്യമല്ല. So it is not an easy thing. പക്ഷെ ഫ്ലോറിൽ വന്ന വികാരം, ഇങ്ങനെയുള്ള ചില കേസ്സുകളുണ്ട്, അതിൽ ഒരു exceptional നിലപാട് സ്വീകരിക്കണമെന്നുള്ളത് പൂർണ്ണമായും സർക്കാരിന് സ്വീകാര്യമാണ്. ക്ലോസ് ബൈ ക്ലോസ് കിഫ്ബി പോലെ എടുക്കാൻ കഴിയില്ല. നികുതി കൂട്ടണമെന്നും കുറയ്ക്കണമെന്നും എല്ലാവരും പറയുമ്പോൾ accept ചെയ്യാൻ കഴിയില്ലായെന്ന കാര്യം മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ക്രമപ്രശ്നം

### ഭേദഗതികൾ മലയാളത്തിൽ നൽകൽ

ശ്രീ. എം. ഉമ്മർ : സർ, ബിൽ ഇംഗ്ലീഷിലാണെങ്കിൽ അത് മലയാളത്തിൽ ട്രാൻസിലേറ്റ് ചെയ്തുകൊടുക്കണമെന്നുള്ളത് ചട്ടത്തിലുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ ധാരാളം ഭേദഗതികൾ വരുത്തിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ ഭേദഗതിക്കനുസരിച്ച് ഭേദഗതികൾ കൊടുക്കണമെങ്കിൽ അംഗങ്ങൾ ഈ ഭേദഗതികൾ മനസ്സിലാക്കണം. അതാണ് ഈ ഭേദഗതികൾ കൊണ്ടുദ്ദേശിക്കുന്നത്. അതുമാത്രമല്ല ഫിനാൻസ് ബിൽ പോലെ ടെക്നിക്കലായ ബില്ലുകളാകുമ്പോൾ അത് നന്നായി മനസ്സിലാക്കാൻ വളരെ പ്രയാസമാണ്. ഇപ്പോൾ പ്രായോഗികമല്ലെങ്കിലും ഇനിയെങ്കിലും ഇതുപോലെ സബ്ജക്ട് കമ്മിറ്റിയിൽ പോയി വരുന്ന ബില്ലുകൾക്ക് മുഴുവനും പരിഭാഷയില്ലെങ്കിലും സബ്ജക്ട് കമ്മിറ്റിയിൽ വരുത്തുന്ന ഭേദഗതികൾക്കെങ്കിലും മലയാളത്തിൽ ട്രാൻസിലേഷൻ കൊടുക്കണമെന്ന് അങ്ങ് റൂളിംഗ് നൽകണം. ഇതിന് മലയാളം പതിപ്പുണ്ടോയെന്ന് ഞാൻ സെക്ഷനിൽ ചോദിച്ചപ്പോൾ അതിന് പ്രൊവിഷനില്ല എന്നാണ് പറഞ്ഞത്. അംഗങ്ങളുടെ ആവശ്യത്തിനും ബിൽ പഠിക്കാനും മനസ്സിലാക്കാനും വേണ്ടിയാണ് ഇത് മലയാളത്തിലാക്കുന്നത്. ഇനിവരുന്ന ബില്ലുകളിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി വന്നതിനുശേഷമുള്ള ഭേദഗതികൾക്കെങ്കിലും മലയാളം ട്രാൻസിലേഷൻ കൊടുക്കണമെന്നുള്ള റൂളിംഗ് അങ്ങ് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

## റൂളിംഗ്

മി. സ്പീക്കർ : വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സഭയിൽ വരുന്ന ബില്ലുകളുടെ മലയാളം കോപ്പി ലഭ്യമാക്കണമെന്ന് ചെയർ റൂൾ നല്കിയിട്ടുള്ളതാണ്. ഏതായാലും അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയ കാര്യം ഗൗരവത്തോടുകൂടി പരിശോധിക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri. V. S. Sivakumar : Sir, I move the following amendment:

109. In section 3(1AA) proposed to be inserted in the Kerala Surcharge on Taxes Act, 1957 by clause 2(a), delete the word and symbol " water," .

Shri. I. C. Balakrishnan : Sir, I move the following amendments:

114. In section 3(1AA) proposed to be inserted in the Kerala Surcharge on Taxes Act, 1957 by clause 2(a), delete the words and symbol " water, soda,"

121. In Section 3 (1AA) proposed to be inserted by clause 2(a) in the Kerala Surcharge on Taxes Act, 1957, substitute the word " five" with the word " four" .

Prof. Abid Hussain Thangal : Sir, I move the following amendment:

115. In section 3(1AA) proposed to be inserted in the Kerala Surcharge on Taxes Act, 1957 by clause 2(a), the word " water" shall be substituted with the words " drinking water" .

Shri. Manjalamkuzhi Ali : Sir, I move the following amendment:

116. In section 3(1AA) proposed to be inserted in the Kerala Surcharge on Taxes Act, 1957 by clause 2(a), before the words " fruit juices" add the word " flavoured" .

Flavoured juice-ന് ടാക്സ് ഈടാക്കാം, എന്നാൽ നാച്വറൽ ജ്യൂസ് ടാക്സിൽ നിന്നും ഒഴിവാക്കണമെന്നാണ് പറയുന്നത്. കൂടാതെ വെള്ളത്തിനുള്ള ടാക്സ് വർദ്ധിപ്പിക്കുന്നതു കാരണം കുടിവെള്ളം മുട്ടിച്ച മന്ത്രി എന്നുള്ള പേര് വരാതിരിക്കാനുള്ളതാണ് 110-ാം നമ്പർ ഭേദഗതി.

മി. സ്പീക്കർ : 110-ാം നമ്പർ ഭേദഗതി 9-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അങ്ങേക്ക് അവതരിപ്പിക്കാൻ കഴിയില്ല.

Shri. Abdul Hameed P. : Sir, I move the following amendment:

117. In section 3(1AA) proposed to be inserted in the Keral a Surcharge on Taxes Act, 1957 by clause 2(a), after the words "fruit juices" add the symbol and words ", flavoured juices".

Shri. A. P. Anil Kumar : Sir, I move the following amendment:

119. In Section 3 (1AA) proposed to be inserted in the Kerala Surcharge on Taxes Act, 1957 by clause 2(a), substitute the figure "20" with the figure "10".

Shri. V. P. Sajeendran : Sir, I move the following amendments:

122. In Section 3 (1AA) proposed to be inserted by clause 2(a) in the Kerala Surcharge on Taxes Act, 1957, substitute the word "five" by "three".

123. In Sub Section (1AA) of Section 3 of the Kerala Surcharge on Taxes Act, 1957, proposed to be inserted by clause 2(a) the words "the same shall be paid over to the Government and" shall be deleted.

മി. സ്പീക്കർ : 110, 111, 112, 113 എന്നീ നമ്പർ ഭേദഗതികൾ 109-ാം നമ്പർ ഭേദഗതിക്കും 120-ാം നമ്പർ ഭേദഗതി 121-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ അവതരിപ്പിച്ച ഭേദഗതികളൊന്നും സ്വീകാര്യമല്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി വെള്ളംകുടി മുട്ടിച്ച മന്ത്രി എന്ന് പറയുകയുണ്ടായി. ഉമ്മൻ ചാണ്ടി സാർ നേരത്തെ അവതരിപ്പിച്ച ബില്ലിലുള്ള വ്യവസ്ഥ തന്നെയാണ് ഈ ബില്ലിലുമുള്ളത്. പ്ലാസ്റ്റിക് ബോട്ടിലുകളുടെ ഉപയോഗത്തെ നിയന്ത്രിക്കുകയാണ് ഇതിന്റെ ലക്ഷ്യം. എന്നാൽ 20 ലിറ്ററിൽ കൂടുതൽ വെള്ളം ജാറുകളിൽ കൊണ്ടുവരുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആയതിനാൽ ഈ ഭേദഗതിയിൽ തന്നെ നിൽക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 114, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 122, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Prof. Abid Hussain Thangal : Sir, I move the following amendments:

124. In section 2 (l) (viii) proposed to be inserted in the Kerala Stamp Act, 1959 by clause 3 (1) (b), the word "banks" shall be substituted with the word "bank".

128. In section 28 B(i) proposed to be inserted in the Kerala Stamp Act, 1959 by Clause 3(2) the word " Government" shall be substituted with the words "Government of Kerala"

147. In column 3(3)(e) for the words "fifty rupees" add the words "thirty rupees"

159. In the entry in column (3) against item (a)(i) in serial No. 31 of the schedule to the Kerala Stamp Act, 1959 proposed to be substituted by Clause 3(3) (f), the word "Two" shall be substituted by the word "One".

163. In the entry in column (3) against item a(ii), in serial number 31 of the Schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(f) the word "Two" shall be substituted by the word "One".

168. In the entry in column (3) in serial number 39 of the Schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(g), the words "One hundred" shall be substituted by the word "Sixty".

Shri. Manjalamkuzhi Ali : Sir, I move the following amendments:

125. In section 2 (l) (viii) proposed to be inserted in the Keral a Stamp Act, 1959 by clause 3 (1) (b), after the word "banks" insert the symbol and words "excluding co- operative banks".

132. In section 28 B(ii) of the Kerala Stamp Act, 1959 proposed to be inserted by Clause 3(2) the words "value of such flat/apartment set forth in the instrument is not less than" shall be substituted with the words "duty charged is in accordance with".

158. In the entry in column (2) against item (a)(i) in serial No. 31 of the schedule to the Kerala Stamp Act, 1959 proposed to be substituted by Clause 3(3) (f), the words "five acres or less" shall be substituted with the words "between five cents and five acres".

185. In the entry in column (2) against item (a) in serial number 48 of the Schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(i) delete the words "or legal heirs of the deceased children".

186. In the entry in column (2) against item a(i) of serial number 48 of the Schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(i) for the words "five acres or less" substitute the words "between five cents and five acres".

198. In the entry in column (2) against item (a) (i) in serial number 51 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3 (3) (j) the words "five acres or less" shall be substituted with the words "between five cents and five acres".

125-ാം നമ്പർ ഭേദഗതിയിൽ കോ-ഓപ്പറേറ്റിവ് ബാങ്കുകൾ എ.ടി.എം. മെഷീൻ വയ്ക്കുമ്പോൾ അവർക്ക് ചാർജ്ജ് ഈടാക്കാമെന്നുള്ളതാണ്. എന്നാൽ കോ-ഓപ്പറേറ്റീവ് ബാങ്കുകളെ അതിൽനിന്നും ഒഴിവാക്കണമെന്നാണ് എന്റെ അപേക്ഷ. അതുപോലെ ഫ്ലാറ്റ്/അപ്പാർട്ടുമെന്റുകളുടെ ലാന്റ് രജിസ്ട്രേഷനുമുൻപ് ഫ്ലാറ്റ്/ അപ്പാർട്ടുമെന്റ്, ഗവൺമെന്റ് നോട്ടിഫൈ ചെയ്ത ഒരു കോമ്പിറ്റന്റ് അതോറിറ്റിയെക്കൊണ്ട് വാല്യൂ ചെയ്യിക്കണമെന്ന് പറയുന്നു. അതിനുശേഷം രജിസ്ട്രേഷൻ സമയത്ത് രജിസ്റ്ററിംഗ് ഓഫീസർ ഇത് ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധന നടത്തണമെന്നാണ്. ഒരു കോമ്പിറ്റന്റ് അതോറിറ്റി പരിശോധന നടത്തിയതിനുശേഷം മറ്റൊരു രജിസ്റ്ററിംഗ് ഓഫീസർ പരിശോധിക്കുന്നത് പ്രാക്ടിക്കലല്ല. അത് വലിയ പ്രശ്നമുണ്ടാക്കും. ആയതിനാൽ അത് ഒഴിവാക്കണം.

Shri. C. Mammutty : Sir, I move the following amendments:

126. In section 28 B (i) proposed to be inserted in the Kerala Stamp Act, 1959 by clause 3 (2) the words "criteria approved by the Central Public Works Department for determining value of flat/apartments, issued by a competent authority, to be authorized by the Government, by notification in the Official Gazette, to perform such functions as may be specified by Government in that behalf," shall be substituted with the following words.

> "existing fair value of land of respective survey number, together with the construction cost as per then existing standard scheduled rate from an engineer of Public Works Department (Buildings) not below the rank of an Assistant Executive Engineer".

153. In the entry in column(2) against item(a) in serial number 31, of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(f), after the word "grandchildren" insert the words "or adopted children"

Shri. N. A. Nellikkunnu :Sir, I move the following amendment:

127. In section 28 B (i) proposed to be inserted in the Kerala Stamp Act, 1959 clause 3 (2) the words "by a competent authority, to be authorized by the Government, by notification in the Official Gazette, to perform such functions as may be specified by Government in that behalf" shall be substituted with the words, "by an engineer of Public Works Department (Buildings) not below the rank of Assistant Executive Engineer".

Shri. M. Ummer : Sir, I move the following amendment :

129. After section 28 B(i) proposed to be inserted in the Kerala Stamp Act, 1959 by Clause 3(2) insert the following Proviso. "provided that the valuation certificate under section 28 B(i) shall valid for a period of five years"

ഈ ഭേദഗതി വളരെ പ്രധാനപ്പെട്ടതാണെന്ന് ഞാൻ വിചാരിക്കുന്നു. ഇതിൽ ഫ്ലാറ്റ്/അപ്പാർട്ട്മെന്റ് എന്നിവ വിൽപ്പന നടത്തണമെങ്കിൽ സെൻട്രൽ പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് ഫ്ലാറ്റ് നിർമ്മിച്ചതിനുശേഷമുള്ള വാല്യൂ വെരിഫൈ ചെയ്ത് ഗസറ്റിൽ പബ്ലിഷ് ചെയ്തതിനുശേഷം എന്നുപറയുന്നുണ്ട്. ഒരു ഫ്ലാറ്റ്/അപ്പാർട്ട്മെന്റ് ഒരാൾ എടുത്തുകഴിഞ്ഞാൽ, അത് ടൗണിൽ ആണെങ്കിൽ അതിന്റെ ട്രാൻസാക്ഷൻ നടത്തണമെന്നുണ്ടെങ്കിൽ, അത് മറിച്ചുവിൽക്കണമെങ്കിൽ ആ പ്രോസസ് ഒരിക്കൽ കൂടി നടത്തണം. രണ്ടാമതും വാല്യുവേഷൻ നടത്തണം. എന്റെ ഭേദഗതി ഇങ്ങനെ സൂചിന്തിതമായി ഗവൺമെന്റ് നോട്ടിഫിക്കേഷനോടു കൂടി ഒരു അതോറിറ്റി വാല്യൂ നിശ്ചയിച്ചുകഴിഞ്ഞാൽ അതിന് provided that the valuation certificate under section 28(b)(i) shall be valued for a period of 5 years എന്നതാണ്. അതായത് അഞ്ചു വർഷക്കാലത്തേക്ക് ആ സർട്ടിഫിക്കറ്റിന് വാലിഡിറ്റി കൊടുക്കണം എന്നാണ്. ഇപ്പോൾ ഫെയർ വാല്യൂ നിശ്ചയിച്ചാൽ അതിന് 5 വർഷത്തെ വാലിഡിറ്റിയാണ്. ഒരിക്കൽ വില നിശ്ചയിച്ചു കഴിഞ്ഞാൽ ഓരോ ട്രാൻസാക്ഷനും മാറിമാറി നമ്മുടെ ഉദ്യോഗസ്ഥരെ കണ്ട് വില നിശ്ചയിച്ചു കൊണ്ടുവരുമ്പോൾ സ്വാഭാവികമായും ട്രാൻസാക്ഷൻ നടക്കില്ല. ട്രാൻസാക്ഷൻ കൂടുതൽ നടക്കുകയാണെങ്കിൽ ഗവൺമെന്റിന് കൂടുതൽ വരുമാനം ലഭിക്കാനുള്ള

സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഇതുപരിശോധിക്കണം. ഇത് നല്ല ഭേദഗതിയാണ്, ആവശ്യമുള്ളതുമാണ്. പട്ടണത്തിലുള്ള ഒരു ഫ്ലാറ്റ്/റൂം വിൽപ്പന നടത്തണമെങ്കിൽ വീണ്ടും വാല്യൂവേഷൻ നടത്തണം സർട്ടിഫിക്കറ്റ് വാങ്ങണം, ഗസറ്റിൽ വിജ്ഞാപനം ചെയ്യണം. അതുകൊണ്ട് ഒരിക്കൽ വില നിശ്ചയിച്ചു കഴിഞ്ഞാൽ അതിന് അഞ്ചുവർഷക്കാലത്തെ കാലാവധിയുണ്ട് എന്ന ക്ലോസ് ചേർത്താൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

Shri. K. C. Joseph : Sir, I move the following amendments:

130. In section 28 B(ii) of the Kerala Stamp Act, 1959 proposed to be inserted by Clause 3(2) after the words "the registering officer" the words "or authority" shall be inserted.

151. Delete clause 3(3)(f)

166. Delete clause 3(3)(g).

170. Delete clause 3 (3) (h).

179. Delete Clause 3(3)(i)

193. Delete clause 3 (3) (j).

Shri. V. P. Sajeendran : Sir, I move the following amendment:

131. In section 28 B(ii) of the Kerala Stamp Act, 1959 proposed to be inserted by Clause 3(2) after the words "and ensure" the words "within time as may be prescribed" shall be added.

Shri. Abdul Hameed P. : Sir, I move the following amendment:

133. In section 28 B(ii) of the Kerala Stamp Act, 1959 propsed to be inserted by Clause 3(2), the words "such flat/apartment set forth" shall be substituted with the word "land"

152. In the entry in column (2) against item (a) in serial number 31 of the schedule to the Kerala Stamp Act, 1959, proposed to be substituted by clause 3(3)(f), add the symbol and words "adopted son or daughter" after the word "sister".

181. In the entry in column (2) in serial number 48 of the Schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(i), after the words "another person or" insert the words "upon any legal person or" .

Shri. Roji M. John : Sir, I move the following amendment:

134. In the entry in column (3) of serial number 4 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(a) for the word "fifty " substitute the word " thirty"

175. In the entry in column(2) against item(a)(ii) in the serial number 42 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(h), substitute the word "five" with the word "eight"

201. In the entry in column (2) against item (a) (ii) in the serial number 51 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(j) for the word " five " substitute the word " eight"

Shri. M. Vincent : Sir, I move the following amendment:

135. In the entry in column (3) against serial number 4 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(a) for the word "fifty" substitute the words "thirty five "

177. In the entry in column(2) against item(a)(ii) in the serial number 42 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(h), substitute the word "five" with the word "ten"

<u>Shri. Anil Akkara</u> : Sir, I move the following amendments:

136. In the entry in column (3) of serial number 4 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(a) for the word "fifty" substitute the words "forty five"

190. In the entry in Column (2) against item a(ii) of serial number 48 of the schedule to the Kerala Stamp Act 1959, proposed to be substituted by clause 3(3)(i) for the words "above five acres" substitute the words " above eight acres"

<u>Shri. Hibi Eden</u>: Sir, I move the following amendments:

137. In the entry in column (3) against serial number 4 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(a) for the word " Fifty " substitute the word " Forty"

172. In the entry in column (2) against them (a) (i) in serial no. 42 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3 (3) (h), substitute the word " five" with the word " six" .

202. In the entry in column (2) against item (a) (ii) in the serial number 51 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(j) for the word " five " substitute the word " ten"

<u>Shri. V. S. Sivakumar</u> : Sir, I move the following amendment:

139. In the entry in column (3) against item (i) in serial number 21 of the Schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(c) for the word " Eight" substitute the word " Six" .

<u>Shri. Shafi Parambil</u> : Sir, I move the following amendments:

140. In the entry in column (3) against item (i) in serial number 21 of the Schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(c) for the word “ Eight” substitute the word “ Seven” .

192. In the entry in Column (2) against item a(ii) of serial number 48 of the schedule to the Kerala Stamp Act 1959, proposed to be substituted by clause 3(3)(i) for the words “ above five acres” substitute the words “ above ten acres”

<u>Shri. P. K. Abdu Rabb</u> : Sir, I move the following amendment:

141. In item (i) of serial number 21, after the entry in column (2) in the Schedule of the Kerala Stamp Act, 1959 the following Proviso shall be inserted.

> “ Provided that if the extent of land involved is below 3 cents and the transfer is for the dwelling purpose of a family below poverty line shall be the same duty as in serial number 31 need be levied” .

<u>Shri. K. S. Sabarinadhan</u> : Sir, I move the following amendments:

142. In clause 3(3)(d) for the word “ Eight” substitute the word “ Five” .

188. In the entry in Column (2) against item a(i) of serial number 48 of the schedule to the Kerala Stamp Act 1959, proposed to be substituted by clause 3(3)(i) for the words "five acres or less” substitute the words "eight acres or less”

Shri. Eldhose Kunnappilly : Sir, I move the following amendments:

143. In clause 3(3)(d) for the words " Eight rupees" substitute the words " Six rupees" .

155. In the entry in column(2) against item(a)(i) in serial number 31, of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(f), the word "five" shall be substituted with the word "six"

187. In the entry in Column (2) against item a(i) of serial number 48 of the schedule to the Kerala Stamp Act 1959, proposed to be substituted by clause 3(3)(i) for the words " five acres or less" substitute the words " six acres or less"

Shri. V. D. Satheesan : Sir, I move the following amendments:

156. In the entry in column(2) against item(a)(i) in serial number 31, of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(f), the word "five" shall be substituted with the word "eight"

184. Delete clause 3(3)(i).

200. In the entry in column (2) against item (a) (ii) in the serial number 51 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(j) for the word "five " substitute the word "six"

Shri. Thiruvanchoor Radhakrishnan: Sir, I move the following amendment:

157. In the entry in column(2) against item(a)(i) in serial number 31, of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(f), the word "five" shall be substituted with the word "ten"

Shri. Sunny Joseph : Sir, I move the following amendments:

161. In the entry in column (2) against item (a)(ii) in serial No. 31 of the schedule to the Kerala Stamp Act, 1959 proposed to be substituted by Clause 3(3) (f), the word " five" shall be substituted with the words " eight" .

196. In the entry in column (2) against item (a) (i) in serial number 51 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3 (3) (j) for the word " five" substitute the word " ten" .

Shri. P. T. Thomas : Sir, I move the following amendments:

162. In the entry in column (2) against item (a)(ii) in serial No. 31 of the schedule to the Kerala Stamp Act, 1959 proposed to be substituted by Clause 3(3) (f), the word " five" shall be substituted with the word " ten" .

191. In the entry in Column (2) against item a(ii) of serial number 48 of the schedule to the Kerala Stamp Act 1959, proposed to be substituted by clause 3(3)(i) for the words " above five acres" substitute the words " above six acres"

Shri. Parakkal Abdulla : Sir, I move the following amendment:

164. Item(b) in serial number 31 of the Schedule to the Kerala Stamp Act, 1959 proposed to be substituted by Clause 3(3)(f) shall be deleted.

Shri. P. K. Basheer : Sir, I move the following amendment:

182. In the entry in column (2) against item (a) in serial number 48 of the Schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(i), after the word " sister" insert the words " adopted son or daughter" .

Shri. T. V. Ibrahim : Sir, I move the following amendment:

195. In the entry in column (2) against item (a) in serial number 51 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3 (3) (j) after the word " grandchildren" the symbol and words " adopted children" shall be inserted.

Shri V.T. Balram : Sir, I move the following amendment:

199. In the entry in column (2) against item (a) (i) in the serial number 51 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3(3)(j) for the word " five " substitute the word " six"

Shri. Anwar Sadath: Sir, I move the following amendments:

160. In the entry in column (2) against item (a)(ii) in serial No. 31 of the schedule to the Kerala Stamp Act, 1959 proposed to be substituted by Clause 3(3) (f), the word " five" shall be substituted with the word " six" .

197. In the entry in column (2) against item (a) (i) in serial number 51 of the schedule to the Kerala Stamp Act, 1959 proposed to be substituted by clause 3 (3) (j) for the word " five" substitute the word " eight" .

മി. സ്പീക്കർ : 146-ാം നമ്പർ ഭേദഗതി 147-ാം നമ്പർ ഭേദഗതിക്കും 149, 150 എന്നീ നമ്പർ ഭേദഗതികൾ 151-ാം നമ്പർ ഭേദഗതിക്കും 153-ാം നമ്പർ ഭേദഗതി 154-ാം നമ്പർ ഭേദഗതിക്കും 165-ാം നമ്പർ ഭേദഗതി 166-ാം നമ്പർ ഭേദഗതിക്കും 169, 171 എന്നീ നമ്പർ ഭേദഗതികൾ 170-ാം നമ്പർ ഭേദഗതിക്കും 172-ാം നമ്പർ ഭേദഗതി 173-ാം നമ്പർ ഭേദഗതിക്കും 174-ാം നമ്പർ ഭേദഗതി 175-ാം നമ്പർ ഭേദഗതിക്കും 176-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്കും 178, 180 എന്നീ നമ്പർ ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 182-ാം നമ്പർ ഭേദഗതി 183-ാം നമ്പർ ഭേദഗതിക്കും 193-ാം നമ്പർ ഭേദഗതി 194-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇതിലെ ഭൂരിപക്ഷം ഭേദഗതികളും ഇഷ്ടദാനം, ഭാഗാധാരം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ്. അതുസംബന്ധിച്ച നിലപാട് വളരെ വ്യക്തമായി പറഞ്ഞു കഴിഞ്ഞു. അതുകൊണ്ട് അതുസംബന്ധിച്ച ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല. മറ്റ് ഭേദഗതികൾ ഫ്ലാറ്റിന്റെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ളതാണ്, ഫ്ലാറ്റുകൾ വിൽക്കുമ്പോൾ ഓരോ പ്രാവശ്യവും നടപടിക്രമങ്ങൾ ആവർത്തിക്കുന്നതിന്റെ ബുദ്ധിമുട്ട് ശ്രീ. എം. ഉമ്മർ പറഞ്ഞു. അത് ലഘൂകരിക്കാൻ ഇപ്പോൾ എടുത്തിരിക്കുന്ന നിലപാട് കോമ്പിറ്റന്റ് അതോറിറ്റി നോട്ടിഫൈ ചെയ്യണമെന്ന് പറഞ്ഞല്ലോ? ആ കോമ്പിറ്റന്റ് അതോറിറ്റി എന്നത് എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർ, പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർ എന്നല്ല, ഏത് സ്വകാര്യ എഞ്ചിനീയറുമാകാം. ബാങ്കിന്റെ അപ്രൂവലുമാകാം. അതോടുകൂടി ആ പ്രശ്നം തീർന്നുവെന്നാണ് ഞാൻ കരുതുന്നത്. അഞ്ചുവർഷമെന്നു പറയുമ്പോൾ ആ ഫ്ലാറ്റിന്റെ ഹിസ്റ്റോറിക്കൽ വാല്യൂ അല്ല നോക്കുന്നത്. ഇന്ന് അത് പണിയേണ്ടി വരികയാണെങ്കിൽ അതിന് എന്ത് കൊടുക്കണമെന്നാണ്. അത് അഞ്ചുവർഷം വയ്ക്കുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നില്ല. അതുപോലെ കോമ്പിറ്റന്റ് ആയ ആളാണോ അത് ചെയ്തതെന്നുമാത്രമേ രജിസ്ട്രാർ നോക്കേണ്ടതുള്ളൂ. രജിസ്ട്രാർ രണ്ടാമത് പോകണമെന്നില്ല. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 124, 128, 147, 159, 163, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 125, 132, 156, 185, 186, 198 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 126, 153 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 130, 151, 166, 170, 179, 193 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 133, 152, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 134, 175, 201 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 135, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 136, 190 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 137, 172, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 140, 192 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 142, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി അവതരിപ്പിച്ച 143, 155, 187 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 156, 184, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 161, 196 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 162, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 160, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

Shri. P. K. Abdu Rabb : Sir, I move the following amendment:

203. In clause 4 (1) the words "in sub section (1) of section 76,-" shall be substituted with the words "for sub section (1) of section 76, the following sub section shall be substituted, namely,-".

Shri. K. C. Joseph : Sir, I move the following amendment:

204. In the Schedule II in item (iii) of Article 3, of the Kerala Court Fees and Suits Valuation Act, 1959 proposed to be substituted by clause 4 (2) the words "one per cent" shall be substituted with "half per cent".

Shri. P. K. Basheer: Sir, I move the following amendment:

205. In section 76 (1) of the Kerala Court Fees and Suits Valuation Act, 1959 proposed to be substituted by clause 4 (1) after the words "amount involved in the dispute" the following words shall be inserted "subject to a maximum of rupees one thousand".

Shri. P. T. Thomas: Sir, I move the following amendment:

206. In section 76 (1) of the Kerala Court Fees and Suits Valuation Act, 1959 proposed to be substituted by clause 4 (1), the following Proviso shall be added before the explanation.

"Provided that the additional court fee of one percent need to be paid only by litigation successful".

Prof. Abid Hussain Thangal: Sir, I move the following amendment:

207. In clause 4(2) (a), the words "five percent" shall be substituted with the words "two percent".

Shri. N. A. Nellikkunnu: Sir, I move the following amendment:

210. In clause 4(2) (a), after the words "sought for" the following words shall be inserted "subject to a maximum of rupees Ten Thousand".

Shri. C. Mammutty: Sir, I move the following amendment:

211. In clause 4(2) (b), after the words " sought for" the following words shall be added, "subject to a maximum of rupees Ten Thousand".

മി. സ്പീക്കർ : 208, 209 എന്നീ ഭേദഗതികൾ 207-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. അച്ചടിച്ചപ്പോൾ രണ്ടുവാക്ക് വിട്ടുപോയതാണ്. ഏത് നിയമജ്ഞനാണ് ആ രണ്ടുവാക്കുകൾ കണ്ടുപിടിച്ചത്; അത് കണ്ടുപിടിച്ചതിൽ അഭിനന്ദനമുണ്ട്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു..

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു..

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു..

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri. P. Ubaidulla: Sir, I move the following amendment:

212. In section 23 B (1) of the Kerala General Sales Tax Act, 1963 proposed to be substituted by Clause 5 (a) after the words "settling the arrears" the words "one time" shall be inserted.

Prof. Abid Hussain Thangal: Sir, I move the following amendment:

213. In section 23 B (1) of the Kerala General Sales Tax Act, 1963 proposed to be substituted by Clause 5 (a) the word "interest" shall be deleted.

Shri. T. V. Ibrahim: Sir, I move the following amendment:

215. In Clause 5 (c) the figure and word "$28^{th}$ February" shall be substituted with "$31^{st}$ March".

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri. N. A. Nellikkunnu : Sir, I move the following amendment:

216. Section 2 (ac) of the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6 (1) the following shall be recast and the explanation to the clause shall be deleted.

"(ac) floor area of a motor vehicle means the area of the Vehicle obtained by amplifying the overall inside length with the overall inside width of the vehicle excluding driver cabin space and for a double decked bus it shall be twice the floor area plus driver cabin space exempted for first deck".

Shri. K. S. Sabarinadhan: Sir, I move the following amendments:

217. In item (i) of the proviso to section 3 (5) of The Kerala Motor Vehicle Taxation Act, 1976 proposed to be Substituted by clause 6(2) (b) for the words 'Seven days' Substitute the words "ten days"

238. In the entry in column (3) against item (c) in the serial no. 3(i) of the Schedule to the KMVT Act 1976 proposed to be amended by clause 6(8)(a) for the figure "470" substitute the figure '450'.

248. In the entry in column (3) against item (e)(iii) of serial number 7 of the schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(b)(i)(a), for the figures "4000" substitute with "3500"

Shri. K. Muraleedharan : Sir, I move the following amendment:

218. In item (ii) of the proviso to section 3(5) of the Kerala Motor Vehicle Taxation Act, 1976. Proposed to be Substituted by clause 6 (2) (b) for the words 'One third' Substitute 'One fourth'.

Shri. N. Samsudheen: Sir, I move the following amendments:

219. In Section 3 A of the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(3) after the word "air" insert the words "and environment".

228. In the entry against Sl. No. 4 in column 2 of table to section 3 A of the Kerala Motor Vehicle Taxation Act, 1976, proposed to be inserted by clause 6 (3) after the word "registration" the words "except stage carriage vehicles under KSRTC" shall be inserted.

235. In the proviso to section 4(1) of KMVT Act 1976 proposed to be inserted by clause 6 4(a)(i) after the words "in the case of transport vehicles" the words "except Stage Carriage Vehicles under KSRTC" shall be added.

Shri. Anwar Sadath: Sir, I move the following amendment:

220. In the entry against to serial No 2 in column 2 of the Table to Section 3 A of the Kerala Motor Vehicle Taxation Act, 1976, proposed to be Substituted by clause 6(3) for the figure and words "10 years" Substitute figure and words "15 years".

Prof. Abid Hussain Thangal: Sir, I move the following amendments:

222. In the entry against serial No. 3 in column 2 of the Table to section 3 A of the Kerala Motor Vehicle Taxation Act, 1976, proposed to be substituted by the Clause 6 (3) for the figure and word "10 years" substitute figure and word "15 years".

227. In the entry against Sl. No. 4 in column 2 of table to section 3 A of the Kerala Motor Vehicle Taxation Act, 1976, proposed to be substituted by clause 6 (3) for the figure and word "10 years" substitute the figure and word "15 years".

245. In the entry in column 3 against item (i) in Serial No. 7 of the schedule to the Kerala Motor Vehicles Taxation Act, 1976, proposed to be amended by clause 6 (8) (b) (i) (a) for the figures "2250" the figures "2000" shall be substituted.

247. In the entry in column (3) against item (e)(ii) of serial number 7 of the schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(b)(i)(a), the figures "3000" may be substituted with "2600"

249. In the entry in column (3) against item (e)(iii) of serial number 7 of the schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(b)(i)(a), the figures "4000" may be substituted with "3900"

250. In the entry in column (3) against item (f)(i) of serial number 7 of the schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(b)(i)(b), the figures "2250" may be substituted with "2000"

251. In the entry in column (3) against item (f)(ii) of serial number 7 of the schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(b)(i)(b), the figures "3000" may be substituted with "2000"

252. In the entry in column (3) against item (f)(iii) of serial number 7 of the Schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(b)(i)(b) the figures "4000" may be substituted with "3900".

Shri. V. K. Ebrahim Kunju: Sir, I move the following amendment:

224. In the entry against serial No. 4 in column 2 of the Table to section 3 A of the Kerala Motor Vehicle Taxation Act, 1976, proposed to be amended by Clause 6 (3) after the words "Heavy Transport Vehicles" insert the following words "except stage carriage vehicles owned by Kerala Transport Corporation"

Shri. Thiruvanchoor Radhakrishnan : Sir, I move the following amendment:

225. In the entry against serial No. 4 in column 2 of the Table to section 3 A of the Kerala Motor Vehicle Taxation Act, 1976, proposed to be inserted by Clause 6 (3) after the words "Heavy Transport Vehicle" the words "except the vehicles owned by KSRTC and KURTC" shall be inserted.

Shri. V. P. Sajeendran: Sir, I move the following amendments:

229. The first proviso to section 3 A of the Kerala Motor Vehicles Taxation Act, 1976, proposed to be inserted by clause 6 (3) shall be recast as follows:

"Provided that no additional fax, fine, superfine as interest shall be levied for belated payments of Green Tax and no Green Tax shall be levied from transport vehicles of KSRTC".

239. In the entry in column (3) against item (a) in serial number 3(ii) of the Schedule to the KMVT Act 1976 proposed to be amended by clause 6(8)(a) for the figure '190' substitute the figure '180'.

240. In the entry in column (3) against item (b) in serial number 3(ii) of the Schedule to the KMVT Act 1976 proposed to be amended by clause 6(8)(a) for the figure '310' substitute the figure '295'.

241. In the entry in column 3 against item (c) in Sl.No. 3 (ii) of the schedule to the Kerala Motor Vehicles Taxation Act, 1976, proposed to be amended by clause 6 (8) (a) for the figure "590" substitute the figure "550".

Shri. Manjalamkuzhi Ali: Sir, I move the following amendments:

230. After the third proviso to section 3 A of the Kerala Motor Vehicles Taxation Act, 1976, proposed to be inserted by clause 6 (3) the following proviso shall be inserted.

"Provided further that not withstanding anything contained in any Act or any other law for the time being in force it shall be competent for the Government to utilize the Green Tax for the purpose of implementation of various measures to control air pollution as specified in Section 3 A".

257. In the entry in Column (2) of serial number 12 of the Schedule to the Kerala Motor Vehicles Taxation Act, 1976 proposed to be substituted by clause 6(8)(d) after the words "specially designed vehicles" the words "other than the vehicles designed for physically handicapped persons" shall be inserted.

230-ാം നമ്പർ ഭേദഗതി ഗ്രീൻ ടാക്സിനെപ്പറ്റിയുള്ളതാണ്. ഗ്രീൻ ടാക്സിനെപ്പറ്റി നാഷണൽ ഡിസ്കഷനും ഇന്റർനാഷണൽ ഡിസ്കഷനും വേണമെന്ന് അങ്ങ് ഇപ്പോഴും പറഞ്ഞു. വായു മലിനീകരണത്തെപ്പറ്റി എല്ലാവരും ബോധവാന്മാരാകേണ്ടതാണ്. പക്ഷേ അങ്ങ് കിഫ്ബിയുടെ ബിൽ അവതരിപ്പിച്ചു. അതിൽ ഓരോ വർഷവും

മോട്ടോർ വെഹിക്കിൾ ടാക്സിന്റെ 10 ശതമാനം വച്ച് വർദ്ധിപ്പിച്ച്, 5 വർഷംകൊണ്ട് 50 ശതമാനം തുക കിഫ്ബിയുടെ നിധിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുമെന്ന് പറഞ്ഞിരുന്നു. വായുമലിനീകരണം തടയാനെന്ന പേരിൽ പിരിക്കുന്ന ഈ ടാക്സ് ഇത്തരത്തിൽ വകമാറ്റുന്നത് ശരിയല്ല. അങ്ങ് പറഞ്ഞത് സീരിയസ്സാകണമെന്നുണ്ടെങ്കിൽ ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

Shri. C. F. Thomas : Sir, I move the following amendment:

231. In the proviso to section4(1) of the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(4)(a)(i) the figure and word "10 years" shall be substituted with the figure and word "15 years".

10 വർഷം പൂർത്തിയാക്കിയ ട്രാൻസ്പോർട്ട് വെഹിക്കിൾസിൽനിന്നും 15 വർഷം പൂർത്തിയാക്കിയ നോൺ ട്രാൻസ്പോർട്ട് വെഹിക്കിൾസിൽനിന്നും ഗ്രീൻ ടാക്സ് ഈടാക്കുന്നതു സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടാണ് ഒന്നിന് 10 വർഷവും മറ്റൊന്നിന് 15 വർഷവുമായി തീരുമാനിച്ചിരിക്കുന്നതെന്ന് വിശദീകരിക്കണം. അതിനാൽ രണ്ടിനും 15 വർഷമാക്കുന്നതിനുള്ള ഭേദഗതിയാണ് അവതരിപ്പിക്കുന്നത്.

Shri. M. Vincent: Sir, I move the following amendments:

236. Delete clause 6(8)(a)

255. In the entry in column (3) against item (c) of serial number 7 of the Schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(b)(iii) for the figures "1400" substitute with "1250".

Shri. Hibi Eden: Sir, I move the following amendment:

242. In the entry in column 3 against item (a) in Sl.No. 4 of the schedule to the Kerala Motor Vehicles Taxation Act, 1976, proposed to be amended by clause 6 (8) (a) for the figure "180" substitute the figure "160".

Shri. Eldhose Kunnappilly : Sir, I move the following amendments:

243. Clause 6 (8) (b) shall be deleted.

254. In the entry in column (3) against item (b) of serial number 7 of the Schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(b)(iii) for the figures "1100" substitute with "1000".

Shri. V. S. Sivakumar : Sir, I move the following amendment:

244. In the entry in column 3 against item (i) in Sl.No. 7 of the schedule to the Kerala Motor Vehicles Taxation Act, 1976, proposed to be amended by clause 6 (8)(b) (i) (a) the figure "2250" shall be substituted as "1800".

Shri. Anil Akkara: Sir, I move the following amendment:

253. In the entry in column (3) against item (a) of serial number 7 of the Schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(b)(iii) for the figures "1300" substitute with "1100".

Shri. Shafi Parambil: Sir, I move the following amendment:

256. Delete Clause 6(8)(c).

Shri. Abdul Hameed P. : Sir, I move the following amendment:

258. In the entry in column (2) of serial number 12 of the Schedule to the Kerala Motor Vehicles Taxation Act, 1976 proposed to be inserted by clause 6(8)(d) after the words "cash van" the words "except public service vehicles specially used for weaker sections of society" shall be inserted.

മി. സ്പീക്കർ : 221-ാം നമ്പർ ഭേദഗതി 220-ാം നമ്പർ ഭേദഗതിക്ക് തുല്യവും 223-ാം നമ്പർ ഭേദഗതി 222-ാം നമ്പർ ഭേദഗതിക്ക് തുല്യവും 226-ാം നമ്പർ ഭേദഗതി 227-ാം നമ്പർ ഭേദഗതിക്ക് തുല്യവും 232, 233, 234 എന്നീ ഭേദഗതികൾ 231-ാം നമ്പർ ഭേദഗതിക്ക് തുല്യവും 258-ാം നമ്പർ ഭേദഗതി 259-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭൂരിപക്ഷം ഭേദഗതികളിലും കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കണമെന്നാണ് പറയുന്നത്. ഞാൻ നേരത്തേ പറഞ്ഞതുപോലെ ഇത് നോട്ടിഫിക്കേഷനിലൂടെ ചെയ്യാവുന്നതാണ് എന്നല്ല സർക്കാർ ചെയ്യുന്നതാണ്. ഗ്രീൻ ടാക്സിന്റെ കാര്യത്തിൽ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 10 വർഷവും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 15 വർഷവും വച്ചിരിക്കുന്നത് എന്തുകൊണ്ടാണ് എന്നൊരു സംശയം ഇവിടെ ഉന്നയിച്ചു. ട്രാൻസ്പോർട്ട് വാഹനങ്ങളാണ് കൂടുതൽ ഓടുന്നത്. സ്വകാര്യ വാഹനങ്ങൾ അധികം ഓടുകയില്ല. അതുമാത്രമല്ല, കൂടുതൽ വാഹനങ്ങളിലും ഡീസൽ എഞ്ചിനാണുള്ളത്. കൂടുതൽ വേഗത്തിൽ ട്രാൻസ്പോർട്ട് വാഹനത്തിന് കാലപ്പഴക്കം വരും എന്നുള്ള അനുമാനമാണ് ഇത്തരത്തിൽ തീരുമാനിക്കാനുള്ള കാരണം. കർണ്ണാടകയും ട്രാൻസ്പോർട്ട് വാഹനത്തിന് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രീൻ ടാക്സിലെ പണം മറ്റൊന്നിനും ഉപയോഗിക്കരുത് എന്നുപറഞ്ഞു. നികുതിയാണ്, നിരുൽസാഹപ്പെടുത്തുന്നത്. ഇന്ന കാര്യത്തിന് ഉപയോഗിക്കാൻ വേണ്ടിയാണ് നികുതി ചുമത്തുന്നത് എന്നുപറയാറുണ്ട്. ഉദാഹരണത്തിന്, കൽക്കരിയുടെമേൽ ടണ്ണിന് 400 രൂപ വച്ച് പിരിക്കുന്നതാണ് ഇന്ത്യാ ഗവൺമെന്റ് ചുമത്തിയിരിക്കുന്ന ഏറ്റവും വലിയ നികുതി എന്നുപറയുന്നത്. വലിയ തുകയാണ്. ഇരുപതിനായിരം കോടി രൂപ വരെ നികുതി പിരിക്കുന്നുണ്ട്. അത് ഇന്ത്യാ ഗവൺമെന്റിന്റെ ഫണ്ടിലേക്ക് പോകും. പക്ഷേ കൽക്കരിയുടെ ഉപയോഗം കുറയ്ക്കുക എന്നുള്ള ലക്ഷ്യമാണതിനുള്ളത്. അതുപോലെ പഴക്കമുള്ള എഞ്ചിൻ ഉപയോഗിക്കുന്നത് തടസ്സപ്പെടുത്തുക എന്നുള്ളതാണ് ഇവിടത്തെ ഉദ്ദേശ്യം. അത് ഇയർമാർക്ക് ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല. ഇതിലും പലമടങ്ങ് തുക വായുമലിനീകരണം കുറയ്ക്കുന്നതിനുവേണ്ടി പൊല്യൂഷൻ കൺട്രോൾ ബോർഡിന് സർക്കാർ ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ പ്രസ്തുത ഭേദഗതി സ്വീകരിക്കുന്നില്ല. ശ്രീ. മഞ്ഞളാംകുഴി അലി 257-ാം ഭേദഗതിയിൽ വികലാംഗരുടെ കാര്യം പറഞ്ഞിരിക്കുന്നത് നല്ലതാണ്. അതൊക്കെ ഇപ്പോൾ തന്നെ ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. വാണിജ്യാടിസ്ഥാനപരമായ ആവശ്യത്തിന് രൂപമാറ്റം വരുത്തുന്ന വാഹനങ്ങൾക്കു മാത്രമേ അധിക നികുതി വരുന്നുള്ളൂ. വികലാംഗരുടെ വെഹിക്കിൾസിന് നികുതി വരികയില്ല. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ 230-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് കുന്നപ്പിള്ളി
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
19. ശ്രീ. സി. മമ്മൂട്ടി
20. ശ്രീ. കെ. എം. മാണി
21. ശ്രീ. മോൻസ് ജോസഫ്
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

24. ശ്രീ. ഉമ്മൻ ചാണ്ടി
25. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
26. ശ്രീ. രമേശ് ചെന്നിത്തല
27. ശ്രീ. റോജി എം. ജോൺ
28. ശ്രീ. റോഷി അഗസ്റ്റിൻ
29. ശ്രീ. കെ. എസ്. ശബരീനാഥൻ
30. ശ്രീ. വി. പി. സജീന്ദ്രൻ
31. ശ്രീ. എൻ. ഷംസുദ്ദീൻ
32. ശ്രീ. വി. ഡി. സതീശൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. വി. എസ്. ശിവകുമാർ
35. ശ്രീ. സണ്ണി ജോസഫ്
36. ശ്രീ. സി. എഫ്. തോമസ്
37. ശ്രീ. പി. ടി. തോമസ്
38. ശ്രീ. പി. ഉബൈദുള്ള
39. ശ്രീ. എം. ഉമ്മർ
40. ശ്രീ. എം. വിൻസെന്റ്

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. വി. അബ്ദുറഹിമാൻ
4. ശ്രീമതി പി. അയിഷാ പോറ്റി
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ

7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു
11. ശ്രീ. എ. കെ. ബാലൻ
12. ശ്രീമതി ഇ. എസ്. ബിജിമോൾ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. ഇ. കെ. വിജയൻ
75. ശ്രീ. എൻ. വിജയൻ പിള്ള

നിഷ്പക്ഷത പാലിക്കുന്നവർ : ഇല്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 40

പ്രതികൂലിക്കുന്നവർ - 75

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി 40-നെതിരെ 75 വോട്ടുകളോടെ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 217, 238, 248 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 219, 228, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 222, 227, 245, 247, 249, 250, 251, 252 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 229, 239, 240, 241 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എഫ്. തോമസ് അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 236, 255 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി അവതരിപ്പിച്ച 243, 254 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് .പി അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഏഴാം വകുപ്പ്</u>

<u>Shri. Manjalamkuzhi Ali</u> : Sir, I move the following amendments:

260. In the second proviso to section 4(1) of the Kerala Tax on Luxuries Act, 1976 proposed to be inserted by clause 7(a), after the words "educational institutions" the symbol and words ", Sports agencies" shall be inserted.

276. In Section 10 AB of the Kerala Tax on Luxuries Act 1976 proposed to be inserted by clause 7 (c) after the words "every person" the words "except the deceased" shall be inserted.

ഏതെങ്കിലും പ്രൈവറ്റ് കമ്പനികൾ ലക്ഷ്വറി ടാക്സിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ, ആ കുടിശ്ശിക ആ കാലത്ത് ഡയറക്ടർ സ്ഥാനത്തിരുന്ന വ്യക്തികളിൽനിന്നും പേഴ്സണൽ ലയബിലിറ്റി ആയി ഈടാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് ഇവിടെ പറയുന്നു. എന്നാൽ മരണപ്പെട്ടുപോയവരെ ഒഴിവാക്കണമെന്നാണ് ഞാൻ 276-ാം നമ്പർ ഭേദഗതിയിൽ പറയുന്നത്. ഡയറക്ടർമാർ ഉണ്ടായിരുന്നു, പഴയകാലത്ത് കുടിശ്ശിക വന്നിരുന്നു, പക്ഷേ അവർ മരിച്ചുപോയി. മരിച്ചുപോയിട്ടുണ്ടെങ്കിൽ അതിൽനിന്നും ഒഴിവാക്കണമെന്നാണ് പറയുന്നത്.

Prof. Abid Hussain Thangal : Sir, I move the following amendments:

262. In section 4(2)(a)(i) of the Kerala Tax on Luxuries Act, 1976 proposed to be substituted by clause 7(b)(i) for the word "six" the word "five" shall be substituted.

267. In section 4(2)(a)(i) & (ii) of the Kerala Tax on Luxuries Act, 1976 proposed to be substituted by clause 7(b)(i) the words "per cent" shall be replaced with "percent".

272. In Section 4(2) (a) (ii) of the Kerala Tax on Luxuries Act 1976 proposed to be substituted by clause 7 (b) (i) for the words "ten" Substitute the word "five".

Shri. Anil Akkara : Sir, I move the following amendment:

263. In section 4(2)(a)(i) of the Kerala Tax on Luxuries Act, 1976 proposed to be substituted by clause 7(b)(i) for the word "six" shall be replaced with "three".

Shri. P. T. Thomas : Sir, I move the following amendment:

264. In section 4(2)(a)(i) of the Kerala Tax on Luxuries Act, 1976 proposed to be substituted by clause 7(b)(i) for the word "six" substitute the word "four".

Shri. P. K. Kunhalikutty: Sir, I move the following amendment:

266. In section 4(2)(a)(i) of the Kerala Tax on Luxuries Act, 1976 proposed to be substituted by clause 7(b)(i)

(1) for the word "six" substitute the word "five".

(2) after the words "one thousand" insert the words "five hundred".

Shri. V. D. Satheesan: Sir, I move the following amendment:

268. In section 4(2)(a)(i) of the Kerala Tax on Luxuries Act, 1976 proposed to be substituted by clause 7(b)(i) for the word "four" substitute the word "six".

Shri. K. C. Joseph: Sir, I move the following amendment:

269. In section 4(2)(a)(i) of the Kerala Tax on Luxuries Act, 1976 proposed to be substituted by clause 7(b)(i) for the word "four" substitute the word "seven".

Shri. A. P. Anil Kumar: Sir, I move the following amendment:

270. In section 4(2)(a)(i) of the Kerala Tax on Luxuries Act, 1976 proposed to be substituted by clause 7(b)(i) for the word "four" substitute the word "eight".

Shri. K. Muraleedharan: Sir, I move the following amendment:

271. In Section 4 (2) a (i) of the Kerala Tax on Luxuries Act 1976 proposed to be substituted by clause 7 (b) (i) for the words "one thousand rupees" Substitute the words "one thousand and five hundred rupees".

Shri. Thiruvanchoor Radhakrishnan: Sir, I move the following amendment:

273. In Section 4(2) (a) (ii) of the Kerala Tax on Luxuries Act 1976 proposed to be substituted by clause 7 (b) (i) for the words "ten" Substitute the word "six" .

Shri. K. M. Shaji: Sir, I move the following amendment:

274. In Section 4(2) (a) (ii) of the Kerala Tax on Luxuries Act 1976 proposed to be substituted by clause 7 (b) (i)

(1) for the word "ten" the word "Seven" shall be substituted"

(2) after the words "one thousand" insert the words "five hundred"

Shri. V. T. Balram : Sir, I move the following amendment:

275. In Section 4(2) (a) (ii) of the Kerala Tax on Luxuries Act 1976 proposed to be substituted by clause 7 (b) (i) for the words "one thousand" Substitute the words "one thousand and five hundred" .

മി. സ്പീക്കർ: 265-ാം നമ്പർ ഭേദഗതി 262-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

ഭേദഗതികളൊന്നും സ്വീകാര്യമല്ല. ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞ വാദം, ഇതുവരെ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരുന്നത് inheritance-നെക്കുറിച്ചാണ്. അസറ്റ്സ് ഇൻഹെറിറ്റ് ചെയ്യുവെങ്കിൽ ലയബിലിറ്റീസും ഇൻഹെറിറ്റ് ചെയ്യും. ഏകപക്ഷീയമായി എടുക്കുന്നത് ശരിയാകുകയില്ല.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അവതരിപ്പിച്ച 260, 276 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 262, 267, 272 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

Shri. Manjalamkuzhi Ali : Sir, I move the following amendment:

278. Clause 8(a) and (b) shall be recast as follows-

"(a) in item 3, after the words "domestic company" the words "or foreign company" shall be inserted.

(b) item 4 shall be omitted".

ഫോറിൻ കമ്പനികൾക്ക് കാർഷികാദായ നികുതി 80 ശതമാനമെന്നുള്ളത് കുറച്ച് 30 ശതമാനമാക്കിയത് വളരെ നല്ലതാണ്. പ്രൈവറ്റ് പാർട്ടികളുടെ ഡൊമസ്റ്റിക് കമ്പനികൾക്ക് 50 ശതമാനമെന്നുള്ളത് 30 ശതമാനമാക്കി. പക്ഷെ നമ്മുടെ സഹകരണ സംഘങ്ങൾക്ക് ഇപ്പോഴും 35 ശതമാനം മുതൽ 50 ശതമാനം വരെയെന്നുള്ളത് അതേ രീതിയിൽ നിൽക്കുകയാണ്. ബില്ലിൽ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിൽ മാറ്റം വരുത്തിയിട്ടില്ല. അത് 30 ശതമാനമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സഹകരണ സംഘങ്ങൾക്ക് കൊടുക്കാത്ത നികുതിയിളവ് ഫോറിൻ കമ്പനികൾക്ക് നൽകരുതെന്നാണ് എനിക്ക് പറയാനുള്ളത്.

Shri. V. P. Sajeendran: Sir, I move the following amendment:

279. In Item (4) of schedule of the Kerala Agricultural Income Tax Act, 1991 proposed to be substituted by clause 8(b) for the words "thirty" the word "fifty" shall be substituted.

Shri. Thiruvanchoor Radhakrishnan: Sir, I move the following amendment:

281. In Item (4) in the schedule of the Kerala Agricultural Income Tax Act, 1991 proposed to be substituted by clause 8(b) shall be recast as follows-

"(4) In the case of domestic company ten per cent and in the case of foreign company twenty per cent of the total Agricultural Income".

Shri. V. D. Satheesan: Sir, I move the following amendment:

282. In Item (4) of schedule of the Kerala Agricultural Income Tax Act, 1991 proposed to be substituted by clause 8(b) shall be recast as follows-

"(4) In the case of domestic company fifteen per cent and in the case of foreign company twenty five per cent of the total Agricultural Income".

മി. സ്പീക്കർ : 280-ാം നമ്പർ ഭേദഗതി 279-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല. യഥാർത്ഥത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച അതേ കാര്യങ്ങൾ തന്നെയാണ് ഇതിലുമുള്ളത്. സഹകരണ സംഘങ്ങൾക്ക് കാർഷികാദായ നികുതിയില്ലാത്തതുകൊണ്ടാണ് അക്കാര്യം പറയാത്തത്.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 282-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒമ്പതാം വകുപ്പ്

Shri. Roshy Augustine: Sir, I move the following amendments:

283. In the entry in Column (4) against serial number 8 in the table of section 6(1)(a) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(1)(a)(i)(c) for the figure and symbol "2%" substitute with the figure and symbol "0%".

290. In the entry in Column (4) against serial number 9 in the table of section 6(1)(a) of Kerala Value Added Tax Act 2003, proposed to be inserted by clause 9(1)(a)(i)(c) for the figure and symbol "2%" substitute with the figure and symbol "0%".

297. In the entry in the column (4) against sl. no. 11 in the table of Section 6 (1) (a) of Kerala Value Added Tax Act, 2003, proposed to be inserted by clause 9 (1) (a) (i) (c) for the figure and symbol "2%" substitute the figure and symbol "0%".

310. In Clause 9(2) (b), the following sub clause shall be added and the existing clause shall be renumbered.

"(i) In sub clause (i), the words 'on their sale in the State' shall be deleted".

Shri. Abdul Hameed P. : Sir, I move the following amendments:

287. Serial number 9 in the table of section 6(1)(a) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(1)(a)(i)(c) shall be deleted and rearrange accordingly.

302. In clause 9 (1) (a) (ii), after the first proviso, the following proviso shall be added.

"Provided also that any food item cooked or manufactured and sold by any registered orphanages shall be exempted from paying tax".

Dr. N. Jayaraj: Sir, I move the following amendment:

292. In the entry in Column (4) against serial number 10 in the table of section 6(1)(a) of Kerala Value Added Tax Act 2003, proposed to be inserted by clause 9(1)(a)(i)(c), the figure and symbol "2%" shall be substituted with the figure and symbol "0%".

Shri. V. T. Balram: Sir, I move the following amendment:

299. In the 17th proviso to section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words "cooked food" add the word "sweets".

Shri. Sunny Joseph: Sir, I move the following amendment:

300. In the 17th proviso to section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words "cooked food" add the words "and fruit juices".

Shri. Shafi Parambil: Sir, I move the following amendment:

301. In the 17th proviso to section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words "cooked food" add the word "beverages".

Shri. M. Ummer: Sir, I move the following amendment:

303. The third proviso to clause 9(1)(a) shall be deleted.

Shri. Anwar Sadath: Sir, I move the following amendment:

304. In the 19th proviso to subsection(1) of section 6 proposed to be inserted in the Kerala Value Added Tax Act, 2003 by clause 9(1)(a)(ii) for the words "at five per cent" substitute the words "at four per cent".

Shri. Manjalamkuzhi Ali: Sir, I move the following amendments:

306. In section 8 (a) (i) of the Kerala Value Added Tax Act, 2003 proposed to be inserted by Clause 9 (2)(a) (i) for the word "plant" substitute with the words "except biogas plant".

307. In the proviso to section 8 (a) (i) of the Kerala Value Added Tax Act, 2003 proposed to be substituted by Clause 9 (2)(a) (i) for the words "Kerala Water Authority" substitute the words "Public Undertaking Companies".

308. In the second proviso to section 8(a)(ii) of the Kerala Value Added Tax Act, 2003 proposed to be substituted by Clause 9 (2) (a) (ii) (a) for the words "Kerala Water Authority" substitute the words "Public Undertaking Companies".

309. In the third proviso to section 8 (a) (ii) of the Kerala Value Added Tax Act,, 2003 proposed to be sustituted by Clause 9 (2 ) (a) (ii) (b) the words "Kerala Water Authority" shall be substituted with the words "Public Undertaking Companies".

319. In Section 25 E(1)(c) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(6) for the words "financial years" substitute the words "previous financial years".

Shri. P. Ubaidulla: Sir, I move the following amendment:

314. In Section 8(f)(i) of the Kerala Value Added Tax Act, 2003-

(i) the words "on their sale in the State" shall be deleted.

(ii) The following note shall be added

"note:-this shall be deemed to have come into force on and from 1st day of April 2013".

Shri. Parakkal Abdulla: Sir, I move the following amendment:

315. In Section 8(f)(i) of the Kerala Value Added Tax Act, 2003 new proviso shall be added as follows "provided that dealers whose annual turn over is below rupees fifty lakhs, shall be exempted from paying tax under the above subsection with effect from 1st April 2013."

Prof. Abid Hussain Thangal: Sir, I move the following amendments:

316. In Section 25(D) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(6) the words "two years" shall be substituted with the words "one year".

318. In Section 25 E(1) proposed to be inserted in the Kerala Value Added Tax Act, 2003 by clause 9(6) the symbol and the words ", all penalities" shall be deleted.

325. In section 58 A(1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(13) the words "Deputy Commisioner (Appeals) or" shall be deleted.

327. In section 58A(2)(a) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(13) the words "High Court" shall be substituted with the words "Honourable High Court".

Shri. Roji M. John: Sir, I move the following amendment:

317. In Section 25 E(1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(6) for the figure and symbol "5%" substitute the figure and symbol "3%".

Shri. K. C. Joseph: Sir, I move the following amendment:

320. In section 25E(4) of the Kerala Value Added Tax Act, 2003 proposed to be substituted by clause 9(6) for the words "Thirty per cent" shall be substitute with the words "Twenty five per cent".

Shri. V. P. Sajeendran : Sir, I move the following amendments:

321. In section 46(3)(f) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(9) for the words "coastal cargo" substitute the words "coastal shipping".

324. In the second proviso to sub-section (4) of section 55 of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(12) for the words "disputed amount of tax" substitute the words "tax assessed".

326. In section 58 A(1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9(13) for the words "as he deems fit" substitute the words "within the period as prescribed".

Shri. K. Muraleedharan: Sir, I move the following amendment:

322. In section 48(1) of the Kerala Value Added Tax Act, 2003 proposed to be substituted by clause 9(11) for the words "two hundred and fifty rupees" substitute the words "two hundred rupees".

Shri. M. Vincent: Sir, I move the following amendment:

323. In the second proviso to sub-section (4) of section 55 of the Kerala Value Added Tax Act, 2003 proposed to be substituted by clause 9(12) the figure and symbol "20%" shall be substituted with figure and symbol "10%".

Shri. V. D. Satheesan: Sir, I move the following amendment:

328. In section 58 A(4) of the Kerala Value Added Tax Act, 2003 proposed to be added by clause 9(13) the words "in person or the person authorised by him" shall be added at the end.

മി. സ്പീക്കർ : 284, 285, 286 എന്നീ ഭേദഗതികൾ 283-ാം നമ്പർ ഭേദഗതിക്കും 288, 289, 291 എന്നീ ഭേദഗതികൾ 290-ാം നമ്പർ ഭേദഗതിക്കും 293, 294 എന്നീ ഭേദഗതികൾ 292-ാം നമ്പർ ഭേദഗതിക്കും 295, 296, 298 എന്നീ ഭേദഗതികൾ 297-ാം നമ്പർ ഭേദഗതിക്കും 311, 312, 313 എന്നീ ഭേദഗതികൾ 310-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 283 മുതൽ 298 വരെയുള്ള ഭേദഗതികൾ കൈത്തറിയെ എക്സംപ്റ്റ് ചെയ്യാൻ വേണ്ടിയുള്ളതാണ്. അതിന് ന്യായം ഞാൻ പറഞ്ഞു. ഒറ്റത്തറിക്കാർ തുടങ്ങിയവരെ എങ്ങനെയാണ് സഹായിക്കാൻ പറ്റുകയെന്ന് കൂട്ടായി ആലോചിക്കാം. ജി.എസ്.ടി. വന്നാൽ ഇതേ പറ്റൂ. അവർക്ക് പിരിക്കുന്ന നികുതി തിരിച്ചുകൊടുക്കാം, നികുതിയിൽനിന്നും ഒഴിവുകൊടുക്കാൻ പറ്റത്തില്ല. അതുകൊണ്ട് ഉടനെ ഒരു മാറ്റം വരുത്തേണ്ട കാര്യമില്ല. 299 മുതൽ 301 വരെയുള്ളത് ജയിലിൽ ഉത്പാദിപ്പിക്കുന്ന ചപ്പാത്തിയുടെമേലുള്ള നികുതി ഒഴിവാക്കുന്നതാണ്. ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതിയിൽ സ്വീറ്റ്സുംകൂടി ചേർക്കണമെന്നു പറഞ്ഞിട്ടുണ്ട്. അത് സ്വീകരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതിയിൽ ഫ്രൂട്ട്സ് ജ്യൂസുകളെയും ഉൾപ്പെടുത്തണമെന്നു പറയുന്നുണ്ട്. അതും സ്വീകരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതിയിൽ ബിവറേജസിനെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞതും സ്വീകരിക്കുന്നു. ഇവയെല്ലാം അവിടെ ഉത്പാദിപ്പിക്കുന്നതാണ്, കച്ചവടം ചെയ്യുന്നതിന് കൊടുക്കാൻ കഴിയില്ല. സ്വർണ്ണത്തിന്റെ കാര്യം നമ്മൾ ചർച്ച ചെയ്തുകഴിഞ്ഞു. ശ്രീ. എൻ. ഷംസുദ്ദീനും മറ്റും അവതരിപ്പിച്ച ഭേദഗതികളിൽ പറയുന്നത് ഇനി മുതലേ കിട്ടുകയുള്ളൂ. മുൻകാല പ്രാബല്യമില്ല. അതുകൊണ്ട് അത് സ്വീകരിച്ചിട്ട് കാര്യമില്ല.

മി. സ്പീക്കർ : ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 299, ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 300, ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 301 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 283, 290, 297, 310 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 287, 302 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 306, 307, 308, 309, 319 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 316, 318, 325, 327 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 321, 324, 326 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri. V. K. Ebrahim Kunju: Sir, I move the following amendment;

107. The effective dates of clauses inserted together in clause 1(2) shall be inserted as the beginning of respective Acts.

Shri. T. A. Ahammed Kabeer: Sir, I move the following amendment:

108. At the beginning of clause 1(2)(v) add the words and symbol "sub-clause (2) of section 6,".

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അധികമൊന്നും പറയുന്നില്ല. പുതിയ ബഡ്ജറ്റ് ചർച്ചയുടെ സമാപനമാണല്ലോ ഇപ്പോൾ നടക്കുന്നത്. അതിൽ കാര്യമായ നികുതി വരുമാനം ഉണ്ടായിട്ടില്ല. 805 കോടി രൂപയുടെ അധിക നികുതി വരുമാനമാണുള്ളത്. ലോണായി ഒരു വലിയ തുകയെടുത്താൽ അതിന്റെ ഇന്ററസ്റ്റ് കൊടുക്കാൻപോലും തികയില്ല. അത്രയ്ക്ക് കുറഞ്ഞ വരുമാനമാണ്. അധിക നികുതിഭാരം അടിച്ചേൽപ്പിച്ചുവെന്നുള്ള നിലയിൽ നമ്മളൊക്കെ പറഞ്ഞിട്ടുണ്ട്. എന്നാൽ നികുതി ഭാരമാണുതാനും. ഈ സാഹചര്യത്തിൽ പുതിയ ഗവൺമെന്റിന്റെ ഡവലപ്പ്മെന്റ് പ്രോഗ്രാമിനെ മൊത്തത്തിൽ റിവ്യൂ ചെയ്യുകയാണെന്നുണ്ടെങ്കിൽ

ഒരു ട്രാക്കിലേക്ക് ഇപ്പോഴും വന്നിട്ടില്ല. ഗവൺമെന്റിന്റെ ഹണിമൂൺ പിരീഡൊക്കെ കഴിഞ്ഞു. ഡവലപ്മെന്റിന്റെ ഫേസും ജനക്ഷേമ പ്രവർത്തനങ്ങളുടെ ഫേസുമെന്ന് എടുത്തുപറയാൻ എന്താണ് ഉണ്ടായത്; അങ്ങനെയൊരു ഹൈസ്പീഡിലേക്ക് തുടക്കം പോകുന്നുവെന്നുപറയത്തക്ക കാര്യങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റവും കുറവും പോരായ്മയുമൊക്കെ നോക്കി കുറച്ചുകാലം പോകാം. പക്ഷെ എത്ര കാലം അങ്ങനെ പോകും? നിങ്ങളുടേതായ കാര്യങ്ങളിലേക്കൊക്കെ കടക്കാൻ സമയമായി. അങ്ങനെ വരുമ്പോൾ കാശും വരുമാനവുമൊക്കെ വേണ്ടിവരും. ലോണെടുത്ത് നടത്താമെന്നുള്ളതിനെക്കുറിച്ചൊക്കെ നമ്മൾ ചർച്ച ചെയ്തതാണ്. അതിലേക്ക് കടക്കുന്നില്ല. ഒരു റൈറ്റ് സ്പിരിറ്റിലാണ് ഇവിടെ ധനകാര്യ ബില്ലിന്റെ ചർച്ച നടന്നത്. പ്രതിപക്ഷത്തു നിന്നുവന്ന നിർദ്ദേശങ്ങളിൽ ചിലത് സ്വീകരിച്ചു. ഞങ്ങളും കൺസ്ട്രക്ടീവായാണ് ചർച്ചയിൽ പങ്കെടുത്തത്. ചർച്ചയിൽ വിമർശിക്കാനുള്ളത് വിമർശിക്കുകയും ബഹിഷ്കരിക്കാനുള്ളത് ബഹിഷ്കരിക്കുകയും സമരം ചെയ്യാനുള്ളത് സമരം ചെയ്യുകയും ചെയ്തു. സംസ്ഥാനം നേരിടുന്ന വളരെ ഗുരുതരമായ പ്രശ്നങ്ങളിലേക്ക് ഗവൺമെന്റ് കടക്കണം. മൂന്നാം വായനയിൽ അധികം സംസാരിക്കേണ്ട കാര്യമില്ലാത്തതുകൊണ്ട് ഞാൻ വളരെ ചുരുക്കുകയാണ്. ടാക്സിന്റെ കോൺടെക്സ്റ്റിൽ നിന്ന് പറയുകയാണെങ്കിൽ, ചില കാര്യങ്ങളെ നിരുത്സാഹപ്പെടുത്താൻ വേണ്ടി ടാക്സ് കൊണ്ടുവരാമെന്ന് നേരത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഗ്രീൻ ടാക്സിന്റെ കാര്യത്തിൽ പറഞ്ഞു. ആ നിലയിൽ ചിന്തിക്കുന്നത് വളരെ നല്ലതാണ്. വരുമാനം വർദ്ധിപ്പിക്കാൻ അതുപോലെ എത്രയോ കാര്യങ്ങളുണ്ട്. ദുബായ് റോഡ് റൂൾസ് (ഗതാഗത നിയമം) ലംഘിക്കുന്നവരിൽ നിന്നുള്ള ഫൈനിൽനിന്ന് അവർക്ക് കിട്ടുന്ന വരുമാനം എത്രയാണെന്ന് അറിയാമോ; അതിന്റെ ഫലമായി റോഡ് നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നു. നിയമം ലംഘിച്ചാൽ അപ്പോൾ ഫൈൻ ഈടാക്കും. മറ്റു കാര്യങ്ങളൊന്നും ഇല്ല. ബഹുമാനപൂർവ്വം തന്നെയാണ് ഫൈൻ ഈടാക്കുന്നത്. അത് വലിയൊരു വരുമാനമാണ്. അതുപോലെ, പോലീസ് സ്റ്റേഷനുകളുടെ മുമ്പിൽ കാടുപിടിച്ച്, പാമ്പ് കയറിക്കിടക്കുന്ന വാഹനങ്ങൾ ഒരപമാനമാണ്. മറ്റുള്ള സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനും അതിന്റെ കോമ്പൗണ്ടും അവിടത്തെ ഫ്ലവേഴ്സുമൊക്കെ കണ്ടിട്ട് നമ്മുടെ പോലീസ് സ്റ്റേഷനുമുന്നിലൂടെ പോകുമ്പോൾ പൊതുരംഗത്ത് പ്രവർത്തിക്കുന്ന നമുക്ക് നമ്മളോടുതന്നെ അപമാനം തോന്നും. റോഡിലൂടെ പോകുമ്പോൾ അടുത്തെവിടെയെങ്കിലും പോലീസ് സ്റ്റേഷൻ ഉണ്ടോയെന്ന് അറിയണമെങ്കിൽ വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് നോക്കിയാൽ മതി. വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് കണ്ടാൽ അവിടെ ഒരു പോലീസ് സ്റ്റേഷൻ ഉണ്ടെന്നുള്ളത് ഉറപ്പാണ്. എന്ത് നിയമമാണ് ഇവിടെയുള്ളത്? ഒരു നിയമം കൊണ്ടുവരണം. ഞങ്ങൾ കുറെ ശ്രമിച്ചതാണ്. ഞങ്ങൾക്ക് കഴിഞ്ഞില്ലെന്നത് സമ്മതിക്കുന്നു. ഇനി നിങ്ങൾ ഒരു നിയമം കൊണ്ടുവരണം. എന്നിട്ട് ഇതെല്ലാംകൂടി ലേലം

ചെയ്തു വിൽക്കണം. എല്ലാത്തിനും ഒരു പോംവഴിയില്ലേ; ഇല്ലെങ്കിൽ കാലാകാലം അതവിടെ അങ്ങനെ കിടക്കും. കോഴി വേസ്റ്റുകളും മറ്റും പാലത്തിൽനിന്നും താഴോട്ട് വലിച്ചെറിയുകയാണ്. നദികൾ മുഴുവൻ അധികം വൈകാതെത്തന്നെ മലിനമാകും. കുടിക്കാൻ വെള്ളമുണ്ടാവില്ല. ഡൽഹിയിലെ സ്ഥിതി അനതിവിദൂര ഭാവിയിൽ ഇവിടെയും വരും. നമ്മുടെ നിയമങ്ങൾ കർശനമാക്കണം. ഫൈൻ ചുമത്തണം. വലിയ വരുമാനം അതിൽനിന്നുണ്ടാക്കാം. ഇങ്ങനെ എടുത്തുനോക്കിയാൽ എന്തെല്ലാം കാര്യങ്ങൾക്ക് നമുക്ക് ഫൈൻ ഈടാക്കാം. ഗ്രീൻടാക്സ്, അറ്റ്മോസ്ഫിയർ ടാക്സ് എന്നൊക്കെ പറഞ്ഞുകൊണ്ട് ഇനി അധികനാൾ ഇരിക്കാൻ സാധിക്കുകയില്ല. ഇന്ന് രാവിലെ എണീറ്റ് പുറത്തിറങ്ങി നോക്കിയപ്പോൾ വലിയ മഞ്ഞുണ്ട്. ഡൽഹി ഇങ്ങോട്ടുമെത്തിയോ എന്നു ഞാൻ വിചാരിച്ചുപോയി. എത്തുകയില്ല എന്നൊന്നുമില്ല. എല്ലാവരും ഡൽഹിയിലേക്കുള്ള യാത്ര തുടങ്ങിക്കഴിഞ്ഞു. ഇത്തരത്തിലുള്ള ഒരുപാട് നെഗറ്റീവ് ടാക്സുകൾ നമുക്കുണ്ട്. അങ്ങ് അതൊന്ന് പരിശോധിക്കണം. റോഡ് റൂൾസ്, പഴയ വാഹനങ്ങൾ, പൊല്യൂഷൻ, വേസ്റ്റ് മുതലായ കാര്യങ്ങൾ ചെയ്യുന്നതിനൊക്കെ ഫൈൻ ഈടാക്കണം. അനധികൃത ക്വാറിയിംഗ്, ഡീ-ഫോറസ്റ്റേഷൻ തുടങ്ങി ധാരാളം കാര്യങ്ങളുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങൾ അടുത്ത ബഡ്ജറ്റിൽ ഫിഗർ ചെയ്യണം. അല്ലാതെ എല്ലാം ലോണെടുത്ത് നടത്താം എന്നുള്ള ചിന്ത വേണ്ട. ഞാനിത് സാന്ദർഭികമായി പറഞ്ഞുവെന്നേയുള്ളൂ. മൂന്നാം വായനയിൽ വിസ്തരിച്ചുപറയുന്നത് ശരിയല്ല. പരിഷ്കാരങ്ങളിലേക്ക് കടക്കണം. ഈ സർക്കാരിന്റേതായ കാര്യങ്ങൾ ജനങ്ങളോട് പറയാൻ സമയമായി. ഇതുവരെ അതുണ്ടായിട്ടില്ല. ഞങ്ങളുടെ കുറ്റം മാത്രം പറഞ്ഞിരുന്നാൽ മുന്നോട്ടുപോകാനാവില്ല എന്നുപറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾത്തന്നെ, 805 കോടി രൂപയുടെ അധിക നികുതി വരുമാനം അടിച്ചേൽപ്പിക്കുവാനുള്ള യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ലെന്നും പ്രാക്ടിക്കലല്ലെന്നും ഇത് നിങ്ങൾക്ക് പിരിച്ചെടുക്കാൻ കഴിയില്ലെന്നും ഞങ്ങൾ പറഞ്ഞതാണ്. ഏതായാലും വളരെ സന്തോഷമുണ്ട്, ഡോ. ടി. എം. തോമസ് ഐസക് ഭാഗപത്ര ഉടമ്പടിയിൽ വരുത്തിയ മാറ്റം വളരെ സ്വാഗതാർഹമാണ്. ഭാഗപത്രത്തിലുണ്ടായിരുന്ന മാറ്റത്തിനനുസൃതമായി ഭാഗപത്ര രജിസ്ട്രേഷൻ കുത്തനെ ഇടിഞ്ഞിരുന്നു. ജൂലൈയിൽ 29 ശതമാനമായിരുന്നത് ആഗസ്റ്റിൽ നെഗറ്റീവ് 1.69, സെപ്റ്റംബറിൽ നെഗറ്റീവ് 7.22 എന്നിങ്ങനെയായി. വെളുക്കാൻ തേച്ചത് പാണ്ടാവുകയാണുണ്ടായത്. അങ്ങ് അത് മനസ്സിലാക്കിയതിൽ സന്തോഷമുണ്ട്. കേരളത്തിലെ യു.ഡി.എഫ്. അതിനെതിരെ വളരെ ശക്തമായി പ്രക്ഷോഭം നടത്തിയതാണ്. ഈ ജനകീയ സമ്മർദ്ദം മൂലമാണ് ഭാഗപത്ര രജിസ്ട്രേഷനിൽ

പുതുതായി ഉണ്ടാക്കിയ ആ വർദ്ധനവ് പിൻവലിക്കാൻ തയ്യാറായത്. ഞാനതിനെ തീർച്ചയായും സ്വാഗതം ചെയ്യുകയാണ്. നമുക്കറിയാം, കേരളത്തിൽ അങ്ങനെയാർക്കും കനത്ത നികുതിഭാരം അടിച്ചേൽപ്പിക്കാൻ കഴിയില്ല. കേരളം നികുതിയുടെ കാര്യത്തിൽ ഒരു saturation point-ലാണ്. We have to find out new avenues and we have to bring more people into the tax net. അതെല്ലാം ദേശീയ തലത്തിൽത്തന്നെ ചിന്തിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. ഇവിടെ രണ്ടുമൂന്നു കാര്യങ്ങളാണ് എനിക്ക് പറയുവാനുള്ളത്. സിഗരറ്റിന് ചുമത്തിയിരിക്കുന്ന നികുതിയെ സംബന്ധിച്ച് വ്യാപകമായ പരാതിയാണുള്ളത്. അങ്ങ് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇവിടെ ടാക്സ് വർദ്ധിച്ചതിന്റെ ഫലമായി കർണ്ണാടകത്തിൽനിന്ന് വ്യാപകമായി സിഗരറ്റ് കള്ളക്കടത്ത് നടത്തുന്നു എന്നുള്ള ആക്ഷേപം ഉയർന്നുവരുന്നുണ്ട്. അത് അങ്ങ് പരിശോധിക്കേണ്ടതാണ്. രണ്ട്, ലോട്ടറി വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഓരോ വാർത്തകൾ പുറത്തുവരികയാണ്. കഴിഞ്ഞ 5 വർഷക്കാലം ലോട്ടറിയെപ്പറ്റി യാതൊരു ആശങ്കയുമില്ലായിരുന്നു. ഇപ്പോൾ സാന്റിയാഗോ മാർട്ടിന്റെ ഇടപെടൽ വീണ്ടും ഉണ്ടാകുന്നു എന്നുള്ള പരാതിയുണ്ട്. അങ്ങ് അക്കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്ന് എനിക്കറിയാം. ലോട്ടറിയുടെ സമ്മാനത്തിൽ വരുത്തിയിരിക്കുന്ന മാറ്റത്തെ സംബന്ധിച്ചുള്ള പരാതികൾ അതുമായി ബന്ധപ്പെട്ട സംഘടനകൾ ഉയർത്തുന്നുണ്ട്. വലിയ സമ്മാനങ്ങളുടെ തുക കുറയുന്നതായി പരാതി ഉയരുന്നുണ്ട്. സംസ്ഥാന സർക്കാരിന് ഏറ്റവും വലിയ വരുമാനമാണ് ലോട്ടറിയിൽനിന്നും ലഭിക്കുന്നത്. ആ രംഗത്ത് ഉണ്ടാകുന്ന തെറ്റായ നീക്കങ്ങൾ നമ്മുടെ റവന്യൂ കളക്ഷനെ ബാധിക്കും എന്നുള്ളതുകൊണ്ട് അക്കാര്യത്തിൽ അങ്ങ് കുറേക്കൂടി ശ്രദ്ധ കാണിക്കണം എന്നാണ് പറയാനുള്ളത്.

വെളിച്ചെണ്ണയുടെ 5 ശതമാനം നികുതിയെ സംബന്ധിച്ച് നേരത്തെ നമ്മളെല്ലാവരും പറഞ്ഞതാണ്. ഇനിയത് പറഞ്ഞിട്ട് കാര്യമില്ല. എങ്കിലും അത് സാധാരണക്കാരെ ബാധിക്കുന്ന ഒരു കാര്യമാണ്. കൊമേഴ്സ്യൽ ടാക്സിന്റെ കാര്യത്തിൽ അങ്ങ് 25 ശതമാനമാണ് പിരിക്കുമെന്നു പറഞ്ഞത്. ആദ്യഘട്ടത്തിൽ വലിയ ആവേശം പ്രകടിപ്പിച്ചെങ്കിലും പിന്നീടത് പിരിക്കാൻ കഴിഞ്ഞില്ലെന്ന് അങ്ങേക്കുതന്നെ ബോധ്യമായി. കൊമേഴ്സ്യൽ ടാക്സ് കളക്ഷന്റെ കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കണം എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് മുന്നോട്ടു പോകുന്നത്. പുതിയ ഗവൺമെന്റാണ് എന്നുള്ളത് ഞാൻ അംഗീകരിക്കുന്നു. പക്ഷേ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ കുറേക്കൂടി ശ്രദ്ധിക്കണം. പദ്ധതി വിഹിതത്തിന്റെ വിനിയോഗം 16 ശതമാനം മാത്രമാണ്. 24,000 കോടി

രൂപയുടെ പദ്ധതിയിൽ 3,291 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇനി അഞ്ചുമാസം മാത്രമാണ് ബാക്കിയുള്ളത്. പദ്ധതി ചെലവിന്റെ കാര്യത്തിലും പദ്ധതി നടത്തിപ്പിന്റെ കാര്യത്തിലും സർക്കാർ കൂടുതൽ ജാഗ്രത കാണിക്കണം എന്നുള്ള ചിത്രമാണ് ഇപ്പോഴത്തെ സ്ഥിതി വച്ചുനോക്കിയാൽ മനസ്സിലാക്കാൻ കഴിയുന്നത്. പക്ഷേ, when there is a new Government, there are so many difficulties. അത് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷേ അതോടൊപ്പംതന്നെ ഇക്കാര്യത്തിൽ കുറേക്കൂടി ശക്തമായി, പദ്ധതി നടത്തിപ്പിന്റെ കാര്യത്തിലും തുക ചെലവഴിക്കുന്നതിന്റെ കാര്യത്തിലും കുറേക്കൂടി ജാഗ്രത ധനകാര്യ വകുപ്പും മന്ത്രിയും കാണിക്കണം എന്നുള്ള നിർദ്ദേശമാണ് എനിക്കുള്ളത്. അതോടൊപ്പംതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ചെലവഴിക്കുന്ന കാര്യത്തിലും കുറേക്കൂടി ജാഗ്രത ഉണ്ടാകണം. വികസന പ്രവർത്തനങ്ങൾ കൂടുതൽ ഓഗ്മന്റ് ചെയ്തു കൊണ്ടുള്ള speedy implementation ആണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുകയും ധനകാര്യ വകുപ്പിൽ കാര്യങ്ങൾക്ക് കൂടുതൽ വേഗത്തിൽ വർദ്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ പദ്ധതി പ്രവർത്തനങ്ങൾ ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുകയുള്ളൂ. അക്കാര്യത്തിൽക്കൂടി ധനകാര്യ വകുപ്പുമന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏതായാലും ഞങ്ങൾ പറഞ്ഞ കാര്യം ശരിയാണെന്നുവന്നിരിക്കുന്നു. 805 കോടി രൂപയിൽ നിന്ന് 300 കോടി രൂപ കളയാൻ ഇപ്പോൾ അങ്ങ് തീരുമാനിച്ചിരിക്കുന്നു. അങ്ങ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷം ചൂണ്ടിക്കാണിച്ച വസ്തുതകൾ ശരിയാണെന്നു വന്നതിൽ സന്തോഷമുണ്ട്. അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത് നിങ്ങൾ പ്രവർത്തിച്ചുതുടങ്ങിയെന്ന് തോന്നുന്നില്ല എന്നാണ്. ബുദ്ധിമുട്ടൊക്കെ ഉണ്ടെങ്കിലും 3,200 കോടി രൂപയുടെ ക്ഷേമ പെൻഷനുകൾ അവരവരുടെ വീടുകളിൽ കൊണ്ടെത്തിക്കാൻ കഴിഞ്ഞു. നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ 50 ശതമാനം ആളുകൾക്ക് കൂടി സൗജന്യ റേഷൻ കൊടുക്കാൻ തീരുമാനിക്കുകയുണ്ടായി. കയർ, കശുവണ്ടി ഫാക്ടറികൾ തുറന്നു. കയർ, കൈത്തറി രംഗങ്ങളിലും തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുകയാണ്. 200 ദിവസത്തെ പണി കൊടുക്കുമെന്നാണ് പറയുന്നത്. സർക്കാർ കയറുല്പന്നങ്ങൾ വാങ്ങി സംഭരിക്കുന്നു.

കേരളത്തെ ഒ.ഡി.എഫ്. സംസ്ഥാനമായി പ്രഖ്യാപിച്ചു. ഇന്ന് കിഫ്ബിയുടെ യോഗം ചേർന്ന് 4,004 കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകി. അടുത്ത യോഗം ജനുവരിയിൽ ചേരാൻ പോവുകയാണ്. മിനിമം 6,000 കോടി രൂപയുടേതിനെങ്കിലും അന്ന് അംഗീകാരം നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഗവൺമെന്റിന്റെ ഭരണപരമായ പ്രവർത്തനങ്ങളെപ്പറ്റിയുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. നമ്മൾ നന്നായി ഭരിക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. ലോട്ടറിയെ സംബന്ധിച്ച് അപ്പുറത്തും ഇപ്പുറത്തുമിരുന്ന് വർത്തമാനം പറയേണ്ട, വരാൻ പോകുന്ന സാഹചര്യങ്ങളെ കൂട്ടായി എങ്ങനെ നേരിടണമെന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടിവരും. ലോട്ടറിയെ സംബന്ധിച്ച് ജി.എസ്.ടി.-യുടെ കടന്നുവരവ് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഏതായാലും സർക്കാർ പ്രശ്നങ്ങളൊക്കെ ഗൗരവമായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്. എഴുത്തുലോട്ടറിയെക്കുറിച്ച് അന്വേഷിക്കാൻ എസ്.ഐ.റ്റി. രൂപീകരിച്ചു, 5 പേർ ഇപ്പോൾ റിമാന്റിലാണ്. മഞ്ജു ലോട്ടറിയുടെ ഏജൻസി സസ്പെൻഡ് ചെയ്യുമെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു.

അച്ചടി സംബന്ധിച്ച് പരാതി വന്ന അടിസ്ഥാനത്തിൽ 8.5 കോടി രൂപയുടെ പുതിയ മെഷീൻ കെ.ബി.പി.എസ്.-ൽ വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കൂടുതൽ സെക്യൂരിറ്റി ഫീച്ചേഴ്സ് കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരു ലാഘവത്വവും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല, വളരെ ഗൗരവത്തിലെടുക്കും.

അവസാനമായി കൊമേഴ്സ്യൽ ടാക്സ് കാര്യക്ഷമമായി പിരിക്കുന്നതിനെക്കുറിച്ച് പറഞ്ഞു, കൊമേഴ്സ്യൽ ടാക്സിന്റെ 60 ശതമാനത്തിലേറെ എറണാകുളം ജില്ലയിൽ നിന്നാണ്. ഡിസംബർ ആദ്യം മുതൽ 'മിഷൻ എറണാകുളം' എന്നുപറഞ്ഞ് ഒരു ഊർജ്ജിത നികുതിപിരിവു പരിപാടി ആരംഭിക്കുകയാണ്. അതുപ്രകാരം ഇപ്പോൾ അവിടെ രണ്ടു ഡി.സി.-യേയുള്ളൂ, മൂന്ന് ഡി.സി.-യായിട്ട് വരും. നികുതിക്ക് ആനുപാതികമായി ജീവനക്കാർ അവിടെയില്ല. അവിടെ ജീവനക്കാരെ കൂടുതൽ പുനർവിന്യസിപ്പിക്കും. 20 ശതമാനം വച്ച് നികുതി വർദ്ധിക്കുന്നതിന് ഏതൊക്കെ അസസ്മെന്റാണ് അവിടെ തീരാത്തത് അത് അസസ് ചെയ്യണം, ഏതൊക്കെ റീ-അസസ്മെന്റ് വേണം, ക്രൈം ഫയൽ നോക്കണം, ഇതു സംബന്ധിച്ച് ഓരോ ഉദ്യോഗസ്ഥനും അവരുടേതായിട്ടുള്ള സമയബന്ധിത പരിപാടി നടപ്പിലാക്കി 20 ശതമാനം നികുതി അവിടെ വർദ്ധിപ്പിക്കണം. ആ രീതിയിൽ വലിയൊരു ഇനിഷ്യേറ്റീവ് എറണാകുളത്ത്

എടുക്കാൻ പോകുകയാണ്. നികുതി വരുമാനം ഈ വർഷം അവസാനിക്കു മ്പോഴേക്കും പൂർവ്വസ്ഥിതിയിലേക്ക് എത്തിക്കാൻ കഴിയുമെന്നുള്ള ശുഭാപ്തി വിശ്വാസം ഉണ്ട്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ജി.എസ്.ടി. വരുമ്പോൾ നമ്മൾ കോമ്പൻസേഷനുവേണ്ടി കാത്തുനിൽക്കാൻ ഉദ്ദേശിക്കുന്നില്ല. പരമാവധി വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്. ഏതായാലും ഫിനാൻസ് ബില്ലിനെക്കുറിച്ച് വളരെ ഫലപ്രദമായിട്ടുള്ള ചർച്ചകൾ തന്നെ നടന്നു. നിങ്ങൾ പറഞ്ഞതുപോലെ വിമർശനങ്ങൾ പലതും ഉൾക്കൊള്ളാൻ തയ്യാറായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഏകകണ്ഠമായി ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: 2016-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു

10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. വി. ആർ. സുനിൽ കുമാർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. പി. ഉണ്ണി
72. ശ്രീ. ഇ. കെ. വിജയൻ
73. ശ്രീ. പിണറായി വിജയൻ
74. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
21. ശ്രീ. സി. മമ്മൂട്ടി
22. ശ്രീ. കെ. എം. മാണി
23. ശ്രീ. മോൻസ് ജോസഫ്
24. ശ്രീ. കെ. മുരളീധരൻ
25. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
26. ശ്രീ. ഉമ്മൻ ചാണ്ടി
27. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
28. ശ്രീ. രമേശ് ചെന്നിത്തല
29. ശ്രീ. റോജി എം. ജോൺ

30. ശ്രീ. റോഷി അഗസ്റ്റിൻ
31. ശ്രീ. കെ. എസ്. ശബരീനാഥൻ
32. ശ്രീ. വി. പി. സജീന്ദ്രൻ
33. ശ്രീ. എൻ. ഷംസുദ്ദീൻ
34. ശ്രീ. വി. ഡി. സതീശൻ
35. ശ്രീ. ഷാഫി പറമ്പിൽ
36. ശ്രീ. വി. എസ്. ശിവകുമാർ
37. ശ്രീ. സണ്ണി ജോസഫ്
38. ശ്രീ. സി. എഫ്. തോമസ്
39. ശ്രീ. പി. ടി. തോമസ്
40. ശ്രീ. പി. ഉബൈദുള്ള
41. ശ്രീ. എം. ഉമ്മർ
42. ശ്രീ. എം. വിൻസെന്റ്.

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 74

പ്രതികൂലിക്കുന്നവർ - 42

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

ധനകാര്യബില്ലിന്മേലുള്ള ചർച്ചയായിരുന്നുവെങ്കിലും, ചെയറിന്റെ അഭ്യർത്ഥന മാനിച്ച് സമയക്രമം പാലിക്കാൻ മുൻകയ്യെടുത്ത എല്ലാ അംഗങ്ങളേയും അഭിനന്ദിക്കുന്നു. ചെയറിന്റെ സന്തുഷ്ടി അറിയിക്കുന്നു. സമയബന്ധിതമായി ചർച്ച തീർക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 നവംബർ മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.14-ന് പിരിഞ്ഞു.)